

# എം. ഒ. ജോസഫ് നെടുങ്കുന്നം

## പഠനാത്മക ജീവചരിത്രം

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# എം.ഒ. ജോസഫ് നെടുങ്കുന്നം

## (പഠനാത്മക ജീവചരിത്രം)

**ജോൺ കച്ചിറമറ്റം**

പ്രസിദ്ധീകരണം

സീറോ മലബാർ ചർച്ച് ലെയ്റ്റി കമ്മീഷൻ
ഹിസ്റ്ററി ആൻഡ് റിസേർച്ച് ഫോറം
&
ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.

കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

(Malayalam)
# M.O. JOSEPH NEDUMKUNNAM

By
JOHN KACHIRAMATTAM

First Edition
26-06-2011

Copy right
Dr. Kachiramattam Foundation

Published by
Syro Malabar Laity Commission
History and Research Forum
&
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta offset, Kottayam
Price Rs. 135 /-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

www.malankaralibrary.com

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. എം.ഒ. ജോസഫ് നെടുങ്കുന്നം (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
2. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
3. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
4. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
5. ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
6. തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) - ജോൺ കച്ചിറമറ്റം
7. ബി. വെല്ലിംഗ്ടൺ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
8. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജോൺ കച്ചിറമറ്റം
9. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും (ക്രൈസ്തവരുടെ ദേശീയരംഗത്തെ സംഭാവനകളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം) - ജോൺ കച്ചിറമറ്റം
10. അണികളെ ആവശ്യമുണ്ട് - ജോൺ കച്ചിറമറ്റം
11. കേരളം ചുവന്നതെങ്ങനെ? - ജോൺ കച്ചിറമറ്റം
12. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജോൺ കച്ചിറമറ്റം
13. തടവറയിലെ വടക്കനച്ചൻ - ജോൺ കച്ചിറമറ്റം
14. കാത്തലിക് ഗ്രിവൻസസ് - ജോൺ കച്ചിറമറ്റം
15. ജാതൈക്യസംഘം - ജോൺ കച്ചിറമറ്റം
16. പ്രസിഡന്റിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
17. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
18. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
19. പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) - ജോൺ കച്ചിറമറ്റം
20. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺ കച്ചിറമറ്റം
21. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജോൺ കച്ചിറമറ്റം
22. വിമോചനസമരം ഒരു ആമുഖം - ജോൺ കച്ചിറമറ്റം
23. യേശുക്രിസ്തുമോസ്കോവിലോ? - ജോൺ കച്ചിറമറ്റം
24. അൽമായരും കാലികപ്രശ്നങ്ങളും - ജോൺ കച്ചിറമറ്റം
25. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ജോൺ കച്ചിറമറ്റം
26. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജോൺ കച്ചിറമറ്റം
27. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
28. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
29. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
30. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
31. Why American youth Turn to Budha Rev.Dr.A.Kachiramattam
32. Evolution in the human concept of God Rev.Dr.A.Kachiramattam
33. Re-discovery of India Rev.Dr.A.Kachiramattam
34. Catholic Eastern Churches Rev.Dr.A.Kachiramattam
35. Prepare the way of the Lord Rev.Dr.A.Kachiramattam

## കച്ചിറമറ്റത്തിന്റെ ലഘുലേഖകൾ

1. ദീപിക സുഹൃത്തുക്കളെ ഉണരുക (1966) - 70000 കോപ്പികൾ
2. നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) - 2000 കോപ്പികൾ
3. വിമോചനസമരം - കനകജൂബിലി (2008) - 1500 കോപ്പികൾ
4. ന്യൂമാൻ കോളേജ് പ്രശ്നം - 4 ലേഖനങ്ങൾ (2010) - 1000 കോപ്പികൾ
5. വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും - 1000 കോപ്പികൾ

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ഉൾപ്പെടെ 19 അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# സമർപ്പണം



ചരിത്രകാരനും സമുദായാഭിമാനിയും
കവിയും ഗദ്യശൈലീ വല്ലഭനുമായിരുന്ന
ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ
ജന്മശതാബ്ദി സ്മാരകമായി
ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ | |
| | ആമുഖം | |
| | ആശംസ: ബിഷപ്പ് മാർ മാത്യു അറയ്ക്കൽ | |
| | അവതാരിക:പ്രൊഫ. കെ.റ്റി.സെബാസ്റ്റ്യൻ | |
| 1. | എം.ഒ.ആരാണ്? | 17 |
| 2. | വിമർശനം നവീകരണത്തിന് | 19 |
| 3. | ജനനവും ബാല്യവും | 21 |
| 4. | കെ.സി.എസ്.എൽ-ഉം ഫാ.ഒണേരയുടെ ജീവചരിത്രവും | 23 |
| 5. | സ്മരണാഞ്ജലി | 26 |
| 6. | മലബാർ മെയിലും സാഹിത്യരംഗവും | 31 |
| 7. | ഗ്രന്ഥങ്ങൾ | 35 |
| 8. | കേരള സഭാതാരങ്ങൾ | 38 |
| 9. | തച്ചിൽ മാത്തൂത്തരകൻ | 40 |
| 10. | കേരള ക്രിസ്ത്യാനികളും മാർത്തോമാക്രിസ്ത്യാനികളും | 48 |
| 11. | പത്രപ്രവർത്തനം | 53 |
| 12. | യുവജന പ്രോത്സാഹനം | 58 |
| 13. | കത്തോലിക്കാ കോൺഗ്രസ്സിൽ | 61 |
| 14. | എം.ഒ.ജോസഫും സി.എ.സി.യും | 64 |
| 15. | എം.എം.വർക്കി, എം.ഒ.യെപ്പറ്റി | 73 |
| 16. | ആത്മകഥയിൽ നിന്ന് | 76 |
| 17. | എ.കെ.സി.സി. ബുള്ളറ്റിൻ ചില സജീവ സ്മരണകൾ | 136 |
| 18. | വിവിധ പ്രവർത്തനങ്ങൾ | 141 |
| 19. | കമ്മ്യൂണിസ്റ്റ് വിരുദ്ധപദ്ധതി | 145 |
| 20. | സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം | 153 |
| 21. | ഷഷ്ട്യബ്ദിയാഘോഷം | 158 |
| 22. | എം.ഒ. ജോസഫിന് ലഭിച്ച അവാർഡുകൾ | 161 |
| 23. | സ്വീകരണ സമ്മേളനത്തിലെ മറുപടി പ്രസംഗം | 169 |
| 24. | കത്തോലിക്കാ സമുദായം കടന്നുപോയ പാതകൾ | 176 |
| 25. | എം.ഒ.യുടെ പ്രവാചക ദൗത്യം | 187 |
| 26. | എം.ഒ.ജോസഫ് - എന്റെ വീക്ഷണത്തിൽ | 190 |
| 27. | എം.ഒ.യുടെ അന്ത്യദിനങ്ങൾ | 193 |
| 28. | ചങ്ങനാശ്ശേരി അതിരൂപതാ ചരിത്രഗ്രന്ഥത്തിൽ | 202 |
| 29. | എ.കെ.സി.സി ബുള്ളറ്റിൻ മുഖപ്രസംഗം | 204 |
| | അനുബന്ധം-1 - എം.ഒ.സാറിനൊരു കത്ത് | 206 |
| | അനുബന്ധം-2 - കേരളസഭാരത്നങ്ങൾ | 208 |


www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 34 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ ജീവചരിത്രഗ്രന്ഥം മുപ്പത്തഞ്ചാമത്തെഗ്രന്ഥമാണ്.

www.malankaralibrary.com

# ആമുഖം

ചരിത്രകാരനായ എം.ഒ.ജോസഫ് നെടുംകുന്നത്തിന്റെ ജന്മശതാബ്ദി വർഷമാണ് 2011. കേരള സഭാചരിത്രത്തിന് അദ്ദേഹം നൽകിയ സംഭാവന കൾ സമഗ്രമായ ഒരു പഠനത്തിന് ഇന്ന് വരെ വിധേയമാക്കിയിട്ടില്ല. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളും എഴുതിയ ലേഖനങ്ങളും ക്രൈസ്തവ സമുദായ ത്തിന്റെ വിവിധ മണ്ഡലങ്ങളിലെ സേവനം വിളിച്ചറിയിക്കുന്നതാണ്. തെറ്റായ ചരിത്രത്തിന്റെ കടയ്ക്കൽ ആഞ്ഞു വെട്ടി ചരിത്രം സൃഷ്ടിച്ചിരി ക്കുകയാണ് അദ്ദേഹം.

എം.ഒ. ഒരു കർക്കശക്കാരനായിരുന്നു. വിട്ടുവീഴ്ചയില്ലാത്ത ഒരു വ്യക്തി. അത് അദ്ദേഹത്തിന് ധാരാളം ശത്രുക്കളെ സംഭാവന ചെയ്തിട്ടു ണ്ട്. അതിൽ അദ്ദേഹം ഒരിക്കലും ദുഃഖിച്ചിട്ടില്ല. പരാതിപ്പെട്ടിട്ടുമില്ല. ആരെയും സന്തോഷിപ്പിക്കുന്നതിനു വേണ്ടി ചരിത്രം എഴുതുവാൻ അദ്ദേഹം തയ്യാറാ യിട്ടില്ല. നിർഭയനായ ഒരു ചരിത്രകാരൻ. തനിക്കു ശരിയെന്ന കാര്യങ്ങൾക്കു വേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന കർമ്മയോഗി.

എം.ഒ.യെപ്പോലെ പദ്യഗദ്യ രചനകളിൽ അസാമാന്യമായ കഴിവ് പ്രക ടിപ്പിച്ചിട്ടുവർ വിരളമാണ്. സാഹിത്യകാരൻ, പ്രഭാഷകൻ, സമുദായപ്രവർത്ത കൻ, തൊഴിലാളി നേതാവ്, പത്രപ്രവർത്തകൻ, കുടിയേറ്റ കർഷകരുടെ സമരങ്ങളിലെ മുന്നണി പോരാളി എന്നിങ്ങനെ വിവിധ നിലകളിൽ എം.ഒ. അനുഷ്ടിച്ച സേവനങ്ങൾ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ടതാ ണ്. സംശയമില്ല. എം.ഒ. യെന്ന ബഹുമുഖ പ്രതിഭയ്ക്ക് അർഹിക്കുന്ന വിധത്തിലുള്ള അംഗീകാരം നൽകാൻ നമ്മുടെ സമൂഹം തയ്യാറായിട്ടില്ല. എം.ഒ.യുടെ ചരിത്ര കൃതികളെ ചർച്ചക്ക് വിധേയമാക്കാൻ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വിമുഖത കാട്ടിയ സംഭവങ്ങൾ നിരവധിയുണ്ട്. പക്ഷെ അതിലൊന്നും എം.ഒ പതറിയില്ല.

എം.ഒ. യേപ്പറ്റി ഇന്നത്തെ തലമുറയെ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് എം.ഒ യുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഈ ചെറു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

എം.ഒ യുടെ ചെറിയ ഒരു ജീവചരിത്രം ഞാനും ജെയിംസ് കണ്ട ത്തിലും, തൊഴിലാളി പത്രത്തിൽ 1967-ൽ എഴുതുകയുണ്ടായി. അതു രണ്ടും കൂട്ടി ചേർത്ത് 1967-ൽ എം.ഒ.ജോസഫ് നെടുംങ്കുന്നം എന്ന പേരിൽ ഒരു ഗ്രന്ഥമായി പി.ജെ.ജോസഫ് പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ സുകു

www.malankaralibrary.com

മാരൻ പൊറ്റക്കാട്, അഡ്വ. എ.ജി. അഗസ്റ്റിൻ, ചുമ്മാർ ചുണ്ടൽ, എൻ.കെ. ജോസ്, ടോം ജോസ്, ഫാ.മാത്യു നടയ്ക്കൽ എന്നിവരും എം.ഒ.ജോസഫിനെ പറ്റി ലേഖനങ്ങൾ എഴുതിയിരുന്നു. അവയിലെ പ്രധാന ഭാഗങ്ങളും തൊഴിലാളി പത്രത്തിൽ ഖണ്ഡഃശയായി പ്രസിദ്ധീകരിച്ച എം.ഒ.യുടെ ആത്മ കഥയും ഉൾപ്പെടുത്തി എം.ഒ. യുടെ മരണ ശേഷം 1997 ജൂലൈ 15-ാം തീയതി "എം.ഒ.യുടെ ജീവചരിത്ര സ്മരണകൾ" എന്ന പേരിൽ ഒരു ഗ്രന്ഥം ആലപ്പുഴയിൽ നിന്നും പ്രകാശം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുകയു ണ്ടായി. പ്രമുഖ ചരിത്രകാരനായ ശ്രീ.ജോൺപെല്ലിശ്ശേരിയാണ് ആ ഗ്രന്ഥം രചിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്. അതെല്ലാം കൂട്ടിച്ചേർത്താണ് എം. ഒ.യുടെ ജന്മശതാബ്ദി പ്രമാണിച്ച് അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം തയ്യാ റാക്കുന്നത്.

എം.ഒയുടെ ജീവചരിത്ര സ്മരണകളിലെ പല ഭാഗങ്ങളും, ഈ ഗ്രന്ഥ ത്തിൽ ചേർത്തിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിക്കുന്നത് ഇന്ത്യയിലെ പ്രമുഖ ദൈവശാസ്ത്രജ്ഞരിൽ ഒരാളായ പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ അവർകൾ ആണ്. എം.ഒ. ജോസഫിനെ വളരെ അടുത്തറിയാവുന്ന ആളാണ് കെ.റ്റി. സെബാസ്റ്റ്യൻ. അദ്ദേഹത്തോടുള്ള ഞങ്ങളുടെ നന്ദി രേഖപ്പെടു ത്തുന്നു. ഈ ഗ്രന്ഥത്തിന് ആശംസകൾ നല്കിയ സീറോ മലബാർ സഭ ലെയ്റ്റി കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ തിരുമേനിക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.

രാമപുരം, പിഴക് — **ജോൺ കച്ചിറമറ്റം**
26/06/2011

www.malankaralibrary.com

Mar Mathew Arackal
Bishop of Kanjirappally



# ആശംസ

സമുദായസ്നേഹിയും ചരിത്രകാരനുമായിരുന്ന എം.ഒ. ജോസഫ് നെടുംകുന്നത്തിന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ ജന്മശതാബ്ദി സ്മാരകമായി 25-ൽപരം ചരിത്രഗ്രന്ഥങ്ങളുടെ കർത്താവും സീറോമലബാർസഭ അല്മായകമ്മീഷൻ ഹിസ്റ്ററി ആന്റ് റിസർച്ച് ഫോറം കൺവീനറുമായ ശ്രീ. ജോൺ കച്ചിറമറ്റം രചിച്ചിരിക്കുന്നുവെന്നത് സന്തോഷകരമായ ഒരു കാര്യമാണ്. എം.ഒ. ജോസഫിന്റെ ഒരു ആരാധകനാണ് ശ്രീ. ജോൺ കച്ചിറമറ്റം. മൺമറഞ്ഞ മഹാത്മാക്കളെ അനുസ്മരിക്കുന്നതിലും, അവരുടെ ജീവചരിത്രം എഴുതി, വരുംതലമുറയ്ക്ക് കൈമാറുന്നതിലും ചെയ്തിട്ടുള്ള സേവനം അഭിമാനത്തോടുകൂടി മാത്രമേ സ്മരിക്കാൻ സാധിക്കുകയുള്ളു.

സഭാതാരങ്ങൾ എന്ന പേരിൽ 101 പേരുടെ ചരിത്രമാണ് എം.ഒ. ജോസഫ് രചിച്ചത്. സഭയുടെ അഭിമാനഭാജനമായിരുന്ന തച്ചിൽ മാത്യു തരകന്റെ ജീവചരിത്രവും അദ്ദേഹം രചിക്കുകയുണ്ടായി. തച്ചിൽ മാത്യു തരകനെപ്പറ്റി ചരിത്രകാരന്മാർ എഴുതിപ്പിടിപ്പിച്ച തെറ്റായ കാര്യങ്ങളുടെ കടയ്ക്കൽ ആഞ്ഞുവെട്ടി സത്യം പുറത്തുകൊണ്ടുവന്നിരിക്കുകയാണ് എം.ഒ. ജോസഫ്. അദ്ദേഹത്തിന്റെ ചരിത്രരചനയുടെ ചുവടുപിടിച്ചാണ് കച്ചറിമറ്റം ഗ്രന്ഥങ്ങൾ രചിച്ചിരിക്കുന്നത്. എം.ഒ. ജോസഫ് 101 സഭാതാരങ്ങളുടെ ചരിത്രമാണ് രചിച്ചിരിക്കുന്നതെങ്കിൽ കച്ചിറമറ്റം കേരളസഭാരത്നങ്ങൾ എന്ന പേരിലും. കേരളസഭാപ്രതിഭകൾ എന്ന പേരിലുമായി തയ്യാറാക്കിയ ഗ്രന്ഥങ്ങളിലൂടെ 1200 ഓളം ആളുകളുടെ ചരിത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എം.ഒ.

www.malankaralibrary.com

ജോസഫും, ജോൺ കച്ചിറമറ്റവും ഗ്രന്ഥനിർമ്മിതിയിൽ ഒരേവഴിക്കാണ് ചരിക്കുന്നത് എന്ന് നമുക്ക് അനുമാനിക്കാം.

1940 മുതൽ ഏതാണ്ട് 1965 വരെ പാഠപുസ്തകങ്ങളിൽ വന്ന തെറ്റായ എല്ലാ പരാമർശങ്ങളും തിരുത്തിക്കുവാൻ എം.ഒ. ചെയ്ത സേവനങ്ങൾ വിസ്മരിക്കുവാൻ പാടില്ല. അതുപോലെ തന്നെ പ്രസിദ്ധീകരണങ്ങളിൽക്കൂടി സമുദായത്തെ ആക്ഷേപിച്ചവർക്ക് ചുട്ടമറുപടി നല്കുവാനും എം.ഒ. തയ്യാറായിട്ടുണ്ട്. 1965നു ശേഷമുള്ള നാലുദശാബ്ദക്കാലം പാഠപുസ്തകങ്ങളിൽ വന്ന പല തെറ്റുകളും ചൂണ്ടിക്കാണിക്കുവാനും അവ തിരുത്തിക്കുവാനും നടന്ന ശ്രമങ്ങളിൽ ശ്രീ. കച്ചിറമറ്റത്തിന്റെ പങ്ക് പ്രശംസനീയമാണ്. പ്രസിദ്ധീകരണങ്ങളിലും, ഗ്രന്ഥങ്ങളിലും സഭയെയും, സമുദായ നേതാക്കളെയും എതിർത്ത് പരാമർശങ്ങൾ വന്നിട്ടുള്ളപ്പോൾ ശക്തമായി പ്രതികരിക്കാൻ കച്ചിറമറ്റം മുന്നോട്ടിറങ്ങിയിട്ടുണ്ട്.

1960-കളിൽ കിഴക്കൻ മലയോരങ്ങളിലും കൊട്ടിയൂരിലെ സ്വകാര്യ വനപ്രദേശങ്ങളിലും വ്യാപകമായ കുടിയിറക്ക്ശ്രമങ്ങൾ നടന്നപ്പോൾ അതിനെ പ്രതിരോധിക്കാൻ ശക്തമായ പ്രതിരോധനിര പടുത്തുയർത്തിയത് ഫാ. വടക്കനും, എ.കെ.ജി.യും, എം.ഒ. ജോസഫും ഒക്കെയായിരുന്നു. ആ രംഗത്ത് എം.ഒ. ജോസഫിന്റെയും ഫാ. വടക്കന്റെയും അനുയായി ആയി കച്ചിറമറ്റം ഉണ്ടായിരുന്നു.

ഫാ. ഹെർമീസ് പെരുമാലിൽ സി.എം.ഐ. എഴുതിയിരിക്കുന്നതുപോലെ സാധാരണക്കാരുടെ തെറ്റുകുറ്റങ്ങൾ വെട്ടിത്തുറന്നു പറയുവാൻ പലരും തുനിഞ്ഞെന്നു വരാം. എന്നാൽ വിത്തപ്രതാപങ്ങൾകൊണ്ട് ഔന്നത്യത്തിലിരിക്കുന്ന വ്യക്തികളുടെ ധർമ്മച്യുതി അവരുടെ മുഖത്തു നോക്കിപ്പറയുവാൻ പലരും ധൈര്യപ്പെട്ടെന്നുവരില്ല. ഇക്കാര്യത്തിൽ അരണ്യനാദ കർത്താവായ എം.ഒ., സ്നാപകനെപ്പോലെ കർക്കശനും, ധീരനും വിട്ടുവീഴ്ചയില്ലാത്ത ഒരു വിമർശകനുമായിരുന്നു. എം.ഒ.യുടെ ജീവചരിത്ര ഗ്രന്ഥകാരനായ കച്ചിറമറ്റവും ഇക്കാര്യത്തിൽ എം.ഒ. ജോസഫിനെപ്പോലെ തന്നെയാണ്.

എം.ഒ.യും കച്ചിറമറ്റവും കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനത്തിലും എന്നും സജീവമായിരുന്നു. എം.ഒ. ജോസഫ് മൂന്നരദശാബ്ദക്കാലം എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയിലും രണ്ടുവർഷക്കാലം ജനറൽ സെക്രട്ടറി എന്നനിലയിലും പ്രവർത്തിച്ചു. കച്ചിറമറ്റമാകട്ടെ 42 വർഷക്കാലം എ.കെ.സി.സി വർക്കിംഗ് കമ്മറ്റിയിലും, പതിനെട്ടുവർഷക്കാലം ജനറൽ സെക്രട്ടറിയായും, 8 വർഷക്കാലം പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിന്റെ ആരംഭകൻ എം.ഒ. ജോസഫാണെങ്കിൽ കച്ചിറമറ്റം 32 വർഷക്കാലം ബുള്ള

www.malankaralibrary.com

റ്റിന്റെ അമരക്കാരനായിരുന്നു. രണ്ടുപേരും പ്രസിദ്ധീകരിച്ച ബുള്ളറ്റിൻ ആ കാലഘട്ടത്തിന്റെ ചരിത്രമായി മാറിയിരിക്കുന്നു.

സമുദായപ്രവർത്തനത്തിലും ഗ്രന്ഥരചനയിലും തന്റെ മുൻഗാമിയായി വർത്തിച്ച എം.ഒ.യുടെ ജീവചരിത്രം തയ്യാറാക്കാൻ ഏറ്റം യോഗ്യൻ കച്ചിറമറ്റമാണെന്നുള്ളതിൽ സംശയമില്ല. കൊച്ചിയിൽ എ. ആർ. മേനോന്റെയും, ബാനർജിയുടെയും ക്രൈസ്തവപീഡനങ്ങൾക്കെതിരെ സമരം ചെയ്ത എം.ഒ. തിരുവിതാംകൂറിലെ സി.പി. വിരുദ്ധ പ്രക്ഷോഭത്തിൽ കൊച്ചിയിൽ ഇരുന്നുകൊണ്ട് നേതൃത്വം നല്കി. തന്മൂലം നാടുകടത്തലിനും വീട്ടുതടങ്കലിനും എം.ഒ. വിധേയനായി. അകാലത്തിൽ 65-ാം വയസ്സിൽ നിര്യാതനായ എം.ഒ. ജോസഫിന്റെ ജീവചരിത്രം സത്യസന്ധമായി രചിച്ച കച്ചിറമറ്റത്തിന് അഭിനന്ദനങ്ങൾ. എം.ഒ.യുടെ കാലടികളെ പിന്തുടരുവാൻ ഇന്നത്തെ യുവതലമുറയ്ക്ക് ഈ ഗ്രന്ഥം പ്രചോദനം നല്കട്ടെയെന്ന് ആശംസിക്കുന്നു. സ്വന്തമായി ഒന്നും നേടാനാഗ്രഹിക്കാതെ എതിർപ്പുകളെ നേരിട്ട് വിജയപ്രഭ നേടിയ എം.ഒ. ജോസഫ്, വരുംതലമുറകളുടെ മുൻപിൽ ഒരു കെടാവിളക്കായി നിലകൊള്ളുന്നതിന് ഈ ഗ്രന്ഥം സഹായകമായി തീരുമെന്നാണ് എന്റെ വിശ്വാസം.

സീറോ മലബാർ സഭ അല്മായ കമ്മീഷൻ ഹിസ്റ്ററി അൻഡ് റിസർച്ച് ഫോറം രൂപീകരിച്ചതിന്റെ പിന്നിൽ വലിയ ലക്ഷ്യമുണ്ട്. സഭയ്ക്ക് വേണ്ടി ത്യാഗോജ്ജ്വലമായ സേവനങ്ങൾ ചെയ്ത മഹത് പ്രതിഭകളെ ഇന്നിന്റെ തലമുറയ്ക്ക പരിചയപ്പെടുത്തുക, സഭാചരിത്രത്തെക്കുറിച്ച് വ്യക്തമായ പഠനങ്ങൾക്കായുള്ള വേദിയൊരുക്കുക എന്നിവയാണ് ഈ ഫോറത്തിന്റെ ലക്ഷ്യം. ഈ മേഖലയിൽ ജോൺ കച്ചിറമറ്റത്തിന്റെ വിലപ്പെട്ട സംഭാവനകൾ വലിയ മുതൽക്കൂട്ടാകുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. മാത്രവുമല്ല, അല്മായ സമൂഹത്തിന് വിശ്വാസചൈതന്യത്തിലും സഭാസ്നേഹത്തിലും കൂടുതൽ ആഴപ്പെടുവാൻ പഴയ തീക്ഷ്ണമതികളുടെ നിസ്വാർത്ഥ സേവനങ്ങളുടെ സ്മരണ പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

കാഞ്ഞിരപ്പള്ളി
26/06/2011

**മാർ മാത്യു അറയ്ക്കൽ**
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

www.malankaralibrary.com



പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ

# അവതാരിക

അൽമായ വർഷമായി തിരുസഭ പ്രഖ്യാപിച്ചിരിക്കുന്ന 2011 ശ്രീ.എം.ഒ.ജോസഫ് നെടുങ്കുന്നത്തിന്റെ ജന്മശതാബ്ദി വർഷം കൂടിയാണ്. ശ്രീ. എം.ഒ.യുടെ ജീവിതം അൽമായ പ്രേഷിതത്ത്വത്തിന് നല്ലൊരു സാക്ഷ്യമാണ്. എങ്ങനെ എന്തുകൊണ്ട് എന്ന് പുത്തൻ തലമുറയ്ക്ക് അറിവുണ്ടെന്ന് തോന്നുന്നില്ല. അറിയാമായിരുന്നെങ്കിൽ ഈ ജന്മശതാബ്ദി രാജ്യമെങ്ങും വിപുലമായ രീതിയിൽ ആഘോഷിക്കുമായിരുന്നു.

ശ്രീ.ജോൺ കച്ചിറമറ്റം രചിച്ച എം.ഒ.ജോസഫ് നെടുങ്കുന്നം എന്ന പഠനാത്മക ജീവചരിത്രം ആരംഭിക്കുന്നത് എം.ഒ. ആരാണ് എന്ന ചോദ്യത്തോടു കൂടിയാണെന്നുള്ളത് അർത്ഥവത്താണ്. എം.ഒ.എന്ന മഹാവ്യക്തിത്വത്തെ ഇന്നത്തെ തലമുറയ്ക്കു പരിചയപ്പെടുത്തുന്നതിൽ ഒതുങ്ങുന്നതല്ല ശ്രീ കച്ചിറമറ്റത്തിന്റെ ഈ വിശിഷ്ട കൃതി. ഇതൊരു പഠന ഗ്രന്ഥമാണ്. എം.ഒ.ജോസഫ് സാറിന്റെ സവിശേഷമായ വ്യക്തിത്വവും വിവിധ മണ്ഡലങ്ങളിൽ അദ്ദേഹം നല്കിയിട്ടുള്ള സേവനങ്ങളുമാണ് പഠന വിഷയം.

സഭാസ്നേഹി, സമുദായാഭിമാനി, സ്വാതന്ത്ര്യ സമരപോരാളി- ചരിത്രകാരൻ, ഗവേഷകൻ, തൂലികയെ പടവാളാക്കിയ ജേർണലിസ്റ്റ്, സംഘാടകൻ, കത്തോലിക്കാ വിദ്യാർത്ഥി പ്രസ്ഥാന( ഇന്നത്തെ) ത്തെയും സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിനെയും ഉത്തേജിപ്പിച്ച് സജീവമാക്കിയ കർമ്മയോഗി- ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് എം.ഒ യുടെ വ്യക്തിത്വം. ഈ വ്യക്തിത്വമാണ് ശ്രീ കച്ചറമറ്റത്തിന്റെ പുസ്തകത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. കേവലം ഒരു ജീവചരിത്രമെന്നതിനെക്കാൾ എം.ഒ എന്ന വലിയ മനുഷ്യന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരന്വേഷണമാണ് ഈ കൃതി. എം.ഒ.യുടെ പ്രവർത്തന സരണിയിലൂടെ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്ന ശ്രീ.കച്ചിറമറ്റം പൊതു ജീവിതത്തിൽ മാതൃകയാക്കിയിരിക്കുന്നത് ശ്രീ. എം.ഒ.ജോസഫിനെയാണ്. അതു കൊണ്ട് തന്നെ ഈ പഠനത്തിന് അദ്ദേഹം സർവഥായോഗ്യനാണ്.

ശ്രീ.എം.ഒ.ജോസഫിന്റെ ജീവിതത്തെ ഞാൻ കാണുന്നത് അൽമായ പ്രേഷിതത്വത്തിന്റെ ഉദാത്തമായ ഒരു ഉദാഹരണമായിട്ടാണ്. വത്തിക്കാൻ സൂനഹദോസിന്റെയും അതിനു ശേഷം റോമിൽ നടന്ന അൽമായ സിനഡിന്റെയും പഠനമനുസരിച്ചു അല്മായരുടെ മുഖ്യമായ പ്രവർത്തന വേദി 'ലോക' മാണ്- അതായത് രാഷ്ട്രീയം, വിദ്യാഭ്യാസ മാധ്യമം, സാഹിത്യം, കായികം, സംസ്കാരം-കലകൾ, തൊഴിൽ തുടങ്ങിയ ഭൗതിക മേഖലകൾ. ഈ മേഖലകളിൽ പൂർണ്ണമായി പ്രവർത്തിക്കുവാൻ സാധിക്കുന്നത്

www.malankaralibrary.com

അല്മായർക്ക് മാത്രമാണ്. വൈദികരുടെയും സന്യസ്തരുടെയും വിളിയും ദൗത്യവും സഭാശുശ്രൂഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. ലൗകിക മേഖലകളിൽ ഒരു പുളിമാവ് പോലെ വർത്തിക്കുക, അങ്ങനെ അവിടെ ഒരു തിരുത്തൽ ശക്തിയായിരിക്കുകയെന്നതാണ് അവരുടെ ദൈവവിളി. ഒരല്മായൻ ഒരേ സമയം തന്നെ പൂർണ്ണമായും സഭയിലും ലോകത്തിലുമാണ്. വൈദികൻ അങ്ങനെയല്ല.

ശ്രീ.എം.ഒ.യുടെ പ്രവർത്തനം സഭയിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നില്ലായെന്ന് ഈ ഗ്രന്ഥത്തിൽ നിന്നും വ്യക്തമാകും. അദ്ദേഹം ഊർജ്ജസ്വലനായ ഒരു പത്രപ്രവർത്തകനും ചരിത്രാന്വേഷിയും സ്വാതന്ത്ര സമരസേനാനിയുമായിരുന്നു. അനീതിയുടെ അധാർമ്മികമായ ചൂഷണത്തിനുമെതിരെ ഒരു പ്രവാചകനെ പോലെ അദ്ദേഹം ശബ്ദം ഉയർത്തി. അറസ്റ്റ് വരിച്ചു. നാടുകടത്തപ്പെട്ടു. പ്രലോഭനങ്ങൾക്ക് അടിപ്പെടാത്തതായിരുന്നു ആ ധീരദേശാഭിമാനിയുടെ ജീവിതം.

ചരിത്ര-സാഹിത്യ-സാംസ്ക്കാരിക മേഖലകളിൽ അദ്ദേഹത്തിന്റെ സംഭാവനകൾ നിസ്തുലമായിരുന്നു. 'മാത്തൂതരകൻ' എന്ന അഖ്യായിക അന്നു വരെ നിലവിലിരുന്ന പല അബദ്ധധാരണകളെയും മറനീക്കി പുറത്തു കൊണ്ടുവന്നു. തികച്ചും ഗവേഷണാത്മകമായ ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹം നടത്തിയത് ചരിത്രത്തിന്റെ ഒരു പുനർവായനയായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യകൃതികൾ മഹാകവി ഉള്ളൂർ, വള്ളത്തോൾ, എ.ഡി.ഹരിശർമ്മ, ജി.ശങ്കരക്കുറുപ്പ് തുടങ്ങിയവരുടെ പ്രശംസക്കു പാത്രമായിരുന്നു. സാഹിത്യ പ്രവർത്തക സമിതിയിൽ ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചിരുന്നു. ശ്രീ എം.ഒ. ജോസഫ് ചങ്ങനാശ്ശേരി(നെടുങ്കുന്നം) കാരനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം എറണാകുളമായിരുന്നു. രൂപതയുടെ വക സത്യദീപം, മലബാർ മെയിൽ എന്നീ പ്രസിദ്ധീകരണങ്ങളുടെ ചുമതല ദീർഘകാലം അദ്ദേഹമാണ് വഹിച്ചത്. തുച്ഛമായ വേതനം പറ്റികൊണ്ടോ പ്രതിഫലം ഒന്നും കൂടാതെ തന്നെയോ അദ്ദേഹം ഈ സേവനം നിർവഹിച്ചു. ഇന്നത്തെ കാലത്ത് ചിന്തിക്കുവാൻ പോലും സാധിക്കാത്ത രീതിയിലുള്ള ഒരു സേവന ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. സഭയ്ക്കും സമൂഹത്തിനും ചെയ്ത സേവനത്തെക്കുറിച്ചു അദ്ദേഹം ആരോടും പരാതിപ്പെട്ടതുമില്ല; കണക്കു പറഞ്ഞിട്ടുമില്ല.

സ്വന്തം സേവനങ്ങളെ നിസ്സാരവത്ക്കരിച്ചു എം.ഒ.ജോസഫ് മറ്റുള്ളവരുടെ സേവനങ്ങളെ വെളിച്ചത്തു കൊണ്ടുവരുകയും കേരളസഭാ താരങ്ങൾ എന്ന പേരിൽ നൂറ്റിയൊന്ന് പ്രബന്ധങ്ങൾ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തു. സഭയ്ക്കും സമുദായത്തിനും സേവനം അനുഷ്ഠിച്ചിട്ടുള്ള മഹത്തുക്കളെ ആദരിക്കുവാനും പിൻതലമുറക്കാർ ഓർത്തിരിക്കുവാനും വേണ്ടിയാണ് അദ്ദേഹം ഈ താരാവലി പ്രസിദ്ധീകരിച്ചത്. വിശാല ഹൃദയനായ ജോസഫ് സാറിന്റെ ആഗ്രഹപ്രകാരമാണ് ശ്രീ കച്ചിറമറ്റം അടുത്ത കാലത്തായി 'കേരള സഭാരത്നങ്ങൾ' 'കേരളസഭാ പ്രതിഭകൾ' എന്നീ പേരുകളിൽ ഏതാണ്ട് ആയിരം പേരുടെ ജീവചരിത്രക്കുറിപ്പുകൾ പ്രസിദ്ധീകരിച്ചത്. പുത്തൻ തലമു

www.malankaralibrary.com

റക്കാർക്കെന്നതു പോലെ വരും തലമുറക്കാർക്കു വേണ്ടികൂടി തയ്യാറാക്കിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര കച്ചിറമറ്റം കേരളസഭയ്ക്ക് നല്കിയ വലിയൊരു സംഭാവനയാണ്. ഇതിന് പ്രചോദനവും മാതൃകയുമായത് ശ്രീ.എം.ഒ. ജോസഫാണ്. കച്ചിറമറ്റം കൃതികളിൽ ഏറ്റവും പ്രചോദനാത്മകമായത് എം.ഒ. ജോസഫിനെക്കുറിച്ചുള്ള ഈ കൃതിയാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ.എം.ഒ.ജോസഫ് സഭയെക്കുറിച്ചു നന്നായി പഠിച്ചിരുന്ന ഒരു വ്യക്തിയാണ്. സത്യദീപത്തിൽ ദീർഘകാലം അദ്ദേഹം മതസംബന്ധമായ ചോദ്യങ്ങൾക്കു മറുപടി നല്കിയിരുന്നു. മതബോധന രംഗത്ത് അദ്ദേഹം നിസ്തുലമായ സംഭാവനകൾ നല്കി.

സഭയോടു നൂറുശതമാനവും വിശ്വസ്തത പുലർത്തിയിരുന്നു അദ്ദേഹം. സഭാമേലദ്ധ്യക്ഷന്മാരോടു വിധേയത്വമുള്ളവനായിരുന്നു. പക്ഷെ ഈ വിധേയത്വവും വിശ്വസ്തതയുമെല്ലാം മാനസ്സികമായ ഒരു തരം അടിമത്വത്തിൽ നിന്നുള്ളതായിരുന്നില്ല! അദ്ദേഹത്തിന്റെ ചിന്തകൾ യുക്തിഭദ്രമായിരുന്നു. നിർമ്മലമായ ഒരു മനസാക്ഷിയുടെ ഉടമയായിരുന്ന അദ്ദേഹത്തിൽ ദൈവാരൂപി സജീവമായി പ്രവർത്തിച്ചിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിലെ ഒരു സവിശേഷതയായിരുന്നു നിർഭയത്വം. എപ്പോഴും ആരുടെ മുമ്പിലും തല ഉയർത്തിപ്പിടിച്ചു സംസാരിച്ചിരുന്ന അദ്ദേഹത്തെ ആദരവോടു കൂടി മാത്രമെ നമുക്ക് ഓർമ്മിക്കുവാൻ സാധിക്കൂ.

'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺ പംക്തിയാണ് എന്റെ ഓർമ്മയിൽ വരുക. ഇന്ന് പല നേതാക്കളും വലിയവരെന്ന് ഭാവിച്ച് നടക്കുന്ന ചെറിയ മനുഷ്യരാണ്! എന്നാൽ എം.ഒ.ജോസഫ് വലിയ ലോകത്തിലെ ഒരു വലിയ മനുഷ്യൻ തന്നെയായിരുന്നു.

പുത്തൻ തലമുറയ്ക്കു മാതൃകയാക്കാവുന്ന ഒരു വലിയ മനുഷ്യന്റെ ജീവിതവും പ്രവർത്തനങ്ങളും അനാവരണം ചെയ്യുന്ന ഈ കൃതിയുടെ രചനയും പ്രസിദ്ധീകരണവും ഏറ്റെടുത്ത ശ്രീ ജോൺ കച്ചിറമറ്റത്തിനു എന്റെ അഭിനന്ദനങ്ങൾ! ശ്രീ എം.ഒ.ജോസഫിന്റെ ജന്മശതാബ്ദി വേളയിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് കച്ചിറമറ്റത്തിന്റെ ഉത്സാഹം ഒന്നു കൊണ്ടു മാത്രമാണ്.

പുത്തൻ തലമുറയെ പോലെ മുതിർന്ന തലമുറയേയും കർമ്മോത്സുകരാക്കുവാൻ ഈ ജീവചരിത്രം സഹായകരമാകുമെന്ന് ഞാൻ കരുതുന്നു. നമ്മുടെ സ്കൂൾ ലൈബ്രറികൾ, ഇടവക ഗ്രന്ഥശാലകൾ, മതബോധന കേന്ദ്രങ്ങൾ, തുടങ്ങിയ ഇടങ്ങളിൽ ഈ പുസ്തകത്തിന്റെ കോപ്പികൾ ഉണ്ടായിരിക്കണം. ഈ അല്മായ വർഷത്തിൽ സഭാനേതൃത്വം എം.ഒ.ജോസഫെന്ന അൽമായ പ്രേഷിതനെ കൃതജ്ഞതാപൂർവ്വം ഓർമ്മിക്കേണ്ടതുണ്ട്. ഏറെ സന്തോഷത്തോടും അതിലധികം അഭിമാനത്തോടും കൂടി ഈ പുസ്തകം ഞാനവതരിപ്പിക്കട്ടെ. ഗ്രന്ഥകർത്താവിനും വായനക്കാർക്കും എന്റെ ആശംസകൾ!

ചങ്ങനാശ്ശേരി
മേയ് 15.2011

**പ്രൊഫ.കെ.ടി.സെബാസ്റ്റ്യൻ**

www.malankaralibrary.com

# 1. എം.ഒ. ആരാണ്?

"എം.ഒ. ജോസഫ്, കേരളീയർക്ക് പ്രത്യേകിച്ചു കേരള ക്രൈസ്തവർക്ക് സുപരിചിതമാണ് ആ നാമം. എം.ഒ. എന്ന ബീജാക്ഷരങ്ങൾ കൊണ്ടു തന്നെ അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നു.

നലം തികഞ്ഞ ചിന്തകനും സാഹിത്യകാരനും ചരിത്ര ഗവേഷകനും പത്രപ്രവർത്തകനുമായി വിരാജിച്ചിരുന്ന എം.ഒ. അതിലുപരി, ആപ്രിതിമനായ ഒരു സാമൂഹ്യസേവകനും കറതീർന്ന മതഭക്തനും, രാജ്യസ്നേഹിയും രാഷ്ട്രീയ സാമൂഹ്യവിമർശകനും വീതണ്ഡാവാദ ധ്വംസകനുമായിരുന്നു. അക്ഷരാർത്ഥത്തിൽ ഒരു ബഹുമുഖ പ്രതിഭ.

കത്തോലിക്കാ കോൺഗ്രസ്സ്, സാഹിത്യ പരിഷത്, സുന്ദരയ്യർ& സൺസ്, സത്യദീപം, തൊഴിലാളി, മലബാർ മെയിൽ എന്നീ സ്ഥാപനങ്ങളിലും നിവർത്തനം പൗരസമത്വവാദ പ്രക്ഷോഭണം, മലയോര കർഷക പ്രശ്നം തുടങ്ങിയ പ്രസ്ഥാനങ്ങളിലുമായി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളും ഭാഗഭാഗിത്വവും നിസ്തുലവും അവിസ്മരണീയവുമത്രേ.

എറണാകുളം കേന്ദ്രമാക്കിയുള്ള പ്രവർത്തനകാലത്ത് ടാറ്റാ ലേബർ യൂണിയൻ, ടോംകോ കാത്തലിക് എംപ്ലോയീസ് യൂണിയൻ, കൊച്ചിൻ ജേർണലിസ്റ്റ് അസോസിയേഷൻ, വൈറ്റില എംപ്ലോയീസ് യൂണിയൻ, കൊച്ചിൻ ജേർണലിസ്റ്റ് അസോസിയേഷൻ, വൈറ്റില ഔഷധ വ്യവസായ സഹകരണസംഘം, കൊച്ചിൻ ലേബർ കോൺഗ്രസ്സ്, മുതലായ തൊഴിൽ യൂണിയനുകളുടെ ജനറൽ സെക്രട്ടറിസ്ഥാനം ദീർഘകാലത്തേയ്ക്ക് എം. ഒ. യിൽ അർപ്പിതമായിരുന്നു.

മലയോരങ്ങളിൽ നടമാടിയ കർഷക ദ്രോഹനടപടികളെയും കൊട്ടിയൂരിലെ മേൽച്ചാർത്ത് സംരഭങ്ങളെയും ഫലപ്രദമായി ചെറുക്കാനും കർഷക ലക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ഒരു കൊടുങ്കാറ്റുപോലെ അദ്ദേഹം പ്രവർത്തിച്ചിരുന്നു.

മതപരവും സാമുദായികവുമായ അനീതികൾക്കും അസമത്വങ്ങൾക്കും വർഗ്ഗീയ വിവേചനങ്ങൾക്കുമെതിരായി ചലിക്കുമ്പോൾ എം.ഒ യുടെ തൂലിക ഒരു വജ്രായുധമായി മാറിയിരുന്നു. സഭയുടെയും സമുദായത്തിന്റെയും അവകാശ സംരക്ഷണത്തിന് ധീരനായ ഒരു മുന്നണിപോരാളിയായും.

സാധാരണക്കാരുടെ തെറ്റുകുറ്റങ്ങൾ വെട്ടിത്തുറന്നു പറയുവാൻ പലരും തുനിഞ്ഞെന്നുവരാം. എന്നാൽ വിത്തപ്രതാപങ്ങൾ കൊണ്ട് ഔന്നിത്യത്തിലിരിക്കുന്ന വ്യക്തികളുടെ ധർമ്മച്യുതി അവരുടെ മുഖത്തു നോക്കി

www.malankaralibrary.com

പറയുവാൻ പലരും ധൈര്യപ്പെട്ടെന്ന് വരില്ല. ഇക്കാര്യത്തിൽ അരണ്യനാദ കർത്താവായ എം.ഒ. സ്നാപകനെപ്പോലെ കർക്കശനും ധീരനും വിട്ടുവീഴ്ചയില്ലാത്തവനായ ഒരു വിമർശകനുമായിരുന്നു. ഈ അയവില്ലാത്ത മനോഭാവം അദ്ദേഹത്തിന് മിത്രത്തേക്കാൾ ശത്രുക്കളെയും അഭിനന്ദനത്തേക്കാൾ അഭിശംസയേയുമാണ് നേടിക്കൊടുത്തതെന്നും വിസ്മരിച്ചു കൂടാ. എങ്കിലും അന്തിമ വിശകലനങ്ങൾ അദ്ദേഹത്തിന്റെ ഉദ്ദേശ ശുദ്ധിയെ മാനിക്കാനും സമൂഹം സന്നദ്ധമായി. എറണാകുളം അതിരൂപതയുടെ ഉടമസ്ഥതയിൽ നടത്തിപ്പോന്ന 'മലബാർ മെയിൽ' സാമ്പത്തിക നഷ്ടം കാരണം 1941-ൽ നിർത്തപ്പെട്ടിരുന്നു. പത്രം ഏറ്റെടുത്തു നടത്താൻ ഒരുക്കമാണോയെന്ന് അധികൃതർ ആരാഞ്ഞപ്പോൾ സാമുദായാഭിമാനിയായ എം.ഒ. ശ്രീ എം.എം വർക്കിയോടൊപ്പം ആ ഭാരം ഏറ്റെടുക്കുവാൻ സന്നദ്ധനായി. ഇരുവരും ചേർന്ന് പത്രം പ്രശസ്തമായ രീതിയിൽ തന്നെ നടത്തി. പത്രത്തിന്റെ സാമ്പത്തിക വശവും മെച്ചപ്പെട്ടു. 16 വർഷക്കാലം മലബാർമെയിലിന്റെ എല്ലാമെല്ലാമായി അദ്ദേഹം ജോലിനോക്കി.

തിരുവിതാംകൂർ ദിവാനായിരുന്ന സർ.സി.പി.യുടെ ക്രൂരമായ ഭരണത്തെയും ക്രൈസ്തവ ദ്രോഹനടപടികളെയും എം.ഒ. നിശിതമായി വിമർശിച്ചു തൽഫലമായി 1946-ൽ അദ്ദേഹം വീട്ടുതടങ്കലിലുമായി.

സജീവ പ്രവർത്തനങ്ങളിൽ നിന്ന് വിരമിച്ച്, വീണ്ടും ഇടവകപ്പള്ളിയും, പള്ളിക്കാര്യങ്ങളുമായി കഴിഞ്ഞിരുന്ന വേളയിലാണ് ശ്രി.എം.ഒ. പ്രകാശവുമായി അടുത്ത് ബന്ധപ്പെട്ടത്. ഭാരതക്രൈസ്തവ സഭാസംബന്ധമായ ഗ്രന്ഥങ്ങൾ രചിക്കുന്നതിനും പരിഭാഷപ്പെടുത്തുന്നതിനുമാണ് ഈ സമ്പർക്കം പ്രധാനമായും പ്രയോജനപ്പെടുത്തിയത്.

ക്രൈസ്തവ വിജ്ഞാനകോശ നിർമ്മാണത്തിൽ അദ്ദേഹം വഹിച്ച പങ്ക് ഏറ്റവും നിർണ്ണായകമായിരുന്നു. തന്റെ ആയുഷ്ക്കാല ശേഖരമായ ചരിത്രരേഖകളെല്ലാം പ്രസ്തുത കോശഗ്രന്ഥനിർമ്മിതിയിൽ അദ്ദേഹം നിർല്ലോപം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

കേവലം സാധാരണക്കാരനായി ജീവിച്ചു കടന്നുപോയ ആ അസാധാരണ വ്യക്തിത്വത്തിന്റെ സവിശേഷതകളിലേയ്ക്ക് വെളിച്ചം വീശുന്നതിന് എം.ഒ യുടെ ജീവചരിത്ര സ്മരണകൾ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു."

(പ്രകാശം പബ്ലിക്കേഷൻസിന്റെ ഡയറക്ടറും ജനറൽ എഡിറ്ററുമായ ഫാ.ഹെർമീസ് സി പെരുമാലിൽ എം.ഒയുടെ ജീവചരിത്ര സ്മരണകൾ എന്ന ഗ്രന്ഥത്തിന് എഴുതിയ ആമുഖത്തിൽ നിന്നും എടുത്ത ഭാഗങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്.)

www.malankaralibrary.com

# 2. വിമർശനം നവീകരണത്തിന്

കുശാഗ്രമായ ബുദ്ധിയുടെയും മൂർച്ചയേറിയ തൂലികയുടെയും ഉടമ. മലയാള പത്രപ്രവർത്തനത്തിനും ഭാഷാസാഹിത്യലോകത്തിനും കേരളചരിത്രഗവേഷണത്തിനും വിസ്മരിക്കാനാവാത്ത ഒരു നാമധേയം -എം.ഒ.ജോസഫ് നെടുങ്കുന്നം.

ബഹുമുഖമായ ഈ പ്രതിഭ വ്യാപരിച്ചതോ? മുഖ്യമായും കത്തോലിക്ക സഭയ്ക്കും സമുദായത്തിനുംവേണ്ടി. സമർപ്പിത ബുദ്ധിയോടെ, അല്പം വാശിയും വീറും കലർന്ന അദ്ധ്വാനസ്വഭാവം ആ വ്യക്തിവിലാസത്തിന്റെ പ്രത്യേകതയാണ്. ജീവിച്ചകാലമത്രയും ഉശിരോടെ ജീവിച്ച ഒരു പ്രതിഭാശാലി.

തന്റെ മേധാശക്തി ചെലുത്തിയ സ്വാധീനത്തിനൊഴികെ മറ്റൊരു ബാഹ്യനിയന്ത്രണത്തിനും എം.ഒ. വഴങ്ങുകയില്ല. സ്ഥാനമാന പ്രലോഭനങ്ങൾക്ക് വശംവദനാകാതെ പോരാടുന്നതിൽ ഒരു വിട്ടുവീഴ്ചയും ഇല്ല. ഫലമോ? ആരാധകരേക്കാൾ കൂടുതൽ ശത്രുക്കൾ. അന്ത്യോപചാരംകൊണ്ട് നിർത്തുന്ന സൗഹൃദപ്രകടനം. ചരമപ്രസംഗത്തിലവസാനിക്കുന്ന സ്മരണ.

ജന്മംകൊണ്ട് തിരുവിതാംകൂറുകാരനായിരുന്നു. എന്നാൽ പഴയകൊച്ചി രാജ്യമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരംഗം. എം.ഒ.യുടെ സഹപ്രവർത്തകനും പ്രമുഖസാഹിത്യകാരനുമായിരുന്ന സുകുമാർ പൊറ്റക്കാട് 1976 ഏപ്രിൽ 8-ന് മാതൃഭൂമി ദിനപത്രത്തിൽ ഇപ്രകാരം എഴുതി. "എം.ഒ. ജോസഫിന് സജീവമായ പങ്കാളിത്തമില്ലാത്ത ഒരു രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക പ്രസ്ഥാനവും പഴയകൊച്ചി രാജ്യത്ത് ഉണ്ടായിട്ടില്ല."

പങ്കാളിത്തം പലപ്പോഴും അരങ്ങത്തല്ല. അണിയറയിലായിരുന്നു. കൂടിയേ കഴിയൂ എന്നു വരുന്ന സന്ദർഭത്തിൽ ഗോദായിലേക്ക് ചാടിയിറങ്ങി പോർവിളി നടത്താനും അദ്ദേഹം മടിച്ചിട്ടില്ല. കൊച്ചിരാജ്യത്തിലെ സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളും മലബാർമെയിൽ പത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആ ബന്ധത്തിന്റെ ജീവസ്സുറ്റകണ്ണി എം.ഒ. ജോസഫായിരുന്നു. പത്രാധിപരായും മാനേജിംഗ് എഡിറ്ററായും പലരുടെയും പേരുകൾ കണ്ടേക്കാമെങ്കിലും എം.ഒ. ജോസഫിന്റെ തൂലികാവിലാസം മാത്രമാണ് ഈ പത്രത്തിന് ഉയിരും ഊർജ്ജസ്വലതയും പകർന്നുകൊണ്ടിരുന്ന ചൈതന്യത്തിന്റെ ഉറവിടം.

മലബാർ മെയിൻ വിട്ടതോടെ എം.ഒ. പൊതുരംഗത്തോട് വിടവാങ്ങിയില്ല. പത്രക്കളരിയിൽ നിന്ന് പയറ്റ് സാഹിത്യക്കളരിയിലേക്ക് മാറ്റിയെന്നേയുള്ളൂ. പത്രപ്രവർത്തകനായിരുന്ന കാലത്തുതന്നെ അദ്ദേഹത്തിന്റെ സാഹി

www.malankaralibrary.com

ത്യസൃഷ്ടികൾ ബഹുജനശ്രദ്ധ ആകർഷിക്കാതിരുന്നില്ല. തൊഴിലെന്ന നിലയിൽ പത്രപ്രവർത്തനം ഉപേക്ഷിച്ചതിനുശേഷം സാഹിത്യായോധനത്തിനു കുറേക്കൂടി ഊക്കുകൂടി. സാഹിത്യപരിഷത്തിന്റെ ഏറ്റം പ്രബലമായ ഹസ്തം ഒരു വ്യാഴവട്ടത്തിലേറെക്കാലം എം.ഒ. ജോസഫായിരുന്നു. ഇതിനിടയിൽ പലസാഹിത്യകുശലന്മാരും പണ്ഡിതവരേണ്യരും പരിഷത്തിന്റെ അദ്ധ്യക്ഷരാവുകയും സ്ഥാനമാനമൊഴിയുകയും ചെയ്തിട്ടുണ്ട്. ആർ വന്നാലും പോയാലും മാറ്റമില്ലാത്ത ഔദ്യോഗിക സ്ഥാനം ഒരു വൈസ്പ്രസിഡന്റിന്റെയോ പരിഷത്ത് മുദ്രണാലയം സൂപ്രണ്ടിന്റെയോ മാത്രമായിരുന്നെങ്കിലും അക്ഷമമായ പ്രഭാവത്തോടെ അദ്ദേഹം പ്രവർത്തിച്ചു. പരിഷത്തിനെ സ്വാർത്ഥലാഭത്തിന്റെയോ സങ്കുചിത താല്പര്യത്തിന്റെയോ ഉപകരണമാക്കാൻ അദ്ദേഹം കൂട്ടുനിന്നില്ല. എം.ഒ.ജോസഫ് പരിഷത്തിന്റെ വക്താവും പ്രയോക്താവുമായി പ്രവർത്തിച്ച കാലമത്രയും പരിഷത് മാസിക മുടക്കാതെ നടത്തുകയും വാർഷികയോഗങ്ങൾ ചിട്ടയോടെ നടത്തുകയും ചെയ്തിട്ടുണ്ട്. ഉള്ളൂരിന്റെ കാലത്ത് ത്രൈമാസികയായി ആരംഭിച്ച്, ശങ്കരക്കുറുപ്പിന്റെ കാലത്ത് ദ്വൈമാസികയായി മാറ്റിയത് എം.ഒ.ജോസഫ് തന്നെയായിരുന്നു. അതിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന കാര്യപ്രസക്തമായ പത്രാധിപക്കുറിപ്പുകൾ മിക്കതും എം.ഒ.യുടെ തൂലികാവിലാസമായിരുന്നു.

സഭയുടെയും സമുദായത്തിന്റെയും മണ്ഡലത്തിലേക്കു കടന്നാലോ? വിജ്ഞാന വൈദിഗ്ദ്ധ്യത്തിനും ഗവേഷണചാതുര്യത്തിനും ദൃഷ്ടാന്തങ്ങളായ പലഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. പള്ളിജൂബിലി, രൂപതാസമ്മേളനം, കത്തോലിക്കാ കോൺഗ്രസ് വാർഷികം, നേതാക്കളുടെ ഷഷ്ടിപൂർത്തി, സഭയുടെയും സമുദായത്തിന്റെയും നേരെയുള്ള വെല്ലുവിളി തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം കരുത്തനായ എം.ഒ.യെ രംഗത്തുകാണാം. പ്രസ്താവനകളിറക്കാനും സുവനീർ പ്രസിദ്ധപ്പെടുത്താനും മെമ്മോറാണ്ടങ്ങൾ രചിക്കാനും എല്ലാ രൂപതാധികൃതരും എം.ഒ.ജോസഫിന്റെ സഹായം തേടും. പ്രസിദ്ധമായ ചില പുരാതന കുടുംബങ്ങൾ തങ്ങളുടെ കുടുംബചരിത്രം രചിക്കാൻ എം.ഒ.യെ സമീപിക്കാറുണ്ട്. സന്യാസസഭകളും അൽമായസംഘടനകളും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിനും നിരീക്ഷണത്തിനും ആധികാരികത്വം കല്പിക്കും. പക്ഷെ ഇവരുടെയാരുടെയും കൂലിഎഴുത്തുകാരനായി എം.ഒ.യെ കിട്ടില്ല. എം.ഒ.ജോസഫിനെ സംബന്ധിച്ചിടത്തോളം വിമർശനം നശീകരണത്തിനായിരുന്നില്ല. നവീകരണത്തിനായിരുന്നു. ആ ലക്ഷ്യത്തോടെയാണ് അദ്ദേഹം തന്റെ മൂർച്ചയേറിയ തൂലിക ചലിപ്പിച്ചുകൊണ്ടിരുന്നത്. ആ തൂലികയുടെ ശരമേറ്റ് വീണിട്ടുള്ളവർ നിരവധിയാണ്. അതുകൊണ്ട് ഒട്ടനവധിയാളുകളുടെ എതിർപ്പിന് അദ്ദേഹം വിധേയമായിട്ടുണ്ട്. അതിൽ അദ്ദേഹം കുലുങ്ങിയില്ല, ദുഃഖിച്ചില്ല." (എം.ഒ.യുടെ ജീവചരിത്രസ്മരണകൾ പേജ് 1 മുതൽ 3 വരെ)

www.malankaralibrary.com

# 3. ജനനവും ബാല്യവും

പൂർവ്വികമായി പണിക്കർസ്ഥാനവും നെടുംകുന്നംദേവീക്ഷേത്രത്തിലെ കൊടികയറ്റിന് പ്രത്യേകാവകാശവുമുണ്ടായിരുന്ന നെടുംകുന്നത്തെ അതിപ്രാചീനവും പ്രശസ്തവുമായ വുലൂർ തറവാട്ടിലെ ചാണ്ടിപ്പിള്ള ഔസേപ്പ് മരുതുപ്പറമ്പിലേക്ക് മാറിത്താമസിച്ചു. അദ്ദേഹത്തിന്റെ മകനായി 1911 ജൂൺ 26-ാം തീയതി എം.ഒ. ജോസഫ് ജാതനായി. മാതാവ് മറിയാമ്മയും ഒരു കർഷകനെങ്കിലും തമിഴ്, നാനം മൂനം മുതലായ ഭാഷകളിൽ അതി വിദഗ്ദ്ധനായിരുന്നു പിതാവ് ചാണ്ടിപ്പിള്ള ഔസേഫ്. അദ്ദേഹത്തിന് ഇരുപത്തിനാലുവൃത്തം, മുപ്പത്തിനാലുവൃത്തം മുതലായവ ഹൃദിസ്ഥമായിരുന്നു. പിതാവിൽ തെളിഞ്ഞു വിളങ്ങിയിരുന്ന സാഹിത്യവാസനകളായിരുന്നു ജോസഫിന്റെയും സാഹിത്യവാസനയ്ക്കും കവിതാവാസനയ്ക്കും പ്രധാനകാരണം.

നെടുങ്കുന്നം സർക്കാർ സ്കൂളിൽ പ്രാഥമികവിദ്യാഭ്യാസവും കറുകച്ചാൽ എൻ.എസ്.എസ്. സ്കൂളിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്.ബി.കോളേജിൽ ഇന്റർമീഡിയറ്റ് സീനിയർ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പിതാവ് നിര്യാതനായി. അതോടെ ജോസഫിന്റെ പഠനവും നിർത്തേണ്ടി വന്നു.

ജോസഫ് വിദ്യാർത്ഥിയായിരിക്കുമ്പോൾ 1927 സെപ്റ്റംബർ 15-ന് വിവാഹം നടന്നു. ചങ്ങനാശ്ശേരി പെരുന്ന (ളായിക്കാട്ട്) വെണ്ണാലിൽ മാത്തൻ മത്തായി ത്രേസ്യാമ്മയുടെ മകൾ അന്നക്കുട്ടിയായിരുന്നു പത്നി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഇടവക പ്രാദേശിക തലങ്ങളിൽ വിവിധസാമൂഹ്യപ്രവർത്തനങ്ങൾക്ക് ജോസഫ് നേതൃത്വം നല്കി. ഇടവകയിലെ അമലോത്ഭവ ജനനീ വിദ്യാർത്ഥി സമാജം, മരിയസഖ്യം, തുടങ്ങിയവയുടെ സജീവപ്രവർത്തകനുമായിരുന്നു ജോസഫ്. നെടുംകുന്നത്തെ വിദ്യാർത്ഥിസമാജത്തിന്റെ പ്രസിഡന്റും, മരിയസഖ്യത്തിന്റെ പ്രീഫക്ടുമായിരുന്നു അദ്ദേഹം. ഡോക്ടർ കുര്യാളശ്ശേരി സ്മാരക ലൈബ്രറി സ്ഥാപിച്ച് പ്രവർത്തിച്ചതും എം.ഒ. തന്നെയായിരുന്നു. ചങ്ങനാശ്ശേരിയിൽ കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് മാർത്തോമ്മാ ദാസസംഘത്തിൽ ചേർന്നു. സൺഡേസ്കൂൾ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം നെടുങ്കുന്നത്ത് തിരിച്ചെത്തിയ ജോസഫ്, നെടുംകുന്നം ഇടവകയിൽ ആദ്യമായി വോളന്റി കാറ്റ്ക്കിസം

www.malankaralibrary.com

നടപ്പിലാക്കി. അതുവരെ രണ്ട് അദ്ധ്യാപകരെ പള്ളിയിൽനിന്നും ശമ്പളം കൊടുത്ത് വേദപാഠം നടത്തുകയായിരുന്നു പതിവ്. ഏഴുക്ലാസ്സുകളായി തിരിച്ച് സൗജന്യമായി വേദപാഠം പഠിപ്പിക്കുന്നതിന് അന്നാരംഭിച്ച രീതി ഇന്നും തുടർന്നുപോരുന്നു.

## അദ്ധ്യാപകൻ-പത്രാധിപർ

കോളേജ് പഠനം നിർത്തി നെടുംകുന്നത്തേക്കു പോന്ന 19 കാരനായ ആ ചെറുപ്പക്കാരൻ ചിറക്കടവ് സെന്റ് എഫ്രേംസ് മിഡിൽസ്കൂളിൽ അദ്ധ്യാപകനായി. ഒരു വർഷത്തെ സേവനത്തിനുശേഷം നെടുംകുന്നം സെന്റ് ത്രേസ്യാസ് കോൺവന്റ് സ്കൂളിൽ ജോലികിട്ടി. ശമ്പളം മാസം 22 രൂപയായിരുന്നു. എറണാകുളത്തെ സത്യദീപം വാരികയുടെ സഹ പത്രാധിപരായി 20 രൂപ ശമ്പളത്തിൽ ഒരു ജോലി ലഭിച്ചു. സാമ്പത്തികമായി നഷ്ടംസഹിച്ചുകൊണ്ടുതന്നെ നാട്ടിൽനിന്നും വളരെ അകലെയുള്ള ജോലി സ്വീകരിച്ചത് അദ്ദേഹത്തിന്റെ സാഹിത്യകൗതുകം മൂലമായിരുന്നു. എം.ഒ.യുടെ ഹൈസ്കൂൾ അദ്ധ്യാപകനായ ഫാ.കോശിമമ്പലമാണ് ഈ നിയമനത്തിന് മുൻ കൈയ്യെടുത്തത്. ഈ ചെറുപ്പക്കാരനിലെ എഴുത്തുകാരനെയും സഭാസേവകനെയുംകണ്ട ഫാ. കോശിക്ക് തെറ്റുപറ്റിയില്ലെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിക്കുകയും ചെയ്തു.

### ഫാ. കോശി മമ്പലം

ചങ്ങനാശ്ശേരി രൂപതയിൽ വൈദികവൃത്തി സ്വീകരിച്ച ആദ്യബിരുദ ധാരി, നലം തികഞ്ഞ വിദ്യാഭ്യാസപ്രവർത്തകൻ, രൂപതയുടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.ബി കോളജ് ബർസാർ എന്നീ നിലകളിലെല്ലാം രൂപതക്ക് അവിസ്മരണീയമായ സേവനം അർപ്പിച്ച ഒരു വൈദികോത്തംസമാണ് മമ്പലത്ത് ബ.കോശിയച്ചൻ

എം ഒ ജോസഫ് സ്വന്തം നാട്ടിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുമ്പോൾ ആണ് സത്യദീപം പത്രാധിപരായി നിയമനം ലഭിക്കുന്നത്. അതിന്റെ പിന്നിൽ പ്രവർത്തിച്ചത് തന്റെ ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന ഫാ.കോശിമമ്പലമായിരുന്നു. നാട്ടിൽ 22 രൂപാ ശമ്പളം ലഭിച്ചപ്പോൾ എറണാകുളത്ത് സത്യദീപത്തിൽ 20 രൂപാ ശമ്പളമാണ് ലഭിച്ചത്. സാമ്പത്തികനഷ്ടമല്ല സമുദായത്തിന്റെ നന്മയാണ് എം ഒ യെ അതിന് പ്രേരിപ്പിച്ചത്. എം ഒ യിലെ എഴുത്തുകാരനെയും ചരിത്രകാരനെയും സഭാസ്നേഹിയേയും കണ്ട് മനസ്സിലാക്കിയ ഫാ. കോശിമമ്പലമാണ് എം ഒ യുടെ ജീവിതത്തിന്റെ ഗതി തിരിച്ചുവിട്ടത്.

www.malankaralibrary.com

# 4. കെ.സി.എസ്.എൽ.ഉം ഫാ. ഒണേരയുടെ ജീവചരിത്രവും

## കെ.സി.എസ്.എൽ.

സഭയും സമുദായവുമായുള്ള ആഭിമുഖ്യവും അഭിനിവേശവും ഒരു നല്ല എഴുത്തുകാരന് രൂപം കൊടുത്തു. കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ എം.സി.എസ്.എൽ. സംഘടനയുടെ സജീവപ്രവർത്തകനായിരുന്നു അദ്ദേഹം. സത്യദീപം പത്രാധിപരായിരുന്ന കാലത്ത് എം.സി. എസ്സ്.എൽ.മായിട്ടുള്ള ബന്ധം ഒന്നുകൂടി പുനരുജ്ജീവിപ്പിക്കുന്നതിന് അദ്ദേഹത്തിന് അവസരം ലഭിച്ചു. 1931 മുതൽ 36 വരെ സത്യദീപം പത്രാധിപരായിരുന്ന അവസരത്തിൽ എം.സി.എസ്.എല്ലിന്റെ മുഖപത്രമായിരുന്ന കേരളീയ കത്തോലിക്കാ വിദ്യാർത്ഥിയുടെ എഡിറ്ററുമായി യാതൊരുപ്രതിഫലവും പറ്റാതെ സേവനം അനുഷ്ഠിക്കുകയുണ്ടായി. 1933-ൽ എം.സി. എസ്സ്.എൽ.ന്റെ പ്രസിഡന്റായിരുന്ന ഫാ.ഒണേരെ നിര്യാതനായ ശേഷം കെ. സി.എസ്.എൽ-ന്റെ മുഴുവൻ ചുമതലയും ഫാ.ജി.മേനാച്ചേരിയിൽ നിക്ഷിപ്തമായി. എം.ഒ.ജോസഫ്, ഫാ.ജി. മേനാച്ചേരിയുടെ വലംകൈയായി നിന്ന് സംഘടനാപ്രവർത്തനത്തിൽ സഹകരിച്ചു. അദ്ദേഹത്തോടൊപ്പം സംഘടനയെ ശക്തിപ്പെടുത്തുവാൻ വ്യാപകമായ പ്രചരണം നടത്തി. സത്യദീപത്തിൽനിന്നും അഞ്ചുവർഷത്തിനുശേഷം എം.ഒ.യെ പിരിച്ചുവിടപ്പെട്ടു. അതോടെ കേരളീയകത്തോലിക്കാ വിദ്യാർത്ഥിയുടെ എഡിറ്റർ സ്ഥാനവും എം.ഒ. ഉപേക്ഷിച്ചു. അതോടെ മാസികയും മുടങ്ങിപ്പോയി.

## ഫാ. ഒണേരെയുടെ ജീവചരിത്രത്തെപ്പറ്റി
## ഡോ. ജോസഫ് അട്ടിപ്പേറ്റി

എം.സി.എസ്സ്.എൽ. ഇന്ന് കെ.സി.എസ്.എൽ. എന്നാണല്ലോ അറിയപ്പെടുന്നത്. ആ വിദ്യാർത്ഥിസഖ്യത്തിന്റെ ജീവനാഡിയായിരുന്നു ഫാ. ഒണേരെ. ആ സംഘടനയ്ക്ക് ജീവൻകൊടുത്ത് പുഷ്ടിപ്പെടുത്തുന്നതിൽ ഒണേരെ ചെയ്ത സേവനങ്ങൾ ഒരു ചരിത്രരേഖയായി മാറ്റുവാൻ എം.ഒ. തീരുമാനിക്കുകയും 1941-ൽ അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതി പ്രകാശിപ്പിക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തിന്റെ അവതാരിക എഴുതിയത്

www.malankaralibrary.com

വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ജോസഫ് അട്ടിപ്പേറ്റി തിരുമേനിയാണ്. ആ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "നമ്മുടെ ഒരു നല്ല സാഹിത്യകാരനും സമുദായപ്രവർത്തകനുമായ ശ്രീമാൻ എം.ഒ. ജോസഫ് നെടുംകുന്നം അവർകൾ ഫാ. ഒണേരെയുടെ രസകരമായ ഒരു ജീവചരിത്രം രചിക്കുന്നതിൽ കാണിച്ച ഉത്സാഹത്തെ ഞാൻ സർവ്വാത്മന അഭിനന്ദിക്കുന്നു. മി. ജോസഫിന്റെ ഈ പുസ്തകം കേരളീയർക്ക് ഫാ. ഒണേരെ അവർകളോടുള്ള കൃതജ്ഞതയുടെ സമുചിതമായ ഒരു പ്രകാശനമായിട്ടുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഗ്രന്ഥകർത്താവിന് സാഹിത്യത്തിന്റെ വിവിധശാഖകളിൽ വിശേഷിച്ച് ജീവചരിത്രശാഖയിൽ സംസിദ്ധമായിട്ടുള്ള പ്രാവീണ്യം പ്രസിദ്ധമാണല്ലോ. ഉൽകൃഷ്ടമായ ഒരു ജീവചരിത്രത്തെ ഉജ്ജ്വലവും സുന്ദരവുമായ ഭാഷയിൽ മി. ജോസഫ് ഈ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നു. ജീവചരിത്രശാഖ ഇനിയും വേണ്ടത്ര പുഷ്ടിപ്രാപിച്ചിട്ടില്ലാത്ത മലയാള സാഹിത്യത്തിന് ഈ ഗ്രന്ഥം ഒരു സംഭാവനയായിട്ടുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം."

## ഡോ. ജി.എഫ്. പാപ്പാളി

പ്രസ്തുത ഗ്രന്ഥത്തെപ്പറ്റി എം.സി.എസ്.എൽ. പ്രസിഡന്റായിരുന്ന ഡോ.ജി.എഫ്.പാപ്പാളി M.A. Ph.D രേഖപ്പെടുത്തിയിരിക്കുന്നു. "The biographical sketch of the Rev. Fr. Honere, the first to be attempted, has in its way, discharged the debt of Catholic Malabar to the late Rev. Father. Mr. M.O. Joseph was intimately associated with the M.C.S and has rendered yeomen service literary and otherwise, to its cause. He is thus eminently qualified to undertake this biography, and if its publication would help to revitalise the dormant. Spirit of the M.C.Y.L., it shall have done he best service to the church in Malabar. I would most heartily recommend the book to all fellow workers to the cause of the M.C.Y.L.

## വടക്കുംകൂർ രാജരാജവർമ്മ

ഫാ. ഒണേരയെപ്പറ്റി എം.ഒ. ജോസഫ് തൃതീയ പ്രേക്ഷിതൻ എന്നപേരിൽ ഒരു പദ്യകൃതി രചിച്ചു. ആ കൃതിയെപ്പറ്റി വടക്കുംകൂർ രാജരാജവർമ്മ ഇപ്രകാരം എഴുതിയിരിക്കുന്നു. "നിങ്ങളുടെ പദ്യകൃതിയിൽ (തൃതീയ പ്രേക്ഷിതൻ) ശ്ലാഘ്യങ്ങളായ പലകവിതാഗുണങ്ങളും പ്രകാശിപ്പിക്കുന്നതിന് സാധിച്ച നിങ്ങൾ സഹൃദയന്മാരുടെ പ്രീതിബഹുമാനങ്ങൾക്ക് പാത്രമായിരിക്കുന്നു എന്നതിന് സംശയമില്ല. സംസ്കൃതത്തിലും മറ്റുമായി കവിതയെഴുതി പഴക്കംനേടിയ ഒരു കൈയ്യിന്റെ സൗഗന്ധ്യം സുലഭമായി കാണുന്നു. ഭാവരമ്യതകൊണ്ടും അലങ്കാരഹൃദ്യതകൊണ്ടും എന്നെ കണക്കില്ലാതെ രസിപ്പിച്ച പലപദ്യങ്ങളും ഇതിലുണ്ട്. നിങ്ങൾക്ക് അഭിമാനജനകമാണ് ഈ കൃതിയുടെ കർത്തൃത്വം

www.malankaralibrary.com





എന്നാണ് എന്റെ വിശ്വാസം.

എം.ഒ.ജോസഫിന്റെ നേതൃത്വസഹകരണം കുറഞ്ഞതോടെ ഏതാനുംനാൾ എം.സി.എസ്.എൽ. പ്രവർത്തനം നിർജീവമായി. പിന്നീട് 1949-ൽ രാമപുരത്തുചേർന്ന കത്തോലിക്കാ കോൺഗ്രസ് വാർഷിക സമ്മേളനത്തിൽ പ്രൊഫ. കെ. കുര്യാക്കോസ് തോട്ടുങ്കൽ അവതരിപ്പിച്ച പ്രമേയത്തോടുകൂടിയാണ് സംഘടനാപ്രവർത്തനം സജീവമായത്. ഇതിന്റെ പിന്നിലും എം.ഒ. ജോസഫിന്റെ ശ്രമം ഉണ്ടായിരുന്നു.

## ഗോമതി ദിനപ്പത്രത്തിൽ

സത്യദീപത്തിൽനിന്നും പിരിഞ്ഞതിനുശേഷം അദ്ദേഹം തൃശൂർനിന്നു പുറപ്പെടുന്ന ഗോമതി ദിനപ്പത്രത്തിന്റെ എറണാകുളം ലേഖകനായി നിയമിക്കപ്പെട്ടു. ക്രമേണ ആ പത്രത്തിന്റെ ഉടമസ്ഥരായ വി. സുന്ദരയ്യർ ആന്റ് സൺസിന്റെ എറണാകുളം ശാഖയുടെ മാനേജരുമായി ഈ കാലഘട്ടത്തിലാണ് സാഹിത്യപരമായ പല പുസ്തകങ്ങളും അദ്ദേഹം രചിച്ചത്. അവയിൽ മൂന്നെണ്ണം പാഠ്യപുസ്തകമായി തിരഞ്ഞെടുത്തു.

## തൊഴിലാളി നേതാവ്

എറണാകുളത്തായിരിക്കുമ്പോൾ 1942-ൽ ടാറ്റാലേബർ യൂണിയൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ടോംകോ കാത്തലിക് എംപ്ലോയീസ് യൂണിയൻ, കൊച്ചി ജേർണലിസ്റ്റ് അസോസിയേഷൻ, കൊച്ചി ലേബർകോൺഗ്രസ്, വൈറ്റില ഔഷധവ്യവസായ സഹകരണസംഘം മുതലായവയുടെ ജനറൽ സെക്രട്ടറി എന്ന നിലയിലും എം.ഒ. സേവനം അനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹം സെക്രട്ടറിയായിരുന്നപ്പോൾ ടാറ്റാലേബർ യൂണിയൻ അംഗങ്ങൾക്ക് ദിവസം നാലര അണയായിരുന്നു കൂലി. അത് 10 അണയായി വർദ്ധിപ്പിച്ചു നല്കുവാൻ എം.ഒ.യ്ക്ക് സാധിച്ചു. 800ഓളം തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു. ക്ഷാമബത്ത 12 അണയിൽനിന്നും ഒന്നരരൂപയാക്കി വർദ്ധിപ്പിച്ചു. ആഴ്ചയിൽ ഒരിക്കൽ സിനിമാ കാണുന്നതിനും സൗജന്യചികിത്സ ലഭിക്കുന്നതിനും സാധിച്ചു. സെക്രട്ടറി സ്ഥാനം ഒഴിഞ്ഞപ്പോൾ ലേബർ യൂണിയൻ അദ്ദേഹത്തിന് ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു. ഒരു തൊഴിലാളിനേതാവിനും ഇതുപോലൊരു അനുഭവമുണ്ടായിട്ടില്ല.

www.malankaralibrary.com

# 5. സ്മരണാഞ്ജലി - വിലാപകാവ്യം

## ഭാര്യയുടെ മരണം

എറണാകുളത്ത് ജോലിയായിരുന്നപ്പോൾ ഭാര്യ അന്നക്കുട്ടിയും ജോസഫിനോടൊപ്പം എറണാകുളത്ത് താമസമാക്കിയിരുന്നു. എഴുത്തിലും അദ്ധ്യാപനത്തിലും പത്രപ്രവർത്തനത്തിലും പങ്കാളിയായ ആ മഹതി ആദ്യപ്രസവത്തോടെ തന്നെ മരണമടഞ്ഞു. 1942 ജൂലൈ 23-ന് അങ്ങനെ പതിനഞ്ചുവർഷത്തെ ദാമ്പത്യജീവിതം അവസാനിച്ചു. ഭാര്യാവിരഹദുഃഖം സ്മരണാഞ്ജലിയിൽ അഗാധമായി നിഴലിച്ചിരിക്കുന്നു.

## സ്മരണാഞ്ജലി-വിലാപകാവ്യം

'സ്മരണാജ്ഞലി 1943 മെയ് 23-ന് പ്രസിദ്ധപ്പെടുത്തി. എം.ഒയുടെ ആദ്യ പത്നിയുടെ വിയോഗമാണ് വിഷയം. വിലാപ കാവ്യം. എം.ഒ ആമുഖത്തിൽ ഇങ്ങനെയെഴുതിയിരിക്കുന്നു. "ജീവിതം ദുഃഖ ഭൂയിഷ്ടവും മരണം സുനിശ്ചിതവും ആകയാൽ മരണത്തെപ്പറ്റി ദുഃഖിക്കുന്നത് ഭോഷത്തം ആയിരിക്കാം. ജീവിത സമരത്തിന്റെ വിജയ കൊടിയും സംസാരസാഗരത്തിലെ കാലപ്പെരുംകോളിൽ നിന്നും രക്ഷപ്രാപിക്കാവുന്ന ഏക തുറയും, ജീവിതത്തിന്റെ പടിവാതിലുമാണ് മരണം. ഭൗതിക ജീവതത്തിൽ ഉഴലുന്ന ക്ലേശിതന്മാരെയും അമർത്യതയിൽ ആശ്വസിക്കുന്ന പരേതരെയും തമ്മിൽ ബന്ധിക്കുന്ന സുവർണ്ണ ശൃംഖലയാണ് മരണം എന്നതും ശരിയായിരിക്കാം. പക്ഷേ, സകല തത്വജ്ഞാനത്തേയും വേദാന്തബോദ്ധ്യത്തെയും നിസാരികരിക്കുന്ന ഒരു ഘട്ടമുണ്ട്. സ്വന്തം പ്രേമഭാജനങ്ങളുടെ വിയോഗം.

നെടുനീളം ഒന്നു പോലെ മസൃണമല്ലാതിരുന്ന ഒരു ദാമ്പത്യജീവിതത്തിൽ പരസ്പരം അറിഞ്ഞും വിശ്വസിച്ചും, സ്നേഹിച്ചും ഏകമനസ്സോടും ഏക ഹൃദയത്തോടും കൂടി കഴിയവേ ചിരപ്രാർത്ഥിതമായ ആനന്ദപൂർണ്ണത കൈയ്യിൽ എത്തിയെന്ന് ഇരുവരും വ്യാമോഹിച്ചിരിക്കവേ ആണ് ഈ നിത്യ വിരഹം നേരിട്ടിരിക്കുന്നത്. ഞാനാദ്യമായി കണ്ട അവസരത്തിലെ ആ ശിശു സഹജമായ നിഷ്കളങ്കതയോടുകൂടിത്തന്നെ ഏറ്റം തിക്തതരമായിരുന്ന ജീവിത വ്യഗ്രതകളിൽ പോലും ജീവിച്ച് ആ ശൈശവ നിഷ്കളങ്കതയോടു കൂടി തന്നെ ലോകം വെടിഞ്ഞു പരലോകത്തിൽ ചേരുന്നതിന് അവൾക്കു സാധിച്ചിരിക്കുന്നു എന്ന വസ്തുത തുറന്ന് പറയേണ്ടത് എന്റെ ധർമ്മമാണ്. ഏതൊരാളുടെ ധാർമ്മിക ബോധവും ദൈവഭക്തിയും വിശ്വസ്ഥതയും ജീവി

www.malankaralibrary.com

ത്തിൽ എനിക്കു ബലിഷ്ടമായ പ്രകാരമായിരുന്നുവോ. ആ സ്നേഹഭാജന ത്തിന്റെ ചിത്രീകരണത്തിൽ യാതൊരതിശയോക്തിയും ഞാൻ പ്രയോഗിച്ചി ട്ടില്ല. അവരവരുടെ ധർമ്മങ്ങൾ യഥാവിധം യഥാശക്തി അനുഷ്ടിക്കുകയാണ് ഉത്തമമായ ഒരു ജീവിതത്തിന് നിദർശനമെങ്കിൽ ആ ശ്രീമതി അവൾ ജീവിത ലക്ഷ്യമാക്കിയിരുന്ന സ്വർഗ്ഗഭാഗ്യം അനുഭവിക്കുകയായിരിക്കും ഇപ്പോഴെന്നു ള്ളതും എനിക്കു സംശയമില്ല. തനിക്കുണ്ടായിരുന്ന ഏക ചില്ലിക്കാശും കാണി ക്കയിട്ട വിധവയ്ക്കു നിത്യഭാഗ്യം നൽകിയ സ്വർഗ്ഗീയ നാഥന്റെ അനുഗ്രഹ ത്തിന് ഏതു വിധത്തിലും അവൾ അർഹയായിരുന്നു.

1942 ജൂലൈ 23-ാം തീയതിയാണ് അവൾ എന്നെന്നേക്കുമായി എന്നെ വിട്ടു പിരിഞ്ഞത്. ഒരാഴ്ചകഴിഞ്ഞു ചങ്ങനാശ്ശേരിയിൽ നിന്നും എറണാകു ളത്തേയ്ക്കു പുറപ്പെട്ടപ്പോൾ ബോട്ടിൽ വെച്ചാണ് ഈ പദ്യങ്ങളിൽ മിക്കതും എഴുതിയത്.

## ഐ.സി. ചാക്കോ

ഭാര്യ അന്നക്കുട്ടിയുടെ മരണത്തെത്തുടർന്ന് 1943-ൽ പ്രസിദ്ധപ്പെടു ത്തിയ സ്മരണാഞ്ജലി എന്ന വിലാപകാവ്യത്തിന്റെ അവതാരികയിൽ ശ്രീ. ഐ.സി. ചാക്കോ ഇപ്രകാരം എഴുതിയിരിക്കുന്നു. " ഈ കാവ്യം ആദ്യന്തം ആസ്വാദ്യകരമായിട്ടാണെനിക്ക് അനുഭവപ്പെട്ടിരിക്കുന്നത്. സാമാന്യമായി ശ്ലോകങ്ങളെല്ലാം ലളിതങ്ങളും പ്രസന്നങ്ങളുമാണ്. ഇതിന്റെ രചയിതാവ് അഭിനന്ദനത്തെ അർഹിക്കുന്നു.. ഇതിന് മുൻപ് അദ്ദേഹത്തിന്റെ ഗദ്യകൃതികളാണ് എന്നെ ആകർഷിച്ചിരുന്നത്. അദ്ധ്യയനവും നിരീക്ഷ ണവുംകൊണ്ട് ആശയങ്ങളെയും അഭ്യാസംകൊണ്ട് രചനാഭംഗിയേയും പോഷണം ചെയ്യാറുള്ള ഗ്രന്ഥകാരന്മാരിൽ ഒരുവനാണ് മിസ്റ്റർ ജോസഫ്. അദ്ദേഹം പ്രസിദ്ധം ചെയ്തിട്ടുള്ള പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും വിജ്ഞാ നപ്രദമായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്..."

## തെങ്ങുംമൂട്ടിൽ വർഗീസ് മാപ്പിള

പ്രസ്തുത കൃതിയെപ്പറ്റി തെങ്ങുംമൂട്ടിൽ വർഗീസ് മാപ്പിള ഇപ്രകാരം എഴുതിയിരിക്കുന്നു. "ലളിതസുന്ദരമായ ഭാഷയിലും ഉജ്ജ്വലമായ രീതിയിലും ഉള്ള അദ്ദേഹത്തിന്റെ ഭാഷാഗദ്യം പ്രത്യേകം അഭിനന്ദനത്തെ അർഹിക്കുന്നുണ്ട്. പത്രങ്ങളും മാസികകളും പതിവായി വായിച്ചു കൊണ്ടിരിക്കുന്നവർക്കെല്ലാം മലയാളത്തിലെ ഒന്നാംതരം ഗദ്യകാരന്മാരുടെ അണിയിൽപ്പെട്ട ഒരാളാണ് അദ്ദേഹമെന്ന് പണ്ടേ മനസ്സിലായിരിക്കും. ഞാൻ (നസ്രാണിദീപികയിൽ) പത്രാധിപരായിരുന്ന കാലത്ത് മി. ജോസഫ് നിസ്തന്ദ്രമായ ഒട്ടേറെ ഉപന്യാസങ്ങൾ നാനാവിഷയങ്ങള അധികരിച്ച് എഴുതി കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ രചനാ നിപുണതയും പ്രതിപാദന ചാതുരിയും വിഭാവനാബലവും എന്നെ പ്രത്യേകമാകർഷിച്ചിരുന്നു.

www.malankaralibrary.com

ജീവചരിത്രം, ശാസ്ത്രം, ചരിത്രം, വിമർശനം മുതലായ ഇനങ്ങളിലായി മി.ജോസഫ് ഇതിനകം പ്രസിദ്ധം ചെയ്തിരിക്കുന്ന ഗ്രന്ഥങ്ങൾ ഭാഷാ ഗ്രന്ഥ കാരന്മാരുടെ ഇടയിൽ അദ്ദേഹത്തിന് ഇന്നുള്ള സ്ഥാനം ഏതു തരത്തിലെന്ന് സ്പഷ്ടമാക്കുന്നുണ്ട്. ഒട്ടേറെ ഒറ്റശ്ലോകങ്ങളും ഖണ്ഡകൃതികളും അദ്ദേഹം നസ്രാണി ദീപികയിൽ എഴുതുകയും, നിസ്സർഗ്ഗ സിദ്ധമായ വാസനാബലവും ഭാവനാവിലാസവും കണ്ട് ഞാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വന്നു. സ്മരണാഞ്ജലി ഭാഷയുള്ള കാലത്തോളം അദ്ദേഹത്തിന് മലയാളത്തിലെ നല്ല കവികളുടെ സമൂഹത്തിലും ഒരു സ്ഥാനം സമ്പാദിച്ചു കൊടുക്കുമെന്ന് തീർച്ചയാണ്. അദ്ദേഹം സ്വചിന്താ ചിത്രങ്ങളെ സമുചിതമായി വിഭ ജിക്കുന്നതിലും ഓരോന്നും ലളിത കോമളമായ പദങ്ങളിൽ വിന്യ സിക്കുന്നതിലും പ്രശംസാർഹമായ പാടവം തന്നെ പ്രദർശിപ്പിച്ചിരിക്കുന്നു. ക്രിസ്തീയ ദർശന സംഹിതയെ ആധാരമാക്കിയുള്ള ഒരു വിലാപ കാവ്യം ഇതല്ലാതെ മലയാളത്തിൽ വേറെ ഉണ്ടെന്ന് തോന്നുന്നില്ല."

## മഹാകവി ഉള്ളൂർ

മഹാകവി ഉള്ളൂർ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഭാഷയെ പല പ്രകാരത്തിൽ സേവനം ചെയ്യുവാൻ സദാ ജാഗരൂകനായ ഒരു യുവാവാണ് അദ്ദേഹമെന്ന് അറിയാത്ത കേരളീയർ അധികം ഉണ്ടായിരിക്കുകയില്ല. ഊർജ്ജസ്വലതയും വികാരതരളിതയും അദ്ദേഹത്തിന്റെ ഉത്തമഗു ണങ്ങളാണ്. അവ ഈ വിലാപകാവ്യത്തിലും രസഭാവങ്ങളെ വേണ്ട വിധത്തിൽ പ്രതിഫലിപ്പിക്കുന്നതിൽ അദ്ദേഹത്തിന് സഹായമായി ത്തീർന്നിട്ടുണ്ട്."

## വടക്കുംകൂർ രാജരാജവർമ്മ രാജാഎഴുതുന്നു:

"സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീമാൻ എം. ഒ. ജോസഫ് അവർകളുടെ ഒരു നൂതന പദ്യകാവ്യമാണ് സ്മരണാഞ്ജലി'.. പ്രശസ്ത കവിയായ ശ്രീ ജോസഫിന് ധാരാളം അനുഗാമികൾ ഉണ്ടാകുമാറകട്ടെയെന്ന് ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. രസാലങ്കര ശയ്യാദികളെ സ്ഥാനം അറിഞ്ഞ് ഹൃദയാവർജ്ജകമാംവിധം നിവേശിപ്പിക്കുന്നതിലും സ്മരണാഞ്ജലിയുടെ കർത്താവിന് ശ്ലാഘ്യമായ വിജയം കൈവന്നിട്ടുണ്ടെന്ന് നിഷ്പ്രയാസം കാണുവാൻ കഴിയും. വിഷാദത്തിന്റെ കരാളമായ രൂപത്തെ സരസ മധുരമായ കാവ്യശൈലിയിൽ പൊതിഞ്ഞ് ആസ്വാദ്യമാക്കി സ്മരണാഞ്ജലി വായനക്കാരുടെ മുൻപിൽ വയ്ക്കുന്നുണ്ട്...."

വിലാപകാവ്യങ്ങൾക്കുള്ള മൂന്നു പ്രകരണങ്ങളെയും യഥോചിതം നിവേശിപ്പിച്ച് കാവ്യത്തിന്റെ ജീവനായ രസത്തെ പോഷിപ്പിച്ച് പരിണതദശയിൽ എത്തിക്കുന്നതിന് ശ്രീമാൻ ജോസഫിന് ഭംഗിയായി സാധിച്ചിട്ടുണ്ട്. പല കവികൾക്കും പറ്റിക്കാണുന്ന പാകപ്പിഴയും രസക്ഷ

www.malankaralibrary.com

തിയും സ്മരണാജ്ഞലിയിൽ സംഭവിച്ചിട്ടില്ല. ഈ വസ്തുത ശ്രീമാൻ ജോസ ഫിന്റെ കവിധർമ്മമർമ്മജ്ഞതക്കും പ്രയോഗ കൗശല്യത്തിനും സാക്ഷ്യം വഹിക്കുന്നു.... എനിക്ക് വിശേഷേണ പക്ഷപാതം സ്മരണാഞ്ജലിയിലെ തത്വചിന്തനത്തോടാണ് തോന്നിയിരിക്കുന്നത്. അത് പ്രക്ഷുബ്ധമായ ഒരു കടലിൽ നിന്ന് പ്രശാന്തരമണീയമായ തീരപ്രദേശത്തേക്കു പ്രവേശി ക്കുമ്പോൾ സംഭവിക്കുന്ന മനോനിർവൃതി വായനക്കാർക്ക് അനുഭവ പ്പെടുത്തുന്നു. ഇവ ഗംഭീരങ്ങളായ ജീവിത തത്വങ്ങളെ അലങ്കാരസുന്ദരമായ ഭാഷയിൽ നിവേശിപ്പിച്ചു ഒരേ സമയത്ത് സഹൃദയന്മാർക്ക് ആനന്ദത്തെയും വിജ്ഞാനത്തെയും പ്രദാനം ചെയ്യുന്നതിൽ ശ്രീമാൻ ജോസഫിനുള്ള പാടവത്തിന് ദൃഷ്ടാന്തങ്ങളായി ഗണിക്കപ്പെടണം. കാവ്യഗുണങ്ങളിൽ ഏതംശത്തെ പുരസ്കരിച്ച് വിചാരിച്ചാലും ഭാഷയിൽ അഞ്ജലിവിശിഷ്ട മായ ഒരു സ്ഥാനത്ത് പരിലസിക്കുമെന്ന് അഭിപ്രായപ്പെടുവാൻ എനിക്ക് അപ രിമിതമായ കൗതുകമുണ്ട്.

## മഹാകവി വള്ളത്തോൾ എഴുതുന്നു.

"ഭാര്യാദുഃഖാഗ്നികൊണ്ട് കത്തിജ്വലിച്ച സ്മരണ കർപ്പൂര ഖണ്ഡങ്ങളുൾച്ചേർന്ന കവി ഹൃദയത്തളികയെ കരണരസത്തിൽ കുളിച്ചു കാവ്യലക്ഷ്മി കൈക്കുടന്നയിലെടുത്തു നിൽക്കുന്നതാണ് ശ്രീമാൻ എം.ഒ. ജോസഫിന്റെ സ്മരണാഞ്ജലിയിൽ ഞാൻ കണ്ടത്. ഈ പരിശുദ്ധമായ നീരാജനത്തെ, തീർച്ചയായും കൈരളീദേവി കാരുണ്യപൂർവ്വം കൈക്കൊ ള്ളും. ഇതിന്റെ കനകകാന്തി നമ്മുടെ കണ്ണുകളെ കൗതുകപ്പെടുത്തുന്നു. ഇതിന്റെ സൗരഭ്യം നമ്മുടെ മനസ്സിനെ നിർവൃതിക്കൊള്ളിക്കുന്നു; ഇതിന്റെ വെളിച്ചം നമുക്ക് മനുഷ്യ ജീവിതത്തിന്റെ യാഥാർത്ഥ്യത്തെ കാട്ടിത്തരുന്നു.

## മഹാകവി ജി.ശങ്കരക്കുറിപ്പ് എഴുതുന്നു.

അഗാധവും അപാരവുമായ ദുഃഖത്തിൽ ആണ്ട് ജീവിതത്തിന്റെ പ്രക്ഷുബ്ധമായ ഉപരിതലത്തിൽ നിന്ന് പ്രശാന്തഗംഭീരമായ അടിത്തട്ടിൽ എത്തി ഉജ്ജ്വല ചിന്തകളെ ഉപാർജിച്ച് ഉയർന്നുപോരുന്ന മനസ്വികളായ കവികളാണ് ലോകത്തെ ശാശ്വതമായ അമൂല്യധനംകൊണ്ട് സമനു ഗ്രഹിക്കുന്നത്. വികാരത്തോജിതങ്ങളായ താദൃശ വിശിഷ്ടചിന്തകളാൽ ആകർഷിതമായ ഒരു വിലാപകാവ്യമാകുന്നു. സ്മരണാഞ്ജലി മറഞ്ഞു പോയ ഒരു ധാർമ്മിക ജീവിതത്തെ സൗഭാഗ്യത്തിന്റെയും മറന്നുപോവാത്ത ഒരു പാവന പ്രണയത്തിന്റെയും ഏത് ആശാഭംഗത്തിനും ഊതിക്കെടു ത്തുവാൻ സാധിക്കാത്ത ഒരു വിശ്വാസത്തിന്റെയും ശാശ്വത മുദ്രയായി ഈ കൃതി ശോഭിക്കുന്നു.

## ഡോക്ടർ കോളത്തേരി ശങ്കരമേനോൻ എഴുതുന്നു

ശ്രീമാൻ എം.ഒ. ജോസഫ് ഒരു സരസഗദ്യകർത്താവായിട്ടാണ്

www.malankaralibrary.com

പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളത്. സ്മരണാഞ്ജലിയുടെ ആവിർഭാവത്തോടുകൂടി അദ്ദേഹം ഒരു സരസ പദ്യകാവ്യ കർത്താവുകൂടിയാണെന്ന് വന്നതിൽ വളരെ സന്തോഷിക്കുന്നു...... പഴക്കവും തഴക്കവുമുള്ള ഒരു കവിയുടെ പേനത്തുമ്പിൽ കൂടി പ്രവഹിച്ചിട്ടുള്ള ഈ പദ്യങ്ങൾ സരസങ്ങളും ഹൃദയംഗമങ്ങളുമായിട്ടുണ്ട്. ശബ്ദഗുണവും അർത്ഥപുഷ്ടിയുമില്ലാത്ത പദ്യങ്ങൾ ഈ ഗ്രന്ഥത്തിൽ കാണുവാൻ പ്രയാസം. മി. ജോസഫിന്റെ പേരു നിലനിർത്തുവാൻ ഈ ഒരു ഗ്രന്ഥം മാത്രം മതി...."

## ഇടവകപ്പള്ളി

എം.ഒ. ജോസഫിന്റെ ഇടവക നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന ദേവാലയമാണ്. പുരാതനമായ ഒരു കത്തോലിക്കാ കേന്ദ്രമാണ് നെടുങ്കുന്നം. ചങ്ങനാശ്ശേരിയിൽ നിന്ന് 16 കിലോമീറ്റർ കിഴക്കുമാറി ചങ്ങനാശ്ശേരി മണിമല റോഡിന്റെ വടക്കുഭാഗത്ത് ഒരു ചെറിയ കുന്നിന്റെ മുകളിൽ വിശുദ്ധ യോഹന്നാൻ മാംദാനയുടെ നാമധേയത്തിലുള്ള പള്ളി സ്ഥിതിചെയ്യുന്നു. നെടുങ്ങോടത്തച്ചൻ എന്ന് അറിയപ്പെടുന്ന പുണ്യചരിതനായ ഇലഞ്ഞി ഇടവകക്കാരനായ കളത്തൂർക്കുളങ്ങര എബ്രാഹം കത്തനാരാണ് നെടുങ്കുന്നം പള്ളിയുടെ പ്രഥമവികാരി.

എം.ഒ. നെടുങ്കുന്നം പള്ളിയിലെ ഒരംഗമെന്ന നിലയിൽ അഭിമാനം കൊണ്ടിരുന്നു. ആ പള്ളിയിൽ മതപഠനത്തിന് ഒരു പുതിയരൂപം നല്കിയത് എം.ഒ.യാണെന്നു പറയാം. അന്ത്യകാലങ്ങളിൽ ഈ പള്ളിയുടെ ട്രസ്റ്റിയായും എം.ഒ. സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## കെ.ഇ. ജോബ് കാട്ടൂർ

അദ്ധ്യാപകൻ, സംഘാടകൻ, ചരിത്രപണ്ഡിതൻ, തൂലികായോദ്ധാവ് എന്നീ നിലകളിൽ സഭയ്ക്കും സമുദായത്തിനും വിലപ്പെട്ട സംഭാവനകൾ അർപ്പിച്ച ഒരു വ്യക്തിയാണ് കെ.ഇ. ജോബ്. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നത്തിന്റെ നാട്ടുകാരനാണ് ജോബ്. എം.ഒ. ജോസഫിനെ ചരിത്രകാര്യങ്ങളിലേക്ക് തിരിച്ചുവിട്ടത് കെ.ഇ. ജോബാണെന്ന് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. ജോബ് രചിച്ച കേരളത്തിലെ ക്രിസ്തുമതം എന്ന ഗ്രന്ഥം ഒരു ആധികാരിക ഗ്രന്ഥമാണ്. The Syrian church of Malabar എന്ന ഇംഗ്ലീഷിലുള്ള ആധികാരികഗ്രന്ഥം ജോബും ഡോ. പ്ലാസിഡും ചേർന്ന് രചിച്ചതാണ്. എം.സി.എസ്സ്.എൽ.ന്റെ സ്ഥാപനത്തിൽ സഹകരിച്ച ജോബ് എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയിലും കത്തോലിക്കാ സാഹിത്യസമിതിയുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എം.ഒ.യുടെ പ്രവർത്തനമണ്ഡലങ്ങളും അതായിരുന്നല്ലോ. എം.ഒ.യുടെ പ്രവർത്തനങ്ങൾക്ക് കെ.ഇ. ജോബിന്റെ പ്രവർത്തനങ്ങൾ പ്രചോദനമായിട്ടുണ്ട്. അത് എം.ഒ. തന്നെ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

www.malankaralibrary.com





# 6. മലബാർ മെയിലും സാഹിത്യരംഗവും

സത്യദീപത്തിൽ നിന്നും പിരിഞ്ഞതിനുശേഷം ഗോമതി പത്രത്തിലും തുടർന്നു സുന്ദരയ്യർ ആൻഡ് സൺസ് കമ്പനിയിലും ജോലി നോക്കുകയുണ്ടായല്ലോ, അവിടെ 100 രൂപാ ശമ്പളം ലഭിക്കുമായിരുന്നു. 1941-ൽ മലബാർ മെയിൽ നഷ്ടംമൂലം നിർത്തലാക്കപ്പെട്ടു. പത്രം ഏറ്റെടുത്തു നടത്തുവാൻ ഒരുക്കമാണോയെന്ന് അതിന്റെ അധികൃതർ എം.ഒ. ജോസഫിനോട് ചോദിച്ചു. സമുദായ സേവനത്തിൽ തീവ്രതല്പരനായിരുന്ന അദ്ദേഹം ആ ഓഫർ തള്ളിയില്ല. ശ്രീ.എം.എം. വർക്കിയോടൊപ്പം പത്രം നടത്താൻ സന്നദ്ധനായി. നഷ്ടത്തിലിരുന്ന പത്രം ഏറ്റെടുത്തതിനാൽ പ്രത്യേക ശമ്പളം നിശ്ചയിച്ചില്ല. തന്നെയുമല്ല ആർച്ചുബിഷപ്പിന്റെ തന്നെ പ്രസിദ്ധീകരണമായ സത്യദീപം എഡിറ്റ് ചെയ്തുകൊടുത്തു. അതിലെ പല പംക്തികളും എം.ഒ. തന്നെയാണ് എഴുതിയിരുന്നത്. 1946-ൽ ഒരു കൊല്ലം മുഴുവൻ സത്യദീപം എഡിറ്റ് ചെയ്തുകൊടുത്തു. 1935-നു ശേഷം രണ്ടു കൊല്ലത്തോളം സത്യദീപത്തിൽ ചോദിച്ചാൽ പറയാം എന്ന പംക്തിയും വിമർശന പംക്തിയും വിദേശവാർത്തകളും കൈകാര്യം ചെയ്തിരുന്നതും എം.ഒ.തന്നെയായിരുന്നു. മലബാർ മെയിൽ പത്രാധിപർ എന്ന നിലയിൽ സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിൽ ജോസഫ് മുൻപന്തിയിൽ നിന്നുതന്നെ പ്രവർത്തിച്ചു.

## സാഹിത്യരംഗം

വിദ്യാർത്ഥിയായിരുന്ന കാലം മുതൽ സാഹിത്യ പ്രവർത്തികളിൽ ജോസഫ് ഏർപ്പെട്ടിരുന്നു. ആദ്യകാലത്ത് കവിതകളായിരുന്നു അധികവും നസ്രാണിദീപിക, കേരളം, മദ്ധ്യസ്ഥൻ, സത്യദീപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലാണ് അവ പ്രസിദ്ധീകരിച്ചിരുന്നത്. പിന്നീട് ഗദ്യ പ്രബന്ധങ്ങളും ചെറുകഥകളും എഴുതി. തന്റെ ഹെഡ്മാസ്റ്ററായിരുന്ന ഫാ. കോശിമമ്പലത്തിന്റെ നിർദ്ദേശാനുസരണം സഭാ സംബന്ധവും സമുദായ സംബന്ധവുമായ വിഷയങ്ങളിൽ ശ്രീ. എം. ഒ. ശ്രദ്ധ കേന്ദ്രീകരിക്കാനിടയായി. ശക്തമായ മറുപടി സഭക്കും സമുദായത്തിനുമെതിരായി പത്രങ്ങളിൽ വന്നുകൊണ്ടിരുന്ന ആക്ഷേപങ്ങൾക്ക് അപ്പഴപ്പോൾ മി. ജോസഫ് സമാധാനം നൽകിക്കൊണ്ടിരുന്നു. കെ.എൻ. ഡാനിയേൽ, പാപ്പായുടെ ആധിപത്യത്തിന്റെ അവസാന ഭാഗത്ത് ചേർത്തിരുന്ന ആരോപണങ്ങളെ വിമർശിച്ചുകൊണ്ടാണ് എം.ഒ. ഈ സംരഭം ആരംഭിച്ചത്.

www.malankaralibrary.com

ക്രിസ്തു ചരിത്ര പുരുഷനല്ലായെന്ന് സമർത്ഥിച്ച് മലയാള രാജ്യത്തിൽ വന്ന ലേഖനങ്ങൾ നിരൂപണം ചെയ്ത് "ഇന്നറിയപ്പെടുന്ന ക്രിസ്തു" എന്ന ശീർഷകത്തിൽ നസ്രാണി ദീപികയിൽ വന്ന ലേഖന പരമ്പരയാണ് ആ വിഷയത്തെപ്പറ്റി മലയാളത്തിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട ആദ്യത്തെ പ്രതിപാദനം. മള്ളൂർ ഗോവിന്ദപ്പിള്ള ക്രിസ്തു ഗാന്ധിജിയെക്കാൾ താഴ്ന്ന പടിയിലാണെന്ന് കാണിച്ച് എഴുതിയ ലേഖനത്തെ ക്രിസ്തുവിന്റെ പരിത്യാഗം എന്ന പേരിൽ ലേഖനമെഴുതി ഖണ്ഡിക്കുകയുണ്ടായി. 1941-ൽ കൊച്ചി സെൻസസ് കമ്മീഷണർ റിപ്പോർട്ടെഴുതിയപ്പോൾ പ്രാചീന കേരളക്രിസ്ത്യാനികൾ കത്തോലിക്കരായിരുന്നില്ലെന്ന്സ്ഥാപിച്ചുകൊണ്ട് രേഖപ്പെടുത്തിയിരുന്നതിനെ പ്രതിഷേധിച്ച് "ഒരു പുതിയ അറബിക്കഥ എന്ന ലേഖന പരമ്പര പ്രസിദ്ധീകരിച്ചു" ഇതിന്റെ പേരിൽ എം.ഒയുടെ പേരിൽ കേസെടുക്കാൻ ശ്രമിച്ചെങ്കിലും ശ്രീ എം.ഒയുടെ വാദം തന്നെ വിജയിച്ചു. യുക്തിവാദി മിതവാദി, മലയാളരാജ്യം, കേരളകൗമുദി, സഹോദരൻ മുതലായ പത്രങ്ങളിൽ സഭയ്ക്കെതിരായിവന്ന മിക്ക അപലപനങ്ങൾക്കും സമർത്ഥമായി എം.ഒ. മറുപടി നൽകിയിട്ടുണ്ട്. ഇവയിൽ ഏതാണ്ട് 5000 ത്തോളം കോളം മാറ്റർ നസ്രാണിദീപിക, കോട്ടയം പത്രിക മതലായ പത്രങ്ങളിലാണ് പ്രസിദ്ധം ചെയ്തിട്ടുള്ളത്. പ്രതിഫലം ഒന്നും നോക്കാതെ എഴുതാനുള്ള കടലാസും അയക്കാനുള്ള സ്റ്റാമ്പും കൈയ്യിൽ നിന്നു മുടക്കിയാണ് എം.ഒ. ഇതെല്ലാം ചെയ്തിട്ടുള്ളത്. മലയാളത്തിലെ പ്രസിദ്ധരായ പല എഴുത്തുകാരുടെ പേരിലും അവരുടെ അറിവോടുകൂടി അദ്ദേഹം ഒരു ഡസനോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. വൈദികർ, ഹിന്ദുക്കൾ, കത്തോലിക്കാ പണ്ഡിതന്മാർ, മുതലായവർ ഈ ഗണത്തിൽ പെടുന്നു. അവയിൽ ചില പുസ്തകങ്ങൾക്ക് മൂന്നും നാലും പതിപ്പുകളുണ്ടായിട്ടുണ്ട്. സത്യദീപം പത്രാധിപരായിരുന്ന കാലത്തും ഗോമതി പത്രത്തിലും സുന്ദരയ്യർ ആൻഡ് സൺസ് കമ്പനിയിലും മലബാർ മെയിലും ജോലിയിലായിരുന്നപ്പോഴും ആണ് അദ്ദേഹം കൂടുതൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചത്.

## ചരിത്രകാരൻ

"എം.ഒ. ജോസഫ് പ്രധാനമായും ഒരു ചരിത്രകാരൻ എന്ന നിലയിലായിരിക്കും അറിയപ്പെടുക. അദ്ദേഹത്തിന് ചരിത്രം ഭൂതകാല സംഭവങ്ങളുടെ യഥാതഥമായ വിവരണമല്ല. വർത്തമാനകാലത്തിന്റെ രൂപപ്പെടുത്തലിൽ ഭുതകാല സംഭവങ്ങളുടെ സ്വാധീനതയാണ് ചരിത്രത്തിന്റെ കാതലെന്ന് എം.ഒ.യുടെ ചരിത്രയത്നങ്ങൾ തെളിയിക്കുന്നു. കാലഘട്ടത്തിന്റെയും ചരിത്രകാരന്റെ മനോഭാവത്തിന്റെയും മാറ്റത്തിനനുസരണമായി ചരിത്രം പലപ്പോഴും തിരുത്തി എഴുതേണ്ടി വരും. വസ്തുതകളെ ശേഖരിച്ചു നിരത്തിയാൽ മാത്രം ചരിത്രമാവുകയില്ല.

www.malankaralibrary.com

അവയുടെ അടിയൊഴുക്കുകളും ഉൾരഹസ്യങ്ങളും പ്രേരകഘടകങ്ങളും കണ്ടെത്തി വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. ചരിത്രസത്യം ഒന്നേയു ള്ളുവെങ്കിലും ഭിന്നവ്യാഖ്യാനങ്ങളുണ്ടാകാം. അതിനാൽ എന്നും അത് അന്വേഷണത്തിനും പുനർ വിചന്തനത്തിനും വിധേയമാകും.

ഈ കാഴ്ചപ്പാട് കേരള ചരിത്രത്തിലും താനുൾക്കൊള്ളുന്ന സമുദായത്തിന്റെ ചരിത്രത്തിലും എം.ഒ.പരീക്ഷിച്ചു. സഭയോടും സമുദാ യത്തോടുമുള്ള അതിരറ്റ വാത്സല്യംമൂലം ആ വക മണ്ഡലങ്ങളിലായി തൂലികാവിലാസം. ഇരുപതാം നൂറ്റാണ്ടിലെ കേരള കത്തോലിക്കാ സമുദായ ചരിത്രകാരന്മാരിൽ അഗ്രഗാമിയാണദ്ദേഹം. ചരിത്രം ബലികഴിക്ക പ്പെടുമ്പോഴും ചോദ്യം ചെയ്യപ്പെടുമ്പോഴും ഒരു പടവാൾപോലെ എം.ഒ.യുടെ തൂലിക ചലിക്കും. സഭാചരിത്രം, സമുദായനേതാക്കളുടെയും സംഘട നകളുടെയും സ്ഥാപനങ്ങളുടെയും ചരിത്രം എന്നിവയിൽ അരനൂറ്റാ ണ്ടിലേറെക്കാലം അദ്ദേഹത്തിന്റെ പ്രതിഭ വിഹരിച്ചു. പ്രതിഫലേച്ഛകൂടാതെ ചരിത്രസത്യങ്ങൾ കണ്ടുപിടിക്കാൻ സ്വതസിദ്ധമായ ഉത്സാഹം പ്രേരിപ്പിച്ചു.

സമുദായത്തിന്റെ ചരിത്രരേഖകൾ ശേഖരിക്കുക മാത്രമല്ല ചരിത്രബോധമുണ്ടാക്കുവാനും യത്നിച്ചു. കേരളഹിസ്റ്ററി കോൺഗ്രസിന്റെ സ്ഥാപനം തന്നെ അതിന് തെളിവാണ്. മറ്റുചരിത്രകാരന്മാർ ബോധപൂർവ്വം ക്രൈസ്തവങ്ങളായ സംഭവങ്ങളെയും വ്യക്തികളെയും പ്രസ്ഥാനങ്ങളെയും വിസ്മരിക്കുന്നതിനെ എം.ഒ. പലപ്പോഴും ചോദ്യം ചെയ്തിട്ടുണ്ട്. അവർ വിസ്മരിക്കുന്ന വശങ്ങൾ പുറത്തുകൊണ്ടുവരുവാനുള്ള തീവ്രയത്നം ഉടനീളംകാണാം. കേരളക്രൈസ്തവരുടെ തന്നെ ഒരു അംഗീകൃത ചരിത്രം ഇന്നുവരെ എഴുതപ്പെട്ടിട്ടില്ലല്ലോ. ഓരോ ക്രൈസ്തവവിഭാഗവും മറ്റുള്ളവ രുടേതുമായി പൊരുത്തപ്പെടാത്ത ചരിത്രവുമായാണ് മുമ്പോട്ടു പോകുന്നത്. സഹിഷ്ണുത അതിൽ വളരെ കുറവ്.

കത്തോലിക്കരുടെതന്നെ പാരമ്പര്യങ്ങളും വിശ്വാസങ്ങളും വരുത്തിയ പ്രതികരണങ്ങളെപ്പറ്റി ഗവേഷണം ചെയ്യുന്നില്ല. 1972-ലെ എ.കെ.സി.സി. ബുള്ളറ്റിൻ രജതജൂബിലി പതിപ്പിൽ ക്രൈസ്തവ സംഭാവനകളെപ്പറ്റി എം.ഒ. എഴുതിയ പ്രബന്ധം ശ്രദ്ധേയമാണ്. അതേസമയം നാളിതുവരെയുള്ള ചരിത്രഗ്രന്ഥങ്ങളെ അദ്ദേഹം ബഹുമാനിക്കുകയും ചെയ്യുന്നു. പോർട്ടു ഗീസുകാരുടെ വരവിനുമുമ്പ് കേരള ക്രൈസ്തവർ നെസ്തോറിയരായിരുന്നു എന്ന് എഴുതിവിടുന്നവരുടെ ആവേശം എം.ഒ. ശമിപ്പിച്ചുവിടാറുണ്ട്. ചരിത്ര കൃതികളിൽ തച്ചിൽ മാത്തുത്തരകനും കേരള ക്രിസ്ത്യാനികളും മികച്ചു നില്ക്കുന്നു. മറ്റുമിക്കകൃതികളും ചരിത്രസ്വഭാവമുള്ളവയാണ്. 1973-ൽ കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധപ്പെടുത്തിയ കേരള ചരിത്ര ത്തിൽ എം.ഒ. സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ചെഴുതിയ സുദീർഘമായ പ്രബന്ധം അദ്ദേഹത്തിന്റെ ചരിത്രദർശനം മുഴുവനായി പ്രതിഫലിപ്പിക്കുന്നു.

www.malankaralibrary.com

'കേരളക്രിസ്ത്യാനികൾ, ക്രൈസ്തവവിജ്ഞാനകോശത്തിൽ ചേർക്കാൻ എഴുതിയ പ്രബന്ധങ്ങളുടെ സമാഹാരമാണ്. ചരിത്രരചനയിലേക്ക് തന്നെ തിരിച്ചുവിട്ടത് സുപ്രസിദ്ധ ചരിത്രകാരനും സെന്റ്ബർക്കുമാൻസ് സ്കൂൾ അദ്ധ്യാപകനുമായ കെ.ഇ.ജോബ് ആണെന്നും എം.ഒ. അനുസ്മരിക്കാറുണ്ട്. ചരിത്രസംഭവങ്ങളുടെ പുരാതനരേഖകൾ, സഭാചരിത്രസംബന്ധമായ പേപ്പർകട്ടിംഗുകൾ, ചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ സൂക്ഷിക്കുക അദ്ദേഹത്തിന്റെ ഹോബിയായിരുന്നു. മരണാനന്തരം അദ്ദേഹത്തിന്റെ ലൈബ്രറി പരിശോധിച്ചപ്പോൾ അതു മിക്കവാറും ഇത്തരം വസ്തുക്കളുടെ വിപുലമായ ശേഖരമെന്നു മനസ്സിലായി.

ചരിത്രപരമായ പ്രധാനകൃതികൾ: തച്ചിൽ മാത്തുതരകൻ, കേരളക്രിസ്ത്യാനികൾ, കേരളസഭാതാരങ്ങൾ, ഭാഷാപ്രേമികൾ, മതപീഡനങ്ങൾ, ഗാർഷ്യാമൊരീന, ബീഗം സമ്രു, ദീപാവലി, ചരിത്രകഥകൾ (2 ഭാഗങ്ങൾ), വലിയ കപ്പിത്താൻ, കേരളസഭയുടെ വ്യക്തിത്വം, മാർത്തോമ്മാ ക്രിസ്ത്യാനികൾ തുടങ്ങിയവയാണ്." (എം.ഒ.യുടെ ജീവിതസ്മരണകൾ)

## കേരളസഭാരത്നങ്ങളിൽ നിന്ന്

നലംതികഞ്ഞ ചിന്തകൻ, സാഹിത്യകാരൻ, ചരിത്രഗവേഷകൻ, പത്രപ്രവർത്തകൻ, സംഘാടകൻ, തൊഴിലാളി നേതാവ്, സമുദായനേതാവ്, സാമൂഹ്യപ്രവർത്തകൻ എന്നിങ്ങനെ വിവിധനിലകളിൽ പ്രശോഭിച്ചിരുന്ന ഒരു മഹദ് വ്യക്തിയായിരുന്നു എം.ഒ. ജോസഫ് നെടുങ്കുന്നം. തിരുവിതാംകൂറിന്റെ ചരിത്രഗതി തിരിച്ചുവിട്ട നിവർത്തനപ്രക്ഷോഭണത്തിന്റെയും സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിന്റെയും വിദ്യാഭ്യാസപ്രക്ഷോഭണത്തിന്റെയും മുന്നണിപ്പോരാളിയായിരുന്ന എം.ഒ. ജോസഫ് സഭയുടെയും സമുദായത്തിന്റെയും അവകാശങ്ങൾക്കുവേണ്ടി ധീരമായി പോരാടുകയും മതപരവും സാമുദായികവുമായ അസമത്വങ്ങൾക്കും അനീതികൾക്കുമെതിരായി ശബ്ദമുയർത്തുകയും ചെയ്തിരുന്നു.

(2001-ൽ പ്രസദ്ധീകരിച്ച കേരളസഭാരത്നങ്ങളിൽ നിന്നും)

www.malankaralibrary.com

# 7. ഗ്രന്ഥങ്ങൾ

ചെറുതും വലുതുമായി അമ്പതോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പ്രബന്ധരത്നാവലി (ഒന്നാംഭാഗം), സാഹിത്യാബോധിനി, പ്രബന്ധമുക്താവലി, സാഹിത്യസൗരഭ്യം, ഭാഷാപ്രേമികൾ, കേരളസഭാതാരങ്ങൾ എന്നിവ പ്രബന്ധസമാഹാരങ്ങളാണ്. ജീവചരിത്രവും സാഹിത്യസംബന്ധികളുമായ ലേഖനങ്ങളാണവയുടെ ഉള്ളടക്കം. ജീവചരിത്രമായാലും സാഹിത്യലേഖനമായാലും നെടുങ്കുന്നത്തിന്റെ വിശാലമായ ഗവേഷണമണ്ഡലത്തിലേക്കുള്ള ഉൾക്കാമ്പ് അവയ്ക്കുണ്ടായിരിക്കുമെന്നുള്ളത് തന്റെ പ്രബന്ധങ്ങളുടെ പൊതുസ്വഭാവമാണ്. എം.ഒ.യുടെ ഏതാനും ഗ്രന്ഥങ്ങളെപ്പറ്റി ഒന്നു വിലയിരുത്താം.

## 1. പ്രബന്ധരത്നാവലി

മഹാകാവ്യങ്ങൾ, ഡാന്റി ആലിഗിരി, പാറേമ്മാക്കൽ ഗോവർണ്ണദോർ, ജി.കെ. ചെസ്റ്റർട്ടൺ, മാർഗ്ഗംകളിപ്പാട്ട് എന്നീ അഞ്ചുപ്രബന്ധങ്ങളുടെ സമാഹാരമായ പ്രബന്ധരത്നാവലിയിലെ ഓരോ രത്നവും ആശയസമൃദ്ധിയുടെ മാറ്റും ചിന്തയുടെ തിളക്കവുമുള്ളവയാണ്. പാറേമ്മാക്കൽ ഗോവർണ്ണദോരുടെ ജീവചരിത്രരചന നടത്തുന്നത് ഒറ്റപ്പെട്ട ഒരു വ്യക്തിയുടെ ചരിത്രമായിട്ടല്ല. ദേശചരിത്രത്തിലും സമുദായചരിത്രത്തിലും സാഹിത്യചരിത്രത്തിലും ഗോവർണദോരുടെ സ്വാധീനവും ശക്തിയും പരാമർശിച്ചകൊണ്ടാണു ആ പ്രൗഢപ്രബന്ധം മുഴുമിപ്പിക്കുന്നത്.

## എടമരത്തു സെബാസ്റ്റ്യൻ

പരേതനായ എടമരത്തു സെബാസ്റ്റ്യൻ പ്രബന്ധരത്നാവലിയെക്കുറിച്ചു ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു; "ഒടുവിൽ ചേർത്തിട്ടുള്ള മാർഗ്ഗംകളിപ്പാട്ട് എന്ന പ്രബന്ധം ഗ്രന്ഥകാരന്റെ ഗവേഷണവൈഭവത്തെ നല്ലവണ്ണം വ്യക്തമാക്കുന്നതും മിക്കവാറും അന്ധകാരത്തിൽ താണുകിടക്കുന്ന ആ സാഹിത്യചരിത്രശകലങ്ങളെ സമുദ്ധരിച്ച് ഇണക്കിക്കോർത്തിട്ടുള്ളതുമായ ഒരു അമൂല്യഹാരമാകുന്നു. ശിഷ്ടം പ്രബന്ധങ്ങളാകട്ടെ അതതു മഹാപുരുഷന്മാരുടെ യോഗ്യതകൾ വായനക്കാരുടെ ഉള്ളിൽ സരസമായി ചിത്രീകരിച്ചുവെക്കത്തക്കവണ്ണം എഴുതപ്പെട്ടിരിക്കുന്ന ആസ്വാദനരൂപമായ കൃതികളാകുന്നു. എല്ലാ പ്രബന്ധങ്ങൾക്കും വിഷയപരമായ സമഗ്രതയും അതോടുകൂടിത്തന്നെ രചനക്കുവിശേഷമായ വ്യക്തിത്വവും

www.malankaralibrary.com

സ്വതന്ത്രതയും കാണാവുന്നതാണ്. മഹത്തരങ്ങളായ ആദർശങ്ങൾ, മനോഹരമായ രചനാസമ്പ്രദായം, മറഞ്ഞുകിടക്കുന്ന ചരിത്രരഹസ്യങ്ങളെ പ്രത്യുദ്ധരിക്കാൻ പറ്റിയ ഗവേഷണചാതുര്യം, നിഷ്പക്ഷമായ വിമർശനരീതി, ഈ വക ഗുണങ്ങളാൽ ശ്രീമാൻ ജോസഫിന്റെ ഈ പ്രബന്ധരത്നാവലി കേരളീയ ജനതയ്ക്ക് സാമാന്യേന ആസ്വാദ്യകരവും വിദ്യാർത്ഥികൾക്ക് വിശിഷ്യ പ്രയോജനകരവും ആയിട്ടുണ്ടെന്നു പറയാം." (അവതാരിക, പുറം 12, 13, പ്രബന്ധരത്നാവലി)

## 2. പ്രബന്ധമുക്താവലിയും സാഹിത്യസൗരഭ്യവും

ഈ രണ്ട് ഗ്രന്ഥങ്ങളും നെടുങ്കുന്നവും കെ.ജെ. അഗസ്റ്റിനുംകൂടി രചിച്ചിട്ടുള്ള ലേഖനസമാഹാരങ്ങളാണ്. സാഹിത്യസംബന്ധികളായ വിഷയങ്ങളാണെങ്കിലും ഗവേഷകന്റെ ആഴവും പരപ്പുമേറിയ അന്വേഷണം ആ ലേഖനങ്ങളിൽ തെളിഞ്ഞുകാണാം.

## 3. വില്ലാർവട്ടം

ചരിത്ര ഗവേഷണപഠനത്തിൽ നെടുങ്കുന്നത്തിന്റെ ഒരു ഗ്രന്ഥമാണ് വില്ലാർവട്ടം. ഈ രാജവംശത്തിന്റെ ചരിത്രത്തെ സംബന്ധിച്ച് ഒട്ടുവളരെ വിവാദങ്ങൾ നടന്നിട്ടുണ്ട്. ഏകദേശം മുപ്പത്തെട്ടു കൊല്ലങ്ങൾക്ക് മുമ്പ് 'കൈരളി' യിൽ കുപ്പക്കാട്ട് നാരായണമേനോനും വി.കെ. ജോസഫ് മാപ്പിളയും തമ്മിൽ ഘോരമായ ഒരു തൂലികാസമരം നടന്നത് ഈ അവസരത്തിൽ ഓർമ്മയിൽ വരുന്നു. വില്ലാർവട്ടം ചരിത്രകഥയെ പശ്ചാത്തലമാക്കി ചില കൃതികൾ മലയാളസാഹിത്യത്തിൽ വളരെ മുമ്പേതന്നെ ഉത്ഭവിച്ചിട്ടുണ്ട്. അവയിൽ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള ഏകദേശം 68 കൊല്ലങ്ങൾക്കു മുമ്പെഴുതിയിട്ടുള്ള 'വില്ലാർവട്ടം നാടകവും' തിരുവിതാംകൂറിൽ അഞ്ചിൽ സൂപ്രണ്ടായരുന്ന ടീ ജോസഫ് ബി. എ. എഴുതിയിട്ടുള്ള 'ചേരമാൻമകുടം' വി.കെ. ജോസഫ് മാപ്പിളയുടെ വില്ലാർവട്ടം ചക്രവർത്തി' എന്നീ ആഖ്യായികളും പ്രത്യേകം പ്രസ്താവർഹങ്ങളാകുന്നു. വളരെ പ്രാധാന്യമർഹിക്കുന്നതും, എന്നാൽ ഭിന്നാഭിപ്രായങ്ങൾ ധാരാളമുള്ളതുമായ ഈ വംശചരിത്രത്തെ കിട്ടാവുന്നിടത്തോളം തെളിവുകളും രേഖകളും വെളിപ്പെടുത്തി വിവരിക്കുകയാണ്. 'വില്ലാർവട്ടം' എന്ന ഈ ഗ്രന്ഥത്തിൽ എം.ഒ. ജോസഫ് ചെയ്തിട്ടുള്ളത്. പ്രതിപാദ്യവിഷയത്തെ 12 അദ്ധ്യായങ്ങളായി വിഭജിച്ച് ഓരോന്നും സമഞ്ജസമായി പ്രതിപാദിച്ചിരിക്കുന്നു. ഗ്രന്ഥകാരന്റെ ഗവേഷണ കുശലത പ്രശംസാർഹമത്രെ. വിഷയാനുക്രമണിക ഗ്രന്ഥത്തിൽ കാണുന്നില്ല. ഇത്തരം കൃതികളിൽ അതനുപേക്ഷണീയമാണ്" (ഭാഷാഗദ്യസാഹിത്യചരിത്രം, പുറം 471)

www.malankaralibrary.com

## 4. മഹാകവി ഉള്ളൂർ

എ.ഡി. ഹരിശർമ്മയും എം.ഒ.ജോസഫും ചേർന്ന് രചിച്ചിട്ടുള്ള 'മഹാകവി ഉള്ളൂർ' ഒരു ജീവചരിത്രഗ്രന്ഥമാണ്. എന്നാൽ മഹാകവിയെക്കുറിച്ചുള്ള ഗവേഷണപാടവത്തിന് വെളിച്ചം വീശുന്ന ഒരു കൃതിയാണിത്. വടക്കുംകൂറിന്റെ 'ഉള്ളൂർമഹാകവി' എന്ന ഗ്രന്ഥത്തെക്കാൾ ഗവേഷണ പ്രാധാന്യം ഹരിശർമ്മ ജോസഫ് ഗ്രന്ഥകാരന്മാരുടെ കൃതിയ്ക്കുണ്ടെന്ന് പറയട്ടെ. സാഹിത്യഗവേഷണത്തിൽ ഹരിശർമ്മയും എം.ഒ. ജോസഫും ഉപമാനോപമേയങ്ങളാണ്.

## 5. പൗലിനോസ് പാതിരി

മലയാളഭാഷക്ക് മറക്കാനാവാത്ത സംഭാവനകൾ നൽകിയിട്ടുള്ള പാശ്ചാത്യമിഷനറിമാരിൽ പ്രമുഖനായ പൗലിനോസ് പാതിരിയുടെ കൃതികളെ പരിചയപ്പെടുത്തുന്ന ഒരു ഗവേഷണഗ്രന്ഥമാണ് 'പൗലിനോസ് -പാതിരി. പൗലിനോസുപാതിരിയുടെ ജീവചരിത്രവും ആമുഖമായി ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചത് സമുചിതമായിട്ടുണ്ട്. ഗ്രന്ഥസൂചിയും ലഘുവിവരണങ്ങളും ഗവേഷകന്മാരെ ആകർഷിക്കുന്നതാണ്. കൂടാതെ ത്രേസ്യാചരിതം, മുതലായ പൗലിനോസിന്റെ ഖണ്ഡകാവ്യങ്ങളുടെ പ്രകാശനം, നെടുകുന്നം ഭാഷയ്ക്കു നൽകിയ അനശ്വര സംഭാവനകളാണ്. മിഷനറിസാഹിത്യത്തെക്കുറിച്ചുള്ള ഗവേഷണ പഠനരംഗത്തെ ഒരു ശാശ്വതസ്മാരകമാണിത്.

## 6. വീരരാഘവപ്പട്ടയം

വീരരാഘവപ്പട്ടയത്തെക്കുറിച്ചുള്ള എം.ഒ. ജോസഫിന്റെ അഭിപ്രായങ്ങൾ ശ്രദ്ധേയങ്ങളാണെന്ന് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായമുണ്ട്. നെടുങ്കുന്നത്തിന്റെ ഭാഷാശാസ്ത്രവിഷയത്തിലുള്ള താല്പര്യവും പാണ്ഡിത്യവും വെളിപ്പെടുത്തുന്ന ഒരു കൊച്ചു കൃതിയാണത്.

ആനുകൂലിക പ്രസിദ്ധീകരണങ്ങളിലും സമാഹാരഗ്രന്ഥങ്ങളിലും നെടുങ്കുന്നത്തിന്റെ ഗവേഷണപ്രബന്ധങ്ങൾ ഒട്ടേറെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ പണിപ്പുരയിൽ പണിതീരാറായതും തീരാത്തതുമായ കൃതികൾ വെളിച്ചംകാത്ത് കിടക്കുന്നുണ്ടായിരിക്കും. ക്രൈസ്തവവിജ്ഞാനകോശ (പ്രകാശം പബ്ളിക്കേഷൻസ്, ആലപ്പുഴ, 1975) ത്തിന്റ പത്രാധിപത്യവും മറ്റനേകം സ്മരണികളുടെ നേതൃത്വവും മേൽനോട്ടവും പണ്ഡിതനായ ചരിത്രഗവേഷകന്റെ കഴിവുകളെ എടുത്തുകാണിക്കുന്നവയാണ്. സാഹിത്യ പരിഷത്ത് ത്രൈമാസികത്തിന്റെ പത്രാധിപരായിരുന്ന കാലഘട്ടത്തിൽ മാസികയിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രബന്ധങ്ങളുടെ ഉൾക്കട്ടിയും വിഷയവൈവിദ്ധ്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

www.malankaralibrary.com

# 8. കേരളസഭാതാരങ്ങൾ

7. കേരളസഭാതാരങ്ങൾ ജീവചരിത്രഗ്രന്ഥമാണ്. 18 മെത്രാന്മാരുടെയും 51 വൈദികരുടെയും 2 കന്യാസ്ത്രീകളുടെയും 30 അൽമായരുടെയും ജീവചരിത്രസംഗ്രഹങ്ങളാണ് 'കേരളസഭാതാരങ്ങ' ളുടെ ഉള്ളടക്കം. ജീവിചരിത്രരചനയിലെ സത്യസന്ധവും വസ്തുനിഷ്ഠവുമായ പ്രതിപാദനത്തിന് മികച്ച ഉദാഹരണങ്ങളാണവയോരോന്നും. വിശാലമായ ഗവേഷണമണ്ഡലത്തിലേക്കുള്ള ഓരോ ചൂണ്ടുപലകകളാണ് ആ പ്രബന്ധങ്ങൾ. കരിയാറ്റിമല്പാൻ, ഹോർത്തൂസ് മലബാറിക്കസ്, ചാവറ കുര്യാക്കോസ് ഏലിയ അച്ചൻ, തോപ്പിൽ കുര്യൻ കുരുവിള, തകിടിയേൽ മാത്തൻ ഇട്ടിയവിരാ, ഡോക്ടർ മർസലിനോസ് എന്ന ശീർഷകങ്ങളിലുള്ള പ്രബന്ധങ്ങൾ ഗ്രന്ഥകർത്താവിന്റെ ശാസ്ത്രീയമായ ഗവേഷണ പദ്ധതിയുടെ ഉത്തമനിദർശനങ്ങളാണ്. താൻ പ്രതിപാദിക്കുന്ന വിഷയത്തെക്കുറിച്ചുള്ള പരിപൂർണ്ണതയ്ക്ക് വേണ്ടിയുള്ള അന്വേഷണവ്യഗ്രത അദ്ദേഹത്തിന്റെ അസാധാരണമായ സ്വഭാവവിശേഷമാണ്. കേരളസഭാതാരങ്ങളിൽ മൊത്തം 101 താരങ്ങൾ ശോഭിക്കുന്നുണ്ട്. എം. ഒ. ജോസഫ് എന്നൊരു ഗവേഷക പണ്ഡിതൻ ഇല്ലായിരുന്നുവെങ്കിൽ പല താരങ്ങളും ചരിത്രത്തിന്റെ സ്മാരകങ്ങളാകാതെ, ഇരുട്ടിന്റെ ചിതൽപ്പുറ്റുകളായിത്തീർന്നേനെ.

കേരള സഭാതാരങ്ങൾ എന്ന ഗ്രന്ഥത്തിന്റെ സമുദായ ശിൽപ്പികൾ എന്ന ആമുഖത്തിൽ എം.ഒ. ജോസഫ് ഇപ്രകാരം എഴുതിയിരിക്കുന്നു. "അതീത ശതകങ്ങളിൽ മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള വീരപുരുഷന്മാർ മറ്റ് ഏതു വിഭാഗത്തിലുമെന്നപോലെ ക്രൈസ്തവസമുദായത്തിലും ഉണ്ടായിരുന്നു. അവരുടെ അപദാനങ്ങൾ രേഖപ്പെടുത്തിവയ്ക്കുവാൻ ആരും മുതിർന്നിട്ടില്ലന്നേയുള്ളൂ. എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കി ക്രൈസ്തവസമുദായത്തിന് അതിന്റെ വ്യക്തിത്വം നിലനിർത്തുവാൻ സാധിച്ചിട്ടുള്ളത്. ഓരോ ഘട്ടത്തിലും സമുദായത്തെ നയിച്ചിരുന്ന വീരപുരുഷന്മാരുടെ വൈഭവം കൊണ്ടുമാത്രമാണെന്നുള്ളത് വിസ്മരിക്കത്തക്കതല്ല. പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ പനങ്കുഴക്കൽ കുര്യെപ്പു കത്തനാർ, വരാരപ്പള്ളി ചാക്കോ, കൊരട്ടിക്കാരൻ ഇട്ടി മാണിമാപ്പിള, ആരക്കുഴക്കാരൻ കൊച്ചിട്ടിത്തരകൻ തുടങ്ങി പ്രഗത്ഭമതികളായ പല സമുദായ നേതാക്കന്മാരും ജീവിച്ചിരുന്നതായി "വർത്തമാനപുസ്തകത്തിൽ നിന്നും നമുക്കറിയാം. അവരുടെ പേരുകളല്ലാതെ, അവരെപ്പറ്റി കൂടുതൽ വിവരങ്ങളൊന്നും ഇന്നത്തെ തലമുറക്കറിയില്ല. സമുദായത്തിന്റെ സുസ്ഥിതിക്കും പ്രശസ്തിക്കും വേണ്ടി

www.malankaralibrary.com





സ്വന്തം ബുദ്ധിശക്തികൊണ്ടും കർമ്മധീരതകൊണ്ടും വിശ്വാസദാർഢ്യം കൊണ്ടും നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചവരെ ഇങ്ങനെ വിസ്മരിക്കുന്നത് ശരിയല്ലല്ലോ."

കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്ന പ്രശസ്ത വ്യക്തികളെങ്കിലും ഇങ്ങനെ വിസ്മൃതരാകരുതെന്ന് കരുതി അവരെപ്പറ്റി കിട്ടാവുന്ന വിവരങ്ങൾ ശേഖരിച്ചാണ് അദ്ദേഹം 101 പേരുടെ ലഘു ജീവചരിത്രം തയ്യാറാക്കി കേരള സഭാതാരങ്ങൾ എന്ന കൃതി രചിച്ചത്. ഇന്നത്തേതുപോലെ അച്ചടി സമ്പ്രദായം വികസിച്ചിട്ടില്ലാത്ത ഒരു കാലത്ത് സാങ്കേതിക വിവരണശേഖരത്തിന് യാതൊരു മാർഗ്ഗവുമില്ലാതിരുന്ന കാലത്ത് ആണ് എം.ഒ. ജോസഫ് ഈ സാഹസിക സംരഭത്തിന് ഇറങ്ങി പുറപ്പെട്ടത്. ഇത് ക്രൈസ്തവ സമുദായത്തിന് ലഭിച്ച ഒരു അമൂല്യ സംഭാവനയാണ്.

ശ്രീ എം.ഒ. ജോസഫ് ഒരിക്കൽ ഈ ലേഖകനോട് പറയുകയുണ്ടായി കേരള സഭാതാരങ്ങളിൽ ചേർത്ത 101 പേരെപോലെയോ അതിനേക്കാൾ ഉപരിയായോ സേവനം അനുഷ്ഠിച്ചിട്ടുള്ള നൂറുകണക്കിനാളുകളെ നമ്മുടെ സമുദായം സംഭാവന ചെയ്തിട്ടുണ്ട്. അവരുടെ സേവനങ്ങളെ ഇന്നത്തെ തലമുറക്ക് പരിചയപ്പെടുത്തി കൊടുക്കുവാൻ ആരെങ്കിലും തയ്യാറായി മുന്നോട്ടു വരേണ്ടതാണ്. സാധിക്കുമെങ്കിൽ ആ ദൗത്യം കച്ചിറമറ്റം ഏറ്റെടുക്കുക. അദ്ദേഹത്തിന്റെ ഈ വാക്കുകൾ എന്റെ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്നു. ആ വാക്കുകളാണ് കേരള സഭാരത്നങ്ങൾ ഒന്നും രണ്ടും ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ എന്നെ പ്രേരിപ്പിച്ചത്. 1200 ഓളം പേരുള്ള 1-ാം ഭാഗത്തിൽ 560 പേരുടെ ജീവചരിത്രവും 80 പേരെപ്പറ്റിയുള്ള ലഘുവിവരണങ്ങളും ചേർത്തിട്ടുണ്ട്. 264 പേജുള്ള കേരള സഭാ രത്നങ്ങൾ രണ്ടാം ഭാഗത്തിൽ 101 പേരുടെ ചരിത്രവും 25 പേരുടെ ലഘു ചരിത്രവും ചേർക്കാൻ സാധിച്ചു. കൂടാതെ കേരളസഭാ പ്രതിഭകൾ എന്ന പേരിൽ ജീവിച്ചിരിക്കുന്ന 412 പേരുടെ ചരിത്രവും ഞാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം പ്രേരണ ലഭിച്ചത് എം.ഒ. ജോസഫിന്റെ ഹൃദയസ്പർശിയായ വാക്കുകളും കേരള സഭാതാരങ്ങൾ എന്ന ഗ്രന്ഥവുമാണ്.

നെടുങ്കുന്നത്തിന്റെ അപ്രകാശിതങ്ങളായ പ്രബന്ധങ്ങൾ അനവധിയുണ്ട്. നൂതനമായ ഗവേഷണസരണി വെട്ടിത്തുറക്കുവാനും കമ്പുപൊട്ടി കിളർക്കുന്ന ചിന്തകളുടെ കിരണങ്ങൾ പ്രകാശിപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം നിസ്തർക്കമാണ്.

www.malankaralibrary.com

# 9. തച്ചിൽ മാത്തുത്തരകൻ

8. ക്രൈസ്തവ സഭാചരിത്രത്തിന്റെയും ദേശചരിത്രത്തിന്റെയും സംഭവബഹുലമായ ഒരു കാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന 'തച്ചിൽ മാത്തുത്തരകൻ' ഒരു ജീവചരിത്രഗ്രന്ഥമാണെങ്കിലും ഒരു ചരിത്രകൃതിയാണ്. 'ഒരു വ്യക്തിയുടെ ജീവചരിത്രം മാത്രമല്ല, ആ കാലത്തെ രാജ്യചരിത്രം കൂടിയാണത്. സംഭവബഹുലമായ ഒരു കാലമായിരുന്നല്ലോ അത്. അക്കാലത്തെ ചരിത്രരേഖകളെ സശ്രദ്ധം പരിശോധിച്ച് നിഷ്പക്ഷമായി എഴുതിയിട്ടുള്ളതാണ്.

## തച്ചിൽ മാത്തുത്തരകൻ എന്ന ഗ്രന്ഥത്തിന്റെ മുഖവുര

കേരള ചരിത്രത്തിൽ മായാത്ത പദമുദ്ര പതിച്ചിട്ടുള്ള പ്രഗത്ഭമതികളായ വ്യക്തികളിൽ അഗ്രിമനായ ഒരാളാണു തച്ചിൽ മാത്തുത്തരകൻ. അദ്ദേഹത്തെപ്പോലെ നിസ്വാർത്ഥമായി രാജാവിനെയും രാജ്യത്തെയും സമുദായത്തെയും സേവിച്ചിട്ടുള്ളവർ കേരളത്തിൽ അത്രയധികമുണ്ടെന്നു തോന്നുന്നില്ല. നിസ്വർത്ഥസേവകന്മാർക്ക് പലപ്പോഴും ലഭിക്കാറുള്ള പ്രതിഫലം - അപമാനവും ദ്രവ്യനാശവും ജയിൽവാസവും - അദ്ദേഹത്തിനു സിദ്ധിക്കുകയും ചെയ്തു. മാത്രമല്ല, തല്പര കക്ഷികൾ അദ്ദേഹത്തിന്റെ സൽപേരിനെ ആവുന്നത്ര താറടിച്ചു കാണിക്കുവാൻ സാഹസപ്പെടുകുയം ചെയ്തിരിക്കുന്നു.

മാത്തുത്തരകന്റെ വിശ്വാസ്യവും സമ്പൂർണ്ണവുമായ ജീവചരിത്രം എഴുതുവാൻ ഇതുവരെ ആരും ശ്രമിച്ചിരുന്നില്ല. അദ്ദേഹത്തെ സംബന്ധിക്കുന്ന രേഖകൾ സൂക്ഷിച്ചുവെച്ചിട്ടില്ലാത്തതുകൊണ്ടു വിശദമായ ഒരു ജീവചരിത്രനിർമ്മാണം എളുപ്പവുമല്ല. എങ്കിലും കഴിയുന്നത്ര പൂർണ്ണമായ ഒരു ജീവചരിത്രം രചിക്കണമെന്നുള്ള എന്റെ ആഗ്രഹത്തിന്റെ ഫലമാണ് ഈ കൃതി. ഒരു വ്യാഴവട്ടത്തിലധികംകാലം ചെയ്ത പരിശ്രമത്തിന്റെ പരിണതഫലമാണിത്.

ഈ പുസ്തകം മാത്തുത്തരകന്റെ ഒരു ജീവചരിത്രം എന്നതിനെക്കാൾ, അദ്ദേഹം ജീവിച്ചിരുന്ന കാലത്തിന്റെ ഒരു ചരിത്രം എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. അദ്ദേഹത്തിന്റെ പരസ്യ ജീവിതകാലം മുഴുവൻ രാജാവിനെയും രാജ്യത്തെയും സമുദായത്തെയും' സേവിക്കുവാൻ വിനിയോഗിച്ചിരുന്നതുകൊണ്ട്, ആ പാശ്ചത്തലങ്ങളിൽ അദ്ദേഹത്തെ വീക്ഷിക്കുന്നതായിരിക്കും കൂടുതൽ ശരിയെന്ന് എനിക്കു തോന്നി. അതുകൊണ്ടാണ് അക്കാലത്തെ രാഷ്ട്രീയവും സമുദായികവുമായ ഗതിവിഗതികൾ ഇത്ര ദീർഘമായി ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്.

www.malankaralibrary.com





## തച്ചിൽ മാത്തുത്തരകൻ എന്ന ഗ്രന്ഥത്തിന് ഡോ. പി.ജെ. തോമസ് എഴുതിയ അവതാരിക

കേരളത്തിൽ മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള പ്രമാണികൾ രാജാക്കന്മാരോ അവരുടെ മന്ത്രിമാരോ ആയിരുന്നു. സാമ്പത്തിക രംഗത്ത് അടുത്ത കാലംവരെ ചുരുക്കം ചിലർ മാത്രമേ പൊങ്ങി വന്നിട്ടുള്ളു. അവരിൽ സർവ്വഥാ പ്രമുഖൻ തച്ചിൽ മാത്തുത്തരകൻ ആണ്.

രണ്ടായിരത്തിലധികം കൊല്ലങ്ങളായി കുരുമുളകു മുതലായ ചില ചരക്കുകൾ വിദേശികൾ കേരളത്തിൽ വന്നു വിലകുറച്ചു വാങ്ങി വളരെ കൂടിയ വിലയ്ക്കു യൂറോപ്പിൽ വിറ്റു വർത്തകരായിട്ടുണ്ട്. ഇൻഡ്യക്കാരായി ചില ഗുജറാത്തികളും മറ്റും ഇവിടെ വന്ന് ഈ ചരക്കുകൾ ശേഖരിച്ചു വിദേശികൾക്കു വിറ്റു പണമുണ്ടാക്കിയിരുന്നു. എന്നാൽ ഈ വ്യാപാരം വൻതോതിൽ നടത്തിയ ആദ്യത്തെ കേരളീയൻ -ദക്ഷിണേന്ത്യൻ - മാത്തുത്തരകനാണ്.

പഴയ കാലങ്ങളിൽ കൊടുങ്ങല്ലൂരും, പിന്നെ കൊച്ചിയുമായിരുന്നു ഈ വ്യാപാരത്തിന്റെ കേന്ദ്രം. പതിനെട്ടാം ശതാബ്ദത്തിൽ ആലപ്പുഴ ഈ കച്ചവടത്തിന്റെ 'വമ്പിച്ച കേന്ദ്രമായി. ഇതും പ്രധാനമായി മാത്തുത്തരകന്റെ നേട്ടമാണ്. രാജാ കേശവദാസന്റെ ഉറ്റ സഹായവുമുണ്ടായിരുന്നു.

ഇതിലുപരിയായി, ഒരു പുതിയ കയറ്റുമതി വ്യാപാരവും തരകൻ തുടങ്ങി; ഇതു നാട്ടുകാർക്കും സർക്കാർ ഖജനാവിനും വലിയ ലാഭം ഉളവാക്കി. കേരളത്തിൽ മാത്രം ഉണ്ടാകുന്ന ഈടുള്ള തേക്കുതടി, കിഴക്കൻ മലയോരങ്ങളിൽ നിന്നും വെട്ടിയിറക്കി അദ്ദേഹം ഈസ്റ്റിൻഡ്യാ കമ്പനിക്കു വിറ്റു. യൂറോപ്പിൽ മറ്റാർക്കും കിട്ടാത്ത ഈ തടി ഉപയോഗിച്ച് ബ്രിട്ടൺ ശക്തിയേറിയ ഒരു കപ്പൽ സമൂഹം ഉണ്ടാക്കി പൊരുതിയതുകൊണ്ട്, അന്നു നെപ്പോളിയന്റെ നേതൃത്വത്തിൽ പൊങ്ങി വന്നിരുന്ന ഫ്രാൻസിനെ തോല്പിക്കാൻ സാധിച്ചു. എത്ര വലിയ ഒരു സേവനമാണ് താൻ നടത്തിയത് എന്നു തരകൻതന്നെ അറിഞ്ഞിരുന്നില്ല. നാട്ടിൽ ആരും അറിഞ്ഞിട്ടുമില്ല.

ഈ കച്ചവടമെല്ലാം ചെയ്യാൻ തരകൻ കുത്തിയതോട്ടിൽ നിന്നും ആലപ്പുഴ വന്നു സ്ഥിരതാമസമാക്കി. അതോടുകൂടി ചില ഗുജറാത്തികളും സിന്ധികളും അവിടെവന്നു വ്യാപാരം നടത്തി. ഇങ്ങനെ, ആലപ്പുഴ പൊങ്ങി വന്നതു കണ്ടപ്പോൾ, അന്നു ദിവാനായിരുന്ന കേശവപിള്ള (രാജാ കേശവദാസൻ) തന്നെ, ആലപ്പുഴ തന്റെ കേന്ദ്രമാക്കി അവിടെ ഹജരാപ്പീസ് നടത്തി.

ഈ നസ്രാണി നേതാവിന്റെ പരിശ്രമം മൂലം നാട്ടിനും നാട്ടാർക്കും സർക്കാർ ഖജനാവിനും വന്നു ചേർന്ന വമ്പിച്ച ആദായം കണ്ടുകൊണ്ട്, അന്നത്തെ മഹാരാജാവ്, കാർത്തിക തിരുനാൾ രാമവർമ്മ, അദ്ദേഹത്തിന് തരകസ്ഥാനവും വീരശൃംഖലയും മറ്റും കൊടുത്തു ബഹുമാനിച്ചു, മാത്തു ഇങ്ങനെ തരകനായി ഉയർന്നപ്പോൾ പലർക്കും വലിയ ബഹുമാനവും, ചിലർക്ക് അസൂയയും ഉളവായി.

www.malankaralibrary.com

തരകൻ സർക്കാരിനെ കൂടുതലായി സഹായിച്ചുകൊണ്ടിരുന്നു. ടിപ്പുവുമായുള്ള യുദ്ധത്തിൽ അദ്ദേഹം സർക്കാരിനു വളരെ പണം കടം കൊടുത്തും മറ്റുവിധത്തിലും സഹായിച്ചു. യഥാർത്ഥത്തിൽ അന്നത്തെ സ്റ്റേറ്റ് ബാങ്കർ പോലെ ആയിരുന്നു തരകൻ. ഇങ്ങനെ കാർത്തിക തിരുനാളിന്റെ മരണംവരെ മുപ്പതുവർഷക്കാലത്തേയ്ക്കു തിരുവിതാംകൂറിലെ ഏററവും ബഹുമാന്യനായ പൗരനായിരുന്നു അദ്ദേഹം.

സ്റ്റേറ്റിനുമാത്രമല്ല സ്വസമുദായത്തിനും തരകൻ വളരെ സഹായങ്ങൾ ചെയ്തു. സ്വജാതി മെത്രാനെ കിട്ടാനും പുത്തൻ കൂറും പഴയകൂറും തമ്മിൽ പുനരൈക്യപ്പെടാനും ഉള്ള ശ്രമങ്ങളിൽ ഇദ്ദേഹം മുന്നണിയിൽ നിന്നിരുന്നു. പല പള്ളികൾ അദ്ദേഹം കൈയിൽ നിന്നു പണമിറക്കി പണിയിച്ചു. ഒരു പുത്തൻകൂർ പള്ളിയെങ്കിലും (പുത്തൻകാവ്) പണിയാൻ വേണ്ട തടി കൊടുത്തത് അദ്ദേഹമാണ്.

ബാലരാമവർമ്മ, മഹാരാജാവായിത്തീർന്നതോടെ നിലയെല്ലാം മാറി. ദുർബ്ബലനായിരുന്ന അദ്ദേഹം സ്വാർത്ഥമതികളായ ചില സേവകന്മാരുടെ കൈയ്യിലകപ്പെട്ടു. നാട്ടിൽ വലിയ കുഴപ്പമുണ്ടായി. തരകന് ഈ മഹാരാജാവിന്റെയും പ്രീതി ഉണ്ടായിരുന്നെങ്കിലും പുതിയ ഉപദേശകർ അദ്ദേഹത്തിന്റെ മേൽ ചില കുറ്റങ്ങൾ ആരോപിച്ചു. അദ്ദേഹത്തെ ഘോരമായി ശിക്ഷിച്ചു; അവമാനിച്ചു. സർക്കാരിനു കടമായി കൊടുത്തിരുന്ന പണത്തിൽ ഒരംശം പോലും കിട്ടാതെ അദ്ദേഹം നിർദ്ധനനായി, നിരാധാരനായി, മരണമടഞ്ഞു.

രാജ്യസേവനം ചെയ്തിട്ടുള്ള പലർക്കും, വിദേശങ്ങളിലും ഇവിടെയും, ഇങ്ങനെയുള്ള അന്ത്യം ഉണ്ടായിട്ടുണ്ട്. എന്നാൽ പിൽക്കാലത്ത് അവരെ നാട്ടുകാർ ബഹുമാനിച്ചിട്ടുണ്ട്. ഇന്നെങ്കിലും തരകന് ഏതെങ്കിലും ഒരു സ്മാരകം ഉണ്ടാക്കേണ്ടതാണ്. അദ്ദേഹംമൂലം ഉയർന്നുവന്ന ആലപ്പുഴയാണ് ഇതിനു പറ്റിയ സ്ഥാനം.

ഏതായാലും മാത്തുത്തരകന്റെ പണ്ഡിതോചിതമായ ഒരു ജീവചരിത്രം – സാഹിത്യം, ചരിത്രം മുതലായ വിഷയങ്ങളിൽ തികഞ്ഞ പാണ്ഡിത്യമുള്ള ശ്രീ. എം.ഒ..ജോസഫ് എഴുതിയത് – ഇന്നു തയ്യാറായിട്ടുണ്ട്. ഒരു വ്യക്തിയുടെ ജീവചരിത്രം മാത്രമല്ല. ആ കാലത്തെ രാജ്യചരിത്രം കൂടിയാണിത്. സംഭവബഹുലമായ ഒരു കാലമായിരുന്നല്ലോ അത്. അക്കാലത്തെ ചരിത്രരേഖകൾ സശ്രദ്ധം പരിശോധിച്ച് നിഷ്പക്ഷമായി എഴുതിയിട്ടുള്ളതാണ് ഈ കൃതി. മറ്റാരുടെയും മുഖത്തു കരിപുരട്ടാൻ ഈ കൃതിയിൽ ശ്രമം ഉണ്ടായിട്ടില്ല. ഇങ്ങനെ ശാസ്ത്രീയരീതിയിൽ എഴുതിയിട്ടുള്ള ഒരു ചരിത്രകൃതിക്കു പാശ്ചാത്യ സർവ്വകലാശാലകളിൽ ഒരു ഉന്നത ഡോക്ടറേറ്റ് ഡിഗ്രി നല്കുന്നതാണ്. എന്നാൽ സാഹിത്യചരിത്രാദിവിഷയങ്ങളിൽ ഇരുപതിൽ പരം സ്വതന്ത്ര കൃതികൾ എഴുതി സാഹിത്യ വേദിയിൽ ഉയർന്നു നിൽക്കുന്ന ശ്രീ. ജോസഫിന് ഇനി എന്തിനാണ് ഡിഗ്രി? ഈ പുസ്തക

www.malankaralibrary.com

ത്തിന് അതർഹിക്കുന്ന പ്രചാരം കൊടുക്കാനായി നമ്മുടെ വിദ്യാലയങ്ങളിലും ഗ്രന്ഥശാലകളിലും ഇതിന്റെ പ്രതികൾ വാങ്ങി ഉപയോഗിക്കുമെന്നും, അങ്ങനെ ചരിത്രജ്ഞാനമുള്ള ഒരു തലമുറ ഉയർന്നുവരുമെന്നും നമുക്കു വിശ്വസിക്കാം.

"അഭിപ്രായഭേദമുള്ള ചരിത്രവസ്തുതകളോട് എതിരിടുമ്പോൾ സാധബാധകങ്ങളായ തെളിവുകൾ പ്രദർശിപ്പിച്ച് യുക്തിവിചാരം ചെയ്ത് സ്വമതം സ്ഥാപിക്കുന്നതിൽ ജോസഫിന്റെ പേന പ്രദർശിപ്പിക്കുന്ന കരുത്തും ധീരതയും വായനക്കാരുടെ അഭിനന്ദനമർഹിക്കുന്നതുതന്നെ ആണ്" (വിദ്വാൻ ടി. എം. ചുമ്മാർ, ഭാഷാഗദ്യസാഹിത്യചരിത്രം പുറം 253.

25 അദ്ധ്യാങ്ങളും 12 അനുബന്ധങ്ങളും (ചരിത്രരേഖകളുടെ പുനഃപ്രകാശനം) അഞ്ഞൂറിൽപരം പേജുകളുമുള്ള ഒരു ബൃഹത് ഗ്രന്ഥമാണ് തച്ചിൽ മാത്തുത്തരകൻ. ഒരു വ്യാഴവട്ടക്കാലം ചെയ്ത പരിശ്രമത്തിന്റെ പരിണതഫലമാണീ കൃതി. 1966-ൽ തച്ചിൽ മാത്യുത്തരകൻ എന്ന പേരിൽ സി. സി. ലോനപ്പൻ ഈക്കൻ എന്നൊരാൾ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ കൃതി ശാസ്ത്രീയമായ ചരിത്രരചനയുടെ സ്വഭാവമില്ലാത്തതും ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒതുങ്ങി നിൽക്കുന്നതുമാണ്. ഒരു ഗവേഷണ പ്രബന്ധത്തിന്റെ മൂല്യവും ഒരു ആഖ്യായികയുടെ സ്വാദുള്ള ഒരു കൃതിയാണ് എം.ഒ.യുടെ തച്ചിൽ മാത്തുത്തരകൻ.

## മാത്യുത്തരകൻ എന്ന ഗ്രന്ഥത്തെപ്പറ്റി വിവിധ പത്രങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ

### മലയാള മനോരമ

മൊത്തത്തിൽ ഇതുവരെയുള്ള ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള എല്ലാ വാദികളും ഇവിടെ പ്രതികളായി എല്ലാ പ്രതികളും ഇവിടെ വാദികളുമായിരിക്കുന്നു. ഇതുവരെയുള്ള ധാരണകളുടെ അടിസ്ഥാനം തന്നെ തെറ്റായിരിക്കാം. അവയെ അപ്പാടെ ഒന്നു തിരിച്ചുവച്ചു നോക്കുന്നതും രസാവഹമാണ്. ശ്രീ ജോസഫ് അവതരിപ്പിച്ചിരിക്കുന്ന വാദമുഖങ്ങളുടെയും ഉദ്ധരിച്ചിരിക്കുന്ന രേഖകളുടെയും വെളിച്ചത്തിൽ വേലുത്തമ്പി ഒരു നരാധമൻ തന്നെയാണന്നു തോന്നിപ്പോകും. വിധി അതിനു നന്നായി പക വീട്ടിയെന്നും സമാശ്വസിക്കാം. ഈ രേഖകളുടെ സാധുത ചോദ്യം ചെയ്യപ്പെടാത്തിടത്തോളം കാലം ഈ നിഗമനം ഉറപ്പുള്ളതാണ്. ഒരർത്ഥത്തിൽ ഇതുവരെ നിലനിന്നു വരുന്ന ചരിത്രപ്രമാണങ്ങളുടെയും വിശ്വാസങ്ങളുടെയും കടവേരിന് ആഞ്ഞുവെട്ടിയിരിക്കുകയാണ്... ശക്തിയും മൂർച്ചയുമുള്ള ഭാഷ ശ്രീ. ജോസഫിനു വശമുണ്ട്. അതു നിർദ്ദിഷ്ട ലക്ഷ്യത്തിൽ തുളച്ചു കയറുന്ന വിധത്തിൽ പ്രയോഗിക്കാനുമറിയാം..... വായനക്കാരനെ വികാരാധീനനാക്കുവാനും ആവേശഭരിതനാക്കുവാനും പല സന്ദർഭങ്ങളിലും ശ്രീ. ജോസഫിനു

www.malankaralibrary.com

കഴിഞ്ഞിട്ടുണ്ട്..... ഈ ഗ്രന്ഥനിർമ്മിതിക്കുവേണ്ടി ചെയ്തിട്ടുള്ള ശ്രമങ്ങളും ഇതു പ്രകാശിപ്പിക്കുന്നതിൽ കാണിച്ച ധൈര്യവും അനന്യസാധാരണമായിട്ടുണ്ട് - ഏ.ജെ. (31-01963)

## കേരളകൗമുദി

.....ശ്രീ ജോസഫിന്റെ ഈ ഗ്രന്ഥം എന്റെ നിഗമനങ്ങളെ അക്ഷരം പ്രതി ശരിവയ്ക്കുന്ന ഒരു ചരിത്രമാണെന്നതിൽ എനിക്ക് അനല്പമായ ചാരിതാർത്ഥ്യമുണ്ട്... ഡിലനായിയുടെയും കേശവദാസിന്റെയും ധർമ്മരാജാവിന്റെയുമൊക്കെ കാലത്തും ടിപ്പുവുമായുള്ള യുദ്ധകാലത്തും അർത്ഥം കൊണ്ടും അല്ലാതെയും പരമാവധി തിരുവിതാംകൂർ സർക്കാരിനെ സേവിച്ച ഒരു വലിയ രാജ്യസേവകനായിരുന്നു മാത്തുത്തരകൻ. കേശവദാസനും മാത്തുത്തരകനും രാജ്യസേവയുടെ രക്തസാക്ഷികളായി തിരുവിതാംകൂർ ചരിത്രത്തിൽ എന്നും അവശേഷിക്കും.

ശ്രീ. ജോസഫിന്റെ ഈ ചരിത്രഗ്രന്ഥത്തിന് ശ്രീ ജോസഫിന് ഒരു ഡോക്ടറേറ്റു പദവി നമ്മുടെ സർവ്വകലാശാല നൽകേണ്ടതാണ്. നൽകുന്നില്ലെങ്കിൽ അതു ശ്രീ. ജോസഫിനു ഒരു അവമതിയില്ല; സർവ്വകലാശാലയ്ക്കു മാത്രമാണ്.

- കെ. ദാമോദരൻ ബി.എ. 9-12-1962

## തൊഴിലാളി

മറ്റുള്ളവരുടെ ന്യായമായ അവകാശങ്ങൾ നേടിക്കൊടുക്കുന്നതിനു വേണ്ടി സ്വന്തം ജീവനെപ്പോലും ബലിയർപ്പിക്കുന്ന ചില മനുഷ്യരുണ്ട്. അവരെ മഹാത്മാക്കളെന്നാണോ പറയേണ്ടത്? അതോ അമർത്ത്യരെന്നോ? എന്തുതന്നെയായാലും ശരി, കാലത്തിന്റെ ഭിത്തിയിൽ നിന്നും ഒരിക്കലും മായാതെകിടക്കുന്ന അത്തരത്തിലുള്ള പവിത്രങ്ങളായ ചില നാമധേയങ്ങളില്ലായിരുന്നെങ്കിൽ - ആ സ്ഥിതിവിശേഷത്തെപ്പറ്റി എന്തുകൊണ്ടോ എനിക്കു ചിന്തിക്കുവാൻ സാധിക്കുന്നില്ല. ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നത്തെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം എപ്പോഴും അത്ഭുതസ്തബ്ധമാകാറുണ്ട്. എന്തേ ഈ നല്ല മനുഷ്യൻ ഇങ്ങനെയാകാൻ? മറ്റുള്ളവർക്കു വേണ്ടി സകലതും ബലിയർപ്പിക്കുകയും തന്നെത്തന്നെ ഹോമിക്കുകയും ചെയ്യുന്ന ഈ നല്ല മനുഷ്യൻ എന്തേ സ്വന്തം കാര്യം വരുമ്പോൾ മൂകനാകുന്നു? കാലത്തെപ്പറ്റി അദ്ദേഹത്തിന് അമിതമായ വിശ്വാസമുള്ളതുകൊണ്ടാകണം............

തച്ചിൽ മാത്തുത്തരകനെപ്പറ്റിയുള്ള ഈ ബൃഹത്തായ ഗ്രന്ഥം വായിച്ചുകഴിഞ്ഞപ്പോൾ, സത്യം പറയട്ടെ, എം.ഒ. ജോസഫ് നെടുങ്കുന്നം എന്ന വലിയ മനുഷ്യനെക്കുറിച്ചുള്ള എന്റെ ധാണകൾക്കു ഒരിക്കൽക്കൂടി ഉറപ്പു കിട്ടി. തച്ചിൽ മാത്തുത്തരകന്റെ കാര്യത്തിൽ ശ്രീ.എം. ഒ. ജോസഫ് ഒരു

www.malankaralibrary.com

അത്ഭുതം നടത്തിയിരിക്കുന്നു. എന്റെയും എന്നെപ്പോലെയുള്ള അനേകായിരങ്ങളുടെയും ഓർമ്മകളുടെ ശ്മശാനഭൂമിയിൽ മാത്തുത്തരകനെന്ന സ്വർണ്ണച്ചെവിയനായ രാജ്യദ്രോഹി വിസ്മൃതപ്രായനായി, സകലവിധ പരിഹാസങ്ങൾക്കും വിധേയനായി മരിച്ചുകിടക്കുകയാണ്.... (ആ മാത്തുത്തരകനെ) കൃത്രിമത്വത്തിന്റെ നിഴലേതുമേശാതെ യഥാർത്ഥരൂപത്തിൽ വെളിച്ചത്തു കൊണ്ടു വരുവാൻ ശ്രീ.എം.ഒ. ജോസഫ് അനുഷ്ഠിച്ചിട്ടുള്ള യജ്ഞത്തിന് എന്തു സമ്മാനമാണ് നൽകുക?.....

ഒരു മഹാകവിയുടെ പദപ്രയോഗപാടവത്തോടും, വിദഗ്ദനായ ഒരു നോവലിസ്റ്റിന്റെ ആഖ്യാന ചാതുര്യത്തോടും, നിഷ്പക്ഷമതിയായ ഒരു നിരൂപകാഗ്രണിയുടെ സത്യദീക്ഷയോടുംകൂടെ, മാറാലകൊണ്ടു മൂടിക്കിടക്കുന്ന ചരിത്രസത്യങ്ങളുടെ പുഴുക്കുത്തേറ്റ വ്യക്തമായ പനയോലക്കെട്ടുകൾ ഒരു വിജ്ഞാനഭിക്ഷുവിന്റെ ക്ഷുത്പിവാസാപാരവശ്യത്തോടെ പെറുക്കിയെടുത്തു സത്യത്തിന്റെയും നീതിയുടെയും പ്രകാശവീചികളിൽ പരിശോധിച്ച് തച്ചിൽ മാത്തുത്തരകനെന്ന മഹാത്മാവിനെ വെളിച്ചത്തു കൊണ്ടുവന്നു ചരിത്രപണ്ഡിതന്മാരോടും രചയിതാക്കളോടും ഇതിലേ ഇതില എന്നു വിദഗ്ദോപദേശം നൽകാൻ മാത്രം നെഞ്ഞൂക്കു കാണിച്ച ഈ പണ്ഡിതവരേണ്യന് ഞാനൊരു പൂച്ചെണ്ടു നൽകിക്കൊള്ളട്ടെ.

– മാത്യു ഇടമറ്റം (12-11-1962)

## സത്യദീപം

ചരിത്ര പ്രഖ്യാതനായ തച്ചിൽ മാത്തുത്തരകന്റെ പണ്ഡിതോചിതമായ ഒരു ജീവചരിത്രമാണിത്. കേവലം ശുഷ്കമായ ജീവിതസംഭവങ്ങളുടെ ഒരു ആഖ്യാനമായിട്ടല്ലാ ചരിത്രകാരനും സാഹിതീ മർമ്മജ്ഞനുമായ ഗ്രന്ഥകാരൻ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം അവറുകൾ അവതരിപ്പിച്ചിട്ടുള്ളത്.... തച്ചിൽ മാത്തുത്തരകനെ യഥോചിതം അവതരിപ്പിച്ചതിൽ ശ്രീ. ജോസഫ് അവറുകൾ ചെയ്തിട്ടുള്ള സേവനം മഹത്തരമാണ്. കേരളജനത ഒന്നടങ്കം അദ്ദേഹത്തെ അനുമോദിക്കാതിരിക്കുകയില്ല. സുദീർഘവും ക്ലേശഭൂയിഷ്ടവുമായ അദ്ദേഹത്തിന്റെ ശ്രമം ഫലമണിഞ്ഞു എന്നദ്ദേഹത്തിന് കൃതാർത്ഥനാകാം.

– ജെ.പി.വി. (18/07/1962)

## സാഹിത്യപരിഷത്ത്

ശ്രീ എം.ഒ. ജോസഫിന്റെ തച്ചിൽ മാത്യുത്തരകൻ എന്ന ഗവേഷണ ഗ്രന്ഥം അംഗീകൃത ചരിത്രയാഥാർത്ഥ്യങ്ങളുടെ കുത്തിയൊഴുക്കിനെതിരെ അതിസാഹസികമായ ഒരു നീന്തൽ യജ്ഞത്തിലേർപ്പെട്ടിരിക്കുകയാണദ്ദേഹം. ദീർഘകാലപഠനത്തിന്റെയും നിഷ്പക്ഷമായ ഗവേഷണത്തിന്റെയും തുലയറ്റ യുക്തിവിചാരത്തിന്റെയും നിശിതായുധങ്ങളേന്തി ഗ്രന്ഥകാരൻ ചരി

www.malankaralibrary.com

ത്രത്തിന്റെ ശ്രീകോവിലിൽ കടന്നു തങ്കച്ചായം പൂശിയ പല കളിമൺ പ്രതിമകളും മറിച്ചിട്ടുടയ്ക്കുകയാണ്.

അപൂർവ്വങ്ങളുമലഭ്യങ്ങളുമായ ചരിത്രരേഖകൾ തെരഞ്ഞു പിടിച്ചു അസാമാന്യ വൈദഗ്ധ്യത്തോടെ ക്രമപ്പെടുത്തി യുക്തിയുടെ നികഷോപലത്തിലുരച്ചു മാറ്റു നോക്കി ഇതുപോലൊരു ബൃഹത്തായ ഗവേഷണ ഗ്രന്ഥം നിർമ്മിക്കുന്നതു സർവ്വജന സാദ്ധ്യമായ ഒരു സാഹിത്യലീലയല്ല. ഒഴുക്കിനെതിരായി ഒറ്റയ്ക്കു നീന്തേണ്ടിവരുന്ന സാഹചര്യത്തിൽ അസാമാന്യമായ തന്റേടവും ക്ഷമയുമതിനുവേണം. ദോഷനിർമ്മുക്തവും സ്വച്ഛജലനിർമ്മലവുമായ ഒരു ഭാഷാ ശൈലിയിലതു ക്രമപ്പെടുത്തിവച്ചു. ചരിത്രവിമുഖന്മാരെപ്പോലും ആകർഷിക്കുവാൻ ഒരു ഗദ്യരചനാകുശലനേ കഴിയൂ. ഇത്തരം അഗ്നിപരീക്ഷകളെല്ലാം തരണം ചെയ്തു തച്ചിൽ മാത്തുതരകന്റെ വിനഷ്ടയശസ്സു വീണ്ടെടുത്തു ഗ്രന്ഥകാരൻ സ്വന്തം യശസ്സുറപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നു പറയാം.

ശ്രീ ജോസഫിന്റെ മാസ്റ്റർ പീസാണീ ഗ്രന്ഥം. ഈ കാലഘട്ടത്തിലുണ്ടായ വിലപിടിപ്പുള്ള ഗ്രന്ഥങ്ങളിലൊന്നുമാണ്. മറ്റുവല്ലവരുമായിരുന്നു ഗ്രന്ഥകർത്താവെങ്കിൽ ഒരു അക്കാദമി സമ്മാനമെങ്കിലും കിട്ടുമായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. തൽക്കാലം അവിടെയെങ്ങും കൈയെത്താത്തതുകൊണ്ടു സ്വന്തം ഹൃദയത്തിന്റെ ചെമ്പരുത്തിപ്പൂങ്കാവിൽ നിന്നു സന്തോഷത്തോടെ ഇറുത്തെടുത്ത നിർഗ്ഗന്ധമെങ്കിലും അരുണാഭമായ അഭിനന്ദനത്തിന്റെ ഒരു പൂച്ചെണ്ടു ഞാനദ്ദേഹത്തിനു സമ്മാനിച്ചുകൊള്ളുന്നു.

**മാത്യു ഉലകംതറ എം. എ.**

## THE MALABAR HERALD

It is indeed a great contribution to the history of Kerala that Mr. M. O. Joseph has made by writing out the biography that is before us. In weaving out the story of Mathoo Tharakan he has• portrayed the life and times of his period and it is an interesting version of Kerala history that he has brought forth. With more than 20 books to his credit, he is a master of the art of writing and we are glad to say that he has not at all begged behind others in his service to Malayalam Literature... Mr. Joseph has done a decade of research and the book in its present form deserves a place in every home and library in Kerala and outsie. It is an erudite literary production. We offer Mr. Joseph our heartfelt congratulations.

ABC (20-07-1963)

www.malankaralibrary.com

## തച്ചിൽ മാത്തുത്തരകനെ അവഗണിച്ച കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

കേരള ചരിത്രത്തിന് വിലപ്പെട്ട സംഭാവനയാണ് തച്ചിൽ മാത്യു ത്തരകൻ എന്ന ബൃഹത് ഗ്രന്ഥം. ആ ഗ്രന്ഥത്തെപ്പറ്റി പല പത്രങ്ങളും എഴുതിയ അഭിപ്രായങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. അകത്തോലിക്കാ പത്രങ്ങൾ വരെ ഈ ഗ്രന്ഥത്തിന്റെ കർത്താവിന് ഡോക്ടറേറ്റ് നൽകേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ചില കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ഈ പുസ്തകം കണ്ടില്ലെന്ന് അഭിനയിച്ചു തച്ചിൽ മാത്യു ത്തരകൻ എന്ന പുസ്തകത്തോടുള്ള അഭിപ്രായ വ്യത്യാസമായിരിക്കുകയില്ല, ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. എം. ഒ. ജോസഫിനോടുള്ള വ്യക്തിപരമായ അഭിപ്രായ വ്യത്യാസമായിരിക്കാം അതിന്റെ കാരണം. ഒരു കത്തോലിക്കാ പ്രസിദ്ധീകരണം ഒരു ഗ്രന്ഥകർത്താവിനോടുള്ള അഭിപ്രായവ്യത്യാസം മൂലം ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ ലോകം മുഴുവൻ കീഴ്പ്പെടുത്തിയെന്ന മാനോഭാവമാണ് അവർക്കുള്ളത് എന്നു തോന്നും. ഈ നിലപാട് എം.ഒ. ജോസഫിനോടു മാത്രമല്ല ഈ പ്രസിദ്ധീകരണങ്ങൾ സ്വീകരിച്ചിട്ടുള്ളത്. സത്യമാണെങ്കിലും തങ്ങളുടെ നിലപാടിനോട് യോജിക്കാത്തവരെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്താനുള്ള ഈ നീക്കം പല പ്രസിദ്ധീകരണങ്ങളും സ്വീകരിക്കുക പതിവാണ്. ഈ സമീപനം ക്രൈസ്തവമല്ലായെന്ന് തുറന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

തന്നെ ആര് അവഗണിച്ചാലും അതിൽ പരിഭവമോ പരാതിയോ ഇല്ലാത്ത ഒരാളായിരുന്നു എം. ഒ. ജോസഫ്. സ്വന്തം താല്പര്യത്തിനുവേണ്ടി ആരുടെയും മുൻപിൽ ഒരു കുഴലൂത്തുകാരനായി നിൽക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിട്ടുമില്ല, ശ്രമിച്ചിട്ടുമില്ല.

എം.ഒ. ജോസഫ് 75-ൽ പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അതിൽ 106 ഗ്രന്ഥങ്ങളെപ്പറ്റി മാത്രമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. മറ്റുഗ്രന്ഥങ്ങൾ കൂടുതൽ പഠനവിധേയമാക്കേണ്ടതാണ്.

www.malankaralibrary.com

# 10. കേരള ക്രിസ്ത്യാനികളും മാർത്തോമ്മാ ക്രിസ്ത്യാനികളും

9. കേരള ക്രൈസ്തവ സമുദായത്തിന്റെയും സഭയുടെയും ചരിത്രപഠനത്തിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്ന നെടുങ്കുന്നത്തിന്റെ മികച്ച രണ്ടു കൃതികളാണ്. കേരള ക്രിസ്ത്യാനികളും, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളും. വിഷയത്തിൽ അവരണ്ടും ഒന്നാണെങ്കിലും പഠനത്തിലും വിശകലനത്തിലും വ്യത്യസ്തമാണ്. സഭാചരിത്രകാര്യങ്ങളിൽ ജിജ്ഞാസുക്കളായ സാമാന്യവായനക്കാർക്ക് അഭികാമ്യമായ ഒന്നാണ് 'കേരള ക്രിസ്ത്യാനികൾ' ഉപരിഗവേഷണത്തിനും പഠനത്തിനുമുള്ള കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥം ആധികാരിക ചരിത്രഗ്രന്ഥവുമാണ്." തികഞ്ഞ ത്യാജ്യഗ്രാഹ്യവിവേചനദീക്ഷയോടെയാണ് ശ്രീ. ജോസഫ് വിഷയവിഭജനം നടത്തിയിരിക്കുന്നത്. വെറും കലോചിതമായ ഒരു ചരിത്രം എന്നതിലേറെ കേരളക്രൈസ്തവരെ സംബന്ധിച്ച ചരിത്രവസ്തുതകൾ പ്രബന്ധരൂപത്തിൽ ഓരോ അദ്ധ്യായത്തിലും അവതരിപ്പിക്കുവാനാണ് ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുള്ളത്. ഉദയംപേരൂർ സുനഹദോസ്, കൂനൻകുരിശുസത്യം തുടങ്ങിയ സുപ്രധാന ചരിത്രസംഭവങ്ങളുടെ അടിയൊഴുക്കുകളൊക്കെ മുൻവിധികൂടാതെ ചിത്രീകരിച്ചിരിക്കുന്നത് ശ്ലാഘനീയമായിട്ടുണ്ട്.

## ഈ ഗ്രന്ഥത്തിന് എം.ഒ. ജോസഫ് എഴുതിയ മുഖവുര

കേരളീയ ക്രിസ്ത്യാനികളുടെ കാലക്രമപരമായ സമ്പൂർണ്ണ ചരിത്രമടങ്ങിയ ഒരു ഗ്രന്ഥമെഴുതുകയെന്ന ലക്ഷ്യം ഇതു തയ്യാറാക്കുന്ന അവസരത്തിൽ ഗ്രന്ഥകാരനുണ്ടായിരുന്നില്ല. മാർത്തോമ്മാ ശ്ലീഹായുടെ ചരമത്തിന്റെ 19-ാം ശതാബ്ദിപൂർത്തി പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിച്ച ഒരു സ്മാരക ഗ്രന്ഥത്തിലേക്ക്, കേരള സഭാചരിത്രത്തിലെ പ്രധാനഘട്ടങ്ങളെയും ആ സഭയുടെ നേട്ടങ്ങളെയും വിഷയമാക്കി എഴുതിയിട്ടുള്ള ഏതാനും പ്രബന്ധങ്ങളുടെ സമാഹാരം മാത്രമാണ് ഈ കൃതി. എഴുതിവന്നപ്പോൾ ഉദ്ദേശിച്ചതിലധികം ദൈർഘ്യം വന്നതിനാലും, ഇവ തനിച്ച് ഒരു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തുന്നതു കൂടുതൽ നന്നായിരിക്കുമെന്നു തോന്നിയതിനാലും ഈ രൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയാണ്.

പ്രകാശം പ്രസിദ്ധീകരണങ്ങളുടെ ജനറൽ എഡിറ്റർ ഫാദർ ഹോർമ്മീസ് സി. പെരുമാലി. സി.എം.ഐ.യുടെ നിർബന്ധപൂർവ്വമായ പ്രേര

www.malankaralibrary.com

ണയാണ് ഇതെഴുതുന്നതിന് എനിക്കു പ്രചോദനം നല്കിയിട്ടുള്ളത്. കേരളസഭയുടെ ഏതാണ്ടു തുടർച്ചയായ ഒരു ചരിത്രം വായനക്കാർക്കു ലഭിക്കത്തക്കവിധം വിദഗ്ധമായ രീതിയിലാണ് അദ്ദേഹം വിഷയവിഭജനം നടത്തിയിട്ടുള്ളതെന്ന് ഈ ഗ്രന്ഥം വായിക്കുന്നവർക്കു ബോദ്ധ്യമാകുന്നതാണ്. വസ്തുതകൾ യഥാതഥം ചൂണ്ടിക്കാണിക്കുകയെന്നതല്ലാതെ ആരെയെങ്കിലും അനർഹമായി ഉയർത്തിക്കാണിക്കാനോ, ആരെയെങ്കിലും താഴ്ത്തിക്കെട്ടാനോ ഉള്ള യാതൊരുദ്ദേശ്യവും ഇതിന്റെ പിന്നിലില്ലെന്നുള്ള പരമാർത്ഥം തുറന്നു പറഞ്ഞുകൊള്ളട്ടെ. വസ്തുതകൾക്കെതിരായി വല്ല ഭാഗവും ഇതിലുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചു തരുന്നവരോട് ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നതാണ്.

ചരിത്രഗവേഷകന്മാരെ ഉദ്ദേശിച്ചല്ല ഈ കൃതി നിബന്ധിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഇതിലെ പ്രസ്താവങ്ങൾക്ക് ആധാരമായ രേഖകൾ അവിടവിടെ കാണിക്കാതിരുന്നിട്ടുള്ളത്. സഭാചരിത്രകാര്യങ്ങളിൽ ജിജ്ഞാസുക്കളായ സാമാന്യവായനക്കാർക്ക് ഈ രീതി കൂടുതൽ ആദരണീയമായിരിക്കുമെന്നു കരുതുന്നു.

## ഫാ. മത്തിയാസ് മുണ്ടാടൻ എഴുതിയ അവതാരിക

ചരിത്രപഠനം ഒരു തപസ്യയെന്നോണം നടത്തുന്ന അപൂർവ്വ വ്യക്തികൾ ഏതൊരു രാജ്യത്തും എക്കാലത്തും ഉണ്ട്. കഴിഞ്ഞ കാലചരിത്രത്തിന് ഉപോദ്ബലകമായി കിട്ടാവുന്നിടത്തോളം തെളിവുകൾ തേടിപ്പിടിച്ച് വിലയിരുത്തി, നിഗമനങ്ങളിലെത്തുന്നവരാണ് ചരിത്ര പണ്ഡിതന്മാർ. അവരുടെ തപസ്യ കഠിനതരമാണ്. സാധാരണക്കാർക്ക് അപ്രാപ്യമായ മേഖലകളിൽ അവർ നടത്തുന്ന ഹോമയാഗങ്ങളിൽ നിന്നു കരഗതമാകുന്ന വിജ്ഞാനം പില്ക്കാല ചരിത്രാന്വേഷികൾക്കുവേണ്ടി പുനരാവിഷ്കാരിക്കുമ്പോൾ അവ നലംതികഞ്ഞ ആധികാരിക ചരിത്രഗ്രന്ഥമായിത്തീരുന്നു.

എന്നാൽ, ചിലപ്പോഴൊക്കെ തങ്ങളുടെ വിജ്ഞാനസമ്പത്ത് സാധാരണക്കാർക്കു കൂടി സുഗ്രഹമാവണം എന്ന ഉദ്ദേശ്യത്തോടെ ചരിത്രപണ്ഡിതന്മാർ അവതരിപ്പിക്കാറുണ്ട്. ഇംഗ്ലീഷിലും മറ്റുമുള്ള 'പോപ്പുലർ' വിജ്ഞാനശാഖയിൽപ്പെട്ട ഗ്രന്ഥങ്ങളുടെ ആവിർഭാവം ഇങ്ങനെയാണ്. ചരിത്ര ഗ്രന്ഥങ്ങൾ സാധാരണക്കാർക്കു വേണ്ടിയാവുമ്പോൾ അവയ്ക്ക് ഒരു തീർത്ഥയാത്രയുടെ – പര്യടനത്തിന്റെ രൂപഭാവങ്ങൾ കൈവരുന്നു. ചരിത്രസംഭവങ്ങളും തദ്ബന്ധിയായ സ്ഥലകാലങ്ങളുമൊക്കെ ഒരു സിനിമയിലെന്നപോലെ ദൃശ്യമാകത്തക്കവിധത്തിലായിരിക്കും ഇവയുടെ സംവിധാനം. എങ്ങും അധികസമയം നില്ക്കുകയില്ല. കാര്യമായി ചിന്തിക്കയും വിവരിക്കയുമില്ല. തീർത്ഥസ്ഥലങ്ങൾ സന്ദർശിക്കാനിറങ്ങുന്ന ഒരാളുടെ മനോഭാവമാണിവിടെ പ്രകടമാവുക. ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളും ആളുകളും നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊണ്ട് ചരിത്ര പണ്ഡിതന്മാർ വഴി കാട്ടിയായിട്ടുണ്ടെങ്കിൽ യാത്ര രസ

www.malankaralibrary.com

കരവും വിജ്ഞാനപ്രദവുമാകാതെ തരമില്ലല്ലോ.

ചരിത്ര പണ്ഡിതനായ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ 'കേരള ക്രിസ്ത്യാനികൾ' രണ്ടാമതു പറഞ്ഞ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. കേരള സഭാചരിത്രത്തെക്കുറിച്ചു പ്രത്യേകിച്ചും ആധുനികഘട്ടത്തെക്കുറിച്ച് തികച്ചും ആധികാരികമായും അഭിപ്രായം പറയുവാനുള്ള വിജ്ഞാനം അദ്ദേഹം സ്വായത്തമാക്കിയിട്ടുണ്ട്. വർഷങ്ങളോളമായി ചരിത്രപഠനം എന്ന തപസ്യ അദ്ദേഹം ആരംഭിച്ചിട്ട്. 1952-ൽ 'വില്ലാർവട്ടം'. 1962-ൽ 'തച്ചിൽ മാത്തുതരകൻ' 1972-ൽ 'കേരളക്രിസ്ത്യാനികൾ' എന്നിവയ്ക്കു പുറമെ, കേരള സഭാതാരങ്ങൾ, ഫാ. പ്ലാസിഡ് പൊടിപാറയുടെ' സെന്റ് തോമസ് ക്രിസ്റ്റ്യൻസ്' എന്ന വിശ്രുത ഗ്രന്ഥത്തിന്റെ പരിഭാഷ തുടങ്ങി നിരവധി ചരിത്ര ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ കഠിനതപസ്യയുടെ സദ്ഫലങ്ങളാണ്. കേരളസഭയെ സംബന്ധിച്ച് സാധാരണക്കാർക്ക് സുഗ്രഹമാകത്തക്കവിധത്തിൽ ഒരു തീർത്ഥയാത്രയുടെ പ്രതീതിയുളവാക്കുമാറുള്ള ഒരു ചരിത്രഗ്രന്ഥം മാർത്തോമ്മായുടെ 19-ാം ചരമശതാബ്ദിയാഘോഷിക്കുന്ന ഈ അവസരത്തിൽ വിരചിക്കുവാൻ ശ്രീ. ജോസഫ് തയ്യാറായത് തികച്ചും സമീചനമായിരിക്കുന്നു.

ക്രിസ്തുവിന്റെ പന്തിരു ശിഷ്യരിലൊരുവനായ മാർത്തോമ്മാ കേരളത്തിൽ വന്നതുമുതൽ ഇന്നുവരെയുള്ള കാലത്തിന്റെ ചരിത്രപരമായ ഒരു പഠനമാണ് ഈ ബൃഹത് ഗ്രന്ഥം. ഇതു വയിച്ചു പോകുമ്പോൾ ഇന്നലെകളുടെ പടവുകൾ ചവിട്ടിത്തള്ളി മാർത്തോമ്മ വന്ന കാലത്തുചെന്ന് അദ്ദേഹത്തെ സ്വീകരിച്ച്, അദ്ദേഹത്തിന്റെ പ്രേഷിത പര്യടനങ്ങളെ പിന്തുടർന്ന് അവിടുത്തെ മരണത്തിനു സാക്ഷ്യം വഹിക്കുക എന്ന അനുഭവം അനുവാചകരിലുണ്ടാകുന്നു.

തികഞ്ഞ ത്യാജ്യഗ്രാഹ്യവിവേചനദീക്ഷയോടെയാണ് ശ്രീ. ജോസഫ് വിഷയവിഭജനം നടത്തിയിരിക്കുന്നത്. വെറും കാലക്രമപരമായ ഒരു ചരിത്രം എന്നതിലേറെ കേരള ക്രൈസ്തവരെ സംബന്ധിച്ച് ചരിത്ര വസ്തുതകൾ പ്രബന്ധ രൂപത്തിൽ ഓരോ അദ്ധ്യായത്തിലും അവതരിപ്പിക്കാനാണ് ഗ്രന്ഥകർത്താവു ശ്രമിച്ചിട്ടുള്ളത്. ചരിത്ര സംഭവങ്ങളെയും കാലങ്ങളെയും കുറിച്ച് ചരിത്ര പണ്ഡിതന്മാരുടെയിടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടാവുക തികച്ചും സ്വാഭാവികമാണല്ലോ. നമ്പൂതിരി ആചാരങ്ങളും കേരളക്രൈസ്തവാചാരങ്ങളും താരതമ്യം ചെയ്യാൻ (പേ.69 -73) ഒരു പക്ഷേ, ഇനിയും കൂടുതൽ ശാസ്ത്രീയ ഗവേഷണങ്ങൾ ആവശ്യമാണ്. നാലു ചെപ്പേടുകൾ സംബന്ധിച്ച കാര്യങ്ങൾ, അവയുടെ എണ്ണം, കാലം, വ്യാഖ്യാനം തുടങ്ങിയവയെക്കുറിച്ചു ചരിത്ര പണ്ഡിതന്മാരുടെയിടയിൽ ഏകാഭിപ്രായം ഉണ്ടായിട്ടില്ല എന്നതും വിസ്മരിക്കാവതല്ല. ഒരേ ചെപ്പേടിന്റെ വക ഭേദങ്ങളാണ് നാലും എന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നവരുമുണ്ട്. അതുപോലെ തന്നെ

www.malankaralibrary.com

വില്ലാർവട്ടം രാജകുടുംബത്തെ സംബന്ധിച്ചുള്ള നിഗമനങ്ങളും മുഖവിലയ്ക്കു സ്വീകരിക്കാൻ തക്ക തെളിവുകൾ ഇനിയും വേണ്ടിയിരിക്കുന്നു എന്ന നിലപാടാണ് ചില പണ്ഡിതന്മാർക്കുള്ളത്. ക്രിസ്ത്യാനികളുടെ സംരക്ഷകരായിരുന്നു വില്ലാർവട്ടം രാജാക്കന്മാർ എന്നതു ശരിയാണ്. പക്ഷേ അവരുടേത് ക്രൈസ്തവരാജകുടുംബമായിരുന്നെന്നു സ്ഥാപിക്കാൻ വളരെ പ്രയാസമുണ്ട്.

ഉദയംപേരൂർ സുനഹദോസ്, 'കൂനൻ കുരിശു സത്യം' തുടങ്ങിയ സുപ്രധാന ചരിത്ര സംഭവങ്ങളുടെ അടിയൊഴുക്കുകളൊക്കെ മുൻവിധി കൂടാതെ ചിത്രീകരിച്ചിരിക്കുന്നത് ശ്ലാഘനീയമായിട്ടുണ്ട്. ഒരാളെയും പുകഴ്ത്താനോ ഇകഴ്ത്താനോ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടില്ല എന്നത് ഭിന്ന റീത്തുകാരെയും അകത്തോലിക്കരെയും പറ്റി പറയുന്നിടത്ത് പ്രസ്പഷ്ടമാണ്. ക്രൈസ്തവർ നടത്തുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഏറെക്കുറെ കൃത്യമായ സ്ഥിതി വിവിരക്കണക്കുകൾക്കു പുറമേ, സാഹിത്യാദി രംഗങ്ങളിലുള്ള സ്ഥാനനിർണ്ണയവും ഗ്രന്ഥാവസാനത്തിൽ ചേർത്തിരിക്കുന്നത് ഉചിതമായിരിക്കുന്നു.

മാർത്തോമ്മായുടെ 19-ാം ചരമ ശതാബ്ദിസ്മാരകമായി വിരചിതമായിരിക്കുന്ന ഈ ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് സ്നേഹപൂർവ്വം എന്നെ അനുവദിച്ച ഗ്രന്ഥകാരനെ മാർത്തോമ്മാ സമൃദ്ധിയായി അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

## ഗവേഷണപദ്ധതി

"എം.ഒ. ജോസഫിന്റെ ഗവേഷണ പദ്ധതി തികച്ചും ശാസ്ത്രവിധി പ്രകാരമാണ്. ഗവേഷണരംഗത്തു വ്യാപരിയ്ക്കുന്ന ഒരാൾക്കുണ്ടായിരിക്കേണ്ട ശീലങ്ങൽ പൂർണ്ണമായും നെടുങ്കുന്നത്തിൽ പ്രകടമായിരുന്നു.

1. അസാധാരണമായ ഓർമ്മശക്തി അദ്ദേഹത്തിന്റെ അപൂർവ്വ സിദ്ധികളിലൊന്നായിരുന്നു. താൻ വായിച്ച പുസ്തകങ്ങളിൽ നിന്നു നോട്ടുകൾ കുറിച്ചെടുക്കാനും. അവയെ സ്മൃതിപഥത്തിലെന്നും സ്മരിക്കാനുള്ള നിത്യ വഴക്കം ചെറുപ്പം മുതലേ അദ്ദേഹം നേടിയെടുത്തിരുന്നു. (2) നിരന്തരമായ വായന മറ്റൊരു സ്വഭാവ വിശേഷമാണ്. എന്തു വായിക്കണമന്നും എങ്ങിനെ വായിക്കണമെന്നും. തള്ളേണ്ട പുസ്തകങ്ങളേതെല്ലാമാണെന്നും വില കൊടുത്തു വാങ്ങേണ്ട കൃതികൾ ഏതെല്ലാമാണെന്നും വളരെ വ്യക്തമായ ധാരണയോടെയാണ് വായനയിൽ വ്യാപൃതനാകാറുള്ളത്. അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധങ്ങളിൽ പരന്ന വായനയുടെ വാതായനങ്ങൾ മലർക്കെ തുറന്നിട്ടു തരുന്ന രംഗങ്ങൾ ധാരാളം കാണാം. (3) നിർമ്മാണത്തിനുള്ള ഉപാദാനങ്ങ(സോർസ് മറ്റീരിയൽസ്) ളെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. വില്ലാർവട്ടം, തച്ചിൽ മാത്തുത്തരകൻ കേരള സഭാ താരങ്ങൾ, പൗളി

www.malankaralibrary.com

നോസ് പാതിരിയുടെ കൃതികൾ, കേരള ക്രിസ്ത്യാനികൾ, മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നീ ഗ്രന്ഥങ്ങളുടെ രചനയിൽ ഉപയോഗിച്ചിട്ടുള്ള ചരിത്രവസ്തുക്കളുടെ എണ്ണവും സ്വഭാവവും ഗവേഷകന്റെ അന്വേഷണ മണ്ഡലത്തിന്റെ വ്യാപ്തി വിളിച്ചറിയിക്കുന്നവയാണ്. (4) അദ്ദേഹം വരമൊഴിയിൽ മാത്രം തൃപ്തിപ്പെടാതെ വാമൊഴിയിലും അനുസ്യൂതം പയറ്റിത്തെളിഞ്ഞ വ്യക്തിയാണ്. മനസ്സിലൂറിക്കിടക്കുന്ന ചിന്താശകലങ്ങളെ പഠിക്കാനും വിലയിരുത്താനും ശ്രമിച്ചിരുന്നു. (5) പണ്ഡിതന്മാരും ചരിത്രാന്വേഷകരും ഗവേഷകപടുക്കളുമായ വലിയൊരു മണ്ഡലത്തിലായിരുന്നു അദ്ദേഹത്തിന്റെ നിത്യജീവിതം. സാഹിത്യരംഗത്ത് ഉള്ളൂരിനെപ്പോലെയുള്ളവരും സഭാരംഗത്ത് ഫാ. പ്ലാസിഡിനെപ്പോലുള്ളവരും അദ്ദേഹത്തിന്റെ ഗവേഷണ മാർഗ്ഗത്തിൽ വെളിച്ചവും ശക്തിയും പകരുവാനുണ്ടായിരുന്നു (6) അവിരാമവും അനുസ്യൂതവുമായ മസ്തിഷ്ക്ക പ്രവർത്തനം ജീവിതാന്ത്യംവരെ അത് തുടർന്നുകൊണ്ടിരുന്നു എന്നുള്ളതുകൊണ്ട് കൺടിന്വിറ്റി ഓഫ് ഇന്റലക്ചൽ വർക്ക് മാത്രമായിരുന്നു ശക്തിയും സമ്പത്തും. ജീവിതായോധനത്തിന്റെ വിഭിന്ന മാർഗ്ഗങ്ങളിൽ അദ്ദേഹം സഞ്ചരിക്കുമ്പോഴും ഗവേഷകന്റെ സ്ഥായീഭാവം അദ്ദേഹം ഒരിക്കലും കൈവെടിഞ്ഞിരുന്നില്ല. (7) കൃതികളുടെ എണ്ണവും വിഷയത്തിന്റെ സ്വഭാവവും പരിശോധിക്കുമ്പോൾ ക്രൈസ്തവ മത-സാഹിത്യ-ചരിത്ര സാമൂദായിക- പഠനക്കളരിയിലാണ് നെടുങ്കുന്നം അനായാസേന പയറ്റിത്തെളിഞ്ഞിട്ടുള്ളതെന്ന് വ്യക്തം. ജനിച്ച സമുദായത്തോട് കൂറ് പുലർത്തി, തന്റെ വിശ്വാസപ്രമാണങ്ങളെ ക്രൈസ്തവാദർശങ്ങളെ - മാറോടമർത്തിപിടിച്ച് ജീവിച്ച മഹാനായ ഒരു നസ്രാണിയുടെ വ്യക്തിത്വം ഗവേഷണപഠനങ്ങളിൽ മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഒരു ഗവേഷകന്റെ ദൗർബല്യമാണെന്ന് അതിനെ വ്യാഖ്യാനിക്കാം. പക്ഷെ കാലത്തിനും ദേശത്തിനും സാമുദായിക ശക്തികൾക്കും സ്വാധീനിക്കാൻ കഴിയാത്ത ഗവേഷകന്മാരെത്രയുണ്ട്? (8) ഗവേഷണ വിഷയത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുക, നിഗമനത്തിലേയ്ക്കു കുതിച്ചു ചാടാതിരിക്കുക, കണ്ടുപിടുത്തത്തിന്റെ മാസ്മരശക്തിക്കു വിധേയനാവാതെ വിലയിരുത്തുക എന്നീ ഗവേഷക ധർമ്മങ്ങളുടെ അസുലഭ സിദ്ധികൾ കൈവന്ന വ്യക്തിയായിരുന്നു എം.ഒ.ജോസഫ് (9) പത്രപ്രവർത്തകന്റെ വാചാലതയേക്കാൾ ചരിത്രാന്വേഷകന്റെ മിതത്വവും ചെത്തിമിനുപ്പും പ്രതിപാദനത്തിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. (10) ഗവേഷകന്റെ മാനിസികനിലയെ ധാർമ്മികവും മനശാസ്ത്രപരവുമായ സ്ഥിതിവിശേഷത്തിൽ നിർത്തുന്നതിന് സ്പിരിചൽ ഡിസ്പൊസിഷൻസ് -ആദ്ധ്യാത്മിക ജന്മസ്വഭാവങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. ധാർമ്മികമായ മൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിച്ച മനീഷായുടെ പരിപേക്ഷ്യം എം.ഒ. ജോസഫിനുണ്ടായിരുന്നു."

(എം.ഒ.യുടെ ജീവിതസ്മരണകൾ പേജ് 17,18,19).

www.malankaralibrary.com

# 11. പത്രപ്രവർത്തനം

സത്യദീപം, ഗോമതി, മലബാർ മെയിൽ, ദീപിക, തൊഴിലാളി മുതലായ പത്രങ്ങളിൽ സ്ഥിരമായി എഴുതിക്കൊണ്ടിരുന്ന എം.ഒ. മികച്ചൊരു ജേർണലിസ്റ്റു കൂടിയായിരുന്നു. മലബാർ മെയിലിന്റെ വിജയത്തിനു മുഖ്യ കാരണം അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനമാണെന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മലയാളമനോരമ, മാതൃഭൂമി, കേരളഭൂമി തുടങ്ങിയ പത്രങ്ങളിലും എം.ഒയുടെ ലേഖനങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. ഏറ്റം കൂടുതൽ കാലം സത്യദീപം -മലബാർ മെയിൽ ഓഫീസിലാണ് പ്രവർത്തിച്ചത്.

പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ച് സത്യദീപം സഹപത്രാധിപരായി എറണാകുളത്ത് ചെന്നത് 1931 നവംബർ 7-നാണ്. തുടർന്നുള്ള കാലത്തെപ്പറ്റി എം.ഒ. ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"അതിനുശേഷമുള്ള കഴിഞ്ഞ 26 കൊല്ലങ്ങളിൽ 21 കൊല്ലങ്ങളും ഞാൻ ഈ മതിൽക്കെട്ടിനകത്താണു ജോലി ചെയ്തിട്ടുള്ളത്. 1942 മുതലുള്ള ഒടുവിലത്തെ 15 കൊല്ലങ്ങൾ മലബാർ മെയിൽ സ്റ്റാഫിലെ ഒരംഗവുമായിരുന്നു. എന്റെ കഴിവനുസരിച്ച് ആത്മാർത്ഥമായി, മെയിലിനെയും സമുദായത്തെയും സേവിച്ചിട്ടുണ്ടെന്നാണു എന്റെ വിശ്വാസം. പക്ഷെ ഇന്നു ഞാൻ രോഗിയും ദരിദ്രനുമാണ്. രോഗത്തിനു ചികിത്സിക്കാൻ പോലും കാശില്ലാത്ത ഒരു ദരിദ്രൻ, ഇന്ന് ആർക്കും വേണ്ടത്താവൻ.

മലബാർ മെയിലിന്റെ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ ഘട്ടമായിരുന്നു 1941-42. അക്കാലത്തു ഞാൻ 100രൂപ ശമ്പളത്തിൽ വി. സുന്ദരയ്യർ ആൻഡ് സൺസിന്റെ എറണാകുളം ശാഖയുടെ മാനേജരായിരുന്നു. 1941 ഏപ്രിൽ മാസത്തിൽ ഒരു ദിവസം രാത്രിയിലാണു മലബാർ മെയിൽ മാനേജർ റവ. ഫാദർ തോമസ് വെളുത്തേടത്ത് എന്നെ വിളിച്ചുവരുത്തി മെയിലിന്റെ ജോലി ഏറ്റെടുക്കണമെന്നു അഭ്യർത്ഥിച്ചത്. അന്നു മെയിൽ തീർത്തും നഷ്ടത്തിലാണു നടന്നിരുന്നത്. അതിനാൽ തൽക്കാലം ശമ്പളമൊന്നും ക്ലിപ്തപ്പെടുത്തുന്നില്ലെന്നും, മെയിലിനുണ്ടാകുന്ന ആദായം ജോലിക്കാർക്കു വീതിച്ചെടുത്തക്ക വ്യവസ്ഥയാണുള്ളതെന്നും അദ്ദേഹം ഉറപ്പു നൽകി. ഒരു കത്തോലിക്കാ സ്ഥാപനത്തിൽ ജോലി ചെയ്യാനുള്ള ആഗ്രഹം കൊണ്ടും മെയിലിനു ആദായമുണ്ടാക്കാമെന്നുള്ള ബോദ്ധ്യം കൊണ്ടും ഞാൻ മെയിലിൽ ജോലി സ്വീകരിച്ചു. സുന്ദരയ്യർ ആൻഡ് സൺസിൽ ജോലിയിലിരുന്ന കാലത്ത് എന്റെ ചില പുസ്തകങ്ങൾ പാഠപുസ്തകങ്ങളായ വകയിൽ എന്റെ പക്കൽ പണം ഉണ്ടായിരുന്നതു കൊണ്ടും, തൽക്കാലം ശമ്പളമില്ലെങ്കിലും ജോലി ചെയ്യുവാൻ എനിക്കു കഴിഞ്ഞു.

www.malankaralibrary.com

അക്കാലത്തു എന്നെക്കൂടാതെ പി.കെ. ഇട്ടുപ്പ്, ജേക്കബ് കിത്തു, എം.എം വർക്കി എന്നിവരായിരുന്നു സ്റ്റാഫിലുണ്ടായിരുന്നത്. മലബാർ മെയിൽ തീർത്തും നഷ്ടത്തിലായ ഘട്ടത്തിൽ ഇട്ടുപ്പ് വളരെ ആദായകരമായ യുദ്ധസേവനത്തിനു പോയി. യുദ്ധം കഴിയുകയും, മെയിലിന്റെ സാമ്പത്തിക സ്ഥിതി നന്നാകുകയും ചെയ്തശേഷമേ അദ്ദേഹം മടങ്ങി വന്നുള്ളു. ജേക്കബ് കിത്തു 1945-ൽ രാജിവെക്കുന്നതുവരെ ആഫീസിൽ വരികയും ഒരു മുഖപ്രസംഗമെഴുതുകയും മാത്രം ചെയ്തിരുന്നു. തന്മൂലം 1948-ൽ മി. എം.എം.വർക്കി പിരിയുന്നതുവരെ യഥാർത്ഥമായി ജോലി ചെയ്യുന്നതിനു കൊച്ചിയിലും തിരുവനന്തപുരത്തുമല്ലാതെ സ്വന്തം ലേഖകന്മാരുണ്ടായിരുന്നില്ല. അതിനാൽ പത്രത്തിനുവേണ്ടിയിരുന്ന മാറ്റർ മുഴുവൻ ആഫീസിൽ നിന്നു തന്നെ എഴുതേണ്ടിയിരുന്നു. 1949 ജനുവരി 29-ാം തീയതി എം.എം. വർക്കി കാലം ചെയ്ത പിതാവിനു സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ഒരു വാചകം ഉദ്ധരിച്ചാൽ ആഫീസുജോലിയുടെ ഭാരം ആർക്കായിരുന്നുവെന്നു മനസിലാകും." 'പത്രത്തിൽ ഒരു ലേഖനം എഴുതി അങ്ങനെയും ഒരു കൈക്കുറ്റപ്പാടു എനിക്കു ഉണ്ടായിട്ടില്ല" എന്നാണു മി.വർക്കി തന്നെപ്പറ്റിത്തന്നെ പറഞ്ഞിരിക്കുന്നത്.

വർക്കിയുടെ ആ മെമ്മോറാണ്ടത്തിൽ നിന്നു ഒരു ഭാഗം കൂടെ ഉദ്ധരിച്ചു കൊള്ളട്ടെ "പി.കെ. ഇട്ടുപ്പു കൂടുതൽ ശമ്പളം കിട്ടുകയാൽ യുദ്ധസേവനത്തിനു പോയി. ആ സ്ഥാനത്തു ആഫീസിൽ ജോലി ചെയ്തിരുന്നതു എം.ഒ ജോസഫാണ്. അദ്ദേഹം മലബാർ മെയിലിനു വേണ്ടി രാത്രിയും പകലും ചെയ്തിട്ടുള്ള സേവനങ്ങൾ കുറച്ചൊന്നുമല്ല. നാടും കുടുംബവും വിട്ട് ഇവിടെ വന്നു യുദ്ധകാലത്തെ എല്ലാവിധമായ അസൗകര്യങ്ങളും സഹിച്ചു കൊണ്ട്, എന്നെപ്പോലെ നാമമാത്രമായ വേലക്കൂലി വല്ലപ്പോഴുമെല്ലാം പറ്റിക്കൊണ്ട്, രാവിലെ ഏഴുമണിമുതൽ വൈകുന്നേരം ഏഴുമണിവരെയും ചിലപ്പോൾ രാത്രിയിലും ജോലി ചെയ്തു മലബാർ മെയിലിനെ പുനരുദ്ധരിക്കുന്നതിനും അതിനു പ്രചാരവും പ്രസിദ്ധിയും ഉണ്ടാക്കുന്നതിനും അദ്ദേഹം നിരന്തരം ചെയ്തിട്ടുള്ള അദ്ധ്വാനങ്ങളും സമുദായത്തിന്റെ അവകാശ സംരക്ഷണത്തിനു വേണ്ടി ചെയ്തിട്ടുള്ള സമരങ്ങളും, തദ്വാരാ ലഭിച്ചിട്ടുള്ള പല നേട്ടങ്ങളും എന്നും കൃതജ്ഞതാപുരസ്സരം സ്മരിക്കപ്പെടേണ്ടതാകുന്നു. ഏതാനും വർഷക്കാലം യുദ്ധസേവനത്തിനു പോയി ധാരാളം പണം സമ്പാദിക്കുവാൻ ഭാഗ്യമുണ്ടായ ഇട്ടുപ്പ് യുദ്ധം അവസാനിച്ചതോടുകൂടി മടങ്ങി വന്നു. അപ്പോഴേക്കും ജേക്കബ് കിത്തു അദ്ദേഹത്തിന്റെ എട്ടു പത്തു കൊല്ലത്തെ മലബാർ മെയിൽ സേവനം മതിയാക്കി പിരിഞ്ഞുപോകാൻ നിർബന്ധിതനാവുകയും ചെയ്തിരുന്നു.

"അങ്ങനെ വീണ്ടും മലബാർ മെയിൽ സ്റ്റാഫിൽ മൂന്നുപേർ മാത്രമായി. ഇതിൽ യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്ന ഇട്ടുപ്പു കോട്ടയത്തെ രണ്ടു പത്രങ്ങളുടെ ഒരു റിപ്പോർട്ടറും പരസ്യം പിടിക്കുന്ന ഒരു ഏജന്റുമായി ത്തീർന്നു. അങ്ങനെ ഗണ്യമായ ഒരു വരുമാനം അദ്ദേഹത്തിനു പ്രതിമാസം

www.malankaralibrary.com





ലഭിച്ചു തുടങ്ങി. അദ്ദേഹം മലബാർ മെയിലിന്റെ ഒരു പരസ്യം ഏജന്റായി കൂടി അംഗീകരിക്കപ്പെട്ടു, പരസ്യത്തിന്റെ നാലിലൊന്നു കമ്മീഷന് അങ്ങനെ അദ്ദേഹം അവകാശിയായി. ഈവക ജോലികൾക്കു പുറമേയാണു മലബാർമെയിൽ സ്റ്റാഫിലെ ഒരംഗമെന്ന നിലയിൽ അദ്ദേഹം ജോലിചെയ്തിരുന്നത്. പണമുണ്ടാക്കുന്ന വിവിധ ജോലികളിലും താല്പര്യങ്ങളിലും വ്യാപൃതനായിരുന്ന അദ്ദേഹത്തിനു മെയിലിന്റെ നടത്തിപ്പിൽ കാര്യമായി പ്രവർത്തിക്കുവാനോ അതിന്റെ അഭിവൃദ്ധിക്കായിക്കൊണ്ടു ഉത്സാഹമായി പരിശ്രമിക്കാനോ, ആവശ്യം ചെയ്യേണ്ട ജോലികൾ യഥാകാലം ചെയ്തു തീർക്കുന്നതിനോ സമയമില്ലാതായി. പ്രതിദിനം ശരാശരി മൂന്നുനാലു മണിക്കൂറിൽ കൂടുതൽ അദ്ദേഹം ആഫീസിൽ ഇരുന്നിട്ടേയില്ല. രണ്ടുമൂന്നു കോളം മാറ്ററിൽ കൂടുതൽ എഴുതിയിരുന്നുമില്ല. എങ്കിലും സ്റ്റാഫിലെ ഒരു അംഗമെന്ന നിലയിലുള്ള ശമ്പളം മുഴുവൻ പറ്റിയിരുന്നു.

"ഇങ്ങനെ പത്രത്തിന്റെ ജോലി ഏറെക്കുറെ മുഴുവൻ തന്നെയും ഞാനും ജോസഫും കൂടിയാണു നിർവ്വഹിച്ചിരുന്നത്. ഇതിനിടെ ജോസഫ് സത്യദീപത്തിന്റെ ജോലികൂടി വഹിച്ചിരുന്നു. അതുകാരണം അദ്ദേഹത്തിനു രാപ്പകൽ പിടിപ്പതു ജോലി ഉണ്ടായിരുന്നു. എങ്കിലും ഞങ്ങൾ രണ്ടുപേരും കൂടി ഇടതടവില്ലാതെ വേല ചെയ്തിരുന്നതിനാൽ പത്രനടത്തിപ്പിൽ യാതൊരു കുഴപ്പവും നേരിട്ടിരുന്നില്ല. ആവശ്യമായ ലേഖനങ്ങൾ അത്രയും ജോസഫ് തന്നെ എഴുതിയിരുന്നു. പ്രൂഫ് വായനയിൽ ഗണ്യമായ ഒരു ഭാഗവും അദ്ദേഹം വഹിച്ചിരുന്നു. അതിനു പുറമേ തലസ്ഥാന ചെയ്തികളും നിയമസഭാ റിപ്പോർട്ടുകളും അദ്ദേഹം തന്നെ തയ്യാറാക്കിത്തന്നിരുന്നു. സ്റ്റാഫിൽ എന്ന പോലെ കമ്പോസിങ്ങ് സെക്ഷനിലും ആവശ്യം വേണ്ടത്ര ജോലിക്കാർ ഉണ്ടായിരുന്നില്ല. ഇതുകാരണം ഞാനും ജോസഫും എല്ലാ ദിവസവും രാത്രി ഏഴുമണിവരെ ചിലപ്പോൾ അതിൽ കൂടുതൽ സമയം ഇരുന്നു ജോലി ചെയ്യേണ്ടി വന്നിരുന്നു." (ഡോക്ടർ ജോസഫ് പാറക്കാട്ടിലിന് നൽകിയ മെമ്മോറണ്ടത്തിൽ നിന്ന്, 1968 ഡിസംബർ 12).

എം.ഒ. ജോസഫ് 1958-ൽ മലബാർ മെയിലിൽ നിന്നു പിരിഞ്ഞു. 26 വർഷക്കാലത്തെ കത്തോലിക്ക പത്രപ്രവർത്തനത്തിലെ അവിസ്മരണീയമായ പലസംഭവങ്ങളും അദ്ദേഹം ആർച്ചു ബിഷപ്പ് പാറക്കാട്ടിലിനു നൽകിയ മെമ്മോറാണ്ടത്തിൽ വിവരിച്ചിട്ടുണ്ട്. 1948 സെപ്റ്റംബറിൽ എം.എം. വർക്കിയെ മലബാർമെയിലിൽ നിന്നും പിരിച്ചു വിട്ടിരുന്നു. അദ്ദേഹം 1949-ൽ ആർച്ചുബിഷപ്പ് കണ്ടത്തിലിനു നൽകിയ മെമ്മോറാണ്ടവും ശ്രദ്ധേയമാണ്. 1955 ഡിസംബർ 15-നു എം.ഒ ജോസഫും വേതനവും സേവന വ്യവസ്ഥകളും സംബന്ധിച്ചു ഒരു മെമ്മോറാണ്ടം ആർച്ചുബിഷപ്പിനു നൽകി. 1956 മെയ് മാസം മുതൽ 'സത്യദീപ'ത്തെ സഹായിക്കുവാൻ എം.ഒ പ്രത്യേകം നിയുക്തനായി. മലബാർ മെയിൽ വാരാന്ത്യപ്പതിപ്പിന്റെ ചുമതലയും അദ്ദേഹത്തിനായി. 1957 ഏപ്രിൽ 14 വരെ ഈ നില തുടർന്നു. അപ്പോഴാണ് രോഗബാധിതനായത്. തൽക്കാലത്തേക്ക് ലീവെടുത്തു. അത് പിരിഞ്ഞു പോരലിൽ കലാശിച്ചു. വളരെ

www.malankaralibrary.com

വേദനയോടു കൂടിയാണു ഇക്കാലഘട്ടത്തെപ്പറ്റി എം.ഒ. 1976-ലെ കത്തോലിക്കാ കോൺഗ്രസ് അവാർഡ് ദാന സമ്മേളനത്തിൽ പ്രസ്താവിച്ചത്.

"സത്യദീപത്തിന്റെ സഹപത്രാധിപരായിട്ടാണല്ലോ എന്റെ 19-ാമത്തെ വയസിൽ ഞാൻ എറണാകുളത്തിനു പോയത്. എനിക്കു മുൻപു ഒരു കൃഷ്ണ വാര്യർ ആയിരുന്നു സഹപത്രാധിപർ. അതുകൊണ്ടോ എന്തോ സത്യദീപം അച്ചടിക്കുന്നതിനു അംഗീകാരം വാങ്ങണമെന്നു നിയമമുണ്ടായിരുന്നു. പ്രമാദങ്ങൾ കടന്നു കൂടാതിരിക്കുന്നതിനുള്ള ഒരു മുൻകരുതൽ ആയിരുന്നു ഈ സെൻസറിങ്ങ്. പ്രമാദങ്ങൾ കടന്നുകൂടാതിരിക്കുന്നതിനുള്ള ഒരു പരിശോധന ഒരു അല്മേനിക്കു നടത്തിക്കൂടെന്നുണ്ടോ? ഈ ചിന്തയാണു കത്തോലിക്ക ദൈവശാസ്ത്രവും സന്മാർഗ്ഗ ശാസ്ത്രവും കാനൻനിയമവും കുറേയൊക്കെ മനസ്സിലാക്കുന്നതിനു എന്നെ പ്രേരിപ്പിച്ചത്. എന്റെ ശ്രമം ഫലിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഞാൻ പരിശോധിച്ചതാണെങ്കിൽ സെൻസറിങ്ങിനായി കൊണ്ടുചെല്ലേണ്ടതില്ലെന്നു വികാരി ജനറാൾ പ്രസ് ഫോർമാനോടി പറഞ്ഞു. ഈ അംഗീകാരം എനിക്കു പ്രോത്സാഹജനകമായിരുന്നെങ്കിലും അതെനിക്കു ആപത്തായിത്തീർന്നു. ഒരാഴ്ചയ്ക്കുള്ളിൽ അപ്രതീക്ഷിതമായി ഞാൻ സത്യ ദീപത്തിൽ നിന്നു നിഷ്ക്കാസിതനായി. ഞാൻ 'വളർന്നുപോയി' എന്നായിരുന്നു പ്രധാന പത്രാധിപരുടെ പ്രതികരണം. ഒരു ചായക്കുള്ള കാശുപോലും കൈയി ലില്ലാതെ ഞാൻ സത്യദീപം ആഫീസിൽ നിന്നു ഇറങ്ങിപ്പോരേണ്ടിവന്നു.

പത്തുപതിനെട്ടു വർഷങ്ങൾക്കു ശേഷം ഇതേ അനുഭവം വീണ്ടും എനിക്കുണ്ടായി. സത്യദീപം പത്രാധിപരായിരുന്ന റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ എറണാകുളം മെത്രാപ്പോലീത്തായാകുകയും പത്രാധിപർ ഫാദർ ജേക്കബ്ബു നടുവത്തുശ്ശേരി സ്ഥാനം പൂർണ്ണമായി ഒഴിയുകയും ചെയ്ത പ്രതി സന്ധിയിൽ സത്യദീപത്തിനു ഒരു സഹായി വേണ്ടിവന്നു. അതിലേക്കു റവ.ഡോ. പാറേക്കാട്ടിൽ എന്നെ നിയോഗിച്ചു. നടുവത്തുശ്ശേരിയച്ചൻ ഇതേ വരെ കൈകാര്യം ചെയ്തിരുന്ന ചോദ്യോത്തരപംക്തി, വിമർശന പംക്തി എന്നിവയും "കത്തോലിക്കാലോക'വും ഉൾപ്പടെ ആഴ്ചയിൽ ശരാശരി 10 കോളം മാറ്റർ ഞാൻ എഴുതിക്കൊണ്ടിരുന്നു. കത്തോലിക്ക പഠനങ്ങൾക്കും ദൈവശാസ്ത്ര സിദ്ധാന്തങ്ങൾക്കും യോജിച്ച വിധത്തിൽ ചോദ്യകർത്താവിനു തൃപ്തികരമായ മറുപടി നൽകുക വിഷമകരമായ ഒരു പ്രശ്നമായി രുന്നു. എങ്കിലും 300-ൽ പരം ചോദ്യങ്ങൾക്കു ഞാൻ ഉത്തരം നൽകി. ഒരു വൈദികന്റെയും സഹായം കൂടാതെ ഞാൻ എഴുതിക്കൊടുത്ത മറുപടിയിൽ ഒരു കോമയെങ്കിലും മാറ്റേണ്ട സന്ദർഭം പത്രാധിപർക്കുണ്ടായിട്ടില്ല. അതുപരസ്യമായി ഏറ്റുപറയേണ്ട ഒരു സന്ദർഭം അദ്ദേഹത്തിനുണ്ടായി.

ഒരിക്കൽ ആഫീസിൽ ജോലി ചെയ്തു കൊണ്ടിരിക്കെ എനിക്കു ബോധക്ഷയമുണ്ടായി. എന്റെ സഹപ്രവർത്തകർ എന്നെ എടുത്തു ലിസി ആശുപത്രിയിൽ കൊണ്ടു ചെന്നാക്കി. അവിടെ ചെന്നതിന്റെ പിറ്റേദിവസം മുതൽ അവിടെ കിടന്നു കൊണ്ടു പ്രൂഫ് വായന ഉൾപ്പടെയുള്ള പത്രത്തിന്റെ

www.malankaralibrary.com

ജോലി ഞാൻ തുടർന്നു കൊണ്ടിരുന്നു. എങ്കിലും ഒരു മൂന്നുമാസമെങ്കിലും ഞാൻ ആശുപത്രിയിൽ തന്നെ താമസിച്ചു വിശ്രമിക്കണമെന്നായിരുന്നു മോൺ വർഗീസു പുതുശ്ശേരി, ഫാ. ജോസഫ് വിതയത്തിൽ മുതലായവരുടെ നിർബന്ധപൂർവ്വമായ ഉപദേശം. 15 ദിവസം കഴിഞ്ഞപ്പോൾ 60 രൂപ മുറിവാടകയ്ക്കു എനിക്കു ബിൽ കിട്ടി. ഞാൻ താമസിച്ചിന്നതിനു എല്ലാ വിധത്തിലും സമാനമായ ഒരു മുറിയിൽ മുട്ടുച്ചിറക്കാരൻ ഒരു വൈദികൻ താമസിച്ചിരുന്നു. അദ്ദേഹത്തിനു 15 രൂപായായിരുന്നു വാടക. ഞാൻ ഉടനെ 60 രൂപ മുറിവാടകയും കൊടുത്ത് ആശുപത്രി വിട്ടുപോന്നു. എന്റെ ഈ ബിൽ പ്രശ്നം അരമനയിലെ ഊട്ടുമുറിയിൽ ചർച്ചാവിഷയമായി. മുട്ടുചിറക്കാരൻ വൈദികനായതു കൊണ്ടാണു അദ്ദേഹത്തിനു വാടക കുറച്ചതെന്നായിരുന്നു ആശുപത്രി ഡയറക്ടരുടെ സമാധാനം. ഞാൻ ഒരു വൈദികനല്ലെങ്കിലും സത്യദീപത്തിനൊരു വൈദികൻ ചെയ്തുകൊണ്ടിരുന്ന അതേ ജോലി ഞാൻ ചെയ്യുന്നല്ലോയെന്നതു എനിക്കു ആപത്തിനു കാരണമായി.

പതിനെട്ടു വർഷത്തോളം ശമ്പളം പറ്റാതെ ഞാൻ ജോലി ചെയ്തുകൊണ്ടിരുന്ന മലബാർമെയിൽ പത്രത്തിൽ നിന്നും വെറും കൈയോടെ ഇറങ്ങിപ്പോരേണ്ടി വന്നു. ഉടനെ എറണാകുളം തന്നെ വിട്ടുപോകണമെന്ന് എനിക്കു തോന്നി. പക്ഷെ ഹോട്ടലിലും മറ്റുമായി നല്ലൊരു സംഖ്യക്കു ഞാൻ കടക്കാരനായിരുന്നു. കടം വീട്ടുന്നതിനു മറ്റു വഴി കാണാതെ സത്യദീപത്തെ സേവിച്ച വകയിൽ വല്ലതും തന്നു സഹായിക്കാമോ എന്നു പത്രാധിപർക്ക് ഒരു കത്തെഴുതി ചോദിച്ചു. ഏതാണ്ടു 1500 കോളം മാറ്റർ ഞാൻ സത്യദീപത്തിനു എഴുതിയിട്ടുണ്ടായിരുന്നതിനാൽ ആഴ്ചയിൽ 5 രൂപ വച്ചു തന്നാൽ തന്നെ 750 രൂപ എനിക്കു പ്രതീക്ഷിക്കാമായിരുന്നു. അവ എഴുതുന്നതിനു വേണ്ടിവന്ന സമയനഷ്ടവും ഉപയോഗിച്ച കടലാസിന്റെയും മഷിയുടെയും വിലയും കണക്കാക്കിയാൽ ഇത് അധികമല്ലല്ലോ. പക്ഷെ സത്യദീപം പത്രാധിപരുടെ പേരിൽ എനിക്കു ലഭിച്ച മറുപടി സത്യദീപം ലേഖകന്മാർക്കു പ്രതിഫലം കൊടുക്കാറില്ലാന്നായിരുന്നു. സംപൂജ്യമായ ഈ മറുപടി ഭദ്രമായി സൂക്ഷിച്ചു പോരുന്നു.

വേലക്കാരന് അവന്റെ കൂലി കൊടുക്കുന്നതിനു മുൻപു സൂര്യൻ അസ്തമിക്കാതിരിക്കട്ടെയെന്ന വേദപുസ്തക വാക്യം പരിശുദ്ധാത്മാവിനാൽ നിവേശിതമാണോയെന്നു ഇന്നു ഞാൻ സംശയിക്കുകയാണ്. ഉത്തരിപ്പുകടത്തെപ്പറ്റിയുള്ള സഭയുടെ പഠനത്തിലുള്ള വിശ്വാസവും എനിക്കു നഷ്ടപ്പെട്ടിരിക്കുകയാണ്. ദിവസം ശരാശരി 14 മണിക്കൂർ വീതം 18 വർഷം മലബാർ മെയിലിനും സത്യദീപത്തിനും മാർ ളൂയിസു മെമ്മോറിയൽ പ്രസിനും മറ്റും ഞാൻ ചെയ്തിട്ടുള്ള സേവനം പ്രതിഫലം അർഹിക്കുന്നതാണോയെന്ന പ്രശ്നം അവയുമായി ബന്ധപ്പെട്ടവരുടെ മനസാക്ഷിക്കു ഞാൻ വിട്ടിരിക്കുകയാണ്. ജീവിതത്തിൽ എനിക്കു ലഭിച്ച അംഗീകാരത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഏടു മറിച്ചപ്പോൾ ഈ കഥ പറയേണ്ടി വന്നുപോയതാണ്."

www.malankaralibrary.com

# 12. യുവജനപ്രോത്സാഹനം

പത്രപ്രവർത്തനത്തിലും സാഹിത്യത്തിലും സമുദായസേവനത്തിലും ഒരു ഇളംതലമുറയെ വാർത്തെടുക്കാൻ എം.ഒ. ജോസഫിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ:

'എന്റെ പത്രപ്രവർത്തന ജീവിതത്തിൽ ഏറ്റവും അഭിമാനിക്കുന്ന ഒരു കാര്യമുണ്ട്. ഒരു ഡസനിലേറെ കത്തോലിക്കാ ചെറുപ്പക്കാരെ സാഹിത്യവേദിയിലേക്കു കൈപിടിച്ചു നടത്തുവാൻ എനിക്കു സാധിച്ചിരിക്കുന്നുവെന്ന വസ്തുതയാണത്. ഇന്നു മലയാള പത്രപ്രവർത്തനത്തിലെ ഒരു അതികായനെന്നു വിശേഷിപ്പിക്കാവുന്ന ശ്രീ.കെ.ആർ.ചുമ്മാർ, തന്നെ ഒരു പത്രപ്രവർത്തകനാക്കിയതു ഞാൻ കൂടിയാണെന്നു മലബാർ മെയിൽ ജൂബിലി സൊവിനറിൽ എഴുതിക്കണ്ടപ്പോൾ ഞാൻ ഊറ്റം കൊണ്ടു എന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല. എന്റെ ഹസ്താവലംബത്തെപ്പറ്റി ശ്രീമാൻ ഇടമറ്റത്തെപ്പോലെയുള്ള ചെറുപ്പക്കാർ സന്ദർഭം കിട്ടുമ്പോഴൊക്കെ വിളിച്ചു പറയാറുണ്ടല്ലോ മറ്റു ചിലർക്കു അതു ഏറ്റു പറയുവാൻ നാണം തോന്നുന്ന അനുഭവമുണ്ട്.

ഞാൻ സാഹിത്യരംഗത്തേക്കു പ്രവേശിച്ച കാലത്തു കത്തോലിക്കരിൽ എഴുത്തുകാർ അംഗുലീപരിമിതമായിരുന്നുവെന്നു പറഞ്ഞുവല്ലോ. മതവേലിക്കു പുറത്തു തൂലിക ചലിപ്പിച്ചിരുന്നവർ രണ്ടോ മൂന്നോ പേർ മാത്രമായിരുന്നു. അതു കൊണ്ടാണ് കത്തോലിക്കരിൽ എഴുത്തുകാരുടെ ദാരിദ്ര്യമില്ലെന്നു കാണിക്കുവാൻ വി.എം.മാത്യു, പി.ടി. ചെറിയാൻ, കെ.എൽ. അൽഫോൻസ്, ലയണൽ തുടങ്ങിയ പേരുകളിൽ ഞാൻ എഴുതിക്കൊണ്ടിരുന്നത്. ഇതു പോരെന്നു കരുതിയാണ് ചില ചെറുപ്പക്കാരെ പരിശീലിപ്പിച്ചെടുക്കുവാനും ചിലരെ യഥാശക്തി സഹായിച്ചുയർത്തുവാനും മുതിർന്നത്. ഇന്ന് നമ്മുടെ ഇടയിൽ മുൻപന്തിയിൽ നിൽക്കുന്ന മാത്യു ഉലകംതറ, പ്രൊ. പി.ജെ.ജോസഫ്, ടോം ജോസ്, ജോർജ് പള്ളിപ്പറമ്പിൽ, സി.എൽ.ജോസ്, മാത്യുലൂക്ക്, പോൾ മാൻവെട്ടം, തോമസ് പാപ്പി വേലങ്കുളം തുടങ്ങി പലർക്കും എന്നെപ്പറ്റി ചിലതു പറയുവാൻ കാണും. അതിൽ ഞാൻ സംതൃപ്തനാണ്.

"പത്രപ്രവർത്തനത്തിലെ ഈ നയം തന്നെയാണ് കത്തോലിക്കാ കോൺഗ്രസിലും ഞാൻ അനുവർത്തിച്ചു പോന്നത്. എനിക്കു ശേഷം പ്രളയമെന്ന നയമല്ല ഞാൻ സ്വീകരിച്ചത്. പ്രത്യുത എനിക്കു ശേഷവും കത്തോലിക്ക കോൺഗ്രസ് തുടർന്നു പോകത്തക്ക ഒരു യുവതലമുറയെ വാർത്തെ

www.malankaralibrary.com





ടുക്കുവാൻ ഞാൻ ഉത്സാഹിച്ചു. ഞാൻ കത്തോലിക്ക കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്ന കാലത്തു കോൺഗ്രസു പ്രവർത്തനത്തിലേക്കു കൊണ്ടുവന്നവരാണ് സർവ്വശ്രീ ഇ.എം. ജോസഫ്, കെ.എം. ജോസഫ്, എം. സി. മാത്യു, എ.ജി. അഗസ്റ്റിൻ എന്നിവർ. ഇവരെല്ലാവരും കത്തോലിക്ക കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിമാരായി, മെ. ഇ.എം. ജോസഫും, കെ. എം. ജോസഫും കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റുമാരായി. അവർ തന്നെ ഈ അവാർഡുദാന ചടങ്ങിൽ അദ്ധ്യക്ഷം വഹിക്കുകയും ആശം സാപ്രസംഗം നടത്തുകയും ചെയ്തിരിക്കുന്നു. ഈ അവാർഡിനെക്കാൾ എനി ക്കേറ്റവും ബഹുമാന്യമായി തോന്നുന്നത് ഈ അനുഭവമാണ്. കോൺഗ്ര സിലെ എന്റെ സുഹൃത്തുക്കൾക്ക് ഇതൊരു പാഠമായിരിക്കട്ടെ. ഇപ്പോൾ കോൺഗ്രസിന്റെ തലപ്പത്തിരിക്കുന്നവർക്കു യുവാക്കന്മാരെന്നു കേൾക്കു ന്നതു ഹാലിളക്കത്തിനു കാരണമെന്നു കേൾക്കുന്നു. അത് ആത്മഹത്യാപ രമായ ഒരു നയമാണെന്നു അവർ ധരിച്ചിരിക്കട്ടെ."

"ഞാൻ വെട്ടിത്തുറന്ന പാതയിലൂടെ, എന്റെ പിന്നാലെ, അനേകം കത്തോലിക്കയുവാക്കന്മാർ സാഹിത്യവേദിയിൽ എതിർപ്പു ഭയപ്പെടാതെ കയ റിപ്പറ്റി അംഗീകാരം നേടിയെടുത്തതിൽ എനിക്കു ചാരിതാർത്ഥ്യത്തിനു വക യുണ്ട്. സാഹിത്യം ചിലരുടെ കുത്തകയാക്കി നിർത്തുവാനുള്ള ആ പഴയ പ്രവണത തീർത്തും അവസാനിച്ചുവെന്ന് എനിക്കഭിപ്രായമില്ല. ഇന്നും സാഹിത്യപരമായ ചർച്ചകളിൽ കത്തോലിക്ക സാഹിത്യകാരന്മാരെ അവ ഗണിക്കുന്ന സമ്പ്രദായം തുടർന്നു പോരുന്നുണ്ട്. നോവലിനെപ്പറ്റിയുള്ള ചർച്ചയിൽ മുട്ടത്തുവർക്കിയുടെയോ ജോസഫ് മറ്റത്തിന്റെയൊ പേരു കാണു കയില്ല. നാടകത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ വി.എസ്. ആൻഡ്രൂസിന്റെ യൊ സി.എൽ.ജോസിന്റെയൊ പേരു സൂചിപ്പിക്കുകപോലുമില്ല. അവഗണിച്ച് ഇല്ലാതാക്കുകയെന്ന സൂത്രമാണിത്. (ചങ്ങനാശ്ശേരിയിലെ കത്തോലിക്കാ കോൺഗ്രസ് അവാർഡ് സ്വീകരണ പ്രസംഗം 1976 ഫെബ്രു.17)

ആദർശങ്ങളുടെ കാവൽഭടനായിട്ടാണു യുവജനങ്ങൾ എം.ഒ.യെ കരു തിയത്. യുവാവായിരിക്കുമ്പോൾ തന്നെ പൊതുപ്രവർത്തനത്തിലേർപ്പെട്ടു ചലനം സൃഷ്ടിച്ച ആദർശധീരൻ. ബുദ്ധി ജീവികളെക്കൊണ്ടും യുവജന ങ്ങളെക്കൊണ്ടും ലോകത്തിൽ മാറ്റങ്ങളുണ്ടാക്കാമെന്നു അദ്ദേഹം വിശ്വസി ച്ചു. സഭാനവീകരണത്തിനും സാംസാക്കാരികവിപ്ലവത്തിനും യുവജനങ്ങൾ വേണമല്ലൊ.

കത്തോലിക്കാ കോൺഗ്രസിൽ യുവജനങ്ങൾ അംഗങ്ങളാകുന്നതും പ്രവർത്തിക്കുന്നതും സാകൂതം നിരീക്ഷിച്ചിരുന്ന എം.ഒ. അവർ നേതൃസ്ഥാ നങ്ങളിലേക്ക് ഉയർന്നപ്പോൾ സന്തോഷിച്ചു. പക്ഷേ പ്രവർത്തനശേഷിയും പുരോഗമന വീക്ഷണവുമുള്ള ചെറുപ്പക്കാരുടെ അരങ്ങേറ്റം കാലഹരണ പ്പെട്ട മനോഭാവമുള്ളവർക്കു രസിച്ചില്ല; അവർ ചെറുപ്പക്കാരോടും അവരുടെ

www.malankaralibrary.com

ആചാര്യനായ എം.ഒ. ജോസഫിനോടും കുരിശുയുദ്ധം നടത്തി. ഷെവ. ജോസഫ് വിതയത്തിൽ, കെ.പി. ജോണി, ഇ.എം. ജോസഫ് എന്നിവർ പ്രസിഡന്റുമാരായിരുന്ന കാലത്ത് കത്തോലിക്കകോൺഗ്രസിൽ യുവജനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു കത്തോലിക്ക യുവജന സംഘടനതന്നെ രൂപം കൊണ്ടു. ഇരിങ്ങാലക്കുടയിൽ നടത്തിയ എ.കെ.സി.സി. വാർഷികത്തോടനുബന്ധിച്ചാണ് (1967) കത്തോലിക്ക യുവജനസംഘടന രൂപംകൊണ്ടത്. എ.പി. ജോർജ്, ജോൺകച്ചിറമറ്റം, എൻ. കെ.ജോസ്, കുറവിലങ്ങാട് ജോസഫ്, വറുഗീസ് കരിപ്പായിൽ തുടങ്ങി ഒട്ടേറെ യുവനേതാക്കൾക്കു സംഘടന രൂപം നല്കി. ജോൺ കച്ചിറമറ്റം കത്തോലിക്ക കോൺഗ്രസിന്റെ തന്നെ ജനറൽ സെക്രട്ടറിയായി. അതോടെ യുവജനവിരുദ്ധ സംഘം ഹാലിളകി കാട്ടി കൂട്ടിയ യത്നങ്ങൾ ലജ്ജാവഹമാണ്. യുവജനങ്ങൾ വീണ്ടും സംഘടനയിൽ കടന്നു കൂടാതിരിക്കുവാൻ കത്തോലിക്കാ കോൺഗ്രസിന്റെ ഘടന തന്നെ മാറ്റുവാൻ ശ്രമിച്ചു. അതിനെ ചോദ്യം ചെയ്ത എം.ഒ. യെപ്പോലുള്ളവരെയും ഒറ്റപ്പെടുത്തി. പക്ഷെ ഒന്നു രണ്ടു വർഷത്തിനു ശേഷം യുവജനങ്ങൾ കോൺഗ്രസിന്റെ നേതൃത്വം പിടിച്ചടക്കി. (എം.ഒ.യുടെ ജീവിതസ്മരണകൾ)

## മാതൃഭൂമിയിൽ മൗലാന എഴുതിയ ലേഖനത്തിൽ നിന്ന്

സാഹിത്യകാരന്മാർ സ്വയംസൃഷ്ടമായ ലോകത്തിൽ ദന്തഗോപുരവാസികളായി കഴിയുന്നതാണ് ഉത്തമമെന്ന സിദ്ധാന്തത്തിൽ അദ്ദേഹം വിശ്വസിച്ചില്ല. സാഹിത്യേതരപ്രസ്ഥാനങ്ങളിലും വ്യക്തിമുദ്രപതിപ്പിച്ച കേരളത്തിലെ അപൂർവ്വം ചില ബുദ്ധിജീവികളിൽ എം.ഒ. ജോസഫിന് അനിഷേധ്യമായ സ്ഥാനമുണ്ട്. സാഹിത്യപരിഷത്തിലും സാഹിത്യഅക്കാഡമിയിലും ക്രിസ്ത്യൻ റൈറ്റേഴ്സ് കോൺഫ്രൻസിലും മാത്രമല്ല കത്തോലിക്കാകോൺഗ്രസ്സിലും പഴയകൊച്ചിയിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളിലും ആ ശബ്ദം മുഴങ്ങിക്കേൾക്കുമായിരുന്നു.

ഔദ്യോഗികമായ അംഗീകാരമോ സ്ഥാനബഹുമതികളോ വാരിക്കൂട്ടിയില്ലെങ്കിലും തന്മൂലം ഭൗതികമായ നേട്ടങ്ങൾ കൈവരിച്ചില്ലെങ്കിലും മനഃസ്സാക്ഷി പണയപ്പെടുത്താതെ ഫലപുഷ്ടമായ ഒരു ജീവിതത്തിലൂടെ കേരളത്തിന്റെ മണ്ണിൽ മായാത്ത ചില കാഴ്ചപ്പാടുകൾ പതിച്ചു എന്ന ചാരിതാർത്ഥ്യം എം.ഒ. ജോസഫിന് അവകാശപ്പെട്ടതാണ്.

www.malankaralibrary.com





# 13. കത്തോലിക്കാ കോൺഗ്രസ്സിൽ

എം.ഒ.ജോസഫ് കത്തോലിക്കാ കോൺഗ്രസ്സിലൂടെയാണ് പൊതുപ്രവർത്തനരംഗത്തേയ്ക്ക് കടന്നു വരുന്നത്. സമുദായ സേവനത്തിന് അദ്ദേഹം പ്രധാനമായും ഉപയോഗിച്ച വേദിയും കോൺഗ്രസ്സാണ്. വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ അതിന്റെ പ്രവർത്തനങ്ങളിൽ താല്പര്യപൂർവ്വം പങ്കെടുത്തു പോന്നു. 18-ാം മത്തെ വയസ്സിൽ അതിന്റെ അംഗമായി. 1931 മുതൽ 1962 വരെ കോൺഗ്രസ്സിന്റെ കൗൺസിലിലും 35 വർഷക്കാലം അദ്ദേഹം വർക്കിംഗ് കമ്മറ്റിയിലും അംഗമായിരുന്നു. 1951-53 കാലത്ത് ജനറൽ സെക്രട്ടറി 40 കൊല്ലക്കാലത്തെ കോൺഗ്രസ്സിന്റെ ചരിത്രം എം.ഒ.ജോസഫിന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇത്രയധികം കാലം കോൺഗ്രസ് പ്രവർത്തനങ്ങളോട് ബന്ധപ്പെട്ട ഒരു വ്യക്തി ഈ ഗ്രന്ഥകർത്താവ് മാത്രമാണ്. (ഗ്രന്ഥകർത്താവ് 52 വർഷക്കാലം എ.കെ.സി.സി പ്രതിനിധി സഭയിൽ അംഗമായിരുന്നിട്ടുണ്ട്. 42 വർഷക്കാലം വർക്കിംഗ് കമ്മറ്റിയിലും അംഗമായിരുന്നു. അതിൽ 18 വർഷക്കാലം ജനറൽ സെക്രട്ടറിയായും 8 വർഷക്കാലം പ്രസിഡന്റുമായിരുന്നു. എ.കെ.സി.സി ബുള്ളറ്റിൻ എഡിറ്റർ, ചീഫ് എഡിറ്റർ, മാനേജിംഗ് എഡിറ്റർ എന്നീ നിലകളിൽ 32 വർഷവും ഈ ഗ്രന്ഥകർത്താവ് പ്രവർത്തിച്ചിട്ടുണ്ട്.) കോൺഗ്രസ്സിനെ പ്രയോജനകരമായ ഒരു സംഘടനയാക്കി വളർത്തിയെടുക്കാൻ അതിന്റെ മുന്നണിയിൽ നിന്ന് അക്കാലത്ത് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ വിസ്മരിക്കാവതല്ല.

എം.ഒ.ജോസഫ് അംഗമായി ചേർന്നകാലത്ത് "കേരളീയ കത്തോലിക്കാ മഹാജനസഭ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സംഘടനയുടെ അംഗസംഖ്യ വളരെ തുച്ഛമായിരുന്നു. സമുദായത്തിൽ മേലേക്കിടയിലുള്ള ഏതാനും കുറേ വ്യക്തികൾ ഒന്നിച്ചു കൂടി സമുദായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള ഒരു വേദി. സാമാന്യ ജനങ്ങൾക്ക് അതിൽ യാതൊരു ഭാഗഭഗിത്വവും ഉണ്ടായിരുന്നില്ല. 1931-ൽ ചേർത്തലയിൽ കൂടിയ വാർഷിക സമ്മേളനത്തിൽ വച്ച് സംഘടനയുടെ പേര് "അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്" എന്നാക്കി 1932-ലെ ചമ്പക്കുളം സമ്മേളനത്തിനു ശേഷമാണ് വ്യാപകമായ തോതിൽ അംഗങ്ങളെ ചേർത്ത് ഇടവകകൾ തോറും ശാഖകൾ സ്ഥാപിക്കാൻ ശ്രമം തുടങ്ങിയത്. പുതിയ പ്രസിഡന്റ് പ്രൊഫ. ജോസഫ്പെട്ടയുടെ നേതൃത്വത്തിൽ കൊച്ചിയിലെയും ഉത്തരതിരുവിതാംകൂറിലെയും ഒട്ടുമിക്ക ഇടവകകളിലും ഒരു പ്രചരണസംഘം പര്യടനം നടത്തി.

www.malankaralibrary.com

ഈ സംഘത്തിലെ ഒരു പ്രധാന വക്താവായിരുന്നു എം.ഒ. ജോസഫ്. അന്നു തന്നെ നല്ലൊരു എഴുത്തുകാരനെന്നും ചിന്തകനെന്നും പേരെടുത്തു കഴിഞ്ഞിരുന്ന അദ്ദേഹം സമുദായം നേരിടുന്ന പ്രശ്നങ്ങളെ പറ്റി നടത്തിയ ഉജ്ജ്വലപ്രഭാഷണങ്ങൾ പ്രചരണ സംഘത്തിന്റെ ലക്ഷ്യപ്രാപ്തിയ്ക്ക് വളരെയേറെ സഹായിച്ചു. 1950 ൽ ശ്രീ. ഇ.പി. വർഗീസിന്റെയും 1952-ൽ ഷെവ. ജോസഫ് പെട്ടയുടെയും 1958-ൽ ഷെവ. വി.ജെ.ജോസഫിന്റെയും 1960-ൽ ഷെവ.വി.സി ജോർജ്ജിന്റെയും നേതൃത്വത്തിൽ കേരള വ്യാപകമായി നടത്തിയ സംഘടനാ പ്രവർത്തനങ്ങളിലും എം.ഒ.യ്ക്ക് വളരെ പ്രധാനപ്പെട്ട ഭാഗഭാഗിത്വമാണുണ്ടായിരുന്നത്. കോൺഗ്രസ്സിന്റെ ശാഖകൾ ഒട്ടുമിക്ക ഇടവകകളിലും സ്ഥാപിക്കുവാനും ഉപകൃത്തുക്കളും ആയുഷക്കാല സമാജികരുമായി ആയിരക്കണക്കിന് അംഗങ്ങളെ ചേർക്കാനും കഴിഞ്ഞിട്ടുള്ളത് പ്രസ്തുത കാലത്തെ പരിശ്രമങ്ങളുടെ ഫലമായിട്ടാണ്.

സമുദായത്തെ സ്പർശിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് അതതുകാലം കോൺഗ്രസിന്റെ ദൃഷ്ടിയിൽ കൊണ്ടു വന്ന് നടപടി എടുപ്പിക്കുന്നതിൽ എം. ഒ.ജോസഫ് ദത്തശ്രദ്ധനായിരുന്നു. ക്രൈസ്തവർ നടത്തുന്ന വിദ്യാലയങ്ങൾ തകർക്കുന്നതിനു വേണ്ടി തിരുവിതാംകൂർ ദിവാൻ സർ. സി.പി. 1945-ൽ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾ കൊണ്ടു വന്നു. ഇതു മൂലം ക്രൈസ്തവ സമുദായത്തിന് നേരിടാവുന്ന വിപത്തുകൾ മുൻകൂട്ടി മനസ്സിലാക്കി എം.ഒ ജോസഫ് അക്കൊല്ലം തത്തമ്പള്ളിയിൽ കൂടിയ കോൺഗ്രസ്സിന്റെ വിശേഷാൽ സമ്മേളനത്തിൽ അവതരിപ്പിച്ച അടിയന്തര പ്രമേയമാണ് 1946-47-ൽ കോളിളക്കം സൃഷ്ടിച്ച വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് കളമൊരുക്കിയത്. പ്രസ്തുത പ്രമേയം അനുസരിച്ച് നിയമിതമായ കമ്മിറ്റി പ്രക്ഷോഭണത്തിന് നേതൃത്വം നൽകി. എം.ഒ. ജോസഫ് പ്രക്ഷോഭണത്തിൽ മുഴുവൻ സമയവും വ്യാപൃതനായി. അനേകം യോഗങ്ങളിൽ പ്രസംഗിക്കുകയും സ്വന്തം പേരിലും മറ്റു പേരുകളിലും നിരവധി ലേഖനങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. തൽഫലമായി അദ്ദേഹത്തെ കൊച്ചിയിൽ നിന്ന് നാടുകടത്തുകയും തിരുവിതാംകൂർ സർക്കാർ ഒൻപതുമാസക്കാലം വീട്ടു തടങ്കലിൽ വയ്ക്കുകയും ചെയ്തു. ചരിത്ര പ്രസിദ്ധമായ നിവർത്തനപ്രക്ഷോഭണത്തിന് നേതൃത്വം കൊടുത്ത വർക്കിംഗ് കമ്മറ്റിയിലും അക്കാലത്ത് രൂപീകൃതമായ തിരുവിതാംകർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നിർവാഹക സമിതിയിലും കൊച്ചിൻ സ്റ്റേറ്റ് കമ്മറ്റിയിലും അദ്ദേഹം അംഗമായിരുന്നു. രണ്ടു സ്റ്റേറ്റു കമ്മറ്റികളിൽ വേറെ ആരും ഒരേ സമയത്ത് അംഗമായിരുന്നിട്ടില്ല.

കൊച്ചിയിൽ മതപരിവർത്തനം ചെയ്ത ഹരിജനങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിച്ചു കൊണ്ട് മന്ത്രി ഡോ.എ.ആർ. മേനോൻ 1939-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരായി എം.ഒ.യാണ്— പത്രപംക്തികളിലൂടെ സമരകാഹളം മുഴക്കിയത്. മന്ത്രി തന്റെ ഉത്തരവ് മാറ്റാതിരുന്നതു കൊണ്ട് നിയമസഭാ സാമാജികരെ സ്വാധീനിച്ച് അവിശ്വാസ പ്രമേയം വഴി അദ്ദേ

www.malankaralibrary.com

ഹത്തെ സ്ഥാനഭ്രഷ്ടനാക്കേണ്ടി വന്നു. ഇക്കാര്യത്തിൽ എം.ഒ. ഒരു വലിയ പങ്ക് നിർവ്വഹിക്കുകയുണ്ടായി. മന്ത്രിക്കെതിരായ പ്രക്ഷോഭണത്തിൽ നിന്നും മാറി നിൽക്കുവാൻ പല കേന്ദ്രങ്ങളിൽ നിന്നും സമ്മർദ്ദം ഉണ്ടായെങ്കിലും അദ്ദേഹം വിട്ടു കൊടുത്തില്ല. പക്ഷെ തൽഫലമായി അദ്ദേഹത്തിന് അന്ന് ഗോമതി പത്രത്തിലുണ്ടായിരുന്ന ഉദ്യോഗം നഷ്ടപ്പെട്ടു. എങ്കിലും ഡോ.മേനോൻ പിൻവലിച്ച സൗജന്യങ്ങളെല്ലാം പകരം വന്ന മന്ത്രി നൽകിയതോടു കൂടി എം.ഒ. സമാശ്വാസിതനായി.

## എം.ഒ. ജോസഫിന്റെ പേരിൽ അവാർഡ്

ഹിസ്റ്ററി കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്ന എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്റെ പേരിൽ വർഷംതോറും മെച്ചപ്പെട്ട സാഹിത്യകൃതിക്ക് അവാർഡ് നൽകാൻ തീരുമാനിച്ചു. ഇതിനകം 16-ൽപരം ആളുകൾക്ക് അവാർഡ് നല്കിയിട്ടുണ്ട്. 1978-ലാണ് അവാർഡ് തുടങ്ങിയത്.

### പ്രസ്തുത അവാർഡിന് അർഹരായവർ

1. സി.എൽ. ജോസ്-തൃശൂർ
2. എം.എം. വർക്കി-മൂക്കഞ്ചേരി-തൃപ്പൂണിത്തുറ
3. എൻ.കെ.ജോസ്-നമശിവായം-അംബിക മാർക്കറ്റ്-വൈക്കം
4. ഫാ.ഹൊർമീസ് സി. പെരുമാലി സി.എം.ഐ-മാന്നാനം
5. ജോയി മുട്ടാർ-മുട്ടാർ
6. ഷെവ. കെ.സി. ചാക്കോ-ഇടപ്പള്ളി
7. ഷെവ. കെ.എൽ. ബർണാർഡ്-ഫോർട്ട് കൊച്ചി
8. പി. തോമസ് തൃശൂർ
9. ഡോ.എം.വി. പൈലി-കളമശ്ശേരി
10. റവ. ഡോ. മത്തിയാസ് മുണ്ടാടൻ സി.എം.ഐ.-ആലുവാ
11. ഫാ. ജോർജ്ജ് ശ്രാമ്പിക്കൽ-ചങ്ങനാശ്ശേരി
12. ഫാ. എസ്. പൈനാടത്ത്-എസ്.ജെ. കാലടി
13. ഷെവ. ജോർജ്ജ് മേനാച്ചേരി-ഒല്ലൂർ
14. ഫാ. ഡോ. ജോർജ്ജ് കുരുക്കൂർ-മൂവാറ്റുപുഴ
15. റവ. ഡോ. ജി. തളിയൻ-അങ്കമാലി
16. ഡോ. കുര്യാസ് കുമ്പളക്കുഴി-കുറവിലങ്ങാട്

www.malankaralibrary.com

# 14. എം.ഒ. ജോസഫും സി.എ.സി.യും

കേരളത്തിൽ (1905) കത്തോലിക്കാ ക്രിസ്തീയ മഹാജന സഭ രൂപീകരിച്ചു. നിശ്ചിതമായ വ്യവസ്ഥകളോടും ഭരണഘടനയോടും കൂടിയാണ് ആ സംഘടന സ്ഥാപിച്ചത്. എന്നാൽ ആ സംഘടനക്ക് പ്രവർത്തിക്കാനായില്ല. ആ സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുന്നതിനെ 1905 ചിങ്ങമാസം 1-ാം തീയതി പുറപ്പെടുവിച്ച സർക്കുലറിലൂടെ മെത്രാൻ നിരോധിച്ചു. പിന്നീട് സംഘടനയില്ലെങ്കിലും സാമൂഹ്യസമ്മേളനം നടത്തി സമുദായത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ അൽമായ നേതാക്കൾ തീരുമാനിക്കുകയും സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ 1907 മുതൽ 1918 വരെ സാമൂഹ്യസമ്മേളനങ്ങൾ നടത്തുകയും ചെയ്തു. എങ്കിലും ഒരു സംഘടന സ്ഥാപിച്ച് സമുദായപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണണമെന്ന് തീരുമാനിക്കുകയും 1918-ൽ കത്തോലിക്കാ മഹാജനസഭയെന്നപേരിൽ ഒരു സംഘടന രൂപീകരിക്കുകയും ചെയ്തു. ആ സംഘടനയുടെ പ്രഥമ പ്രസിഡണ്ടായി മാർ ളൂയീസ് പഴേപറമ്പിലിനെ തിരഞ്ഞെടുക്കുകയും ചെയ്തു. സംഘടന രൂപീകരിച്ചപ്പോൾ ആദ്യംതന്നെ ഏറ്റെടുത്തു നടത്തിയ ഒരു ബഹുജനപ്രക്ഷോഭണമായിരുന്നു പൗരസമത്വവാദപ്രക്ഷോഭണം. 4 വർഷക്കാലം നീണ്ടുനിന്ന സമരത്തിന്റെ ഫലമായി പൗരസമത്വവാദപ്രക്ഷോഭണം വിജയിച്ചു. കത്തോലിക്കരെ ഒരു പ്രത്യേക സമുദായമായി അംഗീകരിച്ചുകിട്ടുന്നതിനും ഹൈക്കോടതിയിൽ ഒരു കത്തോലിക്കാ ജഡ്ജിയെ നിയമിച്ചു കിട്ടുന്നതിനുംവേണ്ടി കത്തോലിക്കാ കോൺഗ്രസ് മുൻനിന്നു നടത്തിയ ശ്രമങ്ങൾ ആർക്കും വിസ്മരിക്കാവുന്നതല്ല. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നിയമനിർമ്മാണസഭകളിലും സിവിൽ സർവ്വീസിലും ലഭിക്കുന്നതിനുവേണ്ടിയും സിമറ്ററികളും ദേവാലയങ്ങളും സ്ഥാപിക്കുന്നതിന് വിഘാതമായി സർക്കാർ സ്വീകരിച്ച നടപടികളെ എതിർക്കുന്നതിനും കത്തോലിക്കാ കോൺഗ്രസ് ആണ് പ്രവർത്തിച്ചത്. കത്തോലിക്കാ കോൺഗ്രസ് 1931-ൽ സമർപ്പിച്ച കാത്തലിക് ഗ്രീവൻസസ് എന്ന മെമ്മോറാണ്ടം ഇൻഡ്യ മുഴുവൻ കോളിളക്കം സൃഷ്ടിച്ചു.

ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം നിയമ നിർമ്മാണ സഭകളിൽ ലഭിക്കുന്നതിനുവേണ്ടി ഈഴവ മുസ്ലിം സമുദായങ്ങളെ യോജിപ്പിച്ച് നടത്തിയ നിവർത്തന പ്രക്ഷോഭണം ചരിത്രത്തിലെ ഒരു മഹാസംഭവമാണ്. നാലു വർഷക്കാലം നീണ്ടുനിന്ന ആ സമരത്തിന്റെ ഫലമായി നിയമനിർമ്മാണ സഭയുടെ ഘടനയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തുകയും നിവർത്തന പ്രക്ഷോഭണം വൻ വിജയം കൈവരിക്കുകയും ചെയ്തു.

www.malankaralibrary.com

നിവർത്തന പ്രക്ഷോഭണത്തെ തുടർന്ന് ഉത്തരവാദഭരണ പ്രക്ഷോഭണ ത്തിലും കത്തോലിക്കാ കോൺഗ്രസ്സ് നിർണ്ണായകമായ പങ്കുവഹിച്ചു. അങ്ങനെ തിരുവിതാംകൂറിന്റെ ചരിത്രത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് നിറഞ്ഞുനിന്ന സന്ദർഭത്തിലാണ് ചങ്ങനാശേരി രൂപതയിൽ "ചങ്ങനാശ്ശേരി അതിരൂപതാ കത്തോലിക്കാ പ്രവർത്തനസംഘം (സി.എ.സി) രൂപീകരിക്കു ന്നത്. ആ സംഘടനയെപ്പറ്റി" ചങ്ങനാശ്ശേരി അതിരൂപതാ ഇന്നലെ ഇന്ന് എന്ന ചരിത്ര ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

## ചങ്ങനാശേരി രൂപതാ കത്തോലിക്ക പ്രവർത്തനസംഘം (സി. എ. സി )

"കാളാശേരി മാർ ജെയിംസ് മെത്രാന്റെ ഭരണകാലത്ത് ചങ്ങനാശേരി രൂപതയിലെ വിവിധങ്ങളായ സഭാത്മകപ്രവർത്തനങ്ങൾക്കെല്ലാം ഊർജ്ജം പകർന്ന് ചലനാത്മകമായി വർത്തിച്ചിരുന്ന ഒരു അത്മായസംഘടനയാണ് സി.എ. സി. ചങ്ങനാശേരി രൂപതയിലെ കത്തോലിക്ക പ്രവർത്തനസംഘം എന്നാണ് ഇതിന്റെ പൂർണ്ണനാമം.

അല്മായർ സഭയുടെ കർമ്മരംഗങ്ങളിൽ ഉണർന്നുപ്രവർത്തിക്കുവാൻ ആധുനികകാലത്തെ മാർപ്പാപ്പമാർ നല്കിയിട്ടുള്ള ആഹ്വാനങ്ങളിൽ നിന്നു പ്രചോദനമുൾക്കൊണ്ട് ചങ്ങനാശേരി രൂപതയിൽ പ്രവർത്തനസജ്ജമായി ത്തീർന്നതാണ് ഈ പ്രസ്ഥാനമെന്നുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ അത്ഭുതകരമായ പുരോഗതിയുടെ മായാ വിഭ്രാന്തിയിൽ മുഴുകി, കമ്മ്യൂണിസം, ലിബറലിസം തുടങ്ങിയ പ്രത്യയ ശാസ്ത്രങ്ങളുടെ തെറ്റായ സ്വാധീനങ്ങൾക്കു വശംവദരായി പാശ്ചാത്യലോ കത്തു നല്ലൊരു വിഭാഗമാളുകൾ മതനിഷ്പക്ഷതയുടെയും മതവിരുദ്ധത യുടെയും കെണികളിൽപെട്ടപ്പോൾ സമൂഹത്തെ വിശ്വാസചൈതന്യത്തിൽ ഉറപ്പിച്ചുനിർത്തുകയും ആത്മീയവീക്ഷണത്തിൽ വളർത്തിയെടുക്കുകയും ചെയ്യുക, അടിയന്തര പ്രാധാന്യമർഹിക്കുന്ന പ്രശ്നമായിത്തീർന്നു. ഈ സാഹചര്യത്തിൽ ക്രൈസ്തവനവോത്ഥാനത്തിന്റെ കാഹളധ്വനി മുഴക്കു വാൻ മാർപ്പാപ്പമാർ തയ്യാറായി. കുടുംബജീവിതത്തിന്റെയും സാമൂഹികബ ന്ധങ്ങളുടെയും രാഷ്ട്രീയസംവിധാനങ്ങളുടെയും ക്രിസ്തീയപുനഃസംവി ധാനത്തിനു വഴിയൊരുക്കുവാൻ അല്മായരുടെ കൂട്ടായശ്രമം അനുപേക്ഷ ണീയമാണെന്നു മനസ്സിലാക്കിയ അവർ സഭയിൽ അല്മായപ്രേഷിതത്വ ത്തിന്റെ പ്രാധാന്യവും പ്രസക്തിയും എടുത്തു കാട്ടി വി. പത്താം പീയൂസ് മാർപ്പാപ്പ വെനീസിൽ പാത്രിയർക്കീസായിരുന്ന അവസരത്തിലാണന്നു തോന്നുന്നു. അൽമായരുടെ സഭാത്മക പ്രവർത്തനങ്ങൾക്കു കത്തോലിക്ക പ്രവർത്തനമെന്ന പേര് ആദ്യമായി നല്കിയത്. കത്തോലിക്ക പ്രവർത്തന ത്തിന്റെ മാർപ്പാപ്പയെന്നു അറിയപ്പെടുന്ന പീയൂസ് പതിനൊന്നാമൻ വളരെ ശക്തവും ശ്രദ്ധേയവുമായ പ്രബോധനങ്ങളാണ് ഈ വിഷയത്തെക്കുറിച്ചു

www.malankaralibrary.com

നല്കിയിട്ടുള്ളത്. ' വൈദികാധികാരികളുടെ പ്രേഷിത പ്രവർത്തിയിൽ അത്മായരുടെ സുസംഘടിതമായ സഹകരണം" എന്നാണ് അദ്ദേഹം കത്തോലിക്ക പ്രവർത്തനത്തെ നിർവചിക്കുന്നത്. അത്മായ പ്രേഷിതത്വം സംബന്ധിച്ച സഭയുടെ ഇന്നത്തെ വീക്ഷണം ഈ നിർവചനത്തിൽ നിന്നു ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ടെങ്കിലും അത്മായ പ്രേഷിതത്വത്തിന് അന്നു നല്കപ്പെട്ട ഊന്നലിന് ഊനമൊന്നും സംഭവിച്ചിട്ടില്ലെന്നുള്ളതാണ് ശ്രദ്ധേയം.

കത്തോലിക്ക പ്രവർത്തനത്തിനുള്ള ആഹ്വാനം സാർവത്രികസഭയിൽ മുഴങ്ങിയപ്പോൾ അതിന്റെ ശക്തമായ പ്രതിധ്വനി ചങ്ങനാശേരി രൂപതയിലും അലയടിച്ചു. കാളാശേരി പിതാവ് തന്റെ 49-ാം നമ്പർ ഇടയലേഖനത്തിലൂടെ[28] കത്തോലിക്ക പ്രവർത്തനമെന്ന ആശയം, മാർപ്പാപ്പയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ വ്യക്തവും ലളിതവുമായി വിശദീകരിക്കുകയും, എല്ലാ ഇടവകകളിലും വിദ്യാലയങ്ങളിലും കത്തോലിക്ക പ്രവർത്തനസംഘങ്ങൾ (സി.എ.സി)ക്കു രൂപം കൊടുക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ക്രിസ്തീയചൈതന്യം നിറഞ്ഞവരും പ്രേഷിത പ്രബുദ്ധരുമായ ഒരു പിടി ആളുകളെ ഓരോ ഇടവകയിലും സംഘടിപ്പിച്ച് അവരെ സഭാ സേവനരംഗങ്ങളിൽ കർമ്മോത്സുകരാക്കുകയെന്നതാണ് സി.എ.സിയുടെ ലക്ഷ്യം. "പ്രവൃത്തി രഹിതമായ വിശ്വാസം നിർജ്ജീവമാണ്" എന്നുള്ള വി. ലിഖിത വാക്യമായിരുന്നു സി.എ.സിക്കു മാർഗ്ഗദർശകമായി വർത്തിച്ചത്. 50-ാം നമ്പർ സർക്കുലറിലൂടെ[29] ചങ്ങനാശേരി രൂപതയിലെ കത്തോലിക്ക പ്രവർത്തന സംഘത്തിന്റെ നിബന്ധനകൾ വന്ദ്യ പിതാവു പരസ്യപ്പെടുത്തി. കാളാശേരി പിതാവു ഈ വിഷയത്തിൽ കാണിച്ച പ്രത്യേകശ്രദ്ധയും താല്പര്യവും നിമിത്തം അധികം താമസിയാതെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സി.എ.സി. യൂണിറ്റുകൾ സ്ഥാപിക്കപ്പെടുകയും കാര്യക്ഷമമായി പ്രവർത്തനം നടത്തുകയും ചെയ്തു.

1937 ഒക്ടോബർ 31-ാം തീയതി ക്രിസ്തുരാജ തിരുനാളിൽ സി.എ.സി.യുടെ ഔപചാരികമായ ഉദ്ഘാടനം എസ്.ബി. കോളേജിൽവച്ചു നടന്നു. ചങ്ങനാശ്ശേരി രൂപതയെ സംബന്ധിച്ചിടത്തോളം എന്നും ഓർമ്മയിൽവച്ച് ഓമനിക്കുവാൻ പോന്ന അപൂർവ്വാനുഭവങ്ങൾ പകർന്ന സന്ദർഭമായിരുന്നു അത്. മുൻകൂട്ടി പരസ്യപ്പെടുത്തിയിരുന്ന പരിപാടിയനുസരിച്ച് മാർ ജെയിംസ് കാളാശേരി തിരുമേനി കത്തീഡ്രൽ ദേവാലയത്തിൽ പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. തുടർന്ന്, കത്തീഡ്രലിൽ നിന്നു കോളേജ് ഗ്രൗണ്ടിലേക്ക് അനേകായിരങ്ങൾ പങ്കെടുത്തതും അത്യാഡംബരപൂർവവുമായ ഘോഷയാത്രയായിരുന്നു. സി.എ.സി.യുടെ എല്ലാ ഇടവക യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികൾ അന്നത്തെ ചടങ്ങുകളിൽ പങ്കെടുത്തിരുവെന്നുള്ളത് എടുത്തു പറയേണ്ടതുണ്ട്. ഘോഷയാത്ര കോളേജ് മൈതാനിയിലെത്തിയ

www.malankaralibrary.com

പ്പോൾ അവിടമാകെ ഒരു മനുഷ്യമഹാസമുദ്രമായി മാറി. വിദ്യാഭ്യാസരംഗത്തു ചങ്ങനാശേരി രൂപത നിർവഹിക്കുന്ന നിസ്തുലസേവനങ്ങളുടെ പ്രതീകമായി നിലകൊള്ളുന്ന എസ്.ബി. കോളേജിൽ പുതുതായി പണിതീർത്തിരുന്ന സയൻസ് ബ്ലോക്കിന്റെയും, അതിന്റെ പുരോഭാഗത്ത് ഉയർന്നു നില്ക്കുന്ന ഉത്തുംഗമനോഹരമായ ഗോപുരത്തിന്റെയും, ഗോപുരോപരി നാടിനെ അനുഗ്രഹിക്കുവാൻ കരമുയർത്തി നില്ക്കുന്ന ക്രിസ്തുരാജ പ്രതിമയുടെയും ആശീർവ്വാദകർമ്മം ആ സന്ദർഭത്തിൽ എറണാകുളം മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി നിർവഹിച്ചു. രൂപതയുടെ നാനാഭാഗങ്ങളിൽ നിന്നെത്തിയ പതിനായിരക്കണക്കിനു വിശ്വാസികൾ ഭക്തിസാന്ദ്രതയിൽ മുഴുകി നിലകൊണ്ട ആ പുണ്യവേളയിൽ രൂപതയെ മുഴുവൻ ക്രിസ്തുരാജനു തിരുമുൽക്കാഴ്ചയ്ക്കുവന്ന മഹത്തും മനോഹരവുമായ സമർപ്പണകർമ്മം നടന്നു. ആഘോഷപൂർവ്വമായ ഈ പ്രതിഷ്ഠയെത്തുടർന്നായിരുന്നു, സി.എ.സി.യുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടത്.

കോളേജ് അസംബ്ലിഹാളിൽചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനിയും സന്നിഹിതനായിരുന്നു. കാളാശേരിപിതാവിന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഏതാനും നിമിഷങ്ങൾക്കുമുമ്പു നടന്ന ക്രിസ്തുരാജപ്രതിമയുടെ ആശീർവ്വാദകർമ്മത്തെക്കുറിച്ചു പരാമർശിക്കുകയുണ്ടായി. മനുഷ്യനിർമ്മിതമായ പ്രതിമയുടെ പ്രതിഷ്ഠാകർമ്മം ആന്തരികവും യഥാർത്ഥവുമായ മറ്റൊന്നിന്റെ പ്രതിരൂപം മാത്രമാണെന്നും, സജീവ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിനെ അവിടുത്തേക്കു അനുയോജ്യമായ ഒരുസജീവ സൗധത്തിൽ പ്രതിഷ്ഠിക്കുകയെന്നതാണ് പരമപ്രധാനമെന്നും വന്ദ്യ പിതാവ് പ്രസ്താവിച്ചു. ദൈവസ്നേഹത്തിൽ അധിഷ്ഠിതവും സഹോദരസ്നേഹത്താൽ സമന്വയിതവുമായ മനുഷ്യഹൃദയങ്ങൾകൊണ്ടു പടുത്തുയർത്തിയ സജീവ സൗധമാണ് സജീവനായ ക്രിസ്തുനാഥനു അനുയോജ്യമായ വാസഗേഹം. ഈദൃശമായ ഒരു മഹാസൗധത്തിന്റെ അസ്തിവാരമായി രൂപതയിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന സി.എ.സി. പൊതുസംഘത്തെയും, അതിന്റെ ബലിഷ്ഠങ്ങളായ തൂണുകളായി ഇടവകയൂണിറ്റുകളെയും പിതാവു ചിത്രീകരിച്ചു.

കത്തോലിക്കാ പ്രവർത്തനത്തിന്റെ കർമ്മപരിപാടികൾ ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ വിവരിച്ചു:- "ക്രിസ്തീയ പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് കത്തോലിക്കാചൈതന്യം, പരസ്പരസ്നേഹം, പൊതുക്കാര്യപ്രസക്തി, പൗരബോധം മുതലായവ ജനതയിൽ ഉളവാക്കുക, മതത്തിനെതിരായി പുറപ്പെടുന്ന സകല സംരംഭങ്ങളോടും (യുക്തിവാദം, സമഷ്ടിവാദം, നിരീശ്വരവാദം മുതലായവയോട്) സംഘടിതമായി പോരാടുക, വിശ്വാസപ്രചാരണവേലയെ സഹായിക്കുക, വേദപാഠക്ലാസ് നടത്തു

www.malankaralibrary.com

ന്നതിൽ വൈദികരെ സഹായിക്കുക, കുട്ടികളുടെ വിദ്യാഭ്യാസത്തിനു കത്തോലിക്കസ്കൂളുകൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുക, കത്തോലിക്ക പത്ര ങ്ങളും പ്രസിദ്ധീകരണങ്ങളും പാരായണം ചെയ്യുക, 'പത്രപ്രചാരണഞാ യറാഴ്ച' കൊണ്ടാടുക, സമുദായത്തിലുള്ള ദുർന്നടപടികൾ ഉന്മൂലനം ചെയ്യു ന്നതിനു ശ്രമിക്കുക." വിവിധങ്ങളും വ്യത്യസ്തങ്ങളുമായ ഈ പ്രവർത്തന പരിപാടികളെല്ലാം ഒരേസമയം നിർവഹിക്കുവാൻ ശ്രമിക്കുന്നതിനുപകരം സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് പ്രാധാന്യക്രമം കണ്ടെത്തി നിയ തവും അനുക്രമവുമായ രീതിയിൽ കർമ്മരംഗത്തു മുന്നേറാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഉദ്ഘാടനശേഷം, ഉച്ചകഴിഞ്ഞ് ഒന്നരമണിയോടുകൂടി പ്രതിനിധിസ മ്മേളനം ചേരുകയും കേന്ദ്രസമിതി ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പൊതുജീവിതത്തിൽ വിവിധരംഗങ്ങളിൽ പ്രശസ്തസേവനങ്ങളാൽ വ്യക്തിമുദ്ര പതിപ്പിച്ച സമുദായാംഗങ്ങളിൽ പലരും സി.എ.സിക്കു നേതൃത്വം കൊടുക്കുവാൻ മുന്നോട്ടു വന്നിരുന്നെന്നുള്ളത് എടുത്തു പറയേണ്ട വസ്തു തയാണ്. ജനറൽ പ്രസിഡന്റായി ശ്രീ. റ്റി.ജെ. മാത്യു തെള്ളി, ബി.എ.ബി. എല്ലും പൊതു ഖജാൻജിയായി ശ്രീ. തോമസ് കയ്യാലക്കകവും എതിരി ല്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

ആലോചനാസമിതിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടവർ

1. ശ്രീ. പി.ജെ. സെബാസ്റ്റ്യൻ, ബി.എ.ബി.എൽ. (എം.എൽ.എ.)
2. ശ്രീ. പോൾ ജെ. മഠം, മുട്ടുചിറ, ഫൊറോന
3. ശ്രീ. വി.സി. ജോർജ്ജ്, ബി.എ.എൽ.റ്റി, കുറവിലങ്ങാടു ഫൊറോന
4. ശ്രീ. ടി.എ. മാത്യു, രാമപുരം ഫൊറോന
5. ശ്രീ. എ.സി. കുര്യാക്കോസ്, ഭരണങ്ങാനം ഫൊറോന
6. ശ്രീ. സി.എം. മാത്യു, കട്ടക്കയം-പാലാ ഫൊറോന
7. ശ്രീ. കെ.ഐ. വർക്കി-കാഞ്ഞിരപ്പള്ളി ഫൊറോന
8. ശ്രീ. കെ.എം.കോര ബി.എ.ബി.എൽ. (എം.എൽ.സി.)-കല്ലൂർക്കാട് ഫൊറോന
9. ശ്രീ. സി.ജെ. വർഗ്ഗീസ്, ബി.എ.ബി.എൽ-ആലപ്പുഴ ഫൊറോന
10. ശ്രീ. വി.വി. സെബാസ്റ്റ്യൻ, ബി.എ.ബി.എൽ-അതിരമ്പുഴ ഫോറോന.
11. ശ്രീ. റ്റി.ജെ. ചാക്കോ
12. ശ്രീമതി കെ.ജെ. സിറിയക്ക്, ബി.എ.

തിരഞ്ഞെടുപ്പിനെത്തുടർന്ന ശ്രീ. റ്റി.ജെ. മാത്യു തെള്ളിയുടെ അദ്ധ്യ ക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ ശ്രീ. കെ.ജെ. അബ്രാഹം, ബി. എ.എൽ.ടി., ശ്രീ. കെ.ഇ.ജോബ്, എം.എ.എൽ.റ്റി., ശ്രീ. പോൾ ജെ. മഠം, മിസ് കെ.വി.മേരി, ബി.എ.എൽ.ടി, ശ്രീ. തോമസ് ചാണ്ടി മുക്കാടൻ, ശ്രീ. സി.ജെ. വർഗീസ്, ബി.എ.ബിഎൽ, ശ്രീ. ഡി. സെബാസ്റ്റ്യൻ തകിടിയേൽ എം.എ. എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ കത്തോലിക്കസമുദായം അടി

www.malankaralibrary.com

യന്തിരമായി ശ്രദ്ധതിരിക്കേണ്ട ചില പ്രവർത്തനമേഖലകളിലേക്കു പ്രസംഗകർ വെളിച്ചം വീശി.

സി.എ.സി.യുടെ ജനറൽ ഡയറക്ടറായി ഫാ. ജോൺ തലോടിയും ജനറൽസെക്രട്ടറിയായി ഫാ. സിറിയക് തുരുത്തുമാലിയും നിയമിക്കപ്പെട്ടു. കത്തോലിക്ക ബാലികാബാലന്മാരുടെയും ദളിത് ക്രൈസ്തവരുടെയും മതബോധനം, മതാദ്ധ്യാപകരുടെ കാലോചിത പരിശീലനം, തെറ്റായ സിദ്ധാന്തങ്ങൾക്കും പ്രത്യശാസ്ത്രങ്ങൾക്കുമെതിരായ ബോധവല്ക്കരണം, ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രോത്സാഹനം, വിശ്വാസകൂട്ടായ്മയിൽനിന്നു കൊഴിഞ്ഞുപോകുന്നവരെ സംബന്ധിച്ച വിവരങ്ങളുടെ ശേഖരണം, കലാസാഹിത്യപ്രോത്സാഹനം എന്നിങ്ങനെയുള്ള കാര്യങ്ങളിലെല്ലാം സി.എ.സി. കേന്ദ്രസമിതി ശ്രദ്ധചെലുത്തിയിരുന്നു. 1939 സെപ്തംബർ 17-ന് എസ്.ബി. കോളേജിൽചേർന്ന സി.എ.സി. കേന്ദ്രസമിതി വാർഷികസമ്മേളനം മദ്രാസിൽനടക്കുന്ന ദിവ്യകാരുണ്യകോൺഗ്രസിലേക്ക് ഒരു തീർത്ഥാടകസംഘത്തെ നയിക്കുവാൻ തീരുമാനമെടുത്തു. ഇറ്റാലിയൻ ഭാഷയിൽനിന്നു ഡോ.എൽ.ജെ. ചിറ്റൂർ വിവർത്തനം ചെയ്ത 'കത്തോലിക്കപ്രവർത്തനം' എന്നൊരു ഗ്രന്ഥം സി.എ.സി.യുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയതായും കാണുന്നുണ്ട്.

1940-ൽ പുതിയ കേന്ദ്രസമിതി ഭാരവാഹികളുടെ തിരഞ്ഞെടുപ്പു നടന്നു. താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ശ്രീ. വി.സി. ജോർജ്ജ്, ബി.എ.എൽ.റ്റി-ജനറൽ പ്രസിഡന്റ്
പ്രൊഫ. സി.എസ്. കുര്യൻ, എം.എ. -ജനറൽ ട്രഷറർ
ശ്രീ.വി.വി. സെബാസ്റ്റ്യൻ, ബി.എ.ബി.എൽ.-അതിരമ്പുഴ ഫൊറോന
ശ്രീ.ഡി. സെബാസ്റ്റ്യൻ തകടിയേൽ, എം.എ.-ഭരണങ്ങാനം ഫൊറോന
ശ്രീ. വർഗീസ് ചാണ്ടി, ബി.എ.ബി.എൽ.-ആലപ്പുഴ ഫൊറോന
ശ്രീ.എം.റ്റി. കുര്യൻ, എം.എ ചമ്പക്കുളം ഫൊറോന
ശ്രീ വർക്കി ജോസഫ് ഏറ്റുമാനൂക്കാരൻ - കാഞ്ഞിരപ്പള്ളി ഫൊറോന
പ്രൊഫ. പി.വി. ഉലഹന്നൻ മാപ്പിള, എം.എ- കുറവിലങ്ങാട് ഫൊറോന.
ശ്രീ ഡി വർഗീസ്, ബി.എ. (ഓണേഴ്സ്) ചങ്ങനാശേരി ഫൊറോന.
ശ്രീ വി.ജെ. പൈലോ ബി.എ - പാലാ ഫൊറോന
ശ്രീ ജോസഫ് കുര്യാക്കോസ് തെക്കേവീട്ടിൽ - മുട്ടുചിറ ഫൊറോന.
ശ്രീ ജോസഫ് നെടുങ്കുന്നേൽ - രാമപുരം ഫൊറോന.

ഫാ. ജോൺ തലോടിക്കുപകരം ജനറൽ ഡയറക്ടറായി ഡോ. എൽ.ജെ. ചിറ്റൂർ നിയമിക്കപ്പെട്ടു.[32] പിന്നീട്, 1949-ൽ സി.എ.സി, കേന്ദ്രസമിതിയുടെ അസി. സെക്രട്ടറിയായി ഫാ. വർഗീസ് ചങ്ങനാശേരി (സാഹിത്യകാരനായിരുന്ന ജി.സി.ടീലാർ)യും നിയമിതനായി.[33]

വിദ്യാർത്ഥികളുടെ മതപഠനത്തിന് സി.എ.സി.യുടെ കർമ്മപരിപാടികളിൽ പ്രഥമസ്ഥാനം നൽകിയിരുന്നതായി സൂചിപ്പിച്ചിട്ടുണ്ടല്ലോ. നിലവി

www.malankaralibrary.com

ലുണ്ടായിരുന്ന മതപഠനപദ്ധതിയുടെ അപര്യാപ്തതകൾ കണക്കിലെടുത്ത് അതിന് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുവാനും അതനുസരിച്ചുള്ള പാഠപുസ്തകങ്ങൾ നിർമ്മിക്കുവാനും 1940 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച സി.എ.സി ജനറൽ കൗൺസിൽ ഒരു കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മറ്റി തയ്യാറാക്കി 'കത്തോലിക്ക മതപാഠാവലി' എന്ന പേരിൽ പ്രസിദ്ധീകരിച്ച പുസ്തങ്ങളാണ് ഏറെനാൾ ചങ്ങനാശ്ശേരി രൂപതയിൽ ഉപയോഗിച്ചിരുന്നത്.

1945-ൽ മാന്നാനത്തു ചേർന്ന സി.എ.സി.യുടെ ആറാമതു വാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച മദ്രാസ് വിദ്യാഭ്യാസ മന്ത്രി ശ്രീ സി. ജെ. വർക്കി തന്റെ പ്രസംഗത്തിൽ, ഊർജ്ജസ്വലമായ കത്തോലിക്ക പ്രവർത്തനത്തിന്റെ കാര്യത്തിൽ ചങ്ങനാശേരി രൂപത ഇന്ത്യയിലെ മറ്റെല്ലാ രൂപതകളുടെയും മുന്നിൽ നില്ക്കുന്നുവെന്നു പ്രസ്താവിച്ചത് വസ്തുതയുടെ ഒരു യഥാർത്ഥ കഥനം മാത്രമായിരുന്നു.

സി.ഐ.സി.യുടെ ചില ഇടവക യൂണിറ്റുകൾ വളരെ പ്രശംസാർഹമായ പ്രവർത്തനങ്ങളാണ് കാഴ്ച വച്ചിരുന്നത്. 1000-ൽപരം ഗ്രന്ഥങ്ങളോടുകൂടിയ ഒരു വായനശാലയും നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു അഗതി മന്ദിരവും കാഞ്ഞിരപ്പള്ളി സി.എ.സിയുടെ ആഭിമുഖ്യത്തിൽ ഉണ്ടായിരുന്നു. ചങ്ങനാശേരി കത്തീഡ്രൽ സി.എ.സി.യുടെ സേവനങ്ങളും എടുത്തുപറയേണ്ടവതന്നെ. സി.എ.സി അംഗങ്ങളാൽ നടത്തപ്പെട്ടിരുന്ന 16 വേദാദ്ധ്യായനശാലകൾ അന്ന് ഇടവകയുടെ വിവിധ ഭാഗങ്ങളിൽ കുട്ടികൾക്കു മതശിക്ഷണം നൽകിവന്നിരുന്നു. കൂടാതെ സി.എ.സിയുടെ ആഭിമുഖ്യത്തിൽ ഒരു ക്ലബ്ബും ജിംഖാനയും പ്രവർത്തിച്ചിരുന്നെന്നുള്ളതും പ്രസ്താവ്യമാണ്.

കത്തീഡ്രൽ ഇടവകയിൽ സി.എ.സിയുടെ ഒരു വനിതാവിഭാഗവും സജീവമായി പ്രവർത്തിച്ചുപോന്നിരുന്നു. വനിതാസമാജത്തിനു സാരഥ്യം നൽകിയവരുടെ കൂട്ടത്തിൽ ശ്രീമതി സിമോനി സിറയക്ക്, ബി.എ. ശ്രീമതി എൽ.എം. പൈലി, ശ്രീമതി എം.പി. പോൾ എന്നിവരുടെയൊക്കെ പേരുകൾ കാണുന്നുണ്ട്. കത്തീഡ്രൽ സി.എ.സി അമ്പതുനോമ്പിന്റെ എല്ലാ വെള്ളിയാഴചയും രാത്രി ചന്തക്കടവിൽനിന്നു പള്ളിയിലേക്ക് ആഘോഷമായ സ്ലീവാപ്പാതയും സുവിശേഷ പ്രഭാഷണങ്ങളും സംഘടിപ്പിച്ചിരുന്നു.

സി.എ.സി പില്ക്കാലത്ത് സഭാവേദിയിൽ നിന്നു നിശ്ശേഷം തിരോധാനം ചെയ്തു. ഇത് ഒരു ദുര്യോഗമായി കരുതുകയോ അതെച്ചൊല്ലി കണ്ണീർവാർക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാരണം പിന്നീട് അരങ്ങു കൈയടക്കിയ പുതിയ സംഘടനകളും പ്രസ്ഥാനങ്ങളും അന്നു സി.എ.സി നിർവഹിച്ചിരുന്ന പ്രവർത്തന പരിപാടികൾ കാലോചിതമായ രൂപഭാവങ്ങളോടെ കൂടുതൽ ഊർജ്ജസ്വലമായി തുടർന്നു പോരുകയാണല്ലോ ചെയ്യുന്നത്."

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ്സ് കേരളത്തിൽ സജീവമായി നിറഞ്ഞു നിന്ന സമയത്താണ് സി.എ.സി എന്ന സംഘടന ചങ്ങനാശ്ശേരിയിൽ രൂപീകരിക്കുന്നത്. ഈ സംഘടനയുടെ രൂപികരണം നിലവിലുള്ള കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനം നിർജീവമാകുന്നതിനു മാത്രമേ ഇടയാക്കുകയുള്ളുവെന്ന് പലരും അഭിപ്രായപ്പെട്ടു. സി.എ.സിയുടെ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ തന്നെയായിരുന്നു. സി.എ.സിയുടെ പ്രവർത്തനം കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനത്തെ മരവിപ്പിക്കുമെന്ന് ഭാരവാഹികൾക്ക് അറിയാമായിരുന്നു. എങ്കിലും കാളശ്ശേരി മെത്രാൻ മുൻകൈയെടുത്ത് രൂപീകരിച്ച സംഘടനയെ തള്ളിപറയുവാൻ ആരും ധൈര്യം കാട്ടിയില്ല.

ഈ സന്ദർഭത്തിൽ എം.ഒ. ജോസഫ് എറണാകുളത്ത് സത്യദീപത്തിലും മലബാർ മെയിലിലുമെല്ലാം സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. സി.എ.സിയുടെ രൂപീകരണംകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനം നിർജീവമായി പോകുമെന്ന് എം.ഒ.യ്ക്ക് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. അദ്ദേഹം കാളാശ്ശേരി ജെയിംസ് മെത്രാനെ സന്ദർശിച്ച് സി.എ.സി രൂപീകരണം കൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനം നിർജീവമായി പോകുമെന്നും പുതിയ സംഘടനാ രൂപീകരണം അപകടകരമായി തീരുമെന്നും പറഞ്ഞു. കത്തോലിക്കാ കോൺഗ്രസ്സിന്റെ സമാരാദ്ധ്യരായ നേതാക്കളായ ടി.ജെ. മാത്യു തെള്ളി, പി.ജെ സെബാസ്റ്റ്യൻ, വി.സി. ജോർജ് എ.സി. കുര്യാക്കോസ് തുടങ്ങിയവർ സി.എ.സി ഭാരവാഹിത്വം സ്വീകരിച്ച് പ്രവർത്തിച്ചപ്പോഴാണ് എം.ഒ. ജോസഫ് നിർഭയനായി കാളാശ്ശേരി പിതാവിനെ കണ്ട് തന്റെ അഭിപ്രായം തുറന്ന് പറഞ്ഞത്. എം.ഒ.യുടെ പ്രവർത്തനം കൊണ്ട് യാതൊരു പ്രയോജനമുണ്ടായില്ല. എങ്കിലും തനിക്കുള്ള അഭിപ്രായം തുറന്നു പറഞ്ഞുവെന്ന സംതൃപ്തിയോടെ അദ്ദേഹം മടങ്ങി. കത്തോലിക്കാ കോൺഗ്രസ്സ് നേതാക്കൾ സി.എ.സി.യുടെ പ്രവർത്തകരായി മാറിയപ്പോഴാണ് ഈ നിലപാട് എം.ഒ. സ്വീകരിച്ചത്.

സി.എ.സി.യുടെ അന്ത്യത്തെപ്പറ്റി ചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തിയത് മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. 1945 ആയപ്പോഴേക്കും ക്രൈസ്തവർക്ക് നേരെ സർ.സി.പി. ആഞ്ഞടിക്കാൻ തീരുമാനിച്ചു. അവരുടെ വിദ്യാലയങ്ങൾ നായന്മാരുടെയും ഈഴവരുടെയും പിന്തുണയോടെ പിടിച്ചെടുക്കുവാനുള്ള ശ്രമം നടന്നു. കാളാശ്ശേരി പിതാവിനെ അറസ്റ്റു ചെയ്യാൻ സി.പി.ഉത്തരവായി. അപ്പോൾ എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി ചങ്ങനാശ്ശേരി ബിഷപ്പ് ഹൗസിൽ ചേർന്നു. കാളാശ്ശേരി പിതാവും സന്നിഹിതനായിരുന്നു. എം.ഒ. ജോസഫ് ആ യോഗത്തിൽ ചോദിച്ചു. ഇപ്പോൾ സി.എ.സി ഇല്ലേ. അതിനെന്തു പറ്റി? ജോസഫിന്റെ ഈ കുസൃതി ചോദ്യം പിതാവിന് രസിച്ചില്ലെന്ന് പറയേണ്ടല്ലോ.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭാവിയെപ്പറ്റി ചിന്തിക്കാതെ സി.എ.

www.malankaralibrary.com

സി.യുടെ നേതൃത്വസ്ഥാനത്തേക്ക് അവരോധിക്കപ്പെട്ട്, കത്തോലിക്കാ കോൺഗ്രസ്സിനെ തഴഞ്ഞ നേതാക്കൾ എം.ഒ. ജോസഫിന്റെ ചോദ്യം കേട്ട് മനസ്സുകൊണ്ട് സന്തോഷിച്ചിരിക്കാം. അവരെല്ലാം സി.എ.സി.യുടെ പതന ശേഷം കത്തോലിക്കാ കോൺഗ്രസ്സിൽ തന്നെ കുടിയേറി. തനിക്കു ശരി യെന്നു തോന്നുന്നു കാര്യങ്ങൾ ആരുടെയും മുഖത്തു നോക്കി സധൈര്യം പറയാനുള്ള ആർജ്ജവം എം.ഒ.യ്ക്കുണ്ടായിരുന്നു. സി.എ.സി. രൂപീകരണം പുത്തനച്ചൻ പുരപുറം തൂക്കും എന്നു പറഞ്ഞപോലെയായി. വൈദിക മേല ദ്ധ്യക്ഷന്റെയും വൈദികരുടെയും പ്രോത്സാഹനം കൊണ്ടാണ് അവരുടെ ശക്തമായ പ്രേരണകൊണ്ടാണ് സി.എ.സി.യുടെ നേതൃസ്ഥാനം അവർ ഏറ്റെ ടുത്തത്. അതുകൊണ്ട് സമുദായത്തിന് കോട്ടമല്ലാതെ യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. അതാണ് സത്യം.

## വിപ്ലവകാരി

അനീതികളോടും അക്രമങ്ങളോടും അത് ഏതു ഭാഗത്തു നിന്നായാലും എതിർക്കുന്ന സ്വാഭാവമാണ് മി.എം.ഒ.യ്ക്കുള്ളത്. പ്രക്ഷോ ഭണങ്ങളിൽ പങ്കെടുക്കുവാൻ കാരണവും അതു തന്നെയാണ്. മലബാറി ലെയും ഹൈറേഞ്ചിലേയും കുടിയിറക്കിനെ എതിർത്തതും അതു കൊണ്ടാണ്. മലനാട് കർഷകയൂണിയൻ ഉത്ഘാടനം ചെയ്ത താൽക്കാ ലിക കമ്മറ്റിയുടെ സംയോജകൻ മി.ജോസഫായിരുന്നു. ഇന്നും ഏതദ്വിഷ യത്തിൽ എം.ഒ.പരാങ്മുഖനല്ല. സർക്കാരിന്റെയും മറ്റും അനീതികളെ എതിർക്കുന്ന പോലെതന്നെ സമുദായത്തിലെയും അനീതികളെ ശക്തി യുക്തം ശ്രി.എം.ഒ.എതിർത്തിട്ടുണ്ട്. അത് പലരുടെയും എതിർപ്പിനു കാര ണമായിട്ടുണ്ട്. സത്യത്തിന് സാക്ഷി നിൽക്കുമ്പോൾ സ്വാഭാവികമായി ഉണ്ടാ കുന്ന എതിർപ്പാണത്.

(എം.ഒ.ജോസഫിന്റെ സഹപ്രവർത്തകനായിരുന്ന ജെയിംസു കണ്ടത്തിൽ തൊഴിലാളി പത്രത്തിൽ 1967 മാർച്ച് 12-ന് എഴുതിയ ലേഖന ത്തിൽ നിന്ന്).

www.malankaralibrary.com





# 14. എം.എം. വർക്കി എം.ഒ.യെപ്പറ്റി

(മലബാർ മെയിലിലും തിരുവിതാംകൂറിലെയും കൊച്ചിയിലെയും പൗര സമത്വവാദപ്രക്ഷോഭണത്തിലും എം.ഒ.യൊടൊപ്പം ഒന്നിച്ചുപ്രവർത്തിച്ച ഒരു സമുദായ സ്നേഹിയാണ് എം.എം. വർക്കി. യാക്കോബായ സഭയിൽ ജനിച്ച് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ശ്രീ. വർക്കി തന്റെ ആത്മകഥയിൽ എം.ഒ.യെപ്പറ്റി എഴുതിയ ഭാഗമാണ് താഴെ ചേർക്കുന്നത്.)

എം.ഒ. ജോസഫ് നെടുങ്കുന്നം! എനിക്കു എത്രയോ മാധുര്യമുള്ള ഒരു നാമം! എത്രയോ പ്രിയങ്കരനായ ഒരു സ്നേഹിതൻ. എത്രയോ ഉപകാരിയായ ഒരു മനുഷ്യസ്നേഹി. ഞങ്ങൾ തമ്മിൽ ബന്ധിതരായിട്ടു ഉദ്ദേശം നാല്പതു വർഷമായി. ഇന്നോളം അതിനു തെല്ലും ഉലച്ചിൽ തട്ടിയിട്ടില്ല. ഇതിൽ 30 വർഷത്തോളം ഞങ്ങൾ ഒരുമിച്ചാണ് പല പല രംഗങ്ങളിലും പ്രവർത്തിച്ചിട്ടുള്ളത്. ഏതാണ്ടു പത്തുപതിനഞ്ചു വർഷം ഒരുമിച്ച് ഒരിടത്താണ് ഞങ്ങൾ താമസിച്ചിരുന്നത്. അതിൽ കുറേ വർഷങ്ങൾ ഇരുവരും ഒരേ സ്ഥാപനത്തിൽ ഒരേ ലക്ഷ്യത്തോടെ സേവനം നടത്തുകയും ചെയ്തിരുന്നു.

ഞങ്ങൾ ഒരുമിച്ചു ഒറ്റക്കെട്ടായിനിന്നു പയറ്റാത്ത രംഗങ്ങൾ ചുരുക്കം. രാഷ്ട്രീയമണ്ഡലത്തിലായാലും സമുദായവേദിയിലായാലും സഭാതലത്തിലായാലും സാഹിത്യരംഗത്തിലായാലും പത്രപ്രവർത്തനത്തിലായാലും ഞങ്ങൾ ഒരുമിച്ചായിരുന്നു. ഞങ്ങൾ തമ്മിൽ ചർച്ച ചെയ്യാത്ത കാര്യങ്ങളില്ല. ഞങ്ങൾ എഴുതാത്ത വിഷയങ്ങൾ ദുർല്ലഭം. ഞങ്ങൾ താങ്ങാത്ത നല്ല കാര്യങ്ങൾ അപൂർവ്വം. ഞങ്ങൾ ഏറ്റുപിടിക്കാത്ത സ്വാതന്ത്ര്യ-സാമൂഹ്യപ്രസ്ഥാനങ്ങളും ഇല്ല. ഇങ്ങനെ നാനാ വേദികളിലായി സ്വന്തം പേരുകളിലും തൂലികാനാമങ്ങളിലും ഞങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളും പ്രബന്ധങ്ങളും എത്ര എത്രയെന്നതിനു കൈയും കണക്കുമില്ല. അക്കാലത്തു രാജ്യത്താകെത്തന്നെ എഴുത്തുകാർ ചുരുക്കം. കത്തോലിക്കാ സമുദായത്തിലാണെങ്കിൽ വിരലിൽ എണ്ണുവാൻപോലും എഴുത്തുകാരില്ലാത്ത അവസ്ഥ. ഞങ്ങൾ രാഷ്ട്രീയക്കാർകൂടിയായിരുന്നതുകൊണ്ടു സ്വന്തം പേരുവച്ചു അക്കാലത്തു എഴുതുവാൻ പ്രതിബന്ധങ്ങൾ വളരെയായിരുന്നു. മാത്രമല്ല, എഴുതിയാൽത്തന്നെ പ്രസിദ്ധപ്പെടുത്തുവാൻ ചങ്കൂറ്റമുള്ള പത്രങ്ങളും ചുരുക്കമായിരുന്നു.

അക്കാരണത്താൽ ഒന്നല്ല ഒട്ടനവധി കള്ളപ്പേരുകളിലാണ് ഞങ്ങൾ വിവിധ പത്രങ്ങളിൽ എഴുതിയിരുന്നത്. "ജീവിക്കുകയും ജീവിക്കാൻ അനു

www.malankaralibrary.com

വദിക്കുകയും ചെയ്യുക." എന്നെഴുതിയതിനു ഭിന്നസമുദായങ്ങളെത്തമ്മിൽ അടികൂട്ടാൻ പര്യാപ്തമാണെന്നും, "വാഴപ്പിണ്ടിപോല" എന്ന പ്രയോഗത്തിൽ രാജദ്രോഹമുണ്ടെന്നും പറഞ്ഞു എന്റെ പത്രങ്ങൾ അടിച്ചമർത്തുകയും എന്റെപേരിൽ കേസ്സെടുക്കുകയും ചെയ്ത കാലങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. എന്നിരുന്നിട്ടും ഈ കോട്ട കൊത്തളങ്ങളെ മറികടന്നുതന്നെ ഞങ്ങൾ ആവോളം എഴുതിക്കൂട്ടി. ഒരുപക്ഷെ നമ്മുടെ ഭാഷയിൽ അരനൂറ്റാണ്ടുകാലത്തിനുള്ളിൽ ഞങ്ങൾ ഇരുവരേയുംപോലെ ഇത്രയധികം എഴുതിയിട്ടുള്ള വ്യക്തികൾ ഉണ്ടോയെന്നു സംശയമാണ്.

എന്നാൽ ഇക്കാര്യത്തിൽ എന്റെ ആത്മസുഹൃത്ത് ജോസഫ് ഞാൻ എഴുതിയിട്ടുള്ളതിൽ എത്ര എത്രയോ അധികം എഴുതിയിരുന്നു. കണ്ടറിഞ്ഞു തരുന്ന മനഃസ്ഥിതിക്കാരും വിരളമായിരുന്നു. പോരെങ്കിൽ തരാൻ കഴിവും മനസ്സും ഒത്തിണങ്ങിയ പ്രസിദ്ധീകരണക്കാരും ദുർല്ലഭമായിരുന്നു. എഴുതിയാൽ എന്തെങ്കിലും പ്രതിഫലം കിട്ടണമെന്ന ഒരു ചിന്താഗതിയേ ഞങ്ങൾക്കുണ്ടായിരുന്നില്ല. ലക്ഷ്യപ്രാപ്തി മാത്രമായിരുന്നു അന്നത്തെ പരമചിന്ത. അതിനായി എത്ര കഷ്ടപ്പാടും സഹനീയമായിരുന്നു താനും.

ജോസഫിനെ സംബന്ധിച്ചാണെങ്കിൽ ഒരു പ്രത്യേകതകൂടിയുണ്ട്. എനിക്കില്ലാത്ത ഒരു സവിശേഷത. അദ്ദേഹം ഒരു നല്ല പ്രാസംഗികനാണ്, അന്നും ഇന്നും. എനിക്കു പ്രസംഗിക്കാതെ, പ്രസംഗിക്കരുതെന്നു ഒട്ടുവളരെ നിരോധനക്കല്പനകൾ കിട്ടിയിട്ടുണ്ടെന്നുമാത്രം; എഴുതരുതെന്നുള്ള നിരോധനങ്ങളും. അതിലളിതമായ ഭാഷയിൽ ശക്തിമത്തും കുറിക്കുകൊള്ളുന്നതുമായ ശൈലിയിൽ എത്രനേരം വേണമെങ്കിലും പ്രസംഗിക്കാനും തർക്കിക്കാനും ജോസഫിനുള്ള പ്രാപ്തി വിസ്മയാവഹവും അനന്യസാധാരണവുമാണ്. അതിനുള്ള ഒരു ഔദ്യോഗിക സാക്ഷിപത്രമായിട്ടാണല്ലോ എഴുതരുത്, പ്രസംഗിക്കരുതെന്നുള്ള നിരോധനങ്ങൾക്കുപുറമേ, വിശ്രുതനായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കുശേഷം, സ്വദേശത്തുനിന്നൊരു നാടുകടത്തലും ജോസഫിനു ലഭിച്ചത്.

ജോസഫ് ഉന്നതനിലവാരത്തിലുള്ള ഒരു ഗ്രന്ഥകർത്താവു കൂടിയാണെന്നുള്ളത് പ്രസിദ്ധമാണല്ലോ. അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ്. അവയിൽ പലതും ഈടുറ്റതും ജോസഫിന്റെ പാണ്ഡിത്യത്തിനു മകുടോദാഹരണങ്ങളുമാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതങ്ങളായ എല്ലാ ഗ്രന്ഥങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. അനുഭവം വച്ച് നോക്കിയാൽ, ഏതുവിഷയത്തിലാണു അദ്ദേഹത്തിനു കൂടുതൽ അഭിരുചിയെന്നു തീർത്തുപറയാൻ സാദ്ധ്യമല്ല. ഏതുവിഷയവും, തദ്വിഷയത്തിൽ ഒരു മഹാജ്ഞാനിയേപ്പോലെയാണ് അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ജീവനുള്ള, നമ്മുടെ ഇടയിൽ ജീവിക്കുന്ന ഒരു വിജ്ഞാനഭണ്ഡാഗാരമാണു ജോസഫ് എന്നുപറഞ്ഞാൽ അതിശയോക്തിയാവില്ല.

www.malankaralibrary.com

ഇത്രയും മഹത്തരമായ നേട്ടങ്ങളും സവിശേഷതകളുംകൊണ്ടു അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന ഒരു മഹാവ്യക്തിയാണ് അദ്ദേഹമെങ്കിലും അതിനു തക്കവണ്ണമുള്ള പ്രോത്സാഹനം ജനങ്ങളുടെയിടയിൽ നിന്നോ സമുദായത്തിൽനിന്നോ അദ്ദേഹത്തിനു ലഭിച്ചില്ല. കാരണം വ്യക്തമാണ്. കണ്ടവരുടെ പിറകെ നടന്നു തനിക്കുവേണ്ടി ചെണ്ടകൊട്ടിക്കാനും കുഴൽ ഊതിക്കാനും ജോസഫ് ഒരിക്കലും തയ്യാറായിരുന്നില്ല. അങ്ങനെ മേളക്കൊഴുപ്പുള്ള ഒരു കാക്കപ്പിടുത്തം പൊതുജനങ്ങളുടെ അംഗീകരണം ലഭിക്കുന്നതിനുള്ള ഒരു അവശ്യ വ്യവസ്ഥിതിയായിട്ടാണല്ലോ ഇന്നും ഏറെക്കുറെ നിലകൊള്ളുന്നത്.

ഇതോർക്കുമ്പോൾ വിശാലഹൃദയന്മാരും സാഹിത്യകാരന്മാരുമായ ഏതാനും മാന്യന്മാർ യോഗംചേർന്ന് എറണാകുളത്തുവച്ച് ഈയിടെ ജോസഫിനെയും അദ്ദേഹത്തിന്റെ ബഹുവിധ നേട്ടങ്ങളെയും ബഹുമാനിച്ചാദരിച്ചതു ചില്ലറ കാര്യമൊന്നുമല്ല. അതുപോലെതന്നെ ആ മഹാ വ്യക്തിയേയും അദ്ദേഹത്തിന്റെ മഹനീയ സേവനങ്ങളെയും മാനിക്കാനും ആദരിക്കാനും 'കർമ്മലകുസുമം' തീരുമാനിച്ചതും ശ്ലാഘനീയമായിരിക്കുന്നു.

## റഫ:ഫാ.കെ.ജെ. ആന്റണി

ചങ്ങനാശ്ശേരി അതിരൂപതയിലെ പ്രമുഖ വൈദികനായിരുന്ന ഫാ.കെ.ജെ ആന്റണി കായിത്ര എം.ഒ.യ്ക്ക് എഴുതിയ കത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"I appreciate your article on the Catholic Congress. You are its strong advocate. You have sincerely tried to do much. You have done as God views it, have failed as man views it sincerity is not regarded as a virtue but as a weakness. Let us bee cent percent sincere and fail. My good wishes and prayer for you...."

www.malankaralibrary.com

# 15. ആത്മകഥയിൽ നിന്ന്

കൊച്ചിയിൽ നിന്നും എം.ഒയെ നാടുകടത്തുകയും തിരുവിതാംകൂർ സർക്കാർ അദ്ദേഹത്തെ വീട്ടു തടങ്കലിൽ വയ്ക്കുകയും ചെയ്ത സംഭവത്തെ പറ്റി എം.ഒ.ജോസഫ് ഖണ്ഡ:ശ തൊഴിലാളിയിൽ പ്രസിദ്ധീകരിച്ച ആത്മക ഥയിൽ ഹൃദയ സ്പർശകമാംവിധം വിവരിച്ചിട്ടുണ്ട്. ആ ആത്മകഥയിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ.

## 1. നാടുകടത്തൽ

1946 ഏപ്രിൽ മാസം 6–ാം തീയതി ശനിയാഴ്ച രാത്രി, അത്താഴവും കഴിഞ്ഞ് ഒരു പുസ്തകവുമായി ഞാനങ്ങനെ കൂടിയിരിക്കുമ്പോൾ എനിക്ക് സുപരിചിതനായ ഒരു പോലീസ് മേധാവി എന്റെ മുറിയിലേക്ക് കയറിവ ന്നു. പോലീസ് കമ്മീഷണർ അടിയന്തരമായി എന്നെ ഒന്നു കാണുവാൻ ആഗ്രഹിക്കുന്നു എന്ന് ആ ഇൻസ്പെക്ടർ അല്പം പുഞ്ചിരിയോടുകൂടി പറ ഞ്ഞു. ഉടനെ മടങ്ങിപോരാമെന്നും എന്തോ ചോദിക്കുവാനാണെന്നും ആ വിദ്വാൻ തുടർന്നു പ്രസ്താവിച്ചു. ഈ രണ്ടാം വാചകത്തിന്റെ ആവശ്യമെ ന്തായിരുന്നുവെന്ന് അന്നും ഇന്നും എനിക്ക് മനസ്സിലായിട്ടില്ല. പക്ഷെ അങ്ങ നെയൊരു താങ്ങുകൂടി ഇല്ലെങ്കിൽ, രാത്രി തന്നെ ഞാൻ ചെല്ലുകയില്ലെന്ന് ആ ദൗത്യവാഹകൻ ശങ്കിച്ചിരുന്നിരിക്കാം. ഗൗരവവഹങ്ങളായ വാർത്തകൾ പത്രത്തിൽ പ്രസിദ്ധം ചെയ്യുന്നതു സംബന്ധിച്ച് കമ്മീഷണർ ചിലപ്പോ ഴൊക്കെ അന്വേഷിക്കാറുണ്ടായിരുന്നതുകൊണ്ട് ഏതോ രസകരമായ വാർത്ത നൽകുന്നതിനായിരിക്കാം അദ്ദേഹം ക്ഷണിച്ചിരിക്കുന്നതെന്നു ഞാൻ കരുതി.

ആ രാത്രിയിൽ തന്നെ ഞാൻ പോലീസ് കമ്മീഷണറെ അദ്ദേഹ ത്തിന്റെ ക്വാർട്ടേഴ്സിൽ ചെന്നുകണ്ടു. പക്ഷെ അദ്ദേഹത്തിന് എന്നോട് യാതൊന്നും ചോദിക്കുവാനുണ്ടായിരുന്നില്ലെന്നു തന്നെയല്ല, എന്റെ കുശല പ്രശ്നങ്ങൾക്കു മറുപടി പറയുവാൻപോലും അദ്ദേഹം വിഷമിക്കുന്നതായി കാണപ്പെട്ടു. സമയം കളയാതെ അദ്ദേഹം തന്നെ മുകളിൽ ചെന്നു ഒരു നല്ല ലെക്കോട്ടെടുത്തുകൊണ്ടു വന്ന് എന്റെ കൈയ്യിൽതന്നു. പത്രത്തിലേ ക്കുള്ള വല്ല വാർത്തയും ആയിരിക്കുമെന്നുള്ള പ്രതീക്ഷയോടെ ഞാൻ അതു തുറന്നുനോക്കി. ഗവണ്മെന്റു സെക്രട്ടറിയുടെ ഒപ്പോടുകൂടിയ ഒരു ഗവണ്മെന്റു ത്തരവായിരുന്നു ആ തലക്കെട്ടിൽ. ആംഗ്ലേയഭാഷയിൽ ടൈപ്പു ചെയ്തിരുന്ന ഉത്തരവിൽ " ഈ അടിയന്തര ഘട്ടത്തിൽ കൊച്ചി സംസ്ഥാനത്തെ പൊതു രക്ഷയ്ക്കും പൊതുക്രമപാലനത്തിന്നും സമാധാനപരമായ സ്ഥിതിഗതി

www.malankaralibrary.com





കൾക്കും ഹാനികരമായി ഏതെങ്കിലും വിധത്തിൽ പ്രവർത്തിക്കുന്നതിൽ നിന്നും തടയേണ്ടതിലേയ്ക്കായി കൊച്ചി സംസ്ഥാനത്തുനിന്നും നീക്കം ചെയ്യേണ്ടതും ഈ സംസ്ഥാനത്തേക്കു മടങ്ങി വരുന്നതിനെ നിരോധിക്കേണ്ടതും ആവശ്യമാണെന്നു ഗവണ്മെന്റിനും ബോദ്ധ്യമായിരിക്കുന്നതിനാൽ, ഈ ഉത്തരവു കിട്ടി ഇരുപത്തിനാലു മണിക്കൂറിനകം (ഞാൻ) കൊച്ചി സംസ്ഥാനത്തുനിന്നു റോഡുമാർഗ്ഗം ഇടപ്പള്ളിവഴി തിരുവിതാംകൂറിലേക്കു സ്വയം നീങ്ങിക്കൊള്ളേണ്ടതാണെന്നും. ഈ ഉത്തരവു നിലവിലിരിക്കുന്നടത്തോളം കാലം കൊച്ചി സംസ്ഥാനത്തേക്കു മടങ്ങുകയോ, കൊച്ചി സംസ്ഥാനത്തു എവിടെയെങ്കിലും കാണപ്പെടുകയോ ചെയ്തുകൂടെന്നും" എനിക്കു താക്കീതു നൽകിയിരുന്നു.

ഏപ്രിൽ ആറാം തീയതിയിലെ ഈ ഉത്തരവ് അന്നുതന്നെ രാത്രി 10.30 ന് പോലീസ് കമ്മീഷണർ എന്റെ കൈയിൽ തന്നു. പത്രപ്രവർത്തനത്തിൽ വ്യാപൃതനായി ഞാൻ കൊച്ചിയിൽ സ്ഥിരതാമസമാക്കിയിട്ട് അന്നേക്കു നീണ്ട പതിനാലര കൊല്ലങ്ങൾ കഴിഞ്ഞിരുന്നു. സുദീർഘകാല സഹവാസം, നമുക്കു പ്രത്യേകങ്ങളായ ചില മമതകളേയും, ഇഷ്ടങ്ങളെയും നാം അറിയാതെ തന്നെ, സംജാതമാക്കാറുണ്ടല്ലോ. അതിനാൽ ഇരുപത്തിനാലു മണിക്കൂറിനകം സംസ്ഥാനം വിട്ടുകൊള്ളണമെന്നുള്ള ഈ കൽപ്പന ഞാൻ അർഹിക്കാത്ത ഒരു വലിയശിക്ഷയായിട്ടാണ് എനിക്കു തോന്നിയത്. ശിക്ഷയെന്നു പറയുമ്പോൾ അതിനെ ന്യായീകരിക്കുന്ന ഒരു കുറ്റവും വേണമല്ലോ. ഞാൻ കുറ്റം ചെയ്യാതിരിക്കാനാണ് എന്നെ നാടുകടത്തുന്നതെന്നേ പറയുന്നുള്ളൂ. പൊതുരക്ഷക്കോ, പൊതുക്രമപാലനത്തിനോ ഹാനികരമായ എന്തെങ്കിലും എന്നിൽനിന്ന് ഉണ്ടാകുമെന്നു സംശയക്കത്തക്ക യാതൊന്നും എന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടില്ല. ഒരിക്കൽപോലും വാക്കാലെങ്കിലും, ഒരു താക്കീതു നൽകുന്നതിനുള്ള സന്ദർഭം ഗവണ്മെന്റിനുണ്ടായിട്ടില്ല. എന്റെ ഒറ്റ റിപ്പോർട്ടു പോലും നിഷേധിക്കേണ്ടതാണെന്നു ഗവണ്മെന്റിനു തോന്നിയിട്ടില്ല.

പിന്നെ, പൊടുന്നനവെ ഇങ്ങനെയൊരു കർശന ഉത്തരവു പുറപ്പെടുവിക്കേണ്ട ആവശ്യമെന്ത്? കുറ്റം എന്തെന്ന് അറിയിക്കാതെ ഒരാളെ ശിക്ഷിക്കുന്നതു ശരിയാണോ? ഈ ഉത്തരവിൽ ഒപ്പിട്ടിരിക്കുന്ന ഗവ. സെക്രട്ടറിയെ, മറ്റൊരു കാര്യം പ്രമാണിച്ച് അന്നു പകൽ ഞാൻ സന്ദർശിച്ചിരുന്നു. കൊച്ചിയിലെ എന്റെ സാന്നിദ്ധ്യം ഗവണ്മെന്റിനു ഏതെങ്കിലും അസുഖം ഉണ്ടെന്നു സൂചന ലഭിച്ചിരുന്നുവെങ്കിൽ, ഒരുത്തരവിനുവേണ്ടി കാത്തിരിക്കാതെ ഞാൻ സ്ഥലം വിടുമായിരുന്നു. പ്രാഥമിക വിദ്യാലയ ദേശസാൽക്കരണത്തിനു എതിരായി തിരുവിതാംകൂറിൽ ആരംഭിച്ച പ്രക്ഷോഭണത്തിനു ജീവനും നേതൃത്വവും ലഭിച്ചിരുന്നത് എറണാകുളത്തുനിന്നായിരുന്നുവെന്നു തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ മനസ്സിലാക്കിയിരുന്നു. റസിഡന്റു വഴി സർ സി.പി. നിരന്തരം ചെലുത്തികൊണ്ടിരുന്ന സമ്മർദ്ദം മൂലം എന്തെ

www.malankaralibrary.com

ങ്കിലും ചെയ്തേ മതിയാവൂ. ആരെയെങ്കിലും ബലിയാടാക്കിയെ മതിയാവൂ എന്ന നിലയായിരുന്നു അന്ന് കൊച്ചി ഗവണ്മെന്റിന്. ഞാൻ നാടു വിടുകയല്ല. എന്നെ തന്റെ പിടിയിലേക്ക്, തിരുവിതാംകൂറിലേക്ക് നാടുകടത്തുകയാണ് സർ. സി.പി.ക്കു വേണ്ടിയിരുന്നത്. വിദ്യാഭ്യാസ പ്രക്ഷോഭണത്തിനു ജീവൻ നൽകി കൊണ്ടിരുന്നവരെ നിശ്ശബ്ദരാക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ സ്ഥലം വിട്ടുകൊള്ളണമെന്നുള്ള ആ ഉത്തരവ് ഒരു അവധി ദിവസത്തിന്റെ തലേരാത്രി എന്നെ ഏല്പിച്ചതിന്റെ പ്രസക്തി ചിന്തനീയമാണ്. എന്തുകൊണ്ട്, ആ ഉത്തരവ് വെള്ളിയാഴ്ച രാത്രിയോ ഞായറാഴ്ച രാത്രിയോ എനിക്കു നൽകുവാൻ അധികാരികൾ വിചാരിക്കാതിരുന്നുവെന്നു പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. ഉത്തരവു നൽകുവാൻ ശനിയാഴ്ച രാത്രി തിരഞ്ഞെടുത്തതു കേവലം യാദൃശ്ചികമാണെന്ന് ഞാൻ കരുതുന്നില്ല. ഒരു പക്ഷെ, അതു സംബന്ധിച്ച് യാതൊരു പ്രകടനവും ഉണ്ടാകരുതെന്ന് ഗവണ്മെന്റ് കരുതിയിരിക്കാം. പല സംരംഭങ്ങളിലും ഏർപ്പാടുകളിലും ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തി. ഒരു അവധി ദിവസം ആരോടും പറയാതെ യാതൊരു ക്രമീകരണവും നടത്താതെ നാടു വിടുന്നതിനുള്ള പ്രയാസങ്ങളെപ്പറ്റി അധികാരികൾ ചിന്തിച്ചു കാണുകയില്ല. അഥവാ, പതിനാലു ലക്ഷം ജനങ്ങളുടെ സമാധാനത്തെയും ക്ഷേമത്തെയും പറ്റിയുള്ള വ്യഗ്രതയിൽ ഇതേപ്പറ്റി ചിന്തിക്കുവാൻ എവിടെയാണ് അവസരം! അനേകരുടെ ഗുണത്തിനു വേണ്ടി ഒരാൾ നശിക്കുന്നത് നല്ലതാണെന്നല്ലേ ആപ്തവാക്യം?

അന്നേ ദിവസംതന്നെ 'മലബാർ മെയിലി' ൽ എന്റെ സഹപ്രവർത്തകനായിരുന്ന ശ്രീ. എം.എം. വർക്കിക്ക് ഒരു നിരോധന ഉത്തരവു ലഭിച്ചിരുന്നു. 'തിരുവിതാംകൂറിലെ ഈയിടത്തെ വിദ്യാഭ്യാസനയത്തെ പരാമർശിക്കുന്ന' ഏതെങ്കിലും ലേഖനം സ്വന്തം പേരിലോ മറ്റേതെങ്കിലും പേരിലോ മലബാർ മെയിലിൽ പ്രസിദ്ധപ്പെടുത്തരുതെന്നും, തിരുവിതാംകൂറിലെ വിദ്യാഭ്യാസ നയത്തെപ്പറ്റി ചർച്ച നടക്കുന്ന യോഗങ്ങളിൽ സംബന്ധിക്കരുതെന്നും ആ വിദ്യാഭ്യാസനയം സംബന്ധിച്ച് വാങ്മൂലമോ രേഖാമൂലമോ ആശയവിനിമയം നടത്തരുതെന്നും പ്രസ്തുത ഉത്തരവിൽ പ്രസ്താവിച്ചിരുന്നു. അതിൽ രസകരമായ ഒരു വിരോധാഭാസം ഉണ്ട്. തിരുവിതാംകൂറിലെ വിദ്യാഭ്യാസനയം സംബന്ധിച്ച് ശ്രീ. വർക്കി ഏതെങ്കിലും യോഗത്തിൽ സംബന്ധിക്കുകയോ, പ്രസംഗിക്കുകയോ, ലേഖനങ്ങളെഴുതുകയോ ചെയ്തിരുന്നില്ല. ചെയ്യാത്ത കാര്യങ്ങളിൽ നിന്നു ഗവണ്മെന്റ് അദ്ദേഹത്തെ നിരോധിച്ചിരിക്കുന്നു. അതേ സമയം ആ വിദ്യാഭ്യാസനയം സംബന്ധിച്ചും തിരുവിതാംകൂർ ദിവാന്റെ നിലപാടു സംബന്ധിച്ചും എഴുപതോളം ദീർഘ ലേഖനങ്ങൾ ഞാൻ പ്രസിദ്ധപ്പെടുത്തുകയും അനേകമനേകം പൊതു യോഗങ്ങളിൽ പ്രസംഗിക്കുകയും ആ പ്രക്ഷോഭണം നടത്തിയിരുന്ന കമ്മറ്റിയിൽ

www.malankaralibrary.com





സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ആ രംഗങ്ങളിലുള്ള എന്റെ പ്രവർത്തനങ്ങളെ ഗവണ്മെന്റ് നിരോധിക്കുന്നില്ല താനും.

അതെങ്ങിനെയിരുന്നാലും, വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ പേരിലാണ് ഗവണ്മെന്റ് എന്റെ മേൽ നടപടിയെടുത്തതെന്ന് പിന്നീട് ഔദ്യോഗിക കേന്ദ്രങ്ങളിൽ നിന്നു ഞാൻ മനസ്സിലാക്കി. പക്ഷെ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ഒരുവന്റെ അഭിപ്രായങ്ങൾ തുറന്നു പറയുന്നത് ഒരു അപരാധമാണോ? വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം കത്തോലിക്കർക്ക് സുനിശ്ചിതങ്ങളായ ചില ആദർശങ്ങളുണ്ട്. സഭലോകത്തിന്റെ ഏതു ഭാഗത്തും എക്കാലത്തും ആ ആദർശങ്ങൾ പുലർത്തിപ്പോരുവാൻ സഹിച്ചിട്ടുള്ള ത്യാഗങ്ങൾ കുറച്ചൊന്നുമല്ല. ആ ആദർശങ്ങൾ ചവിട്ടി മെതിക്കപ്പെടുവാൻ അനുവദിക്കുന്നവർ കത്തോലിക്കൻ എന്ന പേരിന് അർഹരല്ല. കത്തോലിക്കാ വിദ്യാഭ്യാസാദർശ സംരക്ഷണത്തിനുവേണ്ടി സഹിക്കേണ്ടി വരുന്ന ത്യാഗം ഒരു വിധത്തിലും ഒരു നഷ്ടമായി എനിക്കു തോന്നിയിട്ടില്ല എന്നാൽ ഒരു കുണ്ഠിതം എനിക്കുണ്ടാകാതിരുന്നില്ല.

'ക്രിസ്തീയാദർശ സംരക്ഷണത്തിനു " വേണ്ടി നിലകൊള്ളുന്നു എന്ന് അഭിമാനിച്ചിരുന്ന ഒരു മന്ത്രി ഈ ഉത്തരവ് എനിക്കു ലഭിക്കുന്ന കാലത്ത് കൊച്ചിയിലുണ്ടായിരുന്നു. കത്തോലിക്കരുടെ ആദർശങ്ങളെയും അഭിമാനത്തെയും സംരക്ഷിക്കുന്നതിൽ മറ്റാരുടെയും മുന്നണിയിലാണ് തങ്ങളെന്ന മന്ത്രക്കക്ഷിയിലെ ചില അംഗങ്ങൾ പരസ്യമായി പ്രസ്താവിക്കുവാൻ മടിച്ചിരുന്നില്ല. അങ്ങനെയുള്ള ഒരു മന്ത്രിയും മന്ത്രിക്കക്ഷിയും അധികാരത്തിലിരിക്കെ, ഒരു കത്തോലിക്കാ പത്രത്തിൽ കത്തോലിക്കരുടെ വിദ്യാഭ്യാസാദർശത്തെപ്പറ്റി മിണ്ടി കൂടാത്ത ഒരു നില വന്നതിലാണ് ഞാൻ കുണ്ഠിതപ്പെട്ടത്. ജീവിതമൂല്യങ്ങളെപ്പറ്റിയുള്ള എന്റെയും അവരുടെയും വീക്ഷണം ഒന്നുപോലെയായിരിക്കണമെന്നില്ലെന്നു ഞാൻ കരുതേണ്ടതായിരുന്നു.

ഗവണ്മെന്റിന്റെ ഉത്തരവിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ "റോഡുമാർഗ്ഗം ഇടപ്പള്ളി വഴി, തിരുവിതാംകൂറിലേക്കു സ്വയം നീങ്ങുവാൻ" തന്നെ ഞാൻ നിശ്ചയിച്ചു. ഏപ്രിൽഏഴാം തീയതി വൈകുന്നേരം അഞ്ചരമണിക്കു ഞാൻ പുറപ്പെടുന്നതാണെന്ന് അധികാരികളെ അറിയിച്ചു. ഉത്തരവിലെ " റോഡുമാർഗ്ഗം ഇടപ്പള്ളിവഴി തിരുവിതാംകൂറിലേക്കു പോകുക" എന്ന പ്രയോഗം ഇതിനകം പല ആശങ്കകൾക്കും ഇട നൽകി കഴിഞ്ഞിരുന്നു. 'നാടുവിടൂ' എന്നു കൽപ്പിക്കുന്നതിനുപകരം, പോകേണ്ട വഴി പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നത് എന്തോ വലിയ കെണിയാണെന്നും, അതിർത്തിയിൽ തിരുവിതാംകൂറിലെ കുപ്രസിദ്ധമായ ഇടിവണ്ടി ഉണ്ടായിരിക്കുമെന്നും, അവിടെവെച്ച് എന്നെ തിരുവിതാംകൂർ പോലീസിനെ ഏല്പിക്കുവാനാണ് കൊച്ചി പോലീസിന്റെ പ്ലാനെന്നുമായിരുന്നു എല്ലാവരുടെയും സംശയം. (ഉത്തരവു നിയമാനുസൃതമാകുന്നതിനു മാർഗ്ഗനിർദ്ദേശം അത്യാവശ്യമാണെന്നുള്ള

www.malankaralibrary.com

വസ്തുത ആരും അപ്പോൾ ചിന്തിച്ചിരുന്നില്ല.)

ആകയാൽ കുറഞ്ഞതു രണ്ടുപേരുടെയെങ്കിലും തുണയോടുകൂടി മാത്രമേ യാത്ര ചെയ്യാവൂ എന്നു പലരും നിർദ്ദേശിച്ചു. എറണാകുളത്തെ പല സുഹൃത്തുക്കളോടും അനുയാത്ര ചെയ്യാമോയെന്നു ചോദിച്ചു. അന്നൊരു ഞായറാഴ്ചയായിരുന്നെങ്കിലും. ജോലിത്തിരക്കുകൊണ്ട് അവരിൽ ഒരുത്തർക്കും അതിന് സൗകര്യം ലഭിച്ചില്ല. അനുയാത്ര ചെയ്യേണ്ട ആൾ ഉഗ്ര പ്രതാപവനായ സർ. സി.പി. രാമസ്വാമി അയ്യരുടെ ശത്രു -കൊച്ചിയിൽ നിന്നു നാടുകടത്തപ്പെട്ടിരിക്കുന്ന ആൾ - ആയിരിക്കുമ്പോൾ തൊഴിലില്ലാത്തവർക്കും ജോലിത്തിരക്കു വരാവുന്നതാണ്. ഏതായാലും വൈകുന്നേരം അഞ്ചരമണിക്കുതന്നെ ഞാൻ ഇടപ്പള്ളിവഴി ആലുവായ്ക്കു പുറപ്പെട്ടു. ഒരു കാർ നിറയെ കൊച്ചി പോലീസ് എനിക്ക് അകമ്പടി സേവിച്ചു. എറണാകുളം മുതൽ ആലുവാവരെ തിരിവിതാംകൂർ ഗവണ്മെന്റിന്റെ രണ്ടു സി.ഐ.ഡി. മാർ എനിക്കു തോഴ്ച ഉണ്ടായിരുന്നു. എന്നിൽ നിന്നു ദൃഷ്ടി മാറ്റാതെ എന്നെ അനുഗമിച്ചിരുന്ന ആ വീരന്മാരെ, ആലുവായിലെത്തിയപ്പോൾ ഞാൻ കബളിപ്പിക്കുകതന്നെ ചെയ്തു.

ഈ യാത്രയിൽ ഒരു വ്യക്തി എറണാകുളം മുതൽ എന്നെ അനുയാത്ര ചെയ്തിരുന്നു. ധീരനും സമുദായാഭിമാനിയുമായിരുന്ന ശ്രീ. ഏ.ജെ. അബ്രാഹം(മോനിപ്പള്ളി). ഞാൻ അർദ്ധരാത്രി ആലുവാ വിടുന്നതുവരെ എന്റെ പെട്ടിയും തൂക്കിപ്പിടിച്ചുകൊണ്ട് ആ മഹാമനസ്കൻ എന്നോടുകൂടി നടന്നു. അതിനുശേഷമാണ് എറണാകുളത്തേക്കു മടങ്ങിയത്. ആ രാത്രിക്കു ശേഷം ആ ഉത്തമ സുഹൃത്തിനെ ഈ ലോകത്തിൽ വെച്ചു കാണുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചില്ല. തിരുവിതാംകൂറിലെ എന്റെ തടങ്കൽ കഴിഞ്ഞു ഞാൻ സ്വതന്ത്രനാകുന്നതിനു വളരെ മുമ്പുതന്നെ തന്റെ മഹത്തായ സേവനങ്ങൾക്കു സമ്മാനം വാങ്ങുവാനായി അദ്ദേഹം സൃഷ്ടാവിന്റെ പക്കലേക്ക് പൊയ്ക്കഴിഞ്ഞിരുന്നു. നിരോധനാജ്ഞകളെയും, സി. ഐ.ഡി.മാരെയും തെല്ലും ഭയപ്പെടേണ്ടതില്ലാത്ത ആ നാട്ടിൽ അദ്ദേഹം നിത്യശാന്തി അനുഭവിക്കട്ടെ!!

എനിക്കും ശ്രീ. എം.എം. വർക്കിക്കും ലഭിച്ച നിരോധനാജ്ഞകളും ശ്രീ ചെറിയാൻ മാഞ്ഞൂരാനു ലഭിച്ച തടങ്കലും പ്രാഥമികമായ പൗരാവകാശങ്ങളോടുള്ള ഒരു കൈയേറ്റമാകയാൽ പ്രബുദ്ധരായ കൊച്ചിയിലെ ജനങ്ങൾ അതിനെ ശക്തിയായി എതിർക്കുമെന്ന് എനിക്കറിയാമായിരുന്നു. ഭൂരിപക്ഷം ക്രിസ്ത്യാനികളുള്ള ഒരു നാഷണലിസ്റ്റു പാർട്ടിയാണു അന്നു കൊച്ചിയിൽ അധികാരത്തിലിരുന്നത്. ആ പാർട്ടിയുടെ നേതാവായ ഒരു കത്തോലിക്കൻ ശ്രീ. പറമ്പിലോനപ്പൻ ബി. എ.ബി.എൽ ആയിരുന്നു അന്നു ഗ്രാമോദ്ധാരണമന്ത്രി. ഈ ചുറ്റുപാടുകളിൽ ഏതാനും കത്തോലിക്കരുടെ പൗരാവകാശത്തോടു ചെയ്തിരിക്കുന്ന ഈ അപമര്യാദയ്ക്കു എത്രയും വേഗം പരി

www.malankaralibrary.com

ഹാരമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിച്ചു. കുറ്റം ബോദ്ധ്യപ്പെടുത്താതെയും യാതൊരു സമാധാനവും ചോദിക്കാതെയും ഏകപക്ഷീയമായി ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന ഈ നടപടി തെറ്റാണെന്നു ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തുവാൻ നിയമവിരുദ്ധമല്ലാത്ത ഏതു നടപടിയും സ്വീകരിക്കുന്നതിനു മന്ത്രി കക്ഷിക്കു കഴിയുമായിരുന്നു.

എന്നെ നാടു കടത്തിയതിന്റെ രണ്ടാം ദിവസം - ഏപ്രിൽ എട്ടാം തീയതി തിങ്കളാഴ്ച-കൊച്ചി നിയമസഭ സമ്മേളിക്കുകയായിരുന്നു. അന്ന് നിയമസഭയിൽ പ്രജാമണ്ഡലം പാർട്ടി നേതാവായ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ, ഗവണ്മെന്റുത്തരവിനെപ്പറ്റി ഒരു അടിയന്തര പ്രമേയം ഹാജരാക്കി പ്രമേയത്തിന് അനുമതി നൽകേണ്ട ആവശ്യകത വിശദീകരിച്ചു ശ്രീ. പനമ്പിള്ളി അത്യന്തം ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. പൗരസ്വാതന്ത്ര്യം സംരക്ഷണ വിഷയത്തിൽ അദ്ദേഹത്തിനുള്ള ഉൽക്കണ്ഠ എത്രമാത്രമെന്നു ഗംഭീരമായ ആ പ്രസംഗം തെളിയിച്ചു. പക്ഷെ പ്രമേയം അവതരിപ്പിക്കുവാൻ പ്രസിഡന്റു അനുമതി നൽകിയില്ല. പ്രമേയം ഹാജരാക്കിയതിന്റെ പിറ്റേദിവസമാണു ഇതേപ്പറ്റിയുള്ള റൂളിംഗ് ഉണ്ടായത്. മന്ത്രിക്കക്ഷിക്ക് ഇതിൽ ഇടപെടുന്നതിനും ഗവണ്മെന്റിനെക്കൊണ്ട് ഉത്തരവ് പിൻവലിപ്പിക്കുന്നതിനും വേണ്ടുവോളം സമയം ഇങ്ങനെ യാദൃശ്ചികമായിട്ടാണെങ്കിലും, മന്ത്രികക്ഷിക്കു ലഭിച്ചു. പക്ഷെ അവർ മൗനം പാലിക്കുകയാണ് ചെയ്തത്.

പ്രമേയാവതരണത്തിന് അനുവാദം നിഷേധിക്കപ്പെട്ടപ്പോൾ പ്രജാമണ്ഡലം കക്ഷി, തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി, നിയമസഭയിൽനിന്നു വാക്കൗട്ടുനടത്തി. മന്ത്രികക്ഷിയിൽപ്പെട്ട ശ്രീ. പി.വി. സെബാസ്റ്റ്യനും അവരെ അനുഗമിച്ചു. ജനങ്ങളുടെ പ്രാഥമികമായ പൗരസ്വാതന്ത്ര്യത്തിനുവേണ്ടി സമരാങ്കണത്തിലിറങ്ങിയ ആ ധീരദേശാഭിമാനികളെ എങ്ങനെ വാഴ്ത്താതിരിക്കും? വാക്കൗട്ടിനെതുടർന്ന് ശ്രീ. പനമ്പിള്ളി പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇങ്ങനെയൊരു ഭാഗമുണ്ട്. “നമ്മുടെ ജനകീയമന്ത്രി ജനങ്ങളുടെ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കേണ്ടതാണ്. എന്നെ നയിക്കുവാൻ ഞാൻ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു. ഗവണ്മെന്റിന്റെ വെല്ലുവിളി സ്വീകരിച്ചു പ്രതിഷേധപൂർവ്വം ഇറങ്ങിപ്പോരുവാൻ ജനങ്ങളുടെ പ്രതിനിധികൾ ഒരോരുത്തരെയും ഞാൻ ക്ഷണിച്ചുകൊള്ളുന്നു.” പക്ഷെ ആ ക്ഷണം ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. അഥവാ, “ക്രൈസ്തവ താല്പര്യസംരക്ഷണ” വ്യഗ്രനായി അധികാരത്തിൽ വന്നിരിക്കുന്ന ഒരു മന്ത്രിയെ ഇങ്ങനെ ക്ഷണിക്കുന്നതുതന്നെ അനാവശ്യമല്ലേ?

വിവിധ സമുദായങ്ങൾ അധിവസിക്കുന്ന ഒരു രാജ്യത്തിൽ, അധികാരസ്ഥാനത്തിരിക്കുന്നവർ ഏതെങ്കിലും ഒരു സമുദായത്തോട് പ്രത്യേക മമത കാണിക്കുന്നത് ഒരിക്കലും ക്ഷന്തവ്യമല്ല. പക്ഷെ ഇവിടുത്തെ പ്രശ്നം അതല്ല. ഗവണ്മന്റു പൗരസ്വാതന്ത്ര്യ ധ്വംസകമായ ഒരുത്തരവു പുറപ്പെടുവിച്ചിരി

www.malankaralibrary.com

ക്കുന്നു. അതിൽ സമുദായപരിഗണന വരുന്നില്ല. കത്തോലിക്കരുടെ വിദ്യാഭ്യാസപരമായ സംവാദങ്ങളിൽ നൂറുശതമാനവും ആനുകൂല്യം നൽകുവാൻ ഒരു കത്തോലിക്കമന്ത്രിക്കു കഴിഞ്ഞില്ലെന്നുവരാം. എന്നാൽ ആ മന്ത്രിസ്ഥാനം വലിച്ചെറിഞ്ഞ് ഇറങ്ങിപ്പോരുവാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ആ മന്ത്രിക്കുണ്ട്. കത്തോലിക്കരുടെ വിദ്യാഭ്യാസാദർശത്തിനുവേണ്ടി നില കൊണ്ടു എന്ന ഒറ്റക്കാരണത്തിനു ഞാനുൾപ്പെടെ ചില കത്തോലിക്കർക്ക് നാടുകടത്തലും തടങ്കലുമെല്ലാം കിട്ടിയപ്പോൾ, കത്തോലിക്കനായ അന്നത്തെ മന്ത്രി സ്വസ്ഥാനം രാജിവച്ചിരുന്നെങ്കിൽ അത് രാജ്യതന്ത്രോചിതമായ ഒരു പ്രവർത്തിയാകുമായിരുന്നു. ശ്രീ. പറമ്പി ലോനപ്പൻ കത്തോലിക്ക സമുദായത്തിന്റെ അനിഷേധ്യനേതാവാകുമായിരുന്നു. കത്തോലിക്കർ അവകാശപ്പെടുന്ന വിദ്യാഭ്യാസാദർശത്തിന്റെ ഗൗരവം ഇതരസമുദായങ്ങൾക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുമായിരുന്നു.

പക്ഷെ ക്ഷണികമായ മന്ത്രിസ്ഥാനവും കത്തോലിക്ക വിദ്യാഭ്യാസാദർശങ്ങളും തമ്മിലുള്ള മത്സരത്തിൽ, രണ്ടാമത്തേത് തോൽവി സമ്മതിക്കേണ്ടിവന്നു. ഭിന്നരുചി, ലോകഃ എന്നുണ്ടല്ലോ. അന്നത്തെ മന്ത്രിയും അദ്ദേഹത്തിന്റെ കക്ഷിയും ഗവണ്മെന്റിന്റെ നടപടിയിൽ മാർജാരനയംതന്നെ അവലംബിച്ചു. അതിനു ഉടനടി ഒരു നിരോധനാജ്ഞ കിട്ടി. ഈ അവസരത്തിൽ, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പുറപ്പെടുവിച്ച ഒരു പത്രപ്രസ്താവന അത്യന്ത്യം ശ്രദ്ധേയമായിട്ടുണ്ട്.

"കാര്യങ്ങൾ തിരുത്തിക്കാണുവാൻ ജനകീയ മന്ത്രിക്ക് ഒരു ചുമതലയുണ്ട്. അദ്ദേഹത്തോടും ആലോചിച്ചുകൊണ്ടാണ് കാര്യങ്ങൾ നടക്കുന്നതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അങ്ങനെയല്ലെങ്കിൽ, പൗരസ്വാതന്ത്ര്യത്തോടുള്ള ഈ ധാർഷ്ട്യത്തിന് ജനങ്ങളോട് അദ്ദേഹം തീർച്ചയായും ഉത്തരം പറയേണ്ടതുണ്ട്........സംവൃതാർദ്ധം അപഥസഞ്ചാരണം ചെയ്താൽ, ആ ഘട്ടത്തിൽ ജനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി എന്ന നിലയിൽ സംവൃതാർദ്ധത്തോട് പൊരുതേണ്ടത് അദ്ദേഹത്തിന്റെ ധർമ്മമാണ്. ഒരു സാധാരണ നിയമസഭാമെമ്പറെ അപേക്ഷിച്ച് ഒരു മന്ത്രിക്ക് ഇതിനു കൂടുതൽ സന്ദർഭങ്ങളും കുടുതൽ ഫലപ്രദമായ മാർഗ്ഗങ്ങളുമുണ്ട്..... അങ്ങനെ ചെയ്യുവാൻ സാധിക്കാതെ വരുന്ന പക്ഷം മന്ത്രിപദം രാജിവച്ച് അദ്ദേഹം ജനങ്ങളുടെ പക്കലേക്ക് വരേണ്ടതാണ്.... അതു ചെയ്യാഞ്ഞാൽ അദ്ദേഹം അഭിമാനരഹിതനായ ഒരു ഉദ്യോഗക്കൊതിയനായിത്തീരും. അദ്ദേഹം മുറുകെ പിടിച്ചു വച്ചിരിക്കുന്ന ഉദ്യോഗം കൈവിടുവാൻ അദ്ദേഹം നിർബ്ബന്ധിതനായേക്കും. ആരുടെയും, സഹതാപത്തെ ആർജ്ജിക്കാതെ, ആരുടെയും അഭിനന്ദനത്തിന് പാത്രമാകാതെ, ആരാലും കൊണ്ടാടപ്പെടാതെ, അജ്ഞാതകോടിയിൽ അദ്ദേഹം നിലംപതിക്കുകയും ചെയ്തേക്കും."

ഇത്രയൊക്കെയായിട്ടും മന്ത്രി പിന്നെയും മൗനം പാലിച്ചു. എന്നെ

www.malankaralibrary.com





സംബന്ധിച്ചിടത്തോളം എന്റെമേൽ ചുമത്തപ്പെട്ടിരുന്ന നിരോധനത്തെ മാറ്റിക്കിട്ടുകയെന്നതായിരുന്നില്ല പ്രധാന കാര്യം. പതിനാലരക്കൊല്ലത്തെ അനുസ്യൂതവും വിശ്രമരഹിതവുമായ ജോലികൾക്കുശേഷം, അൽപ്പകാലത്തേക്കെങ്കിലും ഒരു സ്വസ്ഥത ലഭിക്കുന്നതിൽ എനിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴും ഞാൻ അർഹിക്കാത്ത ഒരു ശിക്ഷ എനിക്കു നൽകപ്പെട്ടിരിക്കുന്നുവെന്ന വസ്തുത അവശേഷിക്കുന്നു. അതിന്റെ അന്യായത ലോകം മനസ്സിലാക്കത്തക്ക ഒരു വാക്കോ പ്രവർത്തിയോ അന്നത്തെ മന്ത്രിയിൽ നിന്നും ഉണ്ടായിക്കാണുവാനാണ് ഞാൻ ആഗ്രഹിച്ചത്. ശ്രീ പനമ്പിള്ളിയുടെ അടിയന്തരപ്രമേയവും പ്രജാമണ്ഡലം കക്ഷിയുടെ വാക്കൗട്ടും കൊണ്ടുണ്ടായ ഒരു പ്രധാന നേട്ടം അതായിരുന്നു. പക്ഷെ മന്ത്രികക്ഷി ആഫ്രിക്കൻ സ്ഫിനിക്സിനെപ്പോലെ നിശ്ചലമായിരുന്നു.

അന്ധകാരനിബിഡമായ ഒരു നിശാവേളയിൽ, ഏകാന്തസഞ്ചാരം ചെയ്യുന്ന പഥികന് ഒരു മിന്നൽ പിണർ എന്നപോലെയുള്ള ഒരു വർത്ത ആയിടയ്ക്കു ലഭിച്ചു. മന്ത്രിക്കുക്ഷിയിൽ നിന്നുള്ള ഏഴുപേരുടെ രാജിയായാരുന്നു അത്. രാജിവച്ചവർ ആരൊക്കെയെന്ന് ആർത്തിയോടുകൂടി ഞാൻ ആരാഞ്ഞു. കെ. അയ്യപ്പൻ ബി. എ. കെ. എസ്. പണിക്കർ, കെ.ടി. അച്ചുതൻ ബി.എ. ബി. എൽ.പി. കെ. ഡീവർ, കെ.കെ. കണ്ണൻ, കെ. കൊച്ചുകുട്ടൻ, കെ. ഐ. വേലായുധൻ ബി.എ. ബി.എൽ. ഒരു ക്രിസ്ത്യാനിയെപ്പോലും ഈ കൂട്ടത്തിൽ കാണുന്നില്ലല്ലോ. എന്തുകൊണ്ടാണത്. എന്തുകൊണ്ടും ഈ രാജ്യത്തിലെ സമുദായങ്ങളുടെ മുന്നണിയിൽ നിൽക്കുവാൻ കെല്പുള്ളവരാണ് ക്രിസ്ത്യാനികൾ. ത്യാഗത്തിലോ, സേവനത്തിലോ, സമ്പത്തിലോ, ബുദ്ധിയിലോ, അവർ ആരുടെയും പിന്നിലല്ല. പക്ഷെ സ്ഥായിയായ ഒരു ന്യൂനത അവർക്ക് കുടപ്പിറപ്പാണ്. രാഷ്ട്രീയമായ ദുരവീക്ഷണത്തിന്റെ അഭാവം. രാഷ്ട്രീയ വിഷയങ്ങളെപ്പറ്റി അഭിപ്രായം പ്രകടിപ്പിക്കുവാനും ആലോചന നടത്തുവാനും അവർക്കു വിസമ്മതമില്ല; പക്ഷേ അവർ ഒരു തീരുമാനമെടുത്തു കഴിയുമ്പോഴേക്കും രാഷ്ട്രീയശകടം ആയിരം കാതം മുന്നോട്ടു കടന്നുകഴിഞ്ഞിരിക്കും. സമസ്താധികാരങ്ങളും ദൈവത്തിൽ നിന്ന്" എന്നവർ വിശ്വസിക്കുന്നതുമൂലമോ എന്തോ, അതാതു കാലങ്ങളിൽ അധികാരത്തിലിരിക്കുന്ന വ്യക്തികളെയും പാർട്ടികളെയും പൂവിട്ടു പൂജിക്കുവാനുള്ള ഒരു പ്രവണത മറ്റു സമുദായങ്ങളെ അപേക്ഷിച്ചു ക്രിസ്ത്യാനികൾക്കു കൂടുതലായുണ്ട്.

ശ്രീ പനമ്പിള്ളിയുടെ ആഹ്വാനമനുസരിച്ച് പ്രജാമണ്ഡലം കക്ഷിയൊരുമിച്ചു മന്ത്രികക്ഷി എന്തുകൊണ്ട് വാക്കൗട്ട് നടത്തിയില്ല? ആ കക്ഷിയുടെ നേതാവായ ശ്രീ. പറമ്പി ലോനപ്പൻ ഏപ്രിൽ 22-ാം തീയതി പുറപ്പെടുവിച്ച ഒരു പത്രപ്രസ്താവനയിൽ ഇതിനു സമാധാനം നൽകുന്നുണ്ട്. "പ്രജാമണ്ഡലം പാർട്ടി നിയമസഭയിൽ നിന്നു വാക്കൗട്ടു ചെയ്തു. ഈ പ്രകടന സമ്പ്രദായത്തെയും അതിന്റെ പ്രയോഗക്ഷമതയെയും പറ്റി അഭിപ്രായവ്യ

www.malankaralibrary.com

ത്യാസമുണ്ട്. ഈ വക കാര്യങ്ങൾ മന്ത്രികക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മാതൃകയാണ്, മാർഗ്ഗദർശകമായി സ്വീകരിച്ചു പോരുന്നത്. പ്രജാമണ്ഡലം പാർട്ടി അങ്ങനെയല്ല. വാക്കൗട്ടു തുടങ്ങിയ ആയുധങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പഴയ കാലങ്ങളിൽ സ്വീകരിച്ചിരുന്നവയാണ് എന്നാൽ കൂടുതൽ മെച്ചവും ഫലപ്രദവുമായ സമ്പ്രദായം അതല്ലെന്നു കാണുകയാൽ കോൺഗ്രസ്സ് തങ്ങളുടെ നയം മാറ്റി ഉദ്യോഗസ്വീകരണവും ഭരണകൂടപ്രകാരത്തിൽനിന്നുള്ള പോരാട്ടവും ഉപാധികളാക്കിയിരിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഇന്നത്തെ രാഷ്ട്രീയ സംരംഭങ്ങളിൽ വാക്കൗട്ടുകൾ പഴഞ്ചൻ സമ്പ്രദായങ്ങളായിത്തീർന്നിട്ടുണ്ട്. സഹായവിലയ്ക്കു ജനസമ്മിതി ആർജ്ജിക്കുന്നതിൽ ആമോദം കൊള്ളുന്നവരുമല്ല മന്ത്രികക്ഷിക്കാർ."

മന്ത്രി ഈ പ്രസ്താവന പുറപ്പെടുവിക്കുന്നതിനു പന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പ് ഏപ്രിൽ 10-ാം തീയതി കൊച്ചിയിലെ സംഭാവവികാസങ്ങൾ യാതൊന്നുമറിയാതെ, നാട്ടിലിരുന്നകൊണ്ടു പത്രങ്ങൾക്കു നൽകിയ ഒരു പ്രസ്താവനയിൽ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു. "രാജ്യദ്രോഹക്കുറ്റത്തിനാണ് എന്റെ പേരിൽ നടപടി നടത്തപ്പെട്ടിരിക്കുന്നതെന്ന ആരോപണത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. എന്റെ പേരിൽ എന്തെങ്കിലും കുറ്റമുള്ളതായി ഒരു സൂചനപോലും എനിക്കു നൽകിയിട്ടില്ല... ഗവണ്മെന്റാകട്ടെ, മറ്റാരെങ്കിലുമാകട്ടെ. യാതൊരു സമാധാനവും എന്നോടു ചോദിച്ചിട്ടില്ല...... രാജ്യത്തിന്റെ സൽപേരിനോ രാജ്യവാസികളുടെ അഭിമാനത്തിനോ, രാജ്യത്തിലെ നിയമങ്ങൾക്കോ എതിരായി ത്രിവിധ കാരണങ്ങളെക്കൊണ്ടും ഞാൻ യാതൊന്നും ചെയ്തിട്ടില്ലെന്നും തെറ്റു പറ്റാത്ത വിധിയാളനായ കാലം സത്യം വെളിച്ചത്താക്കുമെന്നും എനിക്ക് പരിപൂർണ്ണമായ ബോദ്ധ്യമുണ്ട്.

മന്ത്രിയുടെ പ്രസ്താവനയിലെ വാദമുഖങ്ങൾ ശരിയാണെന്നു പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും, അതിൽ ആത്മാർത്ഥതയുള്ളതായി എനിക്കു തോന്നിയില്ല. വാക്കൗട്ട് ഒരു പഴഞ്ചൻ ആയുധമായിരിക്കാം. പക്ഷെ ഒന്നു പഴഞ്ചനായി എന്നതുകൊണ്ടു മാത്രം അത് ഗർഹണീയമായിത്തീരണമെന്നില്ല. സാധിക്കേണ്ട ലക്ഷ്യത്തിന് അതെത്രമാത്രം പ്രയോജനപ്പെടുമെന്നേ നോക്കേണ്ടതുള്ളൂ. വിവാദവിഷയമായ ഗവർണ്മെന്റുത്തരവുകളുടെ അന്യായതയും അനീതിയും ലോകത്തിനു ചൂണ്ടിക്കാണിച്ചുകൊടുക്കുകയാണ് ഇവിടെ സാധിക്കുവാനുള്ള ലക്ഷ്യം. അതിനു വാക്കൗട്ടുപോലെ ഫലപ്രദമായ ഒരു യുദ്ധം വേറെ ഉണ്ടെന്നു തോന്നുന്നില്ല. വേറെ ഉണ്ടെന്നു പ്രവർത്തിമൂലം മന്ത്രിയോ അദ്ദേഹത്തിന്റെ കക്ഷിയോ കാണിച്ചു തന്നതുമില്ല. ആകയാൽ വാക്കൗട്ട് പഴഞ്ചനാണെന്നു പറയുന്നത്. ഇരിക്കുന്ന കസേരയോടുള്ള ക്രമാതീതമായ ഭ്രമംകൊണ്ടു മാത്രമായിരിക്കണം. അന്നത്തെ എന്റെ ഈ ചിന്താഗതികൾ ശരിയായിരുന്നുവെന്നു പിന്നത്തെ സംഭവഗതികൾ സ്പഷ്ടമായി തെളിയിച്ചു."

www.malankaralibrary.com

1946 ഏപ്രിൽ 22–ാം തീയതി ശ്രീ. പറമ്പി ലോനപ്പൻ വിവാദപ്രസ്താവന പുറപ്പെടുവിച്ച് ഒരു കൊല്ലം തികയുന്നതിനു മുമ്പ്, 1947 ഏപ്രിൽ 15–ാം തീയതി അദ്ദേഹവും പാർട്ടിയും നിയമസഭയിൽ നിന്നു വാക്കൗട്ടു നടത്തി. അന്നു നിയമസഭയിൽ അദ്ദേഹം ഉന്നയിച്ച ഒരു പോയിന്റു ഓഫ് ഓർഡറിനു പ്രതികൂലമായ മറുപടിയാണ് കിട്ടിയതെന്ന കാരണം മുൻനിർത്തിയായിരുന്നു വാക്കൗട്ട്. ഒരു കൊല്ലം മുമ്പ്, അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചപ്പോൾ വാക്കൗട്ടു നടത്തിയത് പഴഞ്ചനായിപ്പോയി എന്ന് അപലപിച്ചവർതന്നെ ഇന്ന് ആ പഴഞ്ചൻ വാക്കൗട്ടു നടത്തിയിരിക്കുന്നു! "സഹായവിലക്കു ജനസമ്മതി ആർജ്ജിക്കുന്നതിൽ ആമോദം കൊള്ളുന്നില്ലേ" ന്നു വീമ്പു പറഞ്ഞവർ, സഹായവിലക്കു ജനസമിതി ആർജ്ജിക്കുവാനല്ലെങ്കിൽ പിന്നെ എന്തിനാണ്. ഒരു പോയിന്റു ഓഫ് ഓർഡറിന്റെ റൂളിങ്ങിനുവേണ്ടി വാക്കൗട്ട് നടത്തിയത്? പക്ഷെ, ഒരു വ്യത്യാസമുണ്ടായിരുന്നു. അന്നു ശ്രീ പറമ്പി ലോനപ്പൻ ഗ്രാമോദ്ധാരണ  മന്ത്രിയായിരുന്നു; ഇന്നദ്ദേഹം മന്ത്രിയല്ല.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോനെ, നിയമസഭാ തിരഞ്ഞെടുപ്പു സംബന്ധിച്ചു അയോഗ്യനാക്കണമെന്നുള്ള തിരഞ്ഞെടുപ്പു കോടതിയുടെ വിധി അതേവിധം ഗവണ്മെന്റും സ്വീകരിച്ചില്ലായെന്നതിനെ മുൻനിർത്തിയായിരുന്നു വാക്കൗട്ട് എന്ന പഴഞ്ചൻ സമ്പ്രദായം അദ്ദേഹവും അനുചരന്മാരും അവലംബിച്ചത്. തലേക്കൊല്ലത്തെ, പൗരാവകാശധ്വംസകമായ ഗവണ്മെന്റുത്തരവോ, ഇക്കൊല്ലത്തെ ഒരു വ്യക്തിയെ അയോഗ്യനാക്കേണ്ടായെന്നുള്ള ഗവണ്മെന്റു തീരുമാനമോ ഏതാണു കൂടുതൽ പ്രതിഷേധാർഹം? രണ്ടാമത്തേത് എന്നു വാദിക്കുന്നവരുണ്ടെങ്കിൽ അവരോട് അസൂയപ്പെടുവാൻ ഞാൻ ഒരുക്കമില്ല.

ബൈബിളിൽ കാണുന്ന ഒരു യുവാവിന്റെ കഥ താൻ പലപ്പോഴും ഓർക്കാറുണ്ട്. ക്രിസ്തുവിന്റെ അലോകസാധാരണമായ അത്ഭുതപ്രവർത്തനങ്ങളാൽ ആകൃഷ്ടനായ ആ ചെറുപ്പക്കാരൻ,  അവിടുത്തെ അടുക്കൽ വന്ന്, രക്ഷപ്പെടുവാൻ താൻ എന്തുചെയ്യണമെന്ന് ചോദിച്ചു. ന്യായപ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുകയെന്നായിരുന്നു ഈശോയുടെ മറുപടി. മറ്റാരേക്കാളും കൃത്യമായി അതു താൻ  അനുഷ്ഠിക്കുന്നുണ്ടല്ലോ എന്നായി ആ ചെറുപ്പക്കാരൻ. അപ്പോൾ ക്രിസ്തു "നീ നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തിട്ട് എന്റെ പിന്നാലെ വരിക" എന്ന് അരുളിചെയ്തു. ആ യുവാവ് വിഷാദത്തോടുകൂടി മടങ്ങിപ്പോയിട്ട് പിന്നെ ഒരിക്കലും തിരിച്ചുവന്നില്ല. രക്ഷപ്പെടണമെന്ന കാര്യത്തിൽ അയാൾക്ക് അൽപ്പവും തീഷ്ണതക്കുറവില്ലായിരുന്നു. പക്ഷെ തനിക്കുള്ളത് ഉപേക്ഷിച്ചിട്ടു രക്ഷനേടുക. അതു മാത്രം ആശ്വാസമാണെന്നു തോന്നിയില്ല. ജീവിതത്തിൽ പലപ്പോഴും നേരിടേണ്ടിവരുന്ന വേദനാജനകമായ ഒരു അനുഭവമാണിത്.

www.malankaralibrary.com

## 2. പോലീസ്സ്റ്റേഷനിൽ

1948 ഏപ്രിൽ മാസം 7–ാം തീയതി രാത്രി ആറരമണിക്ക് ഞാൻ ആലുവാ ബസ് സ്റ്റാൻഡിലെത്തിയെന്ന് പറഞ്ഞുവല്ലോ. അന്നത്തെ നിലയ്ക്ക് ഒരു അന്യരാജ്യത്തിൽനിന്നു സ്വന്തം രാജ്യത്തിലേക്കാണ് ഞാൻ പ്രവേശിച്ചിരിക്കുന്നതെങ്കിലും, കരയ്ക്കെറിയപ്പെട്ട മത്സ്യത്തിന്റെ അനുഭൂതിയാണ് എനിക്കുണ്ടായിരുന്നത്. എനിക്ക് തോഴ്മ നിന്നിരുന്ന ആ രണ്ടു സി.ഐ.ഡി. മാർ മാത്രം എന്നെ വിടാതെ, കണ്ണിലെണ്ണയുമൊഴിച്ച് എന്നെ അനുഗമിക്കുന്നുണ്ട്. എന്തുതന്നെ സംഭവിച്ചാലും അത് എന്നോടുകൂടി അനുഭവിക്കുവാൻ സന്നദ്ധനായി, ഞാൻ എത്രതന്നെ നിർബന്ധിച്ചിട്ടും എന്നെ വിട്ടുപിരിയാതെ, ധീരനായ ശ്രീ. ഏ.ജെ. അബ്രാഹം എന്നോടുകൂടി ഉണ്ട്. തിരുവിതാംകൂർ പോലീസ് എന്നെ അറസ്റ്റ് ചെയ്യുന്ന പക്ഷം ജയിൽ കവാടംവരെ എന്നെ പിന്തുടരുവാൻ തയ്യാറായിട്ടാണ് അദ്ദേഹത്തിന്റെ നില. ഇനി എന്താണ് വേണ്ടതെന്ന് ചിന്തയായി ഞങ്ങൾക്ക്. എന്നെ ജയിലിനകത്താക്കുവാനുള്ള കൽപ്പന ആലുവാ പോലീസിന് ഇതിനകം കിട്ടിയിരിക്കണം. സി.ഐ.ഡി മാരാൽ അനുധാവനം ചെയ്യപ്പെടുന്ന എന്നെ, എവിടെ വച്ചായാലും അവർ അറസ്റ്റ് ചെയ്യുകതന്നെ ചെയ്യുമെന്ന കാര്യത്തിലും ഞങ്ങൾക്ക് സംശയമില്ലായിരുന്നു. ഈ ചുറ്റുപാടിൽ സ്വയം ഒരു അതിധീരനാകുക എന്നുതന്നെ ഞാൻ തീരുമാനിച്ചു.

നേരേ ആലുവാ പോലീസ് സ്റ്റേഷനിലെത്തി ഞങ്ങൾ, കൊച്ചിയിൽനിന്നു നാടുകടത്തപ്പെട്ട് എത്തിയിരിക്കുകയാണ് ഞാനെന്നും, തിരുവിതാംകൂർ സർക്കാരിന് എന്റെ പേരിൽ എന്തെങ്കിലും ഉദ്ദേശ്യമുണ്ടെങ്കിൽ - എന്നെ തടങ്കലിലടക്കുവാൻ ഉത്തരവുണ്ടെങ്കിൽ അറസ്റ്റു വരിക്കുവാൻ തയ്യാറാണെന്നും ഞാൻ അധികാരികളെ അറിയിച്ചു. തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രക്ഷോഭണം സംബന്ധിച്ച് അറസ്റ്റുണ്ടാകുമെന്നുകരുതി, അതിൽ ആത്മാർത്ഥമായി പങ്കെടുത്തിരുന്ന പലരും തിരശ്ശീലക്കു പിന്നിൽ പതുങ്ങിയിരുന്ന അക്കാലത്ത്, പ്രക്ഷോഭണത്തിൽ പരസ്യമായി ഏർപ്പെട്ടിരുന്ന ചിലരെങ്കിലും എറണാകുളത്ത് അഭയം പ്രാപിച്ചിരുന്ന അക്കാലത്ത്. ഒരു ഭീരുവായി ഓടി ഒളിക്കുവാൻ ഞാൻ തയ്യാറായിരുന്നില്ല. ആലുവായിലെത്തിയാൽ, രാത്രി തീവണ്ടിക്കുതന്നെ ഷൊർണ്ണൂരെത്തിക്കൊള്ളുവാൻ എറണാകുളത്തെ എന്റെ ചില സുഹൃത്തുക്കൾ എന്നെ ഉപദേശിച്ചിരുന്നു. പ്രക്ഷോഭണം അവസാനിക്കുന്ന കാലത്ത് സുരക്ഷിതനായി തിരിച്ചെത്തുവാൻ ഈ നടപടി ഉപകരിക്കും. പക്ഷെ, ആരുടെയെങ്കിലും പ്രേരണകൊണ്ടോ, ആർക്കെങ്കിലും വേണ്ടിയോ അല്ലല്ലോ ഞാൻ വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ ഭാഗഭാക്കയത്. മഴകണ്ട് ഇറങ്ങിയവൻ നനയുന്നു എന്ന് പരാതിപ്പെടരുത്.

എറണാകുളത്തുനിന്നു പുറപ്പെട്ടപ്പോൾ പലതരം ആശങ്കകളാൽ എന്റെ മനസ്സ് കലങ്ങിയിരുന്നുവെങ്കിലും ആലുവായിലെത്തിയ ശേഷം , പോലീസ്

www.malankaralibrary.com





സ്റ്റേഷനിലേക്ക് പോകുവാൻ തീരുമാനിച്ചപ്പോൾ ഞാൻ മറ്റൊരു മനുഷ്യനായതുപോലെ എനിക്കു തോന്നി. സംഘട്ടനം അനിവാര്യമായിത്തീരുമ്പോൾ. പ്രതിയോഗിയുടെ കാലുപിടിച്ച് അഭയമിരക്കുവാൻ തയ്യാറില്ലാത്ത ഏതൊരുവനും അവൻ എത്രതന്നെ ഭീരുവായിരുന്നാലും തിരിഞ്ഞുനിന്ന് എതിർക്കാതിരിക്കുകയില്ല. ആത്മസംരക്ഷണത്തിനുള്ള പ്രകൃതി സഹജമായ ഈ വാസനയായിരിക്കാം എന്നെ പോലീസ് സ്റ്റേഷനിലേക്കു നയിച്ചത്. അതോ, ആ തലതൊട്ടപ്പന്റെ കൃതാർത്ഥതയാണോ? തലതൊട്ടപ്പന്റെ പറമ്പിൽനിന്നും, തലതൊട്ടു കുട്ടി ഒരു നാളികേരമെടുത്തുകൊണ്ട് ഓടി. അതു പിടിച്ചു വാങ്ങാൻ തലതൊട്ടപ്പൻ പുറകെയും. ഏതാണ്ട് അരമൈൽ ഓടിയിട്ടും കുട്ടിയെ പിടികിട്ടിയില്ല. ബുദ്ധിമാനായ തലതൊട്ടപ്പൻ പിന്നിൽ നിന്നു വിളിച്ചു പറഞ്ഞു. "മോനെ, അത് തലതൊട്ടപ്പൻ തന്നതാണെന്ന് അമ്മയോടു പറഞ്ഞേയ്ക്ക്."

തിരുവിതാംകൂറിലെ (അന്നത്തെ) സമ്പ്രദായമനുസരിച്ച് അറസ്റ്റു ചെയ്യപ്പെടുന്ന പുള്ളികളെ പോലീസ് ഒന്നുതൊട്ടു തലോടാതിരിക്കില്ല. അങ്ങനെയെങ്കിൽ അത്, രാത്രിയിൽ മനുഷ്യരാരുമില്ലാത്ത വഴിയോരത്തുവച്ചു വേണ്ടായെന്നായിരുന്നു എന്റെ കൂട്ടുകാരന്റെ ന്യായവാദം. സ്റ്റേഷനിൽ നേരെ അങ്ങു ചെന്ന് അറസ്റ്റു സ്വീകരിച്ചാൽ, ആ അനുഭവം ഉണ്ടാകുകയില്ല. സ്റ്റേഷനിലേക്കു പോകുമ്പോൾ ഒരു അഭിഭാഷകനെ കൂട്ടുവിളിക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം നിർദ്ദേശിച്ചു. എറണാകുളത്തു 15 വർഷക്കാലം എന്റെ മിത്രങ്ങളായിരുന്ന അഭിഭാഷകരിൽ ആർക്കും എന്നെ അനുഗമിക്കുവാൻ സൗകര്യം ഉണ്ടാകാതെപോയ അനുഭവം ഞാനോർത്തു. ആ രാത്രിയിൽ ആലുവായിൽ ഒരു അഭിഭാഷകനെ തേടി നാണം കെടുന്നതിൽ ഭേദം വരുന്നതെന്തും അനുഭവിക്കുകതന്നെ എന്നു ഞാൻ തീർത്തു പറഞ്ഞു. പക്ഷെ, ആലുവായെപ്പറ്റിയുള്ള എന്റെ ഈ ധാരണ തീർത്തും തെറ്റായിരുന്നു.

ഞാനും സ്നേഹിതനും പോലീസ് സ്റ്റേഷനിൽ എത്തിയപ്പോഴും നിഴൽപോലെ ആ സി.ഐ.ഡി മാർ ഞങ്ങളുടെ കൂടെ ഉണ്ട്. എന്റെ നാടുകടത്തൽകഥ ഞാൻ സ്റ്റേഷൻ അധികാരികളോട് പറഞ്ഞു. എന്റെ പേരിൽ എന്തെങ്കിലും നടപടിക്കുദ്ദേശ്യമുണ്ടെങ്കിൽ. അതു സ്വീകരിക്കുവാൻ ഞാൻ തയ്യാറായി വന്നിരിക്കുകയാണെന്ന് അവരെ അറിയിച്ചു. ഇതിനിടയിൽ പോലീസുമായി സ്വരസംഭാഷണത്തിലേർപ്പെട്ട സി.ഐ.ഡി മാത്രം സംഗതികളൊക്കെ അവരെ ധരിപ്പിച്ചിരിക്കണം, പക്ഷെ ഡിപ്പാർട്ടുമെന്റിൽ നിന്നും യാതൊരുത്തരവും അതേവരെ അവർക്കു ലഭിച്ചിരുന്നില്ല. എന്തെങ്കിലും ഉത്തരവുകാണും എന്ന കാര്യത്തിൽ അവർക്കും സംശയമില്ലായിരുന്നു. അതുകൊണ്ടുകൂടിയായിരിക്കണം ഡി.എസ്.പി. ശർമ്മ സ്ഥലത്തെത്തി ക്യാമ്പു ചെയ്യുന്നുണ്ടെന്നും അദ്ദേഹത്തെ സന്ദർശിക്കുന്നതു നന്നായിരിക്കുമെന്നും അവർ ഉപദേശിച്ചത്. മാത്രമല്ല വഴികാട്ടിയായി ഒരു കോൺസ്റ്റബിളിനെ സ്റ്റേഷനിൽനിന്നു നിയോഗിക്കയും ചെയ്തു.

www.malankaralibrary.com

ഡി.എസ്.പി.യെ അങ്ങോട്ടുചെന്നു കാണേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. എനിക്ക് ഇഷ്ടമുള്ളിടത്തേക്കു പോകാമായിരുന്നു. പക്ഷേ, അതൊരുതരം ഭീരുത്വമാണെന്നായിരുന്നു അന്നത്തെ എന്റെ ചിന്താഗതി. ആകയാൽ ഞാനും മി. അബ്രാഹവുംകൂടി പോലീസ് സി.ഐ.ഡി. കളാൽ പരിസേവിതരായി ആലുവായിൽ തോട്ടുംമുഖത്ത് ഡി.എസ്.പി ക്യാമ്പു ചെയ്തിരുന്ന ബംഗ്ലാവിലെത്തി. രാത്രി അപ്പോൾ എട്ടുമണി കഴിഞ്ഞിരുന്നു. അത്താഴവും കഴിഞ്ഞ്, ഒരു സിഗരറ്റുമായി, ബംഗ്ലാവിന്റെ മുറ്റത്ത് ഒരു ഈസി ച്ചെയറിൽ അദ്ദേഹം വിശ്രമിക്കുകയായിരുന്നു. എനിക്ക് അദ്ദേഹത്തെ നേരിട്ടു പരിചയമില്ലായിരുന്നെങ്കിലും അദ്ദേഹം എന്നെ നേരത്തെ മനസ്സിലാക്കിയിരുന്നുവെന്ന് സംഭാഷണത്തിൽ നിന്നു മനസ്സിലായി. ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു. എന്റെ നാടുകടത്തൽകഥ മുഴുവൻ അദ്ദേഹം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു!!

ഒരു കോൺസ്റ്റബിളിനെക്കൊണ്ട് രണ്ടു കസേരകൾ വരുത്തി മുറ്റത്തിട്ട് അദ്ദേഹം ഞങ്ങൾക്ക് ഇരിപ്പിടം നൽകി. അക്കാലത്ത് തിരുവിതാംകൂറിൽ ഒരു പോലീസുദ്യോഗസ്ഥനിൽ നിന്നും എന്നെപ്പോലുള്ള ഒരാൾക്ക് പ്രതീക്ഷിക്കാവുന്നതിൽ വളരെ കവിഞ്ഞ ഒരു മര്യാദയായിരുന്നു അത്. ഞാൻ എന്റെ കഥ- കൊച്ചിയിൽ നിന്നു നാടുകടത്തപ്പെട്ടതും പോലീസുസ്റ്റേഷനിൽ അന്വേഷിച്ചു ചെന്നതുമായ കഥ അദ്ദഹത്തെ ധരിപ്പിച്ചു. എന്നെ സംബന്ധിച്ച യാതൊരു ഉത്തരവും അതേവരെ തനിക്കു ലഭിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് ഞങ്ങൾ ഊണുകഴിച്ചുവോ എന്ന തിരക്കായി അദ്ദേഹം. വാസ്തവത്തിൽ ആ ഒരു പ്രശ്നത്തെപ്പറ്റി അതേവരെ ചിന്തിച്ചിരുന്നില്ല ഞങ്ങൾ. അദ്ദേഹത്തെ കണ്ടതിനുശേഷം. ഊണുകഴിക്കാമെന്നു കരുതിയിരിക്കുകയാണു എന്നായിരുന്നു എന്റെ മറുപടി. ഉടൻതന്നെ തന്റെ ആർഡർലിയെ വിളിച്ചു രണ്ടുപേർക്കു ഹോട്ടലിൽ നിന്നും ഭക്ഷണം വാങ്ങിക്കൊണ്ടുവരുവാൻ അദ്ദേഹം ആജ്ഞാപിച്ചു അഞ്ചുമിനിറ്റിനകം ആ വിദ്വാൻ ചോറുമായെത്തി.

ഭക്ഷണത്തിനു ക്ഷണിക്കുമ്പോൾ ഒഴിവുകഴിവു പറയുന്ന നാടൻ സമ്പ്രദായം ഞങ്ങളും പരീക്ഷിക്കാതിരുന്നില്ല. അതു മനസ്സിലാക്കിത്തന്നെയാകാം അദ്ദേഹം നിർബ്ബന്ധിക്കയും ചെയ്തു." ശരി ഞാനുണ്ണാം, എന്റെ സ്നേഹിതൻ പോയ്ക്കൊള്ളട്ടെ" യെന്നായി ഞാൻ 'രണ്ടുപേർക്കും ഉണ്ണുവാൻ ചോറ് ഉള്ളതുകൊണ്ടും അദ്ദേഹം ഊണുകഴിച്ചിട്ടില്ലാത്തതിനാലും അദ്ദേഹവും കൂടി ഉണ്ണുന്നതിലെന്താണ് തടസ്സം.എന്ന് ഡി.എസ്.പി ചോദിച്ചു. "തൂക്കിക്കൊല്ലുന്നതിനു മുൻപ് കൊലചോറു കൊടുക്കുമെന്നു കേട്ടിട്ടുണ്ട്. എന്റെ മേൽ എന്തോ കുരുക്ക് തയ്യാറാക്കുന്നതിന് മുൻപ് എനിക്ക് ഒരു നേരത്തെ ഭക്ഷണം തന്നു കളയാമെന്നാണല്ലോ നിങ്ങളുടെ പ്ലാൻ, അതു സമ്മതിച്ചു. അതുകൊണ്ടാണ് ഞാൻ ഉണ്ണാമെന്നു പറഞ്ഞത്. പക്ഷേ, എന്റെ

www.malankaralibrary.com

ഈ സ്നേഹിതൻ എന്റെ കൂടെ വന്നു എന്നതല്ലാതെ മറ്റൊരു തെറ്റും ചെയ്തിട്ടില്ല. അതുകൊണ്ട് അദ്ദേഹം ഈ ചോറ് അർഹിക്കുന്നില്ല." എന്നായിരുന്നു എന്റെ പ്രത്യുത്തരം. എന്റെ മറുപടി അദ്ദേഹത്തെ രസിപ്പിച്ചതേയുള്ളൂ. പറച്ചിൽ എന്തുതന്നെയായിരുന്നാലും സൗജന്യമായി കിട്ടിയ ആ ഭക്ഷണം അങ്ങേയറ്റം വിശന്നിരിക്കുന്ന ആ അവസരത്തിൽ ഉപേക്ഷിക്കേണ്ടതില്ലെന്നു ഞങ്ങൾ തീരുമാനിച്ചു. മറ്റു വിധത്തിൽ പോലീസിന്റെ ചോർ ഉണ്ണുവാൻ അതേവരെ തങ്ങൾക്കു അവസരം ലഭിച്ചിരുന്നില്ല.

ഗവണ്മെന്റിൽ നിന്നും യാതൊരുത്തരവും തനിക്കു കിട്ടിയിട്ടില്ലായെന്നു പറഞ്ഞു ഡി.എസ്.പിക്കു ഞങ്ങളെ വിടാമായിരുന്നു. അതേവരെ നേരിട്ടു യാതൊരു സമ്പർക്കവും ഇല്ലാതിരുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ പ്രവൃത്തിയിൽ അസ്വാഭാവികമായി യാതൊന്നുമില്ല. അതിനുപകരം ഞങ്ങളെ സൽക്കരിക്കുവാനാണ് ഡി.എസ്.പി സന്നദ്ധനായത്. അസാധരണമായ ഈ സൗഹാർദ്ദ പ്രകടനത്തിനടിയിൽ എന്തെങ്കിലും കാണുമെന്നായിരുന്നു എന്റെ സംശയം. ആ അഭ്യൂഹം തെറ്റല്ലായിരുന്നുവെന്ന് അനന്തര സംഭവങ്ങൾ തെളിയിച്ചു. ഞങ്ങളുടെ ഭക്ഷണം കഴിഞ്ഞ ഉടനെ അദ്ദേഹം ഒരു സൗഹാർദ്ദസംഭാഷണത്തിനു വട്ടംകൂട്ടി. കുഴഞ്ഞു മറിഞ്ഞ പല കേസുകളും തെളിയിച്ച് പോലീസു വകുപ്പിലെ ഒരു തപ്പാനയായിത്തീർന്നിരിക്കുന്ന ഒരു വിദഗ്ദ്ധന്റെ കൈകളിലാണ് അകപ്പെട്ടിരിക്കുന്നതെന്ന ബോദ്ധ്യം ആദ്യം മുതലേ ഞങ്ങൾക്കുണ്ടായിരുന്നു. എന്നിൽ നിന്നും എന്തോ വിവരങ്ങളൊക്കെ ചോർത്തിയെടുക്കുവാനുള്ള ഒരു കളമൊരുക്കലായിരുന്നു ഇതേവരെയുള്ള അദ്ദേഹത്തിന്റെ സൗഹാർദ്ദ പ്രകടനങ്ങളെല്ലാം.

അദ്ദേഹം പറഞ്ഞു; 'ഞാൻ ഈയിടെ പലപ്പോഴും ഏറണാകുളത്ത് വന്നിരുന്നു. മി. ജോസഫിനെ അന്വേഷിക്കുകയും ചെയ്തു. പെരുമാനൂർ സംഭവത്തെപ്പറ്റി ചില സംഗതികൾ അറിയാനായിരുന്നു. അന്നു ഞാനും അവിടെ ഉണ്ടായിരുന്നു. ആ സംഭവുമായി മി. ജോസഫിനു യാതൊരു ബന്ധവുമില്ലെന്നും മി. ജോസഫ് അതിന് എതിരായിരുന്നുവെന്നും ഞങ്ങൾക്കറിയാം. എന്നാൽ അതിന്റെ കാരണക്കാർ ആരൊക്കെയാണെന്നു നിങ്ങൾക്കറിയാം. അതെന്നു ചോദിച്ചറിയാം എന്നു കരുതിയാണ് കാണാൻ ആഗ്രഹിച്ചത്."

അങ്ങനെ പൂച്ച ചാക്കിനു വെളിയിലായി ഏതാനും ദിവസങ്ങൾക്ക് മുൻപ് തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ, ഒരു ആംഗ്ലോ ഇൻഡ്യൻ സ്കൂൾ ഉദ്ഘാടനത്തിനായി പെരുമാനൂർ സന്ദർശിച്ച അവസരത്തിൽ ഒരു കരിങ്കൊടി പ്രകടനവും കല്ലേറും നടന്നു. ഡി.എസ്.പി സൂചിപ്പിച്ച പെരുമാനൂർ സംഭവം അതാണ് സർ സി.പി. ക്ക് എതിരായി പ്രകടനങ്ങളും കല്ലേറും സംഘടിപ്പിച്ചവർ അതിനു പ്രേരണയും പ്രചോദനവും നൽകിയവർ - ആരൊക്കെയാണെന്നു തിരുവിതാംകൂർ സർക്കാരിന് അറിയണം. അറിഞ്ഞാൽ പോരാ തെളിവും കിട്ടണം. അതിന് എന്നെ ഒരു കോടാലിക്കൈ

www.malankaralibrary.com

ആക്കാമെന്നായിരുന്നു ആ പോലീസ് മേധാവിയുടെ ഉന്നം. അതിലേക്കു വേണ്ടിയാണ് എന്നെ സ്തുതിക്കുവാനും സൽക്കരിക്കുവാനും അദ്ദേഹം സന്നദ്ധനായിരിക്കുന്നത്. അപ്രതീക്ഷിതമായി ലഭിച്ച ഈ സന്ദർഭം അതിന് ഉപയോഗിപ്പെടുത്താനാണ് അദ്ദേഹത്തിന്റെ ശ്രമം.

ഞാൻ പറഞ്ഞു:" പെരുമാനൂർ ചില അനിഷ്ഠ സംഭവങ്ങൾ നടന്നുവെന്നതും എനിക്ക് അതിനോട് അനുഭാവം ഇല്ലായിരുന്നുവെന്നതും ശരിതന്നെ. സംഭവം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പത്രപ്രവർത്തകനെന്ന നിലയിൽ ഞാൻ ആ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. എന്റെ തൊഴിലിന് ആവശ്യമായടത്തോളം അതേപ്പറ്റി ഞാൻ അന്വേഷണം നടത്തുകയും ചിലതൊക്കെ മനസ്സിലാക്കുകയും ചെയ്തിട്ടുമുണ്ട്. അങ്ങു പറഞ്ഞതുപോലെ, ആ സംഭവുമായി എനിക്ക് അത് സംഭവിക്കുന്നതുവരെ യാതൊരു ബന്ധവും ഇല്ലായിരുന്നു. അത് സംഘടിപ്പിച്ചതാരെന്നോ അതിനു പ്രേരണയും പ്രചോദനവും നൽകിയതാരെന്നോ രഹസ്യമാർഗ്ഗത്തിലൂടെ ഞാൻ അറിഞ്ഞിട്ടുണ്ടെങ്കിൽതന്നെ, ആ രഹസ്യം വെളിപ്പെടുത്തണമെന്ന് അങ്ങ് പറയുകയില്ലല്ലോ. രഹസ്യം വെളിപ്പെടുത്താത്തത് ഒരു കുറ്റമാണെങ്കിൽ അതിനുള്ള ശിക്ഷയേൽക്കുവാനും ഞാൻ തയ്യാറാണ്.

എന്റെ മറുപടി അദ്ദേഹത്തെ തെല്ലും തൃപ്തിപ്പെടുത്തിയില്ല. അദ്ദേഹത്തിന്റെ മുഖത്തു വ്യാപിച്ച മ്ലാനതയും നിരാശയും അതു വെളിവാക്കി. ഒരു നീണ്ട സൗഹാർദ്ദസംഭാഷണത്തിൽ നിന്നും വസ്തുതകൾ കുറെയെങ്കിലും ചോർത്തിയെടുക്കാമെന്നും അങ്ങനെ എന്നെ കുരുക്കിൽ വീഴിക്കാമെന്നുമായിരിക്കണം അദ്ദേഹം കരുതിയിരുന്നത്. കരുതിക്കൂട്ടിയുള്ള എന്റെ മറുപടി അതിനുള്ള സകല പഴുതുകളും അടച്ചുകളഞ്ഞു.

## 3. പെരുമാനൂർ സംഭവം

വാസ്തവത്തിൽ പെരുമാനൂർ സംഭവത്തെപ്പറ്റി ചിലതൊക്കെ എനിക്കറിയാമായിരുന്നു. തിരുവിതാംകൂർ ദിവാൻ സചിവോത്തമ സർ സി.പി. രാമസ്വാമി അയ്യർ ഒരു ആംഗ്ലോ ഇന്ത്യൻ സ്കൂൾ ഉദ്ഘാടനം ചെയ്യുന്നതിനായി, 1946 മാർച്ച് 11-ാം തീയതി, എറണാകുളത്തെത്തി. ഉദ്ഘാടനസ്ഥലം പെരുമാനൂർ ഓവർ ബ്രിഡ്ജിനു തൊട്ടടുത്തുള്ള മി. എസ്. പി. ലൂയിസിന്റെ വക പുരയിടമായിരുന്നു. ഈ ചടങ്ങിനു തിരുവിതാംകൂർ ദിവാനെ ക്ഷണിച്ചതും ആ ക്ഷണം അദ്ദേഹം സ്വീകരിച്ചതും ഒന്നുപോലെ, എന്റെ ദൃഷ്ടിയിൽ വലിയ അബദ്ധമായിരുന്നു. രാഷ്ട്രീയമായ അവിവേകമായിരുന്നു. അതു വിജയിച്ചാൽ സർ.സി.പി.ക്ക് മഹത്തായ ഒരു നേട്ടമായിരിക്കുമെന്നതിനു തർക്കമില്ല.പക്ഷെ വലിയ ഒരു ത്യാഗം കൂടാതെ, ഏതെങ്കിലും ഒരു കക്ഷി മനോവേദനപ്പെടാതെ അതു വിജയിക്കുകയില്ലായിരുന്നു.

തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസ പ്രക്ഷോഭണം കൊടുമ്പി

www.malankaralibrary.com

രിക്കൊണ്ടിരിക്കുന്ന കാലം: ക്രിസ്ത്യാനികൾ, പ്രത്യേകിച്ചു കത്തോലിക്കർ, വളരെ ത്യാഗങ്ങൾ സഹിച്ചു കെട്ടിപ്പടുത്ത വിദ്യാലയങ്ങളെല്ലാം ഏറ്റെടുക്കാൻ തിരുവിതാംകൂർ സർക്കാർ ശ്രമിച്ചുകൊണ്ടിരുന്നു. കത്തോലിക്കരുടെ ഒരു വൈദീക മേലദ്ധ്യക്ഷനെ ചങ്ങനാശ്ശേരി മെത്രാൻ ഡോ. ജയിംസ് കാളശേരി തിരുമേനിയെ - പ്രോസിക്യൂട്ടു ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും അദ്ദേഹത്തിന് നോട്ടീസ് നൽകുകയും ചെയ്തു. ഷെവ.തര്യതു കുഞ്ഞിത്തൊമ്മനെപ്പോലുള്ള കത്തോലിക്കാ നേതാക്കന്മാരെ, വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ പേരിൽ, തടങ്കലിലാക്കുകയോ, കേസ്സെടുക്കുകയോ ചെയ്തു. കത്തോലിക്കർ ചോര നീരാക്കി ദേഹണ്ഡിച്ച പല കൃഷിസ്ഥലങ്ങളും സർക്കാർ അവരിൽ നിന്ന് എടുത്തു മറ്റു ചിലർക്ക് പാരിതോഷികമായി നൽകിക്കഴിഞ്ഞു കത്തോലിക്കരെയും അവരുടെ മതാദ്ധ്യക്ഷന്മാരെയും റോമിലിരിക്കുന്ന മാർപ്പാപ്പായേയും എന്തിന് പരിശുദ്ധ കന്യകാമറിയത്തെപ്പോലും പുലഭ്യം പറഞ്ഞുകൊണ്ടുള്ള ലേഖനങ്ങൾ സർക്കാർ പക്ഷത്തുള്ള പത്രങ്ങളിൽ അനുസ്യൂതം പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. ചുരുക്കത്തിൽ, തങ്ങളുടെ പരമശത്രുവാണ് സർ. സി.പി.യെന്നു കത്തോലിക്കർ ആബാലവൃദ്ധം, സന്യായം വിശ്വസിച്ചു പോന്നു.

അങ്ങനെയുള്ള വേദനാജനകമായ ഒരു ഘട്ടത്തിലാണ് കത്തോലിക്കർ ഏറ്റവും കൂടുതൽ തിങ്ങിത്താമസിക്കുന്ന ഒരു പട്ടണത്തിലെ ഒരു കത്തോലിക്കാ സ്കൂൾ ഉദ്ഘാടനം ചെയ്യുന്നതിനായി ഒരു കത്തോലിക്കന്റെ ക്ഷണമനുസരിച്ച് കത്തോലിക്കാ വിരോധിയായ സചിവോത്തമൻ ആഗതനാകുന്നത്. ഇതു മർദ്ദനത്തിനു പുറമേ ആക്ഷേപിക്കലുമാണെന്ന് ചില കത്തോലിക്കർക്കെങ്കിലും തോന്നിയാൽ അതിൽ അവരെ കുറ്റപ്പെടുത്താനില്ല. സർ.സി.പി. ഉദ്ഘാടനത്തിനു വരുന്നതോ, ഭൂരിപക്ഷം തിരുവിതാംകൂർകാരായ വിദ്യാർത്ഥികൾ പഠിക്കുന്ന തേവര കോളേജിനടുത്തും ആ വിദ്യാർത്ഥികളോ അവരുടെ സഹോദരന്മാരോ, മാതാപിതാക്കന്മാരോ. തിരുവിതാംകൂർ ദിവാന്റെ ഏതെങ്കിലും തരത്തിലുള്ള അവഹേളനങ്ങൾക്കോ മർദ്ദനങ്ങൾക്കോ ഇരയായിട്ടുള്ളവരുമായിരുന്നു. ചുരുക്കത്തിൽ വെടിമരുന്നുപുരയുടെ വരാന്തയിൽ കൂടി ഒരു പന്തം കൊളുത്തി പ്രദക്ഷിണം നടത്തി വിജയഭേരി മുഴക്കുവാനാണ് സർ.സി.പിയും അദ്ദേഹത്തെ ക്ഷണിച്ചവരും തീരിമാനിച്ചത്. അത് ആത്മഹത്യാപരമായ ഒരു പ്രവർത്തിയായിരുന്നു. അതു നിമിത്തം ഉണ്ടാവുന്ന ഏതു ദുരദൃഷ്ടങ്ങൾക്കും യഥാർത്ഥത്തിൽ ഉത്തരവാദികൾ അതിഥിയും ആതിഥേയനും മാത്രമത്രേ.

സർ സി.പി. വരുന്നുവെന്നു കേട്ടപ്പോഴേ ഒരു കരിങ്കൊടി പ്രകടനത്തിനു തേവര കോളേജിലെ ഏതാനും വിദ്യാർത്ഥികൾ തയ്യാറായി. കരിങ്കൊടി പ്രകടനം നിഷിദ്ധമായ ഒരു ഏർപ്പാടല്ല. രാഷ്ട്രീയ കാര്യങ്ങളിൽ വ്യക്തികളോടോ പാർട്ടികളോടോ ഉള്ള എതിർപ്പ് കാണിക്കുവാൻ ഇൻഡ്യ

www.malankaralibrary.com

യിൽ പലേടത്തും ഈ പ്രകടന സമ്പ്രദായം വിജയപൂർവ്വം സ്വീകരിക്കപ്പെട്ടിട്ടുണ്ട്. കത്തോലിക്കരേയും കത്തോലിക്കാ വിദ്യാലയങ്ങളെയും ഉന്മൂലനാശം ചെയ്യുവാൻ ബദ്ധകച്ചനായ ഒരു വ്യക്തിയോടുള്ള എതിർപ്പ് ഏതാനും കത്തോലിക്കാ വിദ്യാർത്ഥികൾ ഈ രീതിയിൽ പ്രകടിപ്പിക്കുന്നതിൽ അസംഗതമായി ഒന്നുമില്ല. കോളേജധികാരികളിൽ ചിലരുടെ മൗനാനുവാദവും ഇക്കാര്യത്തിൽ ആ കുട്ടികൾക്കു ലഭിച്ചിരുന്നു. എറണാകുളത്തു കത്തോലിക്കാ കോൺഗ്രസ് ആഫീസിൽ മി. അബ്രാഹവും ഒരുമിച്ച് ഞാൻ ഇരിക്കുമ്പോൾ, ആ വിദ്യാർത്ഥികളുടെ രണ്ടു നേതാക്കന്മാർ എന്നെ വന്നു കാണുകയുണ്ടായി. അവർ തങ്ങളുടെ സംരംഭത്തിന്റെ വിശദമായ ഒരു പരിപാടിയും അതിനു പിന്തുണ നൽകുന്നവരുടെ പേരുവിവരവും എന്നെ ധരിപ്പിച്ചു. എറണാകുളത്ത്, വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ അണിയറ നേതൃത്വം വഹിച്ചിരുന്നവരിൽ ഒരാളിയിരുന്നതുകൊണ്ട് സർ. സി.പി.ക്കെതിരെയുള്ള അവരുടെ ഈ സംരംഭത്തിനു എന്റെ ആനുകൂല്യം ലഭിക്കുമെന്ന് സ്വാഭാവികമായി അവർ പ്രത്യാശിച്ചിരിക്കണം.

പക്ഷെ എന്റെ ചിന്താഗതി മറ്റൊരു തരത്തിലായിരുന്നു. അതു ഞാൻ അവരെ ധരിപ്പിക്കുകയും ചെയ്തു. സർ. സി.പി. എത്രവലിയ ഒരു കത്തോലിക്കാ ശത്രു ആയിരുന്നാലും അദ്ദേഹം എറണാകുളത്തു വരുന്നത് കൊച്ചി മഹാരാജാവു തിരുമനസ്സിലെ ഒരതിഥിയായിട്ടാണ്. അതിഥിയെ ഗുരുവിനെപ്പോലെ കരുതി ബഹുമാനിക്കുകയെന്നതാണ് ആർഷസംസ്ക്കാരം. കൊച്ചി മഹാരാജാവാണെങ്കിൽ ക്രിസ്ത്യാനികളെയും ക്രിസ്തുമതത്തെയും ഒരു ക്രിസ്ത്യാനിയെപ്പോലെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന മഹാശയൻ. തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ സാക്ഷാൽ കേന്ദ്രം എറണാകുളമാണെന്നറിഞ്ഞിരുന്നിട്ടും കൊച്ചിയിൽ അത് അനുവദിക്കരുതെന്ന് തിരുവിതാംകൂർ ദിവാൻ പൊളിറ്റിക്കൽ ഏജന്റുവഴി വളരെയധികം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്ന അവസരത്തിലും യാതൊരു വിപ്രതിപത്തിയും കാണിക്കാതെ കഴിയുന്ന ആ തിരുമേനിയുടെ അതിഥിയെ ബഹുമാനിക്കാത്തത്, തിരുമേനിയോട് കാണിക്കുന്ന ഏറ്റവും വലിയ അനാദരവും അവഹേളനവും ആയിരിക്കും. സർ സി.പിയുടെ ആഗമനവും സ്വീകരണവും എത്രതന്നെ കൈപ്പേറയാതായിരുന്നാലും അതു ശാന്തമായി വിഴുങ്ങുകതന്നെയാണ് വേണ്ടതെന്നായിരുന്ന എന്റെ അഭിപ്രായം.

അത് ഞാൻ അവരെ ധരിപ്പിച്ചു. അവരുടെ സംരംഭത്തോട് എനിക്ക് അങ്ങേയറ്റത്തെ പ്രാതികൂല്യമാണുള്ളതെന്നും അതിനു യാതൊരു വിധമായ പ്രോത്സാഹനവും എന്നിൽ നിന്നു പ്രതീക്ഷിക്കേണ്ടതില്ലെന്നും കൂടി അവരെ ഞാൻ മനസ്സിലാക്കി. എന്റെ ന്യായവാദം അവർക്കു സ്വീകാര്യമായെന്നു തോന്നിയില്ല. നിരാശരായ ആ വിദ്യാർത്ഥികൾ അന്നുതന്നെ ശ്രീ. ചെറിയാൻ മാഞ്ഞൂരാനെ സമീപിച്ച് അവരുടെ സംരംഭത്തെപ്പറ്റി പറഞ്ഞതായി എനി

www.malankaralibrary.com





ക്കറിയാം. അദ്ദേഹവും തനിക്കു സ്വന്തമായ ന്യായവാദങ്ങളാൽ, അതിൽനിന്ന് പിന്തിരിയുവാൻ അവരെ ശക്തിയായി ഉദ്ബോധിപ്പിച്ചതായിട്ടാണ് അറിവ്. പക്ഷെ ഈ ഉദ്ബോധനങ്ങളെല്ലാം ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. അവർ തങ്ങളുടെ ലക്ഷ്യത്തിൽ നിന്ന് അണുവിട പിൻവാങ്ങിയില്ല. അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കേണ്ടതാണെന്ന് അധികാരികൾക്ക് തോന്നിയുമില്ല. കല്ല് കൈയ്യിൽ ഇരിക്കുന്ന കാലത്തോളം അപകടം ഭയപ്പെടാനില്ലെങ്കിലും അത് എറിയപ്പെട്ടു കഴിഞ്ഞാൽ പ്രതീക്ഷിക്കാത്ത ഭവിഷ്യത്തുകൾ ഉണ്ടാകാമെന്നും സംഘട്ടനത്തിന് തുനിഞ്ഞിറങ്ങുമ്പോൾ അതിന് അനുരൂപമായ ഒരു പ്രതി ഘട്ടനം സംഭാവ്യമാണെന്നുകൂടി ഓർക്കണമെന്നുള്ള വസ്തുതകൾ ആ വിദ്യാർത്ഥികളോ അവരെ അതിലേക്കു പ്രേരിപ്പിച്ചവരോ ഓർത്തില്ല.

നിശ്ചിത ദിവസംതന്നെ സർ.സി.പി. രാമസ്വാമി അയ്യർ ഗോളിൽ നിന്നു പ്രത്യാഗമിച്ച ജൂലിയസ് സീസറിന്റെ പ്രതാപത്തോടുകൂടി ഒരു ചെറിയ പ്രൈമറി സ്കൂളിന്റെ ഉദ്ഘാടനത്തിനായി പെരുമാനൂരെത്തി. നിശ്ചിത സമയത്തിനു വളരെ മുൻപുതന്നെ പ്രകടനക്കാർ കരിങ്കൊടികളുമായി ആ സ്കൂളിനു മുൻവശത്തുള്ള പൊതുനിരത്തിൽ അണിനിരന്നു. കരിങ്കൊടിപ്രകടനത്തിന് ഉദ്ദേശ്യമുണ്ടെന്ന സംഗതി നേരത്തെ പോലീസിന് അറിവുകിട്ടിയിരുന്നു. സർ.സി.പി ആഗതനാകുന്നതിനും വളരെ മുൻപു തന്നെ പോലീസ് സ്ഥലത്തെത്തി. പ്രകടനമൊന്നും കൂടാതെ പിരിഞ്ഞുപോകുവാനുള്ള പോലീസിന്റെ ഉപദേശമൊന്നും ആ ചെറുപ്പക്കാർ ചെവിക്കൊണ്ടില്ല. അതിനാൽ പോലീസിനു ബലം പ്രയോഗിക്കേണ്ടിവന്നു. അപ്പോഴേക്ക് ഏതാനും റിസർവ്വ് പോലീസും സ്ഥലത്തെത്തി. വിദ്യാർത്ഥികളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഇരുഭാഗത്തും പരുക്കുകളേറ്റു. ഒരു വിദ്യാർത്ഥി പോലീസ് കസ്റ്റഡിയിലുമായി. പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള ഒരു കരിങ്കൊടി പ്രകടനത്തിനു വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചുമില്ല. സംഘട്ടനാനന്തരം വളരെക്കഴിഞ്ഞു സമീപെയുള്ള ഒരു മന്ദിരത്തിന്റെ ഉള്ളറയിൽ നിന്നും ഇറങ്ങി വന്ന സബ്ബ് ഇൻസ്പെക്ടർ പറഞ്ഞത്. വിജയം നൂറുശതമാനവും പോലീസിനു തന്നെയാണെന്നായിരുന്നു.

പക്ഷെ ചവിട്ടേറ്റ മൂർഖൻപാമ്പ് തിരിഞ്ഞുകടിക്കാതിരിക്കുമോ? പോലീസിന്റെ അനാവശ്യമായ ഇടപെടലിൽ ക്രുദ്ധരായ പ്രകടനക്കാരും അവരുടെ പിന്നാലെ കേവലം ദൃക്സാക്ഷികളായി വന്നുചേർന്ന മറ്റു കോളേജ് വിദ്യാർത്ഥികളും റെയിൽവേ ലൈനിൽ സ്ഥലം പിടിച്ചു. അവിടെയാണെങ്കിൽ തെന്നിന്ത്യൻ റെയിൽവേക്കാരുടെ ചെലവിൽ പൊട്ടിച്ചു നിരത്തിയിട്ടുള്ള കരിങ്കൽക്കഷണങ്ങൾ എത്രവേണമെങ്കിലും ഉണ്ട്. റെയിൽവേ ലൈനിനോടു ചേർന്നു കുറെ താണ ഒരു പറമ്പാണ് സമ്മേളനസ്ഥലം. അവിടെ നിന്നും കരിങ്കൽക്കഷണങ്ങൾ വൃഥാ പെറുക്കി ഇട്ടാൽ പുഷ്പവൃഷ്ടി പോലെ അവ സദസ്യരുടെ ശിരസ്സിൽ തന്നെ പതിക്കും. സമ്മേളനോ

www.malankaralibrary.com

ദ്ഘാടനം നടന്നുകൊണ്ടിരിക്കെ, സർ.സി.പി.യുടെ മുൻവശത്തുണ്ടായിരുന്ന മേശപ്പുറത്ത് ഒന്നുരണ്ട് കല്ലുകൾ യഥാർത്ഥത്തിൽ വന്നു പതിക്കുകതന്നെ ചെയ്തു.

അഞ്ചരമണിക്കു എറണാകുളം സെക്രട്ടറിയേറ്റിലെ പ്രസ്റൂമിൽ നിന്നും ഇറങ്ങിവരുമ്പോഴാണ് പെരുമാനൂർ നടന്ന ഏറ്റുമുട്ടലിന്റെയും കല്ലേറിന്റെയും വിവരം എനിക്ക് ലഭിച്ചത്. ഇത്തരം സംഭവങ്ങളെ അതിവർണ്ണനം ചെയ്യുക മനുഷ്യസ്വഭാവമാണല്ലോ. ലാത്തിയടിയേറ്റും കല്ലേറുകൊണ്ടും അനേകർ മുറിവേറ്റു രക്തത്തിൽ കുളിച്ചു കിടക്കുന്നുവെന്നാണ് യാത്രക്കാരിൽ നിന്നു കിട്ടിയ വിവരം. വളരെയധികം തെറ്റിധരിപ്പിക്കലുണ്ടാകാവുന്ന ഈ സംഭവം നേരിട്ടുകണ്ടു മനസ്സിലാക്കി റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി ഞാൻ ഉടൻതന്നെ പെരുമാനൂരെത്തി. ബഹുവിചിത്രമായ ഒരു ചുറ്റുപാടാണ് അവിടെ ഞാൻ കണ്ടത് ഉദ്ഘാടന സമ്മേളനം ആരംഭിച്ചുകഴിഞ്ഞു. ഏതാനും പേർ സന്നിഹിതരായിരിക്കുന്ന യോഗം. സദസ്സിന്റെ ശുഷ്കത ഒരു അവഹേളനമായി ഉദ്ഘാടകൻ കരുതിയോ എന്തോ! ഏതോ അസാധാരണ കാഴ്ച കാണുവാനെന്നപോലെ വമ്പിച്ച ഒരു ജനക്കൂട്ടം റോഡിന്റെ ഇരുവശങ്ങളിലും തടിച്ചുകൂടിയിട്ടുണ്ട്. ഒരു ഡസനോളം റിസർവ്വ് പോലീസുകാർ നിറതോക്കുകളുമായി, ഓവർ ബ്രിഡ്ജിനെ ലക്ഷ്യമാക്കി, തെക്കോട്ട് തിരിഞ്ഞു ഉഷാറായി നിൽക്കുന്നു. 300-ൽ പരം വിദ്യാർത്ഥികൾ റെയിൽവേ ലൈനിൽ എന്തും ചെയ്യുവാൻ തയ്യാറായി നിലകൊള്ളുന്നു. എവിടെയെങ്കിലും ഒരു തീപ്പൊരി മതി, സ്ഫോടനത്തിനെന്ന് എനിക്കു വ്യക്തമായി.

ആദ്യം തന്നെ പോലീസിനെ സമീപിച്ച ഞാൻ വിവരമാരാഞ്ഞു. പരമപരിശുദ്ധരായി നിലകൊണ്ട പോലീസുകാരെ അക്രമികളായ വിദ്യാർത്ഥികൾ കണ്ടമാനം കല്ലെറിഞ്ഞുവെന്നും പോലീസ് അങ്ങേയറ്റം ക്ഷമ പാലിച്ചു കൂടുതൽ കുഴപ്പങ്ങളുണ്ടാകാതെ നോക്കുകയായിരുന്നെന്നും പോലീസ് ശൈലിയിൽ തന്നെ അവർ എന്നെ ധരിപ്പിച്ചു. കല്ലേറുണ്ടാകാതെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയ ഒരു സംഭവം പോലീസിന്റെ ചരിത്രത്തിൽ എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? തുടർന്നു ഞാൻ ആ വിദ്യാർത്ഥികളെ സമീപിച്ചു. തങ്ങൾ യാതൊരു തെറ്റും ചെയ്യാതെ റോഡിൽ നിൽക്കുകയായിരുന്നെന്നും (സി.പി. അപ്പോൾ സ്ഥലത്തെത്തിയിട്ടില്ലായിരുന്നതുകൊണ്ട് കരിങ്കൊടി പ്രകടനത്തിന് അവസരമുണ്ടായില്ല.) യാതൊരു കാരണവും കൂടാതെ പോലീസ് പേപ്പട്ടിയെ ചതയ്ക്കുന്നതുപോലെ തങ്ങളെ തല്ലിയെന്നും തങ്ങളിൽ ഒരാളെ ബലമായി അവർ കസ്റ്റഡിയിലാക്കിയെന്നും അയാളെ വിട്ടുകിട്ടുവാനായി തങ്ങൾ ഒരു ചെറിയ കല്ലേറുനടത്തിയെന്നും അവർ പറഞ്ഞു. എന്തുതന്നെ വന്നാലും പത്തു പോലീസുകാരോടെങ്കിലും പകരം ചോദിക്കാതെ അടങ്ങുകയില്ലായെന്നായിരുന്നു അവരിൽ ചിലരുടെ നില. സംഘടനാശക്തിയും സന്ദർഭ സൗകര്യങ്ങളും വിദ്യാർത്ഥികൾക്കനുകൂലമായിരുന്നതിനാൽ അവ

www.malankaralibrary.com

രുടേതു വെറും വീരവാദമല്ലെന്ന് എനിക്കു തോന്നി.

ഓവർബ്രിഡ്ജും കടന്നു ഞാൻ തേവരയിലേക്കു നടന്നു. കുറെ തെക്കുമാറി റോഡിൽ തേവരയിലെ ചില വൈദികർ ഇതികർത്തവ്യതാ മൂഢരായി നിൽക്കുന്നതാണ് ഞാൻ കണ്ടത്. ഈ പ്രകടനോദ്യമങ്ങളെപ്പറ്റി വ്യക്തമായ ഒരു അറിവും ഇല്ലാതിരുന്ന അവർക്ക് ആ സായംകാല സംഭവങ്ങളിൽ വളരെയധികം അമർഷവും സങ്കടവും പ്രതിഷേധവും ഉണ്ടായിരുന്നു. കൂടുതൽ അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കുന്നതിലേക്ക് ആ വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുവാൻ ഭഗീരഥയത്നം ചെയ്തു പരാജിതരായി, ഇനിയെന്തു ഗതിയെന്നു കരുതി വിഷണ്ണരായി നിൽക്കുകയാണ്. എങ്ങിനെയെങ്കിലും വിദ്യാർത്ഥികൾ കോളേജിൽ തിരിച്ചെത്തിയാൽ മതിയെന്നേ അവർക്കുള്ളൂ. അവരുടെ ഉൽക്കണ്ഠക്കു മറ്റൊരു കാരണവും ഉണ്ടായിരുന്നു. ആയിടയ്ക്കു ആരംഭിച്ച ഒരു പുതിയ കലാലയമായിരുന്നു തേവരകോളേജ്. എറണാകുളത്തുതന്നെ ചില ശക്തികൾ അതിന്നെതിരായി കെണികളിണക്കിയിരുന്നുവെന്നതു ചിലരെങ്കിലും അറിഞ്ഞിരുന്ന ഒരു രഹസ്യമായിരുന്നു. പെരുമാനൂരിൽ കൂടുതൽ അനിഷ്ഠസംഭവങ്ങൾ ഉണ്ടാകുകയും അതിനു കാരണക്കാർ തേവരകോളോജ് വിദ്യാർത്ഥികളാണെന്നു തെളിയുകയും ചെയ്താൽ കോളേജിന്റെ ഭാവിക്ക് അതു ഹാനീകരമാകുമെന്നായിരുന്നു ആ വൈദികരുടെ ആശങ്ക. തിരുവിതാംകൂർ നാഷണൽ ആന്റ് ക്വയിലോൺ ബാങ്ക് തകർത്ത സർ സി.പി. രാമസ്വാമി അയ്യർക്ക് ഒരു കോളേജ് നശിപ്പിക്കുവാൻ അത്ര വലിയ ക്ലേശമൊന്നും വേണ്ടിവരികയില്ലല്ലോ.

കൂടുതൽ അനിഷ്ഠസംഭവങ്ങൾക്കിടയാക്കാതെ വിദ്യാർത്ഥികളെ പിന്തിരിപ്പിക്കാമെന്നു ഞാൻ ആ വന്ദ്യ വൈദികരോട് ഏറ്റു. അതനുസരിച്ചു ഞാൻ പിന്തിരിഞ്ഞ് ആ വിദ്യാർത്ഥികളുടെ സമീപമെത്തി. അവരുടെ നേതാക്കന്മാരുമായി ഭാവിപരിപാടികളെപ്പറ്റി വളരെ നേരം ചർച്ചചെയ്തു. അവരെ പിന്തിരിപ്പിക്കുകയാണ് എന്റെ ലക്ഷ്യമെന്നുള്ള യാതൊരു സൂചനയും നൽകിയില്ല. അവർ ഏർപ്പെട്ടിരിക്കുന്നതിനെക്കാൾ വലിയ ഒരു പ്രക്ഷോഭണത്തിന്റെ നേതൃത്വം ഞാൻ സ്വയം ഏറ്റെടുത്തു. അന്യായമായി കസ്റ്റഡിയിലാക്കപ്പെട്ട വിദ്യാർത്ഥിയെ ഉടൻ മോചിപ്പിക്കുക വിദ്യാർത്ഥികളെ കൈയേറ്റം ചെയ്ത പോലീസിന്റെ മേൽ നടപടി നടത്തുക. ഇവയായിരുന്നു പ്രക്ഷോഭണത്തിന്നു വിഷയങ്ങൾ. ഉടൻതന്നെ ഒരു പ്രതിഷേധത്തിനു വട്ടംകൂട്ടി. റെയിൽവേ ഓവർബ്രിഡ്ജിനു സ്വല്പം തെക്കോട്ടുമാറി റോഡരുകിൽ അന്നുണ്ടായിരുന്ന ഒരു ചെറിയ മൈതാനിയിൽ യോഗം കൂടി. ഞാൻ തന്നെ ആയിരുന്നു അദ്ധ്യക്ഷനും പ്രാസംഗികനും പ്രമേയമവതാരകനും പ്രതിഷേധയോഗമെന്നു കേട്ടപ്പോൾ, മിഠായിക്കടയിലേക്കു കുഞ്ഞുങ്ങളെന്നപോലെ, ആ വിദ്യാർത്ഥികൾ മൈതാനത്തിൽ തടിച്ചുകൂടി പോലീസിന്റെ മർദ്ദനത്തെ പ്രതിഷേധിച്ചു ഒന്നു രണ്ടു പ്രമേയങ്ങൾ പാസ്സാക്കി.

www.malankaralibrary.com

പ്രതിഷേധ യോഗത്തോടുകൂടി വിദ്യാർത്ഥികളുടെ വൈരാഗ്യവും ഒട്ടൊക്കെ കെട്ടടങ്ങി. ചെറിയതോതിലെങ്കിലും ഒരു പ്രതികാരം ചെയ്ത പ്രതീതി ആ യോഗം അവരിലുളവാക്കി. ഉദ്ഘാടനയോഗം അലങ്കോലപ്പെടുത്തണമെന്നോ ആരെയെങ്കിലും കല്ലെറിയണമെന്നോ ഉള്ള യാതൊരുദ്ദേശവും ആ വിദ്യാർത്ഥികളിൽ ഒരുവനുപോലും ഉണ്ടായിരുന്നതല്ല. പോലീസിന്റെ പരുക്കൻ പ്രവർത്തന രീതി അപ്രതീക്ഷിതമായ പരിണാമങ്ങൾക്കിടയാക്കിയെന്നേയുള്ളൂ. ആകയാൽ യോഗാനന്തരം തേവരകേളേജിലേക്കു തിരിച്ചു പോകുവാൻ അവരിലാർക്കും വിസമ്മതമുണ്ടായില്ല. ഞാനും അവരെ അനുഗമിച്ചു കൂടുതൽ അനിഷ്ഠസംഭവങ്ങൾക്കിടയാക്കാതെ വിദ്യാർത്ഥികൾ ശാന്തരായി തിരിച്ചെത്തിയതിൽ എല്ലാവർക്കും പ്രത്യേകിച്ച് അണിയറയിൽ ഈ വിദ്യാർത്ഥികൾക്കു പ്രചോദനം നൽകിയിരുന്നവർക്ക്, സന്തോഷമായി. തേവര നിന്നും ഞാൻ പ്രത്യാഗമിച്ചപ്പോഴേക്കും ഉൽഘാടനയോഗവും കഴിഞ്ഞ് സർ. സി.പി. രാമസ്വാമി അയ്യർ സ്ഥലം വിട്ടിരുന്നു. വിജയക്കൊടി പാറിക്കുവാൻ വെമ്പിയണഞ്ഞ അദ്ദേഹം കുണ്ഠിതമാനസനായിട്ടാണ് തിരിച്ചുപോയത്. (കസ്റ്റഡിയിലാക്കപ്പെട്ടിരുന്ന വിദ്യാർത്ഥി ആ രാത്രിയിൽ തന്നെ മോചിതനായി.)

പെരുമാനൂർ പ്രകടനങ്ങൾക്കു പ്രേരണയും പ്രചോദനവും നല്കിയിരുന്നവർ അണിയറയിലായിരുന്നുവെന്ന് പറഞ്ഞുവല്ലോ. പക്ഷെ അവർ ആരൊക്കെയായിരുന്നുവെന്ന് സർ.സി.പി.ക്ക്അറിയാമായിരുന്നു. അന്നു തേവര കോളേജിൽ പഠിച്ചിരുന്ന രണ്ടു ബ്രാഹ്മണവിദ്യാർത്ഥികളിൽ നിന്ന് എല്ലാവിവരങ്ങളും സി.ഐ.ഡിക്കാർ മനസ്സിലാക്കി. സർ.സി.പിയെ ധരിപ്പിച്ചുവെന്ന് എന്റെ സുഹൃത്തായ ആ സി.ഐ.ഡിയിൽ നിന്നു ഞാൻ പിന്നീടറിഞ്ഞു. പക്ഷേ അതിനു തെളിവില്ലെന്നും തെളിയുകയില്ലെന്നും സർ.സി.പിക്കറിയാമായിരുന്നു. അനിഷേദ്ധ്യങ്ങളായ തെളിവുകൾ കൂടാതെ, കൊച്ചിയിലെ നീതിന്യായക്കോടതികളെ സമീപിക്കുന്നതുകൊണ്ട് ഫലമില്ല. ഒന്നു രണ്ടു സാക്ഷികളെ കിട്ടുക, തിരുവിതാംകൂർ ദിവാനു സ്വർഗ്ഗം കിട്ടുന്ന വാശിയായാരുന്നു. തെളിവില്ലെന്ന് അറിയാമായിരുന്നിട്ടും പെരുമാനൂർ സംഭവത്തിനു കാരണക്കാരായവരുടെ മേൽ നടപടി നടത്തുവാൻ അദ്ദേഹം പൊളിറ്റിക്കൽ ഏജന്റുവഴി കൊച്ചി സർക്കാരിൽ സമ്മർദ്ദം ചലുത്തിക്കൊണ്ടിരിക്കുന്നു.

സർ. സി.പി.യുടെ സമ്മർദ്ദം മൂർദ്ധന്യത്തിലെത്തിയപ്പോൾ കൊച്ചി ഗവണ്മെന്റിനും ചിലരെ ബലിയാടാക്കാതെ നിവൃത്തിയില്ലെന്നു വന്നു. അക്കൂട്ടത്തിൽ ഞാനും ഉൾപ്പെട്ടുവെന്നു മാത്രം. വിദ്യാർത്ഥികളുടെ പ്രതിഷേധ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു എന്നതിൽ കവിഞ്ഞ് പെരുമാനൂർ സംഭവുമായി എനിക്ക് യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ആ സംഭവവുമായി ബന്ധപ്പെട്ടവർ, അതിനു പ്രേരണയും പ്രചോദനവും നൽകിയവർ, ബഹുജനദൃഷ്ടിയിൽ പെടാതെ, മര്യാദരാമന്മാരായി കഴിഞ്ഞു കൂടിയപ്പോൾ, ആ സംരംഭത്തിന് ആദിമുതൽതന്നെ എതിരായിരുന്ന ഞാൻ അതിന്റെ

www.malankaralibrary.com

പേരിൽ, നാടുകടത്തിലിനും 9 മാസത്തെ തടങ്കലിനും വിധേയമാകേണ്ടിവന്നു. അവരുടെ പേരു വെളിപ്പെടുത്തിയിരുന്നെങ്കിൽ എനിക്കു ശിക്ഷകൂടാതെ കഴിയാമായിരുന്നുവെന്നു മാത്രമല്ല. മറ്റു ചിലരെപ്പോലെ തിരുവിതാംകൂർ ദിവാന്റെ സേവക്കുകൂടി സ്വന്തം കീശ വീർപ്പിക്കുകയും ചെയ്യാമായിരുന്നു. ആർക്കുവേണ്ടി ആ ശിക്ഷ ഞാൻ വഹിക്കേണ്ടി വന്നുവോ അവർ ഞാൻ ഒരു തിരുമഠയനാണെന്ന് സമാശ്വസിച്ചിരിക്കണം. ആ സംഭവവും അതിനു മറ്റു ചിലർ കൊടുക്കേണ്ടിവന്ന വിലയും അവർ അപ്പോഴേ മറന്നു; മറവി മനുഷ്യന് ഒരു അനുഗ്രഹവുമാണല്ലോ.

## 4. പനമ്പള്ളിയുടെ അടിയന്തരപ്രമേയം

എന്റെയും മറ്റും മേലുണ്ടായ ഗവണ്മെന്റു നടപടി കൊച്ചി നിയമസഭയിൽ ഒരു അവിശ്വാസപ്രമേയത്തിനു വിഷയമായി എന്നു പറഞ്ഞുവല്ലോ. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഹാജരാക്കിയ ആ അടിയന്തര പ്രമേയത്തെ എതിർത്തുകൊണ്ട് അന്നത്തെ ഗവണ്മെന്റ് സെക്രട്ടറി- തേവരകോളേജിന്റെ അയൽവാസിയായ ശ്രീ. രാമവർമ്മത്തമ്പുരാൻ കൊച്ചി നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ പെരുമാനൂർ സംഭവത്തെപ്പറ്റി ഇങ്ങനെ പറയുകയുണ്ടായി: "ഈ അടിയന്തര പ്രമേയം അവതരിപ്പിക്കുന്ന പക്ഷം, ഗവണ്മെന്റിന്റെ കൈവശം വന്നുചേർന്നിരിക്കുന്ന എല്ലാ വിവരങ്ങളും പരസ്യപ്പെടുത്തുവാനും ഇവിടെ പ്രസ്താവിക്കുവാനും ഗവണ്മെന്റു നിർബന്ധിതമാകും. അത് ഈ രാജ്യത്തിലെ പൊതുജനങ്ങളുടെ താല്പര്യത്തിനും നമ്മുടെതന്നെയും താല്പര്യത്തിനും അനുഗുണമായിരിക്കുകയില്ല. ഈ പ്രകടനം നടക്കുന്നതിനു മുൻപുനടന്ന എല്ലാ സംഗതികളെപ്പറ്റിയും ഞങ്ങൾക്ക് അറിവു ലഭിച്ചിട്ടുണ്ട്. ആ ദിവസം രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും സംഭവിച്ച വിവരങ്ങൾ ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ആ പ്രകടനത്തിനുശേഷം ചില സ്ഥലങ്ങളിൽ നടന്നവയുടെ പൂർണ്ണവിവരങ്ങളും ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ആ വിവരങ്ങളെല്ലാം ഞങ്ങൾ പരസ്യമാക്കുന്നതു പൊതുജനതാല്പര്യത്തിനു അനുഗുണമായിരിക്കുകയില്ല. എല്ലാവരിലും വിദ്വേഷം ജനിപ്പിക്കുകയേ അതു ചെയ്യുകയുള്ളു: എല്ലായിടത്തും എതിർപ്പുകൾക്കു അതു കാരണമാവുകയും ചെയ്യും. അത്തരമൊരു നടപടി സ്വീകരിക്കുവാൻ ഗവണ്മെന്റിനെ നിർബന്ധിക്കുന്നതു പൊതുജനങ്ങളുടെ വ്യാപകമായ താല്പര്യങ്ങൾക്ക് പറ്റിയതല്ല."

ക്രമസമാധാന പാലനത്തിനു ഭംഗം വരത്തക്കവിധത്തിൽ പെരുമാനൂർ ചിലർ സ്വീകരിച്ച നടപടിയെ കുറ്റപ്പെടുത്തിക്കൊണ്ടുതന്നെ, ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ അതിനു മറുപടി നൽകി. "ഒരു വിളംബരത്തിന്റെ മറവിൽ ഗവണ്മെന്റ് ചിലയാളുകളുടെമേൽ നടപടി എടുത്തിരിക്കുന്നു.... ഈ ആളുകൾ കുറ്റക്കാരാണെന്നു തെളിയിക്കുന്ന വസ്തുതകൾ ഗവണ്മെന്റിന്റെ പക്കലുണ്ടെങ്കിൽ, അത് പരസ്യപ്പെടുത്തുന്നതിൽ ഗവണ്മെന്റ് എന്തിന്

www.malankaralibrary.com

നാണിക്കുന്നു? നേരെമറിച്ച് , ഗവണ്മെന്റിന്റെ പക്കൽ ദുർബലങ്ങളായ വിവരങ്ങളെ, ഒരു നീതിന്യായക്കോടതി മുൻപാകെ ഹാജരാക്കുവാൻ ധൈര്യം തോന്നാത്ത വിവരങ്ങളെ, ഈ സഭ മുൻപാകെ ഹാജരാക്കുവാൻ സാദ്ധ്യമല്ലാത്ത വിവരങ്ങളെ ഉള്ളുവെന്നാണ് ഗവണ്മെന്റിന്റെ ഈ നടപടി തെളിയിക്കുന്നത്. (പെരുമാനൂർ) സംഭവത്തിനുമുൻപ്, ഗവണ്മെന്റു വക്താവ് ഇവിടെ പറഞ്ഞതുപോലെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തെന്നു ഈ രാജ്യത്തിലെ ജനങ്ങളെയും ഈ ജനപ്രതിനിധികളെയും അറിയിക്കുന്നതിൽ എന്താണ് തെറ്റ്. പക്ഷേ ഗവണ്മെന്റ് യാതൊന്നും അറിയിക്കുക ഉണ്ടായില്ല."

ഡി.എസ്.പി. സൂചിപ്പിച്ച പെരുമാനൂർ സംഭവം ഇതാണ്. അതിനെ സംബന്ധിച്ചിടത്തോളം ഞാനൊഴികെയുള്ള യാതൊരു വ്യക്തിയുടെയും രഹസ്യം ഞാൻ വെളിപ്പെടുത്തുകയില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. കൂടുതലായി യാതൊന്നും എന്നിൽ നിന്നു കിട്ടുകയില്ലെന്നു വ്യക്തമായതുകൊണ്ടോ എന്തോ പിന്നീട് സംഭാഷണം നീട്ടുവാൻ അദ്ദേഹം താല്പര്യം കാണിച്ചില്ല. ഇതുതന്നെയാണു തക്കമെന്നു കരുതി ഞങ്ങൾ - ഞാനും മി. അബ്രാഹവും- അദ്ദേഹത്തോടു യാത്ര പറഞ്ഞു റോഡിലിറങ്ങി. സി.ഐ.ഡിമാർ പിന്നാലെയും റയിൽവേസ്റ്റേഷനിലെത്തി. മി. അബ്രാഹമിനെ എങ്ങനെയെങ്കിലും എറണാകുളത്തിന് തിരിച്ചയയ്ക്കുകയും ഞാൻ ആ രാത്രി ആലുവായിൽ ഏതെങ്കിലും ഹോട്ടലിൽ തങ്ങുകയും ചെയ്യുകയെന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

ഇതിനിടയിൽ ഞങ്ങളറിയാതെ ഒരു സംഗതി നടന്നു. എറണാകുളത്തുനിന്നു പോലീസ് അകമ്പടിയോടെ പുറപ്പെട്ട് ആലുവായിലെത്തിയ ഞാൻ എങ്ങോട്ട് പോയി എന്നറിയാതെ ആലുവായിലെ സമുദായാഭിമാനികളായ എന്റെ സുഹൃത്തുക്കൾ അമ്പരന്നു. ബ.ആലുവാ വികാരിയച്ചന്റെ നേതൃത്വത്തിൽ അവർ ആലുവാപട്ടണം മുഴുവനും എന്നെതിരക്കിയലഞ്ഞു. പോലീസ് എന്നെ അറസ്റ്റു ചെയ്ത് ഏതോ ഗൂഢസ്ഥലത്തേക്ക് മാറ്റിയിരിക്കുമെന്നായിരുന്നു അവരുടെ ആശങ്ക. ഇങ്ങനെ അന്വേഷിച്ചു. നടന്നിരുന്ന ഒരു പാർട്ടി റോഡിൽ വെച്ച് ഞങ്ങളെ കണ്ടുമുട്ടി. വിവരങ്ങൾ പരസ്പരം പറഞ്ഞു ഞങ്ങൾ രസിച്ചു. എന്റെ കാര്യത്തിൽ ആ ഉത്തമ സുഹൃത്തുക്കൾ ആ രാത്രി അനുഭവിച്ച ക്ലേശങ്ങൾക്കും ഉൽക്കണ്ഠക്കും ഞാൻ എന്നെന്നും അവരോടു കടപ്പെട്ടിരിക്കുന്നു. അവരുടെ സ്നേഹപ്രകടനം ഇന്നും എന്നെ പുളകം കൊള്ളിക്കുന്നു.

ഇവിടെവെച്ചു ശ്രീ അബ്രാഹവുമായി ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു. അദ്ദേഹം സ്നേഹം നിറഞ്ഞ ഹൃദയത്തോടും ദുഃഖം തിങ്ങിയ മനസ്സോടും കൂടി എറണാകുളത്തേക്കു തിരിച്ചുപോയി. അനന്തരം രാത്രി വിശ്രമിക്കുന്നതിനായി അടുത്തുണ്ടായിരുന്ന ഒരു ഹോട്ടലിൽ ഞാൻ പ്രവേശിച്ചു.

www.malankaralibrary.com

സി.ഐ.ഡി മാരും ഹോട്ടലിൽ തന്നെ കടന്നിരുപ്പായി. യാതൊരു ലക്ഷ്യവുമില്ലാതെയാണ് ഞാൻ അവിടെ എത്തിയിരിക്കുന്നത്. നാളത്തെ പരിപാടി എന്ത്, എങ്ങോട്ടുപോകണം, എന്നൊന്നും തീരുമാനിച്ചിരുന്നില്ല. തിരുവിതാംകൂർ ഗവണ്മെന്റ് എന്റെ നേരെ സ്വീകരിക്കുവാൻ പോകുന്ന നടപടി എന്തായിരിക്കുമെന്നുള്ള ഒരു ചിന്ത മാത്രമേ എന്റെ മനസ്സിലുണ്ടായിരുന്നുള്ളൂ.

എനിക്കു കുളിക്കുവാൻ ചൂടുവെള്ളം തയ്യാറായിരിക്കുന്നതായി ഹോട്ടൽമാനേജർ എന്നെ അറിയിച്ചു. ഞാൻ എന്റെ പെട്ടിയും തൂക്കിപ്പിടിച്ചു മാനേജർ കാണിച്ചുതന്ന മാർഗ്ഗത്തിലൂടെ ഹോട്ടലിനുള്ളിലേക്കുപോയി. അവിടെ ചൂടുവെള്ളമൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹം കാണിച്ചുതന്ന വാതിലിലൂടെ ഞാൻ ഹോട്ടലിന്റെ പിൻവശത്തുകൂടി വെളിയിലിറങ്ങി. മാനേജർ കൂടെ അയച്ചിരുന്ന ഒരു പയ്യൻ ഏതാനും ഇടവഴികളിൽകൂടി എന്നെ നയിച്ച് ഒരു റോഡിൽ കൊണ്ടുവന്നു. അവിടെ ഒരു കാർ കിടപ്പുണ്ടായിരുന്നു. 'കാറിൽ കയറൂ' എന്നൊരു സിംഹഗർജ്ജനം കാറിനുള്ളിൽ നിന്നു ഞാൻ കേട്ടു. ആ കാറിനുള്ളിൽ എന്റെ നേതാവ്, എന്റെ രാഷ്ട്രീയ ഗുരു, ഷെവ തര്യതു കുഞ്ഞിത്തൊമ്മൻ ഇരുപ്പുണ്ടായിരുന്നു. കോട്ടയത്തുനിന്ന് അന്നു വൈകുന്നേരം എറണാകുളത്തെത്തിയ അദ്ദേഹം എന്റെ നാടുകടത്തൽ വിവരമറിഞ്ഞ് എന്നെ തിരക്കി ആലുവായിലെത്തിയതാണ്. ഞാൻ ആ ഹോട്ടലിലേക്കു കയറുമ്പോൾ അദ്ദേഹം ആ വഴിയെ കാറിൽ വരികയായിരുന്നു. അദ്ദേഹം ആൾവിട്ടു മാനേജരോട് ആവശ്യപ്പെട്ടതനുസരിച്ചാണ് ആ വിധത്തിൽ എന്നെ അവിടേക്ക് അയച്ചത്.

നേതാവിന്റെ ആജ്ഞകേട്ട ക്ഷണം ഞാൻ മറ്റെല്ലാം മറന്നു. എല്ലാ ചിന്തകളും എന്നിൽനിന്നകന്നു. ഞാൻ ആ കാറിൽ കയറി കോതമംഗലത്തേക്ക് പോയി. ചൂടുവെള്ളത്തിൽ കുളിയും കഴിഞ്ഞുവരുന്ന എന്നെ കാത്ത് ആ സി.ഐ.ഡിമാർ വളരെനേരം ഹോട്ടലിൽ ഇരുന്നു. ഒടുവിൽ കാണാതെ നിരാശപ്പെട്ട അവർ, ഞാൻ അപ്രത്യക്ഷനായ വിവരം സ്റ്റേഷനിലും എറണാകുളത്തും കോട്ടയത്തും അറിയിക്കുവാൻ അവിടെ നിന്നിറങ്ങിപ്പോയി. ഞാൻ അവരുടെ വായിൽ മണ്ണിടുകയായിരുന്നുവെന്ന് വളരെ നാളുകൾക്കു ശേഷം അവരിൽ ഒരാൾ വളരെ സങ്കടത്തോടുകൂടി എന്നോടു പറയുകയുണ്ടായി

1946 ഏപ്രിൽ 7-ാം തീയതി അർദ്ധരാത്രിയോടടുത്ത് ഞാൻ കോതമംഗലത്ത് ഇലഞ്ഞിക്കൽ എത്തിയെന്നു പറഞ്ഞുവല്ലോ. അർദ്ധരാത്രിക്ക് അജ്ഞാതമായ മാർഗ്ഗങ്ങളിലൂടെയുള്ള ആ യാത്രയിലും നാളത്തെ അനുഭവം എന്തായിരിക്കുമെന്നുള്ള ചിന്ത എന്റ മനസ്സിനെ വിട്ടുമാറിയിരുന്നില്ല. പക്ഷേ അതേപ്പറ്റിയുള്ള ഭയം എന്നിൽനിന്ന് അകന്നിരുന്നു. എനിക്ക് എന്തു തന്നെ സംഭവിച്ചാലും മഹത്തായ കത്തോലിക്കാ സമുദായത്തിനുവേണ്ടി ആ ത്യാഗം അനുഭവിക്കുന്നത് ഒരു ആനന്ദമായി എനിക്കു തോന്നി. കത്തോ

www.malankaralibrary.com

ലിക്കാ സമുദായം, പ്രത്യേകിച്ച് അതിന്റെ പ്രഖ്യാതമായ നേതാക്കന്മാർ, എന്റെ പിന്നിലുണ്ടെന്നുള്ള ചിന്ത എന്നെ ആശ്വസിപ്പിച്ചു. അതിനാൽ ഇലഞ്ഞിക്കലെത്തി അധികം കഴിയുന്നതിനുമുമ്പുതന്നെ ഞാൻ ഉറക്കം പിടിച്ചു. പിറ്റേന്നു നേരം വെളുത്തു വളരെ കഴിഞ്ഞതിനുശേഷമേ ഞാൻ ഉണർന്നുള്ളൂ. ഞാൻ ഉണരുമ്പോൾ എന്റെ ആതിഥേയൻ ശ്രീ കുഞ്ഞിത്തൊമ്മൻ വീട്ടിലില്ല. അതിരാവിലെതന്നെ, ഞാൻ ഉണരുന്നതിനു വളര മുമ്പ് അദ്ദേഹം കാറിൽ കയറി എവിടെയോ പോയിരിക്കുകയാണ്.

ശ്രീ കുഞ്ഞിത്തൊമ്മനെ ഞാൻ കാണുവാനും അറിയുവാനും തുടങ്ങിയിട്ട് അപ്പോഴേക്ക് കാൽ നൂറ്റാണ്ടിലധികമായിട്ടുണ്ട്. പരേതനായ ജോൺ നിധീരിയുടെ അദ്ധ്യക്ഷതയിൽ എന്റെ ജന്മനാട്ടിൽ സമ്മേളിച്ച ഒരു പൗരസമത്വവാദ മഹായോഗത്തിൽ വച്ചാണ് അജാനുബാഹുവും വ്യൂഢോരസ്കനുമായ ആ മേദുര ദീർഘകായന്റെ സിംഹഗർജ്ജനം ഞാൻ ആദ്യമായി കേട്ടത്. പൗരസമത്വവാദമെന്നു പറഞ്ഞാലെന്താണെന്നു മനസ്സിലാക്കുവാൻ തക്ക പ്രായമോ അറിവോ അന്ന് എനിക്കില്ലായിരുന്നുവെങ്കിലും എന്തുകൊണ്ടോ ആ യോഗത്തിന്റെ സ്ഥൂലമായ ഒരു ചിത്രം ഇപ്പോഴും എന്റെ മനോവേദിയിൽ പതിഞ്ഞു കിടപ്പുണ്ട്. വിസ്തൃതമായ പള്ളിമൈതാനത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള പ്ലാറ്റ്ഫോറം അതിൽ അദ്ധ്യക്ഷന്റെ വലത്തുഭാഗത്ത് കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗം, ഇതെല്ലാം ഇപ്പോഴും കാണുകയും കേൾക്കുകയും ചെയ്യുന്നതുപോലെ തോന്നുന്നു. സമുദായ കാര്യങ്ങളിലേക്ക് എന്റെ ശ്രദ്ധയെ തിരിച്ചുവിട്ടത് ആ യോഗമാണ്. എന്റെ ഗുരുനാഥൻ ആ നേതാവും.

എറണാകുളത്ത് താമസമാക്കിയതിനുശേഷം അദ്ദേഹത്തെ അടുത്തറിയുന്നതിന് എനിക്കവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വളർച്ചയിൽ എനിക്കു തെല്ലും അസൂയ തോന്നിയിട്ടില്ലാതിരുന്നതിനാൽ. അദ്ദേഹത്തെ തേജോവധം ചെയ്യുന്നതിനോ, ഇടിച്ചു താഴ്ത്തുന്നതിനോ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പ്രമാണിത്വത്തെയോ സ്വാധീനശക്തിയെയോ ഞാൻ ഒരിക്കലും സ്വന്തകാര്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടുമില്ല. അതുകൊണ്ടായിരിക്കാം രാഷ്ട്രീയവും സാമൂഹ്യവുമായ പല കാര്യങ്ങളെപ്പറ്റിയും അദ്ദേഹം എന്നോട് അഭിപ്രായം ചോദിച്ചിട്ടുള്ളതും. 1945-ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡന്റു പദം സ്വീകരിക്കുവാൻ അദ്ദേഹത്തെ നിർബന്ധിച്ചവരിൽ ഒരാൾ ഞാനായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ചരിത്രത്തിലെ സുവർണ്ണഘട്ടം അദ്ദേഹം പ്രസിഡണ്ടായിരുന്ന കാലമാണ്. കോൺഗ്രസ്സും സമുദായവും അധഃപതിച്ചപ്പോൾ, പിന്നീടൊരിക്കൽ കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുക്കുവാൻ സ്വമേധയാ അദ്ദേഹം സന്നദ്ധനായി. പക്ഷേ, അപ്പോഴേക്കും സമുദായം അദ്ദേഹത്തെ തീർത്തും മറന്നു കളഞ്ഞിരുന്നു.

www.malankaralibrary.com

ശ്രീ. കുഞ്ഞിത്തൊമ്മന്റെ കനിഷ്ടപുത്രൻ മി കുരുവിളയേയും, അന്നു തേവര ഹൈസ്കൂളിൽ പഠിച്ചിരുന്ന സീമന്തപുത്രന്റെ മക്കളെയും എനിക്കു നല്ല പരിചയമായിരുന്നു. പക്ഷേ അതുവരെ ഒരിക്കലെങ്കിലും ഞാൻ ശ്രീ കുഞ്ഞിത്തൊമ്മന്റെ ഭവനം സന്ദർശിക്കുകയാകട്ടെ, അദ്ദേഹത്തിന്റെ ഗാർഹികവിശേഷങ്ങളെപ്പറ്റി അന്വേഷിക്കുകയാകട്ടെ ചെയ്തിരുന്നില്ല. അങ്ങനെ അദ്ദേഹത്തിന്റെ വീട്ടിൽ ആദ്യമായിട്ടാണ് ഞാൻ ഇപ്പോൾ ചെന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ രോഗിയായ സീമന്തപുത്രനെ ഞാൻ കണ്ടു. അപ്പോഴാണ് സമുദായസേവനവും രാഷ്ട്രീയ സേവനവും നിർവ്വഹിച്ചിരുന്ന അദ്ദേഹത്തിന്റെ ത്യാഗം എത്ര സീമാതീതമെന്നു ഞാൻ മനസ്സിലാക്കിയത്. ദൈവം അനുഗ്രഹിച്ചു സകല ഭാഗ്യങ്ങളും തികഞ്ഞ എത്ര പ്രമാണികൾ നമ്മുടെ സമുദായത്തിലുണ്ട്. ഭാരമുള്ള ചുമടുകൾ സ്വന്തവിരൽകൊണ്ട് ഒന്നു സ്പർശിക്കുവാൻ പോലും തയ്യാറാകാതെ, അനുയായികളുടെ മുകളിൽ കേറ്റി വെയ്ക്കുവാൻ വെമ്പൽ കൊള്ളുന്നവർ, വിരുന്നുകളിൽ മുഖ്യസ്ഥാനവും സംഘങ്ങളിൽ പ്രധാന പീഠവും, തെരുവീഥികളിൽ വന്ദനവും ഇച്ഛിക്കുന്നവർ കൊതുകുകളെ അരിച്ചു നീക്കുകയും ഒട്ടകങ്ങളെ വിഴുങ്ങുകയും ചെയ്യുന്നവർ, വമ്പും പ്രതാപവും നടിച്ചു മുൻപന്തിയിൽ കയറി നിൽക്കുന്ന അവരെക്കൊണ്ടു കാൽ കാശിനുള്ള മുതൽക്കൂട്ടുപോലും സമുദായത്തിനുണ്ടായിട്ടില്ലല്ലോ.

എന്നാൽ മി. തര്യതു കുഞ്ഞിത്തൊമ്മനോ? അദ്ദേഹം ഇല്ലായിരുന്നെങ്കിൽ രാഷ്ട്രീയരംഗത്ത് 'കത്തോലിക്ക' സമുദായം അറിയപ്പെടുകയില്ലായിരുന്നു. സർവ്വകലാശാലാ വിദ്യാഭ്യാസമോ സർക്കാരുദ്യോഗമോ, വക്കീൽപ്പണിയോ ഒന്നും ഇല്ലാതിരുന്ന ആ കിഴക്കൻ മാപ്പിള അതെല്ലാം ഉണ്ടായിരുന്ന, സമുദായത്തിലെ വമ്പന്മാരെയെല്ലാം ലജ്ജിപ്പിച്ചിരിക്കുന്നു. അതു ചെയ്തതോ, സ്വന്തം ഓമനപ്പുത്രൻ മഹാരോഗിയായി വീട്ടിൽ കിടക്കുമ്പോൾ ആ പുത്രനെ ശുശ്രൂഷിക്കുവാൻ ഒന്നിലധികം പേർ എപ്പോഴും അടുക്കൽ വേണമെന്നു ബോദ്ധ്യമുള്ളപ്പോൾ, ആണുതാനും. ചിലപ്പോൾ എന്തെങ്കിലും കൂടിയാലോചനയ്ക്ക് എറണാകുളത്തു വന്നിരുന്ന അദ്ദേഹം പെട്ടെന്നു വീട്ടിലേക്കു തിരികെപ്പോകുകയും കുറെക്കഴിഞ്ഞു തിരികെ വരികയും ചെയ്തിരുന്നു. ഒരിക്കൽ ഒരു പ്രത്യേകകാര്യം സാധിക്കുന്നതിനായി എറണാകുളത്തുനിന്നു കാറിൽ തിരുവനന്തപുരത്തേക്കു പോയ അദ്ദേഹത്തോടുകൂടി ഞാനും ഉണ്ടായിരുന്നു. സേവിയേഴ്സിൽ ഒരു മുറി വാടകയ്ക്കെടുത്തു രാത്രി ഞങ്ങൾ ഉറങ്ങാൻ കിടന്നു. വെളുപ്പിനു മൂന്നുമണിക്ക് എന്നെ വിളിച്ചുണർത്തി കാറിൽ കയറ്റി വടക്കോട്ടു തിരിച്ചു. വന്നകാര്യം സാധിക്കാതെയുള്ള ഈ പ്രത്യാഗമനത്തിൽ അമർഷം തോന്നിയ ഞാൻ കോട്ടയത്തുവച്ച് അദ്ദേഹവുമായി പിരിഞ്ഞു. അദ്ദേഹം നേരെ കോതമംഗലത്തിനു തിരിക്കുകയും അന്നുതന്നെ വീണ്ടും തിരുവനന്തപുരത്തിനുപോയി കാര്യം സാധിക്കുകയും ചെയ്തു.

www.malankaralibrary.com

ഇത് ഒരു തരം ഗൃഹവിരഹാധിയോ (Home sicking) ഭ്രാന്തോ ആണെന്നൊക്കെ ഞാൻ കരുതിയിരുന്നു. പക്ഷെ ഇവിടെ വന്നു കണ്ടപ്പോഴാണ് ഭ്രാന്ത് അദ്ദേഹത്തിനില്ലായെന്ന് ഞാൻ മനസ്സിലാക്കിയ്ത്. രോഗിയായ തന്റെ ഈ ഓമനപ്പുത്രനെ കാണുന്നതിന് – ആ പുത്രന്റെ ചികിത്സാകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനാണ് അദ്ദേഹം കൂടെക്കൂടെ വീട്ടിലേക്ക് ഓടിയിരുന്നത്. പിന്നീട് ആ പുത്രന്റെ രോഗവിവരങ്ങൾ പറയേണ്ടിവന്നപ്പോഴൊക്കെ ധീരനായ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുന്നതും സ്വരം ഇടറുന്നതും എനിക്കനുഭവപ്പെട്ടിട്ടുണ്ട്. സാമൂഹ്യവും രാഷ്ട്രീയവുമായ നേതൃത്വത്തിനു തീർച്ചയായും ഭാരിച്ച ഒരു വിലയാണ് അദ്ദേഹം നൽകിയിരുന്നത്. സ്വന്തം പുത്രനെപ്പറ്റി സദാ കേണുകൊണ്ടിരുന്ന അദ്ദേഹം ഇത്രയേറെ പ്രക്ഷോഭണങ്ങൾ നയിക്കുകയും, സമുദായ കാര്യങ്ങളിൽ ശ്രദ്ധിക്കുകകയും ചെയ്തതിലാണ് അത്ഭുതപ്പെടേണ്ടിയിരിക്കുന്നത്.

ഉച്ചയായപ്പോഴേക്കും ശ്രീ കുഞ്ഞിത്തൊമ്മൻ തിരിച്ചെത്തി. അദ്ദേഹം എറണാകുളംവരെ പോയിരിക്കുകയായിരുന്നു. എന്നെപ്പറ്റി തിരുവിതാംകൂർ ഗവണ്മെന്റിനുള്ള ഭാവിപരിപാടികൾ എന്തൊക്കെയെന്നു ഗാഢമായി തിരക്കുക എന്നതായിരുന്നു ആ യാത്രയുടെ ഉദ്ദേശം. ഞാൻ കോതമംഗലത്തുണ്ടെന്ന കാര്യം മാത്രം അദ്ദേഹം പരസ്യമാക്കിയതും ഇല്ല. തിരുവിതാംകൂർ ഗവണ്മെന്റ് എന്തു ചെയ്യുവാൻ പോകുന്നു എന്നതിനെപ്പറ്റി ഒരു വിവരവും ശേഖരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഏതായാലും കുറെ ദിവസങ്ങൾ തന്റെകൂടെ എലഞ്ഞിക്കൽ താമസിക്കുവാൻ അദ്ദേഹം നിർബന്ധിച്ചു. ആ ക്ഷണം എനിക്കു ഏറ്റം ഹിതകരവും ആയിരുന്നു. പക്ഷേ വേറൊരപകടം ഉണ്ടായിരുന്നു. എന്റെ ബന്ധുജനങ്ങൾക്ക് സ്വാഭാവികമായി എന്നെപ്പറ്റി ഉണ്ടാകാവുന്നു ഉൽക്കണ്ഠയാണത്.

എന്റെ നാടുകടത്തൽ വാർത്ത ഇതിനകം കോട്ടയം പത്രത്താളിൽ നിന്ന് എന്റെ ബന്ധുജനങ്ങളും വീട്ടുകാരും അറിഞ്ഞിരിക്കണം. ഈ 'നാടുകടത്തൽ' എന്തെന്നുതന്നെ അവരിൽ പലർക്കും മനസ്സിലായിരിക്കുകയില്ല. യാഥാർത്ഥ്യത്തിനു വിരുദ്ധമായി എനിക്കു തിരുവിതാംകൂറിൽ കയറിക്കൂടാത്ത. എന്തോ ശിക്ഷയായിരിക്കും അതെന്ന് അവർ ധരിക്കുവാനിടയുണ്ട്. അവരുടെ പരിഭ്രമവും തെറ്റിദ്ധാരണയും നീക്കുന്നതിന് അവരുടെ അടുക്കൽ ചെന്നുചേരുന്നതിനോളും ഫലപ്രദമായി ഒരു പ്രതിവിധിയില്ലല്ലോ. അതു ശരിയാണെന്ന് അദ്ദേഹവും സമ്മതിച്ചു. അതിനാൽ എനിക്കു വീട്ടിലേക്കു പോകുന്നതിനു വേണ്ട ഏർപ്പാടുകൾ അദ്ദേഹം ചെയ്യുകയും മൂവാറ്റുപുഴവരെ ഒരാളെ കൂട്ടിയയ്ക്കുകയും ചെയ്തു. മൂവാറ്റുപുഴ നിന്നു കോട്ടയം വഴി അന്നു രാത്രി തന്നെ ഞാൻ ചങ്ങനാശേരിയിൽ പെരുന്നയിലുള്ള എന്റെ ശ്വശുരഗൃഹത്തിലെത്തി.

കോട്ടയത്തുനിന്നുള്ള യാത്ര രാത്രി സമയത്തായിരുന്നു. കഴിയുന്നിട

www.malankaralibrary.com

ത്തോളം പരിചയക്കാരുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ ഞാൻ വേണ്ടത്ര ശ്രദ്ധിച്ചു. ആരുമറിയാതെ ഒരു ദിവസമെങ്കിലും ചങ്ങനാശേരിയിൽ കഴിച്ചുകൂട്ടേണ്ട ആവശ്യം എനിക്കുണ്ടായിരുന്നു. രഹസ്യമായി ചിലരെ സന്ദർശിക്കണം. ഞാൻ ചെല്ലുന്നതിനു മുമ്പുതന്നെ ചില കോൺസ്റ്റബിൾമാരും സി. ഐ.ഡി മാരും ആ വീട്ടുപടിക്കൽ ചുറ്റിയലഞ്ഞതായി ഞാൻ അറിഞ്ഞു. മിക്കപേർക്കും എന്നെ നേരിട്ട് അറിഞ്ഞുകൂടായിരുന്നു. എന്നെ അന്വേഷിച്ചു നടക്കുകയാണെന്നുള്ള പരമാർത്ഥം വ്യക്തമാക്കുവാൻ അവർ ഒരുക്കവുമില്ലായിരുന്നു. ഒരു വിദ്വാൻ , നാലു കൊല്ലം മുമ്പ് ദിവംഗതയായ എന്റെ ഭാര്യയെപ്പറ്റി ഞാൻ രചിച്ചിരുന്ന 'സ്മരണാഞ്ജലി" എന്ന വിലാപകാവ്യത്തിന്റെ പ്രതിവിലയ്ക്ക് അന്വേഷിച്ചുപോലും ആ വീട്ടിൽ എത്തിയിരുന്നു. പക്ഷെ ഞാൻ എവിടെയാണെന്നോ എന്തു ചെയ്യുകയാണെന്നോ അറിയാൻ അവർക്കു സാധിച്ചില്ല.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ "അസോസിയേറ്റഡ് പ്രസ്സി" ന്റേതായി എന്നെപ്പറ്റി ഒരു വാർത്ത പത്രങ്ങളിൽ വന്നു. (ഇപ്പോഴത്തെ പി.ടി.ഐ.യുടെ മുമ്പിലത്തെ ജന്മത്തിലെ പേരായിരുന്നു അത്) അസോസ്യേറ്റഡ് പ്രസിന്റെ എറണാകുളം ലേഖകൻ ഒരു തമിഴ് ബ്രാഹ്മണനായിരുന്നെങ്കിലും എന്റെ സുഹൃത്തായിരുന്നു. വാർത്താശേഖരണത്തിൽ ഞങ്ങൾ സഹകരിക്കുകയും പലപ്പോഴും പരസ്പരം കൈമാറുകയും ചെയ്തിട്ടുണ്ട്. എങ്കിലും വസ്തുതകൾ എല്ലാം അറിവുള്ള അദ്ദേഹം സത്യവിരുദ്ധമായ ഒരു റിപ്പോർട്ടാണ് അസോസിയേറ്റഡ് പ്രസിന്റെ പേരിൽ നല്കിയത്. രാജദ്രോഹക്കുറ്റത്തിന് കൊച്ചി ഗവണ്മെന്റ് എന്റെ പേരിൽ നടപടി എടുത്തിരിക്കുകയാണെന്നും, എന്നെ അറസ്റ്റ് ചെയ്ത് പോലീസ് അകമ്പടിയോടുകൂടി അതിർത്തി കടത്തി തിരുവിതാംകൂർ പോലീസിനെ ഏല്പിച്ചിരിക്കുയാണെന്നും വാർത്ത പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം എന്തോ ഒരു രസം കണ്ടു. അദ്ദേഹത്തോട് എനിക്കുണ്ടായിരുന്ന സ്നേഹത്തിന്റെ പേരിൽ അതിനെ പ്രതിഷേധിക്കാതിരിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഏപ്രിൽ 11-ാംതീയതി ഇങ്ങനെ ഒരു വിശദീകരണം ഞാൻ പത്രങ്ങൾക്കു നല്കി.

"അസോഷ്യേറ്റഡ് പ്രസ്" എന്നെപ്പറ്റി എറണാകുളത്തു നിന്നും പ്രചരിപ്പിച്ചിരിക്കുന്ന വാർത്ത മുഴുവൻ അയഥാർത്ഥവും ദുരുപദിഷ്ടവുമായിരിക്കുന്നു. എന്നെ അറസ്റ്റ് ചെയ്യുകയോ, പോലീസകമ്പടിയോടുകൂടി എടപ്പള്ളിയിലേക്കു മാറ്റുകയോ, തിരുവിതാംകൂർ പോലീസിനെ ഏല്പിക്കുകയോ യാതൊന്നും ഉണ്ടായിട്ടില്ല. രാജദ്രോഹപരമായ പ്രവർത്തികൾക്കായിട്ടാണു നടപടി നടത്തിയിട്ടുള്ളതെന്നു പറഞ്ഞിരിക്കുന്നതും മനഃപൂർവ്വമായ ഒരു തെറ്റിദ്ധാരിപ്പിക്കലാണ്. "ഇപ്പോഴത്തെ അടിയന്തരഘട്ടത്തിൽ പൊതുജന സുരക്ഷിതത്വത്തിനും ക്രമപരിപാലനത്തിനും സമാധാനപരിതസ്ഥിതിക്കും എതിരായി ഒന്നും പ്രവർത്തിക്കാതിരിക്കുന്നതിലേക്കു" കൊച്ചി വിട്ടുകൊ

www.malankaralibrary.com

ള്ളണമെന്നും, മറിച്ച് ഒരുത്തരവുണ്ടാകുന്നതുവരെ കൊച്ചിയിലേക്കു ചെല്ല രുതെന്നും അനുശാസിക്കുന്ന ഒരു ഗവണ്മെന്റുത്തരവ് കഴിഞ്ഞ ശനിയാഴ്ച രാത്രി പത്തുമണിക്കു കൊച്ചി പോലീസ് കമ്മീഷണർ എനിക്കു നൽകി. നിയമലംഘനം എന്റെ പരിപാടിയിൽ പെട്ടിട്ടില്ലാത്തതിനാൽ, ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ഞാൻ സ്ഥലം വിടുന്നതാണെന്നു പോലീസ് അധി കാരികൾക്കു മുന്നറിവ് നൽകി. അതനുസരിച്ച് ബസ് മാർഗ്ഗം ഞാൻ ആലു വായിൽ എത്തി. ഒരു കാർ കിട്ടുവാനുണ്ടായ വിഷമം മൂലം, പോലീസ് കാറിൽ എന്നെ കയറ്റിക്കൊണ്ടു പോകാമോ എന്ന് എന്റെ ചില സ്നേഹിതന്മാർ ചോദിച്ചെങ്കിലും പോലീസ് മേധാവികൾ അതിനു വിസമ്മതിക്കുകയാണു ചെയ്തത്. എന്നെ ആരെങ്കിലും തിരുവിതാംകൂർ പോലീസിനെ ഏല്പിക്കു കയോ തിരുവിതാംകൂർ പോലീസ് ഏറ്റുവാങ്ങുകയോ ഉണ്ടായിട്ടില്ല. ആലു വായിൽ വന്നപ്പോൾ, കൊച്ചിയിൽനിന്ന് എനിക്ക് ഇങ്ങനെയൊരുത്തരവു കിട്ടി യിരിക്കുന്ന സ്ഥിതിക്ക്, ആലുവാ ഡി.എസ്.പി. യെ കണ്ടു വിവരം പറയേ ണ്ടതു മര്യാദയാണെന്നെനിക്കു തോന്നി. അതിനാൽ അദ്ദേഹത്തിന്റെ വസ തിയിൽ പോയി കാണുകയും ചില സംഗതികളെപ്പറ്റി ഞങ്ങൾ സംസാരി ക്കുകയും ചെയ്തു. പിറ്റേ ദിവസം ഞാൻ കോട്ടയത്തിനു പോന്നു.

'രാജ്യദ്രോഹക്കുറ്റത്തിനാണ് എന്റെ പേരിൽ നടപടി നടത്തപ്പെട്ടിരി ക്കുന്നതെന്ന ആരോപണത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. എന്റെ പേരിൽ എന്തെങ്കിലും കുറ്റമുള്ളതായി ഒരു സൂചനപോലും എനിക്കു നൽക പ്പെട്ടിട്ടില്ല. ഗവണ്മെന്റാകട്ടെ, മറ്റാരെങ്കിലുമാകട്ടെ, യാതൊരു സമാധാനവും എന്നോടു ചോദിച്ചിട്ടില്ല. മലബാർ മെയിലുമായും, അഖില കേരള കത്തോ ലിക്കാ കോൺഗ്രസ്സുമായും എനിക്കുള്ള ബന്ധത്തെയും പെരുമാനൂർ നടന്ന അനിഷ്ടസംഭവങ്ങളെയും പറ്റിയുള്ള പരാമർശനം ദുരുപദിഷ്ടവും ദുർബോ ധജനകവുമായിരിക്കുന്നു. പെരുമാനൂർ നടന്ന അനിഷ്ട സംഭവങ്ങളെത്തു ടർന്നു പോലീസ് അന്വേഷണം നടത്തിയതിനെ അടിസ്ഥാനമാക്കിയാണ് ഈ നടപടിയെന്ന് കൊച്ചി നിയമസഭയിൽ ചീഫ് സെക്രട്ടറി പ്രസ്താ വിച്ചതായി ഒരു പത്രപ്രസ്താവന കാണുകയുണ്ടായി. പെരുമാനൂർ സംഭവ ത്തോടു പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടുവെന്ന് ആക്ഷേപമുള്ള ഒരു പോലീസുദ്യോഗസ്ഥന്റെ വൈരനിര്യാതന ചിത്തവൃത്തിയെ അപ്പാടെ ഗവണ്മെന്റു വിശ്വസിക്കുമെന്നു ഞാൻ കരുതുന്നില്ല.

'പെരുമാനൂർ നടന്ന അനിഷ്ട സംഭവങ്ങളെപ്പറ്റി നിഷ്പക്ഷമായ ഒരു പരസ്യാന്വേഷണം നടത്തണമെന്നും കുറ്റക്കാരെന്നു തെളിയുന്നവരെ ശിക്ഷി ക്കണമെന്നും, സംഭവം നടന്ന അന്നു കൂടിയ ഒരു പ്രതിഷേധയോഗത്തിൽ ഞാൻ ആവശ്യപ്പെടുകയുണ്ടായി. ഇപ്പോഴും അതുതന്നെ ഞാൻ ആവശ്യ പ്പെടുന്നു. 'മലബാർ മെയിലും' കത്തോലിക്കാ കോൺഗ്രസ്സും ഇതുതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. നിഷ്പക്ഷമായ ഒരു പരസ്യാന്വേഷണം നടത്തി സംഗ

www.malankaralibrary.com

തികൾ വെളിച്ചത്താക്കുന്നതുവരെ, മലബാർ മെയിലിൽ ഞാൻ എഴുതിയ സംഭവറിപ്പോർട്ടു തെറ്റാണെന്നോ ശിക്ഷാർഹമാണെന്നോ വിശ്വസിക്കുവാൻ എനിക്കു സാധിക്കുന്നില്ല. കൊച്ചി രാജ്യത്തിന്റെ സൽപ്പേരിനോ രാജ്യവാസികളുടെ അഭിമാനത്തിനോ രാജത്തിലെ നിയമത്തിനോ എതിരായി ത്രിവിധ കാരണങ്ങളെക്കൊണ്ടും ഞാൻ യാതൊന്നും ചെയ്തിട്ടില്ലെന്നും തെറ്റു പറ്റാത്ത വിധിയാളനായ കാലം സത്യം വെളിച്ചത്താക്കുമെന്നും എനിക്കു പരിപൂർണ്ണ ബോദ്ധ്യമുണ്ട്.

"എന്റെ യോഗക്ഷേമങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഏവരോടും ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു. കൊച്ചി ഗവണ്മെന്റിന്റെ ഉത്തരവ് എന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയല്ല, എന്റെ തൊഴിലിനെയും ഉപജീവനമാർഗ്ഗത്തെയും തടയുകയാണ് ചെയ്തിരിക്കുന്നത്. അതിന്റെ നീതിന്യായതകളെപ്പറ്റി ഞാൻ ഇപ്പോൾ ചർച്ച ചെയ്യുന്നില്ല. 15 കൊല്ലത്തെ നിരന്തരമായ ജോലികൾക്കുശേഷം ദൈവപരിപാലന ക്രമീകരിച്ചു തന്ന ഒരു "അവകാശാവധി" യായി ഞാൻ ഇതിനെ പരിഗണിക്കുന്നു. അതിനാൽ രണ്ടു മാസത്തേക്ക് എങ്കിലും സ്വൈര്യമായി വിശ്രമിക്കുന്നതിനു ഞാൻ വിചാരിക്കുന്നു. ഈ ഘട്ടത്തിൽ എന്നെ പൊതുപ്രവർത്തനങ്ങൾക്കായി ആരും അലട്ടുകയില്ലെന്നു വിശ്വസിക്കുന്നു."

ഞാൻ പലപ്പോഴും ഓർക്കാറുണ്ട്. ആ അസോസിയേറ്റഡ് പ്രസ്സ് പ്രതിനിധി എന്തിനാണ് ഇങ്ങനെയൊരു റിപ്പോർട്ടു പത്രങ്ങൾക്ക് നൽകിയതെന്ന്. എറണാകുളത്തെ മറ്റു പത്രപ്രതിനിധികൾക്കു തോന്നാത്ത ഒരു അതിബുദ്ധിയാണല്ലോ ഇത്. കൊച്ചി ഗവണ്മെന്റിനോട് ഒട്ടിനിന്നിരുന്ന ചില പത്രപ്രതിനിധികൾ പോലും ഈ വിധം റിപ്പോർട്ടു ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു തീർച്ചയായും കൊച്ചി ഗവണ്മെന്റിനു വേണ്ടിയായിരിക്കുകയില്ലല്ലോ ഇത്. തിരുവിതാംകൂർ ഗവണ്മെന്റുമായും ആ പ്രതിനിധിക്കു പ്രത്യേക ബന്ധമൊന്നും ഉണ്ടായിരുന്നില്ലെന്നും എനിക്കറിയാം. പിന്നെ എന്തിനാണ് ഈ പിഴച്ച വഴിയേ അദ്ദേഹം നടന്നത്? അദ്ദേഹവും ഒരു തമിഴ് ബ്രാഹ്മണൻ: തിരുവിതാംകൂർ ദിവാനും ഒരു തമഴ് ബ്രാഹ്മണൻ; ആദർശവാദികൾ എന്തു തന്നെ പറഞ്ഞാലും പലർക്കും ജാതി സത്യത്തേക്കാൾ കട്ടികൂടിയതാണ്. ജാതിവിത്യാസത്തെ എതിർക്കുകയും ദേശീയത അങ്ങേയറ്റം ഭാവിക്കുകയും ചെയ്യുന്നവരിലാണ് അധികമെന്നേയുള്ളൂ.

## 5. നിരോധനത്തടങ്കൽ

പോലീസിന്റെ ശ്രദ്ധയിൽ പോടാതെ ഞാൻ ചങ്ങനാശേരിയിൽ കഴിയുകയായിരുന്നുവെന്നു പറഞ്ഞുവല്ലോ അങ്ങനെയിരിക്കെ എന്റെ ഭാര്യമാതുലന്റെ ചാർച്ചക്കാരനായ ഒരു ഹെഡ്കോൺസ്റ്റബിൾ എന്നെ കാണുവാൻ വന്നു. കോതമംഗലത്തുനിന്നും വന്ന ഞാൻ എവിടെയായിരുന്നിരിക്കണമെന്ന് അദ്ദേഹം ഊഹിച്ചിരുന്നു. ആ സ്ഥാനത്തു പോലീസിന്റെ അറിവിൽ

www.malankaralibrary.com

പെടാതെ എത്രനാൾ വേണമെങ്കിലും എനിക്കു താമസിക്കുവാൻ കഴിയുമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ശിക്ഷാർഹമായ യാതൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ലന്ന് ഉറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹം എന്റെ അഭിമാന സംരക്ഷണവിഷയത്തിൽ തല്പരനുമായിരുന്നു. ഒളിവിൽ കഴിയാതെ തന്റേടത്തോടു കൂടി ഗവണ്മെന്റിനെ അഭിമുഖീകരിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു.

ഒളിവിൽ കഴിയുക എന്ന ഒരാശയം തന്നെ എനിക്കുണ്ടായിരുന്നില്ല. എന്നാൽ ആരുമറിയാതെ ചിലരെ എനിക്കു സന്ദർശിക്കേണ്ടതുണ്ടായിരുന്നു. അക്കൂട്ടത്തിൽ ചങ്ങനാശ്ശേരി മെത്രാൻ ഡോക്ടർ ജയിംസു കാളാശേരി തിരുമേനിയും ഉൾപ്പെടുന്നു. എന്റെ പ്രവർത്തനങ്ങൾക്ക് ആ തിരുമനസ്സിലെ അറിവോ ആലോചനയോ ഉണ്ടെന്നു മറ്റാരും അറിയരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് ഒന്നു രണ്ടു ദിവസം എങ്ങും പ്രത്യക്ഷപ്പെടാതെ കഴിഞ്ഞുകൂടുവാൻ ഞാൻ ഉത്സാഹിച്ചത്. ഇപ്പോൾ ആ ലക്ഷ്യങ്ങളെല്ലാം സാധിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ, ഇനി ഗവണ്മെന്റിനെ നേരെ അഭിമുഖീകരിക്കുന്നതിന് എനിക്കു വൈമനസ്യമില്ലായിരുന്നു. ആകയാൽ പിറ്റേദിവസം ഏപ്രിൽ 12-ാം തീയതി 10 മണിക്കു ചങ്ങനാശ്ശേരി സബ്ബ് ഇൻസ്പെക്ടറെ അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു സന്ദർശിക്കുന്നതാണെന്നും ഈ വിവരം അദ്ദേഹത്തൊടൊന്നു പറഞ്ഞേക്കണമെന്നും ആ എച്ചു. സി.യെ ഞാൻ ധരിപ്പിച്ചു.

അതനുസരിച്ചു പിറ്റേദിവസം 10 മണിക്ക് സബ്ബ്ഇൻസ്പെക്ടറെ അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു ഞാൻ സന്ദർശിച്ചു. വളരെ ഉപചാരപൂർവ്വം അദ്ദേഹം എന്നെ സ്വീകരിക്കുകയും ഒരു ഗ്ലാസ് ചായതന്നു എന്നെ സൽക്കരിക്കുകയെ ചെയ്തു. തിരുവിതാംകൂർ നിരോധനത്തടങ്കൽ നിയമമനുസരിച്ചു. (The Travancore Registration and Detention Act) എന്റെ മേൽ ഗവണ്മെന്റ് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആ ഉത്തരവുമായി കോട്ടയം ഡി.എസ്.പി. ഇൻസ്പെക്ടറുടെ വസതിയിൽ രാവിലെ ഉണ്ടായിരുന്നു. അവർ കൂടിയാലോചിച്ച് അവിടെ വച്ച് എനിക്ക് അതു നൽകേണ്ട എന്നു കരുതി ഡി.എസ്.പി സ്റ്റേഷനിലേക്ക് പോയിരിക്കുകയാണെന്നും, അവിടെവച്ചു ഉത്തരവു സ്വീകരിക്കുവാനാണു ഞാനിഷ്ടപ്പെടുന്നതെന്നു പറഞ്ഞാൽ, അദ്ദേഹം അതുമായി അവിടെ വരുന്നതാണെന്നും ഇൻസ്പെക്ടർ എന്നെ അറിയിച്ചു.

ചങ്ങനാശ്ശേരി കവലയിൽ ആർട്ടിസ്റ്റ് ശ്രീ.പി.ജെ. കുഞ്ചെറിയായുടെ ഫോട്ടോ സ്റ്റുഡിയോവിൽ എന്നെ കാണാമെന്നു പറഞ്ഞു ഞാൻ അവിടെ നിന്നും പോന്നു. ഞാൻ സ്റ്റുഡിയോവിലെത്തി കുറെ കഴിഞ്ഞപ്പോൾ ഒരു കാർ സ്റ്റുഡിയോയുടെ പടിക്കലെത്തി. അതിൽ നിന്നും ഡി.എസ്.പിയും ഒരു പോലീസുകാരനും മാത്രം ഇറങ്ങി. സ്റ്റുഡിയോവിലേക്കു കയറിവന്നു. ഇതി

www.malankaralibrary.com

നകം ചങ്ങനാശ്ശേരിയിലെ ഏതാനും സുഹൃത്തുക്കൾ അവിടെ സമ്മേളിച്ചിരുന്നു. ഡി.എസ്.പി. ടൈപ്പ് ചെയ്ത ഒരു ഉത്തരവ് എന്റെ പക്കൽ തന്നു. ഞാൻ അതു വാങ്ങി ഒന്നോടിച്ചു വായിച്ചതിനുശേഷം മടക്കി പോക്കറ്റിലിട്ടു. "അതു പോരാ, അതിന്റെ പുറത്ത് ഉത്തരവു കിട്ടിയെന്നു എഴുതി ഒപ്പിട്ടു തിരികെത്തരണം" എന്ന് ഡി.എസ്.പി. വളരെ സൗമ്യനായി പറഞ്ഞു. ' എന്താണ് പുറത്ത് എഴുതേണ്ടത് എന്നായി ഞാൻ. ഉത്തരവു കിട്ടി എന്നു മതിയെന്ന് അദ്ദേഹം.' എന്നാൽ ആ ഉത്തരവ് ആദ്യം തരു. അപ്പോൾ അതിന്റെ പുറത്ത് എഴുതി തിരികെ തരാം എന്നായി വീണ്ടും ഞാൻ.

പക്ഷേ ഉത്തരവ് എല്ലാംകൂടി ഒരു പ്രതിയെ അദ്ദേഹത്തിന്റെ പക്കൽ അപ്പോഴുള്ളൂ. അതിന്റെ പുറത്ത് എഴുതി ഒപ്പിട്ടു കൊടുക്കുകയില്ലായെന്നു ഞാൻ തീർത്തു പറഞ്ഞു. അവിടെ സന്നിഹിതരായിരുന്ന എന്റെ സുഹൃത്തുക്കൾക്ക് അക്കാര്യത്തിൽ എന്നെക്കാൾ നിർബ്ബന്ധമായിരുന്നു. ഉത്തരവിന്റെ പകർപ്പ് ഉടനെ ടൈപ്പുചെയ്യിച്ച് തരാമെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ ടൈപ്പു ചെയ്തുതരുന്നതിന്റെ പുറത്ത് ഒപ്പിട്ടുകൊടുക്കാമെന്നു ഞാൻ. കുറച്ചുസമയം ഇതികർത്തവ്യതാമൂഢനായി അദ്ദേഹം അവിടെ നിന്നു. അനന്തരം കാറിലേക്കു മടങ്ങി അല്പസമയം എന്തോ കൂടിയാലോചനകളിൽ ഏർപ്പെട്ടുനിന്നു.

അനന്തരം കാറിൽ നിന്നു സി. ഐ.ഡി. ഇൻസ്പെക്ടർ മി.ടി.എം. കുര്യൻ ബി.എ. ഇറങ്ങി വന്നു. മി. കുര്യൻ എന്റെ ഒരു സുഹൃത്തായിരുന്നു. വെരി റവ. ഫാദർ റോമയോ തോമ്മസ് അവറുകളുടെ ബന്ധു എന്ന നിലയിലും മി. കുര്യൻ എനിക്കു പരിചിതനായിരുന്നു. അദ്ദേഹം എന്നെ തനിയെ വിളിച്ച് അവരുടെ പ്രാരബ്ദങ്ങൾ കുറെ വർണ്ണിച്ചു കേൾപ്പിച്ചു മൂന്നു ദിവസത്തിനും മുൻപുള്ളതാണ് ഗവണ്മെന്റുത്തരവ്. അത് ഏല്പിക്കുവാൻ എന്നെ അന്വേഷിച്ചു പല സ്ഥലത്തും അവർ ചുറ്റിത്തിരിയുകയായിരുന്നു. ആ ബഹളത്തിൽ ഉത്തരവിന്റെ ഒരു പ്രതി കോട്ടയത്ത് ആഫീസിലായിപ്പോയി. ഉത്തരവ് അദ്ദേഹം തന്നെ നെടുങ്കുന്നത്ത് എന്റെ വസതിയിൽ കൊണ്ടുവന്നുതരും. എന്നെ കണ്ടിട്ടും അവരുടെ പിടിപ്പുകേടുകൊണ്ട് ഉത്തരവ് എനിക്കു തരുവാൻ സാധിക്കാതെ പോകുന്നത് അവർക്കൊരു ബ്ളാക്കു മാർക്കാണ്. അതുകൊണ്ട് ആ വൈതരണിയിൽ നിന്നും അവരെ ഞാൻ ഒന്നു രക്ഷിക്കണം. അദ്ദേഹത്തിന്റെ നിവേദനങ്ങളുടെ ചുരുക്കം ഏതാണ്ടിങ്ങനെയായിരുന്നു.

തിരുവിതാംകൂർ ഗവണ്മെന്റു സെക്രട്ടറി മി. ജി. എൻ. തമ്പി ഒപ്പിട്ടിരിക്കുന്ന ആ ഉത്തരവിലെ തീയതി 1946 ഏപ്രിൽ 10 ആണ്. "പൊതുജനരക്ഷക്കും ക്രമസമാധാനപരിപാലനത്തിനും ഹാനികരമായി ഏതെങ്കിലും തരത്തിൽ ഞാൻ പ്രവർത്തിക്കാതെ തടയുന്നതിന് എന്റെ ഗതിവിഗതികളിലും പ്രവർത്തനങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണന്നു മഹാരാജാവു തിരുമനസ്സിലെ ഗവണ്മെന്റിനു ബോദ്ധ്യമായി

www.malankaralibrary.com

രിക്കുന്നതിനാൽ" ഉത്തരവുകിട്ടി 24 മണിക്കൂറിനകം ഞാൻ എന്റെ വീട്ടിലേക്കു പൊയ്ക്കൊള്ളണമെന്നും, മറിച്ച് ഒരു ഉത്തരവുണ്ടാകുന്നതുവരെ നെടുങ്കുന്നത്തിന്റെ പരിധിക്കുവെളിയിൽ പോകാതെ അവിടെത്തന്നെ താമസിച്ചുകൊള്ളണമെന്നും, എല്ലാ ശനിയാഴ്ചയും രാവിലെ 10 മണിക്കു കറുകച്ചാൽ സ്റ്റേഷനിൽ ഹാജരായി റിപ്പോർട്ടു ചെയ്യണമെന്നും ഏതെങ്കിലും രാഷ്ട്രീയമോ, തൊഴിലാളി സംബന്ധമോ കമ്മ്യൂണിസ്റ്റോ ആയ സംഘടനയുമായോ, നേതാവുമായോ ബന്ധപ്പെടരുതെന്നും, പൊതുയോഗത്തിലോ പ്രകടനങ്ങളിലോ പങ്കെടുക്കരുതെന്നും, രാഷ്ട്രീയമോ തൊഴിലാളി സംബന്ധമോ കമ്മ്യൂണിസ്റ്റോ ആയ ഏതെങ്കിലും സംഘം കെട്ടിപ്പടുക്കുന്നതിനോ, നടത്തിക്കൊണ്ടു പോകുന്നതിനോ, സംബന്ധിക്കുന്നതിനോ ഉദ്യമിക്കരുതെന്നും ആയിരുന്നു ഉത്തരവിന്റെ ചുരുക്കം. " ഈ ഉത്തരവു ലംഘിക്കുന്നപക്ഷം 5 കൊല്ലത്തിൽ കവിയാത്ത കാലത്തെ തടവുശിക്ഷക്കോ, പിഴക്കോ, രണ്ടിനും കൂടെയൊ അർഹനായിത്തീരുമെന്നും, ലംഘനം സത്വര പ്രോസിക്യൂഷനു ഇടയാക്കുമെന്നും' കൂടി ആ ഉത്തരവിൽ അനുശാസിച്ചിട്ടുണ്ട്.

ഈ ഉത്തരവു കൈയിൽ കിട്ടിയപ്പോൾ അതിനൊരു മറുപടി നൽകാതെ സ്ഥലംവിടുന്നതു ഭംഗിയല്ലെന്ന് എനിക്കുതോന്നി. അതനുസരിച്ച് ഹജ്ജൂർ സിക്രട്ടറിയേറ്റു രജിസ്ട്രാരുടെ മേൽവിലാസത്തിൽ 12-ാം തീയതി തന്നെ സുദീർഘമായ ഒരു മറുപടി അയച്ചു. ഗവണ്മെന്റിന്റെ ഉത്തരവു പ്രതിഷേധപൂർവം സ്വീകരിക്കുകയാണെന്നു പ്രസ്താവിച്ചശേഷം ആ കത്തിൽ ഞാൻ ഇങ്ങനെകൂടി പറഞ്ഞിരുന്നു. "കഴിഞ്ഞ 15 വർഷക്കാലമായി ഞാൻ തിരുവിതാംകൂറിനു വെളിയിൽ ആയിരുന്നു. അതിനാൽ സ്റ്റേറ്റിനുള്ളിൽ എന്തെങ്കിലും രാഷ്ട്രീയമോ തൊഴിലാളി സംബന്ധമോ മറ്റു വിധത്തിലുള്ളതോ ആയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. മാത്രമല്ല, പൊതുജനരക്ഷക്കോ ക്രമസമാധാനപാലനത്തിനോ ഹാനികരമായ യാതൊന്നും ഞാൻ ചെയ്തിട്ടില്ല. ഭാവിയിൽ അങ്ങനെ ചെയ്യണമെന്ന എന്തെങ്കിലും ഉദ്ദേശവും ഇല്ല. ആകയാൽ പ്രസ്തുതോത്തരവ് എന്നോടു കുടത്ത അനീതിയാണു കാണിച്ചിരിക്കുന്നത്.

"ഞാൻ ഒരു പത്ര പ്രവർത്തകനാണ്. കഴിഞ്ഞ 15 വർഷമായി അതായിരുന്നു എന്റെ തൊഴിൽ. എന്നെ നെടുങ്കുന്നത്തു തടങ്കലിൽ വയ്ക്കുന്നത് എന്റെ തെഴിലിനെ തടയുകയാണ്. മറ്റൊരു ഉപജീവനമാർഗ്ഗവും എനിക്കില്ല. എന്റെ സാധന സാമഗ്രികളെല്ലാം എറണാകുളത്താണ്. അത് എടുത്തുകൊണ്ടുവരുന്നതിന് ഈ ഉത്തരവ് എന്നെ തടയുന്നു. ഈ ചുറ്റുപാടിൽ ജീവിക്കുവാൻ വേണ്ടവക ഗവണ്മെന്റുതന്നെ തരുമെന്നു ഞാൻ കരുതുന്നു. കഴിഞ്ഞ 15 വർഷങ്ങളായി പത്രങ്ങളിലും പ്രസംഗ പീഠങ്ങളിലും കമ്മ്യൂണിസത്തോട് സമരം ചെയ്തുകൊണ്ടിരിക്കുന്ന എന്നെ, ഈ സ്റ്റേറ്റിലോ മറ്റെവിടെങ്കിലുമോ ഉള്ള കമ്മ്യൂണിസ്റ്റു പ്രവർത്തനവുമായോ സംഘടനയുമായോ

www.malankaralibrary.com

ബന്ധപ്പെടുന്നതിനെ ഞാൻ അതിശക്തിയായി പ്രതിഷേധിക്കുന്നു."

ഞാൻ ഉത്തരവു കൈപ്പറ്റിയവിനാഴികമുതൽ ചങ്ങനാശേരി പോലീസ് സ്റ്റേഷനിലെ രണ്ട് കോൺസ്റ്റബിൾമാർ, കുറെ അകലെമാറിയാണെങ്കിലും എന്നെ കാത്തു നില്പായി. ഞാൻ നെടുങ്കുന്നത്തിനു നേരെ പോകാതെ, മറ്റു വല്ല സ്ഥലത്തേക്കും കടന്നുകയളയുന്നോ എന്നു മനസ്സിലാക്കുവാനാണ് അവരെ ചുമതലപ്പെടുത്തിയിരുന്നത്. ഇതിനകം ചങ്ങനാശേരിയിലെ അനേകം സുഹൃത്തുക്കൾ എന്നെ അന്വേഷിച്ചു കവലയിൽ എത്തിയിരുന്നു. എന്നെ നെടുങ്കുന്നത്തു കൊണ്ടുചെന്ന് ആക്കുന്നതിന്, എന്റെ സ്നേഹിതൻ മി. കുഞ്ചെറിയതന്നെ ഒരു കാർ വിളിച്ചു കൊണ്ടു വന്നു. ഏതാനും പേർ എന്നെ അനുഗമിക്കുവാൻ തീരുമാനിച്ചു. ഞങ്ങൾ കാറിൽ കയറിയ ഉടനെ, ആ പോലീസുകാർ രണ്ടുപേരും അടുത്തുവന്ന് അവരെക്കൂടി കാറിൽ കൊണ്ടുപോകണമെന്ന് അഭ്യർത്ഥനയായി. അതിന് എന്റെ സുഹൃത്തുക്കൾ നൽകിയ മറുപടി, കടലാസ്സിൽ എഴുതുവാൻ പറ്റിയവയല്ല. ആ പോലീസുകാരുടെ ഗതികേടിൽ എനിക്ക് സഹതാപവും ഒപ്പം ചിരിയും ഉണ്ടായി.

ഞാൻ എങ്ങോട്ടു പോകുന്നു എന്നു കൃത്യമായി കണ്ടു റിപ്പോർട്ടു ചെയ്യുവാൻ അവർ ബാദ്ധ്യസ്ഥരാണ്. അതിൽ എന്തെങ്കിലും അൽപം പിശകു പറ്റിയാൽ അവരുടെ ഉദ്യോഗം പോകും. കാറിൽ യാത്ര ചെയ്യുന്ന ഞാൻ വല്ല ഇടവഴിയിലൂടെ കടന്നു മറുനാട് എത്തുന്നോ എന്ന് അറിയണമെങ്കിൽ ആ കാറിനൊപ്പം യാത്രചെയ്യണം. ഗവണ്മെന്റിൽ നിന്നും അവർക്കു വാഹന സൗകര്യം നൽകിയിട്ടില്ല. സ്വന്തനിലയിൽ ഒരു കാർ ഏർപ്പാടു ചെയ്യുവാൻ അൽപ ശമ്പളക്കാരായ അന്നത്തെ പോലീസുകാർക്ക് സാദ്ധ്യമല്ല. കാർ ഏർപ്പാടു ചെയ്തിരിക്കുന്നത് ഞാനല്ലെന്നും, അതിനാൽ അവരുടെ കാര്യത്തിൽ ഞാൻ തീർത്തും നിസ്സഹായനാണെന്നും അവരെ അറിയിച്ചു. ആ ബസ് സ്റ്റാൻഡിൽ, അപ്പോൾ മണിമലക്കുള്ള ഒരു ബസ്സ് പുറപ്പെടാൻ തയ്യാറായി കിടപ്പുണ്ടായിരുന്നു. തങ്ങളെ തോൽപിക്കുവാൻ സാദ്ധ്യമല്ലാത്തമട്ടിൽ ആ പോലീസുകാർ ബസ്സിൽ കയറി ഇരുന്നു. കാറിന്റെ പുറകെ ബസ് വിട്ടു കൊള്ളുവാൻ ഡ്രൈവർക്ക് അവർ ആജ്ഞനൽകി. ബസ്സുകളെ സംബന്ധിച്ചിടത്തോളം പോലീസുകാർക്കന്നുണ്ടായിരുന്ന നിഗ്രഹാശക്തി കുപ്രസിദ്ധമായിരുന്നു.

ഞങ്ങൾ കാർ വിട്ടു. പുറകെ ബസും. കിഴക്കോട്ടു യാത്ര തുടരുമ്പോൾ, റോഡിന്റെ ഇടതുവശത്തു ചേർന്ന് ഒരു സന്യാസി വൈദികൻ സാവധാനം നടന്നു വരുന്നത് ദൂരെവച്ചേ ഞങ്ങൾ കണ്ടു. സെന്റു ബർക്കുമാൻസ് കോളേജ് പ്രിൻസിപ്പാൾ വെരി. റവ. ഫാ. വില്യം സി. ഡി., എം.എ.എൽ.റ്റി. എന്റെ ഒരു അഭ്യുദയ കാംക്ഷിയും സുഹൃത്തുമായിരുന്ന ആ വന്ദ്യ വൈദികനെ ചങ്ങനാശേരിയിലെത്തിയ ഉടനെത്തന്നെ ഞാൻ കാണാൻ തിരക്കിയതാണ്. ഇപ്പോഴത്തെ ഈ കാഴ്ച കേവലം യാദൃശ്ചികമായിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ

www.malankaralibrary.com

സമീപത്തു കാർനിർത്തി ഇറങ്ങി. സ്വൽപം മുന്നോട്ടുമാറി ബസ്സും നിർത്തി. കാർ പുറപ്പെടാതെ ബസ്സും വിടുകയില്ലായെന്നുള്ള ഒരു മട്ടിലാണ് ആ കിടപ്പ് എന്നാൽ അത് ഇത്രത്തോളം എന്ന് പരീക്ഷിക്കണമെന്നായി എന്റെ കൂട്ടുകാർ. ബസ്സ് വിട്ടുപോകാതെ കാർ വിടേണ്ടന്നെ അവർ തീർച്ചയാക്കി. ഞങ്ങൾ ഫാ. വില്യവുമായി സംഭാഷണത്തിലേർപ്പെട്ടു.

ബസ്സിലെ യാത്രക്കാരുടെ തിരക്കും ബഹളവും വർദ്ധിച്ചപ്പോൾ, പോലീസുകാരുടെ തടസ്സങ്ങൾ വകവയ്ക്കാതെ, ഡ്രൈവർ ബസ്സ് വിട്ടുപോയി. അതോടെ സാധുക്കൾ ആ പോലീസുകാരും ബസ്സിൽ തന്നെ യാത്ര തുടർന്നു. ബസ്സു വിട്ട് അരമണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങളും യാത്ര തിരിച്ചു. പിന്നീട് ആ പോലീസുകാരായി ഞങ്ങളുടെ സംഭാഷണ വിഷയം. ഗവണ്മെന്റിനെയല്ലാതെ, ഗവണ്മെന്റിന്റെ ഏതു ഉത്തരവും പാലിക്കുവാൻ ബാദ്ധ്യസ്ഥരായ പോലീസുകാരെ, പഴിക്കുന്നതിലോ എതിർക്കുന്നതിലോ എന്താണർത്ഥം? പോലീസുകാരുടെ വ്യക്തിപരമായ കൊള്ളരുതായ്മകളെയല്ല ഇവിടെ പരാമർശിക്കുന്നത്. ഞങ്ങൾ കറുകച്ചാൽ പോലീസുസ്റ്റേഷന്റെ പടിക്കൽ എത്തിയപ്പോൾ ആ പോലീസുകാർ അവിടെ നിൽപ്പുണ്ട്! അവർ സ്റ്റേഷനിൽ ചെന്ന് റിപ്പാർട്ടുചെയ്തതോടുകൂടി അവരുടെ ഭാരം തീർന്നിരിക്കുകയാണ്.

ഇനി കറുകച്ചാൽ സ്റ്റേഷനിലെ രണ്ടു പോലീസുകാരാണ് എനിക്ക് അകമ്പടി സേവിക്കുവാനുള്ളവർ. അതിനു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന രണ്ടുപേർ ഉജാറായി റോഡിൽത്തന്നെ നിൽപ്പുണ്ട്. സ്റ്റേഷന്റെ പടിക്കലെത്തിയപ്പോൾ, കുറെ മര്യാദക്കാരാകുവാൻ തന്നെ ഞങ്ങൾ നിശ്ചയിച്ചു. നേരെ പോലീസ് സ്റ്റേഷനിലേക്കു കയറിച്ചെന്നു. ഞാൻ എന്നെത്തന്നെ അവർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും എനിക്കു കിട്ടിയ നിരോധന ഉത്തരവ് ഇൻസ്പെക്ടറെ കാണിക്കുകയും ചെയ്തു. (ഉത്തരവിന്റെ പകർപ്പുനേരത്തെ തന്നെ അവർക്കു കിട്ടിയിരുന്നു.)

സ്റ്റേഷനിൽ നിന്നും ഞങ്ങൾ നെടുങ്കുന്നത്തിനു പുറപ്പെട്ടു. ഞങ്ങളെല്ലാവരും കൂടി നെടുങ്കുന്നം പള്ളിയിൽകയറി ആരാധന നടത്തി. എന്റെ പിതാമഹന്മാരുടെ രക്തത്തിന്റെയും വിയർപ്പിന്റെയും പ്രത്യക്ഷഫലമായ ആ പള്ളിയുടെ നടയിൽ നിന്നപ്പോൾ എനിക്കു അഭിമാനം തോന്നി. 15 കൊല്ലം മുമ്പ് ഈ സ്ഥലത്തെയും ദേവാലയപരിസരത്തെയും വിട്ടുപോയ ഞാൻ ഒരു കുറ്റപ്പുള്ളിയായി ധൂർത്തു പുത്രനെപ്പോലെ ഇപ്പോൾ തിരിച്ചുവന്നിരിക്കയാണ്. പക്ഷെ ആ പിതാമഹന്മാർക്ക് അപമാനകരമായി തോന്നത്തക്കയാതൊന്നും എന്റെ പിന്നിലില്ലെന്നു അവർക്കറിയാമല്ലോ. നേരെമറിച്ച് സഭക്കും സമുദായത്തിനും വേണ്ടി സർവ്വസ്വവും ബലിയർപ്പിച്ച അവരുടെ കാലടികളെ ഞാൻ പിന്തുടരുകയാണ് ചെയ്തതെന്ന് അവർക്ക് എന്നെപ്പറ്റി അഭിമാനിക്കാം.

www.malankaralibrary.com

ദേവാലയത്തിൽ നിന്നും പുറത്തിറങ്ങിയപ്പോൾ പള്ളി വികാരി റവ. ഫാദർ ഈപ്പൻ ആലഞ്ചേരി (അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.) ഞങ്ങളെ പുഞ്ചിരിയോടുകൂടി സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ സ്വാഗതവാക്യം ഇങ്ങനെയായിരുന്നു.

"നീതിയെപ്രതി പാടുപെടുന്നവർ ഭാഗ്യവാന്മാരാകുന്നു....."

## 6. സർക്കാരുദ്യോഗം വേണോ?

അങ്ങനെ തിരുവിതാംകൂർ ഗവണ്മെന്റിന്റെ നിരോധനാജ്ഞയും വാങ്ങി ഞാൻ വീട്ടിലെത്തി, എന്റെ കാവലിന്, ഞാൻ ഒളിച്ചോടിപ്പോകുന്നുണ്ടോയെന്ന് നോക്കുന്നതിന്, കറുകച്ചാൽ പോലീസ് സ്റ്റേഷനിലെ രണ്ടു കോൺസ്റ്റബിൾമാർ പ്രത്യേകം നിയുക്തരായി. ഞാൻ നിശ്ചിതപരിധിവിട്ട് പുറത്തേക്ക് കടക്കുന്നുണ്ടോ, എന്തെങ്കിലും പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോ, പുറമേനിന്ന് ആരെങ്കിലും വന്ന് എന്നെ കാണുന്നുണ്ടോ, മുതലായ കാര്യങ്ങൾ അന്വേഷിച്ച് അതാത് സമയം റിപ്പോർട്ടു ചെയ്യുക അവരുടെ ചുമതലയായിരുന്നു. രാത്രിയും പകലും ഒന്നുപോലെ കണ്ണിലെണ്ണയുമൊഴിച്ച് കാത്തിരിക്കേണ്ട ഒരു ഗതികേടായിരുന്നു അവരുടേത്. എന്നെ ആര്, എപ്പോഴൊക്കെ, വന്നുകാണും എന്നു നിശ്ചയിക്കാവതല്ലല്ലോ. പോലീസ് അശ്രദ്ധരായിരിക്കുമ്പോൾ, സി.ഐ.ഡി.മാർ അതു കണ്ടുപിടിച്ചു റിപ്പോർട്ടു ചെയ്താലൊ?

"അതിഭൂജവിക്രമധികൃതശക്രപരാക്രമനായ" സർ. സി.പി. രാമസ്വാമി അയ്യരുടെ നിരോധനാജ്ഞയ്ക്കു വിധേയനായിരിക്കുന്ന ഞാൻ ഒരു ചില്ലറ പുള്ളിയല്ലെന്നു സാധുക്കളായ ആ പോലീസുകാർ കരുതിയിരിക്കണം. അതോ സി.ഐ.ഡി ഇൻസ്പെക്ടർ മി. കുര്യൻ എന്നെ തിരക്കി വീട്ടിൽ വന്നിരുന്നതാണ് കാരണം? ഏതായാലും ആ പോലീസുകാർ അല്പം ആദരപൂർവ്വമാണ് എന്നോടു വർത്തിച്ചത്. തന്മൂലം ഞങ്ങൾ തമ്മിൽ ഒരു ചെറിയ ഒത്തുതീർപ്പിൽ എത്തി, ഞാൻ എപ്പോഴെങ്കിലും നിശ്ചിത പരിധിവിട്ട് പോകുകയോ, എന്തെങ്കിലും പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെടുകയൊ, ചെയ്യുന്നപക്ഷം വിവരം അവരെ അറിയിച്ചുകൊള്ളാമെന്നായിരുന്നു ആ ഒത്തുതീർപ്പ്. സമരം എനിക്കിഷ്ടമാണ്; പക്ഷെ ശത്രുവിനെ പിന്നിൽനിന്ന് കത്തുന്ന നീചമായ സമ്പ്രദായം ഞാൻ ഒരിക്കലും അനുകൂലിച്ചിട്ടില്ല. നിരോധനാജ്ഞലംഘിക്കണമെന്നു തോന്നിയാൽ, നേരെ നോട്ടീസുകൊടുത്ത് അങ്ങനെ ചെയ്യുവാനേ ഞാൻ ആഗ്രഹിച്ചുള്ളു. ഏതായാലും ആ പോലീസുകാർ എന്നെ പൂർണ്ണമായി വിശ്വസിച്ചു. അതിൽ പിന്നെ എന്റെ ഭവന പരിസരങ്ങളിൽ ഞാൻ ആവശ്യപ്പെടാതെ അവർ വരികയൊ, എന്തെങ്കിലും തരത്തിൽ എന്നെയോ കുടുംബാംഗങ്ങളെയോ അലട്ടുകയോ ചെയ്തിട്ടില്ല.

ഞാൻ സ്വന്തം ജന്മഗൃഹത്തിലാണ് തടങ്കലിലാക്കപ്പെട്ടിരിക്കുന്നത്.

www.malankaralibrary.com

സാധാരാണ ഗതിയിൽ അതൊരു അനുഗ്രഹമായി കണക്കാക്കാനേയുള്ളു. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം സ്ഥിതി അതായിരുന്നില്ല. എന്റെ വാത്സല്യപിതാവിന്റെ അകാല ചരമം കഴിഞ്ഞ് അധികം കഴിയുന്നതിനു മുൻപ് ഞാൻ എറണാകുളത്തിന് പുറപ്പെട്ടതാണ്. എനിക്ക് ഏറ്റവും പ്രിയപ്പെട്ട പത്രപ്രവർത്തനത്തിനും സമുദായസേവനത്തിനുമായി ഞാൻ എന്നെത്തന്നെ മുഴുവനായി സമർപ്പിക്കുകയായിരുന്നു. പിതൃസ്വത്തായി ലഭിച്ച അല്പം വസ്തുവകകളുടെ മേലന്വേഷണം പിതൃസഹോദരി പുത്രനെ ഏല്പിച്ചു കൊണ്ട് പുറപ്പെട്ട ഞാൻ 15 വർഷത്തിനു ശേഷം തിരിച്ചുവരികയാണ്. ഇതിനിടയിൽ വല്ലപ്പോഴും എന്റെ മാതാവിനെ കാണുവാൻ വീട്ടിൽവന്നിട്ടുള്ളതല്ലാതെ ആ പുരയിടത്തിൽ യാതൊരു പണിയും നടത്തിയിരുന്നില്ല. അത് അബദ്ധമായ ഒരു നടപടിയാണെന്ന് എന്നെ ഉപദേശിച്ചവരെയൊക്കെ അന്ന് ഞാൻ വാദിച്ചു തോല്പിച്ചിട്ടുണ്ട്. സമ്പന്നമായ ഒരു അതിരൂപതവക സ്ഥാപനങ്ങളെയാണ് ഒരു ദിവസം പോലും അവധിയെടുക്കാതെ ഞാൻ സേവിക്കുന്നത്. അൾത്താരയിൽ ജോലി ചെയ്യുന്നവൻ അൾത്താരകൊണ്ടു ജീവിക്കണമെന്നാണ് പറയുന്നത്. ന്യായമായ ഒരു പ്രതിഫലം കിട്ടിയാൽ തന്നെ എന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ അത് ധാരാളം മതിയാകും എന്നൊക്കെയായിരുന്നു അന്നത്തെ എന്റെ ന്യായവാദങ്ങൾ.

പക്ഷെ, ഇപ്പോൾ ഞാൻ യഥാർത്ഥ്യത്തെ അഭിമുഖീകരിക്കുകയാണ്. പിതൃദത്തമായ പുരയിടം കാടുകയറി കിടക്കുന്നു. അതിൽ നിന്നു കിട്ടുന്ന പരിമിതമായ ആദായം കൊണ്ട് ഇതര കുടുംബാംഗങ്ങളുടെ നിത്യച്ചെലവു പോലും തികയുകയില്ല. കുടുംബത്തിലെ ഏക പുരുഷൻ എന്ന നിലയിൽ അവരെ സംരക്ഷിക്കേണ്ട ചുമതല എന്റേതാണ്. അതിനു പുറമെ എന്റെ ജീവിതാവശ്യങ്ങൾക്കുള്ള വകയും വേണം. എറണാകുളത്തു നിന്നു പുറപ്പെടുമ്പോൾ ആകെകൂടി 104രൂപ എന്റെ കൈവശമുണ്ടായിരുന്നു. കർശനമായ റേഷനിംഗ് സമ്പ്രദായം നിലവിലിരിക്കുന്ന കാലമാണ്. അരി, പഞ്ചസാര, മണ്ണെണ്ണ, തുണി ഇവയെല്ലാം റേഷൻ കടകളിൽ നിന്നു കിട്ടണം; പക്ഷെ അതിനു റേഷൻ കാർഡ് വേണം. അതുവരെ എറണാകുളത്തായിരുന്ന എനിക്കു റേഷൻ കാർഡേ ഇല്ല. കാർഡില്ലാത്തവർക്കുള്ള ആശ്രയം കരിഞ്ചന്തയാണ്. റേഷൻകാർഡ് ഉണ്ടെങ്കിൽ തന്നെ ദിവസങ്ങൾ തള്ളി നീക്കുവാൻ നിർവ്വാഹമില്ലാത്ത ഞാൻ, അതു ഇല്ലാത്ത സ്ഥിതിയിൽ എങ്ങനെ കഴിഞ്ഞുകൂടുവാനാണ്!

വീട്ടിലെത്തിയ ഉടനെ ഒരു റേഷൻകാർഡിന് അപേക്ഷിക്കുവാൻ എന്റെ സുഹൃത്തുക്കൾ എന്നെ ഉപദേശിച്ചു. അതനുസരിച്ചു ചങ്ങനാശ്ശേരി തഹസിൽദാർക്ക് ഒരപേക്ഷ അയച്ചു. ഗവൺമെന്റിന്റെ നിരോധനാജ്ഞപ്രകാരം ഞാൻ നെടുങ്കുന്നത്തു വന്നു താമസിക്കുകയാണെന്നും, കഴിഞ്ഞ 15 വർഷങ്ങളായി എറണാകുളത്തുള്ള സ്ഥിരതാമസമായിരുന്ന എനിക്കു യാത്രാമദ്ധ്യേ

www.malankaralibrary.com

ചങ്ങനാശ്ശേരിയിൽ വച്ചാണ് ഉത്തരവു ലഭിച്ചതെന്നും എനിക്കു റേഷൻ കാർഡേ ഇല്ലെന്നും, അതിനാൽ ചങ്ങനാശ്ശേരിയിൽ നിന്നും 50 പറ നെല്ലു കൊണ്ടുവരുന്നതിനുള്ള ഒരു റേഷൻ കാർഡും അനുവദിച്ചു തരണമെന്നുമായിരുന്നു അപേക്ഷയുടെ ചുരുക്കം. 1946 ഏപ്രിൽ 1 നു-യിലെ ഈ അപേക്ഷയ്ക്കുള്ള മറുപടിയ്ക്ക് നിരോധനം കഴിഞ്ഞു ഞാൻ എറണാകുളത്തേക്കു തിരിച്ചുപോയ ദിവസം വരെ കാത്തിരുന്നു. മറ്റു പലതിലുമെന്നപോലെ അതിലും ഞാൻ നിരാശനായി. നേരിട്ടുചെന്ന് അദ്ദേഹത്തെ കണ്ട് ആവശ്യമായ കൈമടക്കു കൊടുത്തിരുന്നുവെങ്കിൽ വേണ്ട പെർമിറ്റും കാർഡും നിഷ്പ്രയാസം ലഭിക്കുമായിരുന്നു. അതിനാൽ ആ റേഷനിങ്ങിന്റെ കാലത്ത്, റേഷൻ കൂടാതെ തന്നെ, ജീവിക്കുന്നതിനുള്ള ഭാഗ്യമോ നിർഭാഗ്യമോ എനിക്കുണ്ടായി.

നിരോധനാജ്ഞ കൈയിൽ കിട്ടിയ ഉടനെ ഞാൻ പത്രങ്ങൾക്കും ഒരു ചെറിയ പ്രസ്താവന നൽകി. എന്റെ നിരപരാധിത്വത്തെ ആവർത്തിച്ചു പറഞ്ഞുകൊണ്ട്, നിരോധനാജ്ഞ എങ്ങനെ സാമ്പത്തികമായി ബാധിച്ചിരിക്കുന്നുവെന്നു ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. അറിയാവുന്ന തൊഴിൽ ചെയ്യുവാൻ അനുവദിക്കപ്പെടാത്ത പരിതസ്ഥിതി, ജീവിക്കുവാൻ മറ്റു മാർഗമില്ലാത്ത എനിക്ക്, ദുർവ്വഹമാണെന്നും, അതിനാൽ എന്റെ ഉപജീവനത്തിനു വേണ്ട തുക നൽകുവാൻ ഗവൺമെന്റു ബാദ്ധ്യസ്ഥമാണെന്നും ആ പ്രസ്താവനയിൽ ഞാൻ വിശദമാക്കിയിരുന്നു. ഞാൻ നിരോധനാജ്ഞ ലംഘിക്കുന്ന പക്ഷം ഗവൺമെന്റ് എന്നേ പ്രോസിക്യൂട്ടു ചെയ്തു ശിക്ഷിക്കുന്നതും, ഒരു രാഷ്ട്രീയത്തടവുകാരനെന്ന നിലയിൽ ജീവിക്കുന്നതിനു വേണ്ടതു ജയിലിൽ ഗവൺമെന്റ് എനിക്കു നൽകുന്നതുമാണല്ലോ. ഞാൻ നിയമം ലംഘിക്കാത്തത് എന്റെ പേരിൽ ഒരു അപരാധമാകുമോ? ഞാൻ ഈ പ്രസ്താവന പുറപ്പെടുവിച്ചതു സോദ്ദേശ്യമായിരുന്നു, നിരോധനത്തടങ്കൽ നിയമമനുസരിച്ചു ഗവൺമെന്റിന് ഒരാളെ തടങ്കലിൽ വയ്ക്കാൻ അധികാരമുണ്ട്. പക്ഷെ, ഈ നിരോധനക്കാലത്ത് അയാൾ എങ്ങനെ ജീവിക്കുന്നു എന്നു നോക്കുവാൻ ഗവൺമെന്റിനു ചുമതലയില്ലേ? പരീക്ഷണാർത്ഥം ഒരു കേസു കൊടുക്കേണ്ടതാണെന്നു ചില സ്നേഹിതന്മാർ എന്നെ ഉപദേശിക്കാതിരുന്നില്ല. പക്ഷെ, 'അന്നന്നയപ്പ'ത്തിനു വേണ്ട വകപോലും കൈയ്യിലാത്ത ഞാൻ എങ്ങനെ കേസു നടത്താനാണ്.?

അങ്ങനെയിരിക്കെ അന്നു തിരുവിതാംകൂറിൽ പോലീസ് ഐ.ജി യായിരുന്ന ശ്രീ.എസ്. പാർത്ഥസാരഥി അയ്യങ്കാരുടെ ഒരു കത്ത് എനിക്കുകിട്ടി. ഏപ്രിൽ 14-ാം തീയതിയിലെ (No.60/ SB General 46-11)ആ കത്തിന്റെ പരിഭാഷ ഞാൻ ഇവിടെ ചേർക്കുകയാണ്.

പ്രിയ. മി. ജോസഫ്

"കൊച്ചി തിരുവിതാംകൂർ ഗവൺമെന്റുകളുടെ നിരോധനാജ്ഞകൾ, ഉപജീവനം നയിക്കുവാനുള്ള നിങ്ങളുടെ കഴിവിനെ തടസ്സപ്പെടുത്തിയിരി

www.malankaralibrary.com

ക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. നിങ്ങളെ ഇങ്ങനെ നിരോധിച്ചിരിക്കുന്നതിൽ ഗവൺമെന്റിനുള്ള ലക്ഷ്യത്തിനു ബാധകമാകാത്തതരത്തിൽ, നിങ്ങൾക്കു തൊഴിൽ തുടർന്നു നടത്താൻ സ്വാതന്ത്ര്യമുണ്ടാകുന്ന ഏതെങ്കിലും മാർഗ്ഗത്തെപ്പറ്റി, രഹസ്യമായി എന്നെ അറിയിക്കുമെങ്കിൽ ഞാൻ കൃതജ്ഞനായിരിക്കും."

തിരുവിതാംകൂർ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ അപ്രതീക്ഷിതമായ ഈ സൗഹാർദ്ദപ്രകടനത്തിന്റെ ലക്ഷ്യമെന്തെന്ന് അറിയാതെ ഞാൻ വളരെ കുഴങ്ങി. "ഇണങ്ങിയാൽ നക്കിക്കൊല്ലും, പിണങ്ങിയാൽ കുത്തിക്കൊല്ലും" എന്നൊരു ചൊല്ലുണ്ടല്ലോ. ആ രണ്ടിൽ ഇത് ഏതിൽ പെടും എന്നായിരുന്നു എന്റെ ചിന്ത. എനിക്ക് വിശ്വാസപൂർവ്വം ആലോചിക്കാവുന്ന സുഹൃത്തുക്കളാരും അടുത്തില്ല. ഏതായാലും വളരെ ആലോചിച്ചതിനു ശേഷം ഇതിനു മറുപടി അയച്ചാൽ മതി എന്നു ഞാൻ നിശ്ചയിച്ചു. എന്റെ മറുപടി കാണായ്കയാൽ ഏപ്രിൽ 24-ാം തീയതി ഐ.ജി. വീണ്ടും തന്റെ ആദ്യകത്തിനെ അനുസ്മരിപ്പിച്ചു കൊണ്ട്, എനിക്കെഴുതി, ആകയാൽ ഒരു മറുപടി അയയ്ക്കാതെ തരമില്ലെന്നുവന്നു. എല്ലാ വിവരങ്ങളും ഉള്ളടക്കി, ഫുൾസ്കാപ്പ് നാലുപുറം നിറയെ ടൈപ്പുചെയ്തിട്ടുള്ള സുദീർഘമായ ഒരു മറുപടി അദ്ദേഹത്തിന് അയച്ചു. അതിന്റെ രത്നച്ചുരുക്കം ഏതാണ്ട് ഇങ്ങനെയായിരുന്നു.

'നിരോധനാജ്ഞ കിട്ടിയ ഉടനെ ഹജ്ജൂർ സിക്രട്ടറിയേറ്റ് റജിസ്ട്രാർക്ക് ഞാൻ ഒരു കത്തയച്ചിരുന്നു. അതിനൊരു മറുപടി പോയിട്ട്, അതു കിട്ടിയെന്ന വിവരത്തിന് ഒരു കുറിപ്പുപോലും ഇതേവരെ ലഭിച്ചിട്ടില്ല. തിരുവിതാംകൂർ ഗവൺമെന്റിന്റെ നിരോധനാജ്ഞ തൊഴിൽ ചെയ്ത് ഉപജീവിക്കാനുള്ള എന്റെ കഴിവിനെ തടഞ്ഞിരിക്കുകയാണ്. കൊച്ചിയിൽ നിന്നു നാടുകടത്തപ്പെട്ടപ്പോൾ തിരുവിതാംകൂറിൽ എവിടെയെങ്കിലും ജോലി സ്വീകരിക്കാമെന്നു ഞാൻ കരുതിയിരുന്നു. പക്ഷെ അതിനു മുൻപ് തിരുവിതാംകൂർ ഗവൺമെന്റിന്റെ നിരോധനാജ്ഞ എന്നെ നിസ്സാഹായനാക്കി. എന്റെ യഥാർത്ഥ സ്ഥിതി, നിരോധനാജ്ഞ കൊണ്ടുവന്നു തന്നെ സി.ഐ.ഡി. ഇൻസ്പെക്ടരെ ഞാൻ മനസ്സിലാക്കിയിരുന്നു. നിരോധനാജ്ഞ കിട്ടിയ ഉടനെ ഗവൺമെന്റു സെക്രട്ടറിക്കും എന്റെ യഥാർത്ഥസ്ഥിതി കാണിച്ച് ഞാൻ എഴുതിയിരുന്നു. അതിന് ഒരു മറുപടി അയയ്ക്കുവാനുള്ള സന്മനസ്സ് ഇതുവരെ അദ്ദേഹത്തിനുണ്ടായിട്ടില്ല.

"ഒരു റേഷൻ കാർഡില്ലാത്തതിനാൽ അവശ്യാവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ ലഭിക്കുവാൻ പോലും മാർഗ്ഗമില്ല. തദർത്ഥം ചങ്ങനാശ്ശേരി തഹസിൽദാർക്ക് ഒരു അപേക്ഷ അയച്ചു. അങ്ങനെ ഒരു അപേക്ഷ കിട്ടിയെന്നു പോലും എന്നെ അറിയിക്കുവാനുള്ള മര്യാദ അദ്ദേഹത്തിനുണ്ടായില്ല. ഭക്ഷ്യപദാർത്ഥങ്ങൾ കൂടാതെ തന്നെ എനിക്കു ജീവൻ നിലനിർത്തുവാൻ സാധിക്കുമെന്നായിരിക്കും അദ്ദേഹത്തിന്റെ അഭിപ്രായം. കഴിഞ്ഞ രണ്ട് ആഴ്ചക

www.malankaralibrary.com

ളായി ഞാൻ എന്റെ സുഹൃത്തുക്കൾക്കും അല്ലാത്തവർക്കും ലഭിക്കുന്ന അപര്യാപ്തമായ ഭക്ഷ്യങ്ങളെ മാത്രം ആശ്രയിച്ച് അർദ്ധപട്ടിണിയിൽ കഴിയുന്നു. ഈ പരോന്നഭോജിത്വം അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എന്റെ കൈവശം പണമില്ല. നെടുങ്കുന്നത്തിന്റെ പരിധി വിട്ടുപോകുവാനോ, ആരെങ്കിലുമായി സമ്പർക്കത്തിലേർപ്പെടാനോ ഞാൻ നിരോധിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെ എനിക്കറിയാവുന്ന ജോലി ചെയ്യുന്നതിലും ആരിൽ നിന്നെങ്കിലും സഹായം തേടുന്നതിലും നിന്നു തടയപ്പെട്ടു ഞാൻ നിസ്സഹായനായി കഴിയുന്നു.

"15 കൊല്ലമായി ഞാൻ തിരുവിതാംകൂറിനു വെളിയിലായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് ഒഴികെ മറ്റു യാതൊരു സംഘടനയിലും ഞാൻ അംഗമല്ല. പൊതുജന സമാധാനത്തിനു ഹാനീകരമാകാവുന്ന യാതൊരു പ്രവർത്തനത്തിലും ഞാൻ ഏർപ്പെട്ടിട്ടില്ല. ഒരിക്കലെങ്കിലും എനിക്ക് താക്കീതുനൽകുവാൻ തിരുവിതാംകൂർ ഗവൺമെന്റിനു സന്ദർഭമുണ്ടായിട്ടില്ല. വിദ്ധ്വംസകമായ ഏതെങ്കിലും പ്രസംഗം ചെയ്യുകയോ, അത്തരം കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുമായി സഹകരിക്കുകയോ ഉണ്ടായിട്ടില്ല. എന്റെ പേരിൽ ഉള്ളകുറ്റമെന്താണ് എന്നെ അറിയിച്ചിട്ടില്ല. ആ കുറ്റം എന്തെന്ന് അറിയാനുള്ള അവകാശം എനിക്കില്ലേ? അത് അറിയിക്കാനുള്ള ചുമതല ഗവൺമെന്റിനില്ലേ? എന്നെ നിരോധിച്ചിരിക്കുന്നതിൽ ഗവൺമെന്റിനുള്ള ലക്ഷ്യത്തിനു ബാധകമാകാത്തതരത്തിൽ തൊഴിൽ തുടർന്നു നടത്താവുന്ന ഒരു മാർഗ്ഗം നിർദ്ദേശിക്കുവാൻ നിങ്ങൾ ആവശ്യപ്പെടുന്നു. ഗവൺമെന്റിന്റെ ലക്ഷ്യം എന്തായിരുന്നെന്നു ഞാനെങ്ങനെ അറിയുന്നു? രാഷ്ട്രീയമോ തൊഴിലാളിസംബന്ധമോ കമ്യൂണിസ്റ്റോ ആയ സംഘടനകളുമായി സഹകരിക്കാതിരിക്കാനാണത്രെ എന്നെ തടങ്കലിൽ വച്ചിരിക്കുന്നത്! ഇതിനു മുൻപ് ഒരിക്കലെങ്കിലും തിരുവിതാംകൂറിൽ അത്തരം സംഘടനകളുമായി ഞാൻ സഹകരിച്ചിട്ടില്ലല്ലോ.

"തിരുവിതാംകൂറിൽ ഒരു പത്രലേഖകനായി എനിക്കു കഴിയാമായിരുന്നു. പക്ഷെ ഈ നെടുങ്കുന്നത്ത് അതിനുള്ള യാതൊരു സൗകര്യങ്ങളുമില്ല. എന്റെ സകല സാധനങ്ങളും എറണാകുളത്താണ്. വായിക്കുവാൻ ഒരു പുസ്തകം പോലും ഇവിടെ കിട്ടുകയില്ല. വേറെ എതെങ്കിലും പട്ടണത്തിൽ, ഉദാഹരണമായി കോട്ടയത്ത്, ആയിരുന്നെങ്കിൽ ഒരു ജോലിതിരക്കി കണ്ടുപിടിക്കുന്നതിനു സാധിക്കുമായിരുന്നു. ഈ ദൃശമായ ഒരു കത്ത് എനിയ്ക്കയക്കുവാൻ നിങ്ങൾക്കു തോന്നിയ ദയക്ക് ഞാൻ നന്ദി പറയുന്നു. ഒരു ജോലി കണ്ടുപിടിക്കുവാൻ നിങ്ങൾ എന്നെ അനുവദിക്കുമെങ്കിൽ ഞാൻ കൃതൃജ്ഞനായിരിക്കും. അതുവരേക്കും താഴെപ്പറയുന്ന സംഗതികൾ സാധിച്ചു കിട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു. 1) ജീവിക്കുവാൻ ആവശ്യമായ പണം. 2) കുറച്ചു നെല്ലുകൊണ്ടുവരുന്നതിനുള്ള പെർമിറ്റോ, ഭക്ഷ്യപദാർത്ഥങ്ങൾ വാങ്ങുന്നതിനുള്ള റേഷൻകാർഡോ,3) ഞാൻ ഒരു റൌഡിയോ ക്രിമി

www.malankaralibrary.com

നൽ പുള്ളിയൊ അല്ലാത്തതിനാൽ, ശനിയാഴ്ച തോറും സ്റ്റേഷനിൽ ഹാജരാക്കണമെന്നുള്ള ഉത്തരവിൽനിന്നു മോചനം."

ഗവൺമെണ്ടിന്റെ ഏതു ഉത്തരവും ചോദ്യം ചെയ്യാതെ നടപ്പിൽവരുത്തുവാൻ ബാദ്ധ്യസ്ഥനാണ് പോലീസുവകുപ്പദ്ധ്യക്ഷൻ. ആകയാൽ ഗവൺമെന്റിനെ കുറ്റപ്പെടുത്തി ഐ.ജി.ക്ക് എഴുതുന്നത് നിഷ്പ്രയോജനമെന്നു മാത്രമല്ല സാഹസവുമാണ്. പക്ഷെ നിരോധനത്തടങ്കൽ നിയമമനുസരിച്ച് ഗവൺമെണ്ട് നടപടി എടുക്കുന്നത് പോലീസിന്റെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണല്ലൊ. ഗവൺമെന്റിന്റെ പ്രവർത്തി തെറ്റാണെങ്കിൽ, ആ തെറ്റിലേക്കു ഗവൺമെന്റിനെ ഉന്തിവിട്ടത് പോലീസുവകുപ്പാണ്. അതിനാൽ ഗവൺമെന്റിന്റെ തെറ്റ് പോലീസിന്റെ തെറ്റുതന്നെയാണ്. അതു മനസ്സിൽ വച്ചു കൊണ്ടാണ് ഐ.ജി ക്കുള്ള മറുപടികത്തിൽ, ഗവൺമെന്റിനെ കുറേ ശകാരിക്കുവാൻ ഞാൻ തീരുമാനിച്ചത്. എന്റെ ഒളിയമ്പു മനസ്സിലാക്കുവാൻ തക്ക പ്രഗത്ഭനായിരുന്നു ശ്രീ. പാർത്ഥസാരഥി അയ്യങ്കാർ. ഒരിക്കൽ മാത്രമേ ഞങ്ങൾ തമ്മിൽ നേരിട്ടു കണ്ടിട്ടുള്ളു. എന്റെ മറുപടിയോടു കൂടി ഈ കത്തിടപാട് അവസാനിച്ചു കൊള്ളുമെന്നു ഞാൻ കരുതി. പക്ഷെ മി. അയ്യങ്കാരുടെ ചിന്താഗതി മറ്റൊരു വിധത്തിലായിരുന്നു. 1946 മേയ് 9-ാം തീയതി അദ്ദേഹം വീണ്ടും എനിക്ക് ഇങ്ങനെയെഴുതി.

പ്രിയ മി. ജോസഫ്,

24-4-1946-ലെ നിങ്ങളുടെ കത്തിനു നന്ദി, ഗവൺമെന്റു പാസ്സാക്കിയിരിക്കുന്ന ഉത്തരവുകളുടെ ലക്ഷ്യങ്ങളെപ്പറ്റി ചർച്ച നടത്തുകയോ നീതീകരിക്കുകയോ, ഒന്നും എന്റെ അധികാരത്തിൽപെട്ട കാര്യങ്ങളല്ലല്ലോ. എന്റെ 15-4-1946-ലെ കത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ, ഈ ഉത്തരവുകൾക്കു കാരണമാക്കിയ അതേ കാര്യങ്ങളിലേക്ക് നിങ്ങളെ ആനയിക്കാത്ത ഉചിതമായ ജോലി സ്വീകരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തന സ്വാതന്ത്ര്യം നിങ്ങൾക്ക് അനുവദിക്കുവാൻ ഞാൻ ഏർപ്പാടുചെയ്യാം. ചങ്ങനാശ്ശേരിയോ, കോട്ടയമോ, പത്രപ്രവർത്തനമോ ഒന്നും അത്തരം കാര്യങ്ങളല്ല. മറ്റെന്തെങ്കിലും നിങ്ങൾ സദയം നിർദ്ദേശിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ സഹായിക്കാം. റേഷൻകാര്യത്തെ സംബന്ധിച്ചാണെങ്കിൽ, കോട്ടയം ദിവാൻ പേഷ്ക്കാർക്ക് എഴുതിനോക്കുക.

മലയാളത്തിലെ ചില മിസ്റ്റിക് കവികളെപ്പോലെ ദുർഗ്രഹമാണല്ലൊ ഈ കത്തിന്റെ ഉള്ളടക്കം. ഐ.ജി. ഉദ്ദേശിക്കുന്നതെന്താണെന്നു വളരെ ആലോചിച്ചിട്ടും എനിക്കു വ്യക്തമായില്ല. എനിക്കറിയാവുന്ന തൊഴിൽ പത്രപ്രവർത്തനം മാത്രമണെന്നു ഞാൻ എഴുതി. അത് അനുവദിക്കുകയില്ല. മറ്റേതെങ്കിലും മാർഗ്ഗം നിർദ്ദേശിച്ചാൽ അനുവദിക്കാമെന്നാണ് അദ്ദേഹം പറയുന്നത്. അറിയാൻ പാടില്ലാത്ത ഏതെങ്കിലും ജോലി ചെയ്യൂ എന്നു പറയത്തക്ക ധിക്കാരി ആയിരുന്നില്ല അദ്ദേഹം. എന്നെ സഹായിക്കാമെന്നു തുടരെ തുടരെ എഴുതുന്ന അദ്ദേഹം

www.malankaralibrary.com

എങ്ങനെ സഹായിക്കാമെന്നാണുദ്ദേശിക്കുന്നത്? ഏതോ ഒരു കെണിയിൽ എന്നെ വീഴിക്കുവാൻ അദ്ദേഹം കളമൊരുക്കുകയാണെന്ന് എനിക്ക് തോന്നി. ആകയാൽ ഇതിനു മറുപടി അയയ്ക്കരുതെന്നും, ഇനി ഐ.ജി.യുമായി യാതൊരു കത്തിടപാടും നടത്തരുതെന്നും ഞാൻ നിശ്ചയിച്ചു.

പത്തുദിവസം കഴിഞ്ഞപ്പോൾ, മേയ് 19-ാം തീയതി, എന്റെ സ്നേഹിതൻ, സി.ഐ.ഡി. ഇൻസ്പെക്ടർ, മി.ടി.എം. കുര്യൻ എന്നെ കാണുവാൻ വന്നു. ഔദ്യോഗിക മുറയ്ക്കുള്ള ഒരു സന്ദർശനത്തിന്റെ മറവിൽ, എന്റെ യോഗക്ഷേമങ്ങളൊക്കെ തിരക്കിക്കൊണ്ട് സൂത്രത്തിൽ അദ്ദേഹം ഐ.ജി.യുടെ കത്തിലേക്കു കടന്നു. ശ്രീ. പാർത്ഥസാരഥി അയ്യങ്കാരുടെ വക്താവും പ്രതിനിധിയുമായിട്ടാണ് താൻ വന്നിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എനിക്കു ഗുണം വരുന്ന ഒരു കാര്യത്തിനു വേണ്ടി ക്ലേശക്കുവാൻ ഒരു സ്നേഹിതനായ അദ്ദേഹത്തിന് സന്തോഷമല്ലേ കാണുകയുള്ളൂ. നിരോധനം മൂലം എനിക്ക് നേരിട്ടിരിക്കുന്ന സാമ്പത്തിക വൈഷമ്യങ്ങൾ താൻ ഐ.ജി യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും അദ്ദേഹത്തിന് അതിൽ വളരെ സഹതാപമുണ്ടെന്നും എന്നെ സഹായിക്കുവാൻ അദ്ദേഹത്തിന് വളരെ താൽപ്പര്യമുണ്ടെന്നും ശ്രീ.കുര്യൻ എന്നോടു പറഞ്ഞു.

ഇത് ഏതോ ആപ്പിന്റെ നേരിയ വശമാണല്ലോ എന്നു എനിക്കു തോന്നി. സർ സി.പി. രാമസ്വാമിയുടെ പോലീസ് മേധാവിക്ക് എന്നോടു തോന്നിയിരിക്കുന്ന താൽപ്പര്യം !! ശ്രീ. കുര്യൻ തുടർന്നു പറഞ്ഞു: സർ സി.പി. രാമസ്വാമി അയ്യരെപ്പറ്റി നിങ്ങൾ മലബാർ മെയിലിൽ എഴുതിയിരിക്കുന്ന ലേഖനങ്ങൾ കുറച്ചു കടന്നു പോയി. അത് സി.പി. യെ വളരെയധികം ക്ഷോഭിപ്പിച്ചിരിക്കുകയാണ്; വിദ്യാഭ്യാസ നിയമവുമായി അവയ്ക്കു വലിയ ബന്ധമൊന്നുമില്ലല്ലോ. അതങ്ങു പിൻവലിച്ചു കൂടെയോ? അതു കൊണ്ട് തോൽക്കാനൊന്നുമില്ലല്ലോ" ഞാൻ മറുപടി നൽകി. "എനിക്ക് വ്യക്തിപരമായി സർ സി.പി.യോടു യാതൊരു വിരോധവുമില്ല. എന്നാൽ ചങ്ങനാശ്ശേരി മെത്രാനു നോട്ടീസു കൊടുത്തതും ആ തിരുമേനിയെപ്പറ്റി അമ്പലപ്പുഴ, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ആക്ഷേപിച്ച് പ്രസംഗിച്ചതും മറ്റും എന്നെയും അല്പം ക്ഷോഭിപ്പിച്ചു കളഞ്ഞു. ആ പ്രസംഗങ്ങളെയും ചില ഗവൺമെന്റ് ഉത്തരവുകളെയുമാണ് ഞാൻ വിമർശിച്ചത്. മനുഷ്യരെന്ന നിലയിൽ ഞങ്ങളുടെ രണ്ടുപേരുടെയും ക്ഷോഭങ്ങൾ തമ്മിൽ വലിയ വ്യത്യാസമില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പിൻവലിക്കാത്ത കാലത്തോളം എന്റെ മറുപടികൾ പിൻവലിക്കുന്നതിന് അർത്ഥമില്ലല്ലോ. പിന്നെ ദിവാൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ക്ഷോഭത്തെപ്പറ്റിയാണെങ്കിൽ, ആ "അധികാരക്ഷോഭ" ത്തെ ഞാൻ അത്ര വകവയ്ക്കുന്നില്ല. എന്റെ ലേഖനങ്ങളിൽ ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തിന് അപകീർത്തികരമായി വല്ലതും ഉണ്ടെങ്കിൽ, ആ ഭാഗം ചൂണ്ടിക്കാണിച്ചാൽ, പിൻവലിക്കണമോ എന്ന് ആലോചിക്കാം."

www.malankaralibrary.com

മി. കുര്യൻ തന്റെ അവസാനായുധവും എടുത്തു പ്രയോഗിച്ചു. "മി. ജോസഫിനെപ്പറ്റി ഐ.ജി.ക്ക് വലിയ മതിപ്പാണ്. സർ. സി.പി. യെ സമീപിച്ചാൽ അദ്ദേഹം എല്ലാം ക്ഷമിക്കും മി.ജോസഫ് ഈ പ്രക്ഷോഭണത്തിൽ നിന്നു പിന്മാറുകയും, സ്വാമിയെപ്പറ്റി എഴുതീട്ടുള്ളവ പിൻവലിക്കുകയും ചെയ്താൽ, മി.ജോസഫിനെപ്പറ്റി സർ സി.പി.യുടെ അടുക്കൽ പറയാമെന്നു ഐ.ജി.ഏറ്റിട്ടുണ്ട്. അടുത്തു തന്നെ രണ്ട് അസി. ഇൻഫർമേഷൻ ഓഫീസർമാരെക്കൂടെ നിയമിച്ച് ആ വകുപ്പു വിപുലീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിൽ ഒന്നു മി.ജോസഫിനു കിട്ടുവാൻ സാദ്ധ്യതയുണ്ട്. ഞാൻ പ്രത്യുത്തരിച്ചും "എന്റെ മി.കുര്യൻ, ഒരു സർക്കാർ ഉദ്യോഗം തെണ്ടുവാനല്ല ഞാൻ ഈ വേഷം കെട്ടയിത്. എനിക്ക് ഒരു സർക്കാരുദ്യോഗം വേണമായിരുന്നെങ്കിൽ പത്തുകൊല്ലംമുമ്പ് കൊച്ചിയിലത് നിഷ്പ്രയാസം ലഭിക്കുമായിരുന്നു. അതിനാൽ ആ വലയിൽ എന്നെ വീഴിക്കാമെന്നു നോക്കേണ്ട. ഞാൻ എഴുതിയിട്ടുള്ളവയിൽ ഒരു വരിപോലും ഞാൻ പിൻവലിക്കുകയില്ല. അതിനുവച്ച വെള്ളം ഇപ്പോഴെ വാങ്ങിക്കൊള്ളു."

ശ്രീ. പാർത്ഥസാരഥി അയ്യങ്കാരുടെ ദൗത്യം എന്നെ അറിയിച്ചുവന്നല്ലാതെ, ഇപ്പറഞ്ഞതൊക്കെ മി. കുര്യന്റെ സ്വന്ത അഭിപ്രായമായി ഞാൻ കണക്കാക്കിയില്ല. ഒരു സന്ദേശവാഹകനായി മാത്രമേ ഞാൻ അദ്ദേഹത്തെ മനസ്സിലാക്കിയുള്ളു. മി. കുര്യൻ എന്നോടു യാത്ര പറഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായ മനോഭാവമെന്തെന്ന് എനിക്കറിഞ്ഞുകൂടാ. ആ നല്ല സ്നേഹിതനെ അതിൽ പിന്നീടു നേരിട്ടു കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായില്ല. എന്റെ നിരോധനകാലാവധി കഴിഞ്ഞ് അധികമാകുന്നതിനു മുൻപ്, 1947 ഏപ്രിൽ 4-ാം തീയതി ദുഃഖവെള്ളിയാഴ്ച ദിവസം, കൊല്ലത്തിനു സമീപം വച്ചുണ്ടായ ഒരു ജീപ്പപകടത്തിൽപ്പെട്ട അദ്ദേഹം അകാലചരമം പ്രാപിച്ചു. (അദ്ദേഹത്തിന്റെ അത്മാവിനു നിത്യശാന്തി ലഭിക്കട്ടെ.) ഇവിടത്തെ പോലീസുവകുപ്പിനെന്നതുപോലെ, കത്തോലിക്കാ സമുദായത്തിനും ഒരു തീരാനഷ്ടമാണ് അദ്ദേഹത്തിന്റെ മരണം വരുത്തിവച്ചത്. കമ്യൂണിസത്തിന്റെ തത്വം മനസ്സിലാക്കി, അതിനെ ശക്തിയായി എതിർത്തു കൊണ്ടിരുന്ന പ്രായോഗികമതിയായ ഒരു കമ്യൂണിസ്റ്റ് വിരുദ്ധ പ്രവർത്തകനായിരുന്നു അദ്ദേഹം.

ഇവിടംകൊണ്ട് ഈ പ്രശ്നം അവസാനിച്ചില്ല. എന്റെ ഭാര്യ സഹോദരന്, അദ്ദേഹത്തിന്റെ സീമന്തപുത്രന്റെ ജ്ഞാനസ്നാന കർമ്മത്തിൽ ഞാനും കുടി സംബന്ധിക്കണമെന്ന് നിർബന്ധം തോന്നി. ആകയാൽ എനിക്കു ചങ്ങനാശ്ശേരി വരെ യാത്ര ചെയ്യുവാനുള്ള അനുവാദം വാങ്ങുന്നതിനായി, മേയ് 29-ാം തീയതി തിരുവനന്തപുരത്തു ചെന്ന് അദ്ദേഹം ഐ.ജി.യെ കാണുകയുണ്ടായി. ജൂൺ 1-ാം തീയതി ഉച്ചമുതൽ രണ്ടാം തീയതി ഉച്ചവരെ നെടുങ്കുന്നം വിട്ടുപോകുന്നതിനുള്ള ഒരു അനുവാദം മേയ് 29-ാം തീയതി ഗവൺമെന്റ് നൽകി, പക്ഷെ അതു നൽകുന്നതിനു മുൻപ്, എന്റെ മർക്കട

www.malankaralibrary.com

മുഷ്ടികൊണ്ടാണ് ഞാൻ ഇങ്ങനെ നിസ്സഹായനായി കഴിയേണ്ടി വന്നിരിക്കുന്നതെന്നും, സ്വാമിക്കെതിരായി ഇനി യാതൊന്നും എഴുതുകയില്ലെന്ന് ഒരു ഉറപ്പു കൊടുത്താൽ നിരോധനം നീക്കാമെന്നും, മാത്രമല്ല ഉചിതമായ ഒരു ജോലി കിട്ടുവാൻ അദ്ദേഹവും കൂടി സഹായിക്കാമെന്നും ഐ.ജി. ഗുണദോഷിക്കുകയുണ്ടായി.

ഈ ഗുണദോഷം കേൾക്കാത്തതിനു അദ്ദേഹം എന്നെ എങ്ങനെ ശിക്ഷിച്ചുവെന്നു പിന്നാലെ പറായം.

## 7. മധുരിക്കുന്ന വേദനകൾ

എനിക്കു നിരോധനാജ്ഞ ലഭിച്ചയുടനെ ഞാൻ പത്രങ്ങൾക്കു നൽകിയ ഒരു പ്രസ്താവനയിൽ എന്റെ സാമ്പത്തിക ക്ലേശങ്ങൾ എടുത്തു കാണിച്ചിരുന്നുവെന്നു പറഞ്ഞുവല്ലോ. "അറിയാവുന്ന തൊഴിൽ ചെയ്യുവാൻ അനുവദിക്കപ്പെടാത്ത പരിതസ്ഥിതി, ജീവിക്കുവാൻ മറ്റുമാർഗങ്ങളൊന്നുമില്ലാത്ത എനിക്കു ദുർവഹമാണെന്നും, അതിനാൽ എന്റെ ഉപജീവനത്തിനു വേണ്ടതു നൽകുവാൻ ഗവൺമെന്റിനു ധാർമ്മിക ചുമതലയുണ്ടെന്നും" ആ പ്രസ്താവനയിൽ ഞാൻ പറഞ്ഞിരുന്നതു വെറുമൊരു രാഷ്ട്രീയ സ്റ്റണ്ടുമാത്രമായിരുന്നില്ല. എന്നെ അറിയാവുന്ന പലർക്കും അതിന്റെ വാസ്തവീകത സുജ്ഞാതമായിരുന്നു. എന്നാൽ ആരോടെങ്കിലും നേരിട്ടു സഹായമിരക്കുവാൻ എന്റെ അഭിമാനം എന്നെ അനുവദിച്ചില്ല. ഞാൻ അഹോരാത്രം ആരേ സേവിച്ചുവോ, ആർക്കുവേണ്ടി പ്രക്ഷോഭണത്തിലേർപ്പെട്ടുവോ, അവർ എന്റെ അനുദിന ജീവിതത്തിന് ആവശ്യമായതു നൽകിക്കൊള്ളുമെന്നായിരുന്നു എന്റെ പ്രതീക്ഷ. ആ പ്രതീക്ഷ ഫലവത്തായോ എന്നൊരു ചോദ്യം ന്യായമായി ഇവിടെ ഉണ്ടാകാം.

എന്റെ പൂർവ്വോദ്ധൃതമായ പ്രസ്താവന പത്രങ്ങളിൽ വന്നു 48 മണിക്കൂറിനുള്ളിൽ കോട്ടയത്തു നിന്നും ആൾവശം കൊടുത്തയച്ച ഒരു കത്ത് എനിക്കു കിട്ടി. ഭാഗ്യസ്മരണാർഹനായ കോട്ടയം മെത്രാൻ റൈറ്റു റവ. ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടേതായിരുന്നു ആ കത്ത്. ചൂളപ്പറമ്പിൽ തിരുമേനി ആമരണം എന്റെ ഒരു അഭ്യുദയകാംക്ഷിയും, സാഹിത്യപരവും സമുദായപരവുമായ എന്റെ പ്രവർത്തനങ്ങളിൽ എന്നെ അത്യധികം പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്ന ഒരു മഹാശയനുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസ പ്രക്ഷോഭണത്തിനിടയ്ക്കു പലതവണ തിരുമേനിയെ സന്ദർശിക്കുന്നതിനും, അവിടുത്തെ സുചിന്തിതങ്ങളായ അഭിപ്രായങ്ങൾ ആരായുന്നതിനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്.

നാടുകടത്തലിനെ തുടർന്നു കോട്ടയത്തു വന്നയുടനെ ഞാൻ അരമനയിലെത്തി തിരുമേനിയെ സന്ദർശിക്കുകയും ചെയ്തിരുന്നു. നിരോധനാജ്ഞയ്ക്കു വിധേയനായ ഞാൻ നിരാശനോ പരിത്യക്തനോ ആകരുതെന്നു കരുതിയായിരിക്കാം തിരുമേനി എന്നെ അഭിനന്ദിച്ചും

www.malankaralibrary.com

പ്രോത്സാഹിപ്പിച്ചും ഇങ്ങനെയൊരു കത്തയച്ചത്. ഈ കത്തോടു കൂടി 25 ക.യും ഉള്ളടക്കം ചെയ്തിരുന്നു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ തിരുമേനിയെ അറിയിക്കണമെന്നു കൂടി ആ കത്തിൽ നിർദ്ദേശിച്ചിരുന്നു. തിരുമേനിയുടെ ഈ സന്മനോഭാവപ്രകടനം അപ്രതീക്ഷിതമായിരുന്നു; അത് എന്നെ അത്യധികം ആനന്ദിപ്പിക്കുകയും ചെയ്തു. (പോലീസ് പരിശോധന ഭയന്ന് ഇത്തരം പ്രധാനപ്പെട്ട ചില രേഖകൾ സൂക്ഷിക്കുവാൻ ഞാൻ എന്റെ ഒരു അയൽക്കാരനെ ഏല്പിച്ചിരിക്കുകയായിരുന്നു. ആ വഴിക്കു കൈമോശം വന്ന ചില രേഖകളുടെ കൂട്ടത്തിൽ ഈ കത്തും ഉൾപ്പെട്ടത് വലിയ ഒരു നഷ്ടമായി ഞാൻ കരുതുന്നു.)

എന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ട മറ്റൊരു ബഹുമാന്യ വ്യക്തി തൃശൂർ മെത്രാൻ റൈറ്റ് റവ. ഡോക്ടർ ജോർജ് ആലപ്പാട്ടു തിരുമേനിയാണ്. അവിടുന്ന് അന്നു ബംഗ്ളൂർ സെന്റു മർത്താസിൽ വിശ്രമിക്കുകയായിരുന്നു എന്നാണ് എന്റെ ഓർമ്മ. വൈദികാദ്ധ്യക്ഷപദം സ്വീകരിക്കുന്നതിനു മുൻപു തന്നെ എനിക്കു സുപരിചിതനും, എന്റെ അഭ്യുദയത്തിൽ അതീവതൽപ്പരനുമായിരുന്ന തിരുമേനിയും എന്നെ പ്രോത്സാഹിപ്പിച്ചും അഭിനന്ദിച്ചും ബാംഗ്ളൂർ നിന്ന് ഒരു കത്തയച്ചു. ആ കത്തോടുകൂടിയും 25ക. ഉള്ളടക്കം ചെയ്തിരുന്നു. തടങ്കലിലായിരുന്ന എനിക്കു തപാൽ മാർഗ്ഗം വരുന്ന ഏതു എഴുത്തും പോലീസിന്റെ കൈയിൽ പെടുന്നതിനുള്ള എല്ലാ സാദ്ധ്യതകളും അന്നുണ്ടായിരുന്നു. അതിനാലായിരിക്കാം തിരുമേനി, മലബാർ മെയിൽ ആഫീസിലെ ഒരു വന്ദ്യ വൈദികന്റെ മേൽവിലാസത്തിലാണ് ആ കത്തും പണവും അയച്ചത്. അവ എന്നെ ഏൽപ്പിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നിരോധന കാലാവധി കഴിഞ്ഞ്, ഞാൻ മലബാർ മെയിൽ ആഫീസിൽ തിരിച്ചു ചെന്നപ്പോൾ, ആ കത്ത് എന്റെ കൈവശംവന്നു ചേർന്നു. കത്തോടുകൂടി അയച്ച പണം അതിനു കാലഹരണ ദോഷമില്ലെങ്കിൽ–എനിക്കു കിട്ടുമെന്നു 30 കൊല്ലത്തിനു ശേഷം ഇന്നും ഞാൻ പ്രതീക്ഷിച്ചിരിക്കുകയാണ്.

ഈ കത്തുകളും ധനസഹായങ്ങളും ഞാൻ തീരെ പ്രതീക്ഷിക്കാത്ത കേന്ദ്രങ്ങളിൽ നിന്നുള്ളതായിരുന്നു; എന്നാൽ ഞാൻ പ്രതീക്ഷിച്ച ചില കേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെന്ന പരമാർത്ഥം ഇന്നും മറച്ചു വയ്ക്കുന്നില്ല. അതിൽ ഒന്നു തേവര കൊവേന്തയായിരുന്നു. പെരുമാന്നൂർ നടന്ന പ്രകടനങ്ങളുമായി എനിക്കു ബന്ധമൊന്നും ഇല്ലായിരുന്നെങ്കിലും, അതിന്റെ പേരിലാണ് എന്നെ നാടുകടത്തിയിരിക്കുന്നതെന്നു കൊച്ചി സർക്കാർ ഒന്നിലധികം തവണ പ്രസ്താവിച്ച സംഗതി ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. തിരുവിതാംകൂർ ഗവൺമെന്റിനും ആ സംശയം ഉണ്ടായിരുന്നു. പെരുമാന്നൂർ സംഭവത്തിൽ ഇടപെടുകയും, വിദ്യാർത്ഥികളുടെ പ്രതിഷേധ പ്രകടനത്തിനു നേതൃത്വം കൊടുക്കുകയും, കോളേജുകാർക്ക്

www.malankaralibrary.com

അനുകൂലമായ ഒരു റിപ്പോർട്ട് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യാതിരുന്നുവെങ്കിൽ, യാതൊരുത്തരും എന്റെ പേരു പെരുമാന്നൂർ സംഭവുമായി ഘടിപ്പിക്കുകയില്ലായിരുന്നു. പക്ഷെ ഞാൻ അങ്ങനെ ഇടപെട്ടില്ലായിരുന്നുവെങ്കിൽ വിദ്യാർത്ഥികൾ ശാന്തരായി കോളേജിലേക്കു പിന്തിരിയുകയോ, അന്നത്തെ സംഭവങ്ങൾ അവസാനിച്ചതു പോലെ അവസാനിക്കുകയോ ചെയ്യുമായിരുന്നില്ലെന്നതു തീർച്ച.

ആകയാൽ തേവര കൊവേന്തക്കാരിൽ നിന്നു സമാശ്വാസകരമായ ഒരു സന്ദേശമെങ്കിലും ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. അഞ്ചൽ മാർഗ്ഗം കത്തയക്കുന്നത് അപകടമായിരുന്നെങ്കിൽ ആൾവശം കൊടുത്തയക്കുവാനും അവർക്കു വിഷമമില്ലായിരുന്നു. പക്ഷെ, എന്റെ സാമ്പത്തിക ക്ലേശങ്ങളെപ്പറ്റിയുള്ള പത്ര പ്രസ്താവന അവരെയും ക്ലേശിപ്പിച്ചിരിക്കണമെന്നു ഞാൻ കരുതുന്നു. അല്ലെങ്കിൽ ഒരു കത്തെങ്കിലും അവർ അയക്കാതിരിക്കുമായിരുന്നോ? ഒരു പക്ഷെ കത്തിൽ രേഖപ്പെടുത്തക്ക വിഷയങ്ങളൊന്നും അവരുടെ ശ്രദ്ധയിൽ പെട്ടില്ലായിരിക്കാം. ഞാൻ ഗവൺമെന്റിന്റെ അപ്രീതിക്കു പാത്രമായെങ്കിൽ, അതിന് അവർ എന്തുവേണം? അഭിനന്ദിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യേണ്ട എന്തെങ്കിലുമുണ്ടോ ഇതിൽ? അഥവാ, “ഞാൻ നട്ടു, അപ്പോളോ നനച്ചു; എന്നാൽ ദൈവം വളർത്തി. ആകയാൽ വളർത്തുന്ന ദൈവമല്ലാതെ നടുന്നവനാകട്ടെ, നനയ്ക്കുന്നവനാകട്ടെ ഏതുമില്ല” എന്ന വിശുദ്ധ പൗലോസിന്റെ വാക്യം അവരെ സമാശ്വസിപ്പിച്ചിരിക്കണം. “ഓരോരുത്തനും തന്റെ അദ്ധ്വാനത്തിനു തക്കവണ്ണം കൂലി കൈക്കൊള്ളുമെന്നും” (1കോറി.III 6-8) കൂടി വിശുദ്ധപൗലോസ് പറയുന്നുണ്ടല്ലോ. എന്റെ അദ്ധ്വാനത്തിനുള്ള കൂലി നാടുകടത്തലും തടങ്കലും മാത്രമാണെന്ന് അവർ കരുതിയെങ്കിൽ അതിന് അവരെ കുറ്റപ്പെടുത്താനാവില്ല.

എന്നോടു സഹാനുഭൂതി തോന്നുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്ന മറ്റൊരു മഹാൻ ചങ്ങനാശ്ശേരി മെത്രാൻ റൈറ്റു റവ. ഡോക്ടർ ജയിംസ് കാളാശേരി തിരുമേനിയായിരുന്നു. ഞാൻ സെന്റു ബർക്കുമാൻസ് കോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്ന കാലം മുതൽ എന്നെ നല്ലവണ്ണമറിഞ്ഞിരുന്ന ഒരാളാണ് തിരുമേനി. എന്റെ ഭൂതകാല ചെയ്തികളും ചിന്താഗതികളും അവിടുത്തേക്ക് അജ്ഞാതമായിരുന്നില്ല. ആരെയെങ്കിലും തൃപ്തിപ്പെടുത്തുവാൻ വേണ്ടിയോ, ആരോടെങ്കിലുമുള്ള പകവീട്ടുവാൻ വേണ്ടിയോ, സ്വാർത്ഥപരമായ എന്തെങ്കിലും കാര്യസാദ്ധ്യത്തിനുവേണ്ടിയോ അല്ല ഞാൻ വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ പങ്കെടുത്തതെന്നും, എന്നെ സംബന്ധിച്ചിടത്തോളം കത്തോലിക്കാ വിദ്യാഭ്യാസം ഒരു വിശ്വാസപ്രമാണം തന്നെയാണെന്നും തിരുമേനി അറിഞ്ഞിരുന്നു. അതിനാൽ നാടുകടത്തലും തടങ്കലും ഒരു ശിക്ഷയായി ഞാൻ കണക്കാക്കുന്നില്ലെന്നും തിരുമേനിക്ക് അറിയാമാ

www.malankaralibrary.com

യിരുന്നു. നെടുങ്കുന്നം പള്ളിവികാരി വഴി അവിടുന്ന് എന്റെ യോഗക്ഷേമങ്ങൾ തിരക്കിക്കൊണ്ടിരുന്നു.

എന്നാൽ സാമ്പത്തികമായ എന്റെ ക്ലേശങ്ങളിൽ എന്തെങ്കിലും സമാശ്വാസമരുളണമെന്നു തിരുമേനി കരുതിയില്ല. എന്റെ വിഷമങ്ങൾ അറിഞ്ഞിരുന്ന ചില സുഹൃത്തുക്കൾ ആ സംഗതി തിരുമേനിയുടെ ശ്രദ്ധയിൽ പെടുത്തുവാൻ എന്നെ ഗുണദോഷിക്കാതിരുന്നില്ല. പക്ഷെ യാതനയുടെ ഭിക്ഷാപാത്രമായി ആരെയെങ്കിലും സമീപിക്കുവാൻ എന്റെ അഭിമാനം എന്നെ അനുവദിച്ചില്ല. ഇന്നും അതേ ചിത്തവൃത്തിതന്നെയാണ് എനിക്കുള്ളത്. വേലയുടെ കൂലിയായാലും അതു ചോദിച്ചു വാങ്ങേണ്ടി വരുന്ന ഗതികേട് എനിക്കു ഇഷ്ടമല്ല. മറ്റു ലേഖകന്മാർക്കു പ്രതിഫലം നൽകാറുള്ള ഒരു പത്രാധിപർ ഈയിടെ പറയുകയുണ്ടായി, എന്നോടു ചോദിച്ചു വാങ്ങിയിട്ടുള്ള ലേഖനങ്ങൾക്കു പോലും യാതൊരു പ്രതിഫലവും നൽകാതിരുന്നത് ഞാൻ പ്രതിഫലം ചോദിക്കാഞ്ഞിട്ടാണെന്ന്. പക്ഷെ ചോദിച്ചു വാങ്ങാനാണെങ്കിൽ, വല്ല ബസ്സ്റ്റാന്റിലോ, പീടികമുറ്റത്തോ ചെന്നുനിന്ന് ആകുന്നതല്ലേ നല്ലത്? വളരെ ബുദ്ധിമുട്ടി, ലേഖനമെഴുതി, കയ്യിൽ നിന്നു തപാൽ ചെലവും സഹിച്ച്, അയച്ചു കൊടുത്തിട്ടുവേണമെന്നുണ്ടോ?

തിരുവിതാംകൂർ ഗവൺമെന്റ് എന്റെ നിരോധനം നീക്കിയ ഉടനെ ഞാൻ ആദ്യം ചെന്നു കണ്ടതു കാളാശ്ശേരി തിരുമേനിയെ ആയിരുന്നു. തിരുമനസ്സു കൊണ്ടു ദീർഘനേരം എന്നോടു സംഭാഷിച്ചു. നിരോധനകാലത്തെ എന്റെ ജീവിതത്തെപ്പറ്റിയും. എന്നെ അന്വേഷിച്ചവരെയും സഹായിച്ചവരെയും പറ്റിയും തിരുമേനി പലതും തിരക്കി. എന്നിട്ടു ചോദിച്ചു 'മി.... എന്നാ തന്നു? ഞാൻ പറഞ്ഞു, "എനിക്ക് ഒന്നും തന്നില്ല" അരമനയുടെ രണ്ടാം നിലയിൽ, വരാന്തയിലൂടെ നടന്നു കൊണ്ടാണു ഞങ്ങൾ സംസാരിച്ചിരുന്നത്. എന്റെ മറുപടി കേട്ട ഉടനെ തിരുമേനി പെട്ടെന്നു നിന്ന്, എന്റെ മുഖത്തു നോട്ടമുറപ്പിച്ചു കൊണ്ടു തറച്ചു ചോദിച്ചു "മി....ഒന്നും തന്നില്ലന്നോ?" "ഒന്നും തന്നില്ല"യെന്നു ഞാൻ ആവർത്തിച്ചു. കുറെനേരം തിരുമേനി മൗനിയായിരുന്ന ശേഷം എന്നോടു പറഞ്ഞു. "എറണാകുളത്തിനു പോകുമ്പോൾ ഇതിലെ വരണം". വരാമെന്നു സമ്മതിച്ചു ഞാൻ യാത്ര പറഞ്ഞു. പിരിഞ്ഞു.

തിരുമേനിയുടെ ചോദ്യത്തിന്റെ പ്രസക്തി മനസ്സിലാവണമെങ്കിൽ, മറ്റൊരു വസ്തുത കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ പ്രക്ഷോഭണം ആരംഭിക്കുന്നതിനു മുൻപു തിരുവിതാംകൂർ ഗവൺമെന്റു തിരുമേനിയെ പ്രോസിക്യൂട്ടു ചെയ്യാൻ ആലോചിക്കുകയും, തിരുമേനിക്കു നോട്ടീസു നൽകുകയും ചെയ്തിരുന്നല്ലോ. പ്രക്ഷോഭണം ശക്തിപ്പെടുന്നതിന് അതും ഒരു കാരണമായിരുന്നു. തിരുമേനിക്കു ലഭിച്ച നോട്ടീസിന്റെയും, പ്രാഥമിക വിദ്യാഭ്യാസ നിയമത്തിന്റെയും നൈയ്യാമികവശം പഠിച്ചു നിവൃത്തിമാർഗ്ഗങ്ങൾ കാണുക. പ്രക്ഷോഭണത്തിൽ പീഢനമനുഭവിക്കേണ്ടി വന്നവരുടെ കുടുംബങ്ങളെ സഹാ

www.malankaralibrary.com

യിക്കുക, മുതലായ ചെലവുകൾക്കായി ഒരു സമുന്നത സമുദായ നേതാവാമി....യെ, മറ്റാരെയും കണക്കു ബോദ്ധ്യപ്പെടുത്തേണ്ടായെന്ന വ്യവസ്ഥയിൽ ഒരു വലിയ സംഖ്യ ഏൽപ്പിച്ചിരുന്നു. പ്രക്ഷോഭണത്തിന്റെ തലപ്പത്തിരുന്ന അപൂർവ്വം ചിലരല്ലാതെ, മറ്റാരും ഇക്കാര്യം അറിഞ്ഞിരുന്നില്ല. ആ മി....താൻ ഏൽപ്പിച്ചിരുന്ന തുകയിൽ നിന്ന് എനിക്ക് എന്തു തന്നു എന്നായിരുന്നു തിരുമേനി ചോദിച്ചത്. ഉചിതമായ ഒരു സംഖ്യ എനിക്കു തന്നു കൊള്ളുമെന്നു തിരുമേനി പ്രതീക്ഷിച്ചിരിക്കണം. തന്നില്ലായെന്ന പരമാർത്ഥം തിരുമേനിയെ അത്യധികം കുണ്ഠിതപ്പെടുത്തിയെന്നു വ്യക്തമായിരുന്നു.

എനിക്കു വേണ്ടിയിരുന്ന സന്ദർഭത്തിൽ ചെയ്യുവാൻ തരപ്പെടാതെ പോയ സഹായിത്തിനു പകരം എന്തോ എനിക്കു തരുന്നതിനായിരിക്കണം, വീണ്ടും അരമനയിൽ ചെല്ലുവാൻ തിരുമേനി എന്നോട് പറഞ്ഞത്. ഏതായാലും അപ്പോൾ തിരുമേനി അതിനു തുനിയാതിരുന്നതു നന്നായി. അല്ലെങ്കിൽ ചെസ്റ്റർ ഫീൽഡ് പ്രഭുവിനോട് ഡോക്ടർ ജോൺസൺ പറഞ്ഞത് തിരുമേനിയോട് ഞാനും പറയേണ്ടി വരുമായിരുന്നു. തിരുമേനി ആവശ്യപ്പെട്ടതു പോലെ, ഞാൻ അരമനയിൽ ചെന്നില്ല. എറണാകുളത്ത് ചെന്നതിനുശേഷം, ഒരു കത്തയക്കുകമാത്രം ചെയ്തു. എന്നു മാത്രമല്ല, അടുത്ത ഏതാനും മാസക്കാലം തിരുമേനിയെ നേരിട്ടു കാണാതെ കഴിക്കയുണ്ടായി. ഇതൊരു ധിക്കാരമായി തിരുമേനി കണക്കാക്കിയെന്നു ശങ്കിക്കേണ്ട പരിതസ്ഥിതി പിന്നീടുണ്ടായിട്ടുണ്ട്.

ആരെല്ലാം എന്നെ ഉപേക്ഷിച്ചാലും എന്നെ കൈവിടാത്ത ഒരു കേന്ദ്രമുണ്ടെന്നു ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. അതു ദിവംഗതനായ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയായിരുന്നു. വിദ്യാലയത്തിൽ നിന്നിറങ്ങിയതിന്നു ശേഷമുള്ള 15 വർഷക്കാലത്തെ ജീവിതത്തിൽ പത്തുവർഷവും അവിടുത്തെ വക സ്ഥാപനങ്ങളെയാണ് ഞാൻ സേവിച്ചിട്ടുള്ളത്. ആദ്യത്തെ അഞ്ചുവർഷക്കാലം ഞാൻ സത്യദീപം സഹപത്രാധിപരായിരുന്നു. എനിക്കു മുൻപു സഹപത്രാധിപരായിരുന്നു മി.കൃഷ്ണവാര്യർക്കു പ്രതിമാസം 25 ക. യായിരുന്നു ശമ്പളം. ആ സ്ഥാനത്ത് സഹപത്രാധിപരുടെയും പത്രാധിപരുടെയും ജോലി ഒരേ സമയം നിർവഹിച്ചു പോന്ന എനിക്കു പ്രതിമാസം 20 ക.യും അവസാനത്തെ അഞ്ചുവർഷക്കാലം(1941-46) ഞാൻ മലബാർ മെയിൽ സ്റ്റാഫിലായിരുന്നു. അത്യന്തം അഭികാമ്യവും ആദായകരവുമായിരുന്ന ഒരു തൊഴിൽ രാജിവെച്ചു. മലബാർ മെയിലിനെ സേവിക്കുവാൻ ഞാൻ ഇറങ്ങിത്തിരിച്ചതാണ്. മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലിസ്മാരകമായി ആരംഭിച്ച ആ ദിനപത്രം ദുർവ്വഹമായ നഷ്ടത്തിലായിരുന്നതിനാൽ നിർത്തികളയുവാൻ തിരുമേനി കൽപ്പിച്ചതാണ്. രണ്ടു മൂന്നു വർഷത്തക്കാലത്തേക്ക് അത് അതിരൂപത വക ഒരു സ്ഥാപ

www.malankaralibrary.com

നമാണെന്ന് സമ്മതിക്കുവാൻ പോലും അധികാരികൾ ലജ്ജിച്ചു. അങ്ങനെയുള്ള മലബാർ മെയിൽ അന്നത്തേതിന്റെ നാൽപതിരട്ടി പ്രചാരമുള്ള ഒരു ദിനപത്രമായി ഇതിനകം വളർന്നു കഴിഞ്ഞിരുന്നു. ഈ വിഷയത്തിൽ മി. എം. എം. വർക്കിയും ഞാനും ചെയ്തിട്ടുള്ള സേവനങ്ങൾ മറക്കാവതല്ല.

വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ തിരുവിതാംകൂറിലെ കത്തോലിക്കാ പത്രങ്ങൾക്ക് ശരിയായ നേതൃത്വം നൽകുക സാദ്ധ്യമായിരുന്നില്ല. പത്രമാരണ നിയമത്തിന്റെ ഉരുക്കുമുഷ്ടിയിൽ അവയെല്ലാം ഭയന്നാണ് കഴിഞ്ഞിരുന്നത്. തന്മൂലം പ്രക്ഷോഭണത്തിനു നേതൃത്വം നൽകുന്ന ഭാരം പൂർണ്ണമായും മലബാർ മെയിലിന്റേതായി. ഈ പ്രക്ഷോഭണം സംബന്ധിച്ചു മലബാർ മെയിലിൽ വന്നിട്ടുള്ള സകല ലേഖനങ്ങളും വിമർശനങ്ങളും ഞാൻ എഴുതിയിട്ടുള്ളതാണ്. വൈവിധ്യത്തിനു വേണ്ടി വി.എം. മാത്യു, പി.ടി. ചെറിയാൻ, കെ.ടി.തോമസ്, ലയണൽ, എന്നിങ്ങനെ പല പേരുകൾ വെച്ചും ഞാൻ ലേഖനങ്ങൾ എഴുതിയിരുന്നു. ഈ വസ്തുതകളെല്ലാം തിരുമേനിയും അറിഞ്ഞിരുന്നു. പലപ്പോഴും തിരുമേനി എന്നെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

ആകയാൽ നാടുകടത്തൽ ഉത്തരവനുസരിച്ചു ഞാൻ തിരുവിതാംകൂറിലേക്കു പുറപ്പെടുമ്പോൾ തന്നെ തിരുമനസ്സിലെ സഹായഹസ്തം എന്റെ കൂടെ ഉണ്ടായിരിക്കുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ടായിരുന്നു. പക്ഷെ ഞാൻ തടങ്കലിലായിരുന്ന കാലത്ത് ഒരിക്കൽ പോലും തിരുമേനിയിൽ നിന്ന് ഒരു ആശ്വാസസന്ദേശം ലഭിക്കുന്നതിനോ, എന്തെങ്കിലും സഹായം കിട്ടുന്നതിനോ ഉള്ള ഭാഗ്യം എനിക്കുണ്ടായില്ല. സർ. സി.പി. രാമസ്വാമി അയ്യരുടെ സി.ഐ.ഡി.മാർ നാടാകെ ചുറ്റിത്തിരിഞ്ഞിരുന്ന അക്കാലത്ത്, തിരുവിതാംകൂറിൽ വളരെയധികം നിക്ഷിപ്തതാല്പര്യങ്ങളുള്ള ഒരു അതിരൂപതയുടെ അധിനാഥനായ തിരുമേനി, തിരുവിതാംകൂർ ഗവൺമെന്റിന്റെ അപ്രീതിക്കു പാത്രമായ ഞാനുമായി സമ്പർക്കത്തിലേർപ്പെടാഞ്ഞത് ബുദ്ധപൂർവ്വമാണെന്നു ഞാൻ എന്നോടു തന്നെ ന്യായവാദം ചെയ്തു. അല്ലെങ്കിൽ തന്നെ വളരെയധികം ജോലിത്തിരക്കുകളും ഉത്തരവാദിത്വങ്ങളുമുള്ള ഒരാളായിരുന്നല്ലോ തിരുമേനി. നാം എപ്പോഴും മറ്റുള്ളവരിലുള്ള നന്മ കാണുവാനാണു ശ്രമിക്കേണ്ടത്. ആകയാൽ തിരുമേനി എന്നെ മറന്നതു പോലെ കാണപ്പെട്ടത് വേദനാജനകമല്ലെന്നു ഭാവിക്കുവാൻ ഞാൻ പണിപ്പെട്ടു.

നിരോധനം നീങ്ങി ഞാൻ എറണാകുളത്തെത്തിയ ഉടനെ ആദ്യം ചെയ്ത പ്രവൃത്തി തിരുമേനിയെ സന്ദർശിക്കുകയായിരുന്നു. അങ്ങനെ ചെയ്യണമെന്നു മലബാർ മെയിൽ മാനേജർ എന്നെ ഗുണദോഷിക്കുകയും ചെയ്തിരുന്നു. ഇത് അല്പം തെറ്റിദ്ധാരണയ്ക്കു ഇടനൽകിയോ എന്നു സംശയിക്കണം. മെത്രാപ്പോലീത്താ തിരുമേനി എനിക്കു കാര്യമായി എന്തോ നൽകുവാൻ പോകുന്നു എന്നു പ്രസ്സിലെ ജോലിക്കാർ ധരിച്ചുവശായി. ഞാൻ അരമനയിലേയ്ക്കു നടക്കുമ്പോൾ, "ഞങ്ങളെ മറക്കരുതേ" എന്നു പ്രസ്സ് ജോലി

www.malankaralibrary.com

ക്കാർ വിളിച്ചു പറയുന്നത് എനിക്കു കേൾക്കാമായിരുന്നു. ഞാൻ തിരിച്ചു ചെന്നതിൽ മെത്രാപ്പോലീത്താ തിരുമേനി സന്തോഷം പ്രകടിപ്പിച്ചു. (പ്രതിഫലം ചോദിക്കാതെ പോത്തിനെ പോലെ പണിയെടുക്കുന്ന ഒരാൾ സ്വാധീനത്തിലേക്കു തിരിച്ചുവരുന്നതു എപ്പോഴും സന്തോഷജനകമാണല്ലോ). ഇനി എഴുതുന്നതു ഭാഷ അൽപ്പം മയപ്പെടുത്തി മതി" എന്നു തിരുമേനി ഗുണദോഷിച്ചു. അനന്തരം മോതിരം മുത്തിച്ച് അദ്ദേഹം എന്നെ യാത്രയാക്കി.

അരമനയിൽ നിന്ന് ആഫീസിലേക്കു മടങ്ങുമ്പോൾ, പ്രതീക്ഷാനിർഭരങ്ങളായ അനേകം കണ്ണുകൾ എന്നെത്തന്നെ നോക്കി കൊണ്ടിരിക്കുന്നതു ഞാൻ കാണുകയുണ്ടായി. എനിക്കുണ്ടായ അനുഭവങ്ങളെപ്പറ്റി സഹതാപപൂർവ്വമായ ഒരു വാക്കുപോലും തിരുമേനിയിൽ നിന്നുണ്ടാകാതിരുന്നതു എന്റെ ഹൃദയത്തെ വളരെയേറെ നീറ്റുന്നുണ്ടായിരുന്നു. അതിനെമറച്ച് ഏതാണ്ടൊരു വിജയഭാവം മുഖത്തു സ്ഫുരിക്കുവാൻ ഞാൻ അത്യധികം പണിപ്പെട്ടു. ഞാൻ എന്തോ നേടിക്കൊണ്ടുവരികയാണെന്നു മറ്റുള്ളവർ ധരിക്കണമെന്നുള്ള ഒരു പൊങ്ങച്ച മനഃസ്ഥിതി എനിക്കുണ്ടായി. ആഫീസിൽ എത്തിയപ്പോൾ "പിതാവ് എന്തു പറഞ്ഞു' എന്ന് അറിയാൻ പ്രസ്സ് ജോലിക്കാർ പലരും ചുറ്റും വന്നു തിരക്കു കൂട്ടി. "ഓ പിതാവ് ബൈബിളിലെ ഒരു വാക്യം പറഞ്ഞ" എന്നു ഞാൻ അവരോടു പറഞ്ഞു. അവർക്കതു വിശ്വാസമായില്ല."പഴയ നിയമത്തിൽ എസ്തേറ്റിന്റെ പുസ്തകത്തിലെ ഒരു വാക്യം" എന്നു ഞാൻ അവരോട് ആവർത്തിച്ചു പറഞ്ഞു.

എസ്തറിന്റെ ഭർത്താവും പേർഷ്യൻ രാജാവുമായിരുന്ന അഹശീറസ്, രാത്രിയിൽ ഉറക്കം വരായ്കയാൽ പഴയ നാളാഗമങ്ങൾ വായിക്കുവാൻ പള്ളിയറ വിചാരിപ്പുകാരോടു പറഞ്ഞു. നാളാഗമത്തിൽ അഹശീറസ് രാജാവിനെ വധിക്കുവാൻ കൊട്ടാരം ഉദ്യോഗസ്ഥന്മാർ ഗൂഢാലോചന നടത്തിയതിനെ എങ്ങനെ മർദോക്കെയ് കണ്ടുപിടിച്ചു എന്ന ഭാഗം വായിച്ചപ്പോൾ രാജാവു ചോദിച്ചു. "ഈ വിശ്വസ്ഥതയ്ക്കു എന്തു ബഹുമാനവും പ്രതിഫലവും മാർദോക്കെയ്ക്കു നൽകി?" രാജാവിന്റെ മന്ത്രിമാരും സേവകന്മാരും പ്രത്യുത്തരിച്ചു: അയാൾക്കു യാതൊരു പ്രതിഫലവും നൽകപ്പെട്ടിട്ടില്ലാ". (എസ്തേർ IV 2-3)

## 8. കത്തോലിക്കാ കോൺഗ്രസ്സ്

എന്റെ നിരോധനകാലത്ത്, ഞാൻ മറന്നാലും എന്നെമറക്കുക സാദ്ധ്യമല്ലാത്ത, ഒരു സ്ഥാപനം കേരളത്തിലുണ്ടായിരുന്നു. അഖിലകേരള കത്തോലിക്ക കോൺഗ്രസ്. 1931 മുതൽ ഞാൻ ആ സംഘടനയുടെ മാനേജിംഗ് കമ്മറ്റി അംഗമാണ്. ആ സംഘടനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും, ആ സംഘടനയുടെ നാമത്തിൽ പ്രവർത്തനം നടത്തുന്നതിനും മറ്റാരേക്കാളും കൂടുതലായി ഞാൻ യത്നിച്ചിട്ടുണ്ടെന്നു ഞാൻ അഭിമാനിക്കുന്നു. പമ്പാനദിക്കു വടക്കും ഭാരതപ്പുഴക്കുതെക്കുള്ള മിക്കവാറും എല്ലാ കത്തോ

www.malankaralibrary.com

ലിക്ക ഇടവകകളിലും കോൺഗ്രസ്സിന്റെ സന്ദേശവുമായി ഞാൻ സഞ്ചരിച്ചിട്ടുണ്ട്. പ്രസിഡന്റും സിക്രട്ടറിയുമടക്കം സകല ആളുകളും അതിനെ പരിത്യജിച്ച 1936 മുതൽ 1942 വരെയുള്ള കാലയളവിൽ അതിനുവേണ്ടി ഞാൻ എന്റെ എളിയ കഴിവുകൾ വിനിയോഗിക്കുകയും, അതിനെ തേജോവധം ചെയ്തു കഴിച്ചു മൂടുവാൻ വെമ്പൽകൊണ്ടവരോടു വീറോടെ പോരാടുകയും ചെയ്തു. 1933 മുതലുള്ള അതിന്റെ വാർഷിക പൊതുയോഗങ്ങളുടെ നടത്തിപ്പിൽ അഗണ്യമല്ലാത്ത ഒരു ഭാഗം ഞാൻ വഹിച്ചിട്ടുണ്ട്. ആ പൊതുയോഗങ്ങളിൽ പാസാക്കപ്പെട്ടിട്ടുള്ള മിക്ക പ്രമേയങ്ങളും ഡ്രാഫ്റ്റു ചെയ്തിട്ടുള്ളതും, അവയ്ക്കു നേതൃത്വം നൽകിയിട്ടുള്ളതും ഞാനാണ്. ആ പ്രമേയങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള സംരംഭങ്ങളിൽ എന്റെ കഴിവിൽ കവിഞ്ഞു ഞാൻ സഹകരിക്കുകയും ചെയ്തിട്ടുണ്ട്.

കത്തോലിക്ക കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സമാരംഭിച്ച വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ, എന്റെ സമശീർഷന്മാരേക്കാൾ കൂടുതലായി ഞാൻ ഭാഗഭാക്കായിട്ടുണ്ട്. പ്രക്ഷോഭണ കാലത്ത് കത്തോലിക്ക കോൺഗ്രസ്സിന്റെ പബ്ലിസിറ്റി കമ്മിറ്റിയുടെ കൺവീനർ ഞാനായിരുന്നുവെന്നു പറഞ്ഞുവല്ലോ. പബ്ലിസിറ്റി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി കോൺഗ്രസ് ആയിരം രൂപ അഡ്വാൻസ് അനുവദിച്ചിരുന്നെങ്കിലും 1945 ഒക്ടോബർ മുതൽ 1946 ഏപ്രിൽ വരെയുള്ള കാലയളവിലെ പബ്ലിസിറ്റി പ്രവർത്തനങ്ങൾക്കു കോൺഗ്രസിന്റെ ഒരൊറ്റ പൈസ പോലും ഞാൻ ചിലവാക്കിയിട്ടില്ല. അത്യാവശ്യം വേണ്ടിവരുന്ന ചെലവുകൾ എന്റെ കൈയ്യിൽ നിന്നു ഞാൻ വഹിക്കുകയായിരുന്നു. അന്നു കോൺഗ്രസിന്റെ ഖജാൻജി ശ്രീ.കെ.വി. മാത്യു കൊല്ലംകുളമായിരുന്നു. കൈയിൽ നിന്നു ചെലവുചെയ്താലും പിന്നീടു വാങ്ങിക്കാവുന്നതാണല്ലോയെന്നു ഞാൻ കരുതി. ഞാൻ നാടുകടത്തപ്പെടുന്നതുവരെ, ഒരു പൈസപോലും വാങ്ങുന്നതിനു തരപ്പെട്ടില്ല. നിരോധനം കഴിഞ്ഞപ്പോഴത്തെ എന്റെ മനസ്ഥിതി ആ തുക ആവശ്യപ്പെടുന്നതിന് അനുകൂലമല്ലായിരുന്നു.

വിദ്യാഭ്യാസ പ്രക്ഷോഭണം സംബന്ധിച്ചു കൊച്ചിയിലും തിരുവിതാംകൂറിലും നടന്ന അനേകം പ്രതിഷേധയോഗങ്ങളിൽ ഞാൻ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ അതിനു ഞാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്റെ ഒരു അടിയന്തര പ്രമേയം മൂലം സംഘടിപ്പിക്കപ്പെട്ട വിദ്യഭ്യാസക്കമ്മറ്റിയാണല്ലോ പ്രക്ഷോഭണം നടത്തിയിരുന്നത്. (അതു മറ്റൊരു അദ്ധ്യായത്തിൽ പ്രതിപാദിക്കാം.) വിദ്യാഭ്യാസ കമ്മിറ്റിയുടെ തീരുമാനങ്ങൾക്കു പ്രചോദനം നൽകുകയും ചെയ്തിരുന്നു. ചില നേതാക്കന്മാരെപ്പോലെ, സുരക്ഷിത താവളങ്ങളിൽ കുഷ്യനിട്ട കസേരകളിലിരുന്നു തീരുമാനങ്ങളെടുക്കുകയും, നടപ്പിൽ വരുത്തേണ്ട ഭാരം മറ്റുള്ളവരെ കെട്ടിയേൽപ്പിക്കുകയും ചെയ്യുവാൻ ഞാൻ ഒരു നേതാവോ മുതലാളിയോ അല്ലല്ലോ. മറ്റു

www.malankaralibrary.com

ള്ളവരോടുചെയ്യുവാൻ പറയുന്നത് ആദ്യം നാം തന്നെ ഒന്നു ചെയ്തു കാണിച്ചു കൊടുക്കുകയാണല്ലോ വേണ്ടത്. തന്മൂലം പ്രക്ഷോഭണത്തിന്റെ അണിയറയിൽ ഒളിച്ചിരിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. പത്രമാഫീസിലെ എന്റെ ജോലിക്കു വിഘാതം വരുത്താതെതന്നെ, പ്രതിഷേധയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, അതിൽ പ്രസംഗിക്കുന്നതിനും, അതിന്റെ റിപ്പോർട്ടുകൾക്കു പ്രസിദ്ധീകരണം നൽകുന്നതിനും ഞാൻ പരമാവധി യത്നിച്ചു.

അന്നു കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡന്റ് ശ്രീ. തര്യതുകുഞ്ഞിത്തൊമ്മനായിരുന്നുവെന്നു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിൽ സമാരബ്ധമായ പ്രക്ഷോഭണം വിജയിപ്പിക്കേണ്ടത് അദ്ദേഹത്തോടു ബഹുമാനവും ആദരവുമുള്ളവരുടെ ചുമതലയാണ്. അതുവരെ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഫീസ് അതാതു കാലങ്ങളിലെ ജനറൽ സെക്രട്ടറിമാരുടെ ഭവനങ്ങളായിരുന്നു. മി.കുഞ്ഞിത്തൊമ്മനാണ് ആഫീസ് എറണാകുളത്തു സ്ഥാപിച്ചത്. സർ.സി.പി.യുടെ കരാളഹസ്തങ്ങൾ എത്തിപെടാത്ത ഒരു സ്ഥലത്തായിരിക്കണം ആഫീസെന്നു കരുതിയാണ് എറണാകുളം തിരഞ്ഞെടുത്തത്. ആഫീസു മാനേജർ, ഞാൻ നേരത്തെ സൂചിപ്പിച്ച എന്റെ സുഹൃത്ത് ശ്രീ. ഏ.ജെ. അബ്രഹാമായിരുന്നു. ഈ ചുറ്റുപാടുകൾ കോൺഗ്രസ് ആഫീസിലും ജോലിചെയ്യുന്നതിന് എന്നെ നിർബന്ധിച്ചു. എന്റെ നാടുകടത്തൽ ദിനംവരെ രാത്രി പല മണിക്കൂറുകൾ കോൺഗ്രസ് ആഫീസ് കാര്യങ്ങൾക്കായി ഞാൻ വിനിയോഗിച്ചിരുന്നു.

വിദ്യാഭ്യാസ പ്രക്ഷോഭണം ആരംഭിച്ച് അധികം കഴിയുന്നതിനു മുൻപ്, 1945 ഡിസംബർ 22-ാം തീയതി, മി.പി.ടി.ചാക്കോ (പിന്നീട് ആഭ്യന്തരമന്ത്രി) അറസ്റ്റു ചെയ്യപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ്സിന്റെ വിദ്യാഭ്യാസക്കമ്മിറ്റിയിലെ ഒരംഗമായിരുന്നു അദ്ദേഹം. രാജദ്രോഹം, വർഗ്ഗീയ വിദ്വേഷം ജനിപ്പിക്കൽ, സംഭ്രമ ജനകങ്ങളായ വാർത്തകളുടെ പ്രചരണം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ. വിദ്യാഭ്യാസ പ്രക്ഷോഭണം സംബന്ധിച്ചു എന്തുതന്നെ കുറ്റങ്ങൾ ചെയ്തിരുന്നാലും അദ്ദേഹം ചെയ്യാത്തവയായിരുന്നു. മുകളിൽ പറഞ്ഞകുറ്റങ്ങൾ, ഡിസ്ട്രിക് മജിസ്ട്രേറ്റ് അവസാനത്തെ രണ്ടും അദ്ദേഹം ചെയ്തിട്ടില്ലെന്നു പറഞ്ഞു രാജദ്രോഹത്തിനു ശിക്ഷിച്ചു. രാജദ്രാഹത്തിനു തന്നെ ഡിസ്ട്രിക് മജിസ്ട്രേറ്റു ചൂണ്ടിക്കാണിച്ച 12 ഭാഗങ്ങളിൽ 10-ഉം കുറ്റകരമല്ലെന്നു ഹൈക്കോടതി പറഞ്ഞു. എന്നിട്ടും മി.ചാക്കോ ശിക്ഷിക്കപ്പെട്ടു.

സിവിലാജ്ഞലംഘന പ്രസ്ഥാനത്തിനുശേഷം, ഗവൺമെന്റ് പ്രോസിക്യൂഷനു വിധേയരാകുന്ന രാഷ്ട്രീയ കുറ്റക്കാർകേസുവാദിക്കാതെ ശിക്ഷ സ്വീകരിക്കുന്ന ഒരു സമ്പ്രദായം ഉണ്ടല്ലൊ. ആകയാൽ മി. ചാക്കോയുടെ കേസ് വാദിക്കേണ്ടയെന്ന് അഭിപ്രായമുള്ള ഒരു ഭാഗം ആളുകളുണ്ടായിരുന്നു. പക്ഷെ ഇത് അങ്ങനെ തള്ളിക്കളയാവുന്ന ഒരു കേസ്സല്ലെന്നായിരുന്നു

www.malankaralibrary.com

ഞാനുൾപ്പടെ പലരുടേയും അഭിപ്രായം. കത്തോലിക്കാ കോൺഗ്രസ്സിന്റെ മാനേജിംഗ് കമ്മിറ്റിയോഗത്തിൽ ഇതേപ്പറ്റി ശക്തിയായ വാദപ്രതിവാദം നടന്നു. ഒടുവിൽ കേസു നടത്തുവാൻ തന്നെ തീരുമാനിച്ചു. ഈ കേസു നടത്തിപ്പിന് കത്തോലിക്കാ കോൺഗ്രസിനു 5517ക. ചെലവായി; മി. ചാക്കോ ശിക്ഷിക്കപ്പെട്ടു. എന്നിട്ടും പ്രക്ഷോഭണത്തെ സംബന്ധിച്ചിടത്തോളം അതൊരു നേട്ടമായിരുന്നു എന്നതിനു തർക്കമില്ല. ഞാൻ തിരുവിതാംകൂറിൽ തടങ്കലിലാക്കപ്പെട്ടപ്പോൾ, ചെലവിനു കിട്ടുവാൻ വേണ്ടി, പരീക്ഷാർത്ഥം, ഒരു കേസു നടത്തേണ്ടതാണെന്ന് എന്റെ ചില സുഹൃത്തുക്കൾ പറയുകയുണ്ടായി. പക്ഷെ സ്വയം ഒരു മുതലാളിയോ, മുതലാളിയുടെ അടുത്ത ബന്ധുവോ അല്ലാത്ത എനിക്കു വേണ്ടി അങ്ങനെ പണം പാഴ്ചിലവു ചെയ്യേണ്ടതില്ലെന്നു കത്തോലിക്ക കോൺഗ്രസ് ഭാരവാഹികൾ കരുതിയിരിക്കണം.

വിദ്യാഭ്യാസ പ്രക്ഷോഭണത്തിന്റെ പേരിൽ സർക്കാരിന്റെ ശിക്ഷയ്ക്കു വിധേയരായവർ മെ.തര്യതു കുഞ്ഞിത്തൊമ്മൻ, പി.റ്റി. ചാക്കോ, ചെറിയാൻ മാഞ്ഞൂരാൻ, വി.വി.വർക്കി, ഗ്രിഗറി കണ്ടങ്കരി, സിറിയക്കു കണ്ടത്തിൽ, എം. ഒ. ജോസഫ് എന്നിവരാണ്. മി.പി.റ്റി. ചാക്കോയുടെ കാര്യം പറഞ്ഞുവല്ലോ. 1946 മാർച്ചു 31-ാം തീയതി കൂടിയ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ, തടങ്കലിലാക്കപ്പെട്ട മെ. സിറിയക്കു കണ്ടത്തിൽ, വി.വി. വർക്കി എന്നിവരുടെ നിരോധനത്തെ അതിശക്തിയായി പ്രതിഷേധിച്ചും അവരുടെ സേവനങ്ങളെ പ്രകീർത്തിച്ചും നീണ്ടരണ്ടു പ്രമേയങ്ങൾ പാസാക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ഗ്രിഗറി കണ്ടങ്കരിയെപ്പറ്റിയും മാനേജിംഗ് കമ്മറ്റി പ്രതിഷേധ പ്രമേയം പാസ്സാക്കി. പക്ഷെ എന്നെ കൊച്ചിയിൽ നിന്നു നാടുകടത്തുകയും, തിരുവിതാംകൂറിൽ തടങ്കലിൽ വെക്കുകയും ചെയ്തപ്പോൾ അതേപ്പറ്റി കത്തോലിക്ക കോൺഗ്രസ്സിനു പ്രതിഷേധ സൂചകമായി ഒരു വാക്കുപോലും പറയുവാനുണ്ടായിരുന്നില്ല. എന്നു പറഞ്ഞാൽ അതു മുഴുവൻ സത്യമാകുകയില്ല. ഒഫീഷ്യേറ്റിംഗ് സെക്രട്ടറി മി.എം.സി. മത്തായിയുടെ 1945-46-ലെ വാർഷിക റിപ്പോർട്ടിൽ എന്നെപ്പറ്റി ഒരു വാചകമുണ്ട്. 'കോൺഗ്രസിന്റെ കമ്മിറ്റി അംഗവും, പബ്ലിസിറ്റികമ്മിറ്റി കൺവീനറുമായ ശ്രീ.എം.ഒ. ജോസഫ് അവർകൾ കൊച്ചിയിൽ വസിച്ചുകൂടെന്നും, സ്വദേശത്തുതന്നെ വസിച്ചുകൊള്ളണമെന്നും ഗവൺമെന്റുത്തരവാകയാൽ, കർമ്മശൂരനും പ്രസിദ്ധീകരണ കുശലനുമായ ആ യുവാവു സ്വദേശത്തു വസിച്ചു പോരുന്നു. കൊച്ചിയിൽ നിന്നു നാടുകടത്തുകയെന്നു പറഞ്ഞാൽ കൊച്ചിയിൽ വസിച്ചുകൂടെന്നും സ്വദേശത്തു തന്നെ വസിച്ചു കൊള്ളണമെന്നുമർത്ഥം. എനിക്ക് ഇങ്ങനെയൊരു മംഗളപത്രം നൽകിയതിനു കോൺഗ്രസിനെയാണോ, ഒഫീഷ്യേറ്റിംഗു സെക്രട്ടറിയേയാണോ അഭിനന്ദിക്കേണ്ടതെന്ന് എനിക്കിനും അറിഞ്ഞു കൂടാ.

വാക്കിലിങ്ങനെയായിരുന്നെങ്കിലും, എന്റെ സാമ്പത്തിക പരാധീനത അന്നത്തെ കോൺഗ്രസ്സ് പ്രവർത്തകരെ കണക്കിലധികം ക്ലേശിപ്പിച്ചിരുന്നു.

www.malankaralibrary.com

1946 ഏപ്രിൽ 22-ാം തീയതി കൂടിയ കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അക്കാര്യം ഗൗരവപൂർവ്വം ചർച്ച ചെയ്തു. പ്രത്യേക ക്ഷണപ്രകാരം മെ.കെ.സി.ചാണ്ടി ബി.എ.ബി.എൽ., ഏ.ജെ.ജോൺ ബി.ഏ.ബി.എൽ, മാത്യു മണിയങ്ങാടൻ എം.പി. മുതലായവർ ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. അന്നു പാസ്സാക്കപ്പെട്ട 4-ാം പ്രമേയത്തിൽ 'തടവിൽ ഇരിക്കുന്നവരായി താഴെ പറയുന്നവർക്കു യഥാവിധി സംഭാവനകൾ നൽകണ'മെന്നു തീരുമാനിച്ചു. (ആ പേരുകാരുടെ കൂട്ടത്തിൽ ഞാനുമുണ്ട്!!) അഞ്ചാമത്തെ പ്രമേയമാകട്ടെ, മെ.എം.ഒ.ജോസഫ്, സിറിയക്കു കണ്ടത്തിൽ, ഗ്രിഗറി കണ്ടങ്കരി ഇവരിൽ ഓരോരുത്തർക്കും തൽക്കാലം 100ക. വീതം കൊടുക്കണമെന്നതായിരുന്നു.

ഈ നിശ്ചയത്തിന്റെ വെളിച്ചത്തിലാകാം, രണ്ടു മാസം കഴിഞ്ഞപ്പോൾ 100 ക.യുടെ ഒരു ചെക്ക് എനിക്കു വീട്ടിൽ കിട്ടി. അതു തിരിച്ചയയ്ക്കണമെന്നാണ് എനിക്ക് ആദ്യം തോന്നിയത്. എന്നാൽ അങ്ങനെ ചെയ്യുന്നതു ചെക്ക് എനിക്കയച്ചുതന്ന ശ്രീ.കെ.വി. മാത്യു കൊല്ലങ്കുളം അവർകളെ ധിക്കരിക്കുകയായിരിക്കുമെന്നു കരുതി. (അങ്ങനെ കരുതേണ്ട യാതൊരാവശ്യവും ഉണ്ടായിരുന്നില്ലെന്ന് ഇന്നെനിക്കു തോന്നുന്നു.) കത്തോലിക്കാ കോൺഗ്രസ്സ് നൽകുവാൻ തീരുമാനിച്ച "യഥാവിധി സംഭാവന"കളിൽ, "തൽക്കാലം നൽകുന്ന 100 ക. "കഴിച്ച് ബാക്കിയുള്ളത് എന്താണെന്ന് അറിയുവാൻ കഴിഞ്ഞ 15 കൊല്ലങ്ങളായി ഞാൻ കാത്തിരിക്കുകയാണ്. കാത്തിരിപ്പു 3 കൊല്ലം കഴിഞ്ഞപ്പോൾ, കത്തോലിക്കാ കോൺഗ്രസ്സിൽ നിന്നും എനിക്കു കിട്ടുവാനുണ്ടായിരുന്ന 100ക. വകതള്ളി "തൽക്കാലം തന്ന 100ക." കോൺഗ്രസ്സിനു തന്നെ ഞാൻ മടക്കിക്കൊടുത്തു. മി.പി.റ്റി. ചാക്കോ തടങ്കലിലാക്കപ്പെട്ട ഉടനെ, ഞാൻ കൂടി സന്നിഹിതനായിരുന്ന 31-1-1946 ലെ വർക്കിംഗ് കമ്മറ്റി മി.പി.റ്റി. ചാക്കോയുടെ കുടുംബത്തിന് ആയിരം രൂപ കൊടുക്കുവാൻ തീരുമാനിക്കുകയും ആ സംഖ്യ മിസ്സിസ്സ് പി.റ്റി.ചാക്കോയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തുവെന്ന വസ്തുത ആനുഷിംഗികമായി പ്രസ്താവിച്ചു കൊള്ളട്ടെ.

അങ്ങനെ, 1945 മുതൽ 1949 വരെയുള്ള കാലയളവിൽ കത്തോലിക്കാ കോൺഗ്രസ്സ് ഫണ്ടിൽ നിന്നും എന്റെ കൈവശം വന്ന ഒരേ ഒരു സംഖ്യ ഈ 100 രൂപ മാത്രമാണ്. അത് കത്തോലിക്കാ കോൺഗ്രസ്സിനു വകവെച്ചു ഞാൻ തിരിച്ചു നൽകുകയും ചെയ്തു. അതേ സമയം പബ്ലിസിറ്റി കൺവീനർ എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസ്സിനു വേണ്ടി 200 ൽപ്പരം രൂപ എന്റെ കയ്യിൽ നിന്നു ചെലവായിട്ടുണ്ട്. എന്നിട്ടും കത്തോലിക്കാ കോൺഗ്രസ്സ് ഫണ്ടു ദുർവിനിയോഗം ചെയ്യപ്പെട്ടതായി ആക്ഷേപമുന്നയിച്ച ചങ്ങനാശ്ശേരിയിലെ ചില യുവസ്നേഹിതന്മാർ എന്റെ പേരും അതിനോടു ഘടിപ്പിക്കുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസ്സിൽ മറ്റു പലരെയുംകാൾ കൂടുതലായി ഞാൻ പ്രവർത്തിച്ചിരുന്നതു കൊണ്ട് അവർക്ക് ആ സംശയമു

www.malankaralibrary.com

ണ്ടാതാകാം. നാം പലപ്പോഴും നമ്മുടെ സ്വന്തം മാനദണ്ഡം വച്ച് മറ്റുള്ള വരെ അളക്കാറുണ്ടല്ലോ. ശർക്കരക്കുടത്തിൽ കയ്യിടുമ്പോഴൊക്കെ നക്കുന്നവർ, കുടത്തിന്റെ അടുത്തു കൂടെ പോകുന്നമറ്റുള്ളവരെപ്പറ്റിയും ഇങ്ങനെ സംശയിച്ചു പോകുന്നുവെന്നേയുള്ളു.

വാസ്തവത്തിൽ, 1945 സെപ്തംബർ മുതൽ 1947 ജൂലൈ വരെയുള്ള കാലയളവിൽ കത്തോലിക്കാ കോൺഗ്രസ്സിന് 81,391-8-0 ക. വരവും 28,463-13-0 ക. ചെലവും ഉണ്ടായി. ഇതിൽ വിദ്യാഭ്യാസ കമ്മിറ്റിക്ക് 2960-0 ക., അച്ചടി, ടൈപ്പിങ്ങ്, കമ്പി, തപാൽ ചെലവുകൾക്ക് 2413-0.0 ക, യാത്ര ച്ചെലവ് 4059 ക., പബ്ലിസിറ്റിക്ക് 4701-8-0 സബ്കമ്മറ്റികൾക്ക് 3075ക., ചങ്ങ നാശ്ശേരി വിശേഷാൽ സമ്മേളനത്തിന് 1000ക. എന്നിങ്ങനെ 18,208-14-0 ക.യും ഞാൻ തടങ്കലിലായിരുന്ന കാലഘട്ടത്തിലാണു ചെലവായിട്ടുള്ളതെന്നു കോൺഗ്രസ്സ് റിക്കാർഡുകൾ തെളിയിക്കുന്നതാണ്. അതുപോലെ തന്നെ മെമ്മോറിയൽ കമ്മിറ്റിക്കു കൊടുത്ത 1000 ക. യും തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കെന്നു പറഞ്ഞു മി. ജോസഫ് മാളിയേക്കൽ വാങ്ങിയ 2500 ക.യും കൊച്ചിയിലേക്കു മി.പി.കെ.പോൾ വാങ്ങിയ 350 ക.യും, മലബാറിലേക്കു മി.ചുമ്മാർ വൈദ്യക്കാരനെ ഏല്പിച്ച 150 ക.യും എന്റെ തടങ്കൽ കാലത്തെ ചെലവുകളാണ്. എനിക്കു പ്രവർത്തന സ്വാതന്ത്ര്യമു ണ്ടായിരുന്നുവെങ്കിൽ ഈ ചെലവുകളിൽ പലതിനേയും ഞാൻ എതിർക്കു മായിരുന്നു എന്നതു ശരി തന്നെ. എന്നിട്ടും കത്തോലിക്കാ കോൺഗ്രസ്സ് പണം ദുർച്ചെലവു ചെയ്തു എന്നുള്ള പരാതിയിൽ ഞാനും പ്രതിക്കൂട്ടിൽ നിൽക്കേണ്ടി വന്നു എന്നത് വല്ലാത്തൊരു വിരോധാഭാസമായിരിക്കുന്നു. ആ സംഖ്യയിൽ 1000ക. സൂത്രത്തിൽ കൈക്കലാക്കിയ ചങ്ങനാശ്ശേരിയിലെ ചില ചെറുപ്പക്കാരായിരുന്നു പരാതിക്കാരെന്നുള്ളത് അതിലും വലിയ വിരോധാ ഭാസമായിരിക്കുന്നു. കോൺഗ്രസ്സ് എന്നെ മറന്നെങ്കിലും കോൺഗ്രസ്സും ഞാനുമായുള്ള ബന്ധം സമുദായം മറന്നില്ലായെന്നു മാത്രമേ ഈ പരാതിക്ക് അർത്ഥമുള്ളു എന്ന് ഞാൻ സമാധാനപ്പെടുന്നു.

അങ്ങനെ ഞാൻ പ്രത്യാശപൂർവം പാർത്തിരുന്ന എല്ലാ കേന്ദ്രങ്ങളും എന്നെ പരിത്യജിച്ച അന്ധകാരപൂർണ്ണമായ ആ ഘട്ടത്തിൽ, പരമപരിപാല കനായ ദൈവത്തിന്റെ കരുണാമസൃണങ്ങളായ കരങ്ങൾ എന്നെ താങ്ങിയി രുന്നുവെന്ന പരമാർത്ഥം കൃതജ്ഞതാപൂർവ്വം ഞാൻ സ്മരിക്കുന്നു. ഞാൻ അപ്പോൾ തെല്ലും പ്രതീക്ഷിക്കാതിരുന്ന ഒരു കേന്ദ്രത്തിൽ നിന്നും 300 രൂപായുടെ ഒരു ചെക്ക് എനിക്കു ലഭിച്ചു (സുന്ദരയ്യർ & സൺസ് കമ്പനി). നാലു കൊല്ലംമുമ്പ് ഏതൊരു സ്ഥാപനത്തെ, അവരുടെ നിർബന്ധപൂർവ്വ മായ ഉപദേശം അവഗണിച്ച്, ഉപേക്ഷിച്ചു കൊണ്ടു മലബാർ മെയിലിനെ സേവിക്കുവാൻ ഇറങ്ങി പുറപ്പെട്ടുവോ, ആ സ്ഥാപനത്തിന്റെ ഉടമസ്ഥൻ അയ ച്ചതായിരുന്നു ആ ചെക്ക്. എനിക്കു ലഭിച്ച തടങ്കലും, എന്റെ സാമ്പത്തിക വിഷമതകളും ആ തമിഴ് ബ്രാഹ്മണന്റെ ഹൃദയത്തെ സ്പർശിച്ചു. ഞാൻ

www.malankaralibrary.com

ആർക്കുവേണ്ടി പണിയെടുത്തുവോ അവർ എന്നെ നടുക്കടലിൽ തള്ളിക്കളഞ്ഞ വസ്തുത ഇന്നുവരെ അദ്ദേഹം അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. സ്വർഗ്ഗത്തിൽ ലഭിക്കുന്ന പ്രതിഫലത്തെപ്പറ്റി വലിയ അറിവില്ലാത്ത അദ്ദേഹം, അത് ഈ ലോകത്തിൽ വച്ചു തന്നെ നൽകാമെന്നു കരുതിയെന്നേയുള്ളൂ. അഥവാ "ഒരു മനുഷ്യൻ നിനക്കുവേണ്ടി എന്തെങ്കിലും വേല ചെയ്താൽ ഉടൻ തന്നെ അവന്റെ കൂലി അവനു കൊടുക്കുക; വേലക്കാരന്റെ കൂലി നിന്റെ പക്കൽ ആയിരിക്കുവാൻ ഇടയാകാതിരിക്കട്ടെ" (തോബിയാസ് IV 15എന്നുള്ള തോബിയാസിന്റെ ഉപദേശം അദ്ദേഹം അനുസ്മരിച്ചിരിക്കണം.

നിരോധനകാലത്തെ എന്റെ ഈ അനുഭവം ഓർക്കുമ്പോഴെല്ലാം ക്രിസ്തു അരുളിച്ചെയ്ത ഒരു അന്യാപദേശം ഞാൻ അനുസ്മരിച്ചു പോകാറുണ്ട്. ഒരിക്കൽ ഒരു യഹൂദൻ ജറുസലേമിൽ നിന്നു ജറീക്കോയിലേക്കു യാത്ര ചെയ്യുകയായിരുന്നു. വഴി മദ്ധ്യേ കള്ളന്മാർ അയാളെ ആക്രമിക്കുകയും, അടിച്ച് അർദ്ധപ്രാണനാക്കി വിടുകയും ചെയ്തു. അടുത്തു തന്നെ ആ വഴിയേ വന്ന ഒരു വൈദികൻ ആ നിർഭാഗ്യവാനെ കണ്ടു കടന്നുപോയി. പിന്നാലെ പുരോഹിതവംശജനായ ഒരു ലെവായനും വന്നു. അയാളും ആ പാവപ്പെട്ടവനെ നോക്കി കടന്നുപോയി. പിന്നീടു വന്നത് യഹൂദന്മാരുടെ ശത്രുവും ശപിക്കപ്പെട്ടവനുമായ ഒരു സമരിയാക്കാരനായിരുന്നു. അയാൾ ആ സാധുവിന്റെ അടുത്തു ചെന്നു പ്രഥമ ശുശ്രൂഷ നൽകുകയും ചെയ്തു. അനന്തരം അടുത്ത സത്രത്തിൽ കൊണ്ടു ചെന്ന് അവനെ ശുശ്രൂഷിക്കുവാൻ സത്രം സൂക്ഷിപ്പുകാരനെ ഭരമേല്പിക്കുകയും ചെയ്തു. ഈ മൂവരിൽ ആരാണ് കള്ളന്മാരുടെ കയ്യിൽപ്പെട്ട യഹൂദന്റെ അയൽക്കാരൻ എന്നു ക്രിസ്തു അടുത്തുണ്ടായിരുന്ന നിയമജ്ഞനോട് ചോദിച്ചു. അവനിൽ കൃപ തോന്നിയ സമരിയാക്കാരൻ എന്നായിരുന്നു നിയമജ്ഞന്റെ മറുപടി.

## 9. ശിക്ഷകൾ പിൻവലിച്ചു

കൊച്ചി ഗവൺമെന്റ് അകാരണമായി എന്നെ നാടുകടത്തിയപ്പോൾ, അതിലൊരു പ്രത്യേകതയും ഞാനുൾപ്പെട്ട സമുദായത്തിനോ, ആ സമുദായത്തിന്റെ നേതൃത്വം ഏറ്റെടുത്തിരുന്നവർക്കോ തോന്നിയില്ലായെന്നു നേരത്തെ പറഞ്ഞുവല്ലോ.

ഒരു പണക്കാരനോ, പണക്കാരുടെ ബന്ധുവോ അല്ലാത്ത, ഭൗതികമായ സ്വാധീനശക്തികളൊന്നുമില്ലാത്ത, ഞാൻ നാടുകടത്തപ്പെട്ടപ്പോൾ, അതിനെ കാര്യമായി പ്രതിഷേധിക്കാനോ, ആ ഉത്തരവു പിൻവലിക്കണമെന്നു ഗവൺമെന്റിനോട് ആവശ്യപ്പെടുവാനോ കത്തോലിക്ക സമുദായ നേതാക്കന്മാർ തയ്യാറായില്ലെങ്കിലും, ഒരു കൂട്ടർ അതിശക്തിയായി പ്രതിഷേധിച്ചുവെന്നു ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ട്. പ്രജാമണ്ഡലം പാർട്ടി നേതാവായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കൊച്ചി നിയമസഭയിൽ ഹാജരാക്കിയ അടിയന്തിര പ്രമേയമാണ് ഞാനുദ്ദേശിക്കുന്നത്. ശ്രീ പനമ്പിള്ളി

www.malankaralibrary.com





യുടെ പ്രമേയത്തിന്റെ ലക്ഷ്യം ഒരു പക്ഷേ ഒരു രാഷ്ട്രീയ മുതലെടുപ്പായിരുന്നിരിക്കാം. എന്നാലെന്ത്? അതിനുള്ള രാജ്യതന്ത്രജ്ഞതയും രാഷ്ട്രീയ വിവേകവും അദ്ദേഹത്തിനു മാത്രമല്ലേ ഉണ്ടായുള്ളു!!

ശ്രീ പനമ്പിള്ളിയുടെ അടിയന്തരപ്രമേയത്തിനു ഗവൺമെന്റ് അവതരണാനുമതി നിഷേധിച്ചുവെങ്കിലും, ഗവൺമെന്റിനു കുറ്റബോധമുളവാക്കുവാൻ ആ പ്രമേയം സഹായിച്ചുവെന്നു തോന്നുന്നു. ഗവൺമെന്റിന്റെ നിലപാടിനെ ന്യായീകരിച്ചു ഏപ്രിൽ 23–ാം തീയതി പുറപ്പെടുവിച്ച പ്രസ് നോട്ടു പോലും ഒരു പരാജയമായിരുന്നു. യഥാർത്ഥത്തിൽ മറ്റാരെയോ തൃപ്തിപ്പെടുത്തുവാൻ വേണ്ടിയായിരുന്നല്ലോ കൊച്ചി ഗവൺമെന്റ് ഈ വേഷം കെട്ടിയത്. കൊച്ചിക്കുള്ളിൽ നിന്നു സുശക്തമായ പ്രതിഷേധസ്വരമുയർന്നിരുന്നെങ്കിൽ, വളരെ നേരത്തെ തന്നെ ഗവൺമെന്റ് ആ ഉത്തരവു പിൻവലിക്കുമായിരുന്നു. പക്ഷെ അങ്ങനെ യാതൊരു സമ്മർദ്ദവും ഉണ്ടാകായ്കമൂലം ആ ഉത്തരവ് രണ്ടു മാസക്കാലത്തേക്കു പ്രാബല്യത്തിലിരുന്നു.

1946 ജൂൺ മാസം 12–ാം തീയതി കൊച്ചി ഗവൺമെന്റിന്റെ ഒരു ഉത്തരവ് എനിക്കു ലഭിച്ചു. ഗവൺമെന്റ് ചീഫ് സെക്രട്ടറി ശ്രീ. രാമവർമ്മത്തമ്പുരാൻ ഒപ്പിട്ടിട്ടുള്ള ജൂൺ 10–ാം തീയതിയിലെ, ആ ഉത്തരവിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. “കൊച്ചി സംസ്ഥാനത്ത് പൊതുജനരക്ഷയും, പൊതുക്രമപാലനവും സമാധാനപരമായ സ്ഥിതിഗതികളും നിലനിർത്തിക്കൊണ്ടു പോകുന്നതിന് തിരുവിതാംകൂർ ചങ്ങനാശ്ശേരി താലൂക്കിൽ, നെടുങ്കുന്നം പകുതിയിൽപെട്ട മി. മരുതൂപ്പറമ്പിൽ ഔസേപ്പു ജോസഫിനെ കൊച്ചിയിൽ നിന്നു നീക്കം ചെയ്യുകയും അവിടേക്കു ടിയാൻ തിരിച്ചു വരുന്നതിനെ നിരോധിക്കുകയും ചെയ്യുന്നതായി 1946 ഏപ്രിൽ 6–ാം തീയതി തങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു പ്രാബല്യത്തിൽ വച്ചു കൊണ്ടിരിക്കേണ്ട യാതൊരാവശ്യവും ഇനിയില്ലെന്നു (കൊച്ചി) ഗവൺമെന്റിനു ബോദ്ധ്യമായിരിക്കുന്നതിനാൽ, പ്രസ്തുതോത്തരവ് ഗവൺമെന്റ് ഇതിനാൽ റദ്ദുചെയ്തിരിക്കുന്നു.”

ഈ ഉത്തരവുമൂലം എന്റെ നാടുകടത്തൽ ശിക്ഷ അവസാനിച്ചു. എനിക്ക് ഇനി ഇഷ്ടാനുസരണം കൊച്ചി സംസ്ഥാനത്തേക്കു തിരിച്ചു പോകാം. പക്ഷെ, തിരുവിതാംകൂറിൽ, തടങ്കലിലാക്കപ്പെട്ടിരിക്കുന്ന എനിക്ക്, നിയമം ലംഘിക്കാതെ, നെടുങ്കുന്നത്തിന്റെ പരിധിവിട്ടു പോകുക സാദ്ധ്യമല്ല. നെടുങ്കുന്നത്തിന്റെ പിരിധി കടക്കാതെ ഞാനെങ്ങനെ കൊച്ചിയിലെത്തും? ചുരുക്കത്തിൽ കൊച്ചി ഗവൺമെന്റിന്റെ ഈ ഉത്തരവു കൊണ്ടു പ്രായോഗികമായി എനിക്കു യാതൊരു പ്രയോജനവും ഉണ്ടായിരിക്കുന്നില്ല. പ്രയോജനം സിദ്ധിക്കണമെങ്കിൽ തിരുവിതാംകൂർ ഗവൺമെന്റും അവരുടെ ഉത്തരവു പിൻവലിക്കണം. അതിനു തിരുവിതാംകൂർ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനോ, പ്രതിഷേധസ്വരമുയർത്തുന്നതിനോ, ആരുമുണ്ടായിരുന്നില്ല. വിദ്യാഭ്യാസ പ്രക്ഷോഭണമാണെങ്കിൽ അപ്പോഴേക്കും തളർന്നു തണു

www.malankaralibrary.com

ത്തുകഴിഞ്ഞിരുന്നു. അതിന്റെ നേതൃത്വസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന പലരും മറ്റ് ആദായകരമായ ജോലികളിൽ വ്യാപൃതരായി.

ഒടുവിൽ തിരുവിതാംകൂർ ഗവൺമെന്റിനു തന്നെ, ആ നിരോധനോത്തരവുകൾ പിൻവലിക്കുവാൻ ദയ തോന്നി എന്നു പറഞ്ഞാൽ മതിയല്ലോ. 1946 ജൂൺമാസം ഒടുവിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഒരു പ്രസ്നോട്ടിൽ, എല്ലാവിധ നിരോധനോത്തരവുകളും പിൻവലിച്ചു കഴിഞ്ഞതായി പ്രസ്താവിച്ചിരുന്നു. പക്ഷെ എനിക്കു യാതൊരു അറിയിപ്പും ലഭിച്ചില്ല. ആകയാൽ ജൂലൈ 6-ാം തീയതി പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ പാർത്ഥസാരഥി അയ്യങ്കാർക്കു ഞാൻ ഇങ്ങനെയൊരു കത്തെഴുതി. 'തടങ്കലും നിരോധനവും സംബന്ധിച്ച എല്ലാ ഉത്തരവുകളും പിൻവലിച്ചിരിക്കുന്നതായി തിരുവിതാംകൂർ ഗവൺമെന്റ് ഒരു പ്രസ്നോട്ടു പുറപ്പെടുവിച്ചിരുന്ന വസ്തുത ദിനപത്രങ്ങളിൽ റിപ്പോർട്ടു ചെയ്തു കാണുന്നു. എന്നാൽ അത് സംബന്ധിച്ച് ആരിൽ നിന്നും ഒരറിയിപ്പും ഇതേവരെ എനിക്കു ലഭിച്ചിട്ടില്ല. കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചതിൽ അവർക്കും അതു സംബന്ധിച്ചു യാതൊരു അറിവുമില്ലെന്നു പറയുന്നു. ആകയാൽ ഗവൺമെന്റിന്റെ ആ പ്രസ്നോട്ട് എനിക്കുകൂടി ബാധകമാണോയെന്നും, എന്റെ മേൽ ചുമത്തപ്പെട്ടിരുന്ന നിയന്ത്രണങ്ങൾ പിൻവലിക്കപ്പെട്ടുവോ എന്നു സദയം എന്നെ അറിയിച്ചാലും."

ഐ.ജി. ഉടൻ തന്നെ, ജൂലൈ 10-ാം തീയതി, എനിക്കു മറുപടി അയച്ചുതന്നു. "പ്രസ് നോട്ട് ഒരു പൊതുനയ പ്രഖ്യാപനം മാത്രമാണ്". നൈയാമികോത്തരവുകളെ അത് അസാധുവാക്കുകയില്ല. ഓരോ കേസ് സംബന്ധിച്ചും പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്. അതു യഥാകാലം ഗവൺമെന്റിൽ നിന്നു താങ്കളെ അറിയിക്കുകയും ചെയ്യും." അങ്ങനെ നിയമജ്ഞനായ ഐ.ജി. എനിക്കല്പം നിയമോപദേശം തന്നു. പക്ഷെ, എല്ലാ നിരോധനോത്തരവുകളും പിൻവലിച്ചു കഴിഞ്ഞിരിക്കുന്നുവെന്നു ഗവൺമെന്റ് ചെയ്തു കഴിഞ്ഞ ഒരു സംഗതിയുടെ ഏറ്റു പറച്ചിൽ മാത്രമാണെന്നും അദ്ദേഹം പറയാതെ തന്നെ എനിക്കറിയാമായിരുന്നു. ആ സ്ഥിതിക്ക് എന്റെ മേലുള്ള ഉത്തരവ് പിൻവലിക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോയെന്നായിരുന്നു ഞാൻ ഉന്നയിച്ച പ്രശ്നം.

ജൂലൈ 25-ാം തീയതി ഹജ്ജൂർ സിക്രട്ടറിയേറ്റ് രജിസ്ട്രാക്ക് ഞാൻ ഇങ്ങനെയൊരു കത്തെഴുതി: "തടങ്കലും നിരോധനവും സംബന്ധിച്ചു എല്ലാ ഉത്തരവുകളും തിരുവിതാംകൂർ ഗവൺമെന്റ് പിൻവലിച്ചിരിക്കുന്നതായി, ഉദ്ദേശം ഒരു മാസം മുൻപ് ദിനപത്രങ്ങളിൽ ഒരു പ്രസ്സ് നോട്ട് പ്രസിദ്ധീകൃതമായിരുന്നു. എന്നാൽ ഇതുവരെ ഗവൺമെന്റിൽ നിന്നും യാതൊരു അറിയിപ്പും എനിക്കു ലഭിച്ചില്ല. കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചതിൽ അവർക്കും ഇതു സംബന്ധിച്ചു യാതൊരറിവുമില്ലെന്ന് പറയുന്നു.

www.malankaralibrary.com

ജൂലൈ 6–ാം തീയതി പോലീസ് ഇൻസ്പെക്ടർ ജനറലിനു ഞാൻ എഴുതിയതിന് അടുത്തു തന്നെ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും യഥാകാലം എന്നെ അറിയിക്കുന്നതുമാണെന്ന് മറുപടി കിട്ടി. പക്ഷെ ഇതുവരെ യാതൊരറിയിപ്പും എനിക്കു ലഭിച്ചിട്ടില്ല. ആകയാൽ പ്രസ്തുത പ്രസ് നോട്ടും, അടുത്തകാലത്ത് നിയമസഭയിൽ ദിവാൻ ചെയ്ത പ്രഖ്യാപനവും എനിക്കു ബാധകമാണോയെന്നും, എന്റെമേൽ ചുമത്തപ്പെട്ടിരിക്കുന്ന നിയന്ത്രണങ്ങൾ പിൻവലിക്കപ്പെടുമോയെന്നും സദയം എന്നെ അറിയിക്കുക.

ഇതിന് ഒരു മറുപടി അയക്കേണ്ട ആവശ്യമില്ലെന്നു രജിസ്ട്രാർ തീരുമാനിച്ചു. നാട്ടുകാർ അയക്കുന്ന കത്തുകൾക്കൊക്കെ മറുപടി അയക്കുകയാണോ, പൊന്നുതമ്പുരാന്റെ ഉപ്പും ചോറും തിന്നുന്ന ഒരു സർക്കാരുദ്യോഗസ്ഥന്റെ ചുമതല? ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനകീയ ഗവൺമെന്റ് ഉണ്ടെന്നു പറയപ്പെടുന്ന ഈ കാലത്തു പോലും, ജനങ്ങളിൽ നിന്നു കിട്ടുന്ന നിവേദനങ്ങൾക്ക്, അവ കിട്ടിയെന്നുള്ള ഒരു സൂചന പോലും, ലഭിക്കാറില്ലല്ലോ. ആ സ്ഥിതിക്ക് ഒരു സ്വേച്ഛാധിപത്യ ഗവൺമെന്റിലെ ഉദ്യോഗസ്ഥനെപ്പറ്റി ആരെന്തിനു പരാതിപ്പെടണം? പക്ഷെ, ഉത്തരവുകൾ പിൻവലിച്ചു എന്നു വീമ്പു പറഞ്ഞ് ഗവൺമെന്റ് നല്ലപിള്ള ചമയുമ്പോൾ, ആരും അറിയാതെ, ആ ഉത്തരവുകൾ പ്രാബല്യത്തിലിരിക്കുന്ന സമ്പ്രദായം ഞാൻ ഇഷ്ടപ്പെട്ടില്ല. അതു കൊണ്ടു താഴെ കാണുന്നതുപോലെയുള്ള ഒരു പത്രപ്രസ്താവന ഞാൻ പുറപ്പെടുവിച്ചു.

'ഈയിടെ തിരുവിതാംകൂർ ഗവൺമെന്റിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഒന്നും രണ്ടും പ്രസ് വോട്ടുകൾ വായിച്ചശേഷം, എന്റെ മേൽ ചുമത്തപ്പെട്ടിട്ടുള്ള നിരോധനം പിൻവലിച്ചിട്ടില്ലേയെന്നു പലരും അന്വേഷിച്ചു കൊണ്ടിരുന്നു. എല്ലാവർക്കും പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കുക സാദ്ധ്യമല്ലാത്തു കൊണ്ടു ഈ കുറിപ്പെഴുതുന്നതാണ്. നിരോധനം നീക്കിയെന്നുള്ള പ്രസ്നോട്ട് കണ്ടശേഷം ഞാൻ ഇൻസ്പെക്ടർ ജനറലിന് എഴുതിച്ചോദിച്ചതിൽ പ്രസ്നോട്ട് പൊതുനയത്തെപ്പറ്റിയുള്ള ഒരു പ്രഖ്യാപനം മാത്രമാണെന്നും, നൈയാമികമായ ഉത്തരവുകളെ അതു ഇല്ലാതാക്കുകയില്ലെന്നും, എന്നെ അറിയിച്ചിരിക്കുന്നു. നിരോധിക്കപ്പെട്ടിരിക്കുന്ന ഓരോരുത്തരെപ്പറ്റിയും, ഗവൺമെന്റിൽ നിന്നും പ്രത്യേകം പ്രത്യേകം ഉത്തരവു പാസ്സാക്കുന്നതുവരെ നിരോധനം നിലവിലിരിക്കുന്നതാണ്."

ഈ പത്രപ്രസ്താവനയ്ക്കു ഫലമുണ്ടായി എന്നുവേണം പറയുവാൻ. ഇൻസ്പെക്ടർ ജനറൽ 27–ാം തീയതി എനിക്കയച്ച ഒരു കത്തിൽ എന്റെ മേൽ ചുമത്തപ്പെട്ടിരിക്കുന്ന നിയന്ത്രണങ്ങൾ റദ്ദു ചെയ്തിരിക്കുന്നുവെന്നും, അതു സംബന്ധിച്ചു ഗവൺമെന്റ് ഉത്തരവ് കറുകച്ചാൽ പോലീസ് ഇൻസ്പെക്ടർ എനിക്കു നൽകുന്നതാണെന്നും പ്രസ്താവിച്ചിരുന്നു. ജൂലൈ 30–ാം തീയതി പ്രസ്തുത പോലീസ് ഇൻസ്പെക്ടർ പ്രസക്തമായ ഉത്തരവ്

www.malankaralibrary.com

എനിക്കു നൽകുകയും ചെയ്തു. ജൂലൈ 21-ാം തീയതിയിലെയാണ് ഉത്തരവ്. മി.എം.ഒ.ജോസഫ്, നെടുങ്കുന്നം പകുതിക്കുപുറമേ, പോയിക്കൂടായെന്നു നിരോധിച്ചു കൊണ്ട് 1946 ഏപ്രിൽ 10-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദു ചെയ്യുവാനും, അതുമൂലം നൽകിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുവാനും മഹാരാജാവ് തിരുമനസ്സിലെ ഗവൺമെന്റ് കല്പനയായിരിക്കുന്നു" എന്നായിരുന്നു ആ ഉത്തരവ്.

അങ്ങനെ ഗവൺമെന്റ് പ്രസ് നോട്ടിറക്കി ഒരുമാസം കഴിഞ്ഞപ്പോൾ, റദ്ദാക്കാൻ ഉത്തരവു പുറപ്പെടുവിച്ച് ഒൻപതുദിവസം കഴിഞ്ഞപ്പോൾ, എന്റെ തടങ്കൽ ശിക്ഷ അവസാനിച്ചു. മെയ് 19-ാം തീയതി സി,.ഐ.ഡി ഇൻസ്പെക്ടർ മി. കുര്യൻ വഴി ഐ.ജി. എനിക്കു നൽകിയ ഗുണദോഷം നിരാകരിച്ച ധിക്കാരത്തിന് ഇങ്ങനെയെങ്കിലും എന്നെ നല്ലപാഠം പഠിപ്പിക്കുവാൻ സാധിച്ചതിൽ ശ്രീ. പാർത്ഥസാരഥി അയ്യങ്കാർ സന്തോഷിച്ചിരിക്കണം.

ചെയ്യപ്പെടാത്ത കുറ്റങ്ങളുടെ പേരിലാണ് ഗവൺമെന്റ് എന്നെ ശിക്ഷിച്ചതെങ്കിലും, അതു പ്രമാണിച്ചു എനിക്കു ഗവൺമെന്റിനോട് എന്തെങ്കിലും അതൃപ്തിയോ പകയോ തോന്നിയില്ല. ഒരു സ്വോച്ഛാധിപത്യ ഗവൺമെന്റിന് എതിരായുള്ള പ്രക്ഷോഭണത്തിൽ ഈദൃശാനുഭവങ്ങൾ സംഭവ്യമാണല്ലോ. മനസ്സ് പതറാതെ, ആദർശത്തിൽ അടിയുറച്ചു നിൽക്കുന്നവർക്ക്, ഏതുതരം ക്ലേശങ്ങളും, പീഡനങ്ങളും അസഹ്യങ്ങളായി തോന്നുകയില്ല. "കലപ്പയിന്മേൽ തന്റെ കൈ വച്ചശേഷം പിൻപിലേക്കു തിരിഞ്ഞു നോക്കുന്ന ഒരുത്തനും ദൈവരാജ്യത്തിനു തക്കവനല്ല" (ലൂക്കാ.IX,62) എന്നാണല്ലോ ക്രിസ്തു പറഞ്ഞിട്ടുള്ളത്. കലപ്പയിൽ കൈവച്ചശേഷം ഞാൻ പിന്തിരിഞ്ഞില്ലയെന്ന അഭിമാനം അന്നെന്നു പോലെ ഇന്നും എനിക്കു സന്തോഷജനകമായിരിക്കുന്നുണ്ട്.

പക്ഷെ രണ്ടു ഗവൺമെന്റുകളിൽ നിന്ന് ഒരേസമയം എനിക്കു ലഭിച്ച ശിക്ഷയെ സമചിത്തതയോടെ വീക്ഷിക്കുവാൻ എന്റെ ബന്ധുജനങ്ങളിൽ ചിലർക്ക് സാധിച്ചിട്ടില്ലെന്ന് എനിക്കറിയാം. എന്നാൽ കല്ലുകളെ അപ്പമാക്കാനും, കരിംപാറക്കെട്ടിനെ ശീതള ജലമാക്കാനും കരുത്തുറ്റ അനന്തമായ ദൈവപരിപാലനയെ നാം സമാശ്രയിക്കുകയാണ് വേണ്ടത്. എന്റെ നാടുകടത്തലും നിരോധനവും, മറ്റുവിധത്തിൽ എത്രതന്നെ അസുഖദായകങ്ങളായിരുന്നെങ്കിലും, അതിനെ നന്മയായി പകർത്തുവൻ സർവ്വശക്തനായ ദൈവത്തിനു കഴിഞ്ഞു. ആ നിരോധന ശിക്ഷ എനിക്ക് ഒരു ജീവിത സഖിയെ നേടിത്തന്നു. അങ്ങനെയൊരു നിരോധനം അന്നു എനിക്കു ലഭിച്ചില്ലായിരുന്നുവെങ്കിൽ, ഞാൻ നാലഞ്ചുമാസം തുടർച്ചയായി വീട്ടിൽ വന്ന് താമസിക്കുന്നതിനോ, ആ ജീവിതസഖിയെ കണ്ടെത്തുന്നതിനോ, അവരെ വിവാഹം ചെയ്യുന്നതിനോ എനിക്കു അവസരം ഉണ്ടാകുമായിരുന്നില്ല.

www.malankaralibrary.com

# 16. ഏ.കെ.സി.സി. ബുള്ളറ്റിൻ ചില സജീവസ്മരണകൾ

(കത്തോലിക്കാ കോൺഗ്രസ് കമ്മറ്റിയിൽ മൂന്നരദശാബ്ദക്കാലം അംഗമായിരുന്ന എം.ഒ. ജോസഫാണ് എ.കെ.സി.സി ബുള്ളറ്റിൻ ആരംഭിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചത്. ബുള്ളറ്റിൻ രജതജൂബിലി പതിപ്പിൽ എം.ഒ. എഴുതിയ ഓർമ്മക്കുറിപ്പുകളാണ് താഴെ ചേർത്തിരിക്കുന്നത്.)

ഏ.കെ.സി.സി ബുള്ളറ്റിന്റെ 25-ാം വത്സരപൂർത്തി പ്രമാണിച്ചു ഒരു വിശേഷാൽപ്രതി പ്രസിദ്ധീകരിക്കുന്നുവെന്ന് അറിയുന്നതിൽ അതിന്റെ ആരംഭവുമായി ഏറ്റവുമധികം ബന്ധപ്പെട്ടിട്ടുള്ള എനിക്ക് അതിയായ സന്തോഷം തോന്നുന്നു.

കത്തോലിക്കാകോൺഗ്രസിന്റെ ഔദ്യോഗികജിഹ്വയായി ഒരു പ്രസിദ്ധീകരണം വേണമെന്നുള്ള അഭിപ്രായം പല വാർഷിക സമ്മേളനങ്ങളിലും പ്രകടിതമായിട്ടുള്ളതാണ്. 1946 മേയ് മാസത്തിൽ അതിരമ്പുഴ കൂടിയ വാർഷിക സമ്മേളനത്തിൽ "കോൺഗ്രസിന്റെ പ്രവർത്തനങ്ങളും നയങ്ങളും യഥാവസരം പ്രസിദ്ധപ്പെടുത്തി അവയ്ക്കു പൊതുജനങ്ങളുടെ പിന്തുണ നേടുന്നതിനും, സഭയ്ക്കും സമുദായത്തിനും എതിരായി നടത്തപ്പെടുന്ന വ്യാജപ്രചരണങ്ങളെ എതിർത്തു യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തുന്നതിനുമായി ഒരു ബുള്ളറ്റിൻ തുടങ്ങേണ്ടതാണെ"ന്നുള്ള ഒരു പ്രമേയം അംഗീകരിക്കുകയുണ്ടായി. അതിനു മുൻപു നടന്ന സമ്മേളനങ്ങളുടെ മനോഭാവം ആവർത്തിക്കുക മാത്രമാണ് അതിരമ്പുഴ ചെയ്തത്.

വീണ്ടും 1947 ജൂലൈമാസത്തിൽ എറണാകുളത്തു കൂടിയ 22-ാം വാർഷികസമ്മേളനം ഇങ്ങനെ തീരുമാനിക്കുകയുണ്ടായി. "അഖില കേരള കത്തോലിക്ക കോൺഗ്രസിന്റെ പരിപാടികളെ പൊതുജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുന്നതിനും ശാഖാംഗങ്ങളുടെ പ്രവർത്തനത്തിനു ഒരു ക്രോഡീകരണം നൽകുന്നതിനും പര്യാപ്തമായ വിധം ഹെഡ്ആഫീസിൽ നിന്ന് ഏ.കെ.സി.സി. ബുള്ളറ്റിൻ എന്ന പേരിൽ ഒരു പ്രതിപക്ഷ പത്രിക പ്രസിദ്ധം ചെയ്യേണ്ടതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു."

കത്തോലിക്കാ കോൺഗ്രസിന് ഒരിക്കലും ആശയങ്ങളുടെയോ പരിപാടികളുടെയോ ദൗർലഭ്യം ഉണ്ടായിട്ടില്ല. പ്രവർത്തകരുടെ കുറവു മാത്രമേ അനുഭവപ്പെട്ടിട്ടുള്ളു. തന്മൂലമാണ് പാസാക്കപ്പെടുന്ന പ്രമേയങ്ങൾ പലതും പ്രാവർത്തികമാകാതെ പോകുന്നത്. ബുള്ളറ്റിൻപ്രശ്നവും അങ്ങനെ ഒരു കടലാസുപദ്ധതിയായി കിടക്കുകയായിരുന്നു.

1946-ൽ കത്തോലിക്കകോൺഗ്രസിന് ഇദംപ്രഥമായി ഒരു ആഫീസ്

www.malankaralibrary.com

എറണാകുളത്തു സ്ഥാപിതമായി. അന്നത്തെ ചുറ്റുപാടിൽ പ്രസിഡന്റോ, ജനറൽ സെക്രട്ടറിയോ ആഫീസിൽ വന്നിരുന്നു ജോലികൾ നിർവഹിക്കുക സാദ്ധ്യമായിരുന്നില്ല. തന്മൂലം അന്നത്തെ പ്രസിഡന്റു ശ്രീ തര്യത് കുഞ്ഞി ത്തൊമ്മൻ സ്വന്തം ഉത്തരവാദിത്വത്തിൽ ശ്രീ അമ്പലത്തിങ്കൽ അബ്രഹാ മിനെ ആഫീസ് മാനേജരായി നിയമിച്ചു. നല്ലൊരു സമുദായ സ്നേഹിയും സാമൂഹ്യപ്രവർത്തകനുമായിരുന്ന ശ്രീ അബ്രാഹത്തിന്റെ അകാല നിര്യാ ണത്തെത്തുടർന്ന് ആഫീസു തന്നെ നാമമാത്രമായി. ശ്രീ കുഞ്ഞിത്തൊമ്മൻ പ്രസിഡന്റു സ്ഥാനം ഒഴിയുകയും ശ്രീ. സി.എ.ഔസേപ്പ് പ്രസിഡന്റാകു കയും ചെയ്തു. ആഫീസു പ്രവർത്തനം ഒരു ചിട്ടയിലാക്കുന്നതിനായി അന്ന് എറണാകുളത്തുണ്ടായിരുന്ന ഈ ലേഖകൻ തന്നെ ആഫീസിന്റെ ചുമതല ഏറ്റെടുക്കണമെന്ന് ശ്രീ ഔസേപ്പു നിർബന്ധിച്ചു. അന്നു മലബാർ മെയിൽ എഡിറ്റോറിയൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന എനിക്കു വ്യക്തിപരമായി അതിനു പല ആസൗകര്യങ്ങളുമുണ്ടായിരുന്നു.

എങ്കിലും തൽക്കാലത്തേക്കു ആ സ്ഥാനം ഏൽക്കാമെന്നു ഞാൻ സമ്മതിച്ചു. അങ്ങനെ 1947 ആഗസ്റ്റ് 10-ാം തീയതി ഞാൻ ആഫീസ് സൂപ്ര ണ്ടായി നിയമിതനായി. ആഫീസിന്റെ ചുമതല ഏറ്റെടുത്ത ഉടനെ ദീർഘ കാലമായി മരവിച്ചു കിടന്ന ബുള്ളറ്റിൻ പ്രശ്നം ഒരു യഥാർത്ഥ്യമാക്കി ത്തീർക്കണമെന്നു ഞാൻ നിശ്ചയിച്ചു. ബുള്ളറ്റിൻ പ്രസിദ്ധീകരണത്തിനു ണ്ടായിരുന്ന ഏറ്റവും വലിയ പ്രതിബന്ധം സാമ്പത്തികമായിരുന്നു. അന്നു മാർ ളൂയീസ് മെമ്മോറിയൽ പ്രസിന്റെ മാനേജരായിരുന്ന റവ. ഫാ.തോ മസ് വെളുത്തേടത്തുമായി ഞാൻ ഈ പ്രശ്നം ചർച്ച ചെയ്തു. പരമാവധി പ്രതിമാസം 50 രൂപവരെ പ്രസിൽ നിന്നു ഇതിലേക്കു മുടക്കാമെന്ന് അദ്ദേഹം ഏറ്റതോടുകൂടി എനിക്കു ധൈര്യമുണ്ടായി.

1947 ആഗസ്റ്റ് 10-ാം തീയതി കൂടിയ മാനേജിംഗ് കമ്മിറ്റി താഴെ പറയു ന്നതു പോലെ ഒരു നിശ്ചയം ചെയ്തു. "കഴിഞ്ഞ വാർഷികയോഗത്തിൽ നിശ്ചയിച്ചമാതിരിയുള്ള കോൺഗ്രസ് ബുള്ളറ്റിൻ അഖിലകേരള കത്തോ ലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിക്കുവേണ്ടി തൽക്കാലം ശ്രി.എം.ഒ. ജോസഫ് നെടുങ്കുന്നം എഡിറ്ററും പബ്ലീഷറുമായി പ്രസിദ്ധം ചെയ്യേണ്ടതാ ണെന്നു തീരുമാനിച്ചു. മെ.സി.ജെ.വർക്കി, എം.എം.വർക്കി, സിറിയക്ക് കണ്ട ത്തിൽ എന്നിവർ ബുള്ളറ്റിന്റെ പ്രസിദ്ധീകരണകാര്യത്തിൽ ഒരു ഉപദേശക സമിതി ആയിരിക്കുന്നതാണ്. ബുള്ളറ്റിൻ പ്രതിപക്ഷമായി പ്രസിദ്ധീകരിക്കേ ണ്ടതാകുന്നു." പിന്നീടു കൂടിയ വർക്കിംഗ് കമ്മിറ്റിയോഗം "കോൺഗ്രസ് ബുള്ളറ്റിൻ എല്ലാ മാസങ്ങളിലും 15-ഉം, 30-ഉം തീയതികളിൽ പ്രസിദ്ധപ്പെ ടുത്തേണ്ടതാണെന്നും ഒന്നാമത്തെ ലക്കം ആഗസ്റ്റ് 30-ാം തീയതി തന്നെ പുറപ്പെടുവിക്കണമെന്നും നിശ്ചയിക്കുകയും മി.എം.ഒ.ജോസഫിനെ അതിന് അധികാരപ്പെടുത്തുകയും ചെയ്തു."

ബുള്ളറ്റിൻ പ്രസിദ്ധപ്പെടുത്തണമെന്നു നിശ്ചയിക്കുകയും അതിന്

www.malankaralibrary.com

എന്നെ അധികാരപ്പെടുത്തുകയും ചെയ്തെങ്കിലും അതിലേക്ക് ആവശ്യമായ പണം അനുവദിക്കുകയോ അതിന്റെ ഒരു രൂപ രേഖ നിശ്ചയിക്കുകയൊ ഉണ്ടായില്ല. എല്ലാം എന്റെ അഭിപ്രായത്തിനും തീരുമാനത്തിനും വിടുകയാണ് ചെയ്തത്. ബുള്ളറ്റിന്റെ രൂപഭാവങ്ങളെപ്പറ്റി ചിന്തിച്ചപ്പോൾ ബോംബെയിൽ നിന്നു പുറപ്പെടുന്ന എക്സാമിനർ പത്രം പോലെ ഫുൾസാക്കാപ്പുസൈസിൽ തന്നെ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുവാൻ ഞാൻ തീരുമാനിച്ചു. പ്രസാധക ക്കുറിപ്പുകളോടു കൂടി ബുള്ളറ്റിൻ ആരംഭിക്കുന്നരീതി അങ്ങനെ എക്സാമി നറിൽ നിന്നു പകർത്തിയതാണ്. ഗാന്ധിജി എഡിറ്റു ചെയ്തിരുന്ന ഹരിജൻ പത്രവും ഈ സൈസിലും രൂപത്തിലുമായിരുന്നല്ലോ. ഞാൻ പ്രസാധക നായിരുന്ന കാലത്തോളം ഈ ഭാവത്തിലും രൂപത്തിലുമാണു ബുള്ളറ്റിൻ പ്രസാധനം ചെയ്തിരുന്നത്.

1947 ആഗസ്റ്റ് 30-ാം തീയതിയിലെ ഒന്നാം ലക്കത്തിൽ പ്രസാധകൻ എന്ന നിലയിൽ ഞാൻ എഴുതിയിരുന്ന "പ്രസ്താവന" അന്യത്ര ചേർത്തി ട്ടുണ്ട്. ബുള്ളറ്റിനു 3 ക.യാണ്. വാർഷിക വരിസംഖ്യ നിശ്ചയിച്ചത്. രണ്ടാം ലക്കത്തിൽ അതേപ്പറ്റി ചേർത്തിരുന്ന ഒരു കുറിപ്പിൽ ഇങ്ങനെ പറഞ്ഞിരു ന്നു. "ഇപ്പോഴത്തെ ഭീമമായ അച്ചടിക്കൂലിയും കടലാസുവിലയും പരിഗണി ക്കപ്പെടണം. യഥാർത്ഥ ചെലവിന്റെ 75 ശതമാനം മാത്രമേ വരിസംഖ്യയായി ചുമത്തിയിട്ടുള്ളു." ബുള്ളറ്റിൻ ധാരാളമായി പ്രചരിക്കമെന്നു പ്രതീക്ഷിച്ചി രുന്നു. ഏറ്റവും കൂടുതലായ സഹകരണം പ്രതീക്ഷിച്ചിരുന്നതു ശാഖാസം ഘങ്ങളിൽ നിന്നായിരുന്നു. എന്നാൽ അവരുടെ പ്രതികരണം അങ്ങനെയാ യിരുന്നില്ലെന്നു 1948 ജനുവരി 15-ാം തീയതിയിലെ പ്രസാധകകുറിപ്പു വ്യക്ത മാക്കുന്നു. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"കോൺഗ്രസിന്റെ ആദർശങ്ങളെയും നിശ്ചയങ്ങളെയും കോൺഗ്രസ് സാമാജികന്മാരെയും മറ്റു സമുദായാംഗങ്ങളെയും യഥാകാലം അറിയിക്കണ മെന്നുള്ള സദുദ്ദേശ്യത്തോടുകൂടിയാണ് ഈ ബുള്ളറ്റിൻ ആരംഭിച്ചിട്ടുള്ളത്. കോൺഗ്രസ് ശാഖാ സംഘങ്ങൾക്ക് അതു നിയമേന അയച്ചു കൊണ്ടിരിക്കു കയും ചെയ്യുന്നു. ബുള്ളറ്റിന്റെ പ്രചരണം കോൺഗ്രസ്സിന്റെ ആദർശങ്ങളുടെ പ്രചരണമാണെന്നുള്ള വസ്തുതയെ മുൻനിർത്തിയാണു അതിന്റെ വരിസംഖ്യ യഥാർത്ഥ ചെലവിന്റെ 60 ശതമാനത്തിൽ കവിയേണ്ടായെന്നു ഭാരവാഹികൾ തീരുമാനിച്ചതും. എന്നാൽ ബുള്ളറ്റിൻ ധാരാളമായി പ്രചരിപ്പിക്കുന്ന വിഷയ ത്തിൽ പ്രതീക്ഷിച്ചത്ര ഉത്സാഹം ശാഖാസംഘങ്ങൾ കാണിക്കുന്നില്ലെന്നു പറ യേണ്ടിയിരിക്കുന്നു. ചില സാമാജകന്മാർ ബുള്ളറ്റിനെപ്പറ്റി അറിഞ്ഞു കേട്ട് ഇപ്പോൾ വരിക്കാരിയി ചേർന്നുവരുന്നുണ്ടെന്നു സന്തോഷപൂർവ്വം പ്രസ്താ വിച്ചു കൊള്ളുന്നു. ശാഖകൾ കൂടുതൽ ഉത്സാഹം കാണിച്ചിരുന്നുവെങ്കിൽ ബുള്ളറ്റിനു വളരെ കൂടുതൽ വരിക്കാരെ ലഭിക്കുമായിരുന്നു.

"ഈയിടെ ഒരു ശാഖാസംഘം സന്ദർശിക്കുവാനിടയായപ്പോൾ

www.malankaralibrary.com





കോൺഗ്രസ് ബുള്ളറ്റിന്റെ പ്രതികൾ ഇവിടെ നിന്ന് അയച്ചു കൊടുത്തതു ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതു കണ്ടു. സൂക്ഷിച്ചു വയ്ക്കുന്നതു നല്ലതു തന്നെ. പക്ഷേ കമ്മിറ്റിയംഗങ്ങൾ തന്നെയും പലരും അവ കാണാറില്ലെന്നു മനസ്സിലായി. അംഗങ്ങൾക്കു കാണാനല്ലെങ്കിൽ പിന്നെ ബുള്ളറ്റിന്റെ ആവശ്യമെന്താണ്? അതിനാൽ ഞായറാഴ്ച ദിവസങ്ങളിൽ ശാഖയുടെ പൊതുയോഗമോ കമ്മിറ്റിയോഗമോ വിളിച്ചു കൂട്ടി ബുള്ളറ്റിൻ എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തുവാൻ ശാഖാസംഘം സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്ന സംഗതികൾ എല്ലാ സാമാജികന്മാരുടെയും ശ്രദ്ധയിൽ പെടുത്തണം. അംഗസംഖ്യ കൂടുതലുള്ള ശാഖകളിൽ ബുള്ളറ്റിന്റെ കൂടുതൽ പ്രതികൾ വരുത്തുന്നതു ഇതിലേക്കു വളരെ സഹായകമാകുന്നതാണ്. കോൺഗ്രസിന്റെ ആദർശങ്ങളും തീരുമാനങ്ങളും സാമാന്യജനങ്ങൾ അറിയുക തന്നെ വേണമെന്ന പരമാർത്ഥം ശാഖാപ്രവർത്തകന്മാർ വിസ്മരിക്കരുത്.

ഇതിനിടയിൽ ശ്രീ ജയിംസ് കണ്ടത്തിൽ ആഫീസ് സെക്രട്ടറിയായി നിയമിതനായതിനാൽ 1947 സെപ്റ്റംബർ 28-നു ഞാൻ ആഫീസ് സൂപ്രണ്ടു സ്ഥാനം ഒഴിഞ്ഞു. അതോടു കൂടി എന്നെ ബുള്ളറ്റിന്റെ എഡിറ്ററും പ്രിന്ററും പബ്ളിഷറുമായി വർക്കിംഗ് കമ്മിറ്റി നിയമിച്ചു. ആഫീസ് സിക്രട്ടറിയുടെ ശമ്പളം 150 ക. യെന്നാണു നേരത്തെ നിശ്ചയിച്ചിരുന്നതെങ്കിലും ശ്രീ ജയിംസിനു 120 ക.യാണു വേതനം നിശ്ചയിച്ചത്. ബാക്കി 30 ക. ബുള്ളറ്റിന്റെ എഡിറ്റർക്ക് അലവൻസായി നീക്കിവയ്ക്കുകയാണു ചെയ്തത്. 1947 സെപ്റ്റംബർ 28-ാം തീയതി കൂടിയ വർക്കിംഗ് കമ്മിറ്റി മറ്റൊരു നിശ്ചയവും ചെയ്തിരുന്നു. 1947 ആഗസ്റ്റ് 10-ാം തീയതി മുതൽ ആഫീസ് സൂപ്രണ്ടായിരുന്ന മി. എം.ഒ. ജോസഫിനോടു വർക്കിംഗ് കമ്മിറ്റിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു എന്നൊരു പ്രമേയം കമ്മിറ്റി പാസാക്കി. മി.എം.ഒ ജോസഫിന് ഓണറേറിയമായി ഒരുനൂറുരൂപ്പിക കൊടുക്കാൻ കമ്മിറ്റി തീരുമാനിച്ചു. "അതു തനിക്ക് ആക്ഷേപകരമാണെന്നും, അതിനാൽ അതിനെ എതിർക്കുന്നുവെന്നും, സംഖ്യ താൻ സ്വീകരിക്കുന്നതല്ലെന്നും മി ജോസഫ് കമ്മിറ്റിയെ അറിയിച്ചു."

(ബുള്ളറ്റിൻ, സെപ്റ്റംബർ: 30 ലക്കം പു.3).

ശ്രീ ജയിംസ് ആഫീസ് സിക്രട്ടറിയായതിനു ശേഷവും ഞാൻ ബുള്ളറ്റിൽ എഡിറ്റു ചെയ്തു കൊണ്ടിരുന്നു. അതിനിടയിലാണ് അപ്രതീക്ഷിതമായൊരു തിക്താനവുഭവം എനിക്കുണ്ടായത്. കത്തോലിക്കാകോൺഗ്രസും കേരള കത്തോലിക്കാ ട്രസ്റ്റുമായുള്ള അവകാശത്തർക്കം അന്നേ ആരംഭിച്ചിരുന്നു. അതേപ്പറ്റിയുള്ള യഥാർത്ഥ വിവരങ്ങൾ പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണെന്നു തോന്നുകയാൽ അതുസംബന്ധമായ ഔദ്യോഗിക രേഖകൾ "കോൺഗ്രസിന് ഒരു കേന്ദ്രാലയം" എന്ന തലക്കെട്ടിൽ 1947 ഒക്ടോബർ 30-ാം തീയതിയിലെ ലക്കത്തിൽ ഞാൻ പ്രസിദ്ധം ചെയ്തിരുന്നു. ആ

www.malankaralibrary.com

യഥാർത്ഥ്യങ്ങൾ പരസ്യമാക്കിയതു് ഒരു വിഭാഗമാളുകൾ സമചിത്തത യോടെയല്ല വീക്ഷിച്ചത്. സത്യം പറയണമെന്നു സമ്മതിച്ചാൽ തന്നെയും എല്ലാ സത്യങ്ങളും പറഞ്ഞുകൊള്ളണമെന്നില്ലെന്നായിരുന്നു അവരുടെ നില പാട്. ആ യുക്തിവാദത്തോടു യോജിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഈ ആശയം ഒരു നയമായി സ്വീകരിച്ച് ബുള്ളറ്റിൻ എഡിറ്റുചെയ്യുവാൻ എനിക്കു താല്പര്യം തോന്നിയില്ല.

അതിനാൽ 1948 ജനുവരി 15-ാം തീയതിയിലെ ലക്കത്തോടു കൂടി ബുള്ളറ്റിന്റെ പത്രാധിപത്യവും പ്രസാധകത്വവും ഞാൻ ഉപേക്ഷിച്ചു. പിന്നീടു ഒരു ലക്കം കൂടി എന്റെ പേരിൽ ഇറങ്ങിയെങ്കിലും അത് എഡിറ്റുചെയ്തത് ശ്രീ ജയിംസ് കണ്ടത്തിലാണ്. 1948 മാർച്ച് 21-ലെ ലക്കം മുതൽ പത്രാധി പരായും പ്രസാധകനായും പേരു വച്ചിരിക്കുന്നത് ശ്രീ ജയിംസിന്റെയാണ്. ആ ലക്കം ബുള്ളറ്റിൻ ഒന്നാം പുസ്തകം ഒന്നാം ലക്കമായിട്ടാണ് അദ്ദേഹം നമ്പരിട്ടിരിക്കുന്നത്. അതിനുമുൻപ് എന്റെ പത്രാധിപത്യത്തിലും പേരിലും ഇറങ്ങിയ 11 ലക്കങ്ങൾ പരിഗണിക്കപ്പെടേണ്ടതില്ലെന്നു പക്ഷേ അദ്ദേഹത്തിനു തോന്നിയിരിക്കാം. ബുള്ളറ്റിൻ പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപു തന്നെ ഡിക്ല റേഷൻ എഴുതിവച്ചു അംഗീകാരത്തിനു ഞാൻ അപേക്ഷിച്ചിരുന്നു. ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയ തീയതി മുതലുള്ള ലക്കങ്ങൾക്കു അദ്ദേഹം നമ്പരിടുകയായിരുന്നിരിക്കണം.

ഏതായാലും ഞാൻ എഡിറ്റു ചെയ്തിട്ടുള്ള ലക്കങ്ങളെല്ലാം അതു തുടങ്ങിയപ്പോൾ എനിക്കുണ്ടായിരുന്ന ആദർശത്തിൽ തന്നെയാണ് തുടർന്നു പോയിട്ടുള്ളത്. എല്ലാ ലക്കങ്ങളും തുടരുന്നതു പ്രസാധകക്കുറിപ്പുകളോടെ യാണ്. സമുദായത്തിന്റെ ശ്രദ്ധ പതിയേണ്ട പ്രധാന പ്രശ്നങ്ങൾ ആ കുറി പ്പുകളിൽ ഞാൻ പരാമർശിച്ചിരുന്നു. പിന്നീടു കൂടുന്ന വർക്കിംഗ് കമ്മിറ്റി യോഗത്തിന്റെ പരിചിന്തനത്തിനുവേണ്ട വിഷയങ്ങൾ അങ്ങനെ ഞാൻ ചൂണ്ടി ക്കാണിച്ചിരുന്നു. കേരളത്തിലെ എല്ലാ പത്രമാസികകളും വായിക്കുന്നതിനു അന്നു സൗകര്യമുണ്ടായിരുന്നതിനാൽ ഇതു എളുപ്പമായിരുന്നു.

ഞാൻ പത്രാധിപത്യവും ഉത്തരവാദിത്വവും ഒഴിഞ്ഞെങ്കിലും ശ്രീ ജയിംസ് പ്രസാധകനായിരുന്ന കാലമത്രയും ബുള്ളറ്റിന്റെ എഡിറ്റിംഗിൽ എന്റെ സഹായസഹകരണങ്ങൾ അദ്ദേഹത്തിനു ലഭിച്ചിരുന്നു. കത്തോലി ക്കാകോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഒരു പ്രയോജനപ്രദമായ പ്രസി ദ്ധീകരണമായി അതിനെ വളർത്തിക്കൊണ്ടു വരുന്നതിനു സാധിച്ചുവെന്ന തിൽ എനിക്കു കൃതാർത്ഥതയുണ്ട്.

www.malankaralibrary.com





# 17. വിവിധ പ്രവർത്തനങ്ങൾ

കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിൽ നീണ്ട 35 വർഷക്കാലം അദ്ദേഹം അംഗമായിരുന്നല്ലോ? ഈ കാലഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് അംഗീകരിച്ച മിക്ക പ്രമേയങ്ങളും എം. ഒ തന്നെ തയ്യാറാക്കിയിട്ടുള്ളതാണ്. സമകാലീന പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് സമുദായം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനുള്ള നിർദ്ദേശങ്ങളും അദ്ദേഹം സമർപ്പിച്ചിരുന്നു. കത്തോലിക്കാ കോൺഗ്രസ് അക്കാലത്ത് നിയോഗിച്ച പല കമ്മറ്റികളുടെയും കൺവീനറും അദ്ദേഹമായിരുന്നു. കേരള സോഷ്യൽ സർവ്വീസ് ആൻഡ് എഡ്യൂക്കേഷൻ സബ്ബ് കമ്മറ്റി 1959-ൽ രൂപീകരിച്ചപ്പോൾ അതിന്റെ കൺവീനർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ശ്രീ. എം.ഒ. ജോസഫ് നെടുകുന്നമായിരുന്നു. ഷെവ വി. സി. ജോർജും ജോൺസൺ വള്ളിക്കാപ്പനുമായിരുന്നു മറ്റംഗങ്ങൾ. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭരണഘടനയനുസരിച്ച് പ്രവർത്തിക്കേണ്ട എല്ലാ കാര്യങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടായിരുന്നു ആ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചത്. ആ കമ്മറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ ഓരോന്നോരോന്നായി ചൂണ്ടി കാണിക്കുവാൻ എം.ഒ.യ്ക്ക് സാധിച്ചിരുന്നു. കോൺഗ്രസ്സ് ശാഖാ സംഘടനയുടെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക, സ്വാതന്ത്ര്യ തൊഴിലാളി സംഘടനകൾ ഇടവക രൂപതാതലത്തിൽ രൂപീകരിക്കുക, അവയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ശേഖരിക്കുക, യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിവർഷം വിവിധ മത്സരങ്ങൾ നടത്തുക, സാധുക്കളായ സമർത്ഥരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ ഫണ്ട് രൂപീകരിക്കുക, ഇടവകയടിസ്ഥാനത്തിൽ വായനശാലകൾ ആരംഭിക്കുക, സാധിക്കുന്ന കേന്ദ്രങ്ങളിലെല്ലാം ബുക്കുസ്റ്റാളുകൾ നടത്തുക,. ഇടവകകൾ തോറും പഠനക്കളരികളും ചർച്ചായോഗങ്ങളും സംഘടിപ്പിക്കുക, വിദ്യാർത്ഥി സദനങ്ങൾ സ്ഥാപിക്കുക, സാങ്കേതിക പഠനത്തിന് അവസരം സൃഷ്ഠിക്കുക. സംഗീതം, ചിത്രമെഴുത്ത്, അഭിനയം മുതലായ കലകളിൽ വാസനയുള്ളവരെ പ്രത്യേകം പരിശീലനം നൽകി വളർത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ എം. ഒ. സമുദായത്തിന്റെ മുൻപിൽ അവതരിപ്പിച്ചിട്ടുണ്ട്.

സാങ്കേതിക കോളേജുകളും, സർവ്വകലാശാലകളും ആരംഭിക്കുന്നതിന് കേന്ദ്രതലത്തിൽ സഭയുടെ നേതൃത്വത്തിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഒരു പക്ഷേ ആദ്യമായി അഭിപ്രായപ്പെട്ടതും എം.

www.malankaralibrary.com

ഒ.ജോസഫും കത്തോലിക്കാ കോൺഗ്രസ്സും ആയിരിക്കും.

ഒരു പ്രസദ്ധീകരണശാലയും ഒരു വാരികയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വൻകിട വ്യവസായങ്ങളും ആരംഭിക്കുന്നതിനെപ്പറ്റിയും കുടിയേറ്റം വ്യാപകമാക്കുന്നതിനെപ്പറ്റിയും പ്രത്യേക പദ്ധതികൾ എം.ഒ. ആസൂത്രണം ചെയ്യുകയുണ്ടായി. അവശോദ്ധാരണം മുന്നിൽ കണ്ട് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതകളെപ്പറ്റിയും അദ്ദേഹം വ്യക്തമായ രൂപരേഖ സമർപ്പിക്കുകയുണ്ടായി.

## ഗ്രീഷ്മകാല വിദ്യാലയം

ശ്രീ. എം.ഒ. ജോസഫ്, ഷെവ: സി.ജെ. വർക്കി ജയിംസ് കണ്ടത്തിൽ എന്നിവരുടെ സഹകരണത്തോടെ കത്തോലിക്കാ കോൺഗ്രസ് രൂപം കൊടുത്ത ഒരു പദ്ധതിയാണ് ഗ്രീഷ്മ കാലവിദ്യാലയം. യുവജനങ്ങളുടെ ആദ്ധ്യാത്മിക വിജ്ഞാനം വിപുലപ്പെടുത്തുന്നതിനും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെ ഫലപ്രദമായി നേരിടുന്നതിനും യുവാക്കന്മാർക്ക് സാമൂഹ്യസേവന വിഷയത്തിൽ വേണ്ട പരിശീലനം നൽകുന്നതിനുംവേണ്ടിയാണ് 1949-ൽ ഗ്രീഷ്മകാലവിദ്യാലയം ആരംഭിച്ചത്. അവധിക്കാലത്ത് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികളാണ് ഇതു സംബന്ധിച്ച് ആവിഷ്കരിച്ചിരുന്നത്. വിജ്ഞാനപ്രദമായ ക്ലാസുകൾ, വിനോദയാത്ര, ധ്യാനം മുതലായവ ഇതോടനുബന്ധിച്ച് നടത്തിക്കൊണ്ടിരുന്നു. നേതൃത്വ പരിശീലനം ലക്ഷ്യമാക്കി ആദ്യം ഒരു പദ്ധതി തയ്യാറാക്കി പ്രവർത്തനം തുടങ്ങിയത് കത്തോലിക്കാ കോൺഗ്രസാണ്. അതിന്റെ പിന്നിലെ പ്രായോഗിക ബുദ്ധി മുഴുവൻ എം.ഒ. ജോസഫിന്റേതുമായിരുന്നു. 1949-ൽ തേവര വച്ചും 1950-ൽ മാന്നാനത്തുവച്ചും ഓരോ ഗ്രീഷ്മകാല വിദ്യാലയം സംഘടിപ്പിക്കുകയും ചെയ്തു.

## എഡ്യൂക്കേഷൻ കൗൺസിൽ

സമുദായത്തിന്റെ വിദ്യാഭ്യാസപരമായ അഭ്യുന്നതിക്കും മാനേജുമെന്റിന്റിയും അദ്ധ്യാപകരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. അതിനാൽ മാനേജുമെന്റിന്റെയും അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും പ്രതിനിധികളടങ്ങിയ ഒരു എഡ്യുക്കേഷൻ കൗൺസിൽ രൂപീകരിക്കണമെന്ന് എം.ഒ. കത്തോലിക്കാ കോൺഗ്രസ്സിലുടെ സമർപ്പിക്കുയുണ്ടായി. കത്തോലിക്കാ അദ്ധ്യാപകരുടെ സംഘടനകൾ രൂപീകരിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 1943-ൽ പാലായിൽ ചേർന്ന കത്തലിക്കാ കോൺഗ്രസ് വാർഷിക സമ്മേളനം ഇതിന് പദ്ധതി നിർദ്ദേശിക്കുകയും ചെയ്തു. കാത്തലിക് എഡ്യുക്കേഷൻ കൗൺസിൽ രൂപീകരണത്തിനുവേണ്ടി എം.ഒ. വളരെ യത്നിക്കുകയും ചെയ്തു. എന്നാൽ ആ നിർദ്ദേശത്തെ വിദ്യാഭ്യാസ ചുമതലകൈകാര്യം ചെയ്തിരുന്നവർ സ്വാഗതം ചെയ്തില്ല. 1958-ൽ മാനേജർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ഒരു കോൺഫ

www.malankaralibrary.com

റൻസ് കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചു കൂട്ടുകയും പ്രസ്തുത കോൺഫറൻസിൽ വച്ച് മാനേജർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും രക്ഷാകർത്താക്കളുടെയും ഏഴേഴു പ്രതിനിധികൾ അടങ്ങിയ ഒരു അഡ്ഹോക്ക് കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. അതിന്റെ പ്രവർത്തനവും ഫലപ്രദമായി തീരാത്തതിൽ എം.ഒ. ദുഃഖിതനായിരുന്നു. അദ്ദേഹം ഈ വിഷയത്തെപ്പറ്റി എഴുതിയ ലേഖനങ്ങൾ ഓട്ടേറെ വിവാദം സൃഷ്ടുക്കുകയും ചെയ്തു.

ആ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് കത്തോലിക്കാ സമുദായത്തിന്റെ ഒരു മാഗ്നാകാർട്ടയാണെന്ന് പറയാവുന്നതാണ്. സമുദായത്തെ സ്പർശിക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും ആ റിപ്പോർട്ടിൽ വിശദമായി പ്രതിപാദിക്കുകയും ഓരോന്നിനും പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ ക്രൈസ്തവ സമുദായത്തിന്റെ പ്രത്യേകതയെപ്പറ്റി വിവരിച്ചിരിക്കുന്ന ഒരു ഭാഗം താഴെ ചേർക്കുന്നു. കാര്യങ്ങളെ എത്ര സത്യസന്ധമായിട്ടാണ് വിലയിരുത്തിയിരിക്കുന്നതെന്ന് ആ ഭാഗം സ്പഷ്ടമാക്കുന്നു.

'കേരളത്തിലെ ഇതരസമുദായങ്ങളെ അപേക്ഷിച്ച് കത്തോലിക്കാ സമുദായത്തിന്റെ നില ഒന്നു പ്രത്യേകമാകുന്നു ഈ പ്രത്യേകത കണക്കുക്കൂട്ടാതെയുള്ള യാതൊരു സാമൂഹ്യപ്രസ്ഥാനവും ഈ നാട്ടിൽ വിജയിക്കുകയില്ല. നമുക്ക് സുദൃഢമായ ഒരു ആദ്ധ്യാത്മികസംഘടനയുണ്ട്. ഈ ആദ്ധ്യാത്മിക സംഘടന, കേരളകത്തോലിക്കരുടെ മതവിശ്വാസകാര്യങ്ങളെന്നപോലെ വിദ്യാഭ്യാസപരവും സാമൂഹ്യവുമായ കാര്യങ്ങളിലും ശ്രദ്ധ ചെലുത്തിക്കൊണ്ടാണിരിക്കുന്നത്. അങ്ങനെ ഈ ആദ്ധ്യാത്മിക സംഘടനയുടെ കീഴിൽ, വൈദികരുടെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ, ദേവാലയങ്ങൾ, വിദ്യാശാലകൾ, അനാഥശാലകൾ, ആശുപത്രികൾ മുതലായവ നടന്നുപോരുന്നു. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിലേക്ക് കത്തോലിക്കർ ഉദാരമായി പലപ്പോഴും നിർബന്ധപൂർവ്വം തന്നെ, ധനസഹായം ചെയ്തുപോരുന്നു. വിവാഹം മരണം മുതലായ ആവശ്യങ്ങളെ മുൻനിർത്തിയും കത്തോലിക്കർ വിദ്യാഭ്യാസ സംഘടനയെ സഹായിച്ചുകൊണ്ടാണിരിക്കുന്നത്. കേരളത്തിലെ മറ്റ് യാതൊരു സമുദായത്തിനും ഇങ്ങനെ ധനസഹായം ചെയ്യേണ്ടതായി വരുന്നില്ല.

ചോദ്യം ചെയ്യപ്പെടാത്ത അദ്ധ്യാത്മിക പരമാധികാരത്തിന് കീഴ് വളർന്നു വന്നിട്ടുള്ള കേരള കത്തോലിക്കാ സമുദായത്തിന് ആ അധികാരത്തെ സമാശ്രയിക്കാതെ, ഒരടിപോലും മുന്നോട്ടു വയ്ക്കുക സാദ്ധ്യമല്ല. മറ്റു വിധത്തിൽ പറഞ്ഞാൽ ഹയരാർക്കിയുടെ അംഗീകരണവും വൈദികരുടെ സഹകരണവും കൂടാതെയുള്ള യാതൊരു സാമൂഹ്യക്ഷേമ പ്രസ്ഥാനവും വളരുകയോ നിലനിൽക്കുകയോ ചെയ്യുന്നതല്ല. മറ്റു സമുദായങ്ങൾക്ക് ഇത്തരമൊരു പ്രത്യേകത ഇല്ലാത്തതുകൊണ്ട് അവരുടെ സാമുദായികസംഘടനകൾക്ക് നിർബാധം പ്രവർത്തിക്കുവാൻ സാധിക്കുന്നു. കത്തോലിക്കാ

www.malankaralibrary.com

കോൺഗ്രസ്സ് സമാരംഭിച്ച പദ്ധതികൾ പലതും പരാജയപ്പെട്ടതും പുരോഗ മിക്കാത്തതും വൈദിക സഹകരണത്തിന്റെ അഭാവം മൂലമാണെന്ന് സൂക്ഷ്മ മായി പരിശോധിച്ചാൽ കാണാവുന്നതാണ്. ആകയാൽ സമുദായത്തിന്റെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ അഭ്യുന്നതിക്കു പര്യാപ്തമായ ഒരു പദ്ധതി തയ്യാറാക്കുമ്പോൾ ഈ കാര്യം പ്രത്യേകം സ്മരിക്കേണ്ടതാണ്.

പദ്ധതിക്ക് കേരളത്തിലെ കത്തോലിക്കാ വൈദിക മേലദ്ധ്യക്ഷന്മാ രുടെ അംഗീകാരം ലഭിക്കണം. ഹയരാർക്കിയുടെ അംഗീകാരവും പ്രോൽസാ ഹനവും ലഭിക്കാത്ത യാതൊരു പദ്ധതിയും അത്രെതന്നെ കാമ്യമായ തായിരുന്നാലും ആവിഷ്ക്കരിക്കാതിരിക്കുയാണ് ഉത്തമം. ഏതു പദ്ധതിയും നടപ്പിൽ വരുത്തുവാൻ വൈദിക മേലദ്ധ്യക്ഷ്യന്മാർ ജനങ്ങളെ ഉൽബോധി പ്പിക്കുകയും, അതിനുവേണ്ട ക്രിയാത്മകമായ സഹായ സഹകരണങ്ങൾ നൽകുവാൻ വൈദികരോട് ആജ്ഞാപിക്കുകയും വേണം. ഇതുവരെ ബിഷപ്സ് കോൺഫറൻസിന് കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ച രണ്ടു പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടില്ല. ദേവാലയത്തിലെ പ്രസംഗപീഠ ത്തിൽ നിന്നുള്ള ഒരു ആഹ്വാനം കൂടാതെ യാതൊരു ചലനവും സാദ്ധ്യമ ല്ലാത്ത ഒരു നിലയാണ് ഇന്ന് സമുദായത്തിനുള്ളത്. അതിനാൽ ഞങ്ങൾക്ക് ഒന്നാമതായി നിർദ്ദേശിക്കുവാനുള്ളത് ഞങ്ങൾ സമർപ്പിക്കുന്ന ഈ പദ്ധ തിക്ക് വൈദിക മേലദ്ധ്യക്ഷന്മാരുടെ അംഗീകാരവും സഹകരണവും സമ്പാ ദിക്കുവാൻ ശ്രമിക്കണമെന്നതാകുന്നു. അവരുടെ അംഗീകാരവും സഹകര ണവും ലഭിക്കാത്ത എന്തെങ്കിലും പദ്ധതി മുന്നോട്ടുകൊണ്ടു പോകുന്നതു കൊണ്ട് പറയത്തക്ക പ്രയോജനമൊന്നും ഉണ്ടാകാൻ പോകുന്നില്ല. അതൊരു പാഴ്ശ്രമമായിട്ടേ അവസാനിക്കുകയുള്ളൂ.'

വലിയ വിപ്ലവകാരിയും വിട്ടുവീഴ്ച ഇല്ലാത്തവനും എന്ന് സകലരും അംഗീകരിച്ച എം.ഒ. ജോസഫ് യാഥാർത്ഥ്യ ബോധത്തോടെയാണ് പ്രശ്ന ങ്ങൾ കൈകാര്യം ചെയ്തു കൊണ്ടിരുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. പക്ഷെ അദ്ദേഹം ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ അദ്ദേഹം ക്ഷുഭിതനാവുക സാധാരണമാണ്.

www.malankaralibrary.com

# 18. കമ്മ്യൂണിസ്റ്റ് വിരുദ്ധ പദ്ധതി

ഗ്രീഷ്മ കാല വിദ്യാലയത്തിന്റെ ഒരു ലക്ഷ്യം കമ്മ്യൂണിസ്റ്റ് വരുദ്ധ ആശയങ്ങൾ യുവതലമുറയിൽ പ്രചരിപ്പിക്കുകയെന്നതും കൂടിയായിരുന്നു. എന്നാൽ അതിനും ഉപരിയായും സമുദായത്തിന്റെ സാമൂഹ്യവും വിദ്യാഭ്യാസപരമായ അഭ്യുന്നതിക്കു വേണ്ടി കമ്മ്യൂണിസ്റ്റാശയങ്ങളുടെ പ്രചരണത്തെ തടയുന്നതിനുവേണ്ടി 1947-ൽ കത്തോലിക്കാ കോൺഗ്രസ്സിനുവേണ്ടി സമഗ്രമായ ഒരു പരിപാടി തയ്യാറാക്കുകയുണ്ടായി. ആ കമ്മറ്റിയുടെ കൺവീനറും എം.ഒ. തന്നെയായിരുന്നു. മോൺ ജേക്കബ്ബ് നടുവത്തുശേരി മോൺ ജോസഫ് വൈപ്പിശ്ശേരി മുതലായവരുടെ വിദഗ്ദ്ധോപദേശം സ്വീകരിച്ചുകൊണ്ടാണ് ഈ പദ്ധതിക്കു രൂപം കൊടുത്തത്. 1948 നവംബർ മാസത്തിൽ ഈ പദ്ധതി എ.കെ. സി.സി വർക്കിംഗ് കമ്മറ്റിയംഗീകരിക്കുകയും ആ പദ്ധതി കേരളാ കാത്തലിക് ബിഷപ് കോൺഫറൻസിന് സമർപ്പിക്കുകയും ചെയ്തു.

കമ്മ്യൂണിസം ഈ നാട്ടിൽ നുഴഞ്ഞു കയറിയത് ഇവിടുത്തെ സാമൂഹ്യ പ്രശ്നങ്ങൾ ചൂഷണം ചെയ്തുകൊണ്ടാണ് സാമൂഹ്യമായ അവശതകളുടെ പരിഹാരങ്ങൾ കണ്ടുപിടിക്കുന്നതിന് നാം കാണിച്ച കുറ്റകരമായ അനാസ്ഥയാണ് ഇതിന് കാരണം. സാമൂഹ്യപ്രശ്നങ്ങളിൽ നമ്മുടെ ചുമതലയെന്തെന്നതും നാം പ്രവർത്തിക്കേണ്ടത് ഏത് രീതിയിലാണെന്നും പതിമൂന്നാം ലെയോ മാർപാപ്പായും പതിനൊന്നാം പീയൂസ് മാർപാപ്പായും അവരുടെ വിശ്വവിഖ്യാതങ്ങളായ ചാക്രിക ലേഖനങ്ങളിൽ ചൂണ്ടികാണിച്ചിട്ടുണ്ട്. അവ പ്രവർത്തിപഥത്തിൽ വരുത്തുവാൻ നാം ശ്രമിച്ചില്ല. അതിന്റെ ദാരുണഫലമാണ് നാം ഉന്ന് അനുഭവിക്കുന്നത്. ദരിദ്രരെയും സാധുക്കളെയും സംരക്ഷിക്കുവാൻ, അവശരെയും നിസ്സാഹയരെയും തുണയ്ക്കുവാൻ നമ്മുടെ മതം നമ്മോട് അനുശാസിക്കുന്നു. അതിനാൽ കത്തോലിക്കർ പ്രധാനമായും യുവാക്കന്മാർ കൂടുതൽ കൂടുതലായി സാമൂഹ്യരംഗത്ത് പ്രവർത്തിക്കാൻ മുന്നോട്ടു വരണമെന്നും തൊഴിലാളി പ്രവർത്തനങ്ങളുടെ നേതൃത്വം തന്നെ. അവർ ഏറ്റെടുക്കണമെന്നും അത് തങ്ങളുടെ ചുമതലയാണെന്ന ബോദ്ധ്യത്തോടുകൂടി പ്രവർത്തിക്കണമെന്നും എം.ഒ.അടിവരയിട്ട് പ്രസ്താവിച്ചിരുന്നു. ഇത്ര ദീർഘവീക്ഷണത്തോടെ സാമൂഹ്യ പ്രശ്നങ്ങളെ വിലയിരുത്തിയ നേതാക്കന്മാർ നമ്മുടെ സമൂഹത്തിൽ കുറവാണ്. ബിഷപ്പ്സ് കോൺഫറൻസിന് സമർപ്പിച്ച പദ്ധതിയുടെ പൂർണ്ണരൂപം താഴെ ചേർത്തിരിക്കുന്നു.

www.malankaralibrary.com

# THE ALL KERALA CATHOLIC CONGRESS
## Head Office, Ernakulam

## ANTI-COMMUNIST SCHEME

(Under the auspices of the All Kerala Catholic Congress)

This scheme is intended to check the spread of communism in Kerala. It embraces different kinds of measures to be adopted by different agencies, and the measures are classified under two main parts. Part I is the general plan, consisting of measures to be taken by the State or by the public in general, individually or collectively as the case may be. Part II contains specific measures that could be adopted by Catholics some of which could be worked out by individual Catholics some of which could be worked out by individual Catholics or Catholic concerns and organisations, while others could be taken up by the Church and parishes, with the approval and co-operation of Ecclesiastical Authorities, through parish organisation or through Diocesan and local branches of the Congress. Some of the measures could be carried out immediately, while others could be carried out only within a few years. These are placed before the public as a definite programme of activities of various kinds to be adopted by those agencies that are interested in checking the spread of Communism in Kerala.

### Part I -

### ACTVITIES OF THE STATE

**A. Propagandas through the Press and Platform.**

The Publicity Department of the Government may undertake to publish pamphlets on the dangers of Communism, and also encourage Panchayat or Taluk Boards to hold public meetings so as to enlighten the Public in the true nature of Communism.

**B. The Land Problem.**

The Land problem may be solved by adopting the following measures:-

1. It should be the policy of the State to make available to each family a house to live in with sufficient land for cultivation with a view to help the growth and development of peasant proprietors.

www.malankaralibrary.com





For this purpose Government may assign to those who require, on easy terms of occupency, Goverment poromboke and forest lands and lands acquired for this purpose from bigger landlords on payment of just compensation.

2. Tenants should be enabled to own directly under the Govt. the land that they hold as tenants by adopting suitable methods for purchasing on easy terms the right of intermediate landlords.
3. Poor cultivators should be helped with agricultural loans, repayable in small annual installments, for the purchase of implements seeds and manure.

**C. The Labour Problem**

The labour problem must be solved by the following measures:-

1. The minimum wages for agricultural and industrial labourers should be fixed, on the principles of equity and justice, in such a way as to protect the interests of labourers and the industry.
2. Provision may be made fore labourers and other workers in Companies to take shares in the Companies in which they are permanently employed, so that they too are made to feel that the prosperity of the business is their concern as well.
3. A certain fixed percentage of the profits of a business concern must be divided among the clerical establishment as well as the labourers employed therein.
4. A system of compulsory Provident Fund should be introduced for the benefit of all those permanetly employed in a business confern, and to such a Fund the members there of and the Managament or Proprietors should contribute equally.
5. In every locality where labour is largely employed, there must be adequate provision for welfare works such as free medical aid, free education to the children of labourers, recreation clubs, etc. and such provision may be made, according to local circumstances, separately or jointly by the factories in the locality.
6. A part of the daily or weekly or monthly wages or salaries of every employee in any organisation or establishment institution, whether permanent or temporary, should be deposited and credited to his account and such deposits should be teltered in a special Pass Book, which may be kept by the employee. The amount

www.malankaralibrary.com

thus deposited may be drawn upon fully partially, when a special family need arises such as marriages, or funerals, or repairs or improvements to houses or repayment of old debts.

7. Efforts should be made to organize Trade Unions for all groups of labourers and thus to direct such Unions along sound and healthy lines.

8. Connected with every industry, or establishment, or organisation, or institution, there should be a Standing Committee of representatives of Employers and Workers as well as of other Members selected jointly by both the parties, in order to settle matters of common interest, as and when they arise.

**D. The Housing Problem**

The Housing problem may be solved by the following measure:-

1. Govts. And Charitable Trusts should adopt a five-year plan of building houses to solve the growing problem of housing labourers and middle class people in urban areas.

2. The housing scheme may be worked on a rental basis or preferably the cost of the land and of the building thereon may be recovered in annual instalments within ten or fifteen years.

## Part II.

## ACTVITIES OF THE CATHOLICS

**A. Propagandas through the Press and Platform.**

1. Publication of articles and pamphlets on the true nature of communism and its evils as well as on the Papal Encyclicals on Social Order, will help the people to understand the true position and principles. Whenever possible, such pamphlets may be distributed free.

2. Public meetings in parishes will also promote this purpose. For these meetings a panel of good speakers may be selected and some remuneration may have to be paid to them according to individual cases.

3. It is desirable to have one or two priests of each dioceese and of each Religious Congregation in Kerala, who are experts on the Papal Encyclicals and Social Order, set apart for this work of propaganda.

www.malankaralibrary.com

4. Paid workers must be appointed to carry on systematic anti-Communistic propaganda as Communist organisations do.
5. Study circles have to be organised in all parishes and in all colleges and High Schools for the Study of the Papal Encyclicals as well as the nature and evils of Communism and Socialism.
6. 'Social Weeks" and 'Catholic Summer Schools" may be organized where-ever feasible.
7. A 'Central Vigilance Committee" may be formed as part of the regular machinery of the Congress, to watch the Communistic attacks on religion, Church and Ecclesiastics and to do the needful as and when such matters arise.

**B. Social Service Leagues**

1. Parishes may oranise Social Service Leagues as part of a constructive scheme for ameliorating the conditions of the poor. These Leagues will consist of members of all classes in society, and will undertake various works of mercy to ameliorate the condition of the poor.
2. These Leagues may organise Benefit Funds, such as 'Marriage Fund", 'Funeral Fund', 'Education Fund", etc, for the benefit of the poor of their respective parishes.
3. It is highly desirable that rich parishes and Religious Organisations as well as individual Catholics, devote part of their resources to start and maintain charitable institutions, such as dispensaries and homes for the aged, to help the poor of all classes and creeds in the locality.
4. Co-operative Societies may be organised in parishes with a view to train labourers in thrift and to help small businesses by lending money on co-operative principles.
5. Social Services Leagues can undertake arbitration in local disputes to avoid the growing evil of litigation as well as in local disputes between employers and employees.
6. They may fix the wages of agricultural and industrial labourers in the locality by mutual agreement between employers and employees.

C. Such works of mercy fall within 'Catholic Action' in the parish and will, therefore, give Catholic Actionists and local branches of

www.malankaralibrary.com

the Congress a definite field of useful work. As such the enthusiastic encouragement and support of the Parish Priest is necessary for successful working of the Leagues and without their active interest and support the scheme will be a failure. In the solution of the land problem parish churches and Religious Congregations owning extensive properties, could also adopt in their respective areas, the principle underlying. Part I Clause B as far as the provisions of the Canon Law would permit and thus they could set a noble example to the State an to the other Communities. Individual Catholics also who own extensive areas should adopt and act upon the principle aforesaid.

N.B. It may be pointed out that in the India of the future, the church too will be target of Communistic attack as one of the landlords in the area, and out work must be such as to avert the calamity of the spread of Communism and its future attacks or encroachments on Church property. It may also be stated that such attacks might some, not only from a communistic party or Govt. but also from other jealous and hostile parties or communities. To be forewarned is to be forearmed, Moreover, the adoption of this policy will help us to kill another bird too. It must be common knowledge that the poor and labourer classes are becoming alienated under the impression that the Church is a 'Church of the Rich'. Therefore we must win their hearts, as well as the sympathetics of non-Christians by particulary demonstrating that the 'Church of Christ' is really the 'Church of the Poor" as well.

**D. The Labour Problem**

Catholics owning or managing shops, workshops, factories, companies printing and weaving works and Colleges and High Schools give their employees a 'family living wage' as envisaged by the Papal Encyclicals and thus demonstrate to others that the teachings of the Church are sound and practicable.

N.B. It may here be emphasised that it is only by such sympathetic treatment that we could counter act the pernicious influence of the Communistic hold on labourers and show that they could be happy and prosperous even without embracing the dangerous principle of Communism.

www.malankaralibrary.com




## E. The Housing Problem

Such churches and Religious Congregations as could afford, may take up the urgent and important work of providing houses on the plan suggested in Part I Clause D, for Catholics of the labour and middle classes within their respective jurisdictions.

## F. Economic Schemes

1. Catholic could form companies for small scale and large scale farming (Agricultural, diary and poultry), industries and manufacture. Rich Catholics and rich parish churches should liberally invest in such concerns and parish priests of such Churches as having taken shares qualifying for Directorship could become members of the Directors' Board of such Companies, so as to safeguard the interests of the Church Fund invested therein, and also to ensure the application of the principles of 'Rerum Novarum" thereby making Catholic Concerns models to others in the country.
2. To increase the prosperity of those economically backward, schemes of colonisation, in or outside Cochin and Travancore must be encouraged and carried out.

## G. The Education Problem

1. Henceforth, Catholic have to devote their attention and resources less for adding to the existing number of ordinary Colleges and High Schools and more to the Technical side of education, with a view to enable the poor to take advantage of the growing need for technical men.
2. All the Dioceses, or some of the Dioceses, in Kerala, may pool together their resources and start a first-rate Technological College at a suitable centre in Kerala, which will enable young ment to go in large numbers for useful Technological Courses of studies in preference to the ordinary literary courses.
3. In each Diocese, there should be a Technical School, and the poor and deserving boys, especially children of labourers should be educated free in such institutions.
4. In every Diocese and Education Fund could be created by the zealous and united efforts of the clergy and well –to-do Catholics and out of this Fund may be meet the cost of educating poor deserving boys and girls of the Diocese and may be given aids to

www.malankaralibrary.com

poor schools to supplement their inadequate income from fees and Govt. Grants, so as to pay their teachers a reasonable 'family living wage' and thus make them happy contended and efficient teachers.

## CONCLUSION

The Scheme outlined above is a comprehensive one, and consists of various items of practical work, which the all Kerala Catholic Congress should undertake, directly or indirectly, or encourage other agencies to take up. A Scheme of this nature, put forward and worked out by Catholics will encourage others, to fall in line with us and thus to form a united, solid anti- Communist front in India.

In submitting this report, the sub Committee recommends to the Congress (1) that a special standing Committee for anti-Communistic work be appointed to co- ordinate such activities in various Dioceses and Parishes and (2) that a Fund be created for this special work, under the general supervision of the working Committee.

Eranakulam
14th December, 1947

M.O. Joseph
Convener,
Anti- communist Propaganda
Committee of the A.K.C.C.

www.malankaralibrary.com



# 19. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം

1950-ൽ പനമ്പള്ളി ഗോവിന്ദമേനോൻ ഒരു വിദ്യാഭ്യാസ പദ്ധതിക്കു രൂപം കൊടുത്തു. പനമ്പള്ളി പദ്ധതി എന്നപേരിലാണ് അത് അറിയപ്പെട്ടത്. കത്തോലിക്കാ സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ പോലും പനമ്പള്ളി പദ്ധതിക്കെതിരെ ശക്തമായ നിലപാട് എടുക്കാൻ സംശയിച്ച സന്ദർഭത്തിൽ എം.ഒ.ജോസഫ് "പനമ്പള്ളി പദ്ധതി" എന്ന ലഘുലേഖ പ്രസിദ്ധപ്പെടുത്തി. പനമ്പള്ളി പദ്ധതിയുടെ അപകടങ്ങളെപ്പറ്റി സമുദായാംഗങ്ങളെ ബോധവാന്മാരാക്കുവാൻ ആ ലഘുലേഖയ്ക്കു കഴിഞ്ഞു. അതേ തുടർന്നാണ് സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ പ്രക്ഷോഭണം നടന്നത്. തൽഫലമായി പദ്ധതി പൊളിച്ചെഴുതാൻ ഇടയായി. കത്തോലിക്കാ കോൺഗ്രസ്സ് പനമ്പള്ളി പദ്ധതിയെപ്പറ്റി പഠിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പനമ്പള്ളിപദ്ധതിക്കെതിരെ ബഹുജനാഭിപ്രായം രൂപീകരിക്കുന്നതിന് സഹായകരമായി.

## മുണ്ടശ്ശേരി പദ്ധതി

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി പ്രൈവറ്റ് വിദ്യാലയങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒരു വിദ്യാഭ്യാസ പദ്ധതി അവതരിപ്പിച്ചു. പനമ്പള്ളി പദ്ധതിയെ എതിർത്ത എം. ഒ. ജോസഫ്, മുണ്ടശ്ശേരി പദ്ധതിക്കെതിരെ ആഞ്ഞടിച്ചു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരമേറ്റയുടനെ സ്കൂളിലെ സിലബസ് തയ്യാറാക്കാനും പാഠപുസ്തകങ്ങൾ ഒന്നാകെ മാറ്റുവാനും തീരുമാനിക്കുകയും അതിനു വേണ്ടി ഓരോ കമ്മറ്റിയെ നിയമിക്കുകയും ചെയ്തു. സിലബസ് കമ്മറ്റിയിലും പാഠപുസ്തക കമ്മറിയിലും കത്തോലിക്കർക്ക് യാതൊരു പ്രാതിനിധ്യവും നൽകുവാൻ തയ്യാറായില്ല. സമുദായം നോക്കിയല്ല പ്രാഗത്ഭ്യം നോക്കിയാണ് കമ്മറ്റികളിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്നതെന്ന് മുഖ്യമന്ത്രി ഇ.എം.എസ്സ്. പ്രസ്താവിച്ചു. അതിനെതിരെ എം.ഒ. ജോസഫ് തന്റെ മൂർച്ചയേറിയ തൂലിക ചലിപ്പിച്ചു. കേരളത്തിൽ ഏറ്റവും അധികം വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നത് ക്രൈസ്തവരാണെന്നും ആ ക്രൈസ്തവരിൽ നിന്നും പാഠപുസ്തകമ്മറ്റികളിലും സിലബസ് കമ്മറ്റികളിലും ഉൾപ്പെടുത്തുവാൻ കൊള്ളാവുന്നവരായി ആരുമില്ലെന്നുള്ള ഇ.എം. എസ്സിന്റെ പ്രസ്താവന ഖേദകരമാണെന്നും ശ്രീ എം.ഒ. തുറന്നടിച്ചു.

കമ്മ്യൂണിസ്റ്റുകളെയും കമ്മ്യൂണിസ്റ്റ് അനുഭാവികളെയും ഉൾപ്പെടുത്തി രൂപീകരിച്ച പാഠപുസ്തക കമ്മിറ്റി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ എപ്ര

www.malankaralibrary.com

കാരമുള്ളതായിരിക്കുമെന്ന് മനസ്സിലാക്കുവാൻ പ്രയാസമുണ്ടായില്ല. പാഠപുസ്തകങ്ങൾ പുറത്തു വന്നപ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് നൽകിയ പ്രാധാന്യത്തേക്കാൾ കൂടുതൽ പ്രാധാന്യം റഷ്യൻ വിപ്ലവത്തിനും ചൈനീസ് വിപ്ലവത്തിനും നൽകിയിരിക്കുന്നുവെന്ന് മനസ്സിലായി. എന്നു തന്നെയുമല്ല, മഹാത്മാഗാന്ധിക്കും, രവീന്ദ്രനാഥടാഗോറിനും, ജവഹരിലാൽ നെഹ്രുവിനും നൽകിയതിനേക്കാൾ കൂടുതൽ പ്രാധാന്യം ലെനിനും മാർക്സിനും ഒക്കെ നൽകിയിരിക്കുന്നതായും കണ്ടു. കമ്മ്യൂണിസറ്റ് പ്രത്യയ ശാസ്ത്രം കുട്ടികളിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ ശക്തമായി പ്രതികരിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സും എം.ഒ.ജോസഫും തയ്യാറായി മുന്നോട്ടു വന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്തെ പാഠപുസ്തകങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ.എം.ഒ.ജോസഫ് നെടുംകുന്നം കൺവീനറായി ഒരു കമ്മറ്റിയെ കത്തോലിക്കാ കോൺഗ്രസ്സ് നിയമിച്ചു. ആ കമ്മറ്റിയിൽ മോൺ. എൽ.ജെ. ചിറ്റൂർ, ജയിംസ് കണ്ടത്തിൽ, ജയിസ് കെ.സി. മണിമല, പ്രൊഫ. മാത്യു ഉലകംതറ എന്നിവർ അംഗങ്ങളായിരുന്നു. ആ കമ്മറ്റി എല്ലാ പാഠപുസ്തകങ്ങളിലും കടന്നു കൂടിയിട്ടുള്ള തെറ്റുകൾ ചൂണ്ടിക്കാണിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി. ആ റിപ്പോർട്ട് 112 പേജ് ഉണ്ടായിരുന്നു. 3000 കോപ്പികൾ അച്ചടിപ്പിച്ച് രാജ്യമാകെ വിതരണം ചെയ്തു കമ്മ്യൂണിസ്റ്റു ഗവൺമെന്റ് വിദ്യാലയങ്ങളെ കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ പ്രചരണത്തിനു വേണ്ടി എങ്ങനെ ഉപയോഗിക്കുന്നുവെന്ന് മനസ്സിലാക്കാൻ ഈ റിപ്പോർട്ട് സഹായിച്ചു. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി ഇ.എം. എസ്സിനെ സന്ദർശിച്ച് സംഭാഷണം നടത്തിയ സംഘത്തിൽ അഡ്വ. ഇ.എം. ജോസഫ്, കെ.സി.ചാണ്ടി, എം.ഒ.ജോസഫ് നെടുംങ്കുന്നം എന്നിവർ അംഗങ്ങളായിരുന്നു. പ്രശ്നത്തിന്റെ നിയമവശം കെ.സി.ചാണ്ടിയും പുസ്തകങ്ങളുടെ ഉള്ളടക്കത്തെപ്പറ്റി എം. ഒ. ജോസഫുമാണ് മുഖ്യമന്ത്രിയുടെ പക്കൽ നിവേദനം നടത്തിയത്. ഇതിന്റെ ഫലമായി ഗവൺമെന്റ് തെറ്റുകൾ തിരുത്തുവാൻ തയ്യാറായി. തുടർന്നു നടന്ന വിമോചന സമരത്തിലും എം.ഒ. പ്രധാന പങ്കു വഹിക്കുകയുണ്ടായി.

## കുടിയിറക്കിനും മേൽച്ചാർത്തിനുമെതിരെ

1960-ൽ വിമോചന സമരത്തിനുശേഷം അധികാരമേറ്റെടുത്തു ഐക്യ മുന്നണി സർക്കാരിന്റെ കാലത്താണല്ലോ കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിലും കുടിയിറക്ക് ഭീഷണി നിലവിൽ വന്നത്. കത്തോലിക്കാ കോൺഗ്രസ്സിന്റെ പേരാവൂർ ചേർന്ന സമ്മേളനം കുടിയിറക്കുകൾക്കെതിരെ ശക്തമായ നിലപാടെടുത്തു. കിഴക്കൻ മലയോരങ്ങളിലും കൊട്ടിയൂരിലും കർഷകരെ കുടിയിറക്കാനുള്ള നീക്കം നടന്നപ്പോൾ അതിനെതിരെ ബഹുജനാഭിപ്രായം സംഘടിപ്പിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് നിയമിച്ച കമ്മറ്റിയുടെ കൺവീനർ എം. ഒ. ജോസഫ്

www.malankaralibrary.com

നെടുംകുന്നമായിരുന്നു സമുദായം അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രതിസന്ധിഘട്ടങ്ങളിലും ക്രൈസ്തവരുടെ അവകാശങ്ങൾക്കുവേണ്ടി നടന്ന സമരങ്ങളിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ മുൻപന്തിയിൽ നിന്ന് പടപൊരുതി യാതനകൾ സഹിക്കുകയും ചെയ്തിട്ടുള്ള സമുദായ സ്നേഹിയാണ് സ്മര്യപുരുഷൻ.

1961 മേയ് മാസത്തിലാണല്ലോ അയ്യപ്പൻ കോവിലിൽ നിന്നും 2200 കർഷക കുടുംബങ്ങളെ യാതൊരു പുനരധിവാസ സൗകര്യവും നൽകാതെ കുടിയിറക്കി അമരാവതിയിൽ കുടിയിരുത്തിയത് എ.കെ.ജിയും ഫാ. വടക്കനും ബി. വെല്ലിംഗ്ടണുമെല്ലാം അവിടെ ഓടിയെത്തി. സമരത്തിന് നേതൃത്വം നൽകിയ ഫാ. വടക്കനോടൊപ്പം എം.ഒ. ജോസഫും ഈ പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുത്തു. അമരാവതിയിലെ കുടിയിരുത്തലിനുശേഷം കൊട്ടിയൂർ ഏർപ്പെടുത്തിയ മേൽച്ചാർത്തും കർഷക പ്രക്ഷോഭണത്തിന് വഴി തെളിച്ചു. കൊട്ടിയൂർ നിന്നും തിരുവനന്തപുരത്തേക്ക് നടന്ന കാൽ നടജാഥയ്ക്കും എം.ഒ. സകല വിധ പിന്തുണയും നൽകുകയുണ്ടായി. കൊട്ടിയൂർ ജാഥക്കുശേഷം ഒരു കർഷക സമ്മേളനം കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ വിളിച്ചു കൂട്ടാൻ എം. ഒ. ജോസഫിനെയും ദീപിക പത്രാധിപർ ആയിരുന്ന കെ.എം. ജോസഫിനെയുമായിരുന്നു ചുമതലപ്പെടുത്തിയത്. ആ കർഷക സമ്മേളനം വിജയിപ്പിക്കുന്നതിനു വേണ്ടി കിഴക്കൻ മലയോരങ്ങളിലും മലബാറിലെ മലയോര പ്രദേശങ്ങളിലും എം.ഒ. യാത്ര ചെയ്യുകയുണ്ടായി. ആ സമ്മേളനമാണ് മലനാട് കർഷക യൂണിയൻ രൂപീകരിച്ചത്. തുടർന്ന് മലനാട് കർഷക യൂണിയന്റെ പ്രവർത്തനങ്ങളിൽ എം. ഒ. സജീവമായി പങ്കെടുത്തു. 1962-ൽ കുടിയിറക്കു പ്രശ്നം ഉൾപ്പെടെ സമകാലീന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചു കൂട്ടിയ നേതൃ സമ്മേളനത്തിന് സജീവ നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു എം. ഒ. ജോസഫ്.

മലയോര കർഷക പ്രക്ഷോഭണം ശക്തിപ്പെട്ടപ്പോൾ ഫാ. ജോസഫ് വടക്കനെ പൊതു രംഗത്തുനിന്ന് പിൻവലിപ്പിക്കുവാൻ കോൺഗ്രസ്സും കോൺഗ്രസ്സുകാരായ കത്തോലിക്കാ എം. എൽ.എമാരും മന്നത്തു പത്മനാഭനും സംഘടിതമായി പ്രവർത്തിച്ചു. ഫാ. വടക്കനെതിരെ 14 കത്തോലിക്കാ എം. എൽ.എമാരെക്കൊണ്ട് പ്രസ്താവനയിറക്കിച്ചു. ഈ അവസരത്തിൽ ബഹുജനാഭിപ്രായം ഫാ. വടക്കന് അനുകൂലമാക്കുന്നതിന് എം.ഒ. ജോസഫ് നിർണ്ണായക പങ്കു വഹിച്ചു. അന്ന് ശക്തമായ ഒരു പ്രതിരോധനിര സൃഷ്ടിക്കുവാൻ എം. ഒ. യുടെ തൂലികക്കു സാധിച്ചു.

ബി.വെല്ലിംഗ്ടന്റെ ഉപവാസവും തൃശൂർ ലോക്കപ്പ് മർദ്ദനവും കെ. ടി.പി. രൂപീകരണവും ചുരുളികീരിത്തോട്ടു കുടിയിറക്കും എല്ലാം കേരളത്തിന്റെ

www.malankaralibrary.com

രാഷ്ട്രീയ മണ്ഡലത്തിൽ വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചു. തുടർന്ന് ഫാ. വടക്കന്റെ പൊതു പ്രവർത്തനം തൃശൂർ ബിഷപ്പു നിരോധിക്കുകയും കുരിയച്ചിറപള്ളി വികാരിയായി നിയമിക്കുകയും ചെയ്തു. അതോടെ പുതിയ ഒരു സാമൂഹ്യ വിപ്ലവം ഇടവകയിൽ ഫാ. വടക്കൻ ആരംഭിച്ചു. ഫാ. വടക്കന്റെ കുരിയച്ചിറയിലെ പ്രവർത്തനങ്ങൾ കേരളം മുഴുവൻ അറിയപ്പെട്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അതിന്റെ അലയടികൾ വ്യാപിച്ചു.

ഇടവകയിലെ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ രൂപവും ഭാവവും നൽകുവാൻ വടക്കനച്ചനു സാധിച്ചു. ഇടവകയിലെ കത്തോലിക്കരുടെ മാത്രമല്ല, ഇടവകാതിർത്തിയിലുള്ള സകല ജനത്തിന്റെയും സമഗ്രപുരോഗതി ലക്ഷ്യമാക്കി അദ്ദേഹം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ലോകത്തിന് മുഴുവൻ ഒരു പുതിയ വെളിച്ചം പകർന്നു നൽകി. സംഭവബഹുലമായ ആ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിന് എം. ഒ. ജോസഫ് നൽകിയ സേവനം വിലമതിക്കപ്പെടേണ്ടതാണ്. "കുരിയച്ചിറയിലേക്ക് ഒരു തീർത്ഥയാത്ര" എന്ന പേരിൽ അദ്ദേഹം ഒരു ചെറുപുസ്തകം രചിക്കുകയും ചെയ്തു. അതിന്റെ മാറ്റൊലി ഭാരതമാകെ വ്യാപിച്ചു.

ഫാ. വടക്കൻ നേതൃത്വം കൊടുത്ത് രൂപീകരിച്ച കർഷക തൊഴിലാളി പാർട്ടി കേരളത്തിന്റെ ഭരണത്തിൽ പങ്കാളിയായി . കെ.ടി.പിയുടെ പ്രതിനിധിയായി ബി. വെല്ലിംഗ്ടൺ മന്ത്രി സഭയിൽ അംഗമായി. തുടർന്ന് വെല്ലിംഗ്ടണെ അഴിമതിക്കാരനായി ചിത്രീകരിച്ച് ആ മന്ത്രിസഭയെ പൊളിക്കുവാനാണ് പ്രതിപക്ഷ കക്ഷികളും പ്രധാന മാധ്യമങ്ങളും കൂടി ശ്രമിച്ചത്. ബി. വെല്ലിംഗ്ടൺ അധികാരമേറ്റ് ഒരു വർഷം തികയുന്നതിന് മുൻപ് അദ്ദേഹം തിരുവനന്തപുരത്ത് ഒരു ബഹുനിലകെട്ടിടം നിർമ്മിച്ചുവെന്ന് ഒരു എം. എൽ.എ. നിയമസഭയിൽ പറഞ്ഞു. ആ ആരോപണം നിയമസഭയക്ക് പുറത്ത് ഉന്നയിക്കാൻ വെല്ലിംഗ്ടൺ ആ എം. എൽ. എയെ വെല്ലുവിളിച്ചു. പക്ഷെ അതിനുള്ള ധൈര്യം ആ എം. എൽ.എക്ക് ഇല്ലാതായി. ഇതേ രീതിയിൽ ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് വെല്ലിംഗ്ടണെ തേജോവധം ചെയ്യാൻ ശ്രമിച്ചപ്പോൾ എം. ഒ. ജോസഫ് തൂലികയാകുന്ന പടവാളുമായി രംഗത്തുവന്നു. സത്യം ലോകത്തെ അറിയിക്കുന്നുതിനുവേണ്ടി എം. ഒ. എഴുതിയ ലേഖനങ്ങൾ ഒന്ന് സമാഹരിച്ച് പ്രസിദ്ധീകരിച്ചാൽ നീതിക്കുവേണ്ടിയുള്ള എം.ഒ.യുടെ ഗർജ്ജനം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

## മലനാട് ജില്ല

1967-ലെ ഇ.എം.എസ്സ്. മന്ത്രിസഭയാണ് മലനാട് ജില്ല രൂപീകരിക്കാൻ ശ്രമിച്ചത്. മലനാട് ജില്ലാ രൂപീകരണത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കാളീശ്വരനെയാണ് കമ്മീഷനായി സർക്കാർ നിയമിച്ചത്. ആ കമ്മീഷനുമുൻപിൽ വിശദമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി നല്കുന്നതിന് ഫാ. വടക്കനോടൊപ്പം എം.ഒ. ജോസഫും സഹകരിച്ചു. കാളീശ്വരൻ കമ്മീഷനുമുൻപിൽ

www.malankaralibrary.com

റിപ്പോർട്ട് സമർപ്പിച്ചതും എം.ഒ. ജോസഫും ജെ.സി. പെരുമനയും ജോൺക ച്ചിറമറ്റവും ചേർന്നാണ്.

1970-ലെ നിയമ സഭാ തിരഞ്ഞെടുപ്പിൽ വാഴൂർ മണ്ഡലത്തിൽ നിന്നും കെ.ടി പി. ടിക്കറ്റിൽ എം. ഒ. മത്സരിച്ചു പരാജയപ്പെട്ടു.

## ക്രൈസ്തവവിജ്ഞാനകോശം

തുടർന്ന് നെടുംകുന്നത്തായിരുന്നു പ്രവർത്തനം കേന്ദ്രീകരിച്ചത്. നെടുംകുന്നും പള്ളിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുകയുണ്ടായി. ഈ കാലഘട്ടത്തിലാണ് ക്രൈസ്തവ വിജ്ഞാന കോശത്തിന്റെ പ്രവർത്തന ങ്ങളുമായി എം. ഒ. സഹകരിച്ചത്. പ്രകാശം പബ്ലിക്കേഷൻ ആണ് ആ ഗ്രന്ഥം പ്രസദ്ധീകരിച്ചത്. ഫാ. ഹെർമീസു പെരുമാലിൽ സി. എം.ഐ. ആയിരുന്നു അതിന്റെ ഡയറക്ടറും ജനറൽ എഡിറ്ററും. ക്രൈസ്തവ വിജ്ഞാനകോശ നിർമ്മാണത്തിൽ എം. ഒ. വഹിച്ച പങ്ക് ഏറ്റം നിർണ്ണായ കമായിരുന്നു. തന്റെ ആയുഷ്ക്കാല ശേഖരമായ ചരിത്ര രേഖകളെല്ലാം പ്രസ്തുത കോശ ഗ്രന്ഥ നിർമ്മിതിയിൽ അദ്ദേഹം നിർല്ലോഭം പ്രയോജന പ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവ വിജ്ഞാനകോശത്തിന്റെ നിർമ്മിതിയിൽ ഏറ്റം കൂടുതൽ പങ്കുവഹിച്ചത് ശ്രീ എം.ഒ. ജോസഫാണെന്നു പറയാം.

## മാർത്തോമ്മാ-സെന്റ് ഫ്രാൻസീസ് സേവ്യർ ശതാബ്ദി

1952-ൽ എം. ഒ. കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായിരുന്നപ്പോഴാണ് മാർത്തോമ്മാ - സെന്റ് ഫ്രാൻസീസ് സേവ്യർ ശതാബ്ദി ജൂബിലി എറ ണാകുളത്ത് വച്ച് നടത്തപ്പെട്ടത്. പ്രസ്തുത ജൂബിലിക്ക് ആസ്പദമായതും ബിഷപ്സ് കോൺഗ്രസ് അംഗീകരിച്ചതുമായ പദ്ധതി പ്രൊഫസർ സി.ജെ. വർക്കിയും എം. ഒ ജോസഫും ഉൾപ്പെട്ട ഒരു സബ്ബ് കമ്മറ്റി തയ്യാറാക്കിയ താണ്. അക്കൊല്ലത്തെ കോൺഗ്രസ്സ് വാർഷിക സമ്മേളനം ശതാബ്ദി ജൂബി ലിയോടനുബന്ധിച്ച് മാർപാപ്പായുടെ പ്രത്യേക പ്രതിനിധി കർദ്ദിനാൾ ഗിൽറോ യിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുകയും ചെയ്തു. 1972-ൽ കത്തോ ലിക് കോൺഗ്രസ്സ് സമർപ്പിച്ച മെമ്മോറാണ്ടം തയ്യാറാക്കിയതും എം.ഒ. ജോസഫ് ആണ്.

കത്തോലിക്കാ വിദ്യാലയങ്ങൾ ശരിയായി നടത്തുന്നതിന് ഒരു എഡ്യൂ ക്കേഷൻ കൗൺസിൽ സ്ഥാപിക്കണമെന്ന് അദ്ദേഹം കോൺഗ്രസ്സ് യോഗ ങ്ങളിൽ ശക്തിയായി വാദിച്ചു കൊണ്ടിരുന്നു. അതിലേക്ക് കോൺഗ്രസ്സ് ഒരു അഡ്ഹോക്ക് കമ്മറ്റിയെ നിയമിച്ച് ശ്രമങ്ങൾ തടത്തി. തൽഫലമായിട്ടാണ് അഖില കേരളാ കത്തോലിക്കാ വിദ്യാഭ്യാസ കൗൺസിൽ രൂപീകൃതമായ ത്. ആ കൗൺസിലിൽ ചങ്ങനാശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് എം. ഒ. അംഗമായി തിരഞ്ഞെടുക്കുപ്പെടുകയും ചെയ്തു.

www.malankaralibrary.com

# 20. ഷഷ്ട്യബ്ദിയാഘോഷം

പ്രമുഖ ചരിത്രകാരനും സഭാസ്നേഹിയുമായ എം.ഒ.ജോസഫിന്റെ ഷഷ്ടബ്ദി വിപുലമായ തോതിൽ എറണാകുളത്ത് ചാവറ കൾച്ചറൽ സെന്ററിൽ വച്ച് ആഘോഷിച്ചു. 1971 ജൂൺ 6-ന് ചേർന്ന സമ്മേളനത്തിൽ പ്രമുഖ സാഹിത്യകാരനായ സി. കൃഷ്ണൻ നായർ ആദ്ധ്യക്ഷ്യം വഹിച്ചു. മഹാകവി ജി. ശങ്കരക്കുറിപ്പ് യോഗം ഉത്ഘാടനം ചെയ്യുകയും മംഗളപത്രം സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ വച്ച് നൽകപ്പെട്ട മംഗളാശംസാ പത്രം താഴെ ചേർക്കുന്നു.

## ശ്രീ.എം.ഒ.ജോസഫ് നെടുങ്കുന്നം അവർകളുടെ ഷഷ്ട്യബ്ദപൂർത്തി വേളയിൽ സഹൃദയസുഹൃത്തുക്കൾ സമർപ്പിക്കുന്ന മംഗളാശംസപത്രം.

ശ്രീമാൻ,

കഴിഞ്ഞ നാലു ദശകങ്ങളായി അവിരാമമായ തൂലികാവ്യാപരത്താൽ കൈരളിയെ അധമർണ്ണയാക്കി തീർത്ത അങ്ങയ്ക്ക് ആയുരർദ്ധം തികയുന്ന ഈ ശുഭാവസരത്തിൽ സ്നിഗ്ദ്ധാശംസകൾ അർപ്പിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. സാഹിത്യത്തിന്റെ ഗദ്യപദ്യശാഖകളിൽ ഒപ്പം കൈമിടുക്കു കാട്ടിയിട്ടുള്ള സവ്യസാചികൾ അങ്ങയെപ്പോലെ ഇന്ന് അധികം പേരില്ല. "ഊർജ്ജസ്വലതയും വികാരതരളതയും കൊണ്ടു രസഭാവപുഷ്ക്കലമായ കൃതി" യെന്ന മഹാകവി ഉള്ളൂരിനാലും, "ഗംഭീരമായ ജീവിതതത്വങ്ങളായ അലങ്കാര സുന്ദരമായ ഭാഷയിൽ നിവേശിപ്പിച്ച് ആനന്ദ വിജ്ഞാനങ്ങളെ ഒപ്പം പ്രദാനം ചെയ്യുന്ന സരസ മധുരമായ കൃതി" എന്നു കവിതിലകൻ വടക്കും കൂർ രാജരാജവർമ്മയാലും പ്രകീർത്തിതമായ "സ്മരണാജ്ഞലി" എന്ന വിലാപകാവ്യം ഒന്നുമാത്രംമതി അങ്ങയുടെ കവിയശസ്സ് നിലനിർത്തുവാനെന്നു ഡോ.കൊളത്തേരി ശങ്കരമേനോൻ അഭിപ്രായപ്പെട്ടത് സപ്രഹർഷം ഞങ്ങൾ ഇവിടെ ആവർത്തിക്കുന്നു.

എന്നാൽ പാരാവാരം പോലെ പരന്നു കിടക്കുന്ന അങ്ങയുടെ ഗദ്യരചനാ സഞ്ചയം വിസ്മയാദരങ്ങളോടെയല്ലാതെ ഞങ്ങൾക്ക് അനുസ്മരിക്കാവതല്ല. പ്രശസ്തങ്ങളായ മുപ്പതിലേറെ ഗദ്യകൃതികൾ ഇതിനകം അങ്ങയുടേതായി വെളിച്ചം കണ്ടിട്ടുണ്ട്. ഗ്രന്ഥസംഖ്യ കൊണ്ടു വയഃസംഖ്യയെ അതിജീവിച്ചു നില്ക്കുന്ന അങ്ങയുടെ പത്രലേഖനങ്ങൾ അസംഖ്യങ്ങൾ തന്നെ

www.malankaralibrary.com

യാണ്. സാഹിത്യ നിരൂപണം, ചരിത്രഗവേഷണം, എന്നീ മണ്ഡലങ്ങളിൽ ഒരു ലേഖിനീവല്ലഭനായും സാമൂഹ്യ മതസാംസ്ക്കാരിക മേഖലകളിൽ ഒരു തൂലികാസേനാനിയായും ഒന്നു പോലെ വിരാജിക്കുന്ന അങ്ങയുടെ ബഹുമുഖ വിജ്ഞാനത്തെ ഞങ്ങൾ ആദരിക്കുന്നു.

മേൽപറഞ്ഞ സവിശേഷതകളെല്ലാം തികഞ്ഞു നില്ക്കുന്ന “തച്ചിൽ മാത്തൂത്തരകൻ” എന്ന ഒറ്റ ഗവേഷണ ഗ്രന്ഥംമതി അങ്ങയുടെ യശസ്സ് ശാശ്വതീകരിക്കുവാൻ. പക്ഷപാതബുദ്ധികളായ ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ രാജ്യദ്രോഹിയായി നിറംമങ്ങി കിടന്ന മാത്തൂത്തരകന്റെ കിടയറ്റ സ്വരാജ്യസേവന ചരിത്രം അപൂർവ്വ രേഖകളുടെ അകമ്പടിയോടും യുക്തിവിചാര കൗശലത്തോടും കൂടി സരസമധുരമായ ഗദ്യശൈലിയിൽ അങ്ങ് ആവിഷ്ക്കരിച്ച് വച്ചപ്പോൾ ചരിത്രവും സാഹിത്യവും സമൂഹവും ഋണബദ്ധമായി രാജകേശവദാസനെപ്പോലെ രാജ്യസേവയുടെ രക്തസാക്ഷിയായി തീർന്ന മാത്തൂത്തരകന്റെ ഈ യഥാർത്ഥ ചരിത്രത്തിനു നമ്മുടെ സർവ്വകലാശാല ഒരു ഡോക്ടറേറ്റു നൽകാതിരിക്കുന്ന പക്ഷം അതിന്റെ അവമതി സർവ്വകലാശാലയ്ക്കു തന്നെയായിരിക്കും എന്നു “കൗമുദി” പത്രത്തിൽ ശ്രീ.കെ. ദാമോദരൻ രേഖപ്പെടുത്തിയത് ഒട്ടും അതിശയോക്തിയല്ല. ശക്തിയും മൂർച്ചയുമുള്ള ഭാഷയിൽ വായനക്കാരനെ വികാരാധീനനും ആവേശഭരിതനുമാക്കി കൊണ്ടു ചരിത്രത്തിൽ അറിയപ്പെട്ടതും അമിതപ്രശംസയല്ല. ഈ ഗ്രന്ഥത്തിനു കേരള ക്രിസ്ത്യൻ റൈറ്റേഴ്സ് ആന്റ് ജേർണ്ണലിസ്റ്റ് ഫെലോഷിപ്പ് നൽകിയ “സാഹിത്യതാരം” അവാർഡ് മേൽപറഞ്ഞ വസ്തുതകളുടെ ഒരു ലഘുവായ അംഗീകരണമായി മാത്രമേ ഗണിക്കപ്പെടേണ്ടതുള്ളു.

വില്ലാർവെട്ടം, വീരരാഘവപ്പട്ടയം, വലിയ കപ്പിത്താൻ, മാക്കോപ്പോളൊ കണ്ട കേരളം മുതലായ ഗ്രന്ഥങ്ങൾ അങ്ങയുടെ സൂക്ഷ്മമായ ചരിത്ര ഗവേഷണത്തിനും പ്രബന്ധരത്നാവലി, പ്രബന്ധമുക്താവലി, സാഹിത്യബോധിനി, ഭാഷാപ്രേമികൾ മുതലായ ഗ്രന്ഥങ്ങൾ സാഹിത്യചിന്തകൾക്കും മഹാകവി ഉള്ളൂർ, ഗാർഷ്യാ മൊരീനൊ, ഹെർഹിറ്റ്ലർ, മാതൃകാതൊഴിലാളി മുതലായവ മതവിജ്ഞാനത്തിനും നിദർശനങ്ങളായി ശോഭിക്കുന്ന ഗ്രന്ഥങ്ങളിൽ ചിലതു മാത്രമാണ്. രാഷ്ട്രീയ സാമൂഹ്യകുടുംബ മണ്ഡലങ്ങളെ അധികരിച്ചെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും കാലിക വിഷയ പുരസ്കൃതങ്ങളായ ലേഖന പരമ്പരകളും ഇവയ്ക്കു പുറമെയാണ്.

ഗോമതി, മലബാർമെയിൽ, സത്യദീപം, തൊഴിലാളി, സാഹിത്യപരിഷത്ത് മുതലായ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ എന്ന നിലയിലും കേരളത്തിലെ കണക്കറ്റ പത്രമാസികകളിൽ ലേഖകനെന്ന നിലയിലും ജേർണ്ണലിസത്തിന്റെ രംഗത്തും സുദീർഘവും പ്രശസ്തവുമായ ഒരു പ്രവർത്തന ചരിത്രമാണ് അങ്ങയ്ക്കുള്ളത്. സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ പ്രാരംഭകാലം മുതലിന്നുവരെ ആ സംഘടനയ്ക്കു വേണ്ടി പ്രയ

www.malankaralibrary.com

ത്നിച്ചിട്ടുള്ള അങ്ങ് പലപ്പോഴായി അതിന്റെ സെക്രട്ടറി, വൈസ് പ്രസിഡ ണ്ട്, പത്രാധിപർ, പ്രസ് സൂപ്രണ്ട് എന്നീ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളതിനു പുറമെ, ഒന്നിലധികം വാർഷിക സമ്മേളനങ്ങളുടെ ചുമ തല വഹിക്കുകയും 16-ാം സമ്മേളക്കാലത്തു സംഭരിച്ച മൂലധനം കൊണ്ട് ഒരു പ്രസ്സ് സമാരംഭിക്കുന്നതിനു മുൻകൈയെടുത്തു പ്രവർത്തിക്കുകയും ചെയ്തു. സാഹിത്യപരിഷത്തിന്റെ നോമിനി എന്ന നിലയിൽ കേരള സാഹിത്യ അക്കാദമിയിലും കുറെക്കാലം അങ്ങ് സാമാജികനായിരുന്നു.

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ രണ്ടു കൊല്ലവും ആ സംഘടനയുടെ സൂത്രധാരനെന്ന നിലയിൽ ഏതാണ്ടു മൂന്നു ദശവത്സരങ്ങളും അങ്ങ് നിർവഹിച്ചിട്ടുള്ള സമു ദായ സേവനങ്ങളിലേയ്ക്കു എത്തിനോക്കുവാൻ പോലും ഞങ്ങൾ ഇവിടെ മുതിരുന്നില്ല. അത്ര സുദീർഘവും സംഭവബഹുലവുമാണ് ആ ചരിത്രം. ഭാരത സഭാവകാശസംരക്ഷകനെന്നർത്ഥം വരുന്ന "അത് ലീത്താദ് ഹെന്ദോ" എന്ന കീർത്തി മുദ്ര പ്രസ്തുത സേവനങ്ങളെ അനുസ്മരിച്ചു കൊണ്ട് നസ്രാണി നവജീവപരിഷത്ത് അങ്ങയ്ക്കു സമ്മാനിച്ച വസ്തുത മാത്രം ഞങ്ങളിവിടെ രേഖപ്പെടുത്തുന്നു,

ധാർമ്മിക മൂല്യാധിഷ്ഠിതമായ സാഹിത്യ പ്രവർത്തനവും ആദർശ സംശുദ്ധമായ പൊതുജീവിതവും പ്രതിഫലേച്ഛയില്ലാത്ത സമുദായോദ്ധാര ണകർമ്മവും നാമമാത്രമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അങ്ങയുടെ ഭഗീ രഥയത്നങ്ങൾ വേണ്ടത്ര സമാദരിക്കപ്പെടാതെ പോയിട്ടുണ്ടെങ്കിൽ പോലും ഞങ്ങൾക്കത്ഭുതമില്ല. എന്നാൽ കാലത്തിന്റെ നിശിതമായ വിധിയെഴുത്തു നടക്കുമ്പോൾ അങ്ങയുടെ വർണ്ണോജ്ജ്വലമായ സേവനചരിത്രം പുതിയൊരു പുരുഷാന്തരത്തിന്റെ കിരണാശ്ലേഷമേറ്റു അങ്ങയുടെ കർമ്മ വിശിഷ്ടമായ ജീവിതം പൂർവ്വോപരി ധന്യമാകട്ടെ എന്നു ഞങ്ങൾ ഹൃദയംഗമമായി ആശം സിക്കുന്നു. സാഹിത്യ സാസ്ക്കാരിക രംഗങ്ങളെ കൂടുതൽ അമൂല്യസംഭാ വനകളാൽ പ്രകാശോജ്ജ്വലമാക്കി കൊണ്ട് സമൃദ്ധമായ ആയുരാരോഗ്യ ഭാഗ്യം അനുഭവിക്കാൻ സർവ്വേശ്വരൻ അങ്ങയെ അനുഗ്രഹിക്കുമാറാകട്ടെ.

എറാണാകുളം

27-6-1971

www.malankaralibrary.com

# 21. എം.ഒ. ജോസഫിന് ലഭിച്ച അവാർഡുകൾ

## (1) അത്‌ലേത്താ ദെ ഹെന്ദോ

ഒരു ചരിത്രകാരനെന്ന നിലയിൽ കേരളീയരുടെ ഇഷ്ടതാരമായി മാറിയ എം.ഒ ജോസഫ് നെടുംകുന്നത്തിന് ആദ്യമായി ലഭിച്ച അവാർഡു നവജീവപരിഷത്തിന്റെ അത്‌ലേത്താ ദെ ഹെന്ദോ എന്ന ബഹുമതിയാണ് പ്രശസ്ത സേവനം നടത്തുന്ന അൽമായർക്ക് നൽകുന്നതിലേക്ക് നവജീവ പരിഷത്ത് ഏർപ്പെടുത്തിയ പ്രസ്തുത അവാർഡിന് ആദ്യം തെരഞ്ഞെടുക്കപ്പെട്ടത് എം. ഒ. ജോസഫ് തന്നെയാണ്. പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ കത്തോലിക്കാ കോൺഗ്രസ്സ് പാലാ രൂപതസംഘം വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ വച്ചാണ് ഈ അവാർഡു നൽകപ്പെട്ടത്. പ്രസ്തുത യോഗത്തിൽ പാല രൂപതാ പ്രസിഡന്റ് ശ്രീ. കെ. ജെ. ചാണ്ടി അദ്ധ്യക്ഷ്യം വഹിച്ചു. പാലാ രൂപതാ വികാരി ജനറൽ മോൺ ഫിലിപ്പു വാലിയൽ പ്രസ്തുത അവാർഡ് എം. ഒ. ജോസഫിന് നൽകി. ആ സമ്മേളനത്തിൽ നവജീവപരിഷത്ത് ഭാരവാഹികളും ഈ ലേഖകനും എം. ഒ. ജോസഫിനെ അനുമോദിച്ചു സംസാരിച്ചു. അത് ലിത്താ ദെ ഹെന്ദോ എന്ന സുറിയാനി പദങ്ങൾ Champion of the church of India എന്നാണർത്ഥം. ഈ അവാർഡു എം.ഒ. ജോസഫിന് നൽകിയപ്പോൾ എം.ഒയുടെ സഹപ്രവർത്തകനും ചരിത്രകാരനും കത്തോലിക്കാ കോൺഗ്രസ്സിന്റെ ദീർഘകാലം അസി. സെക്രട്ടറിയുമായിരുന്ന ജെയിംസ് കണ്ടത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതി "നവജീവ പരിഷത്തു ഭാരവാഹികളെ മുക്തകണ്ഠം അഭിനന്ദിക്കുന്നതോടു കൂടി ഈ ബഹുമതിക്ക് ഇദം പ്രഥമമായി അർഹനായ ശ്രീ.എം. ഒ. ജോസഫിനെ ഹാർദ്ദവമായി അനുമോദിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ പണവും പ്രതാപവും ഇല്ലാത്തവരെ എത്ര കണ്ട് ഗണിക്കപ്പെടേണ്ടവരായാലും കത്തോലിക്കാ സമുദായം പ്രത്യേകിച്ച് സുറിയാനിക്കാർ വിലമതിക്കാറില്ല. സേവനം ചെയ്യുന്നതു കൊള്ളാം, അഭിനന്ദനം ഇച്ഛിക്കരുത്, ഇതാണ് കീഴ്‌വഴക്കം. എന്നാൽ ഈ കീഴ്‌വഴക്കത്തിന് ഒരപവാദമാണ് നവജീവ പരിഷത്തിന്റെ ഈ കാൽവയ്പ്പ്. അവർ ഏർപ്പെടുത്തിയ ബഹുമതി ചിഹ്നം അർഹിക്കുന്ന കരങ്ങളിൽ പതിച്ചുവെന്നത് ചാരുതാർത്ഥ്യ ജനകമാണ്" പിൽക്കാലത്ത് ഈ അവർഡ് തലശ്ശേരി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയടക്കം പല പ്രശസ്ത വ്യക്തികൾക്കും ലഭിച്ചിട്ടുണ്ട്.

www.malankaralibrary.com

## 2. സാഹിത്യതാരം അവാർഡ്

ഈശോ സഭാംഗമായ ഫാ. മാത്യു മൂഴയിൽ ക്രൈസ്തവ സാഹിത്യകാരന്മാരുടെയും പത്രപ്രവർത്തകരുടെയും ഒരു കൂട്ടായ്മ വളർത്തിയെടുക്കുന്നതിന് വേണ്ടി വളരെയധികം പ്രവർത്തിക്കുകയുണ്ടായിട്ടുണ്ട്. ഈ രംഗത്ത് ആദ്യമായി ശ്രമം നടത്തിയത് ഫാ. മാത്യു അവറുകളാണ്. കേരള ക്രിസ്ത്യൻ റൈറ്റേഴ്സ് ആന്റ് ജേർണലിസ്റ്റ് ഫെല്ലോഷിപ്പ് എന്ന സംഘടന അദ്ദേഹം മുൻനിന്ന് രൂപീകരിച്ചു. കേരളത്തിലെ ക്രൈസ്തവ സാഹിത്യകാരന്മാരുടെയും പത്ര പ്രവർത്തകരുടെയും സമ്മേളനങ്ങളും സംഘടിപ്പിച്ചു രണ്ടും മൂന്നും ദിവസം നീണ്ടു നിൽക്കുന്ന സെമിനാറുകളും ഈ ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. പ്രമുഖരായ സാഹിത്യകാരന്മാർക്ക് അവാർഡ് നൽകിയാദരിക്കുന്ന പതിവ് ആരംഭിച്ചതും ഈ ഫെല്ലോഷിപ്പായിരുന്നു.

1967–ൽ കോട്ടയത്ത് ചേർന്ന സമ്മേളനത്തിൽ വച്ച് സാഹിത്യതാരം" എന്ന അവാർഡു നൽകി പ്രസ്തുത ഫെല്ലോഷിപ്പ് എം. ഒ. ജോസഫിനെ ആദരിച്ചു. മൊത്തം 5 പേരെ അവാർഡു നൽകിയാദരിക്കുകയുണ്ടായി. കേരള ആരോഗ്യ മന്ത്രി ബി. വെല്ലിംഗ്ടണായിരുന്നു അവാർഡ് നൽകിയത്. സാഹിത്യകാരന്മാരുടെ കൂട്ടായ്മയിൽ വലിയ ഒരു സംഭവമായി ഇതിനെ കണക്കാക്കി. പിൽക്കാലത്ത് കത്തോലിക്കാ കോൺഗ്രസ്സ് ഈ വഴിക്ക് ചിന്തിക്കുകയും പ്രശസ്തരായ പല എഴുത്തുകാർക്കും അവാർഡു നൽകുകയും ചെയ്തു. സാഹിത്യതാരം അവാർഡിനോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ ബിഷപ്പു മാർ സെബാസ്റ്റ്യൻ വയലിൽ, തകഴി ശിവശങ്കരപ്പിള്ള തുടങ്ങിയവർ പങ്കെടുത്തിരുന്നു.

### മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ പ്രസംഗം

എം.ഒ ജോസഫിന്റെ സമുദായസേവനത്തെയും ചരിത്ര പാണ്ഡിത്യത്തെപ്പറ്റിയും വളരെയധികം അറിവുള്ള ഒരാളായിരുന്നു മാർവയലിൽ തിരുമേനി. എം.ഒ. യുടെ മൂർച്ചയേറിയ തൂലിക അല്പം കൂടി മയപ്പെടുത്തണമെന്ന അഭിപ്രായക്കാരനുമായിരുന്നു തിരുമേനി. അവാർഡ് ദാനത്തിന് മുൻപ് എം.ഒ. ജോസഫിന്റെ സേവനങ്ങളെ മുക്തകണ്ഠം അദ്ദേഹം പ്രശംസ്ച്ചു തുടർന്ന് മാർ വയലിൻ പറഞ്ഞു. "ധീരതയാണ് പുണ്യം ഭീരുത്വമാണ് പാപം" എം. ഒ. ജോസഫിന്റെ ധീരതയെയും സമുദായ സ്നേഹത്തെയും അദ്ദേഹം പരസ്യമായി വിലയിരുത്തി. എം.ഒ.യുടെ വിമർശനശൈലിയിലെ ആത്മാർത്ഥതയെ കണ്ടെത്താൻ മാർ വയലിൽ തിരുമേനിക്ക് കഴിഞ്ഞിരുന്നു.

www.malankaralibrary.com

## 3. സാഹിത്യ അക്കാഡമിയുടെ പാരിതോഷികം

എം. ഒ.യ്ക്ക് ലഭിച്ച മറ്റൊരു അവാർഡാണ് സാഹിത്യ അക്കാഡമിയുടെ പാരിതോഷികം. ക്രൈസ്തവ വിജ്ഞാന കോശത്തിനുവേണ്ടി എം. ഒ. ഏതാനും പ്രബന്ധങ്ങൾ എഴുതിയിരുന്നു. വിജ്ഞാന കോശ ഡയറക്ടർ ഫാ. ഹൊർമിസ് സി. എം. ഐ. ആ പ്രബന്ധങ്ങൾ ഒരു പുസ്തകരൂപത്തിലാക്കാൻ എം. ഒ.യോട് ആവശ്യപ്പെട്ടു. അങ്ങനെയാണ് ഏറ്റം വിലപ്പെട്ട കേരള ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥം തയ്യാറായത്. കേരള ക്രിസ്ത്യാനികൾ പ്രസിദ്ധീകൃതമായ ഉടനെ കേരള സാഹിത്യ അക്കാഡമി ആ ഗ്രന്ഥത്തിന് 1750 രൂപാ പാരിതോഷികം നൽകി. അതിനുവേണ്ടി എം.ഒ. ശുപാർശയുമായി ആരുടെയും പിന്നാലെ പോയിട്ടില്ല. അപ്രതീക്ഷിതമായ ലഭിച്ച അംഗീകാരമായിരുന്നു അത്.

## 4. എ.കെ.സി.സി. സാഹിത്യ അവാർഡ്

ശ്രീ. എൻ.കെ.ജോസ് നമശിവായം കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്നപ്പോഴാണ് എ.കെ.സി.സി സാഹിത്യകാരന്മാർക്ക് അവാർഡ് നൽകിയാദരിക്കാനുള്ള ശ്രമം ആരംഭിച്ചത്. അന്ന് എ.കെ. സി.സി പ്രസിഡന്റ് അഡ്വ. ഇ.എം. ജോസഫ് ആയിരുന്നു. എ.കെ.സി.സി.യുടെ പ്രഥമ അവാർഡ് എം.ഒ.ജോസഫിന് നൽകാവുന്നതായിരുന്നു. അവാർഡ് നിർണ്ണായക കമ്മറ്റി പ്രഥമ അവാർഡിന് എം.ഒ.യെ പരിഗണിച്ചില്ല. പിന്നീട് ഒരു വർഷം അവാർഡിന്, എം.ഒ. ജോസഫിന്റെ പേര് നിർദ്ദേശിച്ചു. അവാർഡ് നിർണ്ണായക കമ്മറ്റിയുടെ നിർദ്ദേശം അംഗീകരിച്ച് നടപ്പിലാക്കേണ്ടത് എ. കെ.സി.സി വർക്കിംഗ് കമ്മിയാണ്. 30 വർഷക്കാലം കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിൽ അംഗമായിരുന്ന എം.ഒയ്ക്ക് ആ അവാർഡു നൽകുവാൻ വർക്കിംഗ് കമ്മറ്റി തയ്യാറായില്ല. അക്കൊല്ലം അവാർഡ് നൽകേണ്ടന്ന് വർക്കിംഗ് കമ്മറ്റി തീരുമാനിച്ചു. ആരുടെയും പ്രീതിക്കുവേണ്ടി ആരുടെയും മുൻപിൽ ഓഛാനിച്ച് നിൽക്കുന്ന പ്രകൃതിക്കാരനായിരുന്നില്ല എം.ഒ. ജോസഫ്. തൻകാര്യസാദ്ധ്യത്തിനു വേണ്ടി ആരെയും കൂട്ടുപിടിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. സത്യം തുറന്നു പറയുന്ന നിർഭയനായ ചരിത്രകാരനായിരുന്നു എം.ഒ.ജോസഫ്. അത് പലർക്കും ഇഷ്ടപ്പെട്ടില്ല. എം.ഒ.യുടെ ആ സ്വഭാവമാണ് അദ്ദേഹത്തിന് അവാർഡ് നൽകാതിരിക്കാൻ കാരണം.

1975-ൽ ഈ ലേഖകൻ കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസ്സ് അവാർഡു നൽകുന്നതിനെ പറ്റി ചർച്ച വന്നു. അവാർഡിന് അപേക്ഷ ക്ഷണിക്കാൻ ജനറൽ സെക്രട്ടറിയായ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. അവാർഡ് തിരഞ്ഞെടുക്കുന്നതിനായി മോൺ തോമസ് മൂത്തേടൻ, പ്രൊഫ. കെ.എം. തരകൻ, പ്രൊഫ. എം.എം. മാണി എന്നിവരെ ഒരു കമ്മറ്റിയായി

www.malankaralibrary.com

തിരഞ്ഞെടുക്കുകയും ചെയ്തു. ആകമ്മിറ്റിയുടെ യോഗം വിളിച്ചു കൂട്ടിയത് ജനറൽ സെക്രട്ടറിയായ ഞാനായിരുന്നു. കമ്മറ്റിയിൽ അംഗമല്ലാത്തതിനാൽ അവരുടെ അഭിപ്രായങ്ങളിൽ ഇടപെടുന്നത് ശരിയല്ലാത്തതിനാൽ വിളിച്ചു കൂട്ടി എന്നതല്ലാതെ ആ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നില്ല.

കമ്മറ്റി ആരംഭിച്ചു. ചർച്ചകൾക്കിടയിൽ ജനറൽ സെക്രട്ടറിയെന്ന നിലയിൽ ചില വിശദീകരണങ്ങൾ നൽകുന്നതിനായി എന്നെ കൂടെ ക്ഷണിച്ചു. കമ്മറ്റിക്കാർ ഏകകണ്ഠമായി എന്റെ നേർക്ക് ഒരു ചോദ്യം. "അവാർഡ് നിർണ്ണായക കമ്മിറ്റി ഞങ്ങൾക്ക് ശരിയെന്നു തോന്നുന്ന ഒരു തീരുമാനമെടുത്ത് അറിയിച്ചാൽ അത് നടപ്പാക്കും എന്നുള്ളതിന് എന്താണ് ഉറപ്പ്? ഇതായിരുന്നു അവർ ഉന്നയിച്ച ചോദ്യം. നിങ്ങൾ തീരുമാനിക്കുന്ന കാര്യം നടപ്പാക്കുമെന്നതിന് ഞാൻ ഉറപ്പു നൽകുന്നു. നിങ്ങൾ അതിൽ സംശയിക്കേണ്ട. ഞാൻ ഉറപ്പു കൊടുത്തു. ഞങ്ങളുടെ അനുഭവം വച്ച് ആ ഉറപ്പ് നടപ്പാക്കുമെന്ന് ഞങ്ങൾക്കുറപ്പില്ല. എന്ന് കമ്മറ്റിക്കാർ പറഞ്ഞു. ഇക്കാര്യത്തിൽ നിങ്ങൾ സംശയിക്കേണ്ട. തീരുമാനം നടപ്പാക്കുക തന്നെ ചെയ്യും. കമ്മറ്റി ഏകകണ്ഠമായി എം.ഒ. ജോസഫിന്റെ പേര് സമർപ്പിച്ചു.

ഈ അഭിപ്രായ പ്രകടനം ഞാൻ നടത്തിയെങ്കിലും വർക്കിംഗ് കമ്മറ്റി അത് സമ്മതിക്കുമോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ടായിരുന്നു. അതിന് എന്തെങ്കിലും ഒരു വഴി കണ്ടുപിടിക്കണമല്ലോയെന്ന് ഞാൻ ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ എറണാകുളം അതിരൂപതയുടെ സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയും എം.ഒ. ജോസഫും കൂടി സെന്റ് തെരേസസ് കോളേജിലേക്ക് വരുന്നു. ഒരു സമ്മേളനത്തിൽ പങ്കെടുക്കാനാണ്. ആ യോഗത്തിൽ ഞാനും പങ്കെടുക്കുകയാണ്. എം.ഒ. ജോസഫിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ മങ്കുഴിക്കരി പിതാവിനോട് പറഞ്ഞ് ഇന്ന് എ.കെ. സി.സി അവാർഡ് നിർണ്ണയ കമ്മറ്റിയോഗം ചേർന്നിരുന്നു. ആ കമ്മിറ്റി എം.ഒ. ജോസഫിന്റെ പേരാണ് നിർദ്ദേശിച്ചിരിക്കുന്നത്. സെന്റ് തേരേസസ് കോളേജ് മുറ്റത്തു വച്ചു തന്നെ എം.ഒയെ മങ്കുഴിക്കരി പിതാവ് അനുമോദിച്ചു. പൊതുയോഗം ആരംഭിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ മങ്കുഴിക്കരി പിതാവ് എം.ഒ. ജോസഫിനെ പരസ്യമായി അഭിനന്ദിക്കുകയും അവാർഡ് വിവരം പരസ്യമാക്കുകയും ചെയ്തു. പിറ്റേദിവസത്തെ പത്രത്തിൽ എം.ഒ. ജോസഫിനെ മാർ മങ്കുഴിക്കരി അനുമോദിച്ച വിവരം വാർത്തയായി വരികയും ചെയ്തു. ഈ വാർത്ത പത്രത്തിൽ വന്നതിൽ കത്തോലിക്കാ കോൺഗ്രസ്സിലെ ഒരു വിഭാഗം ക്ഷുഭിതരായി. വർക്കിംഗ് കമ്മറ്റിയിൽ ഉഗ്രൻ വാദപ്രതിവാദത്തിന് ഇത് ഇടനൽകി.

അവാർഡ് വിവരം പത്രത്തിൽ വന്ന സ്ഥിതിക്ക് അവാർഡ് കൊടുക്കരുതെന്ന് പറയുവാൻ ആരും തയ്യാറായില്ല. അവാർഡു നിർണ്ണയ കമ്മറ്റിക്കാർ എന്നോട് ചോദിച്ച ചോദ്യം എന്റെ മനസ്സിൽ തളം കെട്ടിനിന്നു. ഞങ്ങൾ തീരുമാനിക്കുന്ന കാര്യം നടപ്പിൽ വരുത്തുമോ? ഏതായാലും അവാർഡു

www.malankaralibrary.com

കൊടുക്കാൻ തന്നെ തീരുമാനിച്ചു. എം.ഒ. യേപ്പോലെ ഒരു ചരിത്രകാരന് സഭാ സ്നേഹിക്ക് ഒരു അവാർഡു നൽകുന്നതിൽ ആരും എതിർക്കേണ്ടി തില്ലായിരുന്നു. ശരിയെന്നു നല്ല ബോദ്ധ്യമുള്ള കാര്യത്തിൽ ഉറച്ചു നിൽക്കു കയും എതിർക്കുന്നവരെ നാവുകൊണ്ടും പേനകൊണ്ടും ശക്തിയായി എതിർക്കുകയും ചെയ്യുന്നതിൽ അസാമാന്യമായ ധീരത കാണിച്ച എം.ഒ. യോട് മറ്റുള്ളവർക്ക് അതൃപ്തിയുണ്ടായാൽ അത്ഭുതപ്പെടാനില്ല. അദ്ദേഹം കുത്തിക്കുറിച്ച ആത്മകഥയിലും പലരെയും വേദനിപ്പിക്കുന്ന വാക്കുകൾ നമുക്ക് കാണുവാൻ സാധിക്കും. അതാണ് എം.ഒ.

കത്തോലിക്കാ കോൺഗ്രസ്സ് അവാർഡുദാനം ചങ്ങനാശ്ശേരിയിൽ വച്ചു നടക്കുന്ന എ.കെ. സി.സി .ബഡ്ജറ്റ് സമ്മേളനത്തിൽ വച്ച് നൽകുന്നതി നാണ് കമ്മറ്റി തീരുമാനിച്ചത്. ഇതിന് മുൻപ് അവാർഡുദാന ചടങ്ങനെപ്പറ്റി എം.ഒ. ജോസഫുമായി ജനറൽ സെക്രട്ടറിയെന്ന നിലയിൽ ഞാൻ സംസാ രിച്ചു. ആര് അവാർഡു തരണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നതെന്ന് ഞാൻ ചോദിച്ചു. അതിനുള്ള എം.ഒ.യുടെ ഉത്തരം ഹ്യസ്വമായിരുന്നു. എറണാകു ളത്ത് വച്ചാണ് അവാർഡു നൽകുന്നതെങ്കിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്ക രിയെ ക്ഷണിക്കുക. ചങ്ങനാശ്ശേരിയിലോ, കോട്ടയത്തോ വച്ചാണ് അവാർഡു ദാനചടങ്ങ് നടത്തുന്നതെങ്കിൽ മാർ ജോസഫ് പവ്വത്തിലിനെ ക്ഷണിക്കുക. അദ്ദേഹത്തിന്റെ മനസ്സിലെ ചിന്ത മനസ്സിലാക്കി ചങ്ങനാശ്ശേരിയിൽ വച്ച് അവാർഡു ദാനം നൽകുന്നതിനാൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വ ത്തിലിനെതന്നെ ക്ഷണിക്കാൻ തീരുമാനിച്ചു. ചങ്ങനാശ്ശേരിയിലെ എ.കെ. സി.സി. പ്രവർത്തകരെയും കൂട്ടി മാർ പൗവ്വത്തിലിനെ ക്ഷണിക്കാൻ ചങ്ങ നാശ്ശേരി അരമനയിലെത്തി, മാർ പൗവ്വത്തിലും മാർ പടിയറയും സ്ഥലത്തില്ലാ ത്തതിനാൽ അവരെ കാണാതെ ഞാൻ മടങ്ങിപോന്നു. മാർ പൗവ്വത്തിലി നെയോ അദ്ദേഹത്തിന് സൗകര്യമില്ലാതെ വന്നാൽ മാർ പടിയറയെയോ ക്ഷണിക്കുന്നതിന് മറ്റുള്ളവരെ ചുമതലപ്പെടുത്തിയിട്ടു ഞാൻ പോന്നു. അവാർഡുദാന ചടങ്ങ് നിർവ്വഹിക്കുന്നയാളിന്റെ പേരു മാത്രം ചേർക്കാനുള്ള സ്ഥലം ഇട്ടിട്ട് നോട്ടീസ് തയ്യാറാക്കി. ബിഷപ്പിന്റെ സമ്മതം കിട്ടുമ്പോൾ ആ പേര് ചേർത്താൽ മതിയല്ലോയെന്ന് കണക്കാക്കി. അന്ന് ഡി.റ്റി.പി. സംവി ധാനമൊന്നുമില്ലായിരുന്നു. ഒരാഴ്ച കഴിഞ്ഞ് ഏതായാലും ഒരു കത്ത് ചങ്ങ നാശ്ശേരിയിൽ നിന്നും വന്നു. രണ്ടു പിതാക്കന്മാർക്കും അവാർഡു നൽകു വാൻ സാധിക്കുകയില്ല. അതിനാൽ അവാർഡ് നൽകുവാൻ പ്രശസ്ത സാഹി ത്യകാരനായ....... നെ ക്ഷണിച്ചിട്ടുണ്ട്. അതനുസരിച്ച് നോട്ടീസ് അച്ചടിപ്പി ക്കുക. ഒരു മെത്രാനെക്കൊണ്ട് അവാർഡ് കൊടുപ്പിക്കുന്നതിൽ ചിലർക്ക് എതിർപ്പുണ്ടായിരുന്നു. ഏതായാലും കത്ത് കിട്ടിയ ഉടനെ ഞാൻ ചങ്ങനാ ശ്ശേരിക്കു പുറപ്പെട്ടു. വൈകിട്ട്. 5.30 ന് ഞാൻ ചങ്ങനാശ്ശേരി അരമനയിൽ എത്തി പിതാക്കന്മാരാരും അവിടെയില്ലായിരുന്നു. ഒരു പിതാവിനെ

www.malankaralibrary.com

നേരിൽക്കണ്ട് ക്ഷണിച്ചിട്ടേ പോകുന്നുള്ളുവെന്ന് കരുതി ഞാൻ അരമനയിൽ നില്പായി 6മണിയോടുകൂടി മാർ ആന്റണി പടിയറ വന്നു. അദ്ദേഹത്തിനെ കണ്ട് അവാർഡുദാനചടങ്ങ് നിർവഹിക്കണെന്നഭ്യർത്ഥിച്ചു. മാർ പടിയറ വളരെ സന്തോഷത്തോടു കൂടി ആ ക്ഷണം സ്വീകരിച്ചു. അദ്ദേഹം ഒരു കാര്യം കൂടി പറഞ്ഞു എം.ഒ. ജോസഫ് ചേട്ടനെ എനിക്ക് വലിയ പരിചയമില്ല. ഞാൻ കേരളത്തിന് പുറത്തായിരുന്നല്ലോ. വലിയ എഴുത്തുകാരനും ചരിത്രകാരനും ആണെന്ന് അറിയാമെന്ന് മാത്രം. ജോസഫ് ചേട്ടനെപ്പറ്റി കൂടുതൽ അറിയാവുന്നത് പൗവ്വത്തിൽ പിതാവിനായിരിക്കും. അദ്ദേഹത്തോട് ഒന്ന് ചോദിക്കുക. അസൗകര്യമാണെങ്കിൽ ഞാൻ തന്നെ വന്നു കൊള്ളാം മാർ പടിയറ തിരുമേനിയുടെ നിഷ്കളങ്കമായ വാക്കുകൾ എന്നെ ആഹ്ലാദചിത്തനാക്കി. അന്ന് ഏത് സമയത്താണ് പരിപാടി. പിതാവു തിരക്കി. കൂട്ടത്തിൽ പറഞ്ഞു. ഏതു സമയമാണെങ്കിലും കുഴപ്പമില്ല. ഞാൻ അതനുസരിച്ച് ക്രമീകരിച്ചുകൊള്ളാം.

പത്തു മിനിട്ടു കഴിഞ്ഞപ്പോൾ മാർ പൗവ്വത്തിൽ പിതാവ് വന്നു. അദ്ദേഹത്തോട് ഞാൻ വിവരങ്ങൾ പറഞ്ഞു. ജോസഫ് ചേട്ടന് ഞാൻ തന്നെ അവാർഡ് നൽകിക്കൊള്ളാം. ഏതു സമയം ആണ് നിങ്ങൾ ഉദ്ദേശിക്കുന്നത് എന്ന് തിരക്കി. അന്നു രാവിലെ 10.30 നും 4 മണിക്കും ഇടയിൽ ഏതു സമയവും ആകാം . അന്ന് എ.കെ.സി.സിയുടെ ബഡ്ജറ്റ് സമ്മേളനം നടക്കുകയാണ്. പിതാവിന്റെ സൗകര്യം അനുസരിച്ച് ഏതു സമയവും ആകാം മാർ പടിയറയെ ക്ഷണിച്ചകാര്യം ഞാൻ പൗവ്വത്തിൽ പിതാവിനോട് പറഞ്ഞു. ഉടൻ തന്നെ എന്നെയും കൂട്ടികൊണ്ട് പടിയറ പിതാവിന്റെ അടുക്കലേക്ക് പോയി. മാർ പൗവ്വത്തിൽ പടിയറ തിരുമേനിയോടു പറഞ്ഞു. നമ്മുടെ ജോസഫ് ചേട്ടന് ഞാൻ തന്നെ അവാർഡുകൊടുക്കുന്നതിനെപ്പറ്റി പിതാവിന്റെ അഭിപ്രായം. വളരെ സന്തോഷം. ജോസഫ് ചേട്ടന്റെ ചരിത്രപരമായ കഴിവിനെപ്പറ്റി എന്നെക്കാൾ കൂടുതൽ അറിയാവുന്നത് അങ്ങേക്കാണല്ലോ? പൗവ്വത്തിൽ പിതാവിന്റെ സമ്മതവും വാങ്ങി ഞാൻ തിരികെ പോന്നു. രണ്ടു പിതാക്കന്മാരെയും അവാർഡു ദാനത്തിന് ക്ഷണിച്ചില്ലായിരുന്നുവെന്നും മനഃപൂർവ്വം എം.ഒ. യുടെ അവാർഡുദാനം ചെറുതാക്കി നടത്താൻ ഗൂഢശ്രമം നടത്തുകയായിരുന്നുവെന്നും എനിക്കു ബോദ്ധ്യപ്പെട്ടു.

അവാർഡുദാനം ബിഷപ്പു മാർ പൗവ്വത്തിൽ നിർവ്വഹിക്കുന്നതാണെന്ന നോട്ടീസ് എ.കെ.സി.സി. പ്രവർത്തകരുടെ കൈകളിൽ എത്തിയപ്പോൾ പ്രവർത്തകർ സന്തോഷിച്ചു. പരിപാടി ഒരു ഓളമില്ലാത്തവിധത്തിൽ നടത്താൻ ഗൂഢാലോചന നടത്തിയവർ പരിഹാസപാത്രമായി. അന്ന് കുറുമ്പനാടു പള്ളിയിലെ വിസീത്തക്ക് ഇടയിൽ സമയം കണ്ടെത്തിയാണ് മാർ പൗവ്വത്തിൽ ചങ്ങനാശ്ശേരിയിൽ എത്തിയത്. അത് വളരെ താല്പര്യത്തോടെയുമായിരുന്നു.

www.malankaralibrary.com

എന്തുകൊണ്ടാണ് ഈ സംഭവം ഇത്രയും വിശദീകരിച്ചെഴുതിയതെന്ന് വായനക്കാർ ചിന്തിക്കാം. അതിനു കാരണമുണ്ട്. എം.ഒ. യ്ക്ക് ഒരു മെത്രാൻ അവാർഡു നൽകാതെ മറ്റൊരാളിനെക്കൊണ്ട് ആ ചടങ്ങ് നിർവ്വഹിപ്പിച്ചാൽ എം.ഒ. ജോസഫും അദ്ദേഹത്തെ ആരാധിക്കുന്നവരും വിചാരിക്കും രണ്ട് പിതാക്കന്മാർ ഇവിടെയുണ്ടായിട്ടും എം.ഒ. യെ ആദരിക്കാൻ ആരും വന്നില്ലല്ലോ. അൽമായരോടുള്ള സ്നേഹമില്ലായ്മയാണ് അതിനു കാരണം. ബിഷപ്പുമാരെ പ്രതിക്കൂട്ടിൽ നിർത്തുവാൻ ലഭിച്ച ഒരു അവസരമായി ഇതിനെ പലരും കാണുകയും ചെയ്യും. എം.ഒ. ജോസഫിന്റെ തന്നെ തൂലിക ഏതു വഴിക്ക് ചലിക്കുമെന്ന് പറയുവാനും സാദ്ധ്യമല്ല. യഥാർത്ഥത്തിൽ സത്യമെന്താണ് എം.ഒ.യ്ക്ക് അവാർഡു കൊടുക്കാൻ ചങ്ങനാശ്ശേരിയിലെ രണ്ടു പിതാക്കന്മാർക്കും താല്പര്യം ഉണ്ടായിരുന്നു. മത്സരമായിരുന്നുവെന്ന് വേണമെങ്കിലും പറയാം. ഈ സംഭവം ഏതാനും നാൾ കഴിഞ്ഞ് എം.ഒ.യെ ഞാൻ ധരിപ്പിച്ചു. അദ്ദേഹം നിശബ്ദനായിരുന്നു മുഴുവൻ കേട്ടു.

## മാർ ജോസഫ് പൗവ്വത്തിലിന്റെ ഉദ്ഘാടന പ്രസംഗം

എ.കെ.സി.സി. പ്രസിഡന്റ് കെ.എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പൗവ്വത്തിൽ അവാർഡ്ദാനം നിർവഹിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെചേർക്കുന്നു.

എം.ഒ.ജോസഫ് എനിക്ക് ഏറ്റം പ്രിയങ്കരനായ ഒരു ചരിത്രകാരനാണ്, എം.ഒ.ജോസഫിനേപ്പോലെ സഭയുടെയും സമൂഹത്തിന്റെയും ചരിത്രം അറിയാവുന്ന മറ്റൊരു അൽമായൻ ഇന്ന് കേരളത്തിലില്ല. അദ്ദേഹത്തിന്റെ തൂലിക മൂർച്ചയുള്ളതാണ്. സഭയ്ക്കെതിരായി ആരോപണങ്ങൾ വരുമ്പോൾ അതിനെ നിഷേധിക്കാനും സത്യം പുറത്തു കൊണ്ടു വരുവാനും എം.ഒ.ജോസഫ് കാണിക്കുന്ന ധീരത അഭിനന്ദനാർഹമാണ്. അനേക വർഷക്കാലത്തെ ഗവേഷണ ഫലമായി കണ്ടെത്തിയ കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുവാൻ അദ്ദേഹത്തിന് ഒരു മടിയുമില്ല. അതാണ് എം.ഒ.ജോസഫിന്റെ പ്രത്യേകത.

കത്തോലിക്കാ കോൺഗ്രസ്സ്, ജോസഫ് സാറിന് നൽകുന്ന ആ അവാർഡ് നൽകുവാൻ എന്നെ ക്ഷണിച്ചതിൽ ഞാൻ സംതൃപ്തനാണ്. അനേക വർഷങ്ങളായി അദ്ദേഹത്തിന്റെ ചരിത്ര ഗ്രന്ഥങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരാളെന്ന നിലയിൽ എനിക്ക് തറപ്പിച്ചു പറയുവാൻ സാധിക്കും. "എം.ഒ.ജോസഫ് നെടുംങ്കുന്നം" ഈ അവാർഡിന് അർഹനാണ് എന്ന് അദ്ദേഹത്തിന്റെ മാർത്തോമ ക്രിസ്താനികൾ, കേരള ക്രിസ്ത്യാനികൾ എന്നീ രണ്ടു ഗ്രന്ഥങ്ങൾ വഴി അദ്ദേഹം സഭയ്ക്കു നൽകിയ സംഭാവനകളെ ആർക്കും വിസ്മരിക്കാനാവില്ല.

www.malankaralibrary.com

തച്ചിൽ മാത്തൂത്തരകൻ എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്. കേരള ത്തിന്റെ രണ്ടു നൂറ്റാണ്ടുകളുടെ ചരിത്രം പഠിച്ച് സ്റ്റേറ്റുമാനുവലുകൾ പരി ശോധിച്ച് അദ്ദേഹം എഴുതിയ ഗ്രന്ഥം എല്ലാ കത്തോലിക്കരും വായിച്ചിരി ക്കേണ്ടതാണ്. തച്ചിൽ മാത്തൂത്തരകനെ അവഹേളിച്ചും വേലുത്തമ്പിയെ പ്രശംസിച്ചും ഇവിടുത്തെ ചരിത്രകാരന്മാർ തയ്യാറാക്കിയ ഗ്രന്ഥങ്ങളിലെ ഉള്ള ടക്കത്തിനെതിരെ അദ്ദേഹം ആഞ്ഞടിക്കുകയാണ് ഈ ഗ്രന്ഥത്തിൽ. കേരള ക്രൈസ്തവർക്ക് അഭിമാനത്തോടു കൂടി ആ ഗ്രന്ഥം വായിക്കാവുന്നതാണ്. എം.ഒ യുടെ മിക്ക ഗ്രന്ഥങ്ങളും ചരിത്രപരമാണ്. അത് സഭയ്ക്ക് ഒരു മുതൽ കൂട്ടാണ്. എം.ഒ യ്ക്ക് ഈ അവാർഡ് നൽകാൻ തീരുമാനിച്ച കത്തോലിക്കാ കോൺഗ്രസ്സിനെയും എം.ഒ.ജോസഫിനെയും ഈ അവസരത്തിൽ ഞാൻ ഹൃദയം നിറഞ്ഞ നന്ദി യോടെ അനുമോദിക്കുന്നു. ദീർഘകാലം ചരിത്രരം ഗത്ത് വലിയ സംഭാവനകൾ നൽകുന്നതിന് ഈശ്വരൻ അദ്ദേഹത്തെ അനു ഗ്രഹിക്കട്ടെ.

## എം. ഒ. ജോസഫിനെ അറിയില്ല!

എം.ഒ. ജോസഫിനെ ഒരിക്കൽ അനുമോദിക്കാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ തീരുമാനിച്ച കേരളത്തിലെ ഒരു വലിയ സാഹിത്യകാരനെ ഞാനും ശ്രീ ടോം ജോസും കൂടി ക്ഷണിക്കാൻ പോയി. ആ സഹിത്യകാ രൻ പറഞ്ഞു. "എം.ഒ. ജോസഫ് ഏതാ, എനിക്ക് അദ്ദേഹത്തെ പറ്റി ഒന്നും അറിയില്ല എങ്കിലും വരാമെന്ന് സമ്മതിച്ചു. ആ സാഹിത്യകാരൻ തന്റെ പ്രസംഗത്തിൽ വിശ്വ സാഹിത്യത്തെ പറ്റിയൊക്കെ ഗംഭീരമായി പ്രസംഗിച്ചു. എം.ഒ. യെപ്പറ്റി ഒരക്ഷരം പോലും മിണ്ടയില്ല.

എം.ഒ. മരിച്ചു കഴിഞ്ഞപ്പോൾ ഒരു അനുശോചന യോഗത്തിൽ പങ്കെടുക്കാൻ മുൻ പറഞ്ഞ സാഹിത്യകാരനെ തന്നെ വിളിച്ചു. അദ്ദേഹം വരാമെന്ന് പറഞ്ഞു. ഉഗ്രൻ ഒരു പ്രസംഗം നടത്തി എം.ഒ.ജോസഫ് സാഹിത്യ പരിഷത്ത് കൈയ്യടക്കി ദീർഘനാൾ വച്ചിരുന്നുവെന്നും സാഹിത്യ പരിഷത് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചപ്പോൾ എന്നെ തോൽപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് എം.ഒ ആയിരുന്നു എന്നും തുറന്നടിച്ചു പറഞ്ഞു. അനുമോദന യോഗത്തിൽ പ്രസംഗിക്കാൻ വിളിച്ചപ്പോൾ എം.ഒ യെ അറി യില്ലെന്നു പറഞ്ഞ അദ്ദേഹം അനുശോചന യോഗത്തിൽ എം.ഒ. യെ കുറ്റ പ്പെടുത്തി പറഞ്ഞിരിക്കുന്നു!. ഇതു കേട്ട സദസ്യർ ആ സാഹിത്യകാരന്റെ സത്യസന്ധതയോർത്ത് തലയിൽ കൈവച്ചു പോയി കാണും.

www.malankaralibrary.com

# 22. അവാർഡു സ്വീകരണ സമ്മേളനത്തിലെ ഹൃദയസ്പർശിയായ പ്രസംഗം

ഇന്നു (1976 ഫെ.17) ചടങ്ങുകളെല്ലാം സമ്മിശ്ര വികാരങ്ങളാണ് എന്നിൽ ഉളവാക്കിയിരുന്നത്. കത്തോലിക്ക കോൺഗ്രസ് ഇങ്ങനെയൊരു സാഹിത്യ അവാർഡ് എനിക്കു നൽകിയതിൽ ഞാൻ അവരോടു കൃതജ്ഞനായിരിക്കേണ്ടതല്ലേ? പക്ഷെ സംവരണമില്ലാത്ത ഒരു കൃതജ്ഞതാബോധം എന്നിലില്ലായെന്നതാണ് സത്യം. കാരണം രണ്ടുകൊല്ലം മുൻപുതന്നെ ഞാൻ ഇത് അർഹിച്ചിരുന്നു എന്ന ബോദ്ധ്യമാണ് എനിക്കുള്ളത്. കേരളത്തിൽ കത്തോലിക്കരുടെതായുണ്ടാകുന്ന ശ്രദ്ധേയങ്ങളായ പുസ്തകങ്ങളെല്ലാം തന്നെ ഞാൻ വായിക്കുകയും വിലയിരുത്തുകയും ചെയ്യാറുണ്ട്. തന്മൂലം അവാർഡു അർഹിക്കുന്ന ഗ്രന്ഥമേതെന്നു വിവേചിക്കുവാൻ എനിക്കു സാധിക്കും. കത്തോലിക്കാ കോൺഗ്രസ് ഒന്നാമത്തെ അവാർഡു നൽകുന്നതിനു മുൻപുതന്നെ പ്രസിദ്ധീകൃതമായ ഒരു കൃതിയാണ്. 'കേരള ക്രിസ്ത്യാനികൾ' ആ അവാർഡു കിട്ടാത്തതുകൊണ്ട് അന്ന് എന്റെ പുസ്തകം മോശമായിരുന്നെന്നോ ഇന്ന് അവാർഡു കിട്ടുന്നതുകൊണ്ട് പുസ്തകം ഇരുന്ന് മൂത്തു നന്നായിയെന്നോ ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ ഇപ്പോൾതന്നെയും എനിക്ക് അവാർഡു നൽകുന്നതിനോടു ചിലർക്കു യോജിപ്പില്ലെന്നു കേൾക്കുന്നുണ്ട്. അരയ്ക്കു മുണ്ടുകെട്ടി ഓച്ഛാനിച്ചു നിൽക്കുന്ന സ്വഭാവം എനിക്കില്ലാത്തതുകൊണ്ട്, ശരിയെന്നു തോന്നുന്നതു മുഖം നോക്കാതെ വെട്ടിത്തുറന്നു പറയുന്ന ശീലമുള്ളതുകൊണ്ട് എന്നോട് പൊരുത്തപ്പെടാത്തവർ കണ്ടേക്കുമെന്ന് എനിക്കറിയാം. അത്തരക്കാരെ പ്രീതിപ്പെടുത്തുവാൻ വേണ്ടി തത്വങ്ങൾ ബലികഴിക്കാനോ മനസ്സാക്ഷിക്കെതിരായി വർത്തിക്കുവാനോ ഞാൻ തയ്യാറില്ല. എഴുതണമെന്നു തോന്നുന്ന കാര്യങ്ങൾ എഴുതുന്നുവെന്നു അല്ലാതെ പ്രശസ്തിയോ ആദായമോ ഒന്നും എനിക്കു ഒരിക്കലും പ്രചോദനമായിരുന്നിട്ടില്ല.

ഫാദർ ഹോർമിസ് സി.എം. ഐ. ഒരു വിജ്ഞാനകോശത്തിനുവേണ്ടി ആവശ്യപ്പെട്ടതനുസരിച്ചു കേരള സഭാചരിത്രം ഏതാനും പ്രബന്ധങ്ങളായി എഴുതിക്കൊടുത്തതാണ്. അദ്ദേഹമാണ് അതു ജനതാബുക്കുകാരെ ഏൽപ്പിച്ചത്. പുസ്തകത്തിന്റെ അച്ചടി ഏതാണ്ടു പകുതിയായ ശേഷമേ വിവരം തന്നെ ഞാൻ അറിഞ്ഞുള്ളൂ. "കേരളക്രിസ്ത്യാനി" കളുടെ ഉത്ഭവം ഇങ്ങ

www.malankaralibrary.com

നെയാണ്. കേരള സഭയുടെ ഒരു സമ്പൂർണ്ണമായ ചരിത്രമാണ് അതെന്നു ഞാൻ അവകാശപ്പെടുന്നില്ല. ആയിരമോ ആയിരത്തഞ്ഞൂറോ പേജുകളിൽ ആധികാരികമായ ഒരു സമ്പൂർണ്ണ ചരിത്രം എഴുതുന്നതിനുള്ള വക കൈവ ശമുണ്ട്. അച്ചടിക്കാൻ ആരെങ്കിലും സന്നദ്ധരായി മുന്നോട്ടു വരുന്ന പക്ഷം എഴുതിക്കൊടുക്കുവാൻ ഒരുക്കവുമാണ്. "കേരള ക്രിസ്ത്യാനികൾ" പ്രസി ദ്ധീകൃതമായ ഉടനെ കേരള സാഹിത്യ അക്കാദമി അനപേക്ഷിതമായി ആ ഗ്രന്ഥം പരിഗണിക്കപ്പെടുകയും പതിവിനു വിരുദ്ധമായി 1750 രൂപ എനിക്കു പാരിതോഷികം തരികയും ചെയ്തു. അപ്രതീക്ഷിതമായ ഒരു അംഗീകാര മായിരുന്നു അത്. ഈ അടുത്തയിടെ ദിവംഗതനായ ശ്രീ. പി. എ. സെയ്ദ് മുഹമ്മദാണ് ഇതിനു മുൻകൈ എടുത്തു പ്രവർത്തിച്ചതെന്നു ആനുഷംഗി കമായി പറഞ്ഞുകൊള്ളട്ടെ. ഏതൊരു സമുദായത്തിന്റെ അപദാനങ്ങളെ യാണോ ഞാൻ വിവരിച്ചിരിക്കുന്നതു ആ സമുദായത്തിന്റെ നേതാക്കന്മാർ ഇനിയും ആ വിവരം അറിഞ്ഞതായി കാണുന്നില്ല. സാമൂഹ്യ സമ്പർക്കമാ ദ്ധ്യമങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും പേരിൽ വിദേശങ്ങളിൽ നിന്നു ലക്ഷക്കണക്കിനു രൂപ വരുത്തിക്കൊണ്ടിരിക്കുന്നവരിൽ നിന്നു ഒരൊറ്റ പൈസപോലും എനിക്കു ഈ പുസ്തകത്തിനോ മറ്റേതെങ്കിലും പുസ്തക ത്തിനോ കിട്ടിയിട്ടില്ലായെന്ന വസ്തുത പരസ്യമാക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ.

കത്തോലിക്കാ കോൺഗ്രസ്സ് സാഹിത്യ അവാർഡ് ഏർപ്പെടുത്തിയ ഘട്ടത്തിൽ എന്റെ ചില സുഹൃത്തുക്കളുടെ നിർബന്ധ പ്രകാരം കേരളക്രി സ്ത്യാനികൾ കേരളസഭാതാരങ്ങൾ എന്നീ പുസ്തകങ്ങളുടെ മൂന്നുമൂന്നു പ്രതി പരിഗണനക്കായി അയച്ചുകൊടുക്കുകയുണ്ടായി. ഇക്കൊല്ലം മറ്റൊരു സുഹൃത്തിന്റെ നിർബന്ധത്തിനു വഴങ്ങി വീണ്ടും മുമ്മൂന്നു പ്രതികൾ അയ ച്ചുകൊടുത്തു. എന്റെ ഒരു പുസ്തകവും ഞാൻ നേരിട്ടു പ്രസിദ്ധപ്പെടുത്തി യിട്ടില്ലാത്തതുകൊണ്ടു ഈ പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങിയാണ് അയച്ചുകൊടുത്തത്. അങ്ങനെ 102 രൂപ മുടക്കിയപ്പോൾ എനിക്കു ഈ അവർഡു സിദ്ധിച്ചിരിക്കുന്നു. ഈ അവാർഡിന്റെ പിന്നിലെ സാമ്പത്തിക ചരിത്രം ഇതാണ്. കത്തോലിക്ക സാഹിത്യകാരന്മാർക്കു പ്രോത്സാഹനം ലഭി ക്കാത്തതിനെപ്പറ്റി ഞാൻ തന്നെ പലകുറി പരാതിപ്പെട്ടിട്ടുണ്ട്. അംഗീകാരം പ്രോത്സാഹനത്തിന്റെ ഒരു ഭാഗമാണല്ലോ. പക്ഷെ എന്നെ സംബന്ധിച്ചിട ത്തോളം അംഗീകരം പ്രോത്സാഹനത്തിന്റെ ഭാഗമാകുന്ന കാലം എന്നേ കഴിഞ്ഞുപോയിരിക്കുന്നു. ഇന്ന് എനിക്കും എന്നെപ്പോലെയുള്ളവർക്കും കിട്ടേണ്ട പ്രോത്സാഹനം തങ്ങളുടെ ഗ്രന്ഥങ്ങളുടെ പ്രചാരമാണ്. ഇന്നു അവാർഡു നൽകി എന്നെ അംഗീകരിക്കുന്ന ഈ പ്രതിനിധിസഭയിലെ അംഗ ങ്ങളിൽ എത്രപേർ "കേരള ക്രിസ്ത്യാനികൾ" വാങ്ങി വായിച്ചിട്ടുണ്ട് എന്നു ഒരു പരിശോധന നടത്തിയാൽ ഈ അവാർഡുദാനത്തിലെ ആത്മാർത്ഥത

www.malankaralibrary.com

വിശദമാകുന്നതാണ്. ആരെയും കുറ്റപ്പെടുത്തുവാനല്ല, നമ്മുടെ സമുദായ ത്തിന്റെ യഥാർത്ഥസ്ഥിതി ചൂണ്ടിക്കാണിക്കുവാനാണ് ഇതു പറഞ്ഞത്.

ഞാൻ അംഗീകാരകനല്ലായെന്നു പറഞ്ഞുവല്ലോ. എന്റെ ജീവിത ത്തിൽ അംഗീകാരം എനിക്ക് എപ്പോഴും ആപത്തേ വരുത്തിവച്ചിട്ടുള്ളൂ. ചില പഴയ അനുഭവങ്ങൾ ഓർത്തു പോകുകയാണ്. സത്യദീപത്തിന്റെ സഹ പത്രാധിപരായിട്ടാണല്ലോ എന്റെ 19-ാമത്തെ വയസ്സിൽ ഞാൻ എറണാകുള ത്തിന് പോയത്. എനിക്കു മുൻപു ഒരു കൃഷ്ണവാര്യർ ആയിരുന്നു സഹപ ത്രാധിപർ. അതുകൊണ്ടോ എന്തോ സത്യദീപം അച്ചടിക്കുന്നതിനു മുൻപു ഫോറം സെൻസറായ വികാരി ജനറാളിനെ കാണിച്ചു അംഗീകാരം വാങ്ങ ണമെന്നു നിയമമുണ്ടായിരുന്നു. പ്രമാദങ്ങൾ കടന്നുകൂടാതിരിക്കുന്നതിനുള്ള ഒരു മുൻകരുതൽ ആയിരുന്നു ഈ സെൻസറിങ്ങ്. പ്രമാദങ്ങൾ കടന്നുകൂ ടാതിരിക്കുന്നതിനുള്ള ഒരു പരിശോധന ഒരു അൽമേനിക്കു നടത്തിക്കൂടെ ന്നുണ്ടോ? ഈ ചിന്തയാണു കത്തോലിക്കാ ദൈവശാസ്ത്രവും സന്മാർഗ്ഗ ശാസ്ത്രവും കാനൻ നിയമവും കുറെയൊക്കെ മനസ്സിലാക്കുന്നതിനു എന്നെ പ്രേരിപ്പിച്ചത്. എന്റെ ശ്രമം ഫലിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഞാൻ പരിശോധിച്ചതാണെങ്കിൽ സെൻസറിങ്ങിനായി കൊണ്ടുചെല്ലേണ്ടതില്ലെന്നു വികാരി ജനറൾ പ്രസ്ഫോർമാനോടു പറഞ്ഞു. ഈ അംഗീകാരം എനിക്കു പ്രോത്സാഹജനകമായിരുന്നെങ്കിലും അതെനിക്കു ആപത്തായിത്തീർന്നു. ഒരാഴ്ചക്കുള്ളിൽ അപ്രതീക്ഷിതമായി ഞാൻ സത്യദീപത്തിൽ നിന്നു നിഷ്ക്കാസിതനായി. ഞാൻ 'വളർന്നുപോയി' എന്നായിരുന്നു പ്രധാന പത്രാ ധിപരുടെ പ്രതികരണം. ഒരു ചായക്കുള്ള കാശുപോലും കൈയിലില്ലാതെ ഞാൻ സത്യദീപം ആഫീസ്സിൽ നിന്നു ഇറങ്ങുപ്പോരേണ്ടിവന്നു.

പതിനെട്ടു വർഷങ്ങൾക്കുശേഷം ഇതേ അനുഭവം വീണ്ടും എനിക്കു ണ്ടായി. സത്യദീപം പത്രാധിപരായിരുന്ന റവ. ഡോ. ജോസഫ് പാറേക്കാ ട്ടിൽ എറണാകുളം മെത്രാപ്പോലീത്തയാകുകയും പത്രാധിപർ ഫാദർ ജേക്കബ് നടുവത്തുശ്ശേരി സ്ഥാനം പൂർണ്ണമായി ഒഴിയുകയും ചെയ്ത പ്രതി സന്ധിയിൽ സത്യദീപത്തിനു ഒരു സഹായി വേണ്ടിവന്നു. അതിലേക്കു റവ. ഡോ. പാറേക്കാട്ടിൽ എന്നെ നിയോഗിച്ചു. ബ. നടവത്തുശേരിലച്ചൻ അതേ വരെ കൈകാര്യം ചെയ്തിരുന്ന ചോദ്യോത്തരപംക്തി വിമർശനപംക്തി എന്നിവയും 'കത്തോലിക്കാ ലോക' വും ഉൾപ്പെടെ ആഴ്ചയിൽ ശരാശരി 10 കോളം മാറ്റർ ഞാൻ എഴുതിക്കൊണ്ടിരുന്നു. കത്തോലിക്കാ പഠന ങ്ങൾക്കും ദൈവശാസ്ത്രസിദ്ധാന്തങ്ങൾക്കും യോജിച്ചവിധത്തിൽ ചോദ്യ കർത്താവിനു തൃപ്തികരമായ മറുപടി നൽകുക വിഷമകരമായ ഒരു പ്രശ്ന മായിരുന്നു. എങ്കിലും 300-ൽ പരം ചോദ്യങ്ങൾക്കു ഞാൻ ഉത്തരം നൽകി. ഒരു വൈദീകന്റെയും സഹായം കൂടാതെ. ഞാൻ എഴുതിക്കൊടുത്ത മറുപ ടിയിൽ ഒരു കോമയെങ്കിലും മാറ്റേണ്ട സന്ദർഭം പത്രാധിപർക്കുണ്ടായില്ല.

www.malankaralibrary.com

അതു പരസ്യമായി ഏറ്റു പറയേണ്ട ഒരു സന്ദർഭം അദ്ദേഹത്തിനുണ്ടായി. (അവാർഡ്ദാന സമ്മേളനത്തിലെ കുറേഭാഗം പത്രപ്രവർത്തനം എന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. അതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.)

അംഗീകാരത്തിന്റെ കാര്യത്തിൽ ഞാൻ കത്തോലിക്ക സമുദായത്തിലെ ഒരു മദ്ധ്യമപുത്രനായിപ്പോയി എന്ന ദൗർഭാഗ്യം ഞാൻ വിസ്മരിക്കുന്നില്ല. പണ്ടൊരു രാജാവു ഒരു യാഗമാരംഭിച്ചു. യഞ്ജസമാപ്തിക്കുമുൻപു യാഗപശു മോഷ്ടിക്കപ്പെട്ടു. യാഗപ്പശുവിനെ കിട്ടാത്തപക്ഷം പകരം ബ്രാഹ്മണ ബാലനെ ഹോമിക്കണമെന്നായിരുന്നു പ്രാശ്നികന്മാരുടെ വിധി. തന്മൂലം ബ്രാഹ്മണബാലനെ തിരക്കി രാജദൂതൻ നാലുപാടും ഓടി. ഒരിടത്ത് അച്ഛനും അമ്മയും മൂന്നു മക്കളും ഉൾപ്പെട്ട ഒരു ദരിദ്രബ്രാഹ്മണകുടുംബം രാജദൂതന്മാരുടെ ദൃഷ്ടിയിൽപ്പെട്ടു. ഒരു ബാലനെ യാഗത്തിനു വിട്ടുകൊടുത്താൽ ദാരിദ്രത്തിനു അറുതി വരുത്താമെന്നു ആ കുടുംബത്തിനറിയാമായിരുന്നു. പക്ഷെ എല്ലാ മക്കളെയും സ്നേഹിച്ചിരുന്ന അച്ഛനും അമ്മക്കും ആരെവിട്ടുകൊടുക്കണമെന്നത് ഒരു പ്രശ്നമായി. ഒടുവിൽ അച്ഛൻ പറഞ്ഞു. ഏതായാലും മൂത്തമകനെ താൻ വിട്ടുകൊടുക്കുകയില്ലായെന്ന്. ഒരു കാരണവശാലും ഇളയമകനെ വിട്ടുകൊടുക്കുകയില്ലായെന്ന് അമ്മയും തീർത്തു പറഞ്ഞു. ഉടനെ മദ്ധ്യമപുത്രൻ പറഞ്ഞു. അച്ഛനും അമ്മയ്ക്കും വേണ്ടാത്ത താൻതന്നെ യാഗപശുവായികൊള്ളാമെന്ന്. അതാണ് മാദ്ധ്യമപുത്രന്റെ കഥ.

ചങ്ങനാശ്ശേരി അതിരൂപതാതിർത്തിയിൽ ജനിച്ചു വളർന്ന ഞാൻ കഴിഞ്ഞ 40 വർഷമായി എറണാകുളം അതിരൂപതയിലാണു താമസിച്ചു പ്രവർത്തിച്ചിരുന്നത്. തന്മൂലം അംഗീകാരത്തിന്റെ പ്രശ്നം വരുമ്പോൾ പ്രവർത്തനരംഗം എറണാകുളമായിരുന്നതിനാൽ അവർ നോക്കട്ടെയെന്നു ചങ്ങനാശേരി അതിരൂപതക്കാരും ജനിച്ചതു ചങ്ങനാശേരിയിലാകയാൽ അവർ നോക്കട്ടെയെന്നു എറണാകുളം അതിരൂപതക്കാരും കൈയൊഴിയുന്നു. ചങ്ങനാശേരി അതിരൂപതയിൽ ഒന്നാമത്തെ പാസ്റ്റർ കൗൺസിൽ രൂപവത്കൃതമായപ്പോൾ എന്നെ അവഗണിച്ചത് ഈ കാരണം പറഞ്ഞാണല്ലോ. ആ വസ്തുത ആലോചിക്കുമ്പോൾ ഈ അവാർഡു ദാനത്തിനു അഭിവന്ദ്യ പവ്വത്തിൽ തിരുമേനി ഇവിടെ സന്നിഹിതനായി എന്നത് ഒരു വലിയ നേട്ടമായി ഞാൻ കരുതുന്നു.

കത്തോലിക്ക കോൺഗ്രസ് എനിക്കു ഇങ്ങനെയൊരു അവാർഡു നൽകുന്ന കാര്യം മലയാള മനോരമ മുതലായ കത്തോലിക്കേതര പത്രങ്ങൾ അറിഞ്ഞിട്ടും കത്തോലിക്ക പത്രമായ ദീപിക അറിയാതെ പോയല്ലോയെന്നു ചിലർ എന്നോടു സഹതാപം കാണിക്കുകയുണ്ടായി. എനിക്ക് ഒരു സ്വീകരണം തന്നുപോയി എന്നതുകൊണ്ട്, ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പറ്റി ബഹു. ജനറാളച്ചന്റെ നേതൃത്വത്തിൽ മാന്നാ

www.malankaralibrary.com





നത്തു നടന്ന സെമിനാർ പോലും ദീപികയുടെ ശ്രദ്ധയിൽപ്പെടാതെ പോയി. ദീപികയുടെ ഈവക നയത്തെപ്പറ്റി ചിന്തിച്ചു ഞാൻ ക്ലേശിക്കാറില്ല. അമേരിക്കയിലെയും അന്റാർട്ടിക്കയിലെയും മനുഷ്യർക്കു വേണ്ടാത്ത കാര്യങ്ങളെപ്പറ്റി ശുഷ്ക്കങ്ങളായ നീണ്ടുനീണ്ട പ്രബന്ധങ്ങൾ അച്ചടിച്ച് ചേർക്കുകയും, ഉടുതുണിയില്ലാത്ത സിനിമാ താരങ്ങളുടെ ചിത്രങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതു കത്തോലിക്ക പത്ര പ്രവർത്തനമാകുമെന്നു വിശ്വസിച്ചിരിക്കുന്ന ദീപികക്കു എന്നെപ്പോലെയുള്ള പാവങ്ങളുടെ കാര്യം പറയുവാൻ സമയമോ സൗകര്യമോ ഉണ്ടായില്ലെന്നു വരാം. കേരളകൗമുദി, മാതൃഭൂമി, മലയാള മനോരമ മുതലായ പത്രങ്ങൾ എന്റെ പുസ്തകങ്ങൾ നിരൂപണം ചെയ്യാറുണ്ടെങ്കിലും ദീപിക തുടങ്ങിയ കത്തോലിക്ക പത്രങ്ങൾ അവ കണ്ടില്ലെന്നു വെക്കുകയാണ് ചെയ്യുന്നത്. കത്തോലിക്ക പത്രങ്ങളിൽ നിന്ന് എനിക്കു പ്രോത്സാഹനം അത്തരത്തിലുള്ളതാണ്.

മൂക്കിനു അപ്പുറം കാണാൻ കഴിവില്ലാത്ത ചില കൊച്ചു മനസ്സുകളുടെ പിടിയിലമർന്നിരിക്കുന്ന നമ്മുടെ പല സ്ഥാപനങ്ങളും സമുദായത്തിന് ഒരു ശാപമായിത്തീർന്നിരിക്കുകയാണ്. യേന കേന പ്രകാരേണ സ്ഥാനങ്ങളിൽ കടന്നുകൂടുന്നവർ സ്വയം പ്രവർത്തിക്കാൻ ശക്തരല്ലാതിരിക്കുമ്പോൾ, പ്രവർത്തനക്ഷമരായവരെ അകറ്റി നിർത്തുവാൻ ഉത്സാഹിക്കുക സ്വാഭാവികമാണ്. ദീപികയെപ്പറ്റി പറയുകയാണെങ്കിൽ മലയാളത്തിൽ എഴുത്തുകാർ വിരളവും വാർത്തകൾ ചുരുക്കവുമായിരുന്ന 1932 മുതൽ 1939 വരെയുള്ള കാലത്ത് ഏതാണ്ട് 5000 കോളം മാറ്റർ ഒരു പൈസപോലും പ്രതിഫലം വാങ്ങാതെ ഞാൻ എഴുതിക്കൊടുത്തു സഹായിച്ചിട്ടുണ്ട്. അന്നൊക്കെ ദീപികയ്ക്കു എന്നെ വേണമായിരുന്നു. ദീപികയുടെ അംഗീകാരമില്ലെങ്കിൽത്തന്നെ സ്വന്തം വ്യക്തിത്വം നിലനിർത്തുന്നതിനുള്ള വളർച്ച എന്റെ സാഹിത്യത്തിനുണ്ടെന്നും, എന്നെ അംഗീകരിക്കുകയില്ലെന്നു വ്രതമെടുത്തിരിക്കുന്നവർ മൺമറഞ്ഞ് അവരുടെ സ്വന്തക്കാരാൽ പോലും വിസ്മരിക്കപ്പെടുന്ന കാലത്തും എന്റെ സാഹിത്യ സംഭാവനകൾ ഇവിടെ ജീവിക്കുമെന്നും എനിക്കു ബോദ്ധ്യമുണ്ട്.

എന്റെ പത്രപ്രവർത്തന ജീവിതത്തിൽ ഞാൻ ഏറ്റവും അഭിമാനിക്കുന്ന ഒരു കാര്യമുണ്ട്. ഒരു ഡസനിലേറെ കത്തോലിക്ക ചെറുപ്പക്കാരെ സാഹിത്യ വേദിയിലേക്കു കൈപിടിച്ചു നടത്തുവാൻ എനിക്കു സാധിച്ചിരിക്കുന്നുവെന്ന വസ്തുതയാണത്. (ഇന്ന് ചെറുപ്പക്കാരെ വളർത്തിയെടുക്കാൻ ശ്രമിച്ച കാര്യം വിശദമായി യുവജനപ്രോത്സാഹനം എന്ന അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.)

ക്രിസ്ത്യാനികൾ എന്ത് എഴുതിയാലും അതു മതകാര്യമായി എണ്ണപ്പെട്ടിരുന്ന ഒരു കാലത്ത് മലയാള സാഹിത്യത്തിലെ മഹാശക്തികളോടു ഏകനായി സമരം ചെയ്തുകൊണ്ടാണ് ഞാൻ ഇന്നത്തെ നിലയിലെത്തിയ

www.malankaralibrary.com

ത്. 1936-ലെ കട്ടക്കയം അനുസ്മരണാ യോഗത്തിൽ ഞാൻ ചെയ്ത പ്രസംഗം ഒരു വഴിത്തിരിവായിരുന്നു. വള്ളത്തോൾ, ടി.കെ. കൃഷ്ണമേനോൻ തുടങ്ങിയ സാഹിത്യ മല്ലൻമാരെ മുൻപിലിരുത്തി നക്ഷത്രമെണ്ണിച്ചതും, തൽഫലമായി പിറ്റേക്കൊല്ലം ശ്രീ യേശുവിജയം തിരുവിതാംകൂർ, മദ്രാസ് സർവ്വകലാശാലകളിൽ പാഠ്യഗ്രന്ഥമായി അംഗീകരിക്കപ്പെട്ടതും ചരിത്ര വസ്തുതയാണ്. വാസ്തവത്തിൽ സാഹിത്യത്തിലെ അംഗീകാരം ഞാൻ ബലമായി പിടിച്ചു പറ്റിയതാണ്.

ഞാൻ എറണാകുളത്തു വന്ന കാലത്തുണ്ടായ ഒരു അനുഭവം ഓർത്തുപോവുകയാണ്. യശ്ശശരീരനായ എ.ഡി. ഹരിശർമ്മ ഹൈസ്കൂൾ ക്ലാസുകളിലേക്കു ഒരു റീഡർ തയ്യാറാക്കിയതിൽ ശാസ്ത്രവിഷയങ്ങളെപ്പറ്റി എന്നെക്കൊണ്ട് രണ്ടുമൂന്നു ലേഖനങ്ങൾ എഴുതിച്ചു ചേർത്തിരുന്നു. പക്ഷെ ലേഖനകർത്താക്കളായി ചില ഹിന്ദുക്കളുടെ പേരാണു വച്ചത്. ഒരു ക്രിസ്ത്യാനിയായ എന്റെ പേർ ചേർത്താൽ പാഠ്യപുസ്തകമായി അംഗീകരിക്കപ്പെട്ടില്ലെങ്കിലോ എന്നായിരുന്നു അദ്ദേഹത്തിന്റെ ഭയം. എന്റെ പേരിനു അംഗീകാരം കിട്ടുമോയെന്നു പരീക്ഷിക്കണമെന്ന് ഒരു വാശി എനിക്കുണ്ടായി. അങ്ങനെയാണ് സാഹിത്യസൗരഭം. പ്രബന്ധമുക്താവലി, സാഹിത്യബോധിനി, പ്രബന്ധ രത്നാവലി എന്നീ കൃതികൾ ഞാൻ തയ്യാറാക്കിയത്. ഇവയിൽ ആദ്യത്തേതു കൊച്ചിയിലും രണ്ടാമത്തേതു മദ്രാസ് സർവ്വകലാശാലയിലും പാഠ്യപുസ്തകമായി. സാഹിത്യബോധിനി എന്ന എന്റെ വ്യാകരണം ഏറെക്കാലം കൊച്ചിയിലും പ്രബന്ധരത്നാവലി വിദ്വാനും പാഠ്യപുസ്തകമായിരുന്നു. ഒരു ക്രിസ്ത്യാനിയാണെങ്കിലും എന്റെ പേരു അംഗീകരിക്കപ്പെട്ടുവെന്നു ശ്രീ. ശർമ്മയ്ക്കു ബോദ്ധ്യമുണ്ടായി. അതുകൊണ്ടായിരിക്കാം ശ്രീ ശർമ്മ തന്റേതായി പ്രസിദ്ധീകരിച്ചിരിക്കുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ എന്നെക്കൊണ്ട് എഴുതിച്ചത്. ആ പുസ്തകത്തിൽ ഒറ്റ വരിപോലും അദ്ദേഹത്തിന്റേതായിട്ടില്ല.

ഞാൻ വെട്ടിത്തുറന്നു പാതയിലൂടെ, എന്റെ പിന്നാലെ അനേകം കത്തോലിക്ക യുവാക്കന്മാർ സാഹിത്യവേദിയിൽ എതിർപ്പു ഭയപ്പെടാതെ കയറിപ്പറ്റി അംഗീകാരം നേടിയെടുത്തതിൽ എനിക്കു ചാരിതാർത്ഥ്യത്തിനു വകയുണ്ട്. സാഹിത്യം ചിലരുടെ കുത്തകയാക്കി നിർത്തുവാനുള്ള ആ പഴയ പ്രവണത തീർത്തും അവസാനിച്ചുവെന്ന് എനിക്കഭിപ്രായമില്ല. ഇന്നും സാഹിത്യപരമായ ചർച്ചകളിൽ കത്തോലിക്ക സാഹിത്യകാരന്മാരെ അവഗണിക്കുന്ന സമ്പ്രദായം തുടർന്നു പോരുന്നുണ്ട്. നോവലിനെപ്പറ്റിയുള്ള ചർച്ചയിൽ മുട്ടത്തു വർക്കിയുടെയോ ജോസഫ് മറ്റത്തിന്റെയോ പേരു കാണുകയില്ല. നാടകത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ വി.എസ്. ആൻഡ്രൂസിന്റെയോ സി. എൽ. ജോസിന്റെയോ പേരു സൂചിപ്പിക്കുകപോലുമില്ല. അവഗണിച്ചു ഇല്ലാതാക്കുകയെന്ന സൂത്രമാണിത്. ഈ ധിക്കാരത്തിനെതിരെ ഉചിതമായ

www.malankaralibrary.com

ആയുധം കൊണ്ട് സമരം ചെയ്യേണ്ടിയിരിക്കുന്നു. പക്ഷെ ദീപികയെപ്പോലെയുള്ള കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ ഈ രംഗത്ത് ഒച്ചാനിച്ചു നിൽക്കുകയല്ലാതെ ഒരു ചെറു വിരൽപോലും അനക്കുന്നില്ല. കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിലുള്ള സാഹിത്യകലാസമിതി ഈ കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കുകതന്നെ വേണം. നമ്മെ അവഗണിക്കുന്നവരെ നാമും അവഗണിച്ചു മുന്നോട്ടുപോയാൽ മാത്രമേ അവരുടെ കണ്ണു തുറക്കുകയുള്ളൂ.

## എം.ഒ. ജോസഫിന് സ്വീകരണങ്ങൾ

കത്തോലിക്കാ കോൺഗ്രസ്സ് സാഹിത്യ അവാർഡ് ലഭിച്ച എം.ഒ.ജോസഫിന് വിവിധസ്ഥലങ്ങളിൽ സ്വീകരണം നല്കപ്പെട്ടു. ആദ്യ സ്വീകരണം കോട്ടയം പ്രസ്ക്ലബ് ഹാളിൽ ആണ് നല്കിയത്. സമ്മേളനഹാളിൽ എത്തിച്ചേർന്ന എം.ഒ.യെ എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം ഹാരമണിയിച്ചു സ്വീകരിച്ചു. കേരളകത്തോലിക്കാ യുവജനസംഘടനയാണ് സ്വീകരണം സംഘടിപ്പിച്ചത്. യോഗത്തിൽ പി.ജെ. തോമസ് അദ്ധ്യക്ഷം വഹിച്ചു. ജോൺ കച്ചിറമറ്റം ഫാ. ജോസഫ് ചിറയിൽ, സി.എം.ഐ. ടോം ജോസ്, എൻ.കെ. ജോസ് തുടങ്ങിയവർ അനുമോദന പ്രസംഗങ്ങൾ നടത്തി. ശ്രീ.എം.ഒ. ജോസഫ് തന്റെ സമുദായ പ്രവർത്തനത്തെയും സാഹിത്യസേവനത്തെയും പറ്റി മറുപടി പ്രസംഗത്തിൽ വിവരിച്ചു.

## മാന്നാനത്ത്

കത്തോലിക്കാ സാഹിത്യ അവാർഡിന് അർഹനായ എം.ഒ. ജോസഫിനെ അനുമോദിക്കാൻ കേരളസാഹിത്യകലാസമിതിയുടെയും കർമ്മലകുസുമത്തിന്റെയും ആഭിമുഖ്യത്തിൽ മാന്നാനം ട്രെയിനിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ ഒരു യോഗംചേർന്നു. സാഹിത്യകലാസമിതി പ്രസിഡന്റ് പ്രൊഫ. പി.ജെ. ജോസഫ് എം.ഒ.യെ ഹാരമണിയിച്ചു സ്വീകരിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ പ്രസിഡന്റ് പ്രൊഫ. പി.ജെ. ജോസഫ് ആദ്ധ്യക്ഷം വഹിച്ചു. എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, ജോസഫ് പുത്തൻതറ എന്നിവർ അദ്ദേഹത്തിന് അഭിവാദ്യങ്ങളും ആശംസകളും അർപ്പിച്ചു സംസാരിച്ചു. ശ്രീ.എം.ഒ.ജോസഫ് തന്റെ മറുപടി പ്രസംഗത്തിൽ പ്രതിഫലേച്ഛ കൂടാതെ സമുദായസേവനം നടത്തിയ തനിക്ക് ഉണ്ടായിട്ടുള്ള അനുഭവങ്ങളെ ഹൃദയസ്പർശിയാംവണ്ണം വിവരിച്ചു. തോമസ് വടശ്ശേരി കൃതജ്ഞത പ്രകാശിപ്പിച്ചു.

www.malankaralibrary.com

# 23. കത്തോലിക്കാ സമുദായം കടന്നുപോയ പാതകൾ

(ശ്രീ.എം.ഒ. ജോസഫിന്റെ എല്ലാ ലേഖനങ്ങളും ചരിത്രപരമായി വളരെയധികം പ്രാധാന്യമുള്ളതാണ്. തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭണങ്ങളെപ്പറ്റിയും അതിൽ കത്തോലിക്കാസമുദായം വഹിച്ച പങ്കിനെപ്പറ്റിയും കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിൻ സ്മരണികയിൽ അദ്ദേഹം ഒരു ലേഖനം എഴുതുകയുണ്ടായി. കഴിഞ്ഞ ഒന്നരനൂറ്റാണ്ടു കാലത്തെ ചരിത്രം മനസ്സിലാക്കുവാൻ ഈ ലേഖനം സഹായകരമാണ്. ആ ലേഖനമാണ് താഴെ ചേർത്തിരിക്കുന്നത്.)

പത്തൊൻപതു നൂറ്റാണ്ടുകാലം പിന്നിട്ട കേരളത്തിലെ കത്തോലിക്കാ സമുദായം അനുകൂലവും പ്രതികൂലവുമായ പല കാലഘട്ടങ്ങളേയും കടന്നാണ് ഇന്നത്തെ യുഗത്തിൽ എത്തിച്ചേർന്നത്. സമുദായം അഭിമുഖീകരിച്ച പ്രതിസന്ധികളെയും അതിജീവിച്ച ദുർഘടഘട്ടങ്ങളെയും പറ്റി ചിന്തിക്കുന്നത് ഇന്നത്തെ വഴിത്തിരിവിന്റേതായ കാലഘട്ടത്തിൽ ആവശ്യമാണ്.

ആദ്ധ്യാത്മികമായ സ്വന്തം അസ്തിത്വം നില നിലർത്തുന്നതിനു വേണ്ടി കേരളത്തിലെ ക്രൈസ്തവ സമുദായത്തിനു പതിനേഴാം നൂറ്റാണ്ട് മുതൽ നീണ്ട സമരം ചെയ്യേണ്ടി വന്നു. പൗരസ്ത്യ ആചാരമര്യാദകളോടു കൂടിയ കേരളത്തിലെ ക്രൈസ്തവ സമുദായത്തെ ലത്തീനീകരിക്കുവാൻ പോർത്തുഗീസു ഭരണാധികാരികൾ സ്വീകരിച്ച കുത്സിതമാർഗ്ഗങ്ങളുടെ ആരംഭമായിരുന്നല്ലോ 1599-ലെ ഉദയം പേരൂർ സൂനഹദോസ്സ്. അതു മുതൽ ഒരു വശത്തു വിദേശമിഷ്യനറിമാരുടെ ലത്തീനീകരണശ്രമവും മറുവശത്ത് ആ കുടുക്കിൽ നിന്നു രക്ഷപ്പെടാനും സ്വന്തം വ്യക്തിത്വം നിലനിർത്താനുമുള്ള മാർത്തോമാ ക്രിസ്ത്യാനികളുടെ യത്നവുമാണ് കേരള ചരിത്രത്തിൽ നാം കാണുന്നത്. കേരള ക്രൈസ്തവ സമുദായം അതിന്റെ മുഴുവൻ കഴിവും ശക്തിയും ഈ സ്വാതന്ത്ര്യസമരത്തിൽ കേന്ദ്രീകരിച്ചിരുന്നു. ആദ്ധ്യാത്മികവശത്തിന് സർവ്വപ്രാധാന്യം നൽകിയിരുന്ന അവർ ഭൗതികവശത്തെ പറ്റി അത്ര കാര്യക്ഷമമായി ചിന്തിച്ചതായി കാണുന്നില്ല. ഉപജീവനത്തിന് അനിവാര്യമായിരുന്ന കൃഷിയിലും കച്ചവടത്തിലും അവർ വ്യാപൃതരായിരുന്നെങ്കിലും പൗരപരമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനു അവർ സമയമോ സൗകര്യമോ കണ്ടെത്തിയില്ല.

കേരള ക്രിസ്ത്യാനികൾ പ്രധാനമായി പഴയ കൊച്ചി-തിരുവിതാം

www.malankaralibrary.com

കൂർ രാജ്യങ്ങളിലായിരുന്നല്ലോ തിങ്ങിപ്പാർത്തിരുന്നത്. പോർത്തുഗീസുകാരുടെയും തുടർന്നു ഡച്ചുകാരുടെയും ശക്തികേന്ദ്രമായിത്തീർന്ന കൊച്ചിയിലെ ഭരണാധികാരികൾ സ്വന്ത നിലനില്പിനു വേണ്ടി തന്നെ ക്രിസ്ത്യാനികളോടു വളരെ സൗമനസ്യപൂർവ്വം വർത്തിച്ചിരുന്നതു കൊണ്ടു പൗരപരമായ അവശതകൾ വളരെയൊന്നും അവർക്കു അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ തിരുവിതാംകൂറിന്റെ തലസ്ഥാനവും രാജധാനിയും ക്രിസ്ത്യാനികൾക്കു യാതൊരു സ്വാധീനവുമില്ലാതിരുന്ന തെക്കെ അറ്റത്തായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയത്തിനു സഹായിച്ചതു പ്രധാനമായും രാമയ്യൻ എന്ന തമിഴു ബ്രാഹ്മണനും ഡിലെനോയി എന്ന ഒരു യൂറോപ്യൻ കത്തോലിക്കനുമായിരുന്നെങ്കിലും, അതു കൊണ്ടു രാഷ്ട്രീയമായ മുതലെടുപ്പു നടത്തിയതു രാമയ്യർ മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളും ആശ്രിതരുമായ വളരെയേറെ തമിഴ്ബ്രാഹ്മണർ തിരുവിതാംകൂറിൽ കടന്നുവന്നു രാജ്യഭരണത്തിൽ സ്വാധീനം ചെലുത്തി തുടങ്ങി. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേയ്ക്കും തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങളെല്ലാം അവരുടെ കൈയിലായി. രാജസ്ഥാനം പോലും അവരുടെ ചൂണ്ടുവിരലിനൊപ്പിച്ചാണ് നീങ്ങിക്കൊണ്ടിരുന്നത്.

അങ്ങനെ ബ്രാഹ്മണമേധാവിത്വത്തിന്റെ തള്ളിക്കയറ്റത്തിൽ ഇന്നാട്ടുകാരായ ജനങ്ങൾ, ജാതിഭേദമന്യേ, പുറംതള്ളപ്പെട്ടുകൊണ്ടിരുന്നു. ദുർവഹമായ ഈ ബ്രാഹ്മണാധിപത്യത്തെ തച്ചുടച്ചു മണ്ണിന്റെ മക്കളുടെ അവകാശം പുനഃസ്ഥാപിക്കുവാൻ രാജ്യാഭിമാനികൾ തീരുമാനിച്ചതിന്റെ പ്രത്യക്ഷഫലമാണ് സുപ്രസിദ്ധമായ മലയാളിമെമ്മോറിയൽ. 10037 പേർ ഒപ്പിട്ട് 1891-ൽ മഹാരാജാവിനു സമർപ്പിച്ച ഈ മെമ്മോറിയലിൽ ആവശ്യപ്പെട്ടിരുന്നത് സംസ്ഥാനത്തിലെ വിവിധ സമുദായങ്ങൾക്കു സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം അനുവദിക്കണമെന്നായിരുന്നു. ദിവാൻജിയെ നേരിട്ടുകണ്ടു മെമ്മോറിയൽ സമർപ്പിച്ച നൂറംഗഡെപ്യൂട്ടേഷനിൽ കത്തോലിക്കാ സമുദായനേതാവായിരുന്ന സിറിയക്കു നിധീരിയും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സഹോദരനും, സുറിയാനി സമുദായത്തിന്റെ അനിഷേദ്ധ്യനേതാവും സ്വാതന്ത്ര്യ സമരത്തിലെ ഒരു മുന്നണിപ്പടയാളിയുമായിരുന്ന നിധിയിരിക്കൽ മാണിക്കത്തനാർ ഈ മെമ്മോറിയൽ സമർപ്പണ വിഷയത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിരുന്നു.

ഈ നിവേദനത്തിനു ഫലമുണ്ടായി. ഉയർന്ന ഉദ്യോഗങ്ങളിൽ ഏതദ്ദേശീയർക്ക് ഗണ്യമായ സ്ഥാനം സംലബ്ധമായി. പക്ഷേ ബ്രാഹ്മണമേധാവിത്വത്തിന്റെ സ്ഥാനത്തു നായർ മേധാവിത്വം വന്നു എന്നതുമാത്രമായിരുന്നു പറയത്തക്കതായ മാറ്റം. നാടുവാഴുന്ന മഹാരാജാവിന്റെ ഭാര്യ നായർ സമുദായാംഗമായിരുന്നതിനാൽ ആ സമുദായത്തിനു പ്രത്യേക പരിഗണന ലഭിച്ചതിൽ അത്ഭുതപ്പെടാനില്ല. പക്ഷേ നായരുടെ മേധാവിത്വം സുരക്ഷിതമാ

www.malankaralibrary.com

യപ്പോൾ, വിവിധ സമുദായങ്ങൾക്കു പ്രാതിനിധ്യമെന്ന മെമ്മോറിയലിലെ പ്രാർത്ഥിതം അവർ പാടെ മറന്നുപോയി. മലയാളി മെമ്മോറിയൽ സമർപ്പണത്തിനു തങ്ങളെപ്പോലെതന്നെ മുന്നിൽ നിന്നു യത്നിച്ച ക്രൈസ്തവ സമുദായത്തിന്റെ അവകാശങ്ങൾ കണ്ടില്ലെന്ന്വയ്ക്കുവാൻ അവർക്കു പ്രയാസം തോന്നിയിന്ന്. അബ്രാഹ്മണർക്കു ഉദ്യോഗം കൊടുക്കുന്നതിന് എതിരായി ബ്രാഹ്മണർ ഉന്നയിച്ചിരുന്ന വാദങ്ങൾ തന്നെ അഹിന്ദുക്കൾക്കു ഉദ്യോഗം കൊടുക്കുന്നതിനെതിരായി നായന്മാരും ഉന്നയിച്ചു കൊണ്ടിരുന്നു.

ആദ്ധ്യാത്മിക സ്വയംഭരണത്തിനുവേണ്ടി ദീർഘസമരം ചെയ്തു കൊണ്ടിരുന്ന കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾക്ക് പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേയ്ക്കു ലക്ഷ്യപ്രാപ്തി ഏതാണ്ടു സുനിശ്ചിതമായി. 1896–ലെ മൂന്നു സുറിയാനി വികാരിയത്തുകളുടെ സ്ഥാപനത്തോടുകൂടി സ്വയംഭരണം അസാദ്ധ്യമല്ലെന്നു വ്യക്തമായി. പക്ഷേ ഈ ദീർഘസമരത്തിന്റെ അനിവാര്യമായ ഒരു ഫലം, വിദേശമിഷ്യനറിമാരോടു കൂട്ടുചേർന്നു നിന്നിരുന്ന ലത്തീൻ ക്രിസ്ത്യാനികളിലുള്ള വിശ്വാസരാഹിത്യമായിരുന്നു. ഒരേ വിശ്വാസവും ഒരേ മാമ്മോദിസായും, ഒരേ കർത്താവും ഒരേ തലവനുമുള്ളവരെങ്കിലും ഈ മണ്ണിന്റെ മക്കൾതന്നെയായ അവർ രണ്ടു ഭിന്നചേരികളിൽ നിൽക്കാനിടയായതു ക്രൈസ്തവ സമുദായത്തിന്റെ രാഷ്ട്രീയമായ ശക്തിക്ഷയത്തിനു കുറച്ചൊന്നുമല്ല കാരണമായത്.

സ്വയംഭരണലബ്ധി ദൃശ്യമായതോടുകൂടി സമരരംഗത്തു നിന്നു പിന്തിരിയാൻ അവസരം ലഭിച്ച ക്രിസ്ത്യാനികൾ, ഇക്കാലമത്രയും തങ്ങളുടെ പൗരാവകാശങ്ങൾ അപഹരിക്കപ്പെട്ടിരിക്കുന്ന വസ്തുത കണ്ടു അമ്പരന്നുപോയി. രാഷ്ട്രീയമായ സ്വന്തം അസ്തിത്വത്തിനുതന്നെ മറ്റൊരു സമരം ചെയ്യാതെ നിവൃത്തിയില്ലെന്നുവന്നു. അതിലേക്കു സംഘടിക്കുകമാത്രമേ ഒരു പോം വഴിയുള്ളുവെന്നും അവർ മനസ്സിലാക്കി. എന്നാൽ കത്തോലിക്കർ സംഘടിക്കുന്നതിനെ, അവർ സമരം ചെയ്തു നേടിയ അവരിൽ നിന്നുതന്നെയുള്ള വൈദിക മേലദ്ധ്യക്ഷന്മാർ സംശയദൃഷ്ടിയോടെയാണു വീക്ഷിച്ചത്. ജനങ്ങളുടെ സമരഫലമായി തങ്ങളുടെ സ്ഥാനത്തിന് ഏതെങ്കിലും തരത്തിൽ വെല്ലുവിളിയാകാവുന്ന മറ്റൊരു സമരത്തിനു പഴുതുണ്ടാകാതിരിക്കാൻ ജനങ്ങളെ അസംഘടിതരായി നിർത്തുകയാണു വേണ്ടതെന്ന് അവർക്ക് തോന്നിയിരിക്കാം.

തൃശ്ശിനാപ്പള്ളി കോളെജിൽ ചേർന്നു ഉന്നത വിദ്യാഭ്യാസം നേടിയ ചില യുവാക്കന്മാർ, സമുദായം സംഘടിച്ചിലുണ്ടാകാവുന്ന പ്രയോജനം മനസ്സിലാക്കി തദർത്ഥം ചില കൂടിയാലോചനകൾ നടത്തുകയും ശ്രമങ്ങളാരംഭിക്കുകയും ചെയ്തു. പക്ഷേ തങ്ങളുടെ ശത്രുക്കളും മർദ്ദകരുമായിരുന്ന വിദേശമിഷ്യനറിമാരുടെ പിണിയാളുകളായിരുന്ന ലത്തീൻകാരുമായി ഒന്നിച്ചു സംഘടിക്കുവാൻ സമുദായം അപ്പോഴും സന്നദ്ധമായിരുന്നില്ല. അതിനാൽ

www.malankaralibrary.com

ആദ്യത്തെ സംഘടന "വടക്കുംഭാഗം സുറിയാനി കത്തോലിക്കാ സാമൂഹ്യ സമ്മേളനം" എന്ന പേരിലാണ് സ്ഥാപിക്കപ്പെട്ടത്. ഈ സമ്മേളനത്തിന്റെ കൊടിക്കീഴിൽ സമുദായനേതാക്കന്മാർ ഒന്നിച്ചു കൂടുകയും സമുദായത്തിന്റെ അവശകളെയും പുരോഗമനമാർഗ്ഗങ്ങളെയും പറ്റി ചർച്ച നടത്തുകയും ചെയ്തു. സമുദായാംഗങ്ങളിൽ ഒരുത്തേജനവും അവശതാബോധവും സംജാതമാകുന്നതിന് ഇതു കാരണമായി. ഏതാണ്ട് ഒരു ദശാബ്ദക്കാലത്തോളം ഈ നില തുടർന്നുപോന്നു.

അപ്പോഴേയ്ക്കും കൂടുതൽ യുവാക്കന്മാർ ഉന്നത വിദ്യാഭ്യാസം ചെയ്തുവരികയും, ഭൂതകാലത്തെ തിക്താനുഭവങ്ങൾ ഏതാണ്ടൊക്കെ വിസ്മൃതമായിവരികയും ചെയ്തതിനാൽ വിഭാഗീയസംഘടനയല്ലാ വേണ്ടതെന്ന ചിന്താഗതി സമുദായത്തിലുണ്ടായി. അങ്ങനെ സുറിയാനിക്കാരും ലത്തീൻകാരും ചേർന്നു സമഗ്രമായ ഒരു സംഘടനയ്ക്കു രൂപം കൊടുത്തതാണു അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്. ആരംഭകാലത്തു "കേരളീയ കത്തോലിക്കാ മഹാജനസഭ" എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്. പിന്നീടു നടന്ന പൗരാവകാശസമരങ്ങളിലും പൗരസമത്വവാദ പ്രക്ഷോഭണങ്ങളിലും മറ്റും കത്തോലിക്കാസമുദായത്തിന്റെ ജിഹ്വയായി വർത്തിച്ചതു കത്തോലിക്കാ കോൺഗ്രസായിരുന്നു. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തു കത്തോലിക്കാ സമുദായത്തിനുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങളുടെയും പിന്നിൽ കത്തോലിക്കാ കോൺഗ്രസിനെ നമുക്കു കാണാം.

ക്രിസ്ത്യാനികൾക്കു സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകാതിരിക്കുവാൻ സവർണ്ണ സമുദായങ്ങൾ പൊക്കിക്കാണിച്ചിരുന്ന ഒരു ന്യായം ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണം സർക്കാരിനായിരുന്നുവെന്നതാണ്. ഹിന്ദുദേവാലയങ്ങളുടെ ഭരണച്ചുമതല പരോക്ഷമായിപ്പോലും ഒരു ക്രിസ്ത്യാനിയുടെ കൈയിൽ വന്നുചേരുന്നതു സമചിത്തതയോടെ വീക്ഷിക്കുവാൻ അവർക്കു സാധിച്ചില്ല. ഈ ദേവസ്വം നൂലാമാല സർക്കാരിൽ നിന്നു അടർത്തിയെറിയാതെ തങ്ങൾക്കു രക്ഷയില്ലെന്നു അഹിന്ദുക്കൾ, പ്രത്യേകിച്ചു ക്രിസ്ത്യാനികൾ മനസ്സിലാക്കി. അങ്ങനെയാണു റവന്യൂദേവസ്വം വിഭജനത്തിനു വേണ്ടിയുള്ള പൗരസമത്വവാദപ്രക്ഷോഭണമുണ്ടായത്. ഇൻഡ്യൻ ഭരണഘടനയുടെ കീഴിൽ സമത്വവും സ്വാതന്ത്ര്യവും അനുഭവിക്കുന്ന ഇന്നത്തെ തലമുറയ്ക്കു, പൗരസമത്വവാദ പ്രക്ഷോഭണത്തിന്റെ ആവശ്യകത ബോദ്ധ്യമാകണമെങ്കിൽ അന്നത്തെ രാഷ്ട്രീയനിലവാരം അല്പമെങ്കിലും മനസ്സിലാക്കിയിരിക്കണം.

നിയമനിർമ്മാതാവും നിയമപാലകനും അന്നു മഹാരാജാവു മാത്രമായിരുന്നു. അദ്ദേഹത്തെ ഉപദേശിച്ചിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം നായന്മാർ. മഹാരാജാവിന്റെ ഭാര്യ ഒരു നായർ വനിത ആയിരുന്നതിനാൽ ആ വഴിക്കും ആ സമുദായത്തിനു പ്രാമാണ്യം ലഭിച്ചിരുന്നു. നിയമങ്ങൾ

www.malankaralibrary.com

എഴുതി ഉണ്ടാക്കുന്നവരും, അതു വ്യാഖ്യാനിക്കുകയും നടപ്പിൽ വരുത്തു കയും ചെയ്യുന്നവരും നായന്മാർ മാത്രമായിരുന്നതിനാൽ മറ്റു സമുദായ ത്തിൽപ്പെട്ടവർക്കു നീതിലഭിക്കുകയില്ലായെന്ന നില വന്നിരുന്നു. ഉദ്യോഗ ത്തിന്റെ പ്രൗഢിയും ശമ്പളവുമെന്നതിലധികമായി ഈ നീതിയുടെ കാര്യ ത്തിലായിരുന്നു അഹിന്ദുസമുദായത്തിന്റെ ഉൽക്കണ്ഠ മുഴുവൻ. ഉയർന്ന ഉദ്യോഗസ്ഥന്മാർസ്വജനപക്ഷപാതികളാകുമ്പോൾ മറ്റുള്ളവർക്കു നാട്ടിൽ അഭിമാനാവഹമായ സ്ഥാനം ലഭിക്കുകയില്ലെന്നു വ്യക്തമാണല്ലോ.

ആ നായർ മേധാവിത്വം കൈയടക്കിവച്ചിരുന്നതു ഭരണരംഗം മാത്ര മായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവർ ആധിപത്യം പുലർത്തിപ്പോന്നു. രാജ്യചരിത്രം തന്നെ സ്വസമുദായത്തിന്റെ മേന്മ പാടു ന്നതിനുള്ള ഒരുപാധിയാക്കി അവർ മാറ്റി എഴുതി. നായന്മാർ രാജ്യസേവകരും അനായന്മാർ രാജ്യദ്രോഹികളുമാണെന്നു വരത്തക്ക കള്ളചരിത്രങ്ങൾ നിർമ്മിച്ചു സർക്കാർ സഹായത്തോടെ അവർ പ്രചരിപ്പിച്ചു. അവർ എഴുതുന്ന ചപ്പുചവറുകൾ വിദ്യാലയങ്ങളിൽ പാഠ്യപ്പുസ്തകങ്ങളാക്കി എല്ലാവരും പഠി ക്കുവാൻ അവർ ഏർപ്പാടുണ്ടാക്കി. ഹിന്ദുമതസംബന്ധമായ ഏതു കൃതിയും സാഹിത്യവും ക്രിസ്തുസംബന്ധമായവ മതവുമെന്ന ലേബൽ പതിച്ചു അവർ മാറ്റി നിർത്തി. എന്തിനു അക്കാലത്തെ ഏതെങ്കിലും ചരിത്രമോ സാഹിത്യമോ പരിശോധിച്ചാൽ, ക്രിസ്ത്യാനികൾ എന്നൊരു കൂട്ടർ ഇവിടെ ജീവിച്ചിരുന്നു വെന്നതിനു കാര്യമായ സൂചനകളൊന്നും ലഭിച്ചെന്നു വരികയില്ല. അങ്ങനെ മറ്റുള്ളവരെ രാഷ്ട്രീയമായും സാംസ്കാരികമായും അടിമത്തത്തിൽ വച്ചു കൊണ്ടിരിക്കുന്നതിനു നായർ മേധാവിത്വത്തിനു കഴിഞ്ഞു.

നായർ സമുദായത്തിന്റെ എല്ലാവിധ എതിർപ്പുകളെയും അതിജീവിച്ച് പൗരസമത്വവാദം വിജയിക്കുകയും റവന്യൂ-ദേവസ്വം വിഭജനം ഒരു യഥാർത്ഥ്യമായിത്തീരുകയും ചെയ്തു. ഈ പ്രക്ഷോഭണത്തിന് ആളു കൊണ്ടും അർത്ഥം കൊണ്ടും നേതൃത്വം നൽകിയതു കത്തോലിക്കാ സമു ദായമായിരുന്നു. അഡ്വക്കേറ്റു ജോൺ നിധിയിരി, ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ മുതലായ പ്രഗത്ഭമതികളുടെ നാമം ഈ തരുണത്തിൽ സ്മർത്തവ്യമാകുന്നു. ഈ കാലയളവിലാണു മദ്രാസ് ഗവർണ്ണറായിരുന്ന വെല്ലിംഗ്ടൺ പ്രഭുവും പത്നിയും മഹാരാജാവിന്റെ അതിഥിയായി തിരുവ നന്തപുരത്തെത്തിയത്. രാജകീയസൽക്കാരവേളയിൽ താനും മദാമ്മയും ഉൾപ്പെടുന്ന സമുദായത്തിന്റെ കാര്യംകൂടി പരിഗണിക്കണമെന്നു ഗവർണർ സൂചിപ്പിച്ചതു മഹാരാജാവിന്റെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായി.

റവന്യൂദേവസ്വം വിഭജനത്തെ തുടർന്നു ക്രിസ്ത്യാനികൾക്കും ഉയർന്ന ഉദ്യോഗങ്ങൾ ലഭിക്കുമെന്നായി. പക്ഷേ അതു ഗവർണറും മദാമ്മയും ഉൾപ്പെ ട്ടിരുന്ന പ്രോട്ടസ്റ്റന്റ് മതവിഭാഗത്തിനും അവരോടൊട്ടി നിന്നിരുന്ന മാർത്തോ മ്മാക്കാർ മുതലായ വിഭാഗങ്ങൾക്കും മാത്രമായി ചുരുങ്ങിപ്പോയി. ക്രിസ്ത്യാ

www.malankaralibrary.com





നികൾ എന്ന സമൂഹത്തിൽ സി.എം.എസ്.കാരെയും എൽ.എം.എസ്സു കാരെയും മാർത്തോമ്മാക്കാരെയും മാത്രമേ അന്നത്തെ ഗവർമെന്റ് കണ്ടിരുന്നുള്ളൂ. ഒന്നു പറയണമല്ലോ. വിദേശികളായിരുന്ന കത്തോലിക്കാ വൈദിക മേലദ്ധ്യക്ഷന്മാർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു എതിരായി സ്വീകരിച്ച ബുദ്ധി ശൂന്യമായ നിലപാടു നിമിത്തം കത്തോലിക്കരിൽ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരുടെ സംഖ്യയും അന്നു വിരളമായിരുന്നു. കാരണമെന്തായാലും കത്തോലിക്കർ വീണ്ടും പുറംതള്ളപ്പെട്ടവരായി. സർവ്വീസിൽ കയറിപ്പറ്റിയ കത്തോലിക്കേതരരാകട്ടെ, ബ്രാഹ്മണരും നായന്മാരും മുൻപ് സ്വീകരിച്ചിരുന്ന അടവു തന്നെ സ്വീകരിക്കുകയാണ് ചെയ്തത്.

കേരളകത്തോലിക്കാ സമുദായത്തിലെ ഒരു അനശ്വരജ്യോതിസ്സായ ശ്രീ എം.എം. വർക്കി രംഗപ്രവേശം ചെയ്തത് ഇക്കാലഘട്ടത്തിലാണ്. ശ്രീ വർക്കിയുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടിരുന്ന കേരള ദാസൻ, ദാസൻ, യുവഭാരതി എന്നീ പത്രങ്ങൾ വഴിയും മറ്റുവിധത്തിലും ശ്രീ വർക്കി ചെയ്തിട്ടുള്ളിടത്തോളം പ്രയോജനകരമായ സമുദായ സേവനം മറ്റേതെങ്കിലും വ്യക്തിയോ സ്ഥാപനമോ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലങ്ങളായ മുഖപ്രസംഗങ്ങളും ലേഖനങ്ങളും സമർത്ഥമായ നേതൃത്വവും കത്തോലിക്കരിൽ അദൃഷ്ടപൂർവ്വമായ ഒരു രാഷ്ട്രീയോത്തേജനം സംജാതമാക്കി. അദ്ദേഹം ദാസൻ, യുവഭാരതി പത്രങ്ങളിൽ തുടരെ പ്രസിദ്ധം ചെയ്തു കൊണ്ടിരുന്ന സ്ഥിതി വിവരണക്കണക്കുകൾ കത്തോലിക്കരുടെയെന്നപോലെ അധികാരികളുടെയും കണ്ണു തുറപ്പിക്കുന്നതിനു കാരണമായി. കത്തോലിക്കാ സമുദായത്തിനു അചിരേണ ലഭിച്ച രാഷ്ട്രീയമായ അംഗീകാരത്തിനും ഉന്നത നിലയ്ക്കും കത്തോലിക്കാ സമുദായം ശ്രീ വർക്കിയോടു കുറച്ചൊന്നുമല്ല കടപ്പെട്ടിരുന്നത്. സ്വന്തമായ സാമ്പത്തിക നേട്ടങ്ങളുണ്ടാക്കാൻ കൂട്ടാക്കാതിരുന്ന ശ്രീ വർക്കിയെ കേരള കത്തോലിക്കാസമുദായം വിസ്മരിച്ചുകളഞ്ഞു വെന്നതു നമ്മുടെ സമുദായ ചരിത്രത്തിലെ ഇരുളടഞ്ഞ ഒരു ഏടായി അവശേഷിക്കുന്നു.

റവന്യൂ-ദേവസ്വം വിഭജനം നടക്കുകയും, ക്രിസ്ത്യാനികൾക്ക് ഉയർന്ന ഉദ്യോഗങ്ങൾ സിദ്ധിക്കുകയും ചെയ്തുവെങ്കിലും കത്തോലിക്കർ പിന്നെയും അവഗണിക്കപ്പെട്ടുവെന്നു പറഞ്ഞുവല്ലോ. ഗവൺമെന്റിന്റെ ദൃഷ്ടിയിൽ ക്രിസ്ത്യാനികൾ എന്നൊരു സമുദായമേ ഉണ്ടായിരുന്നുള്ളൂ. ആ ക്രിസ്ത്യാനികളാകട്ടെ മദാമ്മയുടെ സമുദായത്തിൽ പെട്ടവരുമായിരുന്നു. ഈ ചുറ്റുപാടിൽ കത്തോലിക്കർക്കു മോചനം ലഭിക്കണമെങ്കിൽ അവരെ തനിച്ചു ഒരു പ്രത്യേക സമുദായമായി അംഗീകരിച്ചു കിട്ടണമെന്നു ക്രാന്തദർശികളായ സമുദായ നേതാക്കന്മാർ തീർച്ചയാക്കി. അതിലേക്കു ഒരു സമരം തന്നെ നടത്തേണ്ടിവന്നു. കത്തോലിക്കാ കോൺഗ്രസിന്റെ അക്കാലത്തെ സജീവപ്രവർത്തകരായിരുന്ന ജോൺ നിധിയിരി, തര്യതു കുഞ്ഞിത്തൊമ്മൻ, എം.

www.malankaralibrary.com

എം. വർക്കി മുതലായവർ തദർത്ഥം ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. ഒടുവിൽ ഗൺമെന്റ് കത്തോലിക്കരെ ഒരു പ്രത്യേക സമുദായമായി അംഗീകരിക്കുകയും ചെയ്തു.

രാജ്യത്തിലെ സമുന്നത നീതിന്യായാസനമായ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചു കിട്ടുവാൻ ശ്രീ വർക്കിയുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങൾ പുളകോദ്ഗമകാരികളാണ്. കൊച്ചിയിലെ ചീഫ്കോർട്ടിൽ ഒരു ക്രിസ്ത്യാനി നിയമേന നിയമിതനായിരുന്നതിനാൽ കൊച്ചിയിലെ കത്തോലിക്കർക്ക് ഇങ്ങനെയൊരു പ്രശ്നം ഉണ്ടായിരുന്നില്ല. എന്നാൽ തിരുവിതാംകൂറിലെ സ്ഥിതി അതായിരുന്നില്ല. അതിനാൽ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ ജഡ്ജിയായി നിയമിച്ചു കിട്ടുന്നതിനു വേണ്ടി ദീർഘമായ പ്രക്ഷോഭണം വേണ്ടിവന്നു. ഡസൻ കണക്കിനു മെമ്മോറിയലുകൾ രാജസ്ഥാനത്തു സമർപ്പിക്കപ്പെട്ടു രാജ്യത്തെമ്പാടും ശക്തിയായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിന് ഇതു മൂലം സാധിച്ചു. അങ്ങനെയാണ് ബാരിസ്റ്റർ ജോസഫ് തളിയത്ത് തിരുവിതാംകൂർ ഹൈക്കോടതിയിൽ ജഡ്ജിയായത്.

കത്തോലിക്കർക്കു വേറെയും പല അവശതകൾ ഉണ്ടായിരുന്നു. ദേവാലയങ്ങളും സിമിത്തേരികളും സ്ഥാപിക്കുന്നതിലും, വിദ്യാലയങ്ങൾ നടത്തുന്നതിലും, ഉദ്യോഗങ്ങൾ ലഭിക്കുന്നതിലും പൗരാവകാശങ്ങൾ അനുവദിച്ചു കിട്ടുന്നതിലും പിന്നെയും പല അവശതകൾ അവർക്കുണ്ടായിരുന്നു. ഇവ വെളിച്ചത്തു കൊണ്ടു വരുന്നതിനാണ് 1931-ൽ "കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ"(The Catholic Grievances) എന്ന ഗ്രന്ഥം മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധം ചെയ്തത്. കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം തയാറാക്കിയതും അതിന്റെ പ്രസാധനം നിർവ്വഹിച്ചതും ശ്രീ എം.എം. വർക്കിയായിരുന്നു. കത്തോലിക്കാ സമുദായത്തിന്റെ മാഗ്നാകാർട്ടായായ ഈ ഗ്രന്ഥമാണ്, പിന്നീട് കത്തോലിക്കർ നടത്തിയ രാഷ്ട്രീയ സമരങ്ങൾക്കെല്ലാം പ്രചോദനം നൽകിയത്.

പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനും അവശതകൾ പരിഹരിക്കുന്നതിനും പുറമേ നിന്നുള്ള പ്രക്ഷോഭണത്തോടൊപ്പം, പ്രതിനിധിസഭകളിൽ കയറിപ്പറ്റി അവിടെനിന്നു കൂടി വാദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നു കത്തോലിക്കാ സമുദായം മനസ്സിലാക്കി. പക്ഷേ അന്നത്തെ വോട്ടവകാശ സമ്പ്രദായവും നിയോജകമണ്ഡല സംവിധാനവും കത്തോലിക്കർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കത്തക്കതരത്തിലല്ലായിരുന്നു. പോരെങ്കിൽ തിരഞ്ഞെടുപ്പുകാലങ്ങളിൽ തിരുവിതാംകൂറിൽ വർഗ്ഗീയത കൊടികുത്തി വാഴുകയും ചെയ്തിരുന്നു. അതിനാൽ നിയമസഭകളിൽ കടന്നു കൂടുവാൻ സാധിച്ചവർ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യത്തിനു വേണ്ടി ഉഗ്രസമരം നടത്തിയിരുന്നു. ഇതിനു നേതൃത്വം നൽകിയ ശ്രീ തര്യതു കുഞ്ഞിത്തൊമ്മൻ ഇതരസമുദായങ്ങളുടെ മാത്രമല്ല സ്വന്തം സമുദായത്തിൽ പെട്ടവരുടെ പോലും

www.malankaralibrary.com





പരിഹാസത്തിനു പാത്രീഭവിച്ചിരുന്നു. പക്ഷേ അതൊന്നും ലക്ഷ്യത്തിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. ഒടുവിൽ ജനസംഖ്യാനുപാതികമായ പ്രാതി നിധ്യം ഒരു നയമായി അംഗീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായി.

ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം പ്രതിനിധിസഭകളിൽ മാത്ര മല്ല, ഉദ്യോഗനിയമങ്ങളിലും വേണമെന്നവാദവും അംഗീകൃതമായി. ഇതു സാദ്ധ്യമാകുന്നതിലേക്കു ഒരു പബ്ളിക്കു സർവ്വീസു കമ്മീഷൻ സ്ഥാപിച്ചു കിട്ടുവാനും കത്തോലിക്ക കോൺഗ്രസു സമരം ചെയ്തു. അങ്ങനെ അതും ഒരു യാഥാർത്ഥ്യമായിത്തീർന്നു. ഇൻഡ്യൻ ഭരണഘടന നിലവിൽ വരുന്ന തുവരെ ഇതുമൂലം കത്തോലിക്കർക്കു അർഹമായ പ്രാതിനിധ്യം ഉദ്യോഗ നിയമനങ്ങളിൽ ലഭിച്ചു പോന്നു. പക്ഷേ ഈ നേട്ടത്തിനു ദുർവഹമായ ഒരു വിലയാണു കത്തോലിക്ക സമുദായം നൽകേണ്ടിവന്നത്. 1932-ൽ ശ്രീ ചിത്തി രതിരുനാൾ തിരുവിതാംകൂർ മഹാരാജാവായതോടു കൂടി കത്തോലിക്കരുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനു ദീർഘമായ സമരങ്ങളും യാതനകളും ആവശ്യമായിവന്നു.

ശ്രീ ചിത്തിരതിരുനാൾ മഹാരാജവായതോടെ സർ സി.പി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ ഉപദേഷ്ടാവായിത്തീർന്നു. തിരുവിതാംകൂറിൽ എന്നും പെൺവഴി ഭരണമായിത്തീരുന്നല്ലോ. റീജെൻസി ഭരണകാലത്തു റീജെൻസി അവസാനിപ്പിക്കുവാൻ ജൂനിയർ മഹാറാണിയുടെ താല്പര്യപ്രകാരം നായ ന്മാരുടെ നേതൃത്വത്തിൽ നടന്ന ഒപ്പിടീൽ പ്രസ്ഥാനത്തിൽ ക്രിസ്ത്യാനികൾ സഹകരിച്ചില്ലായെന്ന കാരണത്തിന് അവരോടു പകപോക്കുന്നതിനു ജൂനി യർ മഹാറാണിയും സർ സി.പി.യും കൂടെ അണിയറയിൽ നിന്നു സജ്ജമാ ക്കിയതാണ് 1108-ലെ കുപ്രസിദ്ധമായ ഭരണപരിഷ്ക്കാരം. അതുപ്രകാരം ക്രിസ്ത്യാനികൾക്കു നിയമസമിതികളിൽ പറയത്തക്ക പ്രാതിനിധ്യം ലഭി ക്കുകയില്ലായെന്നതു വ്യക്തമായിരുന്നു. ഗത്യന്തരമില്ലാതെ ഈ ഭരണപരി ഷ്ക്കാരത്തോടു നിവർത്തനമനുഷ്ഠിക്കുന്നതിനു തന്നെ കത്തോലിക്കാ കോൺഗ്രസു തീരുമാനിച്ചു. കത്തോലിക്കർ മാത്രമല്ല. മറ്റു ക്രിസ്ത്യാനി കളും ഈഴവരും മുസ്ലീങ്ങളും ഇക്കാര്യത്തിൽ തുല്യദുഖിതരായിരുന്നു. അതി നാൽ ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങൾ ഒറ്റക്കെട്ടായി നിന്ന് ഈ ഭരണപരിഷ്ക്കാരത്തെ എതിർത്തു. ഈ പ്രക്ഷോഭണം രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ഇളക്കി മറിച്ചു. എന്നു മഹാരാജാവു തന്നെ പരസ്യ മായി സമ്മതിക്കുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസിന്റെ തിരുവിതാം കൂർ ശാഖയുടെ പ്രസിഡന്റായിരുന്ന ശ്രീ.എൻ.വി.ജോസഫായിരുന്നു നിവർത്തനത്തിന്റെ നേതാവും സാരഥിയും.

നിവർത്തന പ്രക്ഷോഭണത്തിന്റെ ഫലമായി 1108-ലെ ഭരണപരി ഷ്ക്കാരം പൊളിച്ചെഴുതേണ്ടി വന്നു. ക്രൈസ്തവ ഈഴവ മുസ്ലീം സമുദാ യങ്ങൾക്ക് ഒരുമാതിരി ന്യായമായ പ്രാതിനിധ്യം സംലഭ്യമാകത്തക്ക ഒരു

www.malankaralibrary.com

ഭരണപരിഷ്ക്കാരമാണ് ദിവാൻ സർ മുഹമ്മദ് ഹബീബുള്ളയുടെ കാലത്തു നടപ്പിൽ വന്നത്. തങ്ങളുടെ ഭരണപരിഷക്കാരത്തിനു നേരിട്ട പരാജയം ജൂനിയർ മഹാറാണിയേയും സർ സി.പി. രാമസ്വാമി അയ്യരേയും കൂടുതൽ ക്രുദ്ധരാക്കിയതേയുള്ളു. ക്രൈസ്തവ സമുദായത്തെ അസ്തവീര്യമാക്കുന്നതിനുള്ള പുതിയ പുതിയ അടവുകൾ തേടി അവർ ക്ലേശിച്ചിരുന്നു. പക്ഷേ അപ്പോഴേക്കു ഒരു കൊടുങ്കാറ്റുപോലെ പ്രത്യക്ഷപ്പെട്ട സ്റ്റേറ്റു കോൺഗ്രസിന്റെ ഉത്തരവാദഭരണപ്രക്ഷോഭണം നേരിടുന്നതിനു മുഴുവൻ ശ്രദ്ധയും അവർക്കു കേന്ദ്രീകരിക്കേണ്ടിവന്നു. എന്നാലും അതിനിടയിൽ കിട്ടിയ പഴുതുകളൊന്നും അവർ പാഴാക്കിയില്ല.

ക്രൈസ്തവ മർദ്ദത്തിനു അവർ സ്വീകരിച്ച ഉപാധികളിൽ പ്രധാനപ്പെട്ട ഒന്നാണ് മതപരിവർത്തനം ചെയ്യുന്ന അധഃകൃതർക്കെതിരായി പുറപ്പെടവിച്ച ഉത്തരവ് അധഃകൃതർ മതം മാറുന്നതുകൊണ്ട് അവർക്കു ലഭിച്ചു പോന്നിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ അവർ ക്രിസ്തുമതം സ്വീകരിച്ചാൽ അവർക്കു യാതൊരു ആനുകൂല്യവും ലഭിക്കുന്നതല്ലെന്നു ഗവൺമെന്റ് ഒരുത്തരവു പുറപ്പെടുവിച്ചു. അതേ സമയം ക്രിസ്ത്യാനികളായ അധഃകൃതർ മതംമാറി വീണ്ടും ഹിന്ദുക്കളായാൽ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. മതപരിവർത്തനത്തെ തടയുന്നതിനു ബോധപൂർവ്വം സ്വീകരിച്ച ഒരു അടവാണിതെന്നുള്ളതു വ്യക്തമാണല്ലൊ. ക്രിസ്ത്യാനികൾ പ്രത്യേകിച്ചു കത്തോലിക്കർ ഇതിനെതിരായി സമരം ചെയ്തു. ബ്രിട്ടീഷ് പാർലമെന്റിൽ പോലും ഇതു മാറ്റൊലിക്കൊണ്ടു. തന്മൂലം ഇങ്ങനെയൊരു ഉത്തരവേ പുറപ്പെടുവിച്ചില്ലെന്ന് അധീശ ഗവൺമെന്റിനു എഴുതുവാൻ തിരുവിതാംകൂർ ഗവൺമെന്റു നിർബന്ധിതമായി.

തിരുവിതാംകൂറിൽ നടന്നിരുന്ന ഈ ക്രൈസ്തവ വിരുദ്ധ യത്നങ്ങൾ, ഡോ.എ.ആർ. മേനോൻ ഗ്രാമോദ്ധാരണ മന്ത്രിയായിരുന്ന കൊച്ചിയിലേക്കും വ്യാപിക്കുകയുണ്ടായി. ഡോ. മേനോന്റെ സഹധർമ്മിണി തിരുവിതാംകൂർ രാജസ്ഥാനവുമായി ബന്ധമുണ്ടായിരുന്ന ഒരു തങ്കച്ചിയായിരുന്നല്ലോ. കൊച്ചിയിലും മതപരിവർത്തനം ചെയ്യുന്ന അധഃകൃതർക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചു കൊണ്ട് അദ്ദേഹം ഉത്തരവായി. ആ ഉത്തരവിനെതിരായി ഈ ലേഖകൻ നടത്തിയ സമരം ഈ ലേഖകന്റെ ജോലി നഷ്ടത്തിലാണ് കലാശിച്ചത്. എന്തുവന്നാലും ഉത്തരവു പിൻവലിക്കുകയില്ലെന്നു മന്ത്രിയും പിൻവലിപ്പിച്ചേ അടങ്ങൂ എന്ന് എതിർ കക്ഷിയും വാശിപിടിച്ചു. ആകയാൽ നിയമസഭാ സാമാജികരെ സ്വാധീനിച്ചു ഡോ. മേനോനെതിരായി നിയമസഭയിൽ ഒരു അവിശ്വാസപ്രമേയം പാസാക്കേണ്ടി വന്നു. പിന്നീടു മന്ത്രിയായ ശ്രീ.ടി.കെ.നായർ ഒന്നാമതായി പാസാക്കിയ ഉത്തരവു ഡോ. മേനോന്റെ ഉത്തരവു റദ്ദ് ചെയ്തു കൊണ്ടുള്ളതായിരുന്നു.

തിരുവിതാംകൂർ ഗവൺമെന്റ് ക്രിസ്ത്യാനികൾക്കെതിരായി സ്വീക

www.malankaralibrary.com

രിച്ച മറ്റൊരു നടപടി ദേവാലയങ്ങളും സെമിത്തേരികളും സ്ഥാപിക്കുന്നതിനെ തടസ്സപ്പെടുത്തുന്നതായിരുന്നു. ഹിന്ദുക്കൾക്കു നാടാകെ ക്ഷേത്രങ്ങളും കാവുകളും ഉണ്ടായിരുന്നു. മാത്രമല്ല, സംഘാതപ്രാർത്ഥന മതപരമായി അവർക്കു നിർബന്ധവുമില്ലായിരുന്നു. എന്നാൽ ക്രിസ്ത്യാനികൾ എന്നും എവിടെയും സംഘാതപ്രാർത്ഥന നടത്തുന്നവരാണ്. ജനനം മുതൽ മരണം വരെയുള്ള അവരുടെ എല്ലാ സംസ്ക്കാരങ്ങളും ദേവാലയത്തോടു അനുബന്ധിച്ചുള്ളതായിരുന്നു. പുനരുത്ഥാനത്തിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന അവർ തങ്ങളുടെ പരേതരെ പ്രത്യേകം ആശിർവ്വദിച്ച സ്ഥലത്തേ സംസ്ക്കരിച്ചിരുന്നുള്ളു. അതിനാൽ അവർക്കു ദേവാലയങ്ങളും സിമിത്തേരികളും വായുവും വെള്ളവും പോലെ അനുപേക്ഷണീയമായിരുന്നു. തന്മൂലം ക്രിസ്തുമത പ്രചാരണം തടയുവാൻ ഇവ നിരോധിച്ചാൽ മതിയെന്നു ഗവൺമെന്റു മനസ്സിലാക്കി. ഗവൺമെന്റിന്റെ ഈ നടപടിക്കെതിരായി വലിയ പ്രക്ഷോഭണം തന്നെ നടത്തേണ്ടി വന്നു. ഇൻഡ്യൻ ഭരണഘടന പാസാകുന്നതുവരെ ഈ അവകാശം പൂർണ്ണമായി ക്രിസ്ത്യാനികൾക്കു ലഭിച്ചിരുന്നില്ല.

ക്രൈസ്തവമർദ്ദത്തിനു തിരുവിതാംകൂർ ഗവൺമെന്റ് സ്വീകരിച്ച മറ്റൊരു നടപടി വിദ്യാലയ ദേശസാൽക്കരണമായിരുന്നു. തങ്ങളുടെ കുട്ടികളെ ക്രൈസ്തവാന്തരീക്ഷത്തിൽ വിദ്യാഭ്യാസം ചെയ്യിക്കണമെന്നതു ക്രിസ്ത്യാനികൾക്കു വളരെ നിർബന്ധമുള്ള കാര്യമായിരുന്നു. അതുകൊണ്ടാണ് കോടിക്കണക്കിനു രൂപാ വ്യയംചെയ്തു നാടിന്റെ നാനാഭാഗത്തും അവർ വിദ്യാശാലകൾ നടത്തിപ്പോരുന്നത്. ക്രൈസ്തവ വിദ്യാഭ്യാസത്തെ സ്തംഭിപ്പിക്കുന്നതിനു വേണ്ടിയാണു തിരുവിതാംകൂർ ഗവൺമെന്റ് 1946-ൽ ഒരു വിദ്യാഭ്യാസ പരിഷ്ക്കാരം കൊണ്ടു വന്നത്. ആഗാമിയായ വിപത്തു മനസ്സിലാക്കി ഈ ലേഖകൻ കത്തോലിക്കാ കോൺഗ്രസിന്റെ തത്തംപള്ളി സമ്മേളനത്തിൽ അവതരിപ്പിച്ച അടിയന്തിരപ്രമേയമാണ് 1946-47-ലെ കോളിളക്കം സൃഷ്ടിച്ച വിദ്യാഭ്യാസ പ്രക്ഷോഭണത്തിനു കളമൊരുക്കിയത്. ഇൻഡ്യയിലെങ്ങും ആ പ്രക്ഷോഭണം അലയടിച്ചുയർന്നു. അന്നാണു രണ്ടര ലക്ഷം കത്തോലിക്കർ ഒപ്പിട്ട ഒരു മെമ്മോറിയൽ മഹാരാജാവിനു സമർപ്പിച്ചത്. ക്രിസ്ത്യാനികളുടെ ബഹുമുഖമായ സേവനങ്ങളെ ചരിത്രപരമായി രേഖപ്പെടുത്തിക്കൊണ്ടുള്ള അതിവിപുലമായ മറ്റൊരു മെമ്മോറിയലും സമർപ്പിക്കപ്പെട്ടു.

കത്തോലിക്കരുടെ നിലപാടിനെ വ്യക്തമാക്കിക്കൊണ്ടുള്ള ശതക്കണക്കിനു ലേഖനങ്ങൾ ഈ ലേഖകൻ തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പേരിലാണ് ഈ ലേഖകനെ കൊച്ചിയിൽ നിന്നും നാടുകടത്തിയതും തിരുവിതാംകൂറിൽ ദീർഘകാലം തടങ്കലിൽ വച്ചു കൊണ്ടിരുന്നതും. ശ്രീ പി.റ്റി. ചാക്കോയുടെ പേരിൽ ഗവൺമെന്റു കേസെടുക്കുകയും അദ്ദേഹത്തെ ശിക്ഷിക്കുകയും ചെയ്തു. പലർക്കും നിരോധനാജ്ഞകളും തട

www.malankaralibrary.com

ങ്കൽ ശിക്ഷകളും നൽകപ്പെട്ടു. പക്ഷേ ഇതു കൊണ്ടൊന്നും പ്രക്ഷോഭണം കെട്ടടങ്ങിയില്ല. ഒടുവിൽ സർ സി.പി.ദലഗാദപ്പസ്തോലിക്കവഴി മെത്രാന്മാരെ സ്വാധീനിക്കുകയും ഒരു Modus Vivendi യുടെ പേരിൽ പ്രക്ഷോഭണം അവസാനിപ്പിക്കുകയും ചെയ്തു. അന്നു കാണിച്ച നോട്ടക്കുറവു വിദ്യാഭ്യാസ വിഷയകമായ പല പ്രക്ഷോഭണങ്ങൾക്കും പിന്നീടു കാരണമായി.

ഇതിനിടയിൽ നടന്ന ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ കത്തോലിക്കർ വീറോടെ പങ്കെടുക്കുകയുണ്ടായി. സ്റ്റേറ്റു കോൺഗ്രസു തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ടിരുന്ന കാലത്തു ദേവാലയ പരിസരങ്ങളിൽ കത്തോലിക്ക കോൺഗ്രസു വിളിച്ചു കൂട്ടിയിരുന്ന മഹായോഗങ്ങളാണു സ്റ്റേറ്റു കോൺഗ്രസു നേതാക്കന്മാർക്കു പ്രസംഗവേദികളായിത്തീർന്നിരുന്നത്. സ്വന്തം അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്തിരുന്നപ്പോഴും രാജ്യത്തിന്റെ പൊതുഗുണത്തിനു വേണ്ടി സേവനമർപ്പിക്കുവാനും ത്യാഗമനുഷ്ഠിക്കുവാനും അവർ മറന്നിരുന്നില്ല.

കത്തോലിക്കാ സമുദായത്തിന്റെ ഇന്നത്തെ നിലയിൽ സമാശ്വാസം കൊള്ളുന്നവർ കഴിഞ്ഞ കാലങ്ങളിൽ അതു കടന്നുപോന്നിരുന്ന യാതനാനിർഭരമായ മാർഗ്ഗങ്ങളെപ്പറ്റി ചിലപ്പോഴൊക്കെ ചിന്തിക്കുന്നതു നന്നായിരിക്കുമെന്നു തോന്നിയതു കൊണ്ടു ഈ ഓർമ്മക്കുറിപ്പുകൾ എഴുതിയതാണ്.

www.malankaralibrary.com

# 24. എം.ഒ.യുടെ പ്രവാചകദൗത്യം

പ്രമുഖ സാമൂഹ്യ വിപ്ലവകാരിയായ ഫാ. വടക്കൻ കത്തോലിക്കാ കോൺഗ്രസ്സിന്റെ മുഖമുദ്ര പ്രവാചക ദൗത്യമാണെന്ന് സ്ഥാപിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് മാർപാപ്പാ സന്ദർശന സ്മരണികയിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"ഭൗതികാതീത ശക്തികളുമായി പ്രത്യേക ബന്ധം പുലർത്തുന്ന ചില ഭക്തന്മാരെ ചരിത്രാതീത കാലം മുതൽ കാണുന്നുണ്ട്. അവരുടെ ഉപദേശങ്ങളും ഉഗ്രശാസനകളും ജനങ്ങൾ ചെവിക്കൊണ്ടിരുന്നു. ഈ ഭക്തരാണ്. പിൻക്കാലത്തെ പ്രവാചകന്മാരുടെ മുന്നോടികൾ.

ബൈബിളിൽ ആദ്യമായി "പ്രവാചകൻ" എന്ന് വിളിക്കപ്പെട്ടത് പൂർവ്വ പിതാവായ ആബ്രാഹമാണ്. അബ്രാഹം ഒരു പ്രവാചകനാകുന്നു. എന്ന് ദൈവം അബിമലെക്കിനോട് പറഞ്ഞു. (ഉൽപത്തി 20:7) എന്നുവരികിലും ഔപചാരിക പ്രവാചകനായി പ്രഥമതഃ പ്രത്യക്ഷപ്പെടുന്നത് രക്ഷകനായ ക്രിസ്തുവിന്റെ മുൻരൂപമായ മോശയാണ്.

ജനങ്ങളുടെ മേൽ മൂന്നുതരം വ്യക്തികൾ അധികാരം നടത്തിപ്പോന്നു. ഭരണകർത്താക്കളായ രാജാക്കന്മാരോ നേതാക്കന്മാരോ ആണ് ഒന്നാമത്തെ വിഭാഗം. മതസാരഥികളായ പുരോഹിതന്മാർ രണ്ടാം നിരയിൽ നിൽക്കുന്നു. ഈ രണ്ടു വിഭാഗങ്ങളെയും തിരുത്തുന്ന വജ്രായുധങ്ങളായ പ്രവാചകരാണ് മൂന്നാമത്തെ വിഭാഗം. ഭരണാധികാരികളോട് ഒട്ടി നിൽക്കുന്ന ഒരു ജീവിതശൈലിയാണ് പൊതുവിൽ പുരോഹിതർ പുലർത്താറ്. എന്നാൽ പ്രവാചക ശൈലി നേരെ മറിച്ചായിരുന്നു. അനീതി ചെയ്യുന്ന രാജാക്കന്മാരെയും മന്ത്രിമാരെയും അവർക്ക് എതിരു നിൽക്കുന്ന പുരോഹിത പ്രമാണികളെയും കുന്നിയ്ക്ക് കൂസാതെ സത്യം വെട്ടിത്തുറന്നു പറയുന്നവരും തിന്മയ്ക്കെതിരെ ചന്ദ്രഹാസം ഇളക്കുന്നവരുമായിരുന്നു പ്രവാചകന്മാർ. സകല അധികാര പീഠങ്ങൾക്കും അവർ പേടി സ്വപ്നമായിരുന്നു.

ബൈബിളിൽ ചുരുക്കം ചില രാജാക്കന്മാരും പുരോഹിതന്മാരും പ്രവാചക റോൾ ഏറ്റെടുത്തിട്ടുണ്ട്. എങ്കിലും സാധാരണക്കാരായ അൽമായരിൽ നിന്നായിരുന്നു പ്രവാചകരുടെ പ്രവാഹം. രാജാക്കന്മാരും പുരോഹിതന്മാരും യഥാവിധി അഭിഷേചിക്കപ്പെട്ടിരുന്നു. എന്നാൽ പ്രവാചകർക്ക് അഭിഷേകച്ചടങ്ങുണ്ടായിരുന്നില്ല. അദൃശ്യനായ ദൈവം അദൃശ്യമാംവിധം അവരെ അപ്രതീക്ഷിതമായി അഭിഷേചിക്കുകയാണ് ചെയ്തത്. മാനുഷിക മാധ്യമങ്ങൾക്ക് പ്രസക്തിയില്ലാത്ത ഒരു ദൈവവിളിയായിരുന്നു അവരുടേത്.

www.malankaralibrary.com

തിരുസഭാ ചരിത്രത്തിലും പ്രവാചക ശബ്ദം മുഴങ്ങി കേൾക്കുന്നു. അൽമായരും വൈദികരും അവരിലുണ്ട്. സിയന്നയിലെ കത്രീനയും അസീസിയിലെ ഫ്രാൻസീസും നല്ല ഉദാഹരണങ്ങളാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ശിൽപിയായ പോപ്പ് ജോൺ ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റം വലിയ പ്രവാചകനായിരുന്നു ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് അടുത്തു വരുന്ന ഈ കാലഘട്ടത്തിൽ സഭ ചില പുതിയ പ്രവാചകരെ പ്രതീക്ഷിക്കുന്നു. അനീതി ചെയ്യുന്ന ഭരണകൂടങ്ങളും അവയോട് പ്രതികരിക്കാത്ത മതസാരഥികളും വർദ്ധിച്ചിരിക്കുന്ന ഈ കാലയളവിൽ ഉഗ്രൻ പ്രവാചകർ തന്നെ പിറക്കണം. അവരുടെ മൂർച്ചയേറിയ ശാസനാ ശരങ്ങൾ തിന്മയുടെ ശക്തികളിൽ ചെന്ന് തറക്കണം. ഫിലിപ്പൈൻസിൽ ഈയിടെ കണ്ട കാഴ്ചകൾ നല്ല പ്രവാചക പ്രതിഭാസങ്ങളായിരുന്നു. ദൈവസ്നേഹത്തെയും മനുഷ്യ സ്നേഹത്തെയും പ്രതി ഉൾസഭാ വിമർശനം നടത്തുന്നവരിൽ പ്രവാചകവരത്തിന്റെ വിത്ത്. മുളപൊട്ടിയെന്നാണ് അനുമാനിക്കേണ്ടത്. അല്ലാതെ അവരെ സഭാ ദ്രോഹികളും ദൈവനിഷേധികളുമായി മുദ്ര കുത്തുന്നത് ശരിയല്ല പ്രവാചകരെ തേജോവധം ചെയ്യൽ ദുഷിച്ച അധികാരികളുടെ ഒരു വിനോദമാണ്. സ്നാപകന്റെ തല താലത്തിൽ വച്ച് കാണുവാൻ അവർ ആഗ്രഹിക്കുന്നു. 'ഹെറോദിയ' കളെയും സലോമികളെയും സന്തോഷിപ്പിക്കുവാൻ ഈ ദൃശ്യ ശിരഛേദങ്ങൾ ഒരാവശ്യമായി വരുന്നു.

മാനവികതയുടെ മൗലിക തുല്യത പുനഃസ്ഥാപിക്കാനും അതുവഴി ദൈവരാജ്യത്തിന് അർത്ഥം വെപ്പിക്കാനും വഴിയൊരുക്കുന്ന ലിബറേഷൻ തിയോളജിയിൽ പ്രവാചകദൗത്യത്തിന്റെ അപ്രതിരോധ്യമായ അലകളുണ്ട് ഈ വിമോചന ദൈവശാസ്ത്രത്തിന്റെ പുറം കുപ്പായമിട്ട്, അടിയുറച്ച ആദ്ധ്യാത്മികതയിൽ നിന്ന് അകന്നു പോകുന്നവർ വ്യാജപ്രവാചകരാണ്. വേദ പുസ്തകത്തിൽ ഇത്തരം ചില വ്യാജപ്രവാചകരുടെ കഥയും നാം വായിക്കാറുണ്ട്. അനീതിക്കെതിരായ സംരംഭങ്ങളെയും ശബ്ദങ്ങളെയും വഴിപിഴച്ച വിമോചന ദൈവശാസ്ത്രം എന്ന് പേരിട്ട് തകർക്കുന്ന സാർത്ഥക തൽപരരായ സാഭാധികാരികൾ കുറവല്ല. ആമോസുമാരും ജറുമിയാസുമാരുമില്ലാത്ത, തങ്ങളെ വിമർശിക്കുന്ന ഒരു വ്യക്തിപോലുമില്ലാത്ത ഒരു തരം ഏകാധിപത്യ സമ്രാജ്യത്തിൽ വാഴാനാണ് ഈ അധികാരികളുടെ ആഗ്രഹം. അവരുടെ തിരുവായ്ക്ക് എതിർവായ് പാടില്ല വല്ലവരും വാ തുറന്നാൽ അവരുടെ അധരം അടയ്ക്കപ്പെടുന്നു. നാവ് അരിഞ്ഞ് വീഴ്ത്തുകയും ചെയ്യുന്നു. ”

ഫാ. വടക്കന്റെ ഈ വാക്കുകളുടെ വെളിച്ചത്തിൽ ശ്രീ.എം. ഒ. ജോസഫിനെ വിലയിരുത്തിയാൽ അദ്ദേഹം ഒരു പ്രവാചക ദൗത്യം ഏറ്റെടുത്ത് പ്രവർത്തിച്ചയാളാണെന്ന് നമുക്ക് മനസ്സിലാക്കാം. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ സഭയും രാഷ്ട്രവും അടിച്ചമർത്തപ്പെട്ട ജനവിഭാഗ

www.malankaralibrary.com

ങ്ങളും പ്രതിസന്ധികളെ നേരിട്ടപ്പോൾ പ്രവാചകറോൾ ഏറ്റെടുത്ത ഒരു മനുഷ്യ സ്നേഹിയായിരുന്നു എം.ഒ. ജോസഫ്. തെറ്റു ചെയ്ത ഭരണാധി കാരികളെയും അവക്കു കൂട്ടുനിന്ന പ്രമാണികളെയും പുരോഹിത ശ്രേഷ്ഠ രെയും ധീരധീരം നേരിട്ട ഒരു ചരിത്രത്തിന്റെ ഉടമയാണ് എം.ഒ. ജോസഫ് എഴുതാനും പ്രസംഗിക്കാനും തുടങ്ങിയ നാൾ മുതൽ അവഗണിക്കപ്പെട്ട ജനവിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനുവേണ്ടി അദ്ദേഹം പോരാ ടി. തിരുവിതാംകൂർ നിയമസഭയിലും സർക്കാർ സർവ്വീസിലും എല്ലാ ജന വിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ലഭിക്കുന്നതി നുവേണ്ടി നടത്തിയ നിവർത്തന പ്രക്ഷോഭണത്തിന്റെ മുന്നണി പോരാളി യായി അദ്ദേഹം നിലകൊണ്ടത് ഒരു പ്രവാചക ദൗത്യത്തോടുകൂടിയായിരു ന്നു. തിരുവിതാംകൂറിൽ സർ .സി.പി. രാമസ്വാമി അയ്യരും കൊച്ചിയിൽ ഡോ. എ.ആർ. മേനോനും ക്രൈസ്തവരുടെ വിദ്യാഭ്യാസ അവകാശങ്ങൾ ചോദ്യം ചെയ്തപ്പോൾ അവക്കെതിരെ പോരാടിയ എം.ഒ. ഒരു പ്രവാചക ദൗത്യ ത്തിന്റെ ഉടമയായിരുന്നു. കൊച്ചി ഗവണ്മെന്റ് നാടുകടത്തിയപ്പോഴും തിരു വിതാംകൂർ ഗവണ്മെന്റ് വീട്ടു തടങ്കലിൽ അടച്ചപ്പോഴും ധീരതയോടെ അവയെ നേരിട്ട എം.ഒ. ജോസഫ് തെറ്റു ചെയ്യുന്ന ഭരണാധികാരികൾക്കെതിരെ എന്നും ശക്തമായി ഗർജ്ജിച്ചിട്ടുണ്ട്.

1960-കളിൽ കേരളത്തിൽ കിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കു കൾ നടത്തിയപ്പോഴും മലബാറിലെ കൊട്ടിയൂർ മേഖലകളിൽ മേൽച്ചാർത്ത് ഏർപ്പെടുത്തി കർഷകരുടെ മണ്ണിലുള്ള അവകാശം ചോദ്യം ചെയ്യപ്പെടാൻ ശ്രമിച്ചപ്പോഴും ഭരണാധികാരികളെയും അവർക്ക് കൂട്ടുനിന്നു സ്ഥാപിത താല്പര്യക്കാരെയും പ്രമാണികളെയും കുന്നിയ്ക്കു കൂസാതെ എതിർത്ത് കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കാൻ ശ്രമിച്ച എം.ഒ. യെ നയിച്ചത് പ്രവാചക ചിന്തയായിരുന്നു.

ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെട്ട പ്പോഴും ക്രൈസ്തവർക്ക് എതിരായി ദുരാരോപണങ്ങൾ പലരും ഉന്നയിച്ച പ്പോഴും തെറ്റായ വ്യാഖ്യാനങ്ങൾ നൽകി സഭാ പഠനങ്ങളെ എതിർത്ത പ്പോഴും അവർക്കെതിരെ തൂലിക ചലിപ്പിച്ച എം.ഒ. സഭയുടെ വിശ്വസ്ത നായ ഒരു പടയാളിയും പ്രവാചക ദൗത്യത്തോടെ പ്രശ്നങ്ങളെ സമീപിച്ചി ട്ടുള്ള സഭാ സ്നേഹിയുമാണ്.

www.malankaralibrary.com

# 25. എം.ഒ.ജോസഫ്-എന്റെ വീക്ഷണത്തിൽ

കത്തോലിക്കാ കോൺഗ്രസിന്റെ വാർഷിക സമ്മേളനം 1949-ൽ രാമപുരത്തു വച്ച് ആണ് ആഘോഷിച്ചത്. അന്നത്തെ സമ്മേളനങ്ങളിൽ നിറഞ്ഞു നിന്ന ഒരു വ്യക്തിയായിരുന്നു എം.ഒ. ജോസഫ്. വാർഷികത്തിനുശേഷവും എം.ഒ.യെപ്പറ്റി രാമപുരംകാർ പലരും സംസാരിക്കുന്നത് പിന്നീട് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹവുമായി ഞാൻ നേരിട്ട് പരിചയപ്പെടുന്നത് കോട്ടയത്തു വച്ച് എ.കെ.സി. സി. പ്രതിനിധി സമ്മേളനത്തിൽ വച്ചാണ്. 1958-ൽ പിന്നീട് 18 വർഷക്കാലം ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചു. സഭാ ചരിത്രത്തിലേക്ക് കൂടുതൽ പഠനം നടത്തണമെന്ന ആഗ്രഹം എനിക്കുണ്ടായത്. എം. ഒ. ജോസഫുമായി ബന്ധപ്പെട്ടതു കൊണ്ടാണ്.

1968 ലാണെന്നു തോന്നുന്നു കത്തോലിക്കാ കോൺഗ്രസ് ശക്തിപ്പെടാത്തതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ശ്രീ.എം.ഒ. ജോസഫ് ദീപികയിൽ ഒരു ലേഖനം എഴുതി. അതിനെ ഖണ്ഡിച്ചു കൊണ്ടും എം.ഒ.യുടെ വാദഗതികളെ നിശിതമായി വിമർശിച്ചുകൊണ്ടും ഞാൻ ഒരു മറുപടി എഴുതി. മൂന്ന് ലക്കങ്ങളായി ദീപിക അതു പ്രസിദ്ധീകരിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ ദീപികയിൽ ചെന്നപ്പോൾ ഷെവ. വി.സി. ജോർജും എം.ഒ. ജോസഫും ദീപിക കെട്ടിടത്തിന്റെ താഴത്തെ നിലയിൽ സർക്കുലേഷൻ ഡിപ്പാർട്ടുമെന്റിന് സമീപം ഇരിപ്പുണ്ട്. രണ്ടു പേരുടെയും കൈയ്യിൽ ഓരോ നീളക്കാലൻകുടയുമുണ്ട്. ഷെവ വി.സി. ജോർജിന് എന്നേക്കാൾ 53 വയസും എം.ഒ. ജോസഫിന് 27 വയസും കുടുതലുണ്ട്. അവർ ഇരുവരോടും എനിക്ക് അതിരറ്റ ആദരവുണ്ട്. എം.ഒ.ജോസഫ് എന്റെ കയ്യിൽ പിടിച്ചുകൊണ്ടു പറഞ്ഞു. ലേഖനം ഞാൻ വായിച്ചു. കച്ചിറമറ്റത്തിന്റെ വാദഗതികൾ വളരെ നന്നായിരിക്കുന്നു. കച്ചിറമറ്റം കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തകനായി എന്നും നിലകൊള്ളണം. മടുത്ത് നിറുത്തു പോകരുത്. എന്റെ വാദഗതികളെ കച്ചിറമറ്റം എതിർത്താലും അതിലെ അപഗ്രഥനം എന്നെ വളരെ ആകർഷിച്ചു. കത്തോലിക്കാ കോൺഗ്രസിനുവേണ്ടി കുറെ നാൾ പ്രവർത്തിച്ചു കഴിയുമ്പോൾ എന്റെ നിഗമനങ്ങളോട് കച്ചിറമറ്റം പൂർണ്ണമായും യോജിക്കുമെന്നാണ് എന്റെ വിശ്വാസം!! എന്റെ ലേഖനം വായിച്ച് എം.ഒ. കുപിതനായി ഇരിക്കുകയാണെന്നും എന്നെ കഠിനമായി എതിർക്കുമെന്നും ആണ് ഞാൻ വിചാരിച്ചത്. പക്ഷെ തിരിച്ച് എന്നെ അനുമോദിക്കുകയാണ് അദ്ദേഹം ചെയ്തത്.

എം.ഒ.ജോസഫിന് നവജീവപരിഷത്തിന്റെ "അത്‌ലേത്താ ദെഹെന്ദോ" എന്ന ബഹുമതി മുദ്രലഭിച്ചപ്പോൾ അവാർഡ് ദാനചടങ്ങ് സംഘടിപ്പിക്കുന്ന

www.malankaralibrary.com

തിൽ ഞാൻ നിർണ്ണായകമായ പങ്കുവഹിച്ചു. എ.കെ.സി.സിയിലെ ഏതാനും ആളുകൾ എന്നോട് അതിന് പ്രതിഷേധം അറിയിച്ചു.

ഒരിക്കൽ എം.ഒ.യുടെ ഏതാനും ആരാധകർ ഒന്നിച്ചു കൂടിയപ്പോൾ ഒരു സുഹൃത് ചോദിച്ചു. സാർ എന്തിനാണ് നിലപാടുകളിൽ അയവില്ലാതെ കർക്കശമായി എഴുതുകയും പറയുകയും ചെയ്യുന്നത്. കത്തോലിക്കാ പത്രങ്ങളുടെ എതിർപ്പ് ഏറ്റുവാങ്ങിയാൽ സാറിനെ എന്നും അകറ്റി നിർത്തുവാനല്ലേ അവർ ശ്രമിക്കൂ. സാറിന്റെ വ്യക്തിപരമായ നേട്ടങ്ങൾക്കും വളർച്ചക്കും അത് വിലങ്ങുതടിയാവുകയില്ലേ? ചിരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ മറുചോദ്യം. ഞാൻ അയവില്ലാതെ നിലപാടുകളിൽ ഉറച്ചു നിൽക്കുന്നുവെന്നാണല്ലോ എന്റെ പേരിലുള്ള ആരോപണം. എന്റെ ഉറച്ച നിലപാടിൽ എന്തെങ്കിലും തെറ്റ് ചൂണ്ടികാണിക്കാമോ? ഞാൻ എഴുതിയതിലും പറഞ്ഞതിലും എന്തെങ്കിലും സത്യവിരുദ്ധമായിട്ടുണ്ടോ? ഉണ്ടെന്ന് എന്നെ ബോദ്ധ്യപ്പെടുത്തിയാൽ എന്റെ നിലപാട് മാറ്റാം. തെറ്റ് ചെയ്തെന്ന് ബോധ്യപ്പെടുത്തിയാൽ പരസ്യമായി ക്ഷമ പറയാനും തയ്യാറാണ്. പ്രസിദ്ധീകരണങ്ങളുടെ എതിർപ്പ് ഏറ്റുവാങ്ങിയാൽ എന്റെ വ്യക്തിപരമായ നേട്ടങ്ങൾക്കും വളർച്ചക്കും അത് വിലങ്ങുതടിയാവില്ലേ. എന്നാണല്ലോ പറഞ്ഞത്. തെറ്റ് ചെയ്തിട്ട് വ്യക്തിപരമായ നേട്ടങ്ങൾ കൈവരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചിട്ടില്ല. സഭയ്ക്കെതിരായി വന്നിട്ടുള്ള എല്ലാ ആരോപണങ്ങൾക്കും ഞാൻ അതാതു കാലം മറുപടി പറഞ്ഞിട്ടുണ്ട്. അങ്ങനെ എത്രയോ പേരുടെ എതിർപ്പിനെ ഞാൻ നേരിട്ടുണ്ട്. പലതും കണ്ടില്ലെന്ന് നടിച്ചാൽ പല നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുമായിരിക്കും. പക്ഷെ അങ്ങനെയുള്ള നേട്ടങ്ങൾ ഞാൻ ആഗ്രഹിക്കുന്നില്ല. ആഗ്രഹിച്ചിട്ടുമില്ല. ആഗ്രഹിക്കുകയുമില്ല.

എം.ഒ.ജോസഫ് തൊഴിലാളിയിലൂടെ ആത്മകഥ കുറെഭാഗം എഴുതി പ്രസിദ്ധീകരിച്ചിരുന്നു. ആത്മകഥയിൽ താൻ വിട്ടുതടങ്കലിലായിരുന്നപ്പോൾ തന്നെ സഹായിക്കാൻ ആരും വന്നില്ലെന്ന് എഴുതിയത് എന്തിന് ഞാൻ ഒരിക്കൽ ചോദിച്ചു. പ്രതിഫലം ആഗ്രഹിച്ചല്ലല്ലോ നാം പ്രവർത്തിച്ചത്? ഞാൻ വീട്ടുതടങ്കിലിലായിരുന്നപ്പോൾ സുന്ദരയ്യർ ആൻഡ് സൺസ് എന്ന സ്ഥാപനം എനിക്ക് 300 രൂപാ തന്നു സഹായിച്ചു. അന്ന് മുന്നൂറ് രൂപായുടെ മൂല്യം എന്താണെന്ന് വിശദീകരിക്കണ്ടല്ലോ. അതേ സമയം യാതൊരു ശമ്പളവും പറ്റാതെ ഞാൻ സേവിച്ച സത്യദീപത്തിന്റെയോ മലബാർ മെയിലിന്റെയോ അധികൃതർ എന്റെ സ്ഥിതിയെപ്പറ്റി അന്വേഷിക്കുകപോലും ചെയ്തില്ലായെന്നത് എന്നെ വേദനിപ്പിച്ച ഒരു കാര്യമാണ്. ഞാൻ അക്കാര്യം തുറന്നു പറഞ്ഞില്ലെന്നു കരുതുക. എന്നോട് എന്തെങ്കിലും പ്രത്യേക ലോഹ്യം അവർ കാട്ടുമോ? ഒരിക്കലുമില്ല, ഞാൻ ഇതൊന്നും മനസ്സിലാക്കാത്ത ഒരു മണ്ടനാണെന്ന് അവർ കരുതും. ഞാൻ എഴുതിയതുകൊണ്ട് പ്രയോജനമില്ലെന്നറിയാം എന്നാലും അവരിൽ ഒരു കുറ്റബോധം ജനിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഇനി വരുന്ന തലമുറയോടെങ്കിലും നീതി പുലർത്താൻ അവർ തയ്യാറാകുന്നതിനുവേണ്ടിയാണ്

www.malankaralibrary.com

ഞാൻ വിമർശന ബുദ്ധ്യാ തുറന്നെഴുതിയത്. എം.ഒ.യുടെ ഈ വാക്കുകൾ സമുദായം ഉറക്കെ ചിന്തിച്ച് വിലയിരുത്തേണ്ടതാണ്.

സഭയേയും സമുദായത്തെയും ഇത്രയധികം സ്നേഹിച്ച ഒരു വ്യക്തി വേറെയില്ല. മറ്റുള്ളവർക്കുവേണ്ടി ഇത്രയധികം കഷ്ടപ്പെടാൻ തയ്യാറുള്ള വരും വേറെയില്ല. തെറ്റ് ചൂണ്ടികാണിക്കേണ്ടത് തന്റെ കടമയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. തെറ്റു ചൂണ്ടികാണിക്കാതെ ഒഴുക്കിനൊപ്പിച്ച് നീന്തുന്നത് കടുത്ത പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

വീട്ടു തടങ്കലിൽ നിന്നും പുറത്തിറങ്ങിയതിനുശേഷം ബിഷപ്പ് മാർ കാളശ്ശേരിയെ സന്ദർശിച്ചപ്പോൾ വീട്ടു തടങ്കിലിലായിരുന്നപ്പോൾ സഹായം വല്ലതും ലഭിച്ചുവോ എന്ന് തിരുമേനി ചോദിച്ചുവല്ലോ. ഇല്ലായെന്നു പറഞ്ഞ പ്പോൾ........ ഒന്നും തന്നില്ലേയെന്ന് എടുത്തു ചോദിച്ച കാര്യവും എം.ഒ. തുറ ന്നെഴുതിയിട്ടുണ്ട്. ആ സമരകാലത്ത് ആവശ്യം അറിഞ്ഞ് സഹായിക്കു വാൻ കാളശ്ശേരി പിതാവ് ചിലരെ ചുമതലപ്പെടുത്തിയിരുന്നു. അവർ അത് ചെയ്തില്ല എന്നു തന്നെയുമല്ല കൊടുത്തിട്ടുണ്ടെന്ന് പിതാവിനെ ധരിപ്പിക്കു കയും അവരുടെ പേരിൽ ആ തുക കൊള്ളയടിക്കുകയും ചെയ്തിട്ടുണ്ട്. ഇടനിലക്കാരാണ് പലപ്പോഴും പിതാക്കന്മാരെ തെറ്റിദ്ധരിപ്പിക്കുന്നത്.

അതേ സമയം തനിക്ക് ലഭിച്ച സഹായങ്ങൾ എല്ലാം എണ്ണിയെണ്ണി പറയാൻ - പരസ്യമായി പറയാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്. അദ്ദേഹം വിമർശിച്ചതും കാര്യങ്ങൾ തുറന്നു പറഞ്ഞതും - മറ്റുള്ളവരുടെ അപ്രതീക്ക് വിധേയനായതും ഭാവി തലമുറയുടെ നന്മ കണ്ടുകൊണ്ടുമാത്രമാണ്. വിമർശനങ്ങൾ നശിപ്പിക്കുവാനല്ല നവീകരിക്കാൻ മാത്രമായിരുന്നു.



എ.കെ.സി.സി. സാഹിത്യ അവാർഡ് നേടിയ എം.ഒ. ജോസഫ് നെടുങ്കുന്നത്തിനെ കോട്ടയം പ്രസ്ക്ലബ് ഹാളിൽ നടന്ന സമ്മേളനത്തിൽ വച്ച് ജന. സെക്രട്ടറി ജോൺ കച്ചിറമറ്റം ഹാരമണിയിച്ച് സ്വീകരിക്കുന്നു

www.malankaralibrary.com

# 26. എം.ഒ.യുടെ അന്ത്യദിനങ്ങൾ

സ്വതവേ ആരോഗ്യവാനായിരുന്ന എം.ഒ. അദ്ദേഹത്തിന് അവാർഡ് നൽകിയപ്പോഴും അതിന്റെ മറുപടി പ്രസംഗം നടത്തിയപ്പോഴും അരോഗദൃഢഗാത്രനായ ഒരു ചെറുപ്പക്കാരന്റെ രീതിയിലാണ് പ്രവർത്തിച്ചത്. തന്റെ ജീവിതകാലത്ത് അനുഭവിച്ച ഒട്ടേറെ ദുരിതങ്ങളുടെ ഭാണ്ഡക്കെട്ടഴിക്കാൻ ലഭിച്ച ഒരു അവസരമായിട്ടാണ് എം.ഒ. അവർഡുദാന സമ്മേളനത്തെ കണ്ടത്. എം.ഒ. എന്നും എം.ഒ. തന്നെയായിരുന്നുവെന്നതിന് തെളിവാണ് അന്നത്തെ പ്രസംഗം. അവാർഡു ദാനം നടക്കുമ്പോഴും അതിനു മുന്നോടിയായി പല പ്രദേശങ്ങളിൽ സ്വീകരണം ലഭിച്ചപ്പോഴും അദ്ദേഹത്തെ ബാധിച്ചിരുന്ന അസുഖ വിവരം ആരെയും അറിയിച്ചിരുന്നില്ല. എം.ഒ. ജോസഫിന്റെ അന്ത്യകാലത്തെ ദിനങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ ഭാര്യ അച്ചാമ്മ ഭർത്തൃസ്മരണകൾ എഴുതുകയും പ്രകാശം പബ്ലിക്കേഷൻ പ്രസദ്ധീകരിച്ച എം.ഒ..യുടെ ജീവിതസ്മരണകൾ എന്ന ഗ്രന്ഥത്തിൽ പ്രസദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എം.ഒ.യുടെ അവസാനകാലത്തെപ്പറ്റി മിസ്സിസ്സ് എം.ഒ. ജോസഫ് എഴുതിയ ഏതാനുംഭാഗം താഴെ ചേർക്കുന്നു.

"ജനുവരി ആരംഭം മുതൽ ഇടതു കാലിന്റെ മുട്ടിന് വേദനയും നീരും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നു. രണ്ടുമാസക്കാലം മുഴുവൻ കുഴമ്പും തൈലവും പുരട്ടി ചൂടുവച്ച് നാട്ടുചികിത്സയിൽ തന്നെ കഴിഞ്ഞുകൂടി. ഇതിനിടയിൽ അദ്ദേഹം ക്ഷീണിതനും അവശനുമായി കാണപ്പെട്ടു. ആശുപത്രിയിൽ പോകാമെന്ന് ഞാൻ നിർബന്ധിച്ചിട്ടും അദ്ദേഹം അതിനു സമ്മതിച്ചില്ല. വേദന കലശലായപ്പോൾ മാർച്ച് 10-ാം തീയതി മുൻപരിചയമുള്ള ഡോ. ജോണിനെ കാണാൻ കാഞ്ഞിരപ്പള്ളി മേരിക്യൂൻ ഹോസ്പിറ്റലിൽ പോയി. അന്ന് അദ്ദേഹം അവിടെ ഇല്ലായിരുന്നു. ഡോ. ചാക്കോ കാലിൽ മരുന്നു വെച്ചു കെട്ടിയ ശേഷം 12-ാംതീയതി അവിടെ താമസത്തിനു ചെല്ലാൻ പറഞ്ഞുവിട്ടു. ബസ്സിൽ നിന്ന് ഇറങ്ങി. കാറും ജീപ്പും കിട്ടായ്കയാൽ അവശനായി നിന്നും നടന്നും ഒരു മൈൽ നടന്ന് വീട്ടിൽ വന്നു ചേർന്നു. ഇതിനിടയിൽ പല സ്ഥലത്തും കാല് സ്വതന്ത്രമല്ലാതിരുന്നതിനാൽ കൈക്കുപിടിച്ച് നടക്കേണ്ടി വന്നു. പിന്നീട് 12-ാം തീയതി ആശുപത്രിയിലേക്കു പോയി. 15-ാംതീയതി ഇടത്തു കാലിന്റെ മുട്ടിൽ നിന്നും കുറച്ചു വെള്ളം കുത്തിയെടുത്തു. അത് അല്പം കൊഴുത്ത വെള്ളമായിരുന്നു. ആ സ്ഥാനത്ത് കുറച്ചു മരുന്ന് കയറ്റി. അദ്ദേഹത്തിന്റെ ഇടതു കാലിന്റെ മുട്ടിൽ ഒരു മുഴയുണ്ടായിരുന്നത്. 'എനിക്ക് ഇതു വേണം' എന്നു ഡോക്ടർ പറഞ്ഞപ്പോൾ എടുത്തു

www.malankaralibrary.com

കൊള്ളുവാൻ സസന്തോഷം അദ്ദേഹം സമ്മതിച്ചു അങ്ങനെ 16-ാം തീയതി ഓപ്പറേഷൻ എന്നു തീരുമാനിച്ചു. രക്തകുറവുകൊണ്ട് മയക്കാതെ മരവിപ്പിച്ചാണ് ഓപ്റേഷൻ നടത്തിയത്. ഒന്നരമണിക്കൂറിനുശേഷം ഒരു സിസ്റ്റർ ചെറിയൊരു തക്കാളിപ്പഴം പോലുള്ള ഒരു സാധനം എടുത്ത് അദ്ദേഹത്തെ കാണിച്ചു. ഇത് അച്ചന് ഉച്ചക്ക് വറുത്തുതരുമെന്ന് പറഞ്ഞപ്പോൾ, സിസ്റ്ററല്ലേ ഇത്രയും ബദ്ധപ്പെട്ടത്. അതുകൊണ്ട് സിസ്റ്റർ തന്നെ വറുത്തു തിന്നുകൊള്ളുവിൻ." ആ വേദനയുടെ സമയത്തും തമാശ് പറയുവാൻ അദ്ദേഹം മറന്നില്ല. രണ്ടു ദിവസം ഞാൻ അവിടെ താമസിച്ചശേഷം കുറഞ്ഞെന്നു കണ്ടപ്പോൾ ഞാൻ വീട്ടിലേക്കു പോന്നു. 22-ാം തീയതി സ്റ്റിച്ച് എടുത്തു യാതൊരു കുഴപ്പവും ഇല്ലാതിരുന്നതിനാൽ വേണമെങ്കിൽ ഇന്നു തന്നെ പോയ്ക്കോ എന്നു ഡോക്ടർ പറഞ്ഞു.

ഇതിനിടയിൽ പല പ്രമുഖ വ്യക്തികളും വന്നു കാണുകയും വിവരങ്ങൾ അന്വേഷിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അദ്ദേഹം പരിപൂർണ്ണ ആരോഗ്യവാനായി കാണപ്പെട്ടു. ഇരിക്കുന്നതിനോ നടക്കുന്നതിനോ യാതൊരു വിഷമവുമില്ലായിരുന്നു. പിറ്റേദിവസം അദ്ദേഹത്തെ കൊണ്ടുവരുവാൻ ഞാൻ ആശുപത്രിയിൽ ചെന്നു. ഇന്നു പോകാമെന്നു പറഞ്ഞപ്പോൾ ഞാൻ വന്നതല്ലേ ഉള്ളൂ നാളെയാകട്ടെ എന്നു ഞാൻ പറഞ്ഞു. ഈ സമയം അവിടെ രോഗികളായി നെടുംകുന്നം പള്ളിവികാരി, കാഞ്ഞിരപ്പള്ളി ഏർത്തയിൽ ബ: ജേക്കബ് അച്ചനും പഴയറ അച്ചനും ഉണ്ടായിരുന്നു. ഇവർ മുന്നുപേരും കൂടി കുശലപ്രശ്നങ്ങൾ നടത്തിയശേഷം കഞ്ഞികുടിക്കാനായി അച്ചന്മാർ അവരുടെ മുറിയിലേക്കും അദ്ദേഹം ഞങ്ങളുടെ മുറിയിലേക്കും വന്നു. ചോറുണ്ണാനിരുന്നപ്പോൾ അദ്ദേഹം തന്നെ അധിക ഭാഗവും എന്റെ പാത്രത്തിലേക്കു തന്നെ വിളമ്പി ഇട്ടു. അത് അദ്ദേഹത്തിന്റെ ആദ്യത്തെയും അവസാനത്തേതുമായ വിളമ്പിത്തരലാണെന്ന് അന്നു ഞാൻ കരുതിയിരുന്നില്ല. ഒന്നു രണ്ടു വായ് ചോർ ഉണ്ടയുടനെ നെഞ്ചു തിരുമ്മികൊണ്ട് ചങ്കുപൊട്ടി പോകുന്നേയെന്നു പറഞ്ഞു കരയുവാൻ തുടങ്ങി. സഹിക്കുവാൻ പാടില്ലാത്ത വേദനയും കരച്ചിലും കണ്ട് കഞ്ഞികുടിച്ചുകൊണ്ടിരുന്ന അച്ചനെ വിളിച്ചുകൊണ്ടുവന്നു. അച്ചൻ വന്ന് ആശ്വാസവാക്കുകൾ പറഞ്ഞിട്ടും വേദന സഹിക്കായ്കയാൽ ഡോക്ടറെ വിളിപ്പിച്ചു. ഡോക്ടർ വന്നു കുത്തിവയ്ക്കുകയും മരുന്നു കൊടുക്കുകയും ചെയ്തെങ്കിലും വലിയ ആശ്വാസമുണ്ടായില്ല. തന്നെയല്ല വയർ വീർക്കുവാൻ തുടങ്ങി. ഉറങ്ങാതെ ആ രാത്രി കഴിച്ചുകൂട്ടിയെങ്കിലും പിറ്റേന്നു വെളുപ്പിന് വയർ നല്ലതുപോലെ വീർത്തു കഴിഞ്ഞിരുന്നു. രാവിലെ തന്നെ നെടുംകുന്നത്തിന് ഫോൺ വിളിച്ച് ആങ്ങളയെ വരുത്തി. അച്ചായൻ വന്നപ്പോൾ അദ്ദേഹത്തിന്റെ വയർ വീർത്തിരിക്കുന്നതു കണ്ട് നമുക്ക് മെഡിക്കൽ കോളേജിൽ പോകാം എന്നു പറഞ്ഞു. അതിന്റെ ആവശ്യമില്ല ഇവിടം കൊണ്ട് സുഖപ്പെടാനുള്ള

www.malankaralibrary.com

തേയുള്ളുവെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം അദ്ദേഹം ആഹാരമോ മരുന്നോ കഴിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. വയറ്റിൽ നീരാണെന്നു തോന്നുകയാൽ വയറിന്റെ എക്സ്-റേ-എടുത്തെങ്കിലും വയറിന് യാതൊരു കുഴപ്പവുമില്ലായിരുന്നു. ഡോ.ജോർജ് കുര്യൻ ഈ.സി.ജി. എടുത്തു. അരോഗദൃഢഗാത്രനായ 35 വയസ്സുകാരന്റെ ഹൃദയം പോലെയാണ്, സാറിന്റെ ഹൃദയത്തിന് യാതൊരു കുഴപ്പവുമില്ലായെന്നു പറഞ്ഞു. ഇങ്ങനെയൊക്കെയാണെങ്കിലും നാൾക്കുനാൾ രോഗം കൂടിയും ആരോഗ്യം കുറഞ്ഞുകൊണ്ടുമിരുന്നു.

ഒരു ദിവസം അദ്ദേഹത്തിന് കലശലായ പനിയുണ്ടായി. ആ സമയം ഡോക്ടർ വന്നു പരിശോധിച്ചപ്പോൾ വയറ്റിൽ ഒരു മുഴയുള്ളതായി തോന്നി. രണ്ടു ദിവസത്തെ പരിശോധനയ്ക്കുശേഷം എന്നെ വിളിച്ച്, സാറിന് ഒന്നുകിൽ കുടലിൽ ഒരു മുഴയോ അല്ലെങ്കിൽ കിഡ്നിക്ക് ക്യാൻസറോ ആയിരിക്കുമെന്നു പറഞ്ഞു. മുഴയാണെങ്കിൽ ഓപ്റേഷൻകൊണ്ടു സുഖപ്പെടുത്താം. ക്യാൻസറാണെങ്കിൽ 99 ശതമാനവും പരാജയമാണ് കാണുന്നത്. അതുകൊണ്ട് മെഡിക്കൽ കോളേജിൽ കൊണ്ടു പോവുകയായിരിക്കും നല്ലത് എന്നു പറഞ്ഞു. ഞാൻ ആ വിവരം എന്റെ സ്വന്താഭിപ്രായമായി അദ്ദേഹത്തോടു പറഞ്ഞു. ഡോക്ടറിൽ വിശ്വാസമുള്ള അദ്ദേഹം ഉടനെ ഡോക്ടറെ വിളിപ്പിച്ച് ഇവൾ പറയുന്നതു ശരിയാണോ, ഡോക്ടർ പറഞ്ഞിട്ടാണോ എന്നു ചോദിച്ചു. രോഗിയുടെ സമാധാനത്തിനായി ചേടത്തിക്കു നിർബന്ധമാണെങ്കിൽ കൊണ്ടു പോവുക, ഞാൻ അതിനെ തടയുന്നില്ലായെന്നു പറഞ്ഞു.

ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച ആശുപത്രി വാനിൽ കോട്ടയത്തിനു പുറപ്പെട്ടു. 4.50 ന് അഡ്മിറ്റ് ചെയ്തു. ഇതിനിടയിൽ ക്ഷീണിതനും അവശനുമായ അദ്ദേഹം എന്നോടു ഒരു പൂവമ്പഴം ആവശ്യപ്പെട്ടു. ഡോക്ടറോടു ചോദിച്ചപ്പോൾ കൊടുക്കരുതെന്നു പറഞ്ഞു. ആശുപത്രിക്കു പോയ വഴി അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം മനോരമയുടെ പടിക്കൽ വാൻ നിർത്തി സ്നേഹിതനായ ശ്രീ. ജോൺ പെല്ലിശ്ശേരിയെ കണ്ടു വിവരം അറിയിച്ചു. വേണ്ട ഒത്താശകൾ ചെയ്തു തരണമെന്ന് പറഞ്ഞതനുസരിച്ച്, അഡ്മിറ്റു ചെയ്യുന്നതിനു മുൻപുതന്നെ പെല്ലിശ്ശേരി ആശുപത്രിയിൽ വന്നു ചേർന്നു. പെല്ലിശ്ശേരിയുടെ കഴിവിനനുസരിച്ചുള്ള എല്ലാ സഹായവും ഞങ്ങൾക്കു ചെയ്തു തന്നു. അത് നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി മാത്രമേ എനിക്ക് ഓർക്കുവാൻ സാധിക്കുകയുള്ളൂ. അത്രമാത്രം ത്യാഗം ജോൺ പെല്ലിശ്ശേരി ഞങ്ങൾക്കു വേണ്ടി സഹിച്ചു.

അഡ്മിറ്റ് ചെയ്തതിനുശേഷം ഒരു നേഴ്സ് അദ്ദേഹത്തിന്റെ വയറ്റിൽ നിന്ന് പഴുപ്പ് എടുക്കുവാൻ യാതൊരു മുന്നറിയിപ്പും കൂടാതെ മൂക്കിൽകൂടി ട്യൂബ് ഇട്ടു. അദ്ദേഹം സർവ്വശക്തിയുമുപയോഗിച്ചു അതിനെ എതിർത്തു. വേദപുസ്തകത്തിൽ പറയുന്നതുപോലെ ഒരുത്തൻ പോയി അവനെക്കാൾ ബലവാന്മാരായ 2 പേരെ കൂട്ടികൊണ്ടുവന്നു എന്നു പറയുന്നതുപോലെ ഈ

www.malankaralibrary.com

നേഴ്സ് ചെന്ന് രണ്ടു ഡോക്ടർമാരെകൂടി കൂട്ടിക്കൊണ്ടുവന്നു. അവരും യാതൊന്നും പറയാതെ നാട്ടുഭാഷയിൽ പറയുകയാണെങ്കിൽ 'കാളയ്ക്ക് മൂക്കുകയർ ഇടുന്നതുപോലെ ബലം പ്രയോഗിച്ച് ട്യൂബ് ഇട്ടു. ഈ സമയം ട്യൂബ് അട്ടചുരുളുന്നതുപോലെ വായിൽ ചുരുണ്ടു കിടന്നു. അപ്പോൾ ഇവരെന്നെ കൊല്ലുന്നത് നീ കണ്ടില്ലേ എന്ന് ദയനീയമായി ചോദിച്ചു. നിങ്ങൾ ട്യൂബ് ഇടണ്ടയെന്നും ഡോക്ടർ ഇട്ടുകൊള്ളുമെന്നും ഞാൻ പറഞ്ഞു. ഏതു ഡോക്ടർ എന്ന് ഇവർ രണ്ടുപേരും എന്നോടു കയർത്തു ചോദിച്ചു. അദ്ദേഹത്തെ അഡ്മിറ്റു ചെയ്ത ഡോക്ടർ എന്ന് ഞാനും പറഞ്ഞു. ഈ വാക്കുതർക്കം മൂലം ഞങ്ങൾ പോരുന്നതു വരെ ആ രണ്ടു ഡോക്ടർമാരും അദ്ദേഹത്തിന്റെ ബഡ്ഡിൽ ഒന്നു നോക്കുക പോലും ചെയ്തിട്ടില്ല. അന്ന് അദ്ദേഹത്തിന് ആറു കുപ്പി ഗ്ളുക്കോസും ഒരു കുപ്പി ബ്ലഡും കൊടുത്തു. ബ്ലഡു ശരിക്കു കയറാതിരിക്കുന്നതുകൊണ്ട് കയ്യേൽ ചെറിയ മുഴയുണ്ടാകുവാൻ തുടങ്ങി. പിന്നെ അവർ സൂചി ഊരി മാറ്റികുത്തി. അങ്ങനെ നീണ്ട മുപ്പത്തിരണ്ടു മണിക്കൂർ യാതനയുടെയും വേദനയുടെയും സഹനത്തിന്റെയും മണിക്കൂറുകളായി മാറി. 16 ദിവസത്തെ ആശുപത്രി ജീവിതവും ഉറക്കക്ഷീണവും മനപ്രയാസവും കൊണ്ട് ഞാൻ അവശയായി അദ്ദേഹത്തിന്റെ ബഡിന്റെ താഴെ ഇരിക്കുമ്പോൾ എന്റെ ജേഷ്ഠത്തിയുടെ മകനോട് എടാ രാജാ അച്ചമ്മായി എന്തിയേ, അവളെ ഒന്ന് ഉറങ്ങുവാൻ അനുവദിക്ക്, അല്ലെങ്കിൽ അവൾക്ക് ഭ്രാന്തു വരും എന്ന് അദ്ദേഹം പറഞ്ഞു. ഈ സമയം രാജനോട് പല കാര്യങ്ങൾ അദ്ദേഹം പറഞ്ഞിരുന്നു. 6-ാം തീയതി ഡോക്ടർമാരെല്ലാവരും കൂടിവന്ന് അദ്ദേഹത്തെ പരിശോധിച്ച്. 8 കുപ്പി ഗ്ലൂക്കോസ് കൊടുക്കുവാൻ പറഞ്ഞു. അതിൻപ്രകാരം അദ്ദേഹത്തിന്റെ മരണ സമയം വരെ ഗ്ലൂളൂക്കോസ് കൊടുത്തു കൊണ്ടിരുന്നു. അന്ന് ഉച്ച കഴിഞ്ഞപ്പോൾ മുതൽ ആറു മണിവരെ അദ്ദേഹത്തെ കാണാൻ വമ്പിച്ച ഒരു ജനപ്രവാഹം തന്നെ അവിടെ വന്നുകൊണ്ടിരുന്നു. തിരുവല്ല മെത്രാൻ സക്കറിയാസ് മാർ അത്തനാസിയോസും ചങ്ങനാശ്ശേരി സഹായമെത്രാൻ ഡോ. ജോസഫ് പവ്വത്തിലും അനേക വൈദീകരും, കന്യാസ്ത്രീകളും ബന്ധുക്കളും സ്നേഹിതരും അദ്ദേഹത്തെ വന്നു കണ്ടു. ആ കൂട്ടത്തിൽ സെന്റ് ബർക്കുമാൻസിൽ ഒന്നിച്ച് പഠിച്ച് സർവ്വകലാശാലയിൽ ജോലിയുള്ള സ്നേഹിതൻ; പേരുപറഞ്ഞ് അറിയുമോ എന്ന് ചോദിച്ചപ്പോൾ, കരഞ്ഞുകൊണ്ട് സ്നേഹിതന്റെ കൈപിടിച്ച് മുത്തിയത് മർമ്മഭേദകമായ ഒരു കാഴ്ചയായിരുന്നു. ഈ സമയം സാറിന് ഒരു സംഭാവന എന്നു പറഞ്ഞ് ഒരു ബഹു. വൈദികൻ അദ്ദേഹത്തിന്റെ തലയിണ കീഴിൽ ഒരു പണക്കിഴി വച്ചു. അച്ചാ എന്നെ തെറ്റിദ്ധരിക്കരുത് ആ പണം അങ്ങ് എടുത്തോ. എടുത്തുതരുവാൻ എന്റെ കൈ പൊങ്ങുകയില്ലയെന്നു പറഞ്ഞു. നിർബന്ധപ്രകാരം അച്ചന് ആ പണം എടുക്കേണ്ടിവന്നു. പണത്തിന് വിഷമമുള്ള സമയമായിരുന്നെന്ന് അച്ചന് അറിയാമായിരു

www.malankaralibrary.com

ന്നതുകൊണ്ട് സാർ അറിയണ്ട, അച്ചാമ്മ ഈ പണം എടുത്തോയെന്നും പറഞ്ഞു. അദ്ദേഹത്തിനു വേണ്ടാത്ത പണം എനിക്കും വേണ്ടായെന്ന് ഞാനും പറഞ്ഞു. അച്ഛൻ ആ പണം തിരിച്ചെടുത്തു. കാഴ്ചക്കാരെല്ലാം എട്ടു മണിയോടുകൂടി പിരിഞ്ഞു. വയറ്റിൽ നിന്ന് പോവുകയില്ലാത്തതുകൊണ്ട് പല പ്രാവശ്യവും മലം എടുക്കേണ്ടിവന്നു. എന്നാൽ അന്നു മുഴുവൻ വയർ ഇളകികൊണ്ടിരുന്നു. എന്റെ ആങ്ങളയും ജേഷ്ഠത്തിയുടെ ഭർത്താവും മകനും അന്ന് ഞങ്ങളുടെ കൂടെയുണ്ടായിരുന്നു.

അന്നു വൈകിട്ട് ഞങ്ങൾ ആരും തന്നെ ഒന്നും കഴിച്ചില്ല. രാത്രി 10-15 ന് ഞാൻ ഒന്നു കിടന്നോട്ടെയെന്നു ചോദിച്ചു. ഇന്നു ഉറങ്ങണ്ടാ എന്നു പറഞ്ഞു. നെഞ്ചത്ത് തൊട്ടുകൊണ്ട് എന്താ വിഷമം വല്ലതുമുണ്ടോയെന്ന് ഞാൻ ചോദിച്ചു. ങാ എന്നു മൂളി. 11 മണി മുതൽ വലിയ ശബ്ദത്തിലുള്ള വലിവ് ആരംഭിച്ചു. തലയിണക്ക് പൊക്കമില്ലാതിരുന്നതിനാൽ ശ്വാസോച്ഛ്വാസത്തിനു തടസ്സമായിരുന്നു. ഈ വിഷമം കണ്ടുകൊണ്ട് അടുത്തു നിന്ന നേഴ്സിനോട് സിസ്റ്ററെ ഈ തല ഒന്നുപോക്കി വയ്ക്കാൻ എന്തെങ്കിലും തരാമോയെന്നു ചോദിച്ചപ്പോൾ അവർ ഒരു ചെറിയ സ്റ്റൂൾ കൊണ്ടുതന്നു. അതിൽ തല പൊക്കിവച്ചപ്പോൾ ശ്വാസോച്ഛ്വാസത്തിന് വിഷമക്കുറവുകണ്ടു വെങ്കിലും വലിയ വലിവുകണ്ട് എന്റെ ആങ്ങളയോട് അച്ചായ, അദ്ദേഹത്തിന് കുമ്പസാരവും കുർബാനയും കിട്ടിയെങ്കിലും ഒപ്രുശുമാ കിട്ടാതെ എനിക്ക് സമാധാനം ഉണ്ടാവുകയില്ലെന്നു പറഞ്ഞു. ഉടനെ അച്ചായൻ അടുത്തുനിന്ന സിസ്റ്ററിനോട് ഇവിടെയെവിടെയാ അച്ചൻ താമസിക്കുന്നത് എന്നു ചോദിച്ചപ്പോൾ ഇവിടെയടുത്ത് മഠത്തിൽ ഒരു വല്യച്ചനുണ്ട്. പക്ഷേ രാത്രിയിൽ വരുകയില്ലെന്നു പറഞ്ഞു. ഉടനെതന്നെ അച്ചായൻ കാറുമായി പോയി എവിടെ നിന്നോ ഒരു അച്ചനെ മൂന്നു മണിയായപ്പോൾ കൊണ്ടുവന്നു ഒപ്രുശുമ കൊടുത്തു. സംസാരിക്കാൻ ശക്തിയില്ലായിരുന്നെങ്കിലും സുബോധത്തോടെ ഞങ്ങൾ ചൊല്ലിക്കൊടുക്കുന്ന സുകൃതജപം അദ്ദേഹം ചെല്ലുന്നുണ്ടെന്നു നീണ്ട മൂളലുകൊണ്ട് ഞങ്ങൾക്കു മനസ്സിലായി. സുഖമില്ലാതായതിൽ പിന്നെ ഒരോ ദിവസവും ഏതു ദിവസമാണെന്ന് തിരിക്കികൊണ്ടിരുന്നു. വലിവ് കൂടി വന്നപ്പോൾ സ്റ്റൂളിൽ നിന്നു എന്റെ വലതു കൈയിൽ തല സ്വൽപ്പം ചരിച്ച് ഒന്നരമണിക്കൂർ പിടിച്ചു കിടന്നു. അന്നു വെളുപ്പിന് 4.15 ന് എന്നെ എന്നേ നേയ്ക്കുമായും കദനക്കടലിൽ ആഴ്ത്തി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. 6.30 ന് ശവം കാറിൽ കയറ്റി നെടുങ്കുന്നത്തിനു യാത്ര തിരിച്ച്, മനോരമയുടെ പടിക്കൽ നിർത്തി. ജോൺ പെല്ലിശ്ശേരിയെ അന്വേഷിച്ചപ്പോൾ അദ്ദേഹം പുറത്ത് പോയിരിക്കയാണെന്ന് ആഫീസിൽനിന്ന് അറിഞ്ഞു. എങ്ങനെയൊ വിവരം അറിഞ്ഞ് അദ്ദേഹം കാറിന്റെ അടുക്കൽ വന്നുനിന്നരംഗം മറക്കില്ല. സ്നേഹിതന്റെ അപ്രതീക്ഷിതമായ മരണം അദ്ദേഹത്തെ വല്ലാതെ ദുഃഖിപ്പിച്ചു. ശവമടക്കു എപ്പോഴാണെന്ന് പെല്ലിശ്ശേരി ചോദിച്ചപ്പോൾ കഴി

www.malankaralibrary.com

വതും നേരത്തെ തന്നെയെന്ന് അച്ചായൻ പറഞ്ഞു. സാറു നിങ്ങളുടേതുമാത്രമല്ല നാട്ടുകാരുടെതുകൂടിയാണ്. അതുകൊണ്ട് നാളെ രണ്ടുമണിക്ക് നടത്താമെന്ന് പെല്ലിശ്ശേരി പറഞ്ഞു. അതിൻപ്രകാരം ഞങ്ങൾ സമ്മതിച്ചുപോന്നു. റേഡിയോ ടെലഗ്രാം, ഫോൺ, പത്രം ഇവമുഖേന മരണവാർത്ത നാടിന്റെ നാനാഭാഗങ്ങളിലും അറിയിച്ചു. അങ്ങനെ ഒരു സഹോദരനുവേണ്ടി ഒരു സഹോദരൻ ചെയ്യേണ്ട സകല ചുമതലകളും പെല്ലിശ്ശേരി ചെയ്തത് ഓർക്കുമ്പോൾ എന്നും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി മാത്രമേ എനിക്ക് പെല്ലിശ്ശേരിയെ സ്മരിക്കുവാൻ സാധിക്കുകയുള്ളൂ. ഏഴര മണിയോടുകൂടി നെടുങ്കുന്നത്ത് എത്തി. പള്ളിപടിക്കൽ കാറുനിർത്തി പള്ളി മുറിയിൽചെന്ന് അച്ചന്മാരെ വിവരം ധരിപ്പിച്ചു. ഉടൻ തന്നെ അസിസ്റ്റന്റ് വികാരി ഫാ. ഏബ്രാഹം പറമ്പിൽ കാറിന്റെ സമീപത്തു വന്നു പരേതനു വേണ്ടി പ്രാർത്ഥിച്ചു. ഉടൻതന്നെ ഞങ്ങൾ വീട്ടിലേക്കു വരുമെന്നു പറഞ്ഞ് പള്ളിമുറിയിലേക്കു പോയി. 8 മണിയായപ്പോൾ കാർ വീടിന്റെ പടിക്കൽ എത്തി. അയൽപക്കത്തുള്ളവരും ബന്ധുക്കളും അദ്ദേഹത്തിന്റെ ശരീരം എടുത്ത് വീട്ടിൽകൊണ്ടുവന്നു. വിവരമറിഞ്ഞ് രാപകൽ വ്യത്യാസം കൂടാതെ നൂറുകണക്കിനു ജനങ്ങൾ വീട്ടിലേക്കു വന്നു. എത്രമാത്രം വന്നുവെന്നും, എത്രമാത്രം ഒപ്പീസ് ചൊല്ലിയെന്നും എണ്ണിത്തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. വൈകിട്ട് 8 മണിയോടുകൂടി എറണാകുളം കർദ്ദിനാൾ ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി വീട്ടിൽ വന്ന് അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു. "ജോസഫിന്റെ മരണം സഭയ്ക്കും സമുദായത്തിനും നാടിനും ഒരു തീരാ നഷ്ടമാണെന്ന്" കർദ്ദിനാൾ തിരുമേനി പ്രസംഗമദ്ധ്യേ എടുത്തു പറയുകയുണ്ടായി. 8-ാം തീയതി ഉച്ചകഴിഞ്ഞ് ഫാദർ സക്കറിയാസ് വാഴപ്പള്ളി വീട്ടിൽ വച്ച് ചരമപ്രസംഗം നടത്തി. അനവധി വൈദീകരുടെയും, കന്യാസ്ത്രീകളുടെയും വമ്പിച്ച ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ വിലാപയാത്രയായി ശവമഞ്ചം പള്ളിയിലേക്ക് ആനയിച്ചു. വീട്ടിൽ വച്ചും, വഴിക്കുവച്ചും, സ്നേഹിതരും , സ്ഥാപനങ്ങളുടെ പ്രതിനിധികളും റീത്തുകൾ സമർപ്പിച്ചു. പള്ളിയിൽ വച്ച് എറണാകുളം മെത്രാൻ സെബാസ്റ്റ്യൻ മങ്കുഴിക്കരി ചരമപ്രസംഗം നടത്തി. ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പ് ആന്റണി പടിയറ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, എറണാകുളം മെത്രാന്റെയും ചങ്ങനാശ്ശേരി സഹായമെത്രാന്റെയും സഹകരണത്തിലും ശവമടക്കു ശുശ്രൂഷ നടത്തപ്പെട്ടു.

ഹിന്ദുക്കളുടെ ആചാരമനുസരിച്ച് മരിച്ച ആളിനെ എടുക്കുകയോ, ചുംബിക്കുകയോ പതിവില്ല. എന്നാൽ ഞങ്ങളുടെ അയൽക്കാരിൽ ഒരാൾ കാറിൽ നിന്ന് എടുത്ത് അദ്ദേഹത്തിന്റെ ശവം വീട്ടിൽ കൊണ്ടുവരുവാനും വീട്ടിൽ നിന്ന് പള്ളിയിലേക്ക് എടുക്കുവാനും സെമിത്തേരിയിൽ ചെന്ന് ഞങ്ങളോടൊപ്പം മുത്തുവാനും ഉണ്ടായിരുന്നതുകണ്ട് പലരും ആശ്ചര്യപ്പെട്ടു. ഇതേ

www.malankaralibrary.com

പ്പറ്റി ആ ആളിനോടു ചോദിച്ചപ്പോൾ, എനിക്ക് സാറിനോടുള്ള ബഹുമാനം കൊണ്ടാണെന്നും! എനിക്ക് അദ്ദേഹത്തെ ഒരു കാലത്തും വിസ്മരിക്കുക സാദ്ധ്യമല്ലെന്നും പറഞ്ഞു. അദ്ദേഹം പള്ളിക്കു ചെയ്ത സേവനത്തെ മാനിച്ച് നെടുംകുന്നം പള്ളിയിൽനിന്നും പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു.

അതിനുശേഷം നെടുംകുന്നം പള്ളി മൈതാനിയിൽ ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അനുശോചനയോഗത്തിൽ വിവിധ നേതാക്കൾ പ്രസംഗിച്ചു.

## അനേകായിരങ്ങളുടെ സാന്നിദ്ധ്യത്തിൽ മൃതദേഹ സംസ്കാരം

അന്തരിച്ച എം.ഒ.ജോസഫ് നെടുംകുന്നത്തിന്റെ ശവസംസ്കാരം സഭാമേലദ്ധ്യക്ഷന്മാരുടെയും നിരവധി വൈദികരുടെയും കന്യാസ്ത്രീകളുടെയും വമ്പിച്ച ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ നെടുകുന്നം പള്ളി സിമിറ്ററിയിൽ പ്രത്യേകം സ്വന്തം ഇടവകതയ്യാറാക്കിയ കല്ലറയിൽ സംസ്കരിച്ചു.

ശവസംസ്കാരച്ചടങ്ങുകളിൽ ചങ്ങനാശ്ശേരി ആർച്ച് ബിഷപ് ഡോ. ആന്റണി പടിയറ പ്രധാനകാർമ്മികത്വം വഹിച്ചു. ബിഷപ് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി, ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ, ബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരി, കോതമംഗലം രൂപതാ വികാരി ജനറാളും എ.കെ.സി.സി. ബിഷപ് ലഗേറ്റുമായ മോൺ.മാത്യു വെള്ളാങ്കൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. പള്ളിയിൽവച്ച് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി എം.ഒ. ജോസഫിന്റെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടു പ്രസംഗിച്ചു.

## കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ

എം.ഒ. ജോസഫിന്റെ വസതിയിലെത്തി കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ ഒപ്പീസ് പാടുകയും പരേതനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മലബാർ മെയിലിന്റെ പത്രാധിപർ എന്ന നിലയിൽ ജോസഫ് ചെയ്ത സേവനങ്ങളെ കാർഡിനൽ പ്രത്യേകം അനുസ്മരിച്ചു. ഒരുചരിത്രകാരനെന്ന നിലയിൽ ക്രൈസ്തവർ മലയാള സാഹിത്യത്തിന് നല്കിയ സംഭാവനകൾ കേരളത്തിന് മനസ്സിലാക്കി കൊടുത്തതിൽ ജോസഫിന് വലിയ പങ്കുണ്ടെന്നും ജീവചരിത്രം, പ്രബന്ധം, വിമർശനം എന്നീ ശാഖകൾക്കും അദ്ദേഹം വലിയ സംഭാവനകൾ നല്കിയിട്ടുണ്ടെന്നും കാർഡിനൽ പ്രത്യേകം എടുത്തു പറഞ്ഞു.

ജോസഫിന്റെ വസതിയിൽവച്ച് 2 മണിയ്ക്ക് ശവസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. വടവാതൂർ സെമിനാരി റെക്ടർ മോൺ. സഖറിയാസ് വാഴപ്പള്ളി വസതിയിൽവച്ച് പ്രസംഗിച്ചു. തുടർന്ന് വിലാപയാത്ര ആരംഭിച്ചു. കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, അസി. സെക്രട്ടറി പി. കെ. സ്കറിയാ, അതിരൂപതാസംഘം പ്രസിഡന്റ്

www.malankaralibrary.com

പി.പി. ജോസ്, എറണാകുളം അതിരൂപതാ സംഘം പ്രസിഡന്റ് പി.എ. കുരുവിള, മുൻ വൈസ് പ്രസിഡന്റ് ഡോ. റ്റി.വി. ജോസ്, ദീപിക മാനേജിംഗ് എഡിറ്റർ ഫാ. കൊളംബിയോർ സി.എം.ഐ., കോട്ടയം കാതലിക് അസോസിയേഷൻ സെക്രട്ടറി ജോസഫ് മാവേലി, കോട്ടയം ഡി.സി.സി. പ്രസിഡന്റ് പി.എസ്. ജോൺ, സാഹിത്യപ്രവർത്തക സഹകരണസംഘം സെക്രട്ടറി കെ. മാധവൻ നായർ, പ്രകാശം പബ്ലിക്കേഷന് വേണ്ടി ഫാ. കുര്യൻ സി.എം.ഐ., കേരള ഫ്രാൻസിസ്കൻ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ.പി. ജോൺ, സത്യദീപം പത്രാധിപർ ഫാ. വട്ടോലി, കുടുംബദീപം പത്രാധിപർ സി.എച്ച്. ജോസഫ്, കേരള സാഹിത്യകലാസമതി സെക്രട്ടറി ടോം ജോസ്, കേരളാഹിസ്റ്ററി കോൺഗ്രസ് സെക്രട്ടറി ശ്രീ. എൻ.കെ. ജോസ്, പ്രൈവറ്റ് കോളേജ് മാനേജേഴ്സ് അസോസിയേഷൻ സെക്രട്ടറി ഫാ. ജോൺ വള്ളമറ്റം, കെ.ടി.പി. ജില്ലാ സെക്രട്ടറി സിറിയക് കുട്ടംപേരൂർ, മാന്നാനം സെന്റ് ജോസഫ് പ്രസിനുവേണ്ടി ഫാ. മാത്യു സി.എം.ഐ. എന്നിവർ മൃതദേഹത്തിൽ റീത്തുസമർപ്പിച്ചു. നെടുംകുന്നത്തെ വിവിധ സ്ഥാപനങ്ങളും സംഘടനകളുമായ കർമ്മലീത്താമഠം, സെന്റ് തെരേസാസ് ഹൈസ്കൂൾ, സി.വൈ.എം.എ., സെന്റ് വിൻസെൻന്റ് ഡി പോൾ സംഘം, സഹകരണ സംഘം, മർച്ചന്റ് അസോസിയേഷൻ തുടങ്ങിയവയുടെ പ്രതിനിധികളും മൃതദേഹത്തിൽ റീത്ത് സമർപ്പിച്ചു. അന്ത്യോപചാരങ്ങൾ അർപ്പിച്ചു.

## അനുശോചന സമ്മേളനം

ശവസംസ്കാരകർമ്മങ്ങൾക്കുശേഷം പള്ളിയങ്കണത്തിൽ ചേർന്ന അനുശോചനസമ്മേളനത്തിൽ ആർച്ച് ബിഷപ് മാർ ആന്റണി പടിയറ അദ്ധ്യക്ഷം വഹിച്ചു. എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, പ്രൊഫ. ഉലഹന്നൻ മാപ്പിള, ടോം ജോസ്, പ്രൊഫ. മാത്യു ഉലകംതറ, ഡി.സി. കിഴക്കേമുറി, അഡ്വ. ജോസഫ് മാവേലി, മുൻ എ.കെ.സി.സി. പ്രസിഡന്റ് അഡ്വ. ഇ.എം. ജോസഫ്, ജോൺ പെല്ലിശ്ശേരി, കെ.പി. ജോൺ, ഫാ. കളപ്പുരയ്ക്കൻ സി.എം.ഐ., ജോസഫ് കൂട്ടുമ്മേൽ എന്നിവർ പ്രസംഗിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.ജെ. ജോൺ അനുശോചനപ്രമേയം അവതരിപ്പിച്ചു. വികാരി ഫാ. ഏറത്തേൽ സ്വാഗതം ആശംസിച്ചു. പ്രസംഗ സംഗ്രഹം താഴെ ചേർക്കുന്നു.

## ആർച്ച് ബിഷപ് മാർ ആന്റണി പടിയറ

അനുശോചന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ട് ആർച്ച്ബിഷപ് ആന്റണി പടിയറ ഇപ്രകാരം പ്രസ്താവിച്ചു. “കേരള ക്രൈസ്തവർ പ്രതിസന്ധിഘട്ടങ്ങളെ നേരിട്ടപ്പോഴെല്ലാം സഭയ്ക്കുവേണ്ടി നിരന്തരം പോരാടിയിട്ടുള്ള ഒരു മഹാപുരുഷനാണ് എം.ഒ. ജോസഫ്. സർ സി.പി.യുടെ കിരാതഭരണകാലത്ത് ശ്രീ. ജോസഫ് അനുഭവിക്കേണ്ടി വന്നിട്ടുള്ള യാതനക

www.malankaralibrary.com

ളെപ്പറ്റി തിരുമേനി അനുസ്മരിച്ചു. എം.ഒ. ജോസഫിന്റെ അച്ചടിക്കാത്ത ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഒരുപരിപാടി തയ്യാറാക്കണമെന്നും മാർ ആന്റണി പടിയറ അഭിപ്രായപ്പെട്ടു.

## അനുശോചന സന്ദേശങ്ങൾ

### കെ.എം. ജോസഫ്

പത്രാധിപർ, സാഹിത്യകാരൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള എം.ഒ. ജോസഫിന്റെ നിര്യാണം നികത്താനാവാത്ത ഒരു നഷ്ടമാണെന്നും കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റിയംഗമെന്ന നിലയിലും ജനറൽ സെക്രട്ടറി എന്ന നിലയിലും എം.ഒ. ജോസഫിന്റെ സേവനങ്ങൾ നിസ്തുലമാണെന്നും എ.കെ.സി.സി. പ്രസിഡന്റ് കെ.എം. ജോസഫ് കൊച്ചിയിൽ നിന്നും അയച്ച അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### സി.പി. ശ്രീധരൻ

കേരള സാഹിത്യപരിഷത് വൈസ് പ്രസിഡന്റും വീക്ഷണം ചീഫ് എഡിറ്ററുമായ സി.പി.ശ്രീധരൻ അയച്ച അനുശോചന സന്ദേശത്തിൽ സമസ്ത കേരളസാഹിത്യപരിഷത്തിന്റെ സെക്രട്ടറിയായും ഉപാദ്ധ്യക്ഷനായും പരിഷത് മാസികയുടെ പത്രാധിപരായും ദീർഘകാലം പ്രവർത്തിച്ച എം.ഒ. ജോസഫിന്റെ നിര്യാണം കേരളത്തിന്റെ സാംസ്കാരിക സാമൂഹ്യ സാഹിത്യജീവിതത്തിൽ വമ്പിച്ച ഒരു നഷ്ടമാണെന്ന് പറഞ്ഞിരിക്കുന്നു.

### സാഹിത്യപരിഷത്

ശ്രീ. എം.ഒ. ജോസഫിന്റെ നിര്യാണത്തിൽ അനുശോചിക്കാൻ സാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ ചേർന്ന യോഗത്തിൽ സി. പി. ശ്രീധരൻ ആദ്ധ്യക്ഷ്യം വഹിച്ചു. യോഗത്തിൽ കെ.ടി. തര്യൻ, ടാറ്റാപുരം സുകുമാരൻ, സുകുമാരൻ പൊറ്റക്കാട്ട്, എം.പി, ജെ.രാമൻ എന്നിവർ പ്രസംഗിച്ചു.

### കേരളാ ഹിസ്റ്ററി കോൺഗ്രസ്സിന്റെ അനുശോചനം

കേരള ഹിസ്റ്ററി കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി ദീർഘകാലം സേവനം അനുഷ്ഠിച്ച എം.ഒ. ജോസഫിന്റെ നിര്യാണത്തിൽ 1976 മെയ് 8–ാം തീയതി ചേർന്ന ഹിസ്റ്ററി കോൺഗ്രസ്സ് സമ്മേളനം അനുശോചിച്ചു. കൊച്ചിയിൽ ചേർന്ന സമ്മേളനത്തിൽ ഹിസ്റ്ററി കോൺഗ്രസ്സ് ജനറൽ സെക്രട്ടറി എൻ.കെ. ജോസ് അദ്ധ്യക്ഷം വഹിച്ചു. പുതിയ പ്രസിഡന്റായി ഷെവ. വി.സി. ജോർജ്ജ് തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

# 27. എം.ഒ.ജോസഫിനെപ്പറ്റി ചങ്ങനാശ്ശേരി അതിരൂപതാ ചരിത്രഗ്രന്ഥത്തിൽ

സഭാസാമൂഹികരംഗങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തിയിരുന്ന എം. ഒ. ആ രംഗങ്ങളിലും സജീവമായി കർമ്മനിരതനാവുകയുണ്ടായി. 30 വർഷക്കാലം എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയംഗമായും ദീർഘകാലം ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു.

1939-ൽ കൊച്ചിയിൽ മന്ത്രിയായിരുന്ന ഡോ.എ.ആർ. മേനോൻ, മതപരിവർത്തനം നടത്തുന്ന ഹരിജനങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എം.ഒ. അതിനെതിരെ ശക്തിയായ പ്രതിഷേധസ്വരമുയർത്തി. തുടർന്ന് സംഘടിതമായ പ്രക്ഷോഭണമുയർന്നു. ഗത്യന്തരമില്ലാതെ കൊച്ചി ഗവണ്മെന്റ് എം.ഒ. ജോസഫിനെ നാടുകടത്തുകയായിരുന്നു. തിരുവിതാംകൂർ ഗവണ്മെന്റ് അദ്ദേഹത്തെ 9 മാസം വീട്ടുതടങ്കലിലുമാക്കി. തുടർന്ന് കേരളത്തിലുണ്ടായ എല്ലാവിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിലും എം.ഒ. ജോസഫ് നേതൃനിരയിൽ തന്നെയുണ്ടായിരുന്നു.

1946-47കളിൽ കോളിളക്കം സൃഷ്ടിച്ച വിദ്യാഭ്യാസ പ്രക്ഷോഭണത്തിലും 1950-ൽ പനമ്പള്ളി പദ്ധതിക്കെതിരായും നേതൃനിരയിൽ പ്രവർത്തിച്ചു, കേരളത്തിലെ സഭാസാമൂഹിക വിദ്യാഭ്യാസരംഗങ്ങളിൽ കാലാകാലങ്ങളിൽ ഉയർന്നിട്ടുള്ള പ്രതിസന്ധികളിലെല്ലാം ഒരു മുന്നണിപ്പോരാളിയെന്ന നിലയിൽ പടവാളുയർത്തിയിട്ടുണ്ട്.

അറുപതുകളിൽ കിഴക്കൻ മലയോരങ്ങളിൽ ഉണ്ടായ കുടിയിറക്കിനെതിരെയും ധീരമായ പ്രക്ഷോഭണം നയിക്കാൻ എം.ഒ. ജോസഫിനു കഴിഞ്ഞു.

ഫാ. വടക്കന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലനാട് കർഷകയൂണിയൻ എന്ന ശക്തമായ കർഷകപ്രസ്ഥാനത്തിന്റെ രൂപീകരണാർത്ഥം കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ ചേർന്ന ചരിത്രപ്രസിദ്ധമായ കർഷക കൺവൻഷന്റെ സൂത്രധാരകൻ എം.ഒ. ആയിരുന്നു.

കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾക്കും ചരിത്രപാരമ്പര്യങ്ങൾക്കും എതിരായി വിവിധ പ്രസദ്ധീകരണങ്ങളിൽ കാണപ്പെടുന്ന ലേഖനങ്ങൾക്കെല്ലാം അപ്പപ്പോൾ അദ്ദേഹം എഴുതിയിട്ടുള്ള ചടുലമായ മറുപടി ലേഖനങ്ങളും പ്രബന്ധങ്ങളും സമുദായത്തിന്റെ ഉൾത്തുടിപ്പായിരുന്നു.

www.malankaralibrary.com

തമിഴ്ഭാഷാപണ്ഡിതനായിരുന്ന പിതാവിന്റെ പൈതൃകം പുത്രനിലൂടെ പ്രകാശിതമായി. 50-ൽപരം ഗ്രന്ഥങ്ങളുടെ കർത്താവ് എന്നതിനു പുറമേ പത്രമാസികകളിൽ എഴുതികൂട്ടിയ പ്രബന്ധങ്ങൾക്കും ലേഖനങ്ങൾക്കും കണക്കും കയ്യുമില്ല. നിരൂപണം, കവിത, ചെറുകഥ, പ്രബന്ധം, ശാസ്ത്രം തുടങ്ങിയ സാഹിത്യശാഖകളിലെല്ലാം അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നൂറിൽപരം പ്രഗത്ഭവ്യക്തികളുടെ ജീവചരിത്രം സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയതാണ് കേരളസഭാതാരങ്ങൾ. പ്രബന്ധരത്നാവലി, പ്രബന്ധമുക്താവലി, സാഹിത്യബോധിനി, സാഹിത്യസൗരഭ്യം എന്നീ ഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളായി അംഗീകരിക്കപ്പെട്ടവയാണ്.

വാസ്തവത്തിൽ അർഹിക്കുന്ന അംഗീകാരമൊന്നും അദ്ദേഹത്തിന് ലഭ്യമായില്ല. എങ്കിലും അദ്ദേഹത്തിന്റെ ഗവേഷണാത്മകമായ മാത്തൂത്തരകൻ എന്ന ഗ്രന്ഥത്തിന് 1968-ൽ ക്രിസ്ത്യൻ റൈറ്റേഴ്സ് ആൻഡ് ജേർണലിസ്റ്റ് ഫെല്ലോഷിപ്പ് സാഹിത്യതാരം അവാർഡ് നല്കി ആദരിക്കുകയുണ്ടായി. 1976-ൽ എ.കെ.സി.സി. സാഹിത്യ അവാർഡും ലഭിച്ചു. സേവനങ്ങളുടെ അംഗീകാരമെന്നോണം നവജീവപരിഷത് അത്‌ലീത്താ ദെഹെന്ദോ എന്ന ബഹുമതി നല്കുകയുണ്ടായി.

ആദ്യഭാര്യ 1942-ൽ നിര്യാതയായി. അവരുടെവിയോഗം വിഷയമാക്കി രചിച്ച കൃതിയാണ് സ്മരണാഞ്ജലി. ഭാര്യ മരിച്ച് ഒരാഴ്ചകഴിഞ്ഞ് ചങ്ങനാശ്ശേരിയിൽനിന്നും എറണാകുളത്തേക്കുള്ള യാത്രയിൽ ബോട്ടിൽവച്ചാണ് ഈ പദ്യങ്ങൾ ഏറെയും രചിച്ചത്.

ഷഷ്ടിപൂർത്തിയോടടുത്തപ്പോൾ നെടുങ്കുന്നത്ത് താമസമാക്കി. സജീവരാഷ്ട്രീയപ്രവർത്തനങ്ങൾ വിട്ട് പൂർണ്ണമായും ഗ്രന്ഥരചനയിൽ മുഴുകി. അക്കാലത്താണ് ക്രൈസ്തവവിജ്ഞാനകോശത്തിന്റെ നിർമ്മതിയിൽ ഫാ. ഹോർമീസിന്റെ സഹകാരിയായത്. അതിനിടെ നെടുങ്കുന്നം പള്ളി ട്രസ്റ്റിയുമായി.

നാലുപതിറ്റാണ്ടുകാലം പൊതുവേദികളിൽ നിറഞ്ഞുനിന്ന അദ്ദേഹം 1976 ഫെബ്രുവരി 29-ാം തീയതി കത്തോലിക്കാ കോൺഗ്രസ്സ് സമ്മേളനത്തിൽ പ്രസംഗിച്ചു. അതായിരുന്നു അവസാനപ്രസംഗം. 1976 ഏപ്രിൽ 7-ന് അദ്ദേഹം അന്തരിച്ചു. നെടുങ്കുന്നം ഇടവകക്കാർ അദ്ദേഹത്തിന് അന്ത്യകുടീരം നിർമ്മിച്ചുകൊടുത്തു.

എം.ഒ.യുടെ സേവനങ്ങൾ അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പത്നിക്ക് സ്പെഷ്യൽ പെൻഷൻ അനുവദിച്ചുകൊടുത്തു. എൻ.കെ. ജോസിന്റെ നേതൃത്വത്തിലുള്ള കേരളാ ഹിസ്റ്ററി കോൺഗ്രസ്സ് എം.ഒ.യുടെ പേരിൽ ചരിത്രരംഗത്തെ മികച്ച സേവനത്തിന് അവാർഡ് നല്കിപ്പോരുന്നുണ്ട്. ഒരുചരിത്രകാരൻ എന്ന നിലയിലായിരിക്കും ഭാവിചരിത്രപഠിതാക്കൾ അദ്ദേഹത്തെ അറിയുക.

www.malankaralibrary.com

# 28. എ.കെ.സി.സി. ബുള്ളറ്റിൻ മുഖപ്രസംഗം

തികച്ചും അപ്രതീക്ഷിതമായിട്ടാണ് ശ്രീ എം ഒ ജോസഫ് നെടുംങ്കുന്നം ദിവംഗതനായത്. അദ്ദേഹത്തിന്റെ വേർപാട് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിനും ബുള്ളറ്റിനും, കേരളാ ക്രൈസ്തവസഭയ്ക്കും, മലയാള സാഹിത്യത്തിനും വിശിഷ്യാ സാഹിത്യപരിഷത്തിനും ഒരു തീരാനഷ്ടമാണ്. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാമുദായിക, സാംസ്ക്കാരികമണ്ഡലങ്ങളിലെല്ലാം സ്വന്തമായ ഒരു വ്യക്തിമുദ്ര പതിച്ച ഒരു മഹാപുരുഷനായിരുന്നു ശ്രീ എം. ഒ. ജോസഫ്.

കേരളാ ഹിസ്റ്ററി കോൺഗ്രസിന്റെ പ്രസിഡണ്ടായ അദ്ദേഹം അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിയായും ഏ കെ സി സി ബുള്ളറ്റിന്റെ പത്രാധിപരായും ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കത്തോലിക്കാകോൺഗ്രസിന്റെവർക്കിംഗ് കമ്മിറ്റിയിൽ 32 വർഷക്കാലം അദ്ദേഹം അംഗമായിരുന്നു. ഇത്രദീർഘകാലം ഏ കെ സി സി വർക്കിംഗ് കമ്മിറ്റിയിൽ മറ്റാരും അംഗമായിരുന്നിട്ടില്ല. സമസ്ത കേരളസാഹിത്യ പരിഷത്തിന്റെ ജനറൽ പത്രാധിപരായും ശ്രീ എം ഒ ജോസഫ് അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്.

കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തിനിടക്ക് കേരളത്തിൽ നടന്നിട്ടുള്ള എല്ലാ ജനകീയപ്രക്ഷോഭണങ്ങളുടെയും മുമ്പിൽ ധീരതയോടെ നിന്ന് പോരാടിയ ശ്രീ എം ഒ ജോസഫിനെ കൊച്ചി ഗവർമെന്റ് നാടുകടത്തുകയും തിരുവിതാംകൂർ ഗവർമെന്റ് വീട്ടുതടങ്കലിൽ വയ്ക്കുകയുമുണ്ടായി. കേരളത്തിൽ കഴിഞ്ഞഅരനൂറ്റാണ്ടിനിടയിൽ നടന്ന എല്ലാ വിദ്യാഭ്യാസപ്രക്ഷോഭണങ്ങളിലും ജോസഫ് സജീവമായി പങ്കെടുത്തു. 1961-ൽകിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കും കൊട്ടിയൂരിലെ സ്വകാര്യ വനപ്രദേശങ്ങളിൽ മേൽച്ചാർത്തും നടത്തി കർഷകദ്രോഹ നടപടികളിൽ കേരളസർക്കാർ ഏർപ്പെട്ടപ്പോൾ അതിനെതിരെ പ്രക്ഷോഭണവുമായി ശ്രീ ജോസഫ് രംഗത്തുവന്നു. 1961-ൽകുടിയിറക്കുപ്രശ്നം സംബന്ധിച്ച് പഠിക്കുവാൻ ഏ കെ സി സി നിയമിച്ച സബ് കമ്മിറ്റിയുടെ കൺവീനറും ശ്രീ ജേസഫ് തന്നെയായിരുന്നു. മലനാട് കർഷകയൂണിയന്റെ സ്ഥാപനത്തിനും അദ്ദേഹം കനത്ത സംഭാവന നൽകിയിട്ടുണ്ട്. 40 വർഷങ്ങൾക്കു മുമ്പ് എറണാകുളത്ത് ഒരു തൊഴിലാളി യൂണിയൻ സംഘടിപ്പിക്കുകയും അതിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വിവിധ ട്രെയിഡ് യൂണിയനുകളുടെ

www.malankaralibrary.com

നേതൃത്വം അദ്ദേഹം വഹിച്ചിട്ടുണ്ട്.

ശ്രീ എം ഒ ജോസഫ് ഇതിനകം 75-ൽ പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ദൈവശാസ്ത്രം, തത്വശാസ്ത്രം, വിദ്യാഭ്യാസം, ബൈബിൾ ചരിത്രം, സഭാ ചരിത്രം, മഹച്ചരിതങ്ങൾ, സാഹിത്യചരിത്രം,സയൻസ്, രാജ്യചരിത്രം, തൂലികാചിത്രങ്ങൾ, ചെറുകഥകൾ, നിരൂപണങ്ങൾ, പ്രബന്ധങ്ങൾ തുടങ്ങിയ സാഹിത്യത്തിന്റെ വിവിധ മേഖലകളിലായി അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ശ്രീ എം ഒ ജോസഫിനെ വരും തലമുറകളും സ്മരിക്കുന്നതിനിടയാക്കും. തച്ചിൽ മാത്തൂത്തരകൻ എന്ന ചരിത്രഗ്രന്ഥം ജോസഫിന്റെ ചരിത്രഗവേഷണത്തിന് നിത്യസ്മാരകമായിത്തീരും.

വിശിഷ്ട സമുദായ സേവനം നൽകുന്നവർക്ക് നവജീവപരിഷത്ത് ഏർപ്പെടുത്തിയിരിക്കുന്ന അത്‌ലേത്താദേഹെന്തോ എന്ന ബഹുമതിമുദ്രക്ക് 1968-ൽഅർഹനായ ശ്രീ എം ഒ ജോസഫിന് മെച്ചപ്പെട്ട സാഹിത്യകാരൻമാർക്ക് നൽകുന്നതിലേക്ക് ക്രിസ്ത്യൻ റൈറ്റേഴ്സ് & ജേർണലിസ്റ്റ്സ് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്ന സാഹിത്യതാരം അവാർഡ് 1969-ലും ലഭിക്കുകയുണ്ടായി. കത്തോലിക്കാ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഏ കെ സി സി ഏർപ്പടുത്തിയിരിക്കുന്ന കത്തോലിക്കാ സാഹിത്യ അവാർഡ് (1975-ലെ) ശ്രീ എം ഒ ജോസഫിനാണ് ലഭിച്ചത്. 1976ഫെബ്രുവരി 28-ാം തീയതി ചങ്ങനാശ്ശേരിയിൽ ചേർന്ന സമ്മേളനത്തിൽ വച്ചാണ് ബിഷപ്പ് പൗവ്വത്തിൽ തിരുമേനി ശ്രീ ജോസഫിന് കത്തോലിക്കാ സാഹിത്യ അവാർഡ് നൽകിയത്. കത്തോലിക്കാ കോൺഗ്രസിന്റെ അനുഗ്രഹങ്ങളും ആശംസകളും സ്വീകരിച്ചുകൊണ്ട് ശ്രീ എം ഒ ജോസഫ് ഇത്ര വേഗം നമ്മിൽനിന്നും വേർപെട്ടുപോകുമെന്ന് നാമാരും വിചാരിച്ചിരുന്നില്ല. ആ മഹാത്മാവിന്റെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

www.malankaralibrary.com

**അനുബന്ധം -1**

# എം.ഒ. സാറിനൊരു കത്ത്

**സിസ്റ്റർ മേരി ബെനീഞ്ഞ സി. ഡി.**

ബഹുമാന്യസഹോദരാ പിരി-
ഞ്ഞെവിടെപ്പോയ്? ഇനിയെന്നു കാണ്മൂ നാം?
വിടവാങ്ങിടുവാൻ മറന്നിതോ?
വിരഹത്തിൻ വ്യഥയിത്ര തുഛമോ?
    മലയാള മലങ്കരേ ശുഭേ
    വിലപിച്ചാലുമകം തപിച്ചുനീ
    പ്രസവിത്രി സഹിച്ചിരിക്കുമോ
    പ്രിയപുത്രന്റെ വിയോഗ ദുർവ്വിധി?
എതിരറ്റ ചരിത്രകാരനാ
സുതനൊന്നാംകിട ഗ്രന്ഥകാരനും
പതിരറ്റ പദപ്രയോഗിയാ
മൊരുപ്രാസംഗികനും പ്രഗത്ഭനും.
    'മലബാർ മെയി'ലെന്ന പത്രമ-
    ക്കരതാരിൽ പലവത്സരങ്ങളായ്
    കളിയാടിയിരുന്നതോർപ്പൂ ഞാൻ
    'തൊഴിലാളി' പ്രവരന്റെ കാര്യവും.
പ്രിയമേറിയ 'സത്യദീപ'വും
പരിഷത്തിൽ മുഖപത്രമൊക്കെയും
ചിലനാളുകളാസ്വദിച്ചിരു-
ന്നവനിൽ തിങ്ങിയ സാഹിതീ ഗുണം.
    സമുദായമുയർന്നു കാണുവാ-
    നതിനെക്കൂറോടു സംസ്കരിക്കുവാൻ
    ഇരവും പകലും ശ്രമിച്ചിരു-
    ന്നവൻ എം. ഒ. യതു നാം സ്മരിക്കണം.
വിരചിച്ചൊരു ഗ്രന്ഥതല്ലജം
കൃതി 'മാത്തുത്തരകൻ' ബൃഹത്തരം
പിരിരംഭണമാരു നൽകുകി—
ല്ലതിനെക്കൈയിലെടുത്തു കാണുകിൽ?
    അതുമല്ല, ശരിക്കു നോക്കിയാ
    ലൊരുമുക്കാൽ ശതമെങ്കിലും വരും
    പ്രിയ തൂലിക മാർഗ്ഗമായുതി-
    ർത്തവ സന്താനസുമങ്ങളെന്നപോൽ

www.malankaralibrary.com




അവയെന്നി, ജനിച്ച മക്കളായ്
പ്രിയപത്നിക്കൊരു സാന്ത്വനത്തിനായ്
ഒരു സന്തതിയില്ല: സങ്കടം!
ജഗദീശന്റെ ഹിതം വിചിത്രമാം.

കഴിവുറ്റവ, നാരെയും യഥാ-
വിധി കൈനൽകിയുയർത്തിടുന്നവൻ
അഹിതങ്ങളൊഴിച്ചു മാറ്റുവാ-
നകമേ വക്രതയോർത്തിടാത്തവൻ

ചില നാടുകടത്തൽ ശിക്ഷയും
പുറമെ വീട്ടുതടങ്കലൊക്കെയും
നിജസേവനവേതനം കണ-
ക്കെതിരെ വന്നതു കൈവരിച്ചവൻ

പല സൗഹൃദബന്ധവും പിരി-
ഞ്ഞിഹ ലോകത്തെ വെടിഞ്ഞുയാത്രയായ്
ഒരു വാക്കുരിയാടുവാൻ നമു-
ക്കിനിയുണ്ടോ കഴിവൊന്നു കാണുവാൻ?

ഒരു മാമറയാണി തോർക്കുകിൽ
വിരഹത്തിന്റെ പ്രതീതിയായ് വരാം.
അതു നീങ്ങു മൊരിക്കു, ലന്നുനാ-
മൊരുമിക്കും പിതൃഗേഹസീമനി

അതു നിത്യനികേതനം നമു-
ക്കവിടെപ്പിന്നെ വിയോഗമേവരാ
എഴുതാതെ, പറഞ്ഞിടാതെ, നാ-
മറിയും ഹൃദ്ഗതവും പരസ്പരം.

അവിടെപ്പല വീരസാഹിതീ
കുശലന്മാരുടെ ഗോഷ്ഠിയില്ലയോ?
സെമിനാറുകളെന്നുമില്ലയോ?
പരിഷത്തുന്നത തോതിലില്ലയോ?

അവിടന്നൊരവാർഡു വാങ്ങുവാ-
നൊരുകാവ്യം വിരചിക്കയാണു ഞാൻ
അതുകിട്ടുകിലെന്റെ ജീവിതം
സഫലം: സാറിനു കിട്ടിയില്ലയോ?

പറയാൻ പലതുണ്ടതൊക്കെയി-
ന്നെഴുതി ത്തീർപ്പതസാദ്ധ്യമാകയാൽ
വിരമിക്കുകയാണു സോദരാ
സന്തതം ശാന്തി സദാപി മംഗളം!

www.malankaralibrary.com

**അനുബന്ധം –2**

# കേരള സഭാരത്നങ്ങൾ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ കണ്ണു തുറപ്പിക്കൽ

ശ്രീ.എം.ഒ. ജോസഫ് നെടുങ്കുന്നം രചിച്ച കേരള സഭാതാരങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ചുവടുപിടിച്ച് കേരള സഭാരത്നങ്ങൾ എന്ന ഗ്രന്ഥവും കേരള സഭാപ്രതിഭകൾ എന്ന ഗ്രന്ഥവും ഈ ലേഖകൻ രചിക്കുകയുണ്ടായി. കേരള സഭാരത്നങ്ങൾ ഒന്നാം ഭാഗം 1200 ഓളം പേജുകളും രണ്ടാം ഭാഗം 264 പേജുകളുമുണ്ട്. ഒന്നാം ഭാഗത്തിൽ 560 പേരെ പറ്റിയുള്ള വിവരണങ്ങളും 80 പേരെപ്പറ്റിയുള്ള ചെറുകുറിപ്പുകളും, രണ്ടാംഭാഗത്തിൽ 101 പേരുടെ ചരിത്രവും 25 പേരെപ്പറ്റിയുള്ള ലഘുവിവരണവും ചേർത്തിട്ടുണ്ട്. ജീവിച്ചിരിക്കുന്ന 412 പേരുടെ ചരിത്രം 1480–ൽ പരം പേജുകളിലായി കേരള സഭാപ്രതിഭകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എം.ഒ.ജോസഫ് രചിച്ച കേരള സഭാതാരങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ആമുഖം സമുദായ ശില്പികൾ എന്ന ശീർഷകത്തിലാണ് എഴുതിയിരിക്കുന്നത്. ആമുഖത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

“അതീത ശതകങ്ങളിൽ മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള വീരപുരുഷന്മാർ മറ്റേതു വിഭാഗത്തിലുമെന്നപോലെ ക്രൈസ്തവ സമുദായത്തിലും ഉണ്ടായിരുന്നു. അവരുടെ അപദാനങ്ങൾ രേഖപ്പെടുത്തി വയ്ക്കുവാൻ ആരും മുതിർന്നിട്ടില്ലന്നേയുള്ളു. എല്ലാ പ്രതിബന്ധങ്ങളെയും തട്ടി നീക്കി ക്രൈസ്തവ സമുദായത്തിന് അതിന്റെ വ്യക്തിത്വം നിലനിർത്തുവാൻ സാധിച്ചിട്ടുള്ളത്. ഓരോ ഘട്ടത്തിലും സമുദായത്തെ നയിച്ചിരുന്ന വീരപുരുഷന്മാരുടെ വൈഭവം കൊണ്ടു മാത്രമാണെന്നുള്ളത് വിസ്മരിക്കത്തക്കതല്ല. അങ്ങനെയുള്ള മഹാന്മാരിൽ ചിലരുടെ മാത്രം പേരുകൾ നമുക്കറിയാമായിരിക്കും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി യാതൊരു വിവരവും ഇന്നത്തെ തലമുറക്കറിയാൻ പാടില്ല.” സമുദായത്തിന്റെ വ്യവസ്ഥിതിക്കും പ്രശസ്തിക്കും വേണ്ടി സ്വന്തം ബുദ്ധി ശക്തികൊണ്ടും കർമ്മ ധീരത കൊണ്ടും വിശ്വാസദാർഢ്യം കൊണ്ടും നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിട്ടുള്ള മഹാന്മാരെ വിസ്മരിക്കുന്നത് ശരിയല്ല. അതു കൊണ്ടാണ് എം.ഒ. ജോസഫ് സഭയ്ക്കും സമുദായത്തിനും വേണ്ടി പ്രശസ്ത സേവനം അനുഷ്ഠിച്ച 100 മഹത്വ്യക്തികളുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചത്. കേരള സഭാതാരങ്ങൾ എന്ന ഗ്രന്ഥത്തെപ്പറ്റി മുൻപ് പ്രതിപാദിച്ചിടത്ത് പറഞ്ഞിട്ടുള്ളതുപോലെ ഇന്നത്തേ പോലെ അച്ചടിവിദ്യ പുരോഗമിക്കാത്ത ഒരു കാലത്താണ് എം.ഒ.ജോസഫ് ഈ ഗ്രന്ഥരചന നടത്തിയത്. ഇന്നത്തേതു പോലെ വിവര സാങ്കേതിക വിദ്യകളൊന്നും അന്നില്ലായിരുന്നു.

www.malankaralibrary.com

ആ സാഹരചര്യത്തിൽ എം.ഒ.ജോസഫ് കേരള സഭാതാരങ്ങൾ പ്രസിദ്ധീകരിച്ചത് ഒരു സാഹസികപ്രവൃത്തി തന്നെയാണ്.

എം.ഒ. ജോസഫ് ഒരിക്കൽ ഈ ലേഖകനോടു പറയുകയുണ്ടായി കേരള സഭാ താരങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 100 പേരുടെ ചരിത്രം മാത്രമാണ്. അവരേപ്പോലെയോ അവരേക്കാൾ കൂടുതലായോ സഭയ്ക്കും സമൂഹത്തിനു വേണ്ടി അർപ്പിത ജീവിതം നയിച്ച അനേകർ ഉണ്ട്. അവരെപ്പറ്റിയൊക്കെ പഠനം നടത്തി പുതിയ തലമുറയെ പഠിപ്പിക്കുവാൻ ആരെങ്കിലും മുന്നോട്ടു വരേണ്ടതാണ്. സാധിക്കുമെങ്കിൽ ക്ലേശകരമായ ഈ ദൗത്യം കച്ചിറമറ്റം ഏറ്റെടുക്കണം. എം.ഒ. ജോസഫിന്റെ ഈ അഭിപ്രായം ഒരു നിധി പോലെ ഞാൻ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു.

കഴിഞ്ഞകാലങ്ങളിൽ പ്രശസ്ത സേവനം അനുഷ്ഠിച്ച് മൺമറഞ്ഞു പോയ മഹത്‌വ്യക്തികളെപ്പറ്റി കിട്ടാവുന്ന മാറ്ററുകൾ ശേഖരിക്കുവാനുള്ള ശ്രമം ഞാൻ തുടർന്നു. വിവരശേഖരണം ഏറ്റം ക്ലേശകരമാണെന്ന് എനിക്ക് ബോദ്ധ്യം വന്നു. എങ്കിലും നിരാശനാകാതെ ജോലി തുടർന്നു. ഞാൻ ശേഖരിച്ച വിവരങ്ങൾ വച്ച് പല മഹാത്മാക്കളുടെയും ജന്മശതാബ്ദി, ചരമ ജൂബിലി മുതലായവ പ്രമാണിച്ച് അനുസ്മരണക്കുറിപ്പുകൾ തയ്യാറാക്കി കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കയച്ചു കൊടുത്തു. അതിനോട് പൊതുവിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ അധിപന്മാർ താൽപര്യം കാട്ടിയില്ല. അത് എന്നെ വല്ലാതെ വേദനിപ്പിച്ചു. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ അനേകരുടെ ചരിത്രം എടുത്തു കാണിക്കുവാൻ സാധിക്കും. ഇവരുടെയൊക്കെ മഹിമാ വിശേഷം ജനശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കാത്തത് കുറ്റകരമായ അനാസ്ഥയാണെന്നു ബോദ്ധ്യം എന്നിൽ വളർന്നു. ഈ നാട്ടിലൂടെ നീളം സഞ്ചരിക്കുമ്പോൾ കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തന ശൈലി എന്താണെന്ന് മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. ഏതെങ്കിലും ഒരു കമ്മ്യൂണിസ്റ്റ്കാരന്റെ ചരമദിനമാണെങ്കിൽ പ്രധാന സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ഫോട്ടോ വച്ച് പുഷ്പചക്രം സമർപ്പിച്ച് ഒരു അനുസ്മരണ പ്രസംഗം നടത്തി ഇൻക്വിലാബ് വിളിച്ച് കമ്മ്യൂണിസ്റ്റുകാർ പിരിഞ്ഞു പോകും. കമ്മ്യൂണിസ്റ്റുകൾ അവരുടെ നേതാക്കളെ തലമുറകളുടെ മുൻപിൽ അവതരിപ്പിക്കുവാൻ പ്രത്യേകം താല്പര്യം കാണിക്കുന്നു. മറ്റുള്ളവർക്ക് അങ്ങനെയൊരു പ്രവർത്തന ശൈലിയില്ല. ഇത് നിർഭാഗ്യകരമാണ്.

കമ്മ്യൂണിസ്റ്റുകാരുടെ ഒരു സമുന്നത നേതാവിയിരുന്നല്ലോ അഴീക്കോട് രാഘവൻ. അദ്ദേഹം കൊലചെയ്യപ്പെട്ടതിനു ശേഷം വളരെ നാളുകൾക്ക് ശേഷമാണ് അദ്ദേഹത്തിന്റെ മാതാവ് ദിവംഗതയാകുന്നത്. അഴീക്കോട് രാഘവന്റെ മാതാവ് ഒരു സാധരണ സ്ത്രീയായിരുന്നു. എടുത്ത് പറയത്തക്കയാതൊരു പ്രത്യേകതയും അവർക്കില്ലായിരുന്നു. എങ്കിലും ആ സ്ത്രീയുടെ മരണ വാർത്ത ദേശാഭിമാനി പത്രത്തിൽ വന്നത്, പത്രത്തിന്റെ ഒന്നാം

www.malankaralibrary.com

പേജിൽ വലതു ഭാഗത്ത് ഏറ്റം മുകളിൽ രണ്ടു കോളത്തിൽ ആയിരുന്നു. ഒരു ഫോട്ടോയും ചേർത്തിരുന്നു. അഴീക്കോട് രാഘവനെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സമ്മാനിച്ച രാഘവന്റെ മാതാവിനെവരെ ബഹുമാനിക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും അവരുടെ പത്രവും തയ്യാറായി എന്നത് കത്തോലിക്കാ സംഘടനകളും കത്തോലിക്കാ പത്രപ്രവർത്തകരും അവരുടെ സാരഥികളും മനസ്സിലാക്കേണ്ടിതാണ്.

തിരുവിതാംകൂർ രാജാവിന് 200 വർഷം മുൻപ് 18 ലക്ഷം രൂപ കടം നൽകി സഹായിച്ച വലിയ ഒരു സമ്പന്നനായിരുന്നു തച്ചിൽ മാത്തൂതരകൻ. അദ്ദേഹം തിരുവിതാംകൂർ രാജ്യത്തിനും മഹാരാജാവിനും നൽകിയ സേവനങ്ങൾ ഇന്ന് എത്ര പേർക്കറിയാം? അദ്ദേഹത്തോട് ദിവാനായിരുന്ന വേലുത്തമ്പി ദളവാ ചെയ്ത ദ്രോഹങ്ങൾ - അദ്ദേഹത്തിന്റെ ചെവിരണ്ടും ഛേദിച്ചത്- അദ്ദേഹത്തെ ജയിലിലടച്ചത് - അദ്ദേഹത്തിന്റെ ഭവനം ആനയെക്കൊണ്ട് ഇടിച്ച് നിരത്തിച്ചത് - ഒക്കെ ഇന്നത്തെ തലമുറയെ പഠിപ്പിക്കുവാൻ നാം ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ? മഹാനായ തച്ചിൽ മാത്തൂതരകനെ രാജ്യദ്രോഹിയും ദുഷ്ടനും ദുർമാർഗ്ഗിയുമായി ചിത്രീകരിച്ചു കൊണ്ട് പാഠപുസ്തകങ്ങളിലും മറ്റും എഴുതിപിടിപ്പിച്ചിരിക്കുന്നതിനെ പ്രതിഷേധിക്കാൻ നാം തയ്യാറാകാതിരുന്നത് ചരിത്രം നാം പഠിക്കാത്തതു കൊണ്ടും നീതിക്കു വേണ്ടി പോരാടാനുള്ള ആർജ്ജവം ഇല്ലാത്തതുകൊണ്ടും മാത്രമാണ്. നമ്മുടെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ പോലും തച്ചിൽ മാത്തൂത്തരകന് അപമാനകരമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. ദിവാൻ വേലുത്തമ്പിയുടെ ഗുണഗണങ്ങളെ വിവരിക്കുന്നു. ക്രിസ്ത്യാനികൾക്കും കൂടി എതിരായി വേലുത്തമ്പി എഴുതിയ കുണ്ടറവിളംബരത്തിന്റെ ജൂബിലി ആഘോഷിക്കണമെന്ന് തുടരെ തുടരെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ വന്നു കൊണ്ടിരിക്കുന്നു. തച്ചിൽ മാത്തൂത്തരകന്റെ ജന്മദിനമോ ചരമദിനമോ പ്രമാണിച്ച് അദ്ദേഹത്തെപ്പറ്റി ഒരു അനുസ്മരണം പ്രസിദ്ധീകരിച്ചാൽ ആകാശം ഇടിഞ്ഞു വീഴുമോ? അഴീക്കോടു രാഘവന്റെ മാതാവിനെ വരെ ഉന്നതമായ ബഹുമാനം നൽകാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും അവരുടെ പ്രസിദ്ധീകരണങ്ങളും കാണിക്കുന്ന ആവേശം കണ്ടു പഠിക്കാനെങ്കിലും നമ്മുടെ പ്രസിദ്ധീകരണങ്ങൾ തയ്യാറാകണം.

മാത്തൂത്തരകനെപ്പറ്റിയും വേലുത്തമ്പിയെപ്പറ്റിയും ഇവിടുത്തെ സവർണ്ണ ചരിത്രകാരന്മാർ എഴുതി വച്ചതു മുഴുവൻ ഏറ്റു പാടുകയാണോ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ ചുമതല?

ശ്രീ.എം.ഒ.ജോസഫ് ഉദ്ദേശം 450 പേജിൽ തച്ചിൽ മാത്തൂത്തരകന്റെ ഒരു ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ആ പുസ്തകത്തിന്റെ കർത്താവിന് ഒരു ഡോക്ടറേറ്റ് നൽകണമെന്ന് അകത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വരെ അഭിപ്രായപ്പെട്ടു. പക്ഷെ നമ്മുടെ ചില കത്തോലിക്കാ

www.malankaralibrary.com

പ്രസിദ്ധീകരണങ്ങൾ ആ പുസ്തകത്തെപ്പറ്റി ഒരു റിവ്യു പോലും എഴുതാൻ സന്മനസ്സു കാണിച്ചില്ല. ഇതൊക്കെ ഈ സമുദായം ചിന്തിക്കണം. നമ്മുടെ ഇന്നത്തെ ഈ നില ഓർത്ത് സമുദായാംഗങ്ങൾ ദുഃഖിക്കണം.

ആദർശ സമ്പന്നന്മാരായ നിരവധി മഹാത്മാക്കളെ നമ്മുടെ സമുദായം സംഭാവന ചെയ്തിട്ടുണ്ട്. അതിൽ പ്രമുഖനാണ് ഷെവ. ഇലഞ്ഞിക്കൽ തര്യത്തു കുഞ്ഞിത്തൊമ്മൻ. മരണം മാടി വിളിക്കുന്നതിന് നാലു ദശാബ്ദങ്ങൾക്ക് മുൻപുള്ള കാലഘട്ടത്തിൽ കേരള കത്തോലിക്കാ സമുദായത്തിലുണ്ടായിട്ടുള്ള രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ പ്രസ്ഥാനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. കുഞ്ഞിത്തൊമ്മൻ തനിക്കുള്ളതെല്ലാം സമുദായ നന്മയ്ക്കു വേണ്ടി വിനിയോഗിച്ച ഒരു ത്യാഗിയായിരുന്നുവെന്ന വസ്തുത ഇന്നത്തെ തലമുറ ഗ്രഹിച്ചിട്ടുണ്ടോ?

ചിത്രമെഴുത്ത് കെ.എം. വർഗീസിന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ. പൗരസമത്വവാദത്തെ മുന്നണിയിൽ നിന്ന് നയിച്ച നേതാക്കന്മാരിൽ ഒരു പ്രമുഖനായിരുന്നു കുഞ്ഞിത്തൊമ്മൻ. തിരുവിതാംകൂറിലെ അവർണ്ണ സമുദായങ്ങളിൽപ്പെട്ട ഹിന്ദുക്കളും അഹിന്ദുക്കളുമായ അവശസമുദായങ്ങൾക്ക് രാജ്യത്തെ റവന്യൂ വകുപ്പിലും പട്ടാള വകുപ്പിലും പ്രവേശനം സിദ്ധിപ്പാൻ - അടയ്ക്കപ്പെട്ടിരുന്ന ആ ഉരുക്കു വാതിൽ തകർത്തു പൊളിക്കാൻ - അദ്ദേഹം രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സിംഹനാദം മുഴക്കി..... കത്തോലിക്കാ സമുദായം എന്നൊന്ന് ഇവിടെയുണ്ടെന്ന് ഈ രാജ്യത്തെ പൗരമണ്ഡലത്തെയും ഭരണാധികാരികളെയും ശരിക്കു ഗ്രഹിപ്പിച്ചതാരാണ്? വെൺകളിയിട്ട പള്ളിക്കു പുറമേ കത്തോലിക്കന്റെ ശബ്ദം ഉയർത്തിയതാരാണ്? കത്തോലിക്കർ ഈ രാജ്യത്തെ പൗരന്മാരാണെന്നും അവർക്കിവിടെ ചില രാഷ്ട്രീയാവകാശങ്ങളുണ്ടെന്നും ഇവിടുത്തെ കത്തോലിക്കന്റെ ഞരമ്പിൽ തീത്തൈലം കുത്തിവച്ച വിദഗ്ദ്ധഭിഷക് ആയിരുന്നു. കത്തോലിക്കാ സമുദായം മണൽ പൊടിയിൽ നിന്ന് ചിറകു കുടഞ്ഞെഴുന്നേൽക്കുവാൻ അതിന്റെ ചങ്കിൽ ആശയും ആവേശവും ആണത്തവും കുത്തിവച്ച കർമ്മ ധീരൻ ആരായിരുന്നു.? മി. കുഞ്ഞിത്തൊമ്മൻ.

മുൻമന്ത്രി വി. മാധവന്റെ വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. "അദ്ദേഹം കത്തോലിക്കരുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയപ്പോൾ കത്തോലിക്കരെപ്പോലെ അവഗണിക്കപ്പെട്ടിരുന്ന ഈഴവരെപ്പോലുള്ളവർക്കു കൂടി വേണ്ടി പോരാടുകയായിരുന്നു. അവശതയനുഭവിക്കുന്ന ഇതര സമുദായാംഗങ്ങളുടെ ആവലാതികൾ ശക്തിപ്പെടാതിരുന്ന ഒരു കാലഘട്ടത്തിലാണ് കുഞ്ഞിത്തൊമ്മന്റെ സിംഹഗർജ്ജനം ഈ രാജ്യത്ത് മുഴങ്ങി തുടങ്ങിയത്.

തിരുവിതാംകൂർ നിയമസഭയിലും തിരുകൊച്ചി നിയമസഭയിലുമായി 40 തിലധികം വർഷക്കാലം ആംഗമായിരുന്ന കുഞ്ഞിത്തൊമ്മൻ ആയിരുന്നു പൗരസമത്വവാദ പ്രക്ഷോഭണത്തിന്റെ ശക്തനായ നേതാവ്. സർക്കാർ

www.malankaralibrary.com

സർവ്വീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നതിനു വേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനം ആർക്കാണ് വിസ്മരിക്കുവാൻ സാധിക്കുക? പക്ഷെ അദ്ദേഹത്തെ സർ.സി.പി.ജയിലിലടച്ച് പീഡിപ്പിച്ചു. കോൺഗ്രസ്സ് ഭരണകാലത്ത് പനമ്പള്ളി കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതിയെ വിപ്പുലംഘിച്ചു കൊണ്ട് അദ്ദേഹം എതിർത്തു. ജനന നിയന്ത്രണം സംബന്ധച്ച ബില്ല് അവതരിപ്പിച്ചപ്പോഴും അദ്ദേഹം കോൺഗ്രസ് പാർട്ടിയുടെ നിലപാടിനെതിരായിരുന്നു. കുഞ്ഞിത്തൊമ്മനെതിരായ പ്രചരണം നടത്തുവാൻ ചില കോൺഗ്രസ്സുകാരെ ആ നടപടികൾ പ്രേരിപ്പിച്ചു.

ഒരു കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ കുഞ്ഞിത്തൊമ്മനെ ആക്ഷേപിച്ചു കൊണ്ട് ഒരു കോൺഗ്രസ്സുകാരൻ എഴുതിയ ഒരു ലേഖനം പ്രസിദ്ധീകരിച്ചു കണ്ടു. അത് രാഷ്ട്രീയമായ തേജോവധം ചെയ്യലിന്റെ ഭാഗമാണെന്ന് മനസ്സിലാക്കാൻ ആ പ്രസിദ്ധീകരണത്തിന്റെ തലപ്പത്തിരിക്കുന്നവർക്ക് സാധിച്ചില്ല. കുഞ്ഞിത്തൊമ്മന്റെ ജനന തീയതിയോടനുബന്ധിച്ചോ മരണത്തോടനുബന്ധിച്ചോ ഒരു അനുസ്മരണക്കുറിപ്പ് പ്രസിദ്ധീകരിച്ചുവെങ്കിൽ ജനങ്ങൾ സത്യം ഗ്രഹിക്കുമായിരുന്നു.

സ.എ.കെ.ജി., സ.ഇ.എം.എസ്സ് തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ മരണ ദിവസം അവരെപ്പറ്റിയുള്ള അനുസ്മരണക്കുറിപ്പ് പ്രസിദ്ധീകരിക്കാൻ കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങൾ കാണിക്കുന്ന താല്പര്യം കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ സാരഥികൾ കണ്ടുപഠിക്കേണ്ടതാണ്.

പ്രമുഖ സാഹിത്യകാരനും സമുദായ സ്നേഹിയും സാമൂഹ്യ സമ്മേളനങ്ങളുടെയും കത്തോലിക്കാ കോൺഗ്രസ്സിന്റെയും ഉപജ്ഞാതാവും ആയിരുന്നു സി. ആന്തപ്പായി. ബാൾട്ടിമോർ അതിരൂപതയുടെ ആർച്ച് ബിഷപ്പായിരുന്ന കാർഡിനൽ ഗിബ്ബൺസ് രചിച്ച Faith of our Fathers എന്ന പുസ്തകം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത് അന്തപ്പായിയാണെന്ന നാം അഭിമാനത്തോടെ സ്മരിക്കണം. കൊച്ചി ദിവാൻ എ.ആർ. ബാനർജിയുടെ ക്രൈസ്തവ വിരുദ്ധ നീക്കങ്ങൾക്കെതിരെ മദ്രാസിലെ ഇംഗ്ലീഷ് പത്രത്തിൽ ലേഖനങ്ങൾ എഴുതിയതിന്റെ പേരിൽ ഉന്നതമായ ഉദ്യോഗത്തിൽ നിന്നും ഡിസ്മിസ് ചെയ്തു. കേരള കത്തോലിക്കാ സഭയിലെ ആദ്യ രക്തസാക്ഷിയാണ് അദ്ദേഹം. ഒ ചന്തുമേനോന്റെ ഇന്ദുലേഖ എന്ന നോവലിന്റെ രണ്ടാം ഭാഗം എഴുതി പൂർത്തീകരിച്ച അന്തപ്പായി സാഹിത്യ രംഗത്തും സഭാരംഗത്തും, സമുദായ രംഗത്തും ഒരു മുടിചൂടാമന്നനായിരുന്നു. അദ്ദേഹത്തെപ്പറ്റി ഒരനുസ്മരണം 75-ാം ചരമവാർഷികത്തിൽ പോലും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ വന്നില്ലായെന്നത് എത്രയോ ഖേദകരമാണ്. ക്രൈസ്തവ പത്രങ്ങൾക്കു ഒരു അക്രൈസ്തവനെപ്പറ്റിയാണെങ്കിൽ ഫീച്ചർ വരെ പ്രസിദ്ധികരിക്കും. സമുദായമാണ് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ നിലനിർത്തുന്നത്. ഒരു ശതമാനം പോലും മറ്റുജാതിക്കാർ നമ്മുടെ

www.malankaralibrary.com

പ്രസിദ്ധീകരണങ്ങൾ വരുത്തുന്നില്ല. കൊട്ടു കൊള്ളുവാൻ ചെണ്ടയും പണം വാങ്ങാൻ മാരാരും എന്നു പറഞ്ഞ അവസ്ഥയിലാണ് ക്രൈസ്തവർ.

ഗാന്ധിജിയോടും മോട്ടിലാൽ നെഹ്റുവിനോടും ജവഹരിലാൽ നെഹ്റുവിനോടും ഒപ്പം നിന്ന് പ്രവർത്തിച്ച ബാരിസ്റ്റർ ജോർജ് ജോസഫ്, തിരുവിതാംകൂറിന്റെ ചരിത്രം രചിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച ദാസൻ വർക്കി എന്ന എം.എം.വർക്കി, വിദേശമേധാവിത്വത്തിനെതിരെ സമരകാഹളം മുഴക്കിയ പൂതിൽ ഇട്ടിക്കുരുവിള തരകൻ. മലയാളിമെമ്മോറിയൽ സമർപ്പണ വിഷയത്തിൽ സുപ്രധാന പങ്കുവഹിച്ച സിറിയക് നിധീരി, പൗരസമത്വവാദ പ്രക്ഷോഭണത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്ന ജോൺ നിധീരി, ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ മന്ത്രിയായിരുന്ന ഷെവ: സി.ജെ. വർക്കി, ആദ്യത്തെ നിയമസഭാ സ്പീക്കർ ആയിരുന്ന എൽ.എം.പൈലി, ആദ്യത്തെ ചീഫ് എൻജിനിയർ ആയിരുന്ന പി.കെ. ത്രേസ്യാ, നിവർത്തനപ്രക്ഷോഭണത്തിന്റെ മുന്നണിപോരാളികളായിരുന്ന എൻ. വി. ജോസഫ്, എ.ജെ. ജോൺ, എ.സി. കുര്യാക്കോസ്, ഷെവ. ഇ.പി.. വർഗീസ്, ജോസഫ് ചാഴികാട്, കേരളസഭാ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച സഭാ പിതാക്കന്മാർ എന്ന പേരിനഹർഹരായ മാർ കരിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്താ, പാറേമാക്കൽ തോമ്മാകത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ, ഫാ.പ്ലാസിഡ്, ഇന്ത്യാക്കാരൻ ജോസഫ് കത്തനാർ, സ്വാതന്ത്ര്യസമരസേനാനികളായിരുന്ന പി.റ്റി. ചാക്കോ, ചെറിയാൻ കാപ്പൻ, പ്രൊഫ. കെ.എം. ചാണ്ടി ആനിമസ്ക്രീൻ, അക്കാമ്മ ചെറിയാൻ, കെ.എം. കോര, പി.ജെ. സെബാസ്റ്റ്യൻ, ശ്രീ ഇ. ആർ ഇയ്യുണ്ണി, മാഞ്ഞൂരാൻ സഹോദരങ്ങൾ കുടിയേറ്റ കർഷകരുട അവകാശ സംരക്ഷണ പോരാട്ടത്തിൽ നിർണ്ണായക പങ്കുവഹിച്ച ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ, സാഹിത്യരംഗത്തെ അതികായന്മാരായ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, സി. മേരി ബനീഞ്ഞ, മുട്ടത്തു വർക്കി , തുടങ്ങി എത്രയോപേർ വിസ്മൃതിയിൽ ആണ്ടു പോയിക്കൊണ്ടിരിക്കുന്നു. ഇവരിൽ പലരുടെയും ജന്മശതാബ്ദി മരണം തുടങ്ങിയ സംഭവങ്ങളോടൊപ്പം ചില അനുസ്മരണക്കുറിപ്പുകൾ ഞാൻ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് എഴുതികൊടുത്തിട്ടുണ്ട്. എന്റെ ലേഖനമായിട്ട് പ്രസിദ്ധീകരിക്കണ്ട. അവരെപ്പറ്റി ഒരു അനുസ്മരണക്കുറിപ്പുകൾ പത്രത്തിന്റേതായിട്ട് ചേർക്കാനെങ്കിലും തയ്യാറാകേണ്ടതായിരുന്നു. കഴിഞ്ഞ തലമുറകളെപ്പറ്റി ഏതാണ്ട് ഒരു അവബോധമുള്ളവർക്കേ അങ്ങനെ ചെയ്യണമെന്ന് തോന്നുകയുള്ളൂ.

മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ നമ്മുടെ സമുദായത്തിലെ ഉന്നതന്മാരെപ്പറ്റിപോലും ഒരു അനുസ്മരണാക്കുറിപ്പുകൾ പ്രസദ്ധീകരിക്കാൻ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കാണിക്കുന്ന വൈമനസ്യം എന്നെ ഏറെ ദുഃഖിപ്പിക്കുകയാണ്. ഇതിനൊരു പ്രതിവിധി കാണുവാൻ ഒരു

www.malankaralibrary.com

മാർഗ്ഗവും കാണുന്നില്ല. ഒരു പ്രസിദ്ധീകരണം ആരംഭിച്ച് ഇവരെപ്പറ്റിയൊക്കെ അനുസ്മരണക്കുറിപ്പുകൾ പ്രസിദ്ധപ്പെടുത്തുവാൻ സാധാരണക്കാരനായ എനിക്ക് സാധിക്കുകയുമില്ലല്ലോ.

ഈ സാഹചര്യത്തിലാണ് കേരള സഭാരത്നങ്ങൾ രണ്ടുഭാഗങ്ങളും, കോരള സഭാപ്രതിഭകളും പ്രസദ്ധീകരിക്കാൻ തയ്യാറായത്. ശ്രീ.എം.ഒ. ജോസഫ് ഇതു സംബന്ധിച്ച് എനിക്കു നൽകിയ നിർദ്ദേശങ്ങളും എന്റെ സ്മരണയിൽ നിലനിന്നു. മൺമറഞ്ഞ മഹാ നേതാക്കന്മാരെ അനുസ്മരിക്കുവാൻ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ തയ്യാറാകാത്ത സാഹചര്യത്തിൽ നമ്മുടെ മൺമറഞ്ഞവരെ കണ്ടെത്തി ഒരു ഗ്രന്ഥം രചിക്കുകയാണ് ചെയ്തത്. നിലവിലുള്ള കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ക്രൂരമായ ഉദാസീനതയ്ക്കെതിരെയുള്ള ഒരു വിലാപം എന്ന നിലയിലും കൂടിയാണ് ഞാൻ ഈ പുസ്തകങ്ങൾ രചിച്ചത്.

www.malankaralibrary.com

# എം.ഒ. ജോസഫിന്റെ ചില കൃതികൾ

1. തച്ചിൽ മാത്തുത്തരകൻ
2. വലിയ കപ്പിത്താൻ
3. അരണ്യനാദം
4. ഭാഷാപ്രേമികൾ
5. ഗാർഷ്യാമൊരിനോ
6. മതപീഡനങ്ങൾ
7. ഫാ. ഒണോരെ
8. കന്യാസ്ത്രീ
9. ബീഗംസമ്രു
10. മഹച്ചരിതം
11. വില്ലാർവട്ടം
12. സ്മരണാഞ്ജലി
13. വീരരാഘവപ്പട്ടയം
14. അപ്നാദേശീയം
15. സാഹിത്യബോധിനി
16. പ്രബന്ധരത്നാവലി
17. ഉജ്ജ്വലതാരങ്ങൾ
18. ദീപാവലി
19. ജനനനിരോധനപ്രസ്ഥാനം
20. സാഹിത്യസൗരഭം
21. പ്രബന്ധമുക്താവലി
22. അന്ത്രപ്പേർകുടുംബം
23. തച്ചിൽകുടുംബം
24. മഹാകവി ഉള്ളൂർ
25. ഇന്നറിയപ്പെടുന്ന ക്രിസ്തു
26. പ്രഭാഷണങ്ങൾ
27. കവിതാകൗതുകം
28. ബൈബിൾ കഥാപാത്രങ്ങൾ
29. ബൈബിൾ പാഠങ്ങൾ
30. ഇതാ ആ മനുഷ്യൻ
31. ചരിത്രകഥകൾ
32. കേരളസഭയുടെ വ്യക്തിത്വം
33. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ
34. കേരളക്രിസ്ത്യാനികൾ
35. കേരളസഭാതാരങ്ങൾ
36. ഐ.സി. ചാക്കോ
37. മൃത്യുഞ്ജയൻ
38. പൗളീനോസ് പാതിരിയുടെ കൃതികൾ
39. കത്തോലിക്കാസഭയും നാഗരികതയും
40. ക്രിസ്തുവിന്റെ ദിഗ്വിജയം
41. കുരിയച്ചിറയിലേക്ക് ഒരു തീർത്ഥയാത്ര

(ഇവകൂടാതെ പല ലഘുഗ്രന്ഥങ്ങളുണ്ട്. പത്രമാസികകളിൽ തുടർച്ചയായി പുസ്തകമാക്കാൻ പ്രസിദ്ധപ്പെടുത്തിയ വേറെയും)

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com

# എം.ഒ.ജോസഫ് നെടുങ്കുന്നം

## ഒരു പഠനാത്മക ജീവചരിത്രം



സ്വന്തമായി ഒന്നും നേടാനാഗ്രഹിക്കാതെ എതിർപ്പുകളെ നേരിട്ട് വിജയപ്രഭനേടിയ എം.ഒ.ജോസഫ് വരുംതലമുറകളുടെ മുൻപിൽ ഒരു കെടാവിളക്കായി നിലകൊള്ളുന്നതിന് ഈ ഗ്രന്ഥം സഹായകമായിത്തീരും.

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**

എം.ഒ.യുടെ ചിന്തകൾ യുക്തി ഭദ്രമായിരുന്നു - നിർമ്മലമായ ഒരു മനഃസാക്ഷിയുടെ ഉടമയായിരുന്ന അദ്ദേഹത്തിൽ ദൈവാരൂപി സജീവമായി പ്രവർത്തിച്ചിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിലെ ഒരു സവിശേഷതയായിരുന്നു നിർഭയത്വം. എപ്പോഴും ആരുടെ മുമ്പിലും തലയുയർത്തിപ്പിടിച്ച് സംസാരിച്ചിരുന്ന അദ്ദേഹത്തെ ആദരവോടുകൂടിമാത്രമേ നമുക്ക് ഓർമ്മിക്കാൻ സാധിക്കൂ.

**പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ**

സാധാരണക്കാരുടെ തെറ്റുകുറ്റങ്ങൾ വെട്ടിത്തുറന്നു പറയുവാൻ പലരും തുനിഞ്ഞെന്നുവരാം. എന്നാൽ വിത്തപ്രതാപങ്ങൾകൊണ്ട് ഔന്നത്യത്തിലിരിക്കുന്ന വ്യക്തികളുടെ ധർമ്മച്യുതി അവരുടെ മുഖത്ത് നോക്കിപ്പറയാൻ പലരും ധൈര്യപ്പെട്ടെന്ന് വരില്ല. ഇക്കാര്യത്തിൽ അരണ്യനാദ കർത്താവായ എം.ഒ., സ്നാപകനെപ്പോലെ കർക്കശനും ധീരനും വിട്ടുവീഴ്ചയില്ലാത്തവനുമായ ഒരു വിമർശകനായിരുന്നു. ഈ അയവില്ലാത്ത മനോഭാവം അദ്ദേഹത്തിന് മിത്രങ്ങളേക്കാൾ ശത്രുക്കളെയും അഭിനന്ദനത്തെക്കാൾ അഭിശംസയെയുമാണ് നേടിക്കൊടുത്തതെന്നും വിസ്മരിച്ചുകൂടാ. എങ്കിലും അന്തിമവിശകലനത്തിൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുവാനും സമൂഹം സന്നദ്ധമായി.

**ഫാ. ഹെർമീസ് സി. പെരുമാലിൽ സി.എം.ഐ.**

എം.ഒ. ജോസഫിന് സജീവമായ പങ്കാളിത്തമില്ലാത്ത ഒരു സാമൂഹ്യസാംസ്കരിക പ്രസ്ഥാനവും പഴയകൊച്ചിയിൽ ഉണ്ടായിട്ടില്ല.

**സുകുമാരൻ പൊറ്റക്കാട്**



ഫാ. വടക്കന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മലനാട് കർഷക യൂണിയൻ എന്ന ശക്തമായ കർഷകപ്രസ്ഥാനത്തിന്റെ രൂപീകരണാർത്ഥം കോട്ടയത്ത് മാമ്മൻമാപ്പിളഹാളിൽ ചേർന്ന ചരിത്രപ്രസിദ്ധമായ കർഷകകൺവെൻഷന്റെ സൂത്രധാരൻ എം.ഒ. ആയിരുന്നു.

**ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ ഇന്ന് (പേജ് 1036)**

**ജോൺ കച്ചിറമറ്റം**

**ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ**
പിഴക് പോസ്റ്റ്, 686 655 കോട്ടയം

Design : Joseph Francis Pala 9447137342

www.malankaralibrary.com